പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 32

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

ജനുവരി 2026

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - 32

ചീഫ് എഡിറ്റർ

ശ്രീ നിസാമുദ്ദീൻ ഐ.എ.എസ്,
ഡയറക്ടർ ജനറൽ, കില

എഡിറ്റർമാർ

ശ്രീ സുമേഷ് കെ. ആർ,
രജിസ്ട്രാർ, കില

ഡോ. കെ. പി. എൻ. അമൃത,
അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിങ്ങ്), കില

അസോസിയേറ്റ് എഡിറ്റർമാർ

ശ്രീ. സി. പി. സുനിൽ, കൺസൽട്ടന്റ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. ബാലഗംഗാധരൻ, കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില
ശ്രീ. സി. എസ്. സന്തോഷ്, റിസോഴ്സ് പേഴ്സൺ, കില
ശ്രീ. കെ. ബി. ബാബുകുമാർ, റിസോഴ്സ് പേഴ്സൺ, കില
ശ്രീ കണ്ണൻ നായർ എം, കൺസൽട്ടൻറ്, ഹെൽപ്ഡെസ്ക്, കില

ലേഔട്ട് & കവർ

ഫോർസൈറ്റ് ഡിസൈൻസ്, തൃശ്ശൂർ

പ്രസാധനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ– 680581
ഫോൺ – 0487 2207000, 0487 2201062 (ഫാക്സ്)
E-mail : info@kila.ac.in, Website : www.kila.ac.in

2026 ജനുവരി

ആമുഖം

നിസാമുദ്ദീൻ എ, ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

സദ്ഭരണത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായ നിയമവാഴ്ച്ച ഉറപ്പ് വരുത്തുന്നതിന് ആക്ടുകൾ, ചട്ടങ്ങൾ അവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ മുതലായവ എളുപ്പത്തിൽ ലഭ്യമാവുന്നു എന്നത് അനിവാര്യമാണ്. ഒട്ടനവധി വികസനക്ഷേമ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് അവയൊക്കെയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് കില പരിശ്രമിച്ച് വരുന്നുണ്ട്. കേരളത്തിൽ അധികാര വികേന്ദ്രീകരണം ആരംഭിച്ചതിന് ശേഷം ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും 29 വോള്യങ്ങളായി കില ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് 2018 മുതൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും വിഷയമേഖലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് 30, 31, 32, 33, 34, 35, 36 എന്നീ വോള്യങ്ങളായി കില പ്രസിദ്ധീകരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും തദ്ദേശസ്വയംഭരണ വകുപ്പിനും ഈ പ്രസിദ്ധീകരണങ്ങൾ ഏറെ പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കില ഹെൽപ്പ് ഡെസ്ക് അംഗങ്ങൾ, കിലയുടെ റിസോഴ്സ് പേഴ്സൺമാർ മുതലായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
30.12.2025

എ. നിസാമുദ്ദീൻ ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

പ്രസാധക കുറിപ്പ്

അധികാരവികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ചത് മുതൽ തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും 'അധികാരവികേന്ദ്രീകരണം- സർക്കാർ ഉത്തരവുകളും സർക്കുലറുകളും' എന്ന പേരിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിച്ചു വരികയാണ്. ഇതിന്റെ 29 വോള്യങ്ങളാണ് ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

30 മുതൽ 36 വരെയുള്ള വാള്യങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളുമാണ് 30, 31, 32 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്.

പതിനാലാം പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 മുതൽ 2025 മെയ് മാസം വരെ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ആണ് 33, 34, 35, 36 വോള്യങ്ങളായി സമാഹരിച്ചിട്ടുള്ളത്. റഫറൻസിനുള്ള സൗകര്യത്തിനായി പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ വിഷയക്രമത്തിൽ തന്നെയാണ് അവ ക്രമീകരിച്ചിട്ടുള്ളത്. ഓരോ വാള്യങ്ങളിലുമുള്ള വിഷയമേഖലകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2018-19 മുതൽ 2021-22 വരെ)

വോള്യം - 30

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

വോള്യം - 31

2) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Grant)
3) മെയ്ന്റനൻസ് ഗ്രാന്റ്
4) സദ്ഭരണം
5) ഡെപ്പോസിറ്റ് പ്രവൃത്തികൾ
6) പൊതുമരാമത്ത്
7) Plan Fund/Joint Venture Projects - Fund
8) സബ്സിഡി/ധനസഹായം
8.1 കൃഷി
8.2 മൃഗസംരക്ഷണം/ക്ഷീരവികസനം
8.3 മത്സ്യബന്ധന മേഖല
8.4 ചെറുകിട വ്യവസായം
8.5 മണ്ണ്-ജലസംരക്ഷണം
8.6 കുടിവെള്ളം
8.7 വീട് / വീട് പുനരുദ്ധാരണം/വീട് വയറിംഗ്
ലൈഫ് ഭവന നിർമ്മാണ പദ്ധതി
എ) ലൈഫ് ഭവന പദ്ധതി -മാർഗ്ഗരേഖകൾ

വോള്യം - 32

ബി) ലൈഫ് ഭവന പദ്ധതി-ഉത്തരവുകൾ
8.8 മാലിന്യ സംസ്കരണം
9. ധനസഹായങ്ങൾ
9.1 സാമൂഹ്യ നീതി
9.2 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
9.3 വിദ്യാഭ്യാസം
9.4 വനിതാ വികസനം, ശിശു വികസനം

9.5 പൊതുജനാരോഗ്യം
9.6 കലാ-സംസ്കാരിക-കായിക വികസനം
9.7 ദാരിദ്ര്യ ലഘൂകരണം
9.8 തെരുവു വിളക്ക്

പതിനാലാം പഞ്ചവത്സര പദ്ധതി (2022-23 മുതൽ 2025 മെയ് വരെ)

വോള്യം - 33

1) പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം

വോള്യം - 34

1) പദ്ധതി രൂപീകരണം (തുടർച്ച)

വോള്യം - 35

2) വിവിധ ഗ്രാന്റുകളുടെ വിനിയോഗം - എ) **CFC Grant**, ബി) **Health Grant**, സി) മെയ്ന്റനൻസ് ഗ്രാന്റ്
3) സദ്ഭരണം
4) ഡെപ്പോസിറ്റ് പ്രവൃത്തികൾ
5) മരാമത്ത് പ്രവൃത്തികൾ
6) അക്രഡിറ്റഡ് ഏജൻസികൾ - എ) ധനകാര്യ വകുപ്പിന്റെ അക്രഡിറ്റേഷൻ ബി) തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന അക്രഡിറ്റേഷൻ
7) സബ്സിഡി-അനുബന്ധ ഉത്തരവുകൾ
7.1 കൃഷി
7.2 മണ്ണ്-ജലസംരക്ഷണം
7.3 മൃഗസംരക്ഷണം/ക്ഷീരവികസനം

വോള്യം - 36

7.4 മത്സ്യ മേഖല
7.5 പ്രാദേശിക സാമ്പത്തിക വികസനം
7.6 കുടിവെള്ളം
7.7എ) ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്
7.7ബി)ലൈഫ് ഭവന നിർമ്മാണം - മാർഗ്ഗരേഖകൾ
7.7സി)ലൈഫ് ഭവന നിർമ്മാണം - ഉത്തരവുകൾ
7.8 സഹകരണം
8. സാമൂഹ്യ നീതി
9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ
10. മത്സ്യത്തൊഴിലാളി ക്ഷേമം
11. വിദ്യാഭ്യാസം
12. വനിതാ വികസനം-ശിശു വികസനം
13. പൊതുജനാരോഗ്യം
14. കലാ-സംസ്കാരിക-കായിക വികസനം
15. പരിസ്ഥിതി സംരക്ഷണം
16. ദാരിദ്ര്യ ലഘൂകരണം
17. തെരുവു വിളക്ക്
18. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 2018 ഏപ്രിൽ മുതൽ 2025 മെയ് മാസം വരെയുള്ള ഉത്തരവുകളും സർക്കുലറുകളും പൂർണ്ണമായും സമാഹരിക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇത് ഫലപ്രദമാകുമെന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

കില, തൃശ്ശൂർ

ഉള്ളടക്കം

പതിമൂന്നാം പഞ്ചവത്സര പദ്ധതി സർക്കാർ ഉത്തരവുകളും സർക്കുലറുകളും

ബി) ലൈഫ് ഭവന പദ്ധതി–ഉത്തരവുകൾ

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.1026/2019/ തസ്വഭവ	22–05–2019	ബ്രിഡ്ജ് ലോൺ അനുവദിച്ച സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തിയും ലൈഫ് പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിച്ചു.	1
2	സ.ഉ(പി)നം.83/2019/ടിഡി (എസ്.ആർ.ഒ നം. 403/2019 തിയതി 19–6–2019)	3–6–2019	ലൈഫ് മിഷൻ പദ്ധതി പ്രകാരം സർക്കാർ സഹായമില്ലാതെ സ്വന്തമായി ഭൂമി വാങ്ങുന്ന ഗുണഭോക്താക്കൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി.	3
3	സ.ഉ(പി)നം.84/2019/ടിഡി (എസ്.ആർ.ഒ നം. 396/2019 തിയതി 19–6–2019)	3–6–2019	ലൈഫ് മിഷൻ പദ്ധതി പ്രകാരം സർക്കാർ സഹായമില്ലാതെ സ്വന്തമായി ഭൂമി വാങ്ങുന്ന ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീ ഒഴിവാക്കി.	5
4	സർക്കുലർ നം. ഡി.ബി1/ 167/2019/തസ്വഭവ	06–06–2019	2019–20 വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വിനിയോഗിക്കൽ–നിർദ്ദേശങ്ങൾ.	7
5	സർക്കുലർ നം. 235/ ഡി.ബി1/19/തസ്വഭവ	16–07–2019	ലൈഫ്–ഭവന നിർമ്മാണം–600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണം–ധനസഹായം–സ്പഷ്ടീകരണം.	10
6	G.O(Rt)No.1505/2019/LSGD	16–07–2019	ലൈഫ്–പട്ടികവർഗ്ഗ വിഭാഗത്തിലെ ലൈഫ് മിഷൻ ഗുണഭോക്താക്കളെ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട് എന്ന മാനദണ്ഡത്തിൽ ഇളവ് അനുവദിച്ചു.	11
7	സ.ഉ(കൈ)നം.103/2019/ തസ്വഭവ	05–08–2019	ലൈഫ്–റൂറൽ ഏരിയയിൽ ഉള്ള ഭവന സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകിയ ഉത്തരവിൽ (സ.ഉ(എം.എസ്) നം.78/ 2019/തസ്വഭവ തിയതി 03–07–2019) ഭേദഗതി വരുത്തി.	13
8	സ.ഉ(സാധാ)നം.1946/2019/ തസ്വഭവ	06–09–2019	ലൈഫ്–പട്ടികജാതി, മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ നിബന്ധനകളിൽ ഇളവ് അനുവദിച്ചു.	15

9	സർക്കുലർ നം. ഡിബി.1/312/ 2019-തസ്വഭവ	06-09-2019	ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിക്കുകയാണെങ്കിലും ധനസഹായം പൂർണ്ണമായി നൽകാവുന്നതാണ്.	18
10	സർക്കുലർ നം. ഡി.ബി.1/ 312/2019-തസ്വഭവ	19-9-2019	ലൈഫ് മിഷൻ അവലോകന യോഗം-തീരുമാനങ്ങൾ	20
11	സർക്കുലർ നം. ഡി.ബി.1/ 320/2019-തസ്വഭവ	26-9-2019	ലൈഫ് മിഷൻ-എസ്.എൽ.ഇ.സി യോഗം-തീരുമാനങ്ങൾ	22
12	സർക്കുലർ നം. ഡി.ബി.1/ 304/ 2019-തസ്വഭവ	26-9-2019	ലൈഫ് മിഷൻ- ഭൂമി വാങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചു	24
13	ജി.ഒ(ആർടി) നം.2234/ 2019/തസ്വഭവ	11-10-2019	ഭവന സമുച്ചയം-പി.എം.സി യെ തെരഞ്ഞെടുത്ത നടപടിക്ക് സാധൂകരണം.	27
14	സ.ഉ(സാധാ)നം.2903/2019/ തസ്വഭവ	20-12-2019	പി.എം.എ.വൈ-അധിക തറ വിസ്തീർണ്ണം-ധനസഹായം-നിർദ്ദേശം.	30
15	സർക്കുലർ നം. ഡിബി.1/253/ 2019/തസ്വഭവ	27-12-2019	പ്ലാൻ വിഹിതത്തിൽ നിന്നും പി.എം.എ.വൈ-ലൈഫ് അധിക തുക നൽകൽ-നിർദ്ദേശം.	32
16	G.O(Rt)No.483/2020/LSGD	27-02-2020	ലൈഫ്-ഗുണഭോക്താക്കൽക്ക് സ്വന്തമായി ഭൂമി ആർജ്ജിക്കുന്നതിനും ഭവന നിർമ്മാണത്തിനു മുള്ള ധനസഹായം അനുവദിക്കുന്നതിനും അനുമതി നൽകി.	35
17	സ.ഉ(കൈ)നം.87/2020/ തസ്വഭവ	28-05-2020	ലൈഫ് മിഷൻ മൂന്നാം ഘട്ട സോഫ്റ്റ്വയർ-IIITMK ലഭ്യമാക്കിയ പ്രൊപ്പോസലിന് അനുമതി.	38
18	സ.ഉ(സാധാ)നം. 1024/2020/ തസ്വഭവ	01-6-2020	ലൈഫ് രണ്ടാം ഘട്ടം -സോഫ്റ്റ്വെയർ ഡെവലപ്പറുടെ സേവനം ലഭ്യമാക്കുന്നതിനും പ്രതിഫലമായി 1,10,000 രൂപ നൽകുന്നതിനും അനുമതി നൽകി.	40
19	G.O(Rt)No.1020/2020/LSGD	01-6-2020	ലൈഫ് ഭവന സമുച്ചയ നിർമ്മാണം-പി.എം.സിയെ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി.	43
20	സ.ഉ(സാധാ)നം.1571/2020/ തസ്വഭവ	24-08-2020	PMAY(G) പദ്ധതിയുടെ പെർമെനന്റ് വെയ്റ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാത്ത 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങി നൽകുന്നതിന് അനുമതി.	45
21	G.O.(P) No. 113/2020/TAXES (S. R. O. No. 568/2020)	08-09-2020	തദ്ദേശഭരണ സ്ഥാപനങ്ങൾ ലൈഫ് മിഷൻ പ്രോജക്ടിനു വേണ്ടി വാങ്ങുന്ന ഭൂമിക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിക്കും രജിസ്ട്രേഷൻ ഫീഒഴിവാക്കി.	47

22	G.O.(P) No. 114/2020/TAXES (S. R. O. No. 569/2020)	08-09-2020	തദ്ദേശഭരണ സ്ഥാപനങ്ങൾ ലൈഫ് മിഷൻ പ്രോജക്ടിനു വേണ്ടി വാങ്ങുന്ന ഭൂമിക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിക്കും സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി.	49
23	G.O.(Rt)No.1704/2 02 0/LSGD	22-09-2020	ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ-അപേക്ഷാ സമയം ദീർഘിപ്പിച്ചു.	51
24	G.O.(Rt)No.1992/2020/LSGD	22-10-2020	ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി വിഭാഗക്കാരെപട്ടികയിൽഉൾപ്പെടുത്തൽ-പ്രവർത്തന കലണ്ടർ അംഗീകരിച്ചു.	55
25	G.O.(Rt)No.2009/2020/LSGD	25-10-2020	പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന വിഹിതമായി നൽകുന്നതിന് അനുമതി നൽകി.	58
26	G.O.(Rt)No.2027/2020/LSGD	28-10-2020	ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി വിഭാഗക്കാരെപട്ടികയിൽഉൾപ്പെടുത്തൽ-ഗ്രാമസഭ/വാർഡ് സഭ കൂടുന്നതിന് അനുമതി.	60
27	ജി.ഒ(ആർടി)നം.2042/2020/ തസ്വഭവ	30-10-2020	ലൈഫ്-റിമോട്ട് എസ്.ടി ഗുണഭോക്താക്കൾക്ക്അവസാന ഗഡു നൽകൽ-നിർദ്ദേശം.	62
28	G.O.(Rt)No.221 1/2020/LSGD	24-11-2020	ലൈഫ് മിഷൻ-ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ-സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനു വേണ്ടി IIITMK-യെ ചുമതലപ്പെടുത്തിയ ലൈഫ് മിഷന്റെ നടപടിക്ക് സാധൂകരണം നൽകി.	64
29	സ.ഉ(സാധാ)നം. 153/2021/ തസ്വഭവ	20-01-2021	ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം-തുക ചെലവഴിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്യഥേഷ്ടാനുമതി.	67
30	G.O.(Rt)No.310/2021/LSGD	05-02-2021	PMAY(G) പദ്ധതിയുടെ പെർമെനന്റ് വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ലൈഫ് മിഷൻ ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് അനുമതി.	69
31	G.O.(Rt)No.372/2021/LSGD	11-02-2021	സാന്ത്വന സ്പർശം അദാലത്ത്-വീടില്ലാത്ത ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ MIS ൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം 20-02-2021 വരെ ദീർഘിപ്പിച്ചു.	6972

32	G.O.(Rt)No.419/2021/LSGD	13-02-2021	സാന്ത്വന സ്പർശം അദാലത്ത്- G.O.(Rt) No.372/ 2021/LSGD തിയതി 11-02-201 പ്രകാരമുള്ളഅപേക്ഷാ വ്യവസ്ഥയിൽ ഭേദഗതി വരുത്തി.	74
33	G.O.(Ms)No.54/2021/LSGD	19-02-2021	ലൈഫ് പദ്ധതിയിലെ വീടുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് അനുമതി	77
34	G.O.(Rt)No.1155/2021/LSGD	16-06-2021	Construction of LIFE Towers-7 Projects under Rural Area-Administrative sanction accorded-Orders issued	82
35	G.O.(Rt)No.1198/2021/LSGD	23-06-2021	Construction of 4 LIFE Towers under urban area- Administrative Sanction accorded- Orders issued.	85
36	സ.ഉ(സാധാ)നം.1771/2021/ തസ്വഭവ	16-09-2021	KURDFC യും HUDCO യും തമ്മിലുള്ള ലോൺ എഗ്രിമെന്റ്-ഭേദഗതി ഉൾപ്പെടുത്തുന്നതിന് അനുമതി.	89
37	സ.ഉ(സാധാ)നം.1899/2021/ തസ്വഭവ	04-10-2021	ലൈഫ് പദ്ധതിയിലെ വീടുകൾക്ക് ഇൻഷുറൻസ് പരിരക്ഷ-ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് അനുമതി.	92
38	സ.ഉ(കൈ)നം.2005/2021/ തസ്വഭവ	16-10-2021	PMAY വിഹിതത്തിന്റെ പലിശയിനത്തിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് PMAY ലിസ്റ്റിലുള്ള ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകുന്നതിന് അനുമതി.	94
39	സ.ഉ(സാധാ)നം.2086/2021/ തസ്വഭവ	25-10-2021	ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ-മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ കലണ്ടറും അംഗീകരിച്ചു.	96
40	സ.ഉ(സാധാ)നം.2128/2021/ തസ്വഭവ	29-10-2021	ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ-പുതുക്കിയ പ്രവർത്തന കലണ്ടറിൽ ഭേദഗതി വരുത്തി.,	100
41	സ.ഉ(സാധാ)നം.2207/2021/ തസ്വഭവ	06-11-2021	ലൈഫ് 2020 ലെ പുതിയ അപേക്ഷകളുടെ പരിശോധനാ ചുമതല-ഉദ്യോഗസ്ഥരെ നിയോഗിക്കൽ-ഭേദഗതി.	101
42	സ.ഉ(സാധാ)നം.2430/2021/ തസ്വഭവ	30-11-2021	വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ മുൻഗണന നൽകൽ-ഉത്തരവ്	103

43	സ.ഉ(സാധാ)നം.43/2022/ തസ്വഭവ	07-01-2022	ലൈഫ് 2020-ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി.	105
44	സ.ഉ(സാധാ)നം.220/2022/ LSGD	03-02-2022	ബ്ലോക്ക് പഞ്ചായത്തുകളിൽ IAY പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക ബാങ്കിൽ നിന്നും പിൻവലിച്ച് PMAY പദ്ധതി/LIFE മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കൽ-അനുമതി.	107
45	സർക്കുലർ നം. ഡി.ബി1/19/ 2022-തസ്വഭവ	12-02-2022	ഭൂരഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകാൻ ഭൂമി കണ്ടെത്തുന്നതിന് "മനസ്സോടിത്തിരി മണ്ണ്"കാമ്പയിൻ-നിർദ്ദേശങ്ങൾ.	109
46	കത്ത് നം. LM/357/ PM(F)/2021	18-02-2022	ലൈഫ് മിഷന് കീഴിലെഭവന പദ്ധതികൾ-രേഖകളുടെയും റിക്കാർഡുകളുടെയും സൂക്ഷിപ്പ്-തദ്ദേശഭരണ സെക്രട്ടറിമാർക്കുള്ള നിർദ്ദേശം.	111
47	സ.ഉ(കൈ) നം.38/2022/ LSGD	25-02-2022	ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ-മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ കലണ്ടറും അംഗീകരിച്ചു.	113
48	സ.ഉ(കൈ)നം.41/2022/ LSGD	28-02-2022	ലൈഫ്-ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് സ്ഥലവും വീടും മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ലഭ്യമാക്കൽ-ഉത്തരവ്.	117
49	സ.ഉ(കൈ)നം.53/2022/ LSGD	11-03-2022	ലൈഫ്-ഗ്രാമപഞ്ചായത്തുകളും KURDFC യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതിയും ഭരണസമിതിയുടെ തീരുമാനംരേഖപ്പെടുത്തേണ്ട മാതൃകാ ഫോറവും കരാറിന്റെ മാതൃകയും-ഉത്തരവ്.	120
50	G.O.(Ms)No.64/2022/LSGD	21-03-2022	ലൈഫ് 2020- 2017ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ പട്ടിക തയ്യാറാക്കൽ-മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ കലണ്ടറും അംഗീകരിച്ചു.	123
51	G.O.(Ms)No.66/2022/LSGD	22-03-2022	ലൈഫ്-നഗരസഭകളും KURDFC യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതിയും ഭരണസമിതിയുടെ തീരുമാനം,രേഖപ്പെടുത്തേണ്ട മാതൃകാ ഫോറവും,കരാറിന്റെ മാതൃകയും-ഉത്തരവ്.	126
52	സ.ഉ(സാധാ)നം.790/2022/ LSGD	31-03-2022	ലൈഫ് പദ്ധതിക്കായി മാറ്റി വെച്ചിട്ടുള്ള 20% തുകയിൽ ചെലവഴിക്കാത്ത തുക ലൈഫ് ജില്ലാ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കൽ-അനുമതി.	128

8.8 മാലിന്യസംസ്കരണം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം. 2142/2018/തസ്വഭവ	03-08-2018	സർക്കാർ യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാലിന്.സംസ്കരണത്തിന് 100% ശുചിത്വ മിഷൻ ഫണ്ട്	130
2	സ.ഉ(സാധാ)നം. 2141/2018/ തസ്വഭവ	03-08-2018	കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ദ്രവമാലിന്.സംസ്കരണത്തിന് 100% കാന്ദ്രാവിഷ്കൃത ഫണ്ട് അനുമതി	132
3	സ.ഉ(സാധാ)നം. 2159/2018/തസ്വഭവ	05-08-2018	സ്ഥാപനതല കമ്മ്യൂണിറ്റിതല ശുചിത്വ പ്രോജക്ടുകൾക്ക് 100% ശുചിത്വ മിഷൻ ഫണ്ട	134
4	സ.ഉ(സാധാ)നം. 3281/2018/തസ്വഭവ	31-12-2018	ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് കോസ്റ്റ് സബ്സിഡി പുതുക്കൽ	136
5	സ.ഉ(Rt)നം. 2298/2021/ തസ്വഭവ	17-11-2021	ഗാർഹിക പോട്ട് കമ്പോസ്റ്റ് യൂണിറ്റ് കോസ്റ്റ്	138
6	സ.ഉ(Rt)നം. 2307/2021/ തസ്വഭവ	18-11-2021	സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ്ങ്, ഹരിതകർമ്മസേനകൾക്ക് സ്മാർട്ട്ഫോൺ,തുടങ്ങിയവ വാങ്ങുന്നതിനനുമതി	140

9. ധനസഹായങ്ങൾ

9.1 സാമൂഹ്യ നീതി

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.1602/2018/ തസ്വഭവ	12-06-2018	ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതന വർദ്ധനവ്-ഉത്തരവ്	144
2	സ.ഉ(സാധാ)നം.1716/2018/ തസ്വഭവ	25-06-2018	ബഡ്സ് സ്കൂൾ/സെപെഷ്യൽ ബഡ്സ് സ്കൂൾ അധ്യാപകർക്കുള്ള യോഗ്യതയിൽ DCBR ഏക വർഷ കോഴ്സ് പാസായവരെ കൂടി ഉൾപ്പെടുത്തി.	146
3	കത്ത് നം.ഡി.എ1 627/2018/ തസ്വഭവ	01-09-2018	കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകൽ-സ്പഷ്ടീകരണം.	148
4	സർക്കുലർ നം.ഡി.എ1/718/ 2018/തസ്വഭവ	15-10-2018	കേൾവി ശക്തി കുറഞ്ഞവർക്ക് കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള ഉപകരണങ്ങൾ വാങ്ങി നൽകൽ-നിർദ്ദേശം.	149
5	സർക്കുലർ നം.ഡി.എ1/19/ 2019/തസ്വഭവ	25-01-2019	മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ-നിർദ്ദേശം.	150

6	സ.ഉ(സാധാ)നം.374/2019/ തസ്വഭവ	21-02-2019	പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളായ വരുടെ പെൺമക്കൾക്ക് 30,000 രൂപ നിരക്കിൽ വിവാഹധനസഹായം നൽകുന്നതിന് അനുമതി.	151
7	സ.ഉ(സാധാ)നം.426/2019/ തസ്വഭവ	26-02-2019	കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയ്ന്റനൻസിന് ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകി.	152
8	സ.ഉ(സാധാ)നം.181/2020/ തസ്വഭവ	23-01-2020	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളിൽ സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നീ വിഭാഗക്കാരെ പ്രത്യേകമായി ഉൾപ്പെടുത്തി.	154
9	സർക്കുലർ നം.ഡി.എ1/408/ 2019-തസ്വഭവ	23-01-2020	പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭ ചേരൽ-നിർദ്ദേശം.	156
10	സ.ഉ(സാധാ)നം.1237/2020/ തസ്വഭവ	23-06-2020	കാഴ്ച പരിമിതർക്ക് ഡെസ്ക്ടോപ്പ്/ലാപ്ടോപ്പ്-പ്രത്യേക സ്പെസിഫിക്കേഷനിലുള്ളവ cprcs പോർട്ടലിൽ ലഭ്യമല്ലെങ്കിൽ GeM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങി നൽകുന്നതിന് അനുമതി.	158
11	സർക്കുലർ നം.ഡി.എ1/192/ 2019-തസ്വഭവ	29-06-2020	ശാരീരിക ഭൗതിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായമായി 28,500 രൂപ നൽകൽ-നിർദ്ദേശം	160
12	സ.ഉ(സാധാ)നം.1701/2020/ തസ്വഭവ	22-09-2020	NIPMR ഉത്പാദിപ്പിക്കുന്ന പ്രോസ്ഥറ്റിക്ക് ആന്റ് ഓർത്തോട്ടിക്ക് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതി.	162
13	സ.ഉ(സാധാ)നം.25/2021/ തസ്വഭവ	05-01-2021	ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നൽകാൻ അനുമതി.	164
14	സർക്കുലർ നം.ഡി.എ1/401/ 2019-തസ്വഭവ	21-04-2021	ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കൽ-നിർദ്ദേശം.	166
15	സ.ഉ(സാധാ)നം.1526/2021/ തസ്വഭവ	11-08-2021	വയോജനങ്ങൾ അല്ലാത്ത ശയ്യാവലംബരായ നിർദ്ധന രോഗികൾക്ക് കട്ടിൽ വാങ്ങി നൽകാൻ അനുമതി.	168
16	സ.ഉ(സാധാ)നം.56/2022/ തസ്വഭവ	10-01-2022	60 വയസ് കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകൽ-RUBCO യിൽ നിന്നും വാങ്ങുന്നതിന് വ്യവസ്ഥകളോടെ അനുമതി നൽകി.	170

9.2 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.2438/2018/ തസ്വഭവ	17-09-2018	പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം-കാലാവധി-നിർദ്ദേശം.	172
2	സ.ഉ(സാധാ)നം.2636/2018/ തസ്വഭവ	15-10-2018	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-120 ചതുരശ്ര അടി-ഉത്തരവ്.	174
3	സ.ഉ(സാധാ)നം.2960/2018/ തസ്വഭവ	21-11-2018	പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം-സ.ഉ(സാധാ)നം. 2438/ 018/തസ്വഭവ തിയതി 17-09-2018 പ്രകാരമുള്ള കാലയളവ് പട്ടികവർഗ്ഗ വിഭാഗത്തിനുകൂടി ബാധകമാക്കി.	175
4	സ.ഉ(സാധാ)നം.2956/2018/ തസ്വഭവ	21-11-2018	പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-വാറണ്ടി കാലയളവ് 3 വർഷമാക്കി കുറച്ചു.	176
5	സ.ഉ(സാധാ)നം.400/2019/ തസ്വഭവ	23-02-2019	മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പുകളുടെ നിരക്ക് 2019-20 മുതൽ 38000 രൂപയായി നിശ്ചയിച്ചു.	178
6	സ.ഉ(സാധാ)നം.1400/2019/ തസ്വഭവ	06-07-2019	മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പുകളുടെ നിരക്ക് 38902 രൂപയായി പുതുക്കി നിശ്ചയിച്ചു.	180
7	സ.ഉ(സാധാ)നം.1435/2019/ തസ്വഭവ	10-07-2019	പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹധനസഹായം ഒരു ലക്ഷം രൂപയാക്കി ഉയർത്തി.	182
8	സ.ഉ(സാധാ)നം.2081/2019/ തസ്വഭവ	26-09-2019	പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡ്ലെവൽ ലാപ്ടോപ്പിന്റെ നിരക്ക് 38902 രൂപയായി നിശ്ചയിച്ച ഉത്തരവ് മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കൂടി ബാധകമാക്കി.	184
9	സർക്കുലർ നം. ഡി.എ1/363/ 2019/തസ്വഭവ	20-01-2020	cprcs പോർട്ടലിൽ നിന്നും ലാപ്ടോപ്പ് വാങ്ങി നൽകൽ-നിർദ്ദേശങ്ങൾ.	187
10	സ.ഉ(സാധാ)നം.221/2020/ തസ്വഭവ	28-01-2020	പഠനമുറിക്ക് ഗഡുക്കളായി തുക അനുവദിക്കൽ-സ്പഷ്ടീകരണം.	191
11	സ.ഉ(സാധാ)നം.725/2020/ തസ്വഭവ	01-04-2020	ഗോത്രസാരഥി പദ്ധതി-ടി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി.	193

12	സ.ഉ(സാധാ)നം.982/2020/ തസ്വഭവ	26-05-2020	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ സമുദായത്തിന്റെ വക ശ്മശാനങ്ങളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റ് സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് പ്രോജക്ട് രൂപീകരിക്കാൻ അനുമതി.	195
13	സ.ഉ(സാധാ)നം.1216/2020/ തസ്വഭവ	22-06-2020	പഠനമുറി-വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്തുവാൻ അനുമതി നൽകി.	196
14	സർക്കുലർ നം. ഡി.എ1/153/ 2020-തസ്വഭവ	07-09-2020	cprcs പോർട്ടലിൽ നിന്ന് ലാപ്ടോപ്പ് ലഭ്യമാകുവാൻ ഒരു മാസത്തിലധികം കാലതാമസം ഉണ്ടായാൽ ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ.	198
15	സ.ഉ(സാധാ)നം.1197/2021/ തസ്വഭവ	23-06-2021	പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം-തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ.	200
16	സ.ഉ(സാധാ)നം.2076/2021/ തസ്വഭവ	23-10-2021	കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും cprcs പോർട്ടലിൽ നിന്ന് ലഭ്യമാകുവാൻ ഒരു മാസത്തിലധികം കാലതാമസം ഉണ്ടായാൽ GeM പോർട്ടലിൽ നിന്ന് വാങ്ങുവാൻ അനുമതി നൽകി.	205
17	സർക്കുലർ നം. ഡി.എ1/395/ 2019-തസ്വഭവ	07-02-2022	ഗോത്രസാരഥി പദ്ധതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതവും ചേർത്ത് നടപ്പാക്കൽ-നിർദ്ദേശം.	207

9.3 വിദ്യാഭ്യാസം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.1173/2018/ തസ്വഭവ	28-04-2018	സാക്ഷരതാ മിഷന്റെ സാമൂഹ്യ സാക്ഷരതാ പദ്ധതികൾക്കും കോഴ്സുകൾക്കും തുക വകയിരുത്തുവാൻ അനുമതി നൽകി.	209
2	സർക്കുലർ നം. ഡി.എ1/286/ 2019-തസ്വഭവ	25-09-2019	സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് തുക വകയിരുത്തൽ-നിർദ്ദേശങ്ങൾ.	211
3	സ.ഉ(സാധാ)നം.171/2020/ തസ്വഭവ	22-01-2020	സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകി.	213
4	സർക്കുലർ നം. ഡി.ബി4/17/ 2020-തസ്വഭവ	11-03-2020	പൊതു വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ-നിർദ്ദേശം.	216

5	സ.ഉ(സാധാ)നം.1114/2020/ തസ്വഭവ	12-06-2020	ഓൺലൈൻ പഠനസൗകര്യത്തിനായി വിദ്യാർത്ഥികൾക്ക് ടെലിവിഷൻ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ എന്നിവ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.	218
6	സ.ഉ(സാധാ)നം.1269/2020/ തസ്വഭവ	25-06-2020	ഓൺലൈൻ വിദ്യാഭ്യാസത്തിന് തുക ചെലവഴിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.	219
7	സർക്കുലർ നം. എഫ്.എം2/ 148/2020/തസ്വഭവ	22-09-2020	വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ടാബ്, സ്മാർട്ട്ഫോൺ എന്നിവ വാങ്ങി നൽകൽ-സ്പഷ്ടീകരണം.	221
8	സർക്കുലർ നം. ഡി.എ1/208/ 2020-തസ്വഭവ	20-10-2020	വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ്ടോപ്പ്/കമ്പ്യൂട്ടർ വാങ്ങി നൽകൽ-ലാപ്ടോപ്പ് സ്പെസിഫിക്കേഷൻ.	222
9	G.O.(Rt)No.15/2021/LSGD	04-01-2021	സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് ശൗചാലയങ്ങൾ നിർമ്മിക്കൽ-അധിക വ്യവസ്ഥകൾ.	224
10	സ.ഉ(സാധാ)നം.375/2021/ തസ്വഭവ	11-02-2021	വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് സൗകര്യമൊരുക്കുന്നതിന് KSFE യുടെ വിദ്യാ സഹായി പദ്ധതി-ടി.വി വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികളിൽ ഇളവ് അനുവദിച്ചു.	226
11	സ.ഉ(സാധാ)നം.1197/2021/ തസ്വഭവ	23-06-2021	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം -തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ.	228
12	സ.ഉ(സാധാ)നം.1409/2021/ തസ്വഭവ	27-07-2021	ഓൺലൈൻ പഠനത്തിനായി ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യമൊരുക്കൽ-തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.	233
13	സ.ഉ(സാധാ)നം.178/2021/ തസ്വഭവ	16-08-2021	കുട്ടികളുടെ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതിനായി മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള പദ്ധതി-മാർഗ്ഗനിർദ്ദേശങ്ങൾ.	237
14	സ.ഉ(സാധാ)നം.830/2022/ GEDN	14-02-2022	സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ICT ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ-പുതുക്കിയ അനുബന്ധം.	241

9.4 വനിതാ വികസനം, ശിശു വികസനം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.47/ 2019/ തസ്വഭവ	07-05-2019	അങ്കണവാടി അധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയം തനത് ഫണ്ട് ഉപയോഗിച്ച്നൽകുന്നതിന് അനുമതി.	248
2	സ.ഉ(സാധാ)നം.2172/2019/ തസ്വഭവ	03-10-2019	അങ്കണവാടി-3 മുതൽ 6 വയസ്സ് വരെയുള്ള പ്രീ സ്കൂൾ വിഭാഗം കുട്ടികൾക്കുള്ള ഉച്ചഭക്ഷണം-പച്ചക്കറിക്കുള്ള തുക പുതുക്കി നിശ്ചയിച്ചു.	249
3	സർക്കുലർ നം. 167/ഇപിഎ3/ തസ്വഭവ	11-08-2020	അങ്കണവാടി ജീവക്കാരുടെ അധിക ഓണറേറിയം - വികസന ഫണ്ട് ഉപയോഗിക്കൽ-നിർദ്ദേശം.	251
4	സ.ഉ(സാധാ)നം.1636/2020/ തസ്വഭവ	10-09-2020	അങ്കണവാടി കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിൽ റാഗി, തിന, മില്ലറ്റ് എന്നിവ ഉൾപ്പെടുത്തുന്നതിന് അനുമതി.	252
5	സ.ഉ(സാധാ)നം.514/2020/ സാ.നീ.വ	10-09-2020	അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുമതി.	253

9.5 പൊതുജനാരോഗ്യം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.1935/2018/ തസ്വഭവ	17-07-2018	കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം(ഭേഷജം) ഉല്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് അനുമതി.	257
2	കത്ത് നം. ഡി.എ1/ 627/ 018/തസ്ഭവ	07-09-2018	ഔഷധിയിൽ നിന്ന് മരുന്ന് ലഭ്യമല്ലാതെ വന്നാൽ മറ്റ് ഏജൻസികളിൽ നിന്ന് മരുന്ന് വാങ്ങൽ-സ്പഷ്ടീകരണം.	259
3	സർക്കുലർ നം. ഡി.എ1/814/ 2018/തസ്വഭവ	17-12-2018	സിദ്ധ ഡിസ്പൻസറികളിലേക്കുള്ള മരുന്നുകൾ IMPCCPS യിൽ നിന്ന് വാങ്ങൽ-നിർദ്ദേശങ്ങൾ.	260
4	സർക്കുലർ നം. ഡി.എ1/881/ 2018/തസ്വഭവ	26-12-2018	കുഷ്ഠരോഗം കണ്ടെത്തുന്നതിനുള്ള സർവ്വേ-നിർദ്ദേശം.	261
5	സ.ഉ(സാധാ)നം.78/2019/ തസ്വഭവ	16-01-2019	ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ്സൊസൈറ്റി ക്ക് നൽകിയഅനുമതി 24-12-2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു.	262

6	സർക്കുലർ നം. 442/ ഡി.ബി2/ 18/തസ്വഭവ	17-01-2019	പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ച കഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കൽ-അധിക നിർദ്ദേശങ്ങൾ.	263
7	സ.ഉ(സാധാ)നം.553/2019/ തസ്വഭവ	07-03-2019	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - പരിഷ്കരിച്ച മാർഗ്ഗരേഖ.	265
8	സ.ഉ(സാധാ)നം.1365/2019/ തസ്വഭവ	03-07-2019	കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം(ഭേഷജം) ഉല്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് അനുമതി-19-07-2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു.	282
9	സ.ഉ(സാധാ)നം.238/2020/ തസ്വഭവ	29-01-2020	കോഴിക്കോട് ജില്ലയിലെ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ്സൊസൈറ്റി ക്ക് നൽകിയഅനുമതി 24-12-2019മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു.	285
10	സ.ഉ(സാധാ)നം.566/2020/ തസ്വഭവ	06-03-2020	കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം(ഭേഷജം) ഉല്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് 31-12-2023 വരെ അനുമതി.	287
11	സർക്കുലർ നം. ഡി. ബി2/10/ 2020-തസ്വഭവ	11-03-2020	PHC, CHC, താലൂക്ക് ആശുപത്രിയടക്കം മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിക്കും / കൂട്ടിച്ചേർക്കലുകൾക്കും സ്വീകരിക്കേണ്ട നടപടികൾ.	289
12	G.O.(Ms)No.69/2020/ LSGD	30-04-2020	കോവിഡ്-19-ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.	291
13	സ.ഉ(സാധാ)നം.1192/2020/ തസ്വഭവ	18-06-2020	ഹാന്റ് വീവിൽ നിന്നും മാസ്ക് വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.	294
14	സ.ഉ(സാധാ)നം.1379/2020/ തസ്വഭവ	21-07-2020	കോവിഡ്-19-Foot operated sanitizer/ soap dispenser എന്നിവ സിഡ്കോ യിൽ നിന്നും വാങ്ങുന്നതിന് യഥേഷ്ടാനുമതി.	295
15	സ.ഉ(സാധാ)നം.1615/2020/ തസ്വഭവ	07-09-2020	കോവിഡ്-19-പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസന്റീവ് അനുവദിച്ചു.	297

16	സ.ഉ(സാധാ)നം.1820/2020/ തസ്വഭവ	05-10-2020	കോവിഡ്-19-പാലിയേറ്റീവ് കെയർ നഴ്സുമാർക്കുള്ള ഇൻസന്റീവ് ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു.	299
17	സ.ഉ(സാധാ)നം.1968/2020/ തസ്വഭവ	20-10-2020	അംഗീകൃത സർവ്വകലാശാലകളുടെ സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/പി.ജി ഡിപ്ലോമ പാസായവരെ യോഗ പരിശീലകരായി ഉൾപ്പെടുത്താൻ അനുമതി.	300
18	G.O.(Rt)No.1947/2020/H&FWD	22-10-2020	ആർദ്രം മിഷൻ ഫേസ് III- 212 PHC കൾ FHC കളായി മാറ്റൽ- ഉത്തരവ്.	302
19	സ.ഉ(സാധാ) നം.2094/2020/തസ്വഭവ	06-11-2020	പാലിയേറ്റ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18030 രൂപയായി വർദ്ധിപ്പിച്ചു.	313
20	സർക്കുലർ നം. ഡി.എ1/321-2020-തസ്വഭവ	01-01-2021	വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകൽ-നിർദ്ദേശങ്ങൾ.	315
21	സർക്കുലർ നം. ഡി.എ1/39/ 2021-തസ്വഭവ	25-03-2021	കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/ അനീമിയയുടെ തോത് കുറയ്ക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ-നിർദ്ദേശങ്ങൾ.	317
22	സ.ഉ(സാധാ)നം.897/2021/ തസ്വഭവ	21-04-2021	പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സുമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു-ഉത്തരവ്.	319
23	സ.ഉ(സാധാ)നം.1089/2021/ തസ്വഭവ	03-06-2021	സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ആംബുലൻസുകളുടെ ആവർത്തനച്ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവ്വഹിക്കുന്നതിന് അനുമതി.	322
24	സ.ഉ(സാധാ)നം.2383/2021/ തസ്വഭവ	25-11-2021	സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയും യോഗ അസോസിയേഷൻ ഓഫ് കേരളയും സംഘടിപ്പിക്കുന്ന ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയ്നിംഗ് കോഴ്സ് യോഗ ടീച്ചർമാർക്കുള്ള അംഗീകൃത യോഗ്യതയായി നിശ്ചയിച്ചു.	323
25	സ.ഉ(സാധാ)നം.82/2022/ തസ്വഭവ	11-01-2022	കോഴിക്കോട് ജില്ലയിലെ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ്സൊസൈറ്റിക്ക് നൽകിയഅനുമതി 24-12-2021മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു.	326
26	സർക്കുലർ നം. ഡി.എ1/124/ 2020-തസ്വഭവ	22-02-2022	കോവിഡ്-19-ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കുവാൻ നൽകിയ അനുമതി-സ്പഷ്ടീകരണം.	328

27	സർക്കുലർ നം. ഡി.എ1/93/ 2022-തസ്വഭവ	26-03-2022	കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഔഷധങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാരുണ്യ, ജൻ ഔഷധി, സപ്ലൈകോ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങൽ- നിർദ്ദേശം.	330

9.6 കലാ-സംസ്കാരിക-കായിക വികസനം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(സാധാ)നം.811/2018/ തസ്വഭവ	26-03-2018	രജിസ്ട്രേഷനുള്ള ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്-5000 രൂപ വരെ നൽകുന്നതിന് അനുമതി.	332
2	സർക്കുലർ നം. ഡി.എ1/881/ 2018/തസ്വഭവ	28-12-2018	വജ്രജൂബിലി ഫെല്ലോഷിപ്പ് നേടുന്ന കലാകാരന്മാർക്ക് 5000 രൂപ നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കൽ-നിർദ്ദേശം.	333
3	സ.ഉ(കൈ)നം.30/2019/ തസ്വഭവ	06-03-2019	സാംസ്കാരിക വകുപ്പ്-വജ്ര ജൂബിലി ഫെല്ലോഷിപ്പ് പദ്ധതി-പ്രാദേശിക സർക്കാരുകൾ മുഖേന നിർവ്വഹണം-മാർഗ്ഗനിർദ്ദേശം.	334
4	സർക്കുലർ നം. ഡി. എ1/259/ 2019-തസ്വഭവ	07-09-2019	പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, MRS ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കൽ-നിർദ്ദേശങ്ങൾ.	347
5	സ.ഉ(സാധാ)നം.970/2020/ തസ്വഭവ	26-05-2020	സാംസ്കാരിക വകുപ്പിന്റെ "കലാകാരന്മാരുടെ ഉപജീവനം/ഗ്രാമീണ കലാകേന്ദ്രം പദ്ധതി"- 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഉൾപ്പെടു ത്താൻ അനുമതി.	349
6	സ.ഉ(സാധാ)നം.977/2020/ തസ്വഭവ	26-05-2020	യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി-ബ്ലോക്ക് പഞ്ചായത്തുകൾക്കുംമറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിഹിതം വകയിരുത്താൻ അനുമതി.	352
7	സർക്കുലർ നം. ഡി. എ1/263/ 2019-തസ്വഭവ	01-01-2021	യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി-തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം മുടക്കം കൂടാതെ ലഭ്യമാക്കൽ-നിർദ്ദേശം.	354

9.7 ദാരിദ്ര്യ ലഘൂകരണം

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(എം.എസ്) നം.126/2018/തസ്വഭവ	14-09-2018	സ.ഉ(കൈ)നം.252/2017/തസ്വഭവ തിയതി 12-12-2017 പ്രകാരം പുറപ്പെടുവിച്ച അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയ ഉത്തരവ്.	356
2	സ.ഉ(എം.എസ്) നം.182/2018/തസ്വഭവ	05-12-2018	അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ യിലെ ഖ. 3.15 ഭേദഗതി വരുത്തിയ ഉത്തരവ്.	358
3	സ.ഉ(സാധാ)നം.2013/2019/ തസ്വഭവ	18-09-2019	കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എം-പാനൽ ചെയ്ത ഏജൻസികളെ തെരഞ്ഞെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും അനുമതി.	360
4	സ.ഉ(സാധാ)നം.2451/2019/ തസ്വഭവ	04-11-2019	അഗതി രഹിത കേരളം പദ്ധതി മാർഗ്ഗ രേഖയിലെ ഖ. 3.4 (അക്കൗണ്ട്) -ഭേദഗതി വരുത്തിയ ഉത്തരവ്.	363
5	സ.ഉ(സാധാ)നം.1105/ 2020/ തസ്വഭവ	11-06-2020	കുടുംബശ്രീ സി.ഡി.എസ് മുഖേന വിൽക്കുന്ന കുടകൾക്ക് 20% സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി.	365
6	G.O(Rt)No.1872/2020/LSGD	12-10-2020	കുടുംബശ്രീ സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കി.	367
7	സ.ഉ(സാധാ)നം.400/ 2021/ തസ്വഭവ	12-02-2021	കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ജനകീയ ഹോട്ടൽ-(സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 06-03-2020) മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി.	369
8	സ.ഉ(സാധാ)നം.522/ 2021/ തസ്വഭവ	22-02-2021	കുടുംബശ്രീ - ജനകീയ ഹോട്ടൽ-തടസ്സങ്ങൾ ദൂരീകരിക്കൽ-നിർദ്ദേശങ്ങൾ.	371
9	സ.ഉ(കൈ)നം.296/ 2021/ തസ്വഭവ	07-12-2021	അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ-പുതുക്കിയ മാർഗ്ഗരേഖ ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച കൈപ്പുസ്തകം.	373
10	സ.ഉ(കൈ)നം.01/2022/ തസ്വഭവ	02-01-2022	അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ-സൂപ്പർ ചെക്ക്-മാർഗ്ഗനിർദ്ദേശങ്ങൾ.	444

കുറിപ്പ്: പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖയും (സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 07-03-20219) തുടർ ഉത്തരവുകളും "പൊതുജനാരോഗ്യം" എന്ന ഭാഗത്താണ് ഉൾപ്പെടുത്തി യിട്ടുള്ളത്.

9.8 തെരുവു വിളക്ക്

ക്രമ നം.	ഉത്തരവ്/സർക്കുലർ നം.	തിയതി	വിഷയം	പേജ് നം.
1	സ.ഉ(കൈ)നം.117/2020/ തസ്വഭവ	10-08-2020	നിലാവ് പദ്ധതി-പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ-മാർഗ്ഗരേഖ.	449
2	സ.ഉ(സാധാ) നം.1784/2020/തസ്വഭവ	29-09-2020	നിലാവ് പദ്ധതി-പ്രാരംഭ പഠന ചെലവുകൾക്കായി തുക ചെലവഴിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി.	456
3	സ.ഉ(കൈ)നം.202/2020/ തസ്വഭവ	25-12-2020	നിലാവ് പദ്ധതി-പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ-പുന:ക്രമീകരിച്ച നിലാവ് പദ്ധതി-മാർഗ്ഗരേഖ.	459
4	കത്ത് നം. ഇ.ഡബ്ല്യുബി1/ 101/2020/തസ്വഭവ	07-01-2021	നിലാവ് പദ്ധതി-സർക്കാർ ഉത്തരവിലെ അവ്യക്തതകൾ-സ്പഷ്ടീകരണം.	466
5	സ.ഉ(കൈ)നം.169/2021/ തസ്വഭവ	06-08-2021	നിലാവ് പദ്ധതി-നിലവിലെ പാക്കേജ് ഘടന പരിഷ്കരിച്ചും പുതുതായി LED ലൈറ്റുകൾ സ്ഥാപിക്കുവാൻ അനുമതി നൽകിയും ഉത്തരവായി.	477

ബി) ലൈഫ് ഭവന പദ്ധതി-ഉത്തരവുകൾ

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതിയ്ക്കായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ബ്രിഡ്ജ് ലോൺ അനുവദിച്ച സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തിയും ലൈഫ് പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1026/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/05/2019

പരാമർശം:- 1 സ.ഉ (സാധാ) നം. 688/2019/തസ്വഭവ തീയതി 22.03.2019

2 ലൈഫ് മിഷൻ സി.ഇ.ഓയുടെ 03.04.2019ലെ LF-18/Fin/2018 നമ്പർ കത്ത്.

3 കെ.യു.ആർ.ഡി.എഫ്.സി, എംഡിയുടെ 04.04.2019ലെ KURDFC/A2/289/2018(135) നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നനുവദിച്ച വായ്പയുടെ 3-ാം ഗഡു ലഭിക്കുന്നതിന് കാലതാമസമുണ്ടായതിനെ തുടർന്ന് പദ്ധതിയുടെ അടിയന്തിര ചെലവുകൾക്കായി പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ഹ്രസ്വകാല വായ്പയായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ബ്രിഡ്ജ് ലോൺ ഇനത്തിൽ 425 കോടി രൂപ വായ്പ എടുക്കുവാൻ കെ.യു.ആർ.ഡി.എഫ്.സിയ്ക്ക്അനുമതി നൽകിയിരുന്നു. ഹഡ്കോയിൽ നിന്നും ലഭ്യമാകുന്ന 3-ാം ഗഡുവായ 375 കോടി രൂപ ബ്രിഡ്ജ് ലോൺ തിരിച്ചടവിന് വിനിയോഗിക്കുന്നതാണെന്ന്സർക്കാർ ഉത്തരവിലും സഹകരണ ബാങ്കുമായുള്ള കരാറിലും വ്യക്തമാക്കിയിരുന്നു.

2. എന്നാൽ ലൈഫ് പദ്ധതിയിൽ അന്തിമ ഘട്ടത്തിലായ ഭവനങ്ങളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ ഓരോ ഭവനത്തിനും സംസ്ഥാന വിഹിതമായ ഒരു ലക്ഷം രൂപ വീതം അടിയന്തിരമായി നല്കേണ്ടതുണ്ടെന്നും ആയതിനാൽ ഹഡ്കോയിൽ നിന്നും മൂന്നാം ഗഡുവായി ലഭിച്ച 375 കോടി രൂപ സംസ്ഥാനവിഹിതമായി കണക്കാക്കി അനുവദിച്ച് നൽകണമെന്നും 2019-20ലെ ബഡ്ജറ്റ് പ്രൊവിഷനിൽ ലൈഫ് മിഷൻ പ്രൊജക്ടിനുവേണ്ടി സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നും ബ്രിഡ്ജ് ലോൺ വായ്പാ തുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കാമെന്നും പരാമർശം 2 കത്ത് പ്രകാരം ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. ഇത് സർക്കാർ ഉത്തരവിലേയും സഹകരണ ബാങ്കുമായി ഉണ്ടാക്കിയ കരാറിലേയും വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചു കൊണ്ടുള്ള ശിപാർശയായതിനാൽ സർക്കാർ തലത്തിൽ തീരുമാനമാകണമെന്നും 02.04.2019ൽ ഹഡ്കോ 3-ാം ഗഡു കെ.യു.ആർ.ഡി.എഫ്.സിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും പരാമർശം 3-ലെ കത്ത് പ്രകാരം കെ.യു.ആർഡി.എഫ്.സി, എംഡി അറിയിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന എടുത്ത ബ്രിഡ്ജ് ലോൺ, ലൈഫ് മിഷൻ പദ്ധതിയ്ക്കു നൽകുന്ന സ്റ്റേറ്റ് ഷെയറിനുള്ള വായ്പയായി കണക്കാക്കി പരാമർശം 1ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തും ലൈഫ് മിഷൻ പദ്ധതി സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നല്കിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

1) KURDFC -യിൽ നിലവിൽ ലഭ്യമായ മുഴുവൻ തുകയും സ്റ്റേറ്റ് ഷെയറായും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ബാക്കി തുക വായ്പാ ഗഡുക്കളായും അടിയന്തിരമായി വിതരണം പൂർത്തിയാക്കി മഴക്കാലത്തിനുമുമ്പ് പരമാവധി വീടുകൾ പൂർത്തിയാക്കേണ്ടതാണ്.

2) ബ്രിഡ്ജ് ലോൺ ലൈഫിന്റെ പദ്ധതി വിഹിതത്തിൽനിന്ന് പരസ്പരം അംഗീകരിച്ച നിബന്ധന പ്രകാരം തിരിച്ചടവിനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

3) ധനവകുപ്പും ഹഡ്കോയുമായി ചർച്ച ചെയ്ത് അനുവദിച്ച 3000 കോടി രൂപയും 2019-20 വർഷത്തിൽ ലൈഫിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾക്കായും സംസ്ഥാന വിഹിതമായും വിനിയോഗിക്കാൻ നടപടികൾ പൂർത്തിയാക്കി അടുത്ത മിഷൻ യോഗത്തിൽ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, 2-ാം നില, പിടിസി ടവർ, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ
റീജനൽ ചീഫ്, ഹഡ്കോ, 3-ാം നില, സാഫല്യം കോംപ്ലക്സ്, പാളയം
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, 5-ാം നില, ട്രാൻസ് ടവർ, വഴുതക്കാട്
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ് (DEV-2/57/2019-Fin dated 27.04.2019 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8
Vol. VIII

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2019 ജൂൺ 19
19th June 2019
1194 മിഥുനം 4
4th Mithunam 1194
1941 ജ്യേഷ്ഠം 29
29th Jyaistha 1941

നമ്പർ
No.
1363

GOVERNMENT OF KERALA

Taxes (J) Department

NOTIFICATION

G.O. (P) No. 83/2019/TD.

S. R. O. No. 403/2019

Dated, Thiruvananthapuram, 3rd June, 2019
20th Idavam 1194.

In exercise of the powers conferred by clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

necessary in the public interest so to do, hereby remit the stamp duty chargeable under the said Act, for the registration of land to be purchased by individuals as their own without the Government grant under the Life Mission Project.

By order of the Governor,

VENUGOPAL, P.,
Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

For the registration of land to be purchased by individuals as their own without Government grant under the Life Mission Project, the Government have decided to remit the stamp duty chargeable under the Kerala Stamp Act, 1959 (17 of 1959) for the said purpose.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by
Date:2019.06.19 (

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8
Vol. VIII

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2019 ജൂൺ 19
19th June 2019
1194 മിഥുനം 4
4th Mithunam 1194
1941 ജ്യേഷ്ഠം 29
29th Jyaistha 1941

നമ്പർ
No.
1355

GOVERNMENT OF KERALA

Taxes (J) Department

NOTIFICATION

G.O. (P) No. 84/2019/TD.

Thiruvananthapuram. 3rd June, 2019
20th Idavam 1194.

S. R. O. No. 396/2019

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908), the Government of Kerala, being of the opinion that it is necessary in thepublic interest so to do, hereby remit the fee payable under the said Act, for the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

registration of land to be purchased by individuals as their own without the Government grant under the Life Mission Project.

By order of the Governor,

VENUGOPAL, P.,

Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

For the registration of land to be purchased by individuals as their own without Government grant under the Life Mission Project, the Government have decided to remit the fee payable under the registration Act, 1908 (Central Act XVI of 1908) for the said purpose.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

Digitally signed by SHEELA M G
Date:2019.06.19 03:10:49 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിബി1/167/2019/തസ്വഭവ
തസ്വഭ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06/06/2019

സർക്കുലർ

വിഷയം:- തസ്വഭവ- ലൈഫ് മിഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വർഷത്തെ(2019-20) പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന നിർമ്മാണപദ്ധതിക്കു വേണ്ടി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. സ.ഉ (കൈ) 11/2018 /ത.സ്വ.ഭ.വ തീയതി 29/1/2019

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30-05-2019 തീയതിയിലെ എൽ.എഫ് 2/511/2017/ലൈഫ് നമ്പർ കുറിപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന നിർമ്മാണപദ്ധതിക്കു വേണ്ടി വകയിരുത്താൻ സൂചന 1ലെ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 20% തുക ഗ്രാമ പഞ്ചായത്തുകളിലെ ലൈഫ് ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി(ജനറൽ/പട്ടികജാതി/പട്ടിക വർഗ്ഗം) അതാത് ഗ്രാമ പഞ്ചായത്തുകൾ അപേക്ഷിക്കുന്ന മുറയ്ക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

2. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന വിഹിതവും ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ 20% തുകയും ഉൾപ്പെടെ ലൈഫ്

പദ്ധതിക്കു വേണ്ടി ചെലവഴിക്കേണ്ടതാണ്.

3. ലൈഫ് മിഷന്റെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ ഇനി പൂർത്തീകരിക്കുവാനുള്ള വീടുകൾക്ക് നിയമാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക ഗുണഭോക്താക്കൾക്ക് നൽകുവാനുണ്ടെങ്കിൽ ടി തുക അതിനു വേണ്ടി ചെലവഴിക്കാവുന്നതാണ്.

4 .മിഷന്റെ രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി നൽകേണ്ട 80000രൂപ ഗുണഭോക്താക്കൾക്ക് നൽകുവാനുണ്ടെങ്കിൽ ടി തുക അതിനു വേണ്ടി ചെലവഴിക്കാവുന്നതാണ്.

5. മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭവനം നൽകുന്നതിനു വേണ്ടി സ്വന്തമായി ഭവന സമുച്ചയം നിർമ്മിക്കുന്നതിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവനം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനു തുക ചെലവഴിക്കാവുന്നതാണ്.

6 . സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് പരമാവധി 2 ലക്ഷം രൂപ നൽകുന്നതിനും വേണ്ടി ടി തുക വിനിയോഗിക്കാവുന്നതാണ്.

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ

മുഖാന്തിരം)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

കേരള സർക്കാർ

നമ്പർ. 235/ഡി.ബി.1/19/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 16.07.2019.

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭവന നിർമ്മാണം - തറ വിസ്തീർണം - ധനസഹായം - സംബന്ധിച്ച്.

സൂചന: 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാം എസ്.എൽ.ഇ.സി മീറ്റിംഗ് മിനിട്ട്സ്.

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നിർദ്ദിഷ്ട അളവിൽ കൂടുതൽ (420 ച.അടി) നിർമ്മിച്ചിട്ടുള്ള ഭവനങ്ങളിൽ 600 ച.അടി വരെ തറ വിസ്തീർണത്തിൽ പണി പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് അവസാന ഗഡു ധനസഹായം നൽകാവുന്നതാണ്. എന്നാൽ മേൽ പ്രകാരം 600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അവസാന ഗഡു നൽകേണ്ടതില്ല. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അർഹത പുനഃപരിശോധിക്കേണ്ടതും അനർഹരെന്ന് കണ്ടെത്തിയാൽ മുഴുവൻ തുകയും ഈടാക്കുകയോ അല്ലെങ്കിൽ വായ്പാ തുക ഗുണഭോക്താവ് തന്നെ തിരിച്ചടയ്ക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ/റൂറൽ)യുടെ പി.എയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - മാർഗ്ഗരേഖ - പട്ടികവർഗ്ഗ വിഭാഗത്തിലെ ലൈഫ് മിഷൻ ഗുണഭോക്താക്കളെ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, എന്ന മാനദണ്ഡത്തിലെ നിബന്ധനയിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O (Rt) No.1505/2019/LSGD തിരുവനന്തപുരം, തീയതി, 16.07.2019.

പരാമർശം:- 1) സ.ഉ (എം.എസ്) നമ്പർ 151/2017/ത.സ്വ.ഭ.വ തീയതി 31.07.2017.
2) 26.06.2019 തീയതിയിലെ ലൈഫ് മിഷന്റെ 8-ാമത് എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.
3) സർക്കുലർ നമ്പർ 667/ഡി.ബി.1/2018/ത.സ്വ.ഭ.വ തീയതി 07.11.2018.

ഉത്തരവ്

പരാമർശത്തിലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് ഉത്തരവിലെ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട് എന്ന ലൈഫ് മിഷൻ മാനദണ്ഡത്തിലെ നിബന്ധനയിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടവിക്കുന്നു. പരാമർശം ഒന്ന് ഉത്തരവ് മേൽ പ്രകാരം നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതി പ്രകാരം റൂറൽ ഏരിയയിൽ ഉള്ള ഭവനസമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.103/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/08/2019

പരാമർശം:- 1 സ.ഉ (എംഎസ്) നം.78/2019/തസ്വഭവ തീയതി. 03.07.2019

2 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ സി യോഗത്തിന്റെ നടപടിക്കുറിപ്പ്.

3 ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ 15.07.2019 ലെ എൽ.എം3/2019/ലൈഫ് നമ്പർ കത്ത്

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി റൂറൽ ഏരിയയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനാണെന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ പരാമർശം 1ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം 2 ലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗനടപടിക്കുറിപ്പിലെ ആറാം നമ്പർ തീരുമാന പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപന വക സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ആയതിനാൽ പരാമർശം ഒന്നിലെ ഉത്തരവിൽ ഭേദഗതി വരുത്തണമെന്നും പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 2ലെ ലൈഫ് മിഷൻ 8-ാമത് എസ്എൽഇസി യോഗനടപടിക്കുറിപ്പുകളിലെ 6-ാം നമ്പർ തീരുമാനപ്രകാരം പരാമർശം 1ലെ സർക്കാർ ഉത്തരവിലെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി റൂറൽ ഏരിയയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനാണെന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധന ഒഴിവാക്കി ഉത്തരവാകുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം(1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് "ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1946/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/09/2019

പരാമർശം:- 1 സ.ഉ (എം.എസ്) നം.151/17/ത.സ്വ.ഭ.വ തീയതി 31/07/2017.

2. 05/08/2019 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗ മിനിട്ട്സ്.

ഉത്തരവ്

പരാമർശം(2)യോഗ നടപടിക്കുറിപ്പിലെ തീരുമാനം (4) ന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി/ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് പരാമർശം (1) ഉത്തരവിലെ"ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്", "ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത്" എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതുപ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും അവർ വ്യത്യസ്ത വീടുകളിൽ താമസിക്കുന്നവരോ ഒരേ വീട്ടിൽ താമസിക്കുന്നുവെങ്കിലും വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരെയും വിവാഹം കഴിഞ്ഞു ഒരു വർഷത്തിലേറെയായിട്ടു സ്വന്തമായി വീടില്ലാത്തതു കൊണ്ടു മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ചു കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരേയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകാവുന്നതാണ്.

2.പട്ടികജാതി / പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ അതാത് വകുപ്പിലെ ഭൂമിയുള്ള ഭവന രഹിതർ / ഭൂരഹിത ഭവന രഹിതർ എന്നിവരിൽ അർഹതയുള്ള

ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറേണ്ടതും ലൈഫ് മിഷൻ ടി ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യം ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി / പട്ടിക വർഗ്ഗ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

നം. LSGD-DB1/312/2019-LSGD
തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 06/09/2019

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭവന നിർമ്മാണം - തറ വിസ്തീർണ്ണം - ധനസഹായം - സംബന്ധിച്ച്.

സൂചന:- 1. 16.07.2019 തീയതിയിലെ 235/ഡിബി.1/19/ത.സ്വ.ഭ.വ നമ്പർ സർക്കുലർ.

2. 05.08.2019 - ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനിട്ട്സ്.

ലൈഫ് മിഷൻ വീടുകൾക്ക് നിലവിൽ നിർദ്ദേശിച്ചിട്ടുള്ള 400 ച.അടി +/- 5% (പരമാവധി 420 ച.അടി) എന്ന തറ വിസ്തീർണ്ണമുള്ള മാനദണ്ഡം നിലനിർത്തേണ്ടതാണ്. എന്നാൽ 600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് അവസാന ഗഡു നൽകേണ്ടതില്ലെന്നും, ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അർഹത പുനപരിശോധിക്കേണ്ടതും അനർഹരെന്നു കണ്ടെത്തിയാൽ മുഴുവൻ തുകയും ഈടാക്കുകയോ അല്ലെങ്കിൽ വായ്പ തുക ഗുണഭോക്താവു തന്നെ തിരിച്ചടയ്ക്കേണ്ടതാണ് എന്ന സൂചന (1) ലെ നിർദ്ദേശം സൂചന(2) ലെ തീരുമാനപ്രകാരം ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്യുന്നു.

ഗുണഭോക്താവ് സ്വന്തം നിലയ്ക്കു അധിക ധന വിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീടു നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവയ്ക്കും ലൈഫ് മിഷൻ ഭവന നിർമ്മാണ ധനസഹായം പൂർണമായി നൽകാവുന്നതാണ്.എന്നാൽ അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണമായും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രം അവസാന ഗഡു നൽകേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ/റൂറൽ)യുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം: LSGD-DB1/312/2019-LSGD
തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19/09/2019

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - അവലോകനയോഗം - തീരുമാനം- സംബന്ധിച്ച്.

സൂചന:-

1. 05.08.2019 - ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനിട്ട്സ്.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.08.2019 തീയതിയിലെ എൽ.എഫ്.4/2304/2018/ലൈഫ് നമ്പർ കുറിപ്പ്.

സൂചന (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലൈഫ് മിഷൻ ഒന്നാം ഘട്ടമായ അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണം 2019 ജൂലൈ 31 ന പൂർത്തിയായതായി പരിഗണിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

അപൂർണ്ണ ഭവനങ്ങളായി പട്ടികപ്പെടുത്തിയെങ്കിലും പൂർത്തീകരണത്തിനായി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ലാത്ത ഭവനങ്ങളുടെ പട്ടിക പരിശോധിച്ച കാരണം രേഖപ്പെടുത്തുകയും ധനദുർവിനിയോഗം ഉണ്ടായിട്ടുണ്ടെങ്കിൽ നിയമാനുസരണം റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2. തീരദേശ പരിപാലന നിയമം ബാധകമായ സ്ഥലങ്ങളിൽ, നിയമപ്രകാരം 400 ച.അടിയിൽ കുറഞ്ഞ വിസ്തൃതിയിൽ മാത്രം നിർമ്മിക്കാനാകുന്ന ലൈഫ് മിഷൻ വീടുകൾക്കും ലൈഫ് മാനദണ്ഡപ്രകാരമുള്ള 4 ലക്ഷം രൂപ ധനസഹായം നൽകേണ്ടതാണ്.

3.. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി വിഹിതം/ തനത് ഫണ്ട് സി.എസ്.ആർ ഫണ്ട് എന്നിവ ഉപയോഗിച്ച് ഭവന സമുച്ചയം/ ക്ലസ്റ്റർ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. അതിനായി മുന്നോട്ടു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭവന സമുച്ചയം/ ക്ലസ്റ്റർ ഭവന നിർമ്മാണത്തിൽ പാലിക്കേണ്ട പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ ലൈഫ് മിഷൻ

ലഭ്യമാക്കേണ്ടതാണ്.

4. ലൈഫ് മിഷൻ മൂന്നാംഘട്ട പ്രവർത്തനങ്ങൾ 2020 - 2021 സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനം ചെയ്യുന്നതാണ്. അതിനുള്ള നടപടികൾ ലൈഫ് മിഷൻ സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

PATSY STEPHEN
JOINT SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ലൈഫ് മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം LSGD-DB1/320/2019-LSGD
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/09/2019

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭവന നിർമ്മാണം - 9-ാം എസ്.എൽ.ഇ.സി യോഗ തീരുമാനപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത്- സംബന്ധിച്ച്.

സൂചന:- ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20.08.2019 തീയതിയിലെ ലൈഫ് മിഷൻ 9-ാം എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ സൂചനയിലെ യോഗ നടപടിക്കുറിപ്പുകൾ പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. വിവിധ വകുപ്പുകളുടെ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി നിലവിൽ മറ്റ് പദ്ധതികൾക്കൊന്നും ഉപയോഗിക്കുന്നില്ലെങ്കിൽ ആയത് ലൈഫ് പദ്ധതിക്ക് ഉപയോഗിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കണ്ടെത്തേണ്ടതാണ്. ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭവന സമുച്ചയ/ ക്ലസ്റ്റർ ഭവനങ്ങളുടെ നിർമ്മാണത്തിനായി ആവശ്യമുള്ള ഭൂമി വാങ്ങാവുന്നതാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രണ്ടാംഘട്ടത്തിലേക്കായി മാറ്റി വച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ചതിന് ശേഷം ബാക്കി വരുന്ന തുക പൂർണമായും മൂന്നാംഘട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം/ ക്ലസ്റ്റർ ഹോം/ ഭവന സമുച്ചയം എന്നിവയുടെ ആവശ്യത്തിലേക്കായി സ്ഥലം ലഭ്യമാക്കുന്നതിന് 06.06.2019 ലെ ഡിബി.1/167/2019/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിനിയോഗിക്കേണ്ടതാണ്.

3. ജില്ലാ / ബ്ലോക്ക് പഞ്ചായത്തുകൾ ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ നിന്നും ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിട്ടുള്ള 20% തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ആവശ്യപ്രകാരം രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി നൽകേണ്ടതും, ബാക്കി വരുന്ന തുക ജില്ലാ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഭവന സമുച്ചയ നിർമ്മാണത്തിനായി വിനിയോഗിക്കാവുന്നതുമാണ്.

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ/റൂറൽ)യുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം LSGD-DB1/304/2019-LSGD
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/09/2019

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പൊതു വിഭാഗത്തിനും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും - നിരക്ക് നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 29.08.2019 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം 2.1 (ഖണ്ഡിക 3.3.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചനയിലെ തീരുമാനപ്രകാരം, ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള നിരക്ക് ചുവടെപ്പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

മറ്റു പദ്ധതിപ്രകാരവും വീടു വയ്ക്കാനായി ഭൂമി വാങ്ങുന്നതിന് ഈ നിരക്കു തന്നെ ബാധകമായിരിക്കും.

A) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ:

(i)	ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	- 2.00 ലക്ഷം രൂപ
(ii)	പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക്പരമാവധി തുക)	- 2.25 ലക്ഷം രൂപ
(iii)	പട്ടികവർഗ്ഗവിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക്പരമാവധി തുക)	- 2.25 ലക്ഷം രൂപ

B) മുനിസിപ്പൽ പ്രദേശങ്ങളിൽ:

(i)	ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	– 2.70 ലക്ഷം രൂപ
(ii)	പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	– 3.00 ലക്ഷം രൂപ
(iii)	പട്ടികവർഗ്ഗവിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	– 3.00 ലക്ഷം രൂപ

C) കോർപ്പറേഷൻ പ്രദേശങ്ങളിൽ:

(i)	ജനറൽ വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	– 5.25 ലക്ഷം രൂപ
(ii)	പട്ടികജാതി വിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	– 6.00 ലക്ഷം രൂപ
(iii)	പട്ടികവർഗ്ഗവിഭാഗം (3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക)	– 6.00 ലക്ഷം രൂപ

വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ നൽകാവുന്ന പരമാവധി തുകയാണ് ഇത്. മേൽ സൂചിപ്പിച്ചിട്ടുള്ളതിനേക്കാൾ കുറവാണ് സ്ഥലം വാങ്ങുന്നതെങ്കിൽ ഈ നിരക്കിന് ആനുപാതികമായി ധനസഹായവും കുറവ് ചെയ്യേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

PATSY STEPHEN
JOINT SECRETARY

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

തദ്ദേശസ്വയംഭരണ(ഡി.എ വകുപ്പ്)

പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ്

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തിരഞ്ഞെടുക്കുന്നതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ചും പി.എം.സി ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.2234/2019/LSGD തീയതി,തിരുവനന്തപുരം, 11/10/2019

പരാമർശം:- 1 26.06.2019 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷന്റെ എട്ടാമത് എസ്.എൽ.ഇ.സി യോഗ നടപടിക്കുറിപ്പ്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.07.2019 തീയതിയിലെ എൽ.എഫ് 367/2017/ലൈഫ് നമ്പർ കത്ത്.

ഉത്തരവ്

'ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ജില്ലാ കളക്ടർമാർ മുഖേനയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പുതുതായി കണ്ടെത്തിയ 56-ഓളം സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളെ തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നുവെന്നും കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ഇതിനുള്ള നടപടികൾ ലൈഫ് മിഷൻ ആരംഭിക്കുകയും പി.എം.സി കളെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവെന്നും പി.എം.സി കളെ തെരഞ്ഞെടുക്കുന്ന ആവശ്യത്തിലേക്കായി 14 ജില്ലകളെ 3 റീജിയണുകളായി തിരിക്കുകയും ഒന്നാമത്തെ റീജിയണിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകളും രണ്ടാമത്തെ റീജിയണിൽ മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം,ഇടുക്കി എന്നീ ജില്ലകളും മൂന്നാമത്തെ റീജിയണിൽ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളും ഉൾപ്പെടുത്തുകയും ചെയ്തുവെന്നും ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ഒന്നാമത്തെ റീജിയണിൽ ഏഴ് ബിഡ്ഡുകളും രണ്ടും മൂന്നും റീജിയണുകളിൽ എട്ട് ബിഡ്ഡുകൾ വീതവും ലഭിച്ചുവെന്നും ടി ബിഡ്ഡ് ഡോക്യുമെന്റുകളെല്ലാം ടെണ്ടർ ഇവാല്യൂവേഷൻ കമ്മറ്റി പരിശോധിക്കുകയും Sri. C.R.Narayana Rao (P) Ltd,Chennai, CBRE South Asia (P) Ltd, Gurgaon, Infrastructure

Development Corporation,Karanataka, Bangaluru എന്നീ സ്ഥാപനങ്ങൾ ടെക്നിക്കൽ ബിഡ്ഡിൽ യോഗ്യത നേടുകയുണ്ടായിയെന്നും ഇവർ സമർപ്പിച്ചിട്ടുള്ള ഫിനാൻഷ്യൽ ബിഡ്ഡിൽ നിന്നും മൂന്ന് റീജിയണിലേക്കും ഏറ്റവും കുറഞ്ഞ ബിഡ്ഡ് സമർപ്പിച്ച Sri.C.R.Narayana Rao (P) Ltd, Chennai (1.95%) എന്ന സ്ഥാപനത്തെ 3 റീജിയണിലേക്കും പി.എം.സി യായി തെരഞ്ഞെടുത്തുവെന്നും ഭവന സമുച്ചയങ്ങൾക്കായി കണ്ടെത്തിയിട്ടുള്ള 56 സ്ഥലങ്ങളിൽ റീജിയൺ ഒന്നിൽ 18 സ്ഥലങ്ങളും റീജിയൺ രണ്ടിൽ 21 സ്ഥലങ്ങളും റീജിയൺ മൂന്നിൽ 17 സ്ഥലങ്ങളും തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഒന്നും രണ്ടും റീജിയണുകളിൽ ഏകദേശം 1750 യൂണിറ്റുകൾക്ക് 250 കോടി രൂപ വീതവും മൂന്നാമത്തെ റീജിയണിൽ 1350 യൂണിറ്റുകൾക്ക് 200 കോടി രൂപയും ആവശ്യമായി വരുന്നതാണെന്നും റീജിയൺ ഒന്നിലും രണ്ടിലും 4.9 കോടി രൂപയും റീജിയൺ മൂന്നിൽ 3.9 കോടി രൂപയും പി.എം.സി ചാർജ്ജായി നൽകുന്നതിനുള്ള അനുമതിയും ആവശ്യമാണെന്നും ടി തുക നഗരമേഖലയിലെ 4217 - 60 - 051 - 95 (P) എന്ന ഹെഡിലുള്ള 175 കോടി രൂപയിൽ നിന്നും വഹിക്കാവുന്നതാണെന്നും ആയതിനാൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ച് അംഗീകാരം നൽകണമെന്നും പി.എം.സി - ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനുള്ള അനുമതി ഉത്തരവുണ്ടാകണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ച് അംഗീകാരം നൽകുന്നതിനും പി.എം.സിയ്ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനുള്ള അനുമതി നൽകുന്നതിനും പരാമർശം (1) പ്രകാരം തീരുമാനമായിട്ടുണ്ട്.

3. പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ,സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക്, ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (പി.എം.സി) തെരഞ്ഞെടുത്തതിന് ലൈഫ് മിഷൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ചും പി.എം.സി ക്ക് 1.95% നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പി.എം.എ.വൈ.(നഗരം), പി.എം.എ.വൈ (ഗ്രാമീൺ) - ഭവന പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി അനുവദനീയമായതിലും ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്കും പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.2903/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/12/2019

പരാമർശം:- 1 06/09/2019-ലെ DB1/312/19/LSGD നമ്പർ സർക്കുലർ

2 കുന്നുപറമ്പ് നഗരസഭ ചെയർമാന്റെ കത്ത്

3 വടകര നഗരസഭ ചെയർമാന്റെ 23/10/2019-ലെ കത്ത്.

ഉത്തരവ്

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 05.08.2019-ൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം(1) സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭവന നിർമ്മാണങ്ങൾക്ക് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളിൽ, "ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവർക്കും ലൈഫ് മിഷൻ ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാവുന്നതാണെന്നും അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് അവസാന ഗഡു നൽകേണ്ടതാണ്" എന്നും ഭേദഗതി വരുത്തിയിട്ടുണ്ട്.

2) പി.എം.എ.വൈ.(നഗരം) പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കണമെന്ന് കുന്നുപറമ്പ് നഗരസഭ ചെയർമാനും, വടകര നഗരസഭ ചെയർമാനും പരാമർശം(2)&(3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് പി.എം.എ.വൈ. (നഗരം), പി.എം.എ. വൈ.(ഗ്രാമീൺ) എന്നീ ഭവന പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി പദ്ധതി പ്രകാരം അനുവദനീയമായതിലും ഉയർന്ന തറ വിസ്തൃതിയിൽ വീട് നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ളവർക്കും പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ധനസഹായത്തിന്റെ അവസാന ഗഡു നൽകാൻ പാടുള്ളൂ എന്നും അനുവദനീയമായതിലും കൂടുതൽ തറ വിസ്തൃതിയിൽ ഭവന നിർമ്മാണം നടത്തിയതിനാൽ പദ്ധതി പ്രകാരമുള്ള ധനസഹായം നിഷേധിക്കുകയോ അനുവദിച്ച ആനുകൂല്യം തിരികെ

ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത്തരം തീരുമാനങ്ങൾ പുനഃപരിശോധിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.12.20 [illegible]0:45 IST
Reason: Approved
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം LSGD-DB1/253/2019-LSGD
തദ്ദേശസ്വയം ഭരണ(ഡി.ബി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/12/2019

സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ-06.06.2019 ലെ ഡി.ബി.1/167/2019/ത.സ്വ.ഭ.വ നമ്പർ സർക്കുലർ-വ്യക്തത-സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (കൈ) നം.11/2018/ ത.സ്വ.ഭ.വ തീയതി : 29.01.2018
2.06.06.2019 ലെ ഡി . ബി .1/167/2019/ ത . സ്വ . ഭ . വ നമ്പർ സർക്കുലർ

സൂചന (1) ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ, ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗത്തിലെ സാധാരണ വിഹിതം , പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി, പിഎംഎവൈയുടെ അധിക വിഹിതം എന്നിവയുൾപ്പെടെയുള്ള പാർപ്പിട മേഖലയ്ക്ക് വകയിരുത്തണം എന്നും ഇങ്ങനെ വകയിരുത്തുമ്പോൾ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 20 ശതമാനത്തിൽ കുറയാതെ നീക്കി വയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും" നിഷ്കർഷിച്ചിണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ടി സർക്കുലറിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി വകയിരുത്തണം എന്ന് നിർദ്ദേശിച്ചിരിക്കുകയാണെന്നും സർക്കുലറിലെ മേൽ നിർദ്ദേശം പി . എം . എ . വൈ പദ്ധതിയുടെ കേന്ദ്ര സർക്കാർ വിഹിതം വകയിരുത്തേണ്ട കാര്യത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുവെന്നും ഈ സാഹചര്യത്തിൽ കേരളത്തിൽ നടപ്പാക്കുന്ന പി . എം . എ . വൈ - ലൈഫ് പദ്ധതിക്ക് അധിക വിഹിതം നൽകുന്നതിനു വേണ്ടി പദ്ധതി വിഹിതത്തിന്റെ 20 % വകയിരുത്തണം എന്ന് ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു .

സർക്കാർ ഇക്കാര്യം പരിശോധിക്കുകയണ്ടായി. പി.എം.എ.വൈ പദ്ധതിയ്ക്ക്

വിഹിതം നൽകൽ ഗ്രാമപഞ്ചായത്തുകളിലെ നിർബന്ധിത പദ്ധതിയാണ്. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന വിഹിതം ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്നുണ്ട്.എല്ലാ ഭവന പദ്ധതിയും നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. 20% തുക ലൈഫ് ഭവന പദ്ധതിയ്ക്ക് മാറ്റി വയ്ക്കുന്നതിൽ പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതിയും ഉൾപ്പെടുന്നുണ്ട്. എന്നിരുന്നാലും പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതി ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ, സൂചന(2) പ്രകാരം ലൈഫ് മിഷനു വേണ്ടി മാറ്റി വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന,പൊതു വിഭാഗത്തിലെ സാധാരണ വിഹിതം,പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നിവയുടെ ആകെ തുകയുടെ 20% തുക, പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതിയുടെ അധിക തുക നൽകുന്നതിനു വേണ്ടി കൂടി വിനിയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

PATSY STEPHEN
JOINT SECRETARY

സെക്ഷൻ ഓഫീസർ

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(റൂറൽ)യുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം - ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി ആർജ്ജിക്കുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള ധനസഹായം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.483/2020/LSGD തീയതി,തിരുവനന്തപുരം, 27/02/2020

പരാമർശം:- 1 ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.12.2019-ൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിലെ 5 -ാം നമ്പർ തീരുമാനം.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.02.2020 ലെ എൽ.എഫ്.4/2304/2018/ലൈഫ് നമ്പർ കുറിപ്പ്.

3 26/9/2019 ലെ DB1/304/2019/LSGD നമ്പർ സർക്കുലർ

ഉത്തരവ്

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.12.2019-ൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിലെ 5 -ാം നമ്പർ തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ള

ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമി ആർജ്ജിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് പദ്ധതിക്കുവേണ്ടി മാറ്റിവെച്ചിട്ടുള്ള 20% പദ്ധതി വിഹിതത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനും, ഭൂമി വാങ്ങിയശേഷം ഭവന നിർമ്മാണത്തിനുമുള്ള ധനസഹായം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ഭൂരഹിത ഭവനരഹിതരായവരുടെ ലിസ്റ്റിൽ നിന്ന് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നേരിട്ട് വ്യക്തിഗത ആനുകൂല്യം നൽകാവുന്നതാണ്. ഇതിനും പരാമർശം 3 പ്രകാരം അംഗീകരിച്ച സർക്കുലറിലെ നിരക്കു ബാധകമായിരിക്കും .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

പകർപ്പ്

ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - ലൈഫ് മിഷൻ മൂന്നാംഘട്ട സോഫ്റ്റ് വെയർ -IIITMK - ലഭ്യമാക്കിയ പ്രൊപ്പോസലിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.87/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2020

പരാമർശം:- 1 04.10.2019-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

2 28.10.2019, 20.03.2020 എന്നീ തീയതികളിലെ എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.11.2019, 6.5.2020 തീയതികളിലെ എൽ. എഫ്/ 7589/2019 നം. കത്ത്.

4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28-05-2020 ലെ എൽ. എഫ്2/ 511/2018 നം. കത്ത്

ഉത്തരവ്

ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള സോഫ്റ്റ് വെയർ നിലവിൽ ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം) ആണ് തയ്യാറാക്കിയിരുന്നത് എന്നും എന്നാൽ ഐ.കെ.എം- ന് മറ്റ് പല പ്രോജക്ടുകളുടേയും തിരക്കുള്ളതിനാൽ നിലവിൽ ലൈഫ് മിഷന്റെ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലായെന്നും ഇത് ലൈഫ് മിഷന്റെ ശ്രദ്ധയിൽപ്പെടുകയും ഇത് പരിഹരിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് ഐ.കെ.എം, IIITMK, ലൈഫ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടേയും ഒരു യോഗം 2019 ഒക്ടോബർ 04- ന് നടത്തുകയും ടി യോഗത്തിൽ ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിന്റെ സോഫ്റ്റ് വെയർ IIITMK-യെ കൊണ്ട് തയ്യാറാക്കിക്കുവാൻ തീരുമാനിക്കുകയും ആയതിന് പരാമർശം (2)- ലെ 28.10.2019 ൽ കൂടിയ SLEC മീറ്റിംഗിലെ 14-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. IIITMK സെപ്റ്റംബർ 15- ന് ലൈഫ് മിഷന് 38,70,400 രൂപ എസ്റ്റിമേറ്റ് വരുന്ന പ്രൊപ്പോസൽ സർപ്പിച്ചിട്ടുണ്ടെന്നും മേൽ തുകയുടെ പ്രപ്പോസൽ പരിശോധിച്ചുവെന്നും ആയത് അംഗീകരിക്കാവുന്നതാണ് എന്നും, ടി

പ്രൊപ്പോസലിന് അനുമതി നൽകണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.ഇത് സംബന്ധിച്ച ചെലവ് ചെലവ് (38,70,400/- രൂപ) 2017-18 വർഷത്തിൽ 2515-00-102-34-പ്ലാൻ എന്ന ശീർഷകത്തിൽ ഭരണപരമായ ചെലവുകൾക്കായി നിക്കി വെച്ചിട്ടുള്ള 5 കോടി രൂപയിൽ അവശേഷിക്കുന്ന(സ്റ്റാച്യു ശാഖയിലെ യൂണിയൻ ബാങ്കിലെ അക്കൗണ്ട് നമ്പർ 336301010211134) നിന്നും വഹിക്കുന്നതാണെന്ന് എന്നാണ് അറിയിച്ചത്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .പരാമർശം (2)- ലെ 20.3.2020- ന് കൂടിയ എസ് . എൽ . ഇ . സി മീറ്റിംഗി ന്റെ തീരുമാനം 6- ന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ മൂന്നാംഘട്ട സോഫ്റ്റ് വെയർ ഡെവലപ് ചെയ്യുന്നതിനായി IIITMK-യിൽ നിന്ന് ലഭ്യമായ 38,70,400/- രൂപയുടെ (മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി നാനൂറ് രൂപ മാത്രം) പ്രൊപ്പോസലിന് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു .

ഇത് സംബന്ധിച്ച ചെലവ് 2017-18 വർഷത്തിൽ 2515-00-102-34-പ്ലാൻ എന്ന ശീർഷകത്തിൽ ഭരണപരമായ ചെലവുകൾക്കായി നിക്കി വെച്ചിരുന്ന 5 കോടി രൂപയിൽ അവശേഷിക്കുന്ന(സ്റ്റാച്യു ശാഖയിലെ യൂണിയൻ ബാങ്കിലെ അക്കൗണ്ട് നമ്പർ 336301010211134) നിന്നും വഹിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർഫൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - സോഫ്റ്റ് വെയർ ഡെവലപറുടെ സേവനം ലഭ്യമാക്കുന്നതിനും പ്രതിഫലമായി 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1024/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/06/2020

പരാമർശം:- 1 29.04.2020 തീയതിയിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 367/2017/ലൈഫ് നമ്പർ കുറിപ്പ്.

2 ലൈഫ് മിഷൻ 12-ാമത് എസ്.എൽ.ഇ.സി യുടെ തീരുമാനം നമ്പർ.5.

3 സ.ഉ(പി)നം.28/2016/ധന തീയതി: 26.02.2016.

4 ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1.6.2020 ലെ LF2/511/2018 നമ്പർ കത്ത്

ഉത്തരവ്

ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിന്റെ എം.ഐ.എസ് ഡെവലപ്പ് ചെയ്തതും മെയിന്റെയിൻ ചെയ്യുന്നതും ഐ.കെ.എം ആണ് എന്നും എന്നാൽ കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ രണ്ടാംഘട്ട എം.ഐ.എസ് ൽ മോഡിഫിക്കേഷനുകൾ വരുത്തുന്നതിന് ഐ.കെ.എം - ൽ സോഫ്റ്റ് വെയർ ഡെവലപ്പർമാരുടെ സേവനം ലഭ്യമല്ലെന്നും രണ്ടാംഘട്ട സോഫ്റ്റ് വെയറിൽ നിലനിൽക്കുന്ന പല പ്രശ്നങ്ങളും അതുകൊണ്ടു തന്നെ ഇതുവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2020 ഫെബ്രുവരി - 1 ന് ചേർന്ന യോഗത്തിൽ ലൈഫ് മിഷന്റെ മൊബൈൽ ആപ് ഡെവലപ്പ് ചെയ്ത M/s Thought Ripples എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം മുഖേന സോഫ്റ്റ് വെയർ ഡെവലപ്പറുടെ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചു എന്നും M/s Thought Ripples എന്ന സ്ഥാപനം സോഫ്റ്റ് വെയർ ഡെവലപ്പറുടെ സേവനം

ലഭ്യമാക്കുന്നതിന് 1,10,000 രൂപയാണ് പ്രതിഫലമായി ആവശ്യപ്പെട്ടിട്ടുള്ളതെന്നും ലൈഫ് രണ്ടാംഘട്ട സോഫ്റ്റ് വെയറിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ടി സേവനം അനിവാര്യമായതിനാൽ ഒരു സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പറിന്റെ പ്രതിഫലമായി 1,10,000 രൂപ M/s Thought Ripples - നു നൽകുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നു പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും ടി തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിന്റെ എം.ഐ.എസ് - ൽ മോഡിഫിക്കേഷനുകൾ വരുത്തുന്നതിന് ഐ.കെ.എം - ൽ സോഫ്റ്റ് വെയർ ഡെവലപ്പർമാരുടെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ലൈഫ് മിഷന്റെ മൊബൈൽ ആപ് ഡെവലപ്പ് ചെയ്ത M/s Thought Ripples എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം മുഖേന സോഫ്റ്റ് വെയർ ഡെവലപ്പറുടെ സേവനം ലഭ്യമാക്കുന്നതിനും മേൽ സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പറിന്റെ പ്രതിഫലമായി 1,10,000 രൂപ M/s Thought Ripples - നു നൽ കുന്നതിനും ഇത് സംബന്ധിച്ച ചെലവ് 2017-18 ലെ 2515-00-102-34 (plan) എന്ന ശീർഷകത്തിൽ ഭരണപരമായ ചെലവുകൾക്കായി നിക്കിവെച്ചിരിക്കുന്ന 5 കോടിയിൽ അവശേഷിക്കുന്ന തുകയിൽ നിന്നും(യൂണിയൻ ബാങ്കിന്റെ സ്റ്റാച്യൂ ശാഖയിലെ അക്കൗണ്ട് നമ്പർ 336301010211134) ചെലവാക്കുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റിഫന്

ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - ഭവന സമുച്ചയ നിർമ്മാണം - പി.എം.സി - യെ തെരെഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.1020/2020/LSGD തീയതി,തിരുവനന്തപുരം, 01/06/2020

പരാമർശം:- 1. 20.03.2020- ലെ 12-ാമത് ലൈഫ് മിഷൻ എസ്.എൽ.ഇ.സി യുടെ 9ാം നമ്പർ തീരുമാനം.

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.04.2020 - ലെ 367/2017/ലൈഫ് നമ്പർ കുറിപ്പ്.

ഉത്തരവ്

ലൈഫ് മിഷൻ നേരിട്ട് നിർമ്മിക്കുന്ന 35 ഭവന സമുച്ചയങ്ങൾക്കും പാർട്ട്ണർഷിപ്പ് രീതിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന സമുച്ചയങ്ങൾക്കും ഒരു ഏജൻസിക്ക് പരമാവധി 3 ജില്ല എന്ന നിബന്ധനയോടുകൂടി ഓരോ ജില്ലയ്ക്കും ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസി ഉൾപ്പെടെയുള്ളവരിൽ നിന്നും പി.എം.സി - യെ തെരെഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും ടി തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) ലെ ലൈഫ് മിഷൻ എസ്.എൽ.ഇ.സി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ നേരിട്ട് നിർമ്മിക്കുന്ന 35 ഭവന സമുച്ചയങ്ങൾക്കും പാർട്ട്ണർഷിപ്പ് രീതിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന സമുച്ചയങ്ങൾക്കും ഒരു ഏജൻസിക്ക് പരമാവധി 3 ജില്ല എന്ന നിബന്ധനയോടുകൂടി ഓരോ

ജില്ലയ്ക്കും ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസി ഉൾപ്പെടെയുള്ളവരിൽ നിന്നും പി.എം.സി - യെ തെരെഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 24.06.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- PMAY (G) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാത്ത 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1571/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/08/2020

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 18.06.2020-ലെ 14036/എച്ച് & റ്റി. 1/18/സി.ആർ.ഡി. നമ്പർ കത്ത്

2 24.06.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.25 നമ്പർ തീരുമാനം.

ഉത്തരവ്

ലൈഫ് പദ്ധതി പ്രകാരം, ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് ഭൂമി വാങ്ങി നല്കുന്നതിന് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും അനുമതിയുണ്ട്. അതേപോലെ പി.എം.എ.വൈ.(ജി)പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റ് പ്രകാരം ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നല്കണമെന്ന ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ 24.06.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (2) പ്രകാരം അനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ PMAY (G) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റ് പ്രകാരം ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE P N
അണ്ടർ സെക്രട്ടറി

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ &പി.ആർ.ഡി.)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ. (ഡി.എ.) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020 16:54:09 IST
Reason: Approved

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2020 സെപ്റ്റംബർ 08
08th September 2020
1196 ചിങ്ങം 23
23rd Chingam 1196
1942 ഭാദ്രം 17
17th Bhadra 1942

നമ്പർ
No.
2033

GOVERNMENT OF KERALA

Taxes (J) Department

ORDER

G. O. (P) No. 113/2020/TAXES. *Dated, Thiruvananthapuram, 8th September, 2020.*

S. R. O. No. 568/2020

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the fee payable under the said Act, for the registration of land purchased by the Local Self Government Institutions for the Life Mission Project and for the registration of land purchased by the landless-homeless beneficiaries of Life Mission Project with the aid of Local Self Government Institutions.

By order of the Governor,

RAJESH KUMAR SINGH, IAS,
Additional Chief Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Explanatory Note

(This does not form part of the order, but is intended to indicate its general purport.)

The Government have remitted the fee payable under the Registration Act, 1908 (Central Act XVI of 1908) for the Registration of land to be purchased by individuals as their own without Government grant under the Life Mission Project as per notification issued under G.O. (P) No. 84/2019/TD dated 3rd June, 2019 and published as S.R.O. No. 396/2019 in the Kerala Gazette Extraordinary No. 1355 dated 19th June, 2019. Now the Government have decided to remit the fee payable under the said Act, for the registration of land purchased by the Local Self Government Institutions for Life Mission Project and for the registration of land purchased by the landless-homeless beneficiaries of Life Mission Project with the aid of Local Self Government Institutions.

This order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/4507
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-2

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2020 സെപ്റ്റംബർ 08
08th September 2020
1196 ചിങ്ങം 23
23rd Chingam 1196
1942 ഭാദ്രം 17
17th Bhadra 1942

നമ്പർ
No.
2034

GOVERNMENT OF KERALA

Taxes (J) Department

ORDER

G. O. (P) No. 114/2020/TAXES. *Dated, Thiruvananthapuram, 8th September, 2020.*

S. R. O. No. 569/2020

In exercise of the powers conferred by clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act, for the registration of land purchased by the Local Self Government Institutions for Life Mission Project and for the registration of land purchased by the landless-homeless beneficiaries of Life Mission Project with the aid of Local Self Government Institutions.

By order of the Governor,

RAJESH KUMAR SINGH, IAS,
Additional Chief Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Explanatory Note

(This does not form part of the order, but is intended to indicate its general purport.)

The Government have remitted the stamp duty chargeable under the Kerala Stamp Act, 1959 (17 of 1959) for the registration of land to be purchased by individuals as their own without Government grant under the Life Mission Project as per notification issued under G.O. (P) No. 83/2019/TD dated 3rd June, 2019 and published as S.R.O. No. 403/2019 in the Kerala Gazette Extraordinary No. 1363 dated 19th June, 2019. Now the Government have decided to remit the stamp duty chargeable under the said Act, for the registration of land purchased by the Local Self Government Institutions for Life Mission Project and for the registration of land purchased by the landless-homeless beneficiaries of Life Mission Project with the aid of Local Self Government Institutions.

This order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Sa
Date:2020.09.08 07:4

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -ലൈഫ് മിഷൻ- ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കൽ- അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt)No.1704/2020/LSGD തീയതി,തിരുവനന്തപുരം, 22/09/2020

പരാമർശം:- 1 27-07-2020-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ. (കൈ) നമ്പർ 112/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2 12-08-2020-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ (സാധാ) നമ്പർ 1495/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

3. 27-08-2020-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ (സാധാ) നമ്പർ 1587/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/09/2020-ലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് ഭവന പദ്ധതിക്കുവേണ്ടി 2017-ൽ കുടുംബശ്രീ നടത്തിയ സർവ്വേയിലൂടെ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) ,പരാമർശം (3) എന്നിവ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി യഥാക്രമം 2020 ആഗസ്റ്റ് 27 വരെയും 2020 സെപ്റ്റംബർ 09 വരെയും ദീഘിപ്പിച്ചിരുന്നു. സംസ്ഥാനത്ത് കോവിഡ്-19 വ്യാപിക്കുന്ന സാഹചര്യത്തിൽ നിരവധി പേർക്ക് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ വിവിധ ഓഫീസുകളിൽ നിന്നും ലഭ്യമാക്കുവാൻ സാധിക്കുന്നില്ല എന്ന് ജില്ലകളിൽ നിന്നു ജനപ്രതിനിധികളും, ജില്ലാ കോ-ഓർഡിനേറ്റർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും ടി സാഹചര്യത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 23/09/2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭവന പദ്ധതിക്കുവേണ്ടി 2017-ൽ കുടുംബശ്രീ നടത്തിയ സർവ്വേയിലൂടെ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 23/09/2020-വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ ഗ്രാമഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി,ആസൂത്രണ സാമ്പത്തിക വകുപ്പ്.

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ് , തിരുവനന്തപുരം.

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക്പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.1992/2020/LSGD തീയതി,തിരുവനന്തപുരം, 22/10/2020

പരാമർശം:- 1 സ.ഉ(സാധാ)നം.88/2020/ത.സ്വ.ഭ.വ തീയതി, 28/05/2020

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12/10/2020, 22.10.2020 തിയതികളിലെ എൽ.എം.1946/2019ലൈഫ് നമ്പർ കത്ത്

ഉത്തരവ്

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണ നടപടികൾ സ്വീകരിച്ച് ഇവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രവർത്തന കലണ്ടറായി ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കളുടെ അർഹതാ പരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ച് അന്തിമ ലിസ്റ്റ്, ഇതിലേക്കുള്ള സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (2)പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ പട്ടികജാതി/പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള

അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷൻ സമർപ്പിച്ച ചുവടെ ചേർക്കുന്ന പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രവർത്തന കലണ്ടർ

1	കരട് പട്ടിക പ്രസിദ്ധപ്പെടുത്തൽ (അർഹരുടെയും അനർഹരുടെയും)	2020 ഒക്ടോബർ 23-നകം
2	തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആക്ഷേപങ്ങൾ സ്വീകരിക്കൽ	2020 ഒക്ടോബർ 23-മുതൽ 27 വരെ
3	തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആക്ഷേപങ്ങൾ തീർപ്പാക്കൽ	2020 ഒക്ടോബർ 28-നകം
4	ഗ്രാമ സഭ അംഗീകാരം	2020 ഒക്ടോബർ 30
5	തദ്ദേശ സ്ഥാപന അംഗീകാരവും അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തൽ	2020 ഒക്ടോബർ 31
6	ഗുണ ഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്പ്പിക്കൽ	2020 നവംബർ 1 മുതൽ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ- പട്ടികജാതി/പട്ടികവർഗ്ഗ/മൽസ്യതൊഴിലാളി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന സംസ്ഥാന വിഹിതം ആദ്യ ഒന്നും രണ്ടും ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.2009/2020/LSGD തീയതി,തിരുവനന്തപുരം, 25/10/2020

പരാമർശം:- 1 31/07/2017-ലെ സ.ഉ(കൈ)നം.151/2017ത .സ്വ .ഭ .വ

2 16/03/2018-ലെ സ.ഉ(കൈ)നം.34/2018/ത .സ്വ .ഭ .വ

3 21/12/2018-ലെ സ.ഉ(സാധാ)നം.3218/2018/ത .സ്വ .ഭ .വ

4 29/07/2020 തീയതിയിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗക്ഷേമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതിയിൽ ചേർന്ന അവലോകനയോഗം.

5 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/09/2020-ലെ എൽ എഫ് 2/511/2017 നം കത്ത്.

6. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/10/2020-ലെ എൽ എം-103/2019/ലൈഫ് (1) നം. കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകുന്ന തുകയായ 4 ലക്ഷം രൂപയിൽ (പട്ടിക വർഗ്ഗ സങ്കേതങ്ങളിലുള്ള ഭൂണഭോക്താക്കൾക്ക് 6 ലക്ഷം രൂപ) ആദ്യ ഗഡു തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതമാണ് നൽകുന്നത്. ഭവന നിർമ്മാണത്തിനുള്ള ധന സഹായ തുകയുടെ ഗഡുക്കൾ അഡ്വാൻസായാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. എന്നാൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ടി തുക ആദ്യ ഗഡുവായി നൽകുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചതിനാൽ പട്ടികജാതി/ പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി വീടിന്റെ നിർമ്മാണം അരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്നും അർഹരായ എല്ലാ പട്ടികജാതി/ പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി ഗുണഭോക്താക്കൾക്കും സമയ ബന്ധിതമായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയണമെങ്കിൽ ആദ്യഗഡു തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്നത് ഒഴിവാക്കി പകരം ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന വിഹിതമായി നൽ കേണ്ടതാണന്നും പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതികളിൽ നിന്ന് ലൈഫ് മിഷന് വകയിരുത്തിയ വിഹിതം ധനസഹായത്തിന്റെ അവസാനഗഡുവായി നൽകുന്നതിന് പകരം ഒന്നും രണ്ടും ഗഡുക്കളായി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബഹു. പട്ടികജാതി /പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി പരാമർശം (4) പ്രകാരം വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണന്നും ആയതിനാൽ ലൈഫ് ഭവന പദ്ധതിയിലെ പട്ടികജാതി/ പട്ടിക വർഗ്ഗ/ മത്സ്യ തൊഴിലാളി ഗുണഭോക്താക്കൾക്ക് നൽകുന്ന ആദ്യ ഗഡു ധന സഹായം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്നതിന് പകരം ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന

വിഹിതമായി നൽകുന്നതിനുള്ള അനുമതിയുണ്ടാകണമെന്ന് പരാമർശം (5), (6) എന്നിവ പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചതനുസരിച്ച് പട്ടിക ജാതി / പട്ടിക വർഗ്ഗ/മത്സ്യതൊഴിലാളി ഗുണഭോക്താക്കൾക്ക് പരാമർശം (3)-ലെ ഉത്തരവ് പ്രകാരം നല്കുന്ന ആദ്യ ഗഡു ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിന് പകരം ഒന്നും രണ്ടും ഗഡുക്കൾ സംസ്ഥാന വിഹിതമായി നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.
പട്ടിക ജാതി / പട്ടിക വർഗ്ഗ വികസന വകുപ്പ്

മൽസ്യബന്ധന വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ- ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - ഗ്രാമസഭ/വാർഡ് സഭ കൂടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ്

G.O.(Rt)No.2027/2020/LSGD തീയതി,തിരുവനന്തപുരം, 28/10/2020

പരാമർശം:- 1 സ.ഉ.(സാധാ)നം.794/2020/തസ്വഭവ തീയതി 29/4/2020.

2 സ.ഉ.(സാധാ)നം.1450/2020/തസ്വഭവ തീയതി 04/8/2020.

3 സ.ഉ.(സാധാ)നം.1992/2020/തസ്വഭവ തീയതി 22/10/2020.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/10/2020-ലെ എൽ.എം.1946/2019/ലൈഫ് നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ പട്ടികജാതി / പട്ടിക വർഗ്ഗ / മത്സ്യ തൊഴിലാളി വിഭാഗത്തിലുള്ള അർഹരായ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനായി പരാമർശം (3) പ്രകാരം പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമ സഭ കൂടുന്നത് രോഗ വ്യാപനത്തിന് സാധ്യതയുള്ളതിനാൽ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനും തുടർന്ന് പരാമർശം (1),(2)-ൽ പ്രതിപാദിച്ചിട്ടുള്ളതു പോലെ ടി ഗുണഭോക്തൃ പട്ടിക ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ / വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതുമാണ് എന്ന നിബന്ധന പരാമർശം (3)-ൽ പ്രതിപാദിച്ചിരിയ്ക്കുന്ന ഗുണഭോക്താക്കൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമ സഭ കൂടുന്നത് രോഗ വ്യാപനത്തിന് സാധ്യതയുള്ളതിനാൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനും മേൽ ഗുണഭോക്തൃ പട്ടിക ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ/വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ് എന്ന നിബന്ധന പരാമർശം (3)-ൽ

പ്രതിപാദിച്ചിരിയ്ക്കുന്ന ഗുണഭോക്താക്കൾക്കും ബാധകമാക്കി സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതി- റിമോട്ട് ST ഗുണഭോക്താക്കൾ- 6 ലക്ഷം രൂപയുടെ അവസാന ഗഡു നൽകാൻ സാങ്കേതിക തടസങ്ങൾ നേരിടുന്ന ഗുണഭോക്താക്കളെ റിമോട്ട് ST ആയി ഉൾപ്പെടുത്താനും ഇവർക്ക് അർഹതപ്പെട്ട ബാക്കി തുക 5-ാം ഗഡു ആയി അനുവദിക്കാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.2042/2020/LSGD തീയതി,തിരുവനന്തപുരം, 30/10/2020

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 22/10/2020-ലെ 261/N/M(LSGD)2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയിലെ ചില ഗുണഭോക്താക്കളെ MIS സോഫ്റ്റ് വെയറിൽ റിമോട്ട് ST എന്ന് രേഖപ്പെടുത്താത്തതുകൊണ്ട് അവർക്ക് അർഹതപ്പെട്ട 6 ലക്ഷം രൂപയുടെ അവസാന ഗഡു നൽകാൻ ചില സാങ്കേതിക തടസങ്ങൾ നേരിടുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ടി ഗുണഭോക്താക്കളെ റിമോട്ട് ST ആയി ഉൾപ്പെടുത്താനും ഇവർക്ക് അർഹതപ്പെട്ട ബാക്കി തുക 5-ാം ഗഡു ആയി അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ-ലൈഫ് മിഷൻ - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടിക വർഗ്ഗ/ ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും വേണ്ടി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ലൈഫ് മിഷൻ IIITM-K-യെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt)No.2211/2020/LSGD തീയതി,തിരുവനന്തപുരം, 24/11/2020

പരാമർശം:- 1 28/05/2020-ലെ സ.ഉ. (കൈ)നം.87/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് .

2 17/08/2020-ലെ LIFE 2020/MIS നമ്പർ കത്ത്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/09/2020, 04/11/2020, 19/11/2020 തീയതികളിലെ LIFE/2020/MIS നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള സോഫ്റ്റ് വെയർ ഇൻഫർമേഷൻ കേരള മിഷൻ (IKM) ആയിരുന്നു തയ്യാറാക്കിയിരുന്നത്. എന്നാൽ IKM- നു പല പ്രോജക്റ്റുകളുടെയും തിരക്കുള്ളതിനാൽ ലൈഫ് മിഷൻ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ല എന്ന് അറിയിച്ചതിനാൽ SLEC തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സോഫ്റ്റ് വെയർ നിർമ്മാണത്തിന് IITM-K -യെ ചുമതലപ്പെടുത്തിയിരുന്നതെന്നും ലൈഫ് മിഷൻ ഭവനപദ്ധതിക്ക് വേണ്ടി 2017-ൽ കുടുംബശ്രീ മുഖേന തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടിക വർഗ്ഗ/ ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും പരാമർശം (2) പ്രകാരം IIITM-K-യെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ലൈഫ് മിഷൻ ഭവനപദ്ധതിയിലെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവന രഹിതരുടെ അന്തിമ പട്ടിക തയ്യാറാക്കിയത് പരാമർശം (1) പ്രകാരം IIITM-K-ആയിരുന്നുവെന്നും ഇപ്രകാരം മുൻപരിചയം ഉള്ള സർക്കാർ സ്ഥാപനം ആയതിനാലാണ് ടി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനും ലൈഫ് മിഷൻ IIITM-K-യെ

ചുമതലപ്പെടുത്തിയത് എന്നും 16.11.2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിൽ നിലവിലുള്ള ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും വേണ്ടി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ലൈഫ് മിഷൻ IIITM-K-യെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ട് എന്നും ആയതിനാൽ ടി നടപടിക്ക് സാധൂകരണം നൽകി ഉത്തരവുണ്ടാകണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3)-ലെ 19/11/2020 തീയതിയായ കത്ത് പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. നിലവിലുള്ള ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും വേണ്ടി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ലൈഫ് മിഷൻ IIITM-K-യെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ഡയറക്ടർ, IIITM-K.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.153/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി,**20/01/2021**

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച 16/01/2021 ലെ അപേക്ഷ

ഉത്തരവ്

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ലൈഫ് മിഷൻ നേരിട്ടും വിവിധ വകുപ്പുകൾ മുഖേനയും നിർമ്മിച്ച രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ജനുവരി 28 വ്യാഴാഴ്ച ബഹു. മുഖ്യമന്ത്രി ഓൺലൈനായി നടത്തുന്നതിനും അതോടനുബന്ധിച്ച് തദ്ദേശസ്ഥാപന തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിന് ലൈഫ് മിഷൻ ലൈഫ് മിഷൻ ഫണ്ടിൽ നിന്നും , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ലൈഫ് മിഷൻ നേരിട്ടും വിവിധ വകുപ്പുകൾ മുഖേനയും നിർമ്മിച്ച രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ജനുവരി 2 8 വ്യാഴാഴ്ച ബഹു. മുഖ്യമന്ത്രി ഓൺലൈനായി നടത്തുന്നതിനും അതോടനുബന്ധിച്ച് തദ്ദേശസ്ഥാപന തലത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നും ചുവടെ പറയും പ്രകാരം തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്രാമപഞ്ചായത്ത് - പരമാവധി 25,000 രൂപ

ബ്ലോക്ക് പഞ്ചായത്ത് - പരമാവധി 10,000 രൂപ

ജില്ലാ പഞ്ചായത്ത് - പരമാവധി 10,000 രൂപ

മുനിസിപ്പാലിറ്റി - പരമാവധി 30,000 രൂപ

കോർപ്പറേഷൻ - പരമാവധി 50,000 രൂപ

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-പി.എം.എ.വൈ(ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റ്ിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി സർക്കാർ അംഗീകരിച്ച നിരക്കിൽ ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt) No.310/2021/LSGD തീയതി,തിരുവനന്തപുരം, 05/02/2021

പരാമർശം:- 1 സ.ഉ(സാധാ)നം. 483/2020/ ത.സ്വ.ഭ.വ തീയതി 27/02/2020.

2 ഗ്രാമ വികസന കമ്മീഷണറുടെ 30/06/2020-ലെ 14036/ എച്ച് & റ്റി1/ 18/ സി.ആർ.ഡി നമ്പർ കത്ത്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/12/2020 ലെ എൽ.എം-103/2019/ലൈഫ് നമ്പർ കത്ത്.

ഉത്തരവ്

പി . എം . എ . വൈ (ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റ്ിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6581 ഗുണഭോക്താക്കളുണ്ട് എന്നും ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ പരിശോധനയ്ക്ക് ശേഷം ബ്ലോക്ക് പഞ്ചായത്തുകളിൽ ലഭ്യമാണെന്നും, ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ഭൂരഹിത ഭവനരഹിതരായവരുടെ ലിസ്റ്റിൽ നിന്നും ബ്ലോക്ക് /ജില്ലാപഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നേരിട്ട് വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ് എന്നും ഈ സർക്കാർ ഉത്തരവിൽ ഗ്രാമ സഭകളുടെ അംഗീകാരം കിട്ടിയ പി . എം . എ. വൈ(ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങുന്നതിന് മേൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും ടി ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമായാൽ പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിന് കഴിയുന്നതാണ് എന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

2) പി.എം.എ.വൈ. (ജി) പദ്ധതിയുടെ പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റിൽ ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങുന്നതിന് ലൈഫ് പദ്ധതിയെ ബാധിക്കാത്ത തരത്തിൽ ടി ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിയ്ക്കുകയുണ്ടായി. ലൈഫ് മിഷനിലെ ഭൂരഹിത - ഭവനരഹിത ഗുണഭോക്താക്കൾ PMAY permanent wait list ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി സർക്കാർ അംഗീകരിച്ച നിരക്കിൽ ഭൂമി വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മേൽ ഭേദഗതിയോടെ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-സാന്ത്വന സ്പർശം അദാലത്ത്- ലൈഫ് മിഷനിലെ MIS-ൽ ഉൾപ്പെടുത്തുന്നതിനായി വീടില്ലാത്ത ഗുണഭോക്താക്കൾ 23/09/2020-നുള്ളിൽ വീടിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്ക് 20/02/2021 വരെ അപേക്ഷിക്കാനുള്ള അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt)No.372/2021/LSGD തീയതി,തിരുവനന്തപുരം, 11/02/2021

പരാമർശം:- 1 ജി ഓ (ആർ ടി)നം .1704/ 2020 /LSGD തിയതി 22.9.2020

2 തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 09/02/2021-ലെ 360/എൻ/എം(തസ്വഭവ) 2021 നമ്പർ കുറിപ്പ്.

ഉത്തരവ്

ലൈഫ് മിഷനിൽ വീടിനായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി പരാമർശം 1 പ്രകാരം 23/09/2020 ആയിരുന്നു. സാന്ത്വനം സ്പർശം അദാലത്തിൽ 23/09/2020-നകം വീടിന് അപേക്ഷിക്കാൻ കഴിയാതെപോയ ചില ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യം കണക്കിലെടുത്ത് പരാമർശം(2)-ന്റെ അടിസ്ഥാനത്തിൽ 23/09/2020-നുള്ളിൽ വീടിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ വിട്ടുപോയ വീടില്ലാത്ത അർഹരായ ഗുണഭോക്താക്കൾക്കു വീടിന് അപേക്ഷ സമർപ്പിക്കാൻ 20/02/2021-വരെ അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാന്ത്വന സ്പർശം അദാലത്തിൽ വച്ച് വീടിനായി ലഭിച്ച അപേക്ഷകൾ കൂടി ലൈഫ് മിഷനിലെ MIS -ൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടി അപേക്ഷകൾ ജില്ലാ ലൈഫ് മിഷൻ കോ-ഓർഡിനേറ്ററെ ഏൽപ്പിക്കേണ്ടതും, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റാർമാർ ഇവ MIS-ൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ മേയർമാർക്കം, സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും.

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കം, സെക്രട്ടറിമാർക്കും.

എല്ലാ ഗ്രാമഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കം.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ- 11/02/2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 372/2021/തസ്വഭവ ഉത്തരവ് -ഭവന നിർമ്മാണ അപേക്ഷ വ്യവസ്ഥ-ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Rt)No.419/2021/LSGD തീയതി,തിരുവനന്തപുരം, 13/02/2021

പരാമർശം:- 1 സ.ഉ(സാധാ)നമ്പർ 372/2021/തസ്വഭവ, തീയതി 11/02/2021.

2 തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 12/02/2021 ലെ Ref.79/N/M(LSGD)2021 നമ്പർ കുറിപ്പ്.

ഉത്തരവ്

പരാമർശം (1)ലെ ഉത്തരവ് ചുവടെ ചേർക്കുന്ന ഭേദഗതികളോടെ പരാമർശം (2)ന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിൽ റേഷൻ കാർഡുള്ളവർക്ക് 20/02/21 വരെ ലൈഫ് പദ്ധതിയിൽ വീടിന് അപേക്ഷിക്കാവുന്നതാണ്.

2. 2018,2019-ലെ പ്രളയങ്ങളിൽ തകർന്ന വീടുകൾക്ക് ധനസഹായം ലഭിച്ചവർക്കും ലൈഫ് പദ്ധതിയിൽ വീടിന് അപേക്ഷിക്കുന്നതിന് തടസ്സമില്ലാത്തതാണ്.

പരാമർശം (1)-ലെ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ,
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും,

എല്ലാ കോർപ്പറേഷൻ മേയർമാർക്കം, സെക്രട്ടറിമാർക്കും,

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും,

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കം, സെക്രട്ടറിമാർക്കും,

എല്ലാ ഗ്രാമഞ്ചായത്ത് പ്രസിഡന്റ്മാർക്കും, സെക്രട്ടറിമാർക്കും,

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കം,

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി,ആസൂത്രണ സാമ്പത്തിക വകുപ്പ്

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ് , തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും,

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കം.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക്ഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കേരള സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയിലെ വീടുകൾക്ക് ഭവന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Ms)No.54/2021/LSGD തീയതി,തിരുവനന്തപുരം, 19/02/2021

പരാമർശം:- 1 ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 10/08/2020-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/10/2020-ലെ 3388/എൻ/2019 കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/10/2020, 03/02/2021 എന്നീ തീയതികളിലെ എൽ.എം-15/2020 നമ്പർ കത്തുകൾ

ഉത്തരവ്

21/05/2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഏഴാമത് ലൈഫ് മിഷൻ യോഗത്തിൽ ലൈഫ് ഗുണഭോക്താക്കളുടെ ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ എന്നിവരുടെ യോഗം 10/08/2020-ൽ കൂടുകയും ടി യോഗ തീരുമാനപ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയ സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർ തയ്യാറാക്കിയ പ്രപ്പോസൽ അനുകൂല നടപടിയ്ക്കായി പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

2. ഇൻഷ്വറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിൽ ഓരോ ഗുണഭോക്താവിനും ജി.എസ്.ടി ഉൾപ്പെടെ വാർഷിക പ്രീമിയമായി 127 രൂപയും, ആദ്യം മൂന്ന് വർഷത്തേക്ക് ഇൻഷ്വറൻസ് ഒരുമിച്ച് എടുത്താൽ വാർഷിക പ്രീമിയത്തിൽ 8% കിഴിവ് അനുവദിച്ചുകൊണ്ട് 3 വർ ഷത്തേക്ക് 349 രൂപ അടച്ചാൽ മതിയാകുമെന്നും മൂന്ന് വർഷത്തിനുശേഷം സർക്കാർ ഇൻഷ്വറൻസ് പുതുക്കാവുന്ന രീതി തുടരാവുന്നതും അല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി

ഗുണഭോക്താവിന് നേരിട്ട് പുതുക്കാവുന്ന രീതിയിലാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഇത്തരത്തിൽ ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം പൂർത്തിയായ 2,50,547 ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ മുഖേന ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാവുന്നതും മൂന്ന് വർഷങ്ങൾക്കുശേഷം ഗുണഭോക്താവ് പ്രീമിയം അടച്ച് ഇൻഷ്വറൻസ് പരിരക്ഷ പുതുക്കുന്ന രീതി അവലംബിക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലും പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതിയിലും വിവിധ വകുപ്പുകൾ മുഖേന നിർമ്മിച്ചതും, പുതുതായി നിർമ്മിക്കുന്നതുമായ മുഴുവൻ വീടുകൾക്കും ഭവന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഓരോ വീടിനും പരമാവധി 4 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കത്തക്ക വിധത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് കൊ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന ലൈഫ് ഭവന ഇൻഷ്വറൻസ് പദ്ധതിയുടെ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിന് ആദ്യ മൂന്ന് വർഷത്തേയ്ക്കുള്ള പ്രീമിയം 349/- രൂപ ഒരുമിച്ച് സർക്കാർ ചെലവിൽ അടയ്ക്കുന്നതിനും ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ള 2,50,547 വീടുകൾക്ക് ആവശ്യമായ 8,74,40,903(എട്ടുകോടി എഴുപത്തിനാലുലക്ഷത്തി നാൽപതിനായിരത്തി തൊള്ളായിരത്തിമൂന്ന് രൂപ മാത്രം) ലൈഫ് മിഷന്റെ 4515-00-102-49(Rural development)Plan എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിനും 3 വർഷത്തിനുശേഷം ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി ഗുണഭോക്താവ് നേരിട്ട് പുതുക്കുന്നതിനും ചുവടെ ചേർക്കുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

- ഇൻഷ്വറൻസ് ചെയ്യപ്പെടുന്ന ഓരോ വീടിനും പരമാവധി 4 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

- **ജി.എസ്.ടി ഉൾപ്പെടെ വാർഷിക പ്രീമിയമായി** Rs.127/- (നൂറ്റി ഇരുപത്തിഏഴ് രൂപാമാത്രം) അടച്ചാൽ മതിയാകും.

- ആദ്യ മൂന്നു വർഷത്തേയ്ക്ക് ഇൻഷ്വറൻസ് ഒരുമിച്ച് എടുക്കുമ്പോൾ പ്രീമിയത്തിൽ 8 % കിഴിവ് പ്രീമിയം കണക്കാക്കി മൂന്നു വർഷത്തേയ്ക്ക് Rs. 349/-(മുന്നൂറ്റി നാല്പത്തി ഒൻപത് രൂപ മാത്രം) അടയ്ക്കേണ്ടതാണ്.

- ആദ്യ മൂന്നു വർഷത്തിന് ശേഷം ഇൻഷ്വറൻസ് പരിരക്ഷ തുടരുന്നതിനായി ഗുണഭോക്താവിന് നേരിട്ട് പ്രീമിയം അടയ്ക്കാവുന്നതാണ്.

- **ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന നഷ്ടസാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:**
  (ഇൻഷ്വറൻസ് കവറേജ് ലഭിക്കുന്നവ)

- Fire.
- Lighting.
- Explosion/Implosion.
- Aircraft Damage.
- Riot, Strike, Malicious damage.
- Storm, Cyclone, Typhoon, Tempest, Hurricane, Tornado,Flood Inundation, Earth quake/Tsunami.
- Impact Damage.

  Loss or physical damage or destruction caused to the insured property due to the impact by any rail/road vehicle or animal by direct contact not belonging to or owned by
  - insured or by any occupier of the premises or
  - their employees on the course of their employment.
- Subsidence and Landslide including rock slide.
- Bursting and overflowing of water tanks, apparatus and pipes.
- Missile testing operations.
- Leakage from automatic sprinkler installation.
- Bush fire.

- **നഷ്ട പരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:**
  - നഷ്ട പരിഹാരം ലഭിക്കുന്നതിനുള്ള അപകടം നടന്നു എന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ മൂന്നു ദിവസത്തിനുള്ളിൽ ഇൻഷ്വർ ചെയ്യപ്പെട്ട വീടുമായി ബന്ധപ്പെട്ട ഗുണഭോക്താവ് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയെ അറിക്കേണ്ടതാണ്. പ്രീമിയം അടച്ച് പദ്ധതി തുടങ്ങി 60 ദിവസത്തിനുള്ളിൽ ഇതിനായി അക്ഷയ സെന്റർ മുഖേന ക്ളെയിം റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വെബ് പോർട്ടൽ സ്ഥിരം സംവിധാനമായി നടപ്പിലാക്കുന്നതാണ് അതുവരെ ഒരു താത്ക്കാലിക കേന്ദ്രീകൃത

സംവിധാനം (ഇ-മെയിൽ വിലാസം: *fireclaims100400@uiic.co.in*/ഫോൺനമ്പർ:0471-2318617)ഒരുക്കുന്നതാണ്.

- ക്ളെയിം സംബന്ധിച്ച അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനുള്ളിൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി സർവ്വേ നടത്തുകയും ആവശ്യമായ രേഖകൾ കൂടി സമർപ്പിക്കുന്ന മുറയ്ക്കു സർവേ പൂർത്തീകരിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടുന്നതാണ്. അനുവദിക്കപ്പെടാവുന്ന എല്ലാ ക്ളെയിമുകളും ആവശ്യമായ രേഖകൾ ലഭിച്ച് 60 ദിവസങ്ങൾക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.

- നഷ്ടപരിഹാരതുക തികച്ചും നിലനില്ക്കുന്നചട്ടങ്ങൾക്ക് അനുസരിച്ചുള്ള ഇൻഷ്വറൻസ് നഷ്ടപരിഹാരതുക മാത്രമായിരിക്കും. ഇത് സർക്കാരിന്റെ വേറെ ഏതെങ്കിലും നഷ്ടപരിഹാര പദ്ധതിയുമായി യാതൊരു ബന്ധവുമുണ്ടായിരിക്കില്ല.

- ഉപഭോക്താവിനെ പോളിസിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ ഏജൻസി (കുടുംബശ്രീ/ലൈഫ് മിഷൻ/മറ്റ് വകുപ്പുകൾ) മുഖേന മാത്രമേ നഷ്ടപരിഹാരതുക അനുവദിക്കുകയുള്ളൂ.

- ഭാഗികമായി കേടുപാടുകൾ സംബന്ധിക്കുന്ന പക്ഷം വീടിന്റെ വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി പരിരക്ഷാതുകയുടെ ആനുപാതികമായി മാത്രമേ നഷ്ടപരിഹാരതുക അനുവദിക്കൂ.അതായത് Rs.5,00,000/- രൂപ വിപണിമൂല്യമുള്ള വീടിന് Rs.1,00,000/-ന്റെ നഷ്ടം കണക്കാക്കിയാൽ ആനുപാതികമായി Rs.80,000/- (1,00,000/5,00,000 x4,00,000) മാത്രമേ നഷ്ടപരിഹാരതുക അനുവദിക്കൂ.

- ഒരു ക്ളെയിം സർവേ നടപടികൾ പൂർത്തിയാക്കി നിയമപരമായി അനുവദിക്കേണ്ട തുക Rs.10000/- ന് മുകളിൽ ഉണ്ടെങ്കിൽ മാത്രമേ തുക അനുവദിക്കുകയുള്ളൂ.

- സർക്കാർ മുഴുവൻ തുക അടയ്ക്കുന്ന സാഹചര്യത്തിൽ ആയാലും ഗുണഭോക്തൃ വിഹിതപ്രകാരമാണെങ്കിലും സർക്കാർ ഏജൻസി(കുടുംബശ്രീ/ലൈഫ് മിഷൻ/മറ്റ് വകുപ്പുകൾ) മുഖേന മാത്രമേ പദ്ധതി നടത്തൂ എന്നതിനാൽ നടപടി ക്രമങ്ങളിൽ വ്യത്യാസമുണ്ടാകില്ല.

- പദ്ധതി തുടങ്ങുന്ന തീയതിയിൽ പണി പൂർത്തിയാക്കിയ വീടുകൾക്ക് മാത്രമേ ഇൻഷ്വറൻസ് അനുവദിക്കുകയുള്ളൂ. അതിനു ശേഷം പൂർത്തിയാക്കുന്ന വീടുകൾക്ക് ആറു മാസത്തിൽ ഒരിക്കൽ എന്ന രീതിയിൽ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്താൻ അവസരം അനുവദിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(E.No.1612993/DEV-3/107/20-FIN dt 07/01/2021)

പൊതുഭരണ (എസ്.സി)വകുപ്പ്(17/02/2021ലെ മന്ത്രിസഭാ യോഗതീരുമാനത്തിലെ ഇനം നമ്പർ. 4713 പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക് .

GOVERNMENT OF KERALA

Abstract

Local Self Government Department-Construction of LIFE Towers-7 Projects under Rural Area-Administrative sanction accorded-Orders issued

LOCAL SELF GOVERNMENT(DB)DEPARTMENT

G.O.(Rt)No.1155/2021/LSGD Dated,Thiruvananthapuram, 16/06/2021

Read 1 Letter No LM/EW/69/AS/2021-2022 dated 02/02/2021 from Chief Executive Officer, LIFE Mission.

2 GO(Rt) No.501/2021/LSGD dated 19/02/2021.

ORDER

As per the Government Order read above Government have, in-principle, accorded sanction for the construction of LIFE Towers utilising a total amount of Rs.48.87 Cr (Rupees Forty eight crores eighty seven lakhs only) under the head of account 4515-00-102-49(P) for 7 Rural LIFE Tower projects , subject to the condition that the Chief Executive Officer, LIFE Mission should furnish a clarification for actual increase in unit cost of external work for further examination and approval of the project,as unit cost Mtr/sqr is seen increased by 3 to 9 percent over original unit cost and Chief Executive Officer, LIFE Mission has been directed to ensure that all amenities are there in the Flats/Housing clusters to be constructed and design of buildings is congestion free.

(2) As per the letter second read above the Chief Executive Officer, LIFE Mission has furnished clarification for actual increase in unit cost of external work for further examination and approval of the project as follows:

(i) The cost of construction depends on type of foundation which depends on type of soil. Cost of external site development works mainly depends on terrain of land, length of compound wall, retaining wall, road development, earth cutting/filling required etc. It varies from site to site and it cannot be directly compared with number of dwelling units.Estimates are prepared in PRICE software and hence there is no difference in rates for different items. Only quantity changes according to site conditions.

(ii) Facilities provided in each flats are as per the norms fixed for LIFE apartments. Comparing with the Administrative Sanction approved in the SLEC for Pilot Towers, cost of construction per dwelling unit is less for the estimates now submitted for Administrative Sanction.

(3) The Administrative Sanction proposal includes Design and construction of LIFE Towers at Kattakada, Thiruvananthapuram District (28 Units) Chengala in Kasaragod (44 Units), Kalanjoor in Pathanamthitta (32 Units), Edappal in Malappuram (44 Units), Kadambanad in Pathananmthitta (56 Units), Karimba in Palakkad(72 Units) and Eraviperoor in Pathanamthitta (28 Units) under LIFE Mission Project. Total housing units envisaged under this AS proposal will be 304 numbers and total plinth area of above 7 Towers comes to 17,613m^2. The average plinth area cost for the Project is observed to be @ 27,747/sq.m.

(4) Government have examined the matter in detail and are pleased to accord administrative sanction for the construction of LIFE TOWERS (7 Rural Projects comprising of 304 housing units) for an amount of Rs. 48.87 Crores(Forty Eight Crores and Eighty Seven Lakhs only) by meeting the expenses under the Head of Account '4515-00-102-49(P)' during the current financial year, subject to the conditions mentioned below:

a) Technical Sanction has to be taken from the competent authority before inviting tenders for the above projects.

b) Copy of Technical Sanction has to be forwarded to Finance Department in Government.

(By order of the Governor)
C S Sreekala
Joint Secretary

Chief Executive Officer, LIFE Mission.

Director of Panchayath ,Thiruvananthapuram.

Commissioner for Rural Development,Thiruvananthapuram.

State Performance Audit Officer, Thiruvananthapuram.

Director, Kerala State Audit Section, Thiruvananthapuram.

Director, Information Kerala Mission, Thiruvananthapuram.

Principal Accountant General (Audit/ A & E),Thiruvananthapuram(This issues with the concurrence of Finance Department).

Finance Department (vide-E.No.1650048/Dev-3/125/20-Fin) dated 31/03/2021.

Forwarded /By order

Section Officer

Copy to: PS to Minister, Local Self Government Department.
PA to Additional Chief Secretary, Local Self Government Department.

GOVERNMENT OF KERALA

Abstract

LSGD-LIFE Mission -Construction of 4 LIFE Towers under urban area- Administrative Sanction accorded- Orders issued.

LOCAL SELF GOVERNMENT (DB)DEPARTMENT

G.O.(Rt)No.1198/2021/LSGD Dated,Thiruvananthapuram, 23/06/2021

Read 1 Letter No LM/EW/69/AS/2021-2022 dated 02/02/2021 from the Chief Executive Officer, LIFE Mission.

2 G.O.(Rt)No.499/2021/LSGD Dated 19/02/2021.

ORDER

As per the Government Order read above in-principle sanction has been accorded for utilizing an amount of Rs. 28.84 cr from the head of account 4217-60-051-95(P) for the construction of LIFE Towers under urban areas subject to the condition that Chief Executive Officer, LIFE Mission should furnish a clarification for actual increase in unit cost of external work for further examination and final approval of the project as unit cost / Mtr sqr is seen increased by 3 to 9 percent over original unit cost.

2) Accordingly the Chief Executive Officer ,LIFE Mission as per the letter read above has clarified that the cost of construction depends on type of foundation which depends on type of soil. Cost of external site development works mainly depends on terrain of land, length of compound wall, retaining wall, road development, earth cutting/filling required etc. and it varies from site to site and it cannot be directly compared with number of dwelling units.Estimates are prepared in PRICE software and hence there is no difference in rates for different items. Only quantity changes according to site conditions. It is further clarified that the facilities provided in each flats are as per the norms fixed for LIFE apartments.

3) The following are the projects under LIFE Mission:-

Sl.No	Name of projects	Amount (in Crores)
1	Design and construction of LIFE Tower (44 units), G+3 floors at Vadakara, Kozhikode district using LGSF and PEB Technology under LIFE Mission Project.	6.75
2	Design and construction of LIFE Tower (44 units), G+3 floors at Nilambur, Malappuram district using LGSF and PEB Technology under LIFE Mission Project.	7.02
3	Design and construction of LIFE Tower (28 units), G+3 floors at Neeleswaram,Kozhikkode district using LGSF and PEB Technology under LIFE Mission Project.	4.62
4	Design and construction of LIFE Tower (72 units), G+3 floors at Pachakadavu, Kozhikode district using LGSF and PEB Technology under LIFE Mission Project.	10.45
	Total	**28.84**

In these projects, construction of the building is proposed using Light Gauge Steel Frame (LGSF) and Pre Engineering Building (PEB) Technology.

As per the estimate, total amount of each project including the site development works are as follows:

Sl.No	Name of projects	Amount in as per estimate (In Crores)_
1	Design and construction of LIFE Tower (44 units), G+3 floors at Vadakara, Kozhikode district	Rs. 6,62,76,355/-
2	Design and construction of LIFE Tower (44 units), G+3 floors at Nilambur, Malappuram district	Rs. 6,81,26,630/-
3	Design and construction of LIFE Tower (28 units), G+3 floors at Neeleswaram,Kozhikkode district	Rs.4,53,54,320/-
4	Design and construction of LIFE Tower (72 units), G+3 floors at Pachakadavu, Kozhikode district	Rs.10,26,59,132/-
	Total	**28,24,16,437/-**

4. Government have examined the matter in detail. The estimates for the above four proposals are prepared in PRICE software based on DSR 2016 with Cost Index 31.06% and estimate amount

comes to Rs. 28,24,16,437/- against the AS proposal of Rs 28.84 crore. In the above circumstances Government are pleased to accord administrative sanction for an amount of Rs.28,24,16,437/- (Rupees Twenty eight crore twenty four lakhs siixteen thousand four hundred and thirty seven only) subject to the following conditions by meeting the expenses from the budget provision allocated during the Financial year 2021-22.

a) Technical Sanction authority shall ensure that, the proposed work shall satisfy the functional requirement as envisaged.

b) The structural adequacy and structural stability shall be ensured before issuing the Technical Sanction considering economy.

c) The foundation requirements of the building based on the soil investigation done at the site and its stability shall be ensured before issuing the Technical Sanction.

d) The competent authority shall ensure the admissibility of provisions included in the estimate with the site conditions before issuing the Technical Sanction and a copy of Technical Sanction estimate shall be forwarded to Government for information.

e) The correctness of the rates adopted for observed data included in the estimates shall be ensured by the TS authority.

(By order of the Governor)
C S Sreekala
Joint Secretary

Chief Executive Officer, LIFE Mission.

Director of Urban Affairs, Thiruvananthapuram.

State Performance Audit Officer, Thiruvananthapuram.

Director, Kerala State Audit Section, Thiruvananthapuram.

Director, Information Kerala Mission, Thiruvananthapuram.

Principal Accountant General (Audit/ A & E),Thiruvananthapuram(This issues

with the concurrence of Finance Department).

Finance Department (vide-E.No.1649944/Dev-3/124/20-Fin dated 27/05/2021)

Stock File /Office

Copy to:

PS to Minister, Local Self Government Department.

PA to Additional Chief Secretary , Local Self Government Department.

Forwarded /By order

Section Officer

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി-യും ഹഡ്കോയും ഒപ്പുവെച്ചിട്ടുള്ള ലോൺ എഗ്രിമെന്റിന്റെ ഭാഗമായുള്ള ജനറൽ കൺഡീഷൻസിലെ ആർട്ടിക്കിളിൽ ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1771/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/09/2021

പരാമർശം:-

1. ലൈഫ് മിഷൻ പദ്ധതിയ്ക്കു വേണ്ടി 16-08-2018-ൽ കെ.യു.ആർ.ഡി.എഫ്.സിയും ഹഡ്കോയുമായി ഒപ്പ വച്ച കരാർ.
2. ഹഡ്കോ ജനറൽമാനേജരുടെ 30/12/2020-ലെ HUDCO/TRO/KURDFC/21262/2020/494 നമ്പർ കത്ത്.
3. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 05/01/2021-ലെ കെ.യു.ആർ.ഡി.എഫ്.സി/എ2/289/2018(34) നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയ്ക്കു വേണ്ടി ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം(1) പ്രകാരം കെ.യു.ആർ.ഡി.എഫ്.സിയും ഹഡ്കോയുമായി കരാറിലേർപ്പെട്ടിരുന്നു. ഓരോ ഗഡു വായ്പ വിതരണത്തിനു മുന്നോടിയായി ഹഡ്കോ സ്ഥലസന്ദർശനം നടത്തി പുരോഗതി ഉറപ്പ് വരുത്തുമായിരുന്നു. എന്നാൽ നിലവിലെ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്ഥല സന്ദർശനം നടത്തുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അവശേഷിച്ച 16 നഗര സഭകളിൽ *'Bhuvan software'* മുഖേന *'virtural site inspection'* നടത്തുന്നതിന് ഒരു ഓഫീസറെ നിയോഗിക്കണമെന്ന് ഹഡ്കോ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കുടുംബശ്രീയോട് കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലൈഫ് സെല്ലിലെ അർബൻ ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റിനെ ഇക്കാര്യത്തിനായി നിയമിക്കുകയുണ്ടായി. *'virtural site inspection'* നടത്തിയതിന്റെ പശ്ചാത്തലത്തിൽ അർബൻ സെക്ടറിന് 23.10.2020-ൽ 100 കോടി രൂപ വിതരണം നടത്തിയിരുന്നുവെന്നും *'virtural site inspection'* നടത്തിയ പ്രദേശങ്ങളിൽ ഭാവിയിൽ നേരിട്ട് സ്ഥലസന്ദർശനം നടത്തുന്ന വേളയിൽ എന്തെങ്കിലും പൊരുത്തക്കേട് ബോധ്യപ്പെട്ടാൽ വിതരണം നടത്തിയ തുകയുടെ 3% പിഴ യഥാർത്ഥ തുകയുടെ വിനിയോഗം നടക്കുന്നതുവരെയോ അല്ലെങ്കിൽ മേൽത്തുക ഒടുക്കുന്നതുവരെയോ ഈടാക്കുന്നതാണെന്ന വ്യവസ്ഥയോടെ ഭേദഗതി വരുത്തിയ കരാർ, ഹഡ്കോ പരാമർശം(2)പ്രകാരം അംഗീകാരത്തിനായി അയച്ചു നൽകിയിട്ടുണ്ടെന്നും പഴയ കരാറിലെ സെക്ഷൻ 4.1-ൽ (g) clause നോടു കൂടി (gg) എന്ന താഴെ സൂചിപ്പിക്കുന്ന പുതിയ clause

കൂട്ടിചേർ ത്തിരിക്കുന്നുവെന്നും ഹഡ്കോ നിർദ്ദേശിച്ചിട്ടുള്ള ടി വ്യവസ്ഥ അംഗീകരിച്ച് കരാർ പുതുക്കി നൽകുന്ന വിഷയത്തിൽ സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(gg) "In view of the ongoing Covid-19 Pandemic, depending on the priority or situation, HUDCO, either at its own or at the request made by the Borrower, may decide to change the mode of site inspection from physical to virtual process (i.e. by a process other than the process of inspection of the site and work done there by visiting the site in person by HUDCO officials, for example by way of photograph, videography, geotagging etc.) The site inspection carried out through the said virtual mode shall be verified by physical inspection by HUDCO at a later date. The borrower hereby covenants that in case any mismatch is observed in virtual and physical inspection carried out thereafter, the borrower shall pay penal interest @3% p.a. on the amount disbursed on the basis of report of such virtual site inspection for the period starting from the date of disbursement till the refund or actual utilisation of the disbursed amount on the project, as the case may be. This will be in addition and without prejudice to HUDCO's right of Remedies available to it under Article 6 of the General Conditions (Law-2) forming part of this Loan Agreement".

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി ഹഡ്കോയും കെ.യു.ആർ.ഡി.എഫ്.സി-യും ഏർപ്പെട്ട 06/06/2018-ലെ ലോൺ സാംങ്ഷൻ എഗ്രിമെന്റി-ലെ ആർട്ടിക്കിൾ 1.3-ൽ ജനറൽ കണ്ടീഷൻ പ്രകാരം സാംങ്ഷൻ ലെറ്ററും ജനറൽ കൺഡീഷൻ ആസ് കൺഡെയിൻഡ് ഇൻ ലോ/2/2020-ഉം ലോൺ സാംങ്ഷൻ എഗ്രിമെന്റി-ന്റെ ഭാഗമാണെന്ന് വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ലോൺ സാംങ്ഷൻ എഗ്രിമെന്റി-ലെ അഡീഷണൽ കൺഡീഷൻസിൽ (c) പോസ്റ്റ് ഡിസ്ബേഴ്സൽ റണ്ണിങ്ങ് കൺഡീഷൻസിൽ ഓരോ ഇൻസ്റ്റാൾമെന്റിന്റെയും റിലീസിന് മുമ്പായി ഹഡ്കോയ്ക്ക് സൈറ്റ് പരിശോധന നടത്താൻ കെ.യു.ആർ.ഡി.എഫ്.സി സഹായിക്കുമെന്നും കൂടാതെ സൈറ്റ് ഇൻസ്പെക്ഷനിൽ ഹഡ്കോ ഓഫീസർക്ക് കെ.യു.ആർ.ഡി.എഫ്.സി ആവശ്യമായ സ്കീം വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്യുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഹഡ്കോ -യും കെ.യു.ആർ.ഡി.എഫ്.സി യും ഏർപ്പെട്ട ലോൺ എഗ്രിമെന്റിൽ Article 5.3-ലും ഏത് സമയത്തും ഈ വായ്പയുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും മാറ്റാനുള്ള സമ്പൂർണ്ണ അവകാശം ഹഡ്കോയ്ക്ക് ഉണ്ടായിരിക്കുമെന്നും ആയത് അന്തിമവും കെ.യു.ആർ.ഡി.എഫ്.സി-യ്ക്ക് ബാധകമാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

മേൽ സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യും ഹഡ്കോ-യും ഒപ്പുവച്ചിട്ടുള്ള ലോൺ എഗ്രിമെന്റിന്റെ ഭാഗമായുള്ള ജനറൽ കൺഡീഷൻസിലെ ആർട്ടിക്കിൾ 4 - ലെ ഖണ്ഡം 4.1 ലെ ഖണ്ഡം 'g' യുടെ ഭാഗമായി കൂടുതൽ ഉപഖണ്ഡമായി "gg" ആയി ഹഡ്കോ -നിർദ്ദേശിച്ചിട്ടുള്ള മേൽ ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, വഴുതക്കാട്, തിരുവനന്തപുരം.
ജനറൽമാനേജർ, ഹഡ്കോ,സാഫല്യം, പാളയം, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

നിയമ വകുപ്പ്(നം.5950/കൺവെ.1/2021/നിയമം, തീയതി 03/08/2021)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി,
തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ മുഖേന നിർമ്മിച്ച ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച - ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1899/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/10/2021

പരാമർശം:- 1. സ. ഉ (കൈ) നം. 54/2021/തസ്വഭവ, തീയതി 19/02/2021.

2. സ.ഉ (കൈ) നം.82/2021/തസ്വഭവ, തീയതി 26/03/2021.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/03/2021, 23.3.2021 തീയതികളിലെ എൽ.എം.15/2020 കത്തുകൾ.

ഉത്തരവ്

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി ഒന്നും, രണ്ടും, മൂന്നും, ഘട്ടങ്ങളിൽ നിർമ്മിച്ച മുഴുവൻ വീടുകൾക്കും, വിവിധ വകുപ്പുകൾ മുഖേനയും, പി.എം.എ.വൈ ലൈഫ് (റൂറൽ, അർബൻ) എന്നിവ മുഖേനയും നിർമ്മിക്കപ്പെട്ട 25,0547 ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് പരാമർശം (1) പ്രകാരവും അതിലേക്കായി ലൈഫ് മിഷന്റെ 4515-00-102-49(റൂറൽ ഡവലപ്പ്മെന്റ് പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 8,74,40,903/- രൂപ അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. ലൈഫ് മിഷൻ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് എന്നിവ മുഖേന കോ - ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ MoU (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) അംഗീകരിച്ചു നൽകുന്നതിനായി പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് എന്നിവ മുഖേന കോ - ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള MoU (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) അംഗീകരിച്ചുകൊണ്ടും പ്രസ്തുത MoU ഒപ്പുവയ്ക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

M/s യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ്, (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം).

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 14.09.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.53 നമ്പർ തീരുമാനം - പി.എം.എ.വൈ. വിഹിതത്തിന്റെ പലിശയിനത്തിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് പി.എം.എ.വൈ.ലിസ്റ്റിലുള്ള ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2005/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2021

പരാമർശം:-

1. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.07.2021-ലെ 4(1) നമ്പർ തീരുമാനം.
2. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2021-ലെ കത്ത്
3. 14.09.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.53 നമ്പർ തീരുമാനം.

ഉത്തരവ്

പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിക്കായി ത്രിതല പഞ്ചായത്തുകൾ നൽകിയ വിഹിതം ബാങ്കിൽ നിക്ഷേപിച്ചതിന്റെ പലിശയായി 30 ലക്ഷം രൂപ ഉള്ളതായും ആയത് ഉപയോഗിച്ച് പി.എം.എ.വൈ. പട്ടികയിൽപ്പെട്ട പാവപ്പെട്ട ഭൂരഹിതരായ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്ന പദ്ധതി രൂപീകരിക്കുന്നതിന് കോർഡിനേഷൻ സമിതിയുടെ അംഗീകാരം നേടണമെന്നുമുള്ള കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാന പ്രകാരം പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ 14.09.2021-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചു. ടി വിഹിതം, പി.എം.എ.വൈ പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകിയ തുകയാണെന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചു. തുടർന്ന്, ഗ്രാമവികസന കമ്മീഷണറുടെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു. എന്നാൽ ജനറൽ വിഭാഗത്തിനു മാത്രമായി ടി ധനസഹായം പരിമിതപ്പെടുത്താവുന്നതല്ല എന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിക്കായി ത്രിതലപഞ്ചായത്തുകൾ നൽകിയ വിഹിതം ബാങ്കിൽ നിക്ഷേപിച്ചതിന്റെ പലിശയായി ലഭിച്ച ടി 30 ലക്ഷം രൂപ പി.എം.എ.വൈ.ലിസ്റ്റിലുള്ള ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകുന്നതിന് വിനിയോഗിക്കാൻ, ജനറൽ വിഭാഗത്തിനു മാത്രമായി ഈ ധനസഹായം പരിമിതപ്പെടുത്താവുന്നതല്ല എന്ന നിബന്ധനയോടെ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.വ. (ഡി.എ) വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N

Date: 16-10-2021 16:17:47

Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ - മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2086/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/10/2021

പരാമർശം:-

1. സ.ഉ.(കൈ) നം. 112/2020/തസ്വഭവ തീയതി 27/07/2020.
2. സ.ഉ (സാധാ) നം.1704/2020/തസ്വഭവ തീയതി 22/09/2020.
3. സ.ഉ (സാധാ) നം.358/2021/തസ്വഭവ തീയതി 09/02/2021.
4. 6.9.2021-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒന്നാമത് ലൈഫ് സംസ്ഥാന മിഷൻ കർമ്മസമിതിയുടെയോഗ തീരുമാനം.
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29.9.2021 2110/2021 തീയതികളിലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ വിട്ടുപോയ അർഹരായ കുടുംബങ്ങളുടെ പട്ടിക തയ്യാറക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതു പ്രകാരം അപേക്ഷകൾ അപേക്ഷകൾ സ്വീകരിച്ച് ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതുവരെയുള്ള നടപടി ക്രമങ്ങൾ പ്രവർത്തന കലണ്ടറായും ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിക്കുകയുണ്ടായി. അപേക്ഷകൾ സ്വീകരിച്ച ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടർ പരാമർശം (3) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. അപേക്ഷകൾ സ്വീകരിച്ച ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിക്കുന്നതിനായി പരാമർശം (4) പ്രകാരം തീരുമാനിച്ചതനുസരിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്റ്റംബർ 23 വരെ സ്വീകരിച്ച അപേക്ഷകളിന്മേൽ തുടർനടപടിക്ക് അനുബന്ധമായി ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Reeny

സെക്ഷൻ ഓഫീസർ

അനുബന്ധം

ലൈഫ് 2020-ലെ അപേക്ഷകളിന്മേലുള്ള അർഹതാ പരിശോധന മാർഗ്ഗനിർദ്ദേശങ്ങൾ

കേരളത്തിലെ അർഹരായ എല്ലാ ഭവന രഹിതർക്കും/ നിലവിലെ ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം നൽകുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ 2020-21-ൽ സ്വീകരിച്ച ഓൺലൈൻ അപേക്ഷകളിന്മേൽ പരിശോധന നടത്തി അർഹരായ ഭൂരഹിത ഭവനരഹിതർ / ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെയും അതോടൊപ്പം പുനരുദ്ധാരണത്തിലൂടെ വാസയോഗ്യമാക്കാൻ സാധിക്കുന്ന ഭവനങ്ങളുടെ വിവരങ്ങളും കണ്ടെത്തേണ്ടതാണ്. ടി ലക്ഷ്യപ്രാപ്തിക്കായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1) www.life2020.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുക.

2) ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അവബോധം നൽകുന്നതിനാവശ്യമായ പരിശീലനം നൽകുക.

3) നിർവഹണ ഉദ്യോഗസ്ഥർ തന്നെ അപേക്ഷകരെ നേരിട്ട് സമീപിച്ച് പരിശോധന നടത്തേണ്ടതാണ്.ആദിവാസി മേഖലയിൽ / സങ്കേതങ്ങളിൽ അപേക്ഷകരെ തിരിച്ചറിയുന്നതിനായി പട്ടികവർഗ്ഗ/ പട്ടികജാതി അനിമേറ്റേർസ്/ പ്രൊമോട്ടേർസിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അപേക്ഷകർ നിലവിൽ താമസിക്കുന്ന സ്ഥലത്തെത്തി പരിശോധിക്കേണ്ടതാണ്.

4) അർഹതാ മാനദണ്ഡങ്ങൾ വസ്തുതാപരമാണോ എന്ന് അസ്സൽ രേഖകളുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതുമാണ്.

5) ക്ലേശ ഘടകങ്ങൾ സംബന്ധിച്ച് സർക്കാർ അംഗീകരിച്ച രേഖകൾ പരിശോധനാവേളയിൽ പരിശോധിച്ച് അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6) നിർവഹണ ഉദ്യോഗസ്ഥർ അപേക്ഷകൻ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ കൃത്യമായി പരിശോധിച്ച് ആവശ്യമായ രേഖകൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

7) പരിശോധനയുടെ ഭാഗമായുള്ള രേഖാ പരിശോധനയിൽ ഏതെങ്കിലും രേഖകൾ അപേക്ഷകൻ തെറ്റായി അപ് ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ അത് മാറ്റി ശരിയായ രേഖ നിർവഹണ ഉദ്യോഗസ്ഥർ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

8) ഭൂരഹിത ഭവനരഹിതരായ അപേക്ഷകർക്ക് ഭൂമിയില്ലായെന്ന് വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രം നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്.

9) അപേക്ഷകന് നിലവിൽ വീടുണ്ടെങ്കിൽ ടി വീടിന്റെ ഫോട്ടോ പരിശോധനാവേളയിൽ എടുത്ത് നിർബന്ധമായും സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

10) പരിശോധനാ സമയത്ത് രേഖകൾ ഹാജരാക്കാൻ സാധിക്കാത്തവർക്ക് (ആധാർ കാർഡ് ഉൾപ്പെടെ) പരിശോധനയുടെ അവസാന ദിനത്തിനു മുൻപ് രേഖകൾ ഓഫീസിൽ ഹാജരാക്കാൻ അവസരം നൽകേണ്ടതും ആയത് യഥാസമയം സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

11) പരിശോധനാ സാക്ഷ്യപത്രം ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർ ഓൺലൈനായി തന്നെ സമർപ്പിക്കേണ്ടതാണ്. എതെങ്കിലും സാഹചര്യത്തിൽ അനർഹർ പട്ടികയിൽ ഉൾപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം പരിശോധന ഉദ്യോഗസ്ഥനായിരിക്കും.

12) കരട് പട്ടിക പ്രസിദ്ധീകരിക്കൽ, അപ്പീൽ നടപടി ക്രമം, ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ, ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയുടെ ഘടന മുതലയാവ 27.07.2020-ലെ ജി.ഒ. (എംഎസ്) 112/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിള്ളതു പ്രകാരം പാലിക്കേണ്ടതാണ്.

13) ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന ഗുണഭോക്തൃ പട്ടികയാണ് പ്രസിദ്ധീകരിക്കേണ്ടത്. ഇതിൽ യാതൊരുവിധ മാറ്റവും വരുത്താൻ പാടുള്ളതല്ല.

പ്രവർത്തന കലണ്ടർ

നം.	പ്രവർത്തനങ്ങൾ	അവസാന തീയതി
1	ജില്ലാതല യോഗം (ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന അദ്ധ്യക്ഷന്മാരുടെയും/ സ്രെകട്ടറിമാരുടെയും)	2021 ഒക്ടോബർ 30-നകം
2	പരിശോധനാ ഉദ്യോഗസ്ഥർക്ക് പരിശീലനം (IIITMK ഓൺലൈനായി)	2021 ഒക്ടോബർ 30-നകം
3	ഫീൽഡ് തല പരിശോധന	2021 നവംബർ 1 മുതൽ 2021 നവംബർ 30 വരെ
4	കരട് പട്ടിക പ്രസിദ്ധീകരിക്കൽ	2021 ഡിസംബർ 1
5	ഒന്നാം ഘട്ട അപ്പീൽ സമർപ്പിക്കൽ	2021 ഡിസംബർ 15
6	ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ	2021 ഡിസംബർ 30
7	രണ്ടാം ഘട്ട അപ്പീൽ സമർപ്പിക്കൽ	2022 ജനുവരി 15
8	രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ	2022 ജനുവരി 31
9	അന്തിമ കരട് പട്ടിക പ്രസിദ്ധീകരിക്കൽ	2022 ഫെബ്രുവരി 10
10	ഗ്രാമസഭാ അംഗീകാരം	2022 ഫെബ്രുവരി 20
11	ഭരണസമിതി അംഗീകാരം	2022 ഫെബ്രുവരി 25
12	ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ	2022 ഫെബ്രുവരി 28

അർഹതാ പരിശോധനയുടെ പ്രവർത്തന സഹായി www.life2020.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ - പുതുക്കിയ പ്രവർത്തന കലണ്ടർ -ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ) നം.2128/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/10/2021

പരാമർശം:- 1. സ.ഉ (സാധാ) നം. 372/2021/ത.സ്വ.ഭ.വ തീയതി 11/2/2021.

2. സ.ഉ (സാധാ) നം. 2086/2021/ത.സ്വ.ഭ.വ തീയതി 25/10/2021.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.10.2021 തീയതിയിലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 2-ൽ രേഖപെടുത്തിയിരിക്കുന്ന തീയതിയായ '2020 സെപ്റ്റംബർ 23' എന്നത് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശം (2) കത്തിന്റെ അടിസ്ഥാനത്തിൽ '2021 ഫെബ്രുവരി 20' എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) പരാമർശം (1) -ലെ ഉത്തരവ് മേല്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫ്റോമാഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Reeu

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-ലൈഫ് 2020-ലെ പുതിയ അപേക്ഷകളുടെ പരിശോധനയുടെ ചുമതല - ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത്-ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2207/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2021

പരാമർശം:-
1. സ.ഉ (സാധാ) നം.2086/2021/തസ്വഭവ, തീയതി 25/10/2021.
2. സ.ഉ (സാധാ) നം.2128/2021/തസ്വഭവ, തീയതി 29/10/2021.
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/11/2021-ലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് 2020 പ്രകാരമുള്ള പുതിയ അപേക്ഷകളുടെ പരിശോധന 2021 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും അപേക്ഷകൾ പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെയാണ് പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളത്. 9,20,260 അപേക്ഷകളാണ് ഇപ്രകാരം പരിശോധന നടത്തുവാൻ ഉള്ളത്. അപേക്ഷകളുടെ പരിശോധന നവംബർ 1-ന് ആരംഭിച്ച് നവംബർ 30-ന് അവസാനിപ്പിച്ചു 2022 ഫെബ്രുവരി 28 നു അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നത്തിനു വേണ്ടിയാണു സൂചന ഉത്തരവിൽ നിർദ്ദേശം നൽ കിയിട്ടുള്ളത്.. എന്നാൽ അപേക്ഷകളുടെ ബാഹുല്യവും പരിശോധനാ വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും അതിനാൽ കൂടുതൽ പരിശോധന ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട ആവശ്യകത ഉണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ വിഷയം പരിശോധിച്ചതിൽ, അപേക്ഷകളുടെ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമാണെന്ന് കാണുന്നുവെന്നും ടി സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ അസിസ്റ്റൻറ് സെക്രട്ടറി, വി.ഇ.ഒ-മാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറുമാർ എന്നിവരേയും നഗരസഭകളിൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ നഗരസഭാ ഉദ്യോഗസ്ഥരെയും ആവശ്യമെങ്കിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് എന്നിവരെയും അപേക്ഷാ പരിശോധനയ്ക്കായി ചുമതലപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷാ പരിശോധനയുടെ മേൽനോട്ട ചുമതല അസിസ്റ്റൻറ് സെക്രട്ടറിമാരിലും നഗരസഭകളിൽ പ്രോജക്ട് ഓഫീസർമാരിലും നിക്ഷിപ്തമാക്കിയും പുതുക്കിയ ഉത്തരവുണ്ടാകണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പരാമർശം (2) ഉത്തരവിൽ ഭേദഗതിവരുത്തി ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ അസിസ്റ്റൻറ് സെക്രട്ടറി, വി.ഇ.ഒ-മാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറുമാർ എന്നിവരേയും നഗരസഭകളിൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് പുറമെ നഗരസഭാ ഉദ്യോഗസ്ഥരെയും ആവശ്യമെങ്കിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് എന്നിവരെയും അപേക്ഷാ പരിശോധനയ്ക്കായി ചുമതലപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷാ പരിശോധനയുടെ മേൽനോട്ട ചുമതല അസിസ്റ്റൻറ് സെക്രട്ടറിമാരിലും നഗരസഭകളിൽ പ്രോജക്ട് ഓഫീസർമാരിലും നിക്ഷിപ്തമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1), (2) ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരളത്തിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പട്ടികയിൽ മുൻഗണന നൽകി കൊണ്ടു-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2430/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/11/2021

പരാമർശം:- വനിത-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 04/01/2021 തീയതിയിലെ എൻ-735-20 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരക്കാർക്ക് മുൻഗണന നൽകുന്ന രീതിയിൽ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യങ്ങൾ പരിഗണിക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. നിലവിൽ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വീടും വസ്തുവും അനുവദിക്കുന്നുണ്ടെങ്കിലും ടി പദ്ധതി പ്രകാരം മേൽ അതിജീവിതകൾക്ക് കൂടി സ്കീമിന്റെ പ്രയോജനം ലഭ്യമാകുന്നില്ല. ആയത് അടിയന്തരമായി ലഭ്യമാകാത്തവിധം ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പട്ടികയിൽ ഇവർക്ക് മുൻഗണന നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരളത്തിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്ന വസ്തുവും വീടും പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യരുതെന്ന വ്യവസ്ഥയിൽ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പട്ടികയിൽ മുൻഗണന നൽകി കൊണ്ട് ഉത്തരവ് പുറപ്പെടിവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
ഡയറക്ടർ, വനിതശിശുവികസന വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുവാൻ കഴിയാതെ പോയ അർ ഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.43/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2022

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/ത.സ്വഭ.വ, തീയതി 27.07.2020
2. സ.ഉ (സാധാ) നം. 358/2021/ത.സ്വഭ.വ, തീയതി 09.02.2021
3. സ.ഉ (സാധാ) നം. 2086/2021/ത.സ്വഭ.വ, തീയതി 25.10.2021
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.01.2022 തീയതിയിലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൽ ഭൂമിയുള്ള ഭവനരഹിതരുടെയും, ഭൂരഹിത ഭവനരഹിതരുടെയും അപേക്ഷകൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും പരാമർശം (2),(3) എന്നിവ പ്രകാരം അംഗീകരിച്ച ഉത്തരവാകുകയുണ്ടായി. അപേക്ഷകളുടെ ഫീൽഡ്തല പരിശോധന 2021 നവംബർ 1-ന് ആരംഭിച്ച് നവംബർ 30-ന് അവസാനിക്കുന്ന തരത്തിലാണ് പരാമർശം (3) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത്. എന്നാൽ ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ 6 2 % മാത്രമാണ് ഇതുവരെ പരിശോധന പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത്. ഫീൽഡുതല പരിശോധന പൂർത്തിയാക്കുവാൻ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കുന്ന 3 8 % അപേക്ഷകൾ കൂടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സമൂഹത്തിലെ അശരണരായ കുടുംബങ്ങളുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആത്മാർത്ഥമായ പിന്തുണയും പരിശ്രമവും അകമഴിഞ്ഞ സഹകരണവും അനിവാര്യമാണ് .

2. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിൽ വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിച്ചും വിവിധ സർവ്വേ പ്രവർത്തനങ്ങളിലൂടെ സാധാരണക്കാരായ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുകയും ആയതിലേക്കായി പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ആത്മാർത്ഥവും ഉത്തരവാദിത്വപൂർണ്ണവുമായ പ്രവർത്തനത്തിലൂടെ ലൈഫ് 2020 പ്രകാരം ലഭിച്ച പുതിയ അപേക്ഷകളുടെ ഫീൽഡുതല പരിശോധന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ മുഖേന 2022 ജനുവരി 31-നകം പൂർത്തിയാക്കേണ്ടതിന്നും അർഹതയുള്ള എല്ലാ കുടുംബങ്ങളും ഈ ഗുണോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരായ കുടുംബങ്ങൾ ഒന്നുംതന്നെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കേണ്ടതിനും 2022 ജനുവരി 31-നുള്ളിൽ ഫീൽഡുതല അന്വേഷണം പൂർത്തിയാക്കി അർഹരാണെന്ന് കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കളുടെയും ജില്ലാതല പട്ടിക, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പൂർണ്ണമായും പുന:പരിശോധിച്ച് 2022 ഫെബ്രുവരി 28-നകം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ

ഉത്തരവുണ്ടാകണമെന്ന് പരാമർശം(4) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമൂഹത്തിലെ പാർശ്വവൽക്കരിപ്പെട്ട ജനവിഭാഗങ്ങളുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി അവശേഷിക്കുന്ന അർഹതയുള്ള എല്ലാ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരായ കുടുംബങ്ങൾ ഒന്നും തന്നെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പുവരുത്തി 2022 ജനുവരി 31-നുള്ളിൽ ഫീൽഡുതല അന്വേഷണം പൂർത്തിയാക്കി അർഹരാണെന്ന് കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും ജില്ലാതല പട്ടിക ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പൂർണ്ണമായും പുന:പരിശോധിച്ച് 2022 ഫെബ്രുവരി 28-നകം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 11.01.2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം - ബ്ലോക്ക് പഞ്ചായത്തുകളിൽ ഐ.എ.വൈ പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക ബാങ്കിൽ നിന്നും പിൻവലിച്ച് PMAY പദ്ധതി പ്രകാരമുള്ള വീടുകൾ / ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്

സ.ഉ.(സാധാ) നം.220/2022/LSGD തീയതി,തിരുവനന്തപുരം, 03-02-2022

പരാമർശം:- 11.01.2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.3(3) നമ്പർ തീരുമാനം

ഉത്തരവ്

പല ബ്ലോക്ക് പഞ്ചായത്തുകളിലും ഐ.എ.വൈ. പദ്ധതിയ്ക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ പലിശയടക്കം നല്ലൊരു തുക ബാക്കിയുണ്ടെന്നും ആയത് എത്രയുണ്ടെന്ന് കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തിയിരുന്നത് പ്രകാരം, 126.70 കോടി രൂപ ബാക്കിയുണ്ടെന്നും PMAY പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം 13307 ആണെന്നും ഗ്രാമ വികസന കമ്മിഷണർ കോർഡിനേഷൻ കമ്മിറ്റിയെ അറിയിക്കുകയുണ്ടായി. ഈ തുക PMAY പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം പ്രകാരം ഈ തുക ബാങ്കിൽ നിന്നും പിൻവലിച്ചു ഈ വർഷം തന്നെ പദ്ധതി പ്രകാരമുള്ള വീടുകൾ / ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, ഐ.എ.വൈ. പദ്ധതിയിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള 126.70 കോടി രൂപ ബാങ്കിൽ നിന്നും പിൻവലിച്ച്, ഈ വർഷം തന്നെ പദ്ധതി പ്രകാരമുള്ള വീടുകൾ/ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന്, ഈ രണ്ട് തരത്തിലുള്ള വീടുകളുടെ ടാർജറ്റ് പൂർത്തീകരിച്ചതിനു ശേഷമേ മറ്റു വീടു നിർമ്മാണം/അറ്റകുറ്റപ്പണിയ്ക്കായി ഉപയോഗിക്കാവൂ എന്ന നിബന്ധനയോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ് : ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (Through CRD)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ്& ന്യൂമീഡിയ (ഐ &പി.ആർ.ഡി)
എസ്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.വ. (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം.ഡിബി1/19/2022-തസ്വഭവ.
തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-02-2022

സർക്കുലർ

വിഷയം:- തസ്വഭവ-ഭൂരഹിത-ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകാൻ ഭൂമി കണ്ടെത്തുന്നതിനും, "മനസ്സോടിത്തിരി മണ്ണ്" ക്യാംപയിൻ-സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2021- തീയതിയിലെ 3.4 നമ്പർ തീരുമാനം.

ലൈഫ് ഗുണഭോക്താക്കളായ ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം കണ്ടെത്തുന്നതിന് ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടുണ്ട്. തോട്ടം മേഖലയിൽ ഈ പ്രശ്നം വളരെ ഗൗരവമാണ്. ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർ ആവശ്യമായ ഭൂമി ആ തദ്ദേശഭരണസ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും എന്നാൽ അതേ ജില്ലയിൽ തന്നെ മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുകയും ചെയ്താൽ സ്ഥലം ലഭ്യമായ തദ്ദേശഭരണ സ്ഥാപനത്തിൽ വീടു നിർമ്മിച്ചു നൽകാൻ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് ധനസഹായം നൽകാവുന്നതാണ്. ഇങ്ങനെ സ്ഥലം വാങ്ങുന്നത് അതത് ജില്ലയിൽ തന്നെ ആയിരിക്കണം. അതിനായി ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഏതു തദ്ദേശഭരണസ്ഥാപനത്തിലാണോ ഉള്ളത് ആ തദ്ദേശഭരണസ്ഥാപനം (ഇപ്പോൾ സ്ഥിരമായി താമസിക്കുന്നത്) അർഹതപ്പെട്ട വിഹിതം നൽകണം. ഇതിന്മേലുള്ള ഹഡ്കോ ലോൺ ഭാവിയിൽ ഇതേ തദ്ദേശഭരണസ്ഥാപനം തിരികെ അടയ്ക്കേണ്ടതാണ്. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിനും ഇതേ മാനദണ്ഡം പാലിക്കേണ്ടതാണ്.

ഭൂരഹിത - ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പ്രത്യേക ഇടപെടൽ നടത്തുകയും "മനസ്സോടിത്തിരി മണ്ണ്" " ക്യാംപയിൻ വിജയിപ്പിക്കുന്നതിന് സുമനസ്സുകൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹായം തേടുന്നതടക്കമുള്ള ഇടപെടൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളടക്കമുള്ളവർ ചെയ്യുകയും വേണമെന്ന് നിഷ്കർഷിക്കുന്നു.

ഉത്തരവിൻ പ്രകാരം

ബിജു പ്രഭാകർ
സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ നഗരസഭാ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, രണ്ടാം നില, പി.ടി.സി ടവേഴ്സ്, എസ്.എസ് കോവിൽ റോഡ്, തിരുവനന്തപുരം. പിൻ 695 001
ഫോൺ : 0471 -2335524, Website : www.lifemission.kerala.gov.in, E-mail : lifemissionkerala@gmail.com

നം. LM/357/ PM(F)/2021 തീയതി. 18.02.2022

സ്വീകർത്താവ്

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും

സർ,

വിഷയം : ലൈഫ് മിഷൻ – ഹഡ്കോ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്ന ലൈഫ് മിഷന് കീഴിലെ ഭവന പദ്ധതികൾ – രേഖകളും റിക്കാർഡുകളും സൂക്ഷിക്കുന്നത് – സംബന്ധിച്ച്.

സൂചന: 10.01.2022–ലെ HUDCO/ TRO/ KURDFC/ 21262 & 21263/ 21–22 നമ്പർ കത്ത്.

ഹഡ്കോ വായ്പ ഉപയോഗിച്ച് നടപ്പിലാക്കുന്ന ലൈഫ് മിഷന് കീഴിലെ ഭവന പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും താഴെപ്പറയുന്ന രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കണമെന്ന് സൂചന കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

1. <u>ഗുണഭോക്താക്കളുടെ ലിസ്റ്റ്</u>

ഗുണഭോക്താക്കളുടെ പേര്, ഐഡന്റിഫിക്കേഷൻ നമ്പർ, ആധാർ, വാർഷികവരുമാനം എന്നിവ അടങ്ങുന്ന ലിസ്റ്റ്.

2. <u>ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ</u>

ഓരോ ഗുണഭോക്താവിന്റേയും പേര്, അക്കൗണ്ട് വിവരങ്ങൾ, ഗ്രാന്റിന്റെ വിവിധ ഇൻസ്റ്റാൾമെൻറ് വിവരങ്ങൾ എന്നിവ അടങ്ങിയ ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ.

3. <u>വ്യക്തിഗത ഫയൽ</u>

ഓരോ ഗുണഭോക്താവിനും പണം അനുവദിച്ചതിന്റെ വിവരങ്ങൾ, ഉത്തരവുകൾ, പണം വിതരണം ചെയ്തതിന്റെ വിവരങ്ങൾ, ഗുണഭോക്താവിന്റേയും വീടിന്റേയും ഫോട്ടോ എന്നിവയടങ്ങുന്ന ഫയൽ.

4. ബാങ്ക് സ്റ്റേറ്റ്മെൻറ്

ബാങ്ക് സ്റ്റേറ്റ്മെൻറ് രജിസ്റ്റർ ത്രൈമാസ അടിസ്ഥാനത്തിൽ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

5. പ്രോജക്ട് അക്കൗണ്ട്

കെ.യു.ആർ.ഡി.എഫ്.സി.(ഹഡ്കോ വായ്പ) സ്റ്റേറ്റ് ഷെയർ(ലൈഫ് മിഷൻ) എന്നിവ സ്വീകരിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക ലൈഫ് പ്രോജക്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനുമുള്ള ഗഡുക്കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഷെയർ എന്നിവ ഈ പ്രോജക്ട് അക്കൗണ്ടിൽ നിന്നും മാത്രം വിതരണം ചെയ്യേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി ഒരാഴ്ചയ്ക്കുള്ളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

പകർപ്പ് : ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതി- ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ- മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.38/2022/LSGD തീയതി.തിരുവനന്തപുരം, 25-02-2022

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ, തീയതി 27.07.2020.
2. സ.ഉ (സാധാ) നം. 358/2021/ത.സ്വ.ഭ.വ, തീയതി 09/02/2021.
3. സ.ഉ (സാധാ) നം. 2086/2021/ത.സ്വ.ഭ.വ, തീയതി 25/10/2021.
4. സ.ഉ.(സാധാ) നം. 43/2022/ത.സ്വ.ഭ.വ, തീയതി 07/01/2022.
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/02/2022 തീയതിയിലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ ഫീൽഡ്തല പരിശോധന നടത്തി അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും പരാമർശം (2) (3) സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകളുടെ ഫീൽഡ്തല പരിശോധനയിൽ അർഹരായി കണ്ടെത്തിയ എല്ലാ അപേക്ഷകളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പുന:പരിശോധന നടത്തി കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022 ഫെബ്രുവരി 28-നകം പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള പുന:പരിശോധനയ്ക്കും ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (5) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി ആയതിൻ പ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് അനുബന്ധമായി ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reny

സെക്ഷൻ ഓഫീസർ

അനുബന്ധം

അർഹതാ പരിശോധന മാർഗ്ഗ നിർദ്ദേശങ്ങൾ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഫീൽഡ്തല പരിശോധന പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ കളക്ടറുടെ ലോഗിനിൽ പുന:പരിശോധനയ്ക്കായി ലൈഫ് മിഷൻ ലഭ്യമാക്കുന്നതാണ്. ഇപ്രകാരം ലഭ്യമാകുന്ന പട്ടിക 27.07.2020 തീയതിയിലെ സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ. പരാമർശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും വാർഡ് തിരിച്ച് പുന:പരിശോധന നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ ലഭ്യമാക്കേണ്ടതാണ്. ടി അപേക്ഷകളുടെ പ്രാഥമിക ഫീൽഡ്തല പരിശോധന നടത്തിയ ജീവനക്കാർ ഒഴികെ പുന:പരിശോധനയ്ക്ക് ആവശ്യമെന്ന് തോന്നുന്ന ഏത് വകുപ്പിലേയും ജൂനിയർ സൂപ്രണ്ട് വരെയുള്ള ജീവനക്കാരെ പുന:പരിശോധനയ്ക്കായി ജില്ലാ കളക്ടർക്ക് നിയോഗിക്കാവുന്നതും ഇപ്രകാരമുള്ള പുന:പരിശോധന 2022 മാർച്ച് 15-നകം പൂർത്തിയാക്കി ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 മാർച്ച് 15-ന് സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന എല്ലാ അർഹരുടേയും അനർഹരുടേയും കരട് ഗുണഭോക്തൃ പട്ടിക വാർഡ് തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

പുതുക്കിയ പ്രവർത്തന കലണ്ടർ

നം.	പ്രവർത്തനങ്ങൾ	അവസാന തീയതി
1	അപേക്ഷകളുടെ പുന:പരിശോധന പൂർത്തീകരിക്കൽ	2022 മാർച്ച് 15-നകം
2	കരട് പട്ടിക പ്രസിദ്ധീകരിക്കൽ	2022 മാർച്ച് 15
3	ഒന്നാം ഘട്ട അപ്പീൽ (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കൽ)	2022 മാർച്ച് 22-നകം
4	ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ	2022 മാർച്ച് 29 -നകം
5	രണ്ടാം ഘട്ട അപ്പീൽ (ജില്ല കളക്ടർക്ക് സമർപ്പിക്കൽ)	2022 ഏപ്രിൽ 6-നകം
6	രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ	2022 ഏപ്രിൽ 13-നകം
7	അപ്പീലിന് ശേഷമുള്ള കരട് പട്ടിക പ്രസിദ്ധീകരിക്കൽ	2022 ഏപ്രിൽ 16
8	ഗ്രാമസഭാ അംഗീകാരം	2022 ഏപ്രിൽ 26-നകം
9	ഭരണസമിതി അംഗീകാരം	2022 ഏപ്രിൽ 28
10	ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ (വെബ് സൈറ്റിൽ ഉൾപ്പെടെ)	2022 ഏപ്രിൽ 30

) നം.38/2022/LSGD

അർഹതാ പരിശോധനയുടെ പ്രവർത്തന സഹായി www.life2020.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ ഭവനപദ്ധതി -ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് സ്ഥലവും വീടും മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്

സ.ഉ.(കൈ) നം.41/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

പരാമർശം:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11/01/2021 തീയതിയിലെ 3.4 നമ്പർ തീരുമാനം.

2. 12/02/2022 തീയതിയിലെ ഡിബി1/19/2022 നമ്പർ സർക്കുലർ.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08/02/2022 തീയതിയിലെ 4456/സിസി/2019/ലൈഫ് (2) നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കൾ സ്വന്തമായി വസ്തു ആർജ്ജിക്കുകയോ, തദ്ദേശസ്ഥാപനങ്ങളുടെ ധനസഹായത്തോടെ വസ്തു വാങ്ങുകയോ ആണ് ചെയ്തുവരുന്നത്. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അർഹരായ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് അവർ താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തന്നെ ഭൂമി കണ്ടെത്തുന്നതിന് വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. തോട്ടം മേഖലയിൽ ഈ പ്രശ്നം വളരെ ഗൗരവമാണ്. തോട്ടം ഭൂമി കൂടുതലായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിരവധി ഗുണഭോക്താക്കളാണ് സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരം ഭൂമി വാങ്ങുന്നത്. ഇത്തരം ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് നിലവിൽ ധനസഹായം നൽകേണ്ടത് ഗുണഭോക്താവിന് വസ്തു ലഭ്യമായിട്ടുള്ള തദ്ദേശ സ്ഥാപനമാണ്. തന്മൂലമുള്ള സാമ്പത്തിക ബാധ്യത ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താങ്ങാൻ സാധിക്കുകയില്ല.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭൂരഹിത ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭൂമി ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും അതേ ജില്ലയിൽതന്നെ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കുകയും ചെയ്താൽ ടി ഭൂമി ഗുണഭോക്താക്കൾക്ക് വാങ്ങുന്നതിനുള്ള അനുമതിയും ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

ഇപ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കാതിരിക്കുകയും അതേ ജില്ലയിലെ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കുകയും ചെയ്താൽ സ്ഥലം ലഭ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ വീട് നിർമ്മിക്കുവാൻ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ധനസഹായം നൽകാവുന്നതാണെന്നും അതിനായി ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണോ ഉള്ളത് ആ തദ്ദേശസ്വയംഭരണ സ്ഥാപനം (ഇപ്പോൾ സ്ഥിരമായി താമസിക്കുന്നത്) അർഹതപ്പെട്ട വിഹിതം ഭൂമി ലഭ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകാനും ഇതിൻമേലുള്ള ഹഡ്കോ വായ്പ ഭാവിയിൽ ഇതേ തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി വിഹിതത്തിൽ നിന്നും തിരികെ അടക്കേണ്ടതാണെന്നും നിഷ്കർഷിക്കാവുന്നതാണെന്നും. ഈ സാഹചര്യത്തിൽ ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കൾ അതേ ജില്ലയിലെ മറ്റൊരു തദ്ദേശ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്നപക്ഷം ഇത്തരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകാവുന്നതാണെന്നും കൂടാതെ ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശ സ്ഥാപന വിഹിതം, ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുക ഗുണഭോക്താവ് വസ്തു ആർജ്ജിച്ച തദ്ദേശ സ്ഥാപനത്തിലേക്ക് സംയുക്ത പ്രോജക്ട് എന്ന രീതിയിൽ നൽകുന്നതിന് ഗുണഭോക്താവിനെ തെരഞ്ഞെടുത്ത തദ്ദേശ സ്ഥാപനത്തെ അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പ്രോജക്ടിന്റെ നിർവഹണവും മോണിറ്ററിങ്ങും ഗുണഭോക്താവിന് വസ്തു ഉള്ള തദ്ദേശ സ്ഥാപനം നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്ന് പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കൾ അതേ ജില്ലയിലെ മറ്റൊരു തദ്ദേശ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്നപക്ഷം ഇത്തരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകാവുന്നതാണെന്നും കൂടാതെ ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശ സ്ഥാപന വിഹിതം, ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുക ഗുണഭോക്താവ് വസ്തു ആർജ്ജിച്ച തദ്ദേശ സ്ഥാപനത്തിലേക്ക് സംയുക്ത പ്രോജക്ട് എന്ന രീതിയിൽ നൽകുന്നതിന് ഗുണഭോക്താവിനെ തെരഞ്ഞെടുത്ത തദ്ദേശ സ്ഥാപനത്തെ അനുവദിക്കുന്നതിന് അനുമതി നൽകിയും പ്രോജക്ടിന്റെ നിർവഹണവും മോണിറ്ററിങ്ങും ഗുണഭോക്താവിന് വസ്തു ഉള്ള തദ്ദേശ സ്ഥാപനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ നഗരസഭാ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

മുഖേന)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് ലൈഫ് മിഷൻ - ഹഡ്കോ വായ്പ 1500 കോടി രൂപ- ഗ്രാമപഞ്ചായത്തുകളും കെ.യു.ആർ.ഡി.എഫ്.സി.യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി ലഭ്യമാക്കിയും ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തേണ്ട മാതൃക ഫോറവും ഗ്രാമപഞ്ചായത്തും കെ.യു.ആർ.ഡി.എഫ്.സി.യുമായി ഒപ്പ് വയ്ക്കേണ്ട കരാറിന്റെ മാതൃകയും -അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(കൈ) നം.53/2022/LSGD തീയതി,തിരുവനന്തപുരം, 11-03-2022

പരാമർശം:-

1. സ.ഉ. (കൈ)നം.53/2021/ത.സ്വ.ഭ.വ തീയതി 18/02/2021.
2. സ.ഉ. (കൈ)നം.302/2021/ത.സ്വ.ഭ.വ തീയതി 17/12/2021.
3. 4/02/2022 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/02/2022 തീയതിയിലെ എൽ.എം1946/2019/ലൈഫ് നമ്പർ കത്ത്.
5. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 23/02/2022 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/ എ 2/727/2021 നമ്പർ കത്ത്.
6. സ.ഉ. (കൈ)നം.49/2022/ത.സ്വ.ഭ.വ തീയതി 09/03/2022.

ഉത്തരവ്

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിതർക്കും അഡീഷണൽ ലിസ്റ്റിലെയും ലൈഫ് 3-ാം ഘട്ടത്തിലെയും ഭൂരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്ന ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 1500 കോടി രൂപ HUDCO-യിൽ നിന്നും KURDFC മുഖേന വായ്പയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് പരാമർശം (1),(2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (6) ഉത്തരവ് പ്രകാരം വായ്പയുടെ മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് HUDCO-യ്ക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പ എടുക്കുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളും കെ.യു.ആർ.ഡി.എഫ്.സിയും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്.

2. KURDFC മുഖേന വായ്പയായി ലഭ്യമാക്കുന്ന തുകയുടെ തിരിച്ചടവിനായി ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ടിന്റെ 20% ത്തിൽ കവിയാതെയുള്ള തുക 2022-23 മുതൽ പരമാവധി 15 വർഷം കൊണ്ട് ഉറവിടത്തിൽ നിന്ന് കുറവു ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് സമ്മതമാണെന്നുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനവും കെ.യു.ആർ.ഡി.എഫ്.സി യുമായി ഗ്രാമപഞ്ചായത്ത് ഒപ്പുവയ്ക്കുന്ന കരാറും ആവശ്യമാണ്.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ അർഹരായ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കൾക്കും ലൈഫ് 3-ാം ഘട്ടത്തിലെയും അഡീഷണൽ ലിസ്റ്റിലെയും ഭൂരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചു വരുന്ന ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിലേക്ക് കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളും കെ.യു.ആർ.ഡി.എഫ്.സി.യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തുന്നതിനായി അനുബന്ധമായി ചേർക്കുന്ന മാതൃക ഫോറവും ഗ്രാമപഞ്ചായത്തുകൾ കെ.യു.ആർ.ഡി.എഫ്.സി.യുമായി ഒപ്പ വയ്ക്കേണ്ട കരാറിന്റെ മാതൃകയും അംഗീകരിച്ചും ഉത്തരവാകുന്നു.

4. പ്രസ്തുത മാതൃക ഫോറത്തിൽ ഗ്രാമപഞ്ചായത്തുകൾ ഭരണസമിതി തീരുമാനവും ഒപ്പുവച്ച കരാറും കെ.യു.ആർ.ഡി.എഫ്.സി -യിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത്ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസനകമ്മീഷണർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത്ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ് (ഡെവ-2/32/2021-ഫിൻ തീയതി 21/10/2021).
നിയമവകുപ്പ്(നം4227/കൺവെ.1/2022/നിയമം തീയതി 04/03/2022)
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പിഎയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് ഭവന പദ്ധതി-2020- 2017 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ- മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Ms)No.64/2022/LSGD തീയതി,തിരുവനന്തപുരം, 21-03-2022

പരാമർശം:-

1. സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ, തീയതി 27.07.2020.
2. സ.ഉ (സാധാ) നം. 358/2021/ത.സ്വ.ഭ.വ, തീയതി 09/02/2021.
3. സ.ഉ (സാധാ) നം. 2086/2021/ത.സ്വ.ഭ.വ, തീയതി 25/10/2021.
4. സ.ഉ.(സാധാ) നം. 43/2022/ത.സ്വ.ഭ.വ, തീയതി 07/01/2022.
5. സ.ഉ.(കൈ) നം. 38/2022/ത.സ്വ.ഭ.വ, തീയതി 25/02/2022.
6. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/03/2022 തീയതിയിലെ ലൈഫ് 2020 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ ഫീൽഡ്തല പരിശോധന നടത്തി അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തന കലണ്ടറും പുതുക്കിയ പ്രവർത്തന കലണ്ടറും പരാമർശം 2,3,5 സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകളുടെ ഫീൽഡ്തല പരിശോധനയിൽ അർഹരായി കണ്ടെത്തിയ എല്ലാ അപേക്ഷകളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പുന:പരിശോധന നടത്തി കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022 മാർച്ച് 15-നകം പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള പുന:പരിശോധനയ്ക്കും ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (6) പ്രകാരം ലൈഫ് മീഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി ആയതിൻ പ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് അനുബന്ധമായി ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുതുക്കിയ പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REJI RAJENDRAN
DEPUTY SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

അർഹതാ പരിശോധന മാർഗ്ഗ നിർദ്ദേശങ്ങൾ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഫീൽഡ്തല പരിശോധന പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ കളക്ടറുടെ ലോഗിനിൽ പുന:പരിശോധനയ്ക്കായി ലൈഫ് മിഷൻ ലഭ്യമാക്കുന്നതാണ്. ഇപ്രകാരം ലഭ്യമാകുന്ന പട്ടിക 27.07.2020 തീയതിയിലെ സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ, പരാമർശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും വാർഡ് തിരിച്ച് പുന:പരിശോധന നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ ലഭ്യമാക്കേണ്ടതാണ്. ടി അപേക്ഷകളുടെ പ്രാഥമിക ഫീൽഡ്തല പരിശോധന നടത്തിയ ജീവനക്കാർ ഒഴികെ പുന:പരിശോധനയ്ക്ക് ആവശ്യമെന്ന് തോന്നുന്ന ഏത് വകുപ്പിലേയും ജൂനിയർ സൂപ്രണ്ട് വരെയുള്ള ജീവനക്കാരെ പുന:പരിശോധനയ്ക്കായി ജില്ലാ കളക്ടർക്ക് നിയോഗിക്കാവുന്നതും ഇപ്രകാരമുള്ള പുന:പരിശോധന 2022 ഏപ്രിൽ 18-നകം പൂർത്തിയാക്കി ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2022 ഏപ്രിൽ 19-ന് സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന എല്ലാ അർഹരുടേയും അനർഹരുടേയും കരട് ഗുണഭോക്തൃ പട്ടിക വാർഡ് തിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

പുതുക്കിയ പ്രവർത്തന കലണ്ടർ

നം.	പ്രവർത്തനങ്ങൾ	അവസാന തീയതി
1	അപേക്ഷകളുടെ പുന:പരിശോധന പൂർത്തീകരിക്കൽ	2022 ഏപ്രിൽ 18-നകം
2	കരട് പട്ടിക പ്രസിദ്ധീകരിക്കൽ	2022 ഏപ്രിൽ 19
3	ഒന്നാം ഘട്ട അപ്പീൽ (ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും നഗരസഭകളിൽ നഗരസഭാസെക്രട്ടറിക്കും സമർപ്പിക്കൽ)	2022 ഏപ്രിൽ 26-നകം
4	ഒന്നാം ഘട്ട അപ്പീൽ തീർപ്പാക്കൽ	2022 മേയ് 3-നകം
5	രണ്ടാം ഘട്ട അപ്പീൽ (ജില്ല കളക്ടർക്ക് സമർപ്പിക്കൽ)	2022 മേയ് 10-നകം
6	രണ്ടാം ഘട്ട അപ്പീൽ തീർപ്പാക്കൽ	2022 മേയ് 17-നകം
7	അപ്പീലിന് ശേഷമുള്ള കരട് പട്ടിക പ്രസിദ്ധീകരിക്കൽ	2022 മേയ് 18
8	ഗ്രാമസഭാ അംഗീകാരം	2022 മേയ് 28-നകം
9	ഭരണസമിതി അംഗീകാരം	2022 മേയ് 30
10	ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കൽ (വെബ് സൈറ്റിൽ ഉൾപ്പെടെ)	2022 മേയ് 31

അർഹതാ പരിശോധനയുടെ പ്രവർത്തന സഹായി www.life2020.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഹഡ്കോ വായ്പ-1500 കോടി രൂപ- നഗരസഭകളുംകെ.യു.ആർ.ഡി.എഫ്.സി.യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി ലഭ്യമാക്കിയും ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തേണ്ട മാതൃക ഫോറവും നഗരസഭയും കെ.യു.ആർ.ഡി.എഫ്.സി.യുമായി ഒപ്പ വയ്ക്കേണ്ട കരാറിന്റെ മാതൃകയും -അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

G.O.(Ms)No.66/2022/LSGD തീയതി,തിരുവനന്തപുരം, 22-03-2022

പരാമർശം:-

1. സ.ഉ. (കൈ)നം.53/2021/ത.സ്വ.ഭ.വ തീയതി 18/02/2021.
2. സ.ഉ. (കൈ)നം.302/2021/ത.സ്വ.ഭ.വ തീയതി 17/12/2021.
3. 4/02/2022 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/02/2022 തീയതിയിലെ എൽ.എം1946/2019/ലൈഫ് നമ്പർ കത്ത്.
5. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 11/03/2021 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/ എ 2/727/2021 നമ്പർ കത്ത്.
6. സ.ഉ.(കൈ)നം.62/2022/തസ്വഭവ തീയതി 19/03/2022.

ഉത്തരവ്

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിതർക്കും അഡീഷണൽ ലിസ്റ്റിലെയും ലൈഫ് 3-ാം ഘട്ടത്തിലെയും ഭൂരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്ന ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 1500 കോടി രൂപ HUDCO-യിൽ നിന്നും KURDFC മുഖേന വായ്പയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (6) ഉത്തരവ് പ്രകാരം വായ്പയുടെ മുതൽ നഗരസഭകൾക്ക് ലഭ്യമാക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് HUDCO-യ്ക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പ എടുക്കുന്ന തുക നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് നഗരസഭകളും കെയുആർഡിഎഫ്.സിയും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്.

2. KURDFC മുഖേന വായ്പയായി ലഭ്യമാക്കുന്ന തുകയുടെ തിരിച്ചടവിനായി, നഗരസഭകളുടെ വികസന ഫണ്ടിന്റെ 20% ത്തിൽ കവിയാതെയുള്ള തുക, 2022-23 മുതൽ പരമാവധി 15 വർഷം കൊണ്ട് ഉറവിടത്തിൽ നിന്ന് കുറവു ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് സമ്മതമാണെന്നുള്ള ബന്ധപ്പെട്ട നഗരസഭകളുടെ ഭരണ സമിതിയുടെ തീരുമാനവും കെ.യു.ആർ.ഡി.എഫ്.സി യുമായി നഗരസഭ ഒപ്പുവയ്ക്കുന്ന കരാറും ആവശ്യമാണ്.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നഗരസഭകളിലെ അർഹരായ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കൾക്കും ലൈഫ് 3-ാം ഘട്ടത്തിലെയും അഡീഷണൽ ലിസ്റ്റിലെയും ഭൂരഹിതരിൽ നിന്നും ഭൂമി ആർജിച്ചു വരുന്ന ഗുണഭോക്താക്കൾക്കും ലൈഫ്-PMAY(U) പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിലേക്ക് കെയുആർഡിഎഫ് സി മുഖേന ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്ന തുക നഗരസഭകൾക്ക്/കോർപറേഷനു ലഭ്യമാക്കുന്നതിനായി നഗരസഭകളും കെ.യു.ആർ.ഡി.എഫ്.സി.യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും നഗരസഭ ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തുന്നതിനായി അനുബന്ധമായി ചേർക്കുന്ന മാതൃക ഫോറവും നഗരസഭകൾ കെയുആർഡിഎഫ്.സിയുമായി ഒപ്പ വയ്ക്കേണ്ട കരാറിന്റെ മാതൃകയും അംഗീകരിച്ചും ഉത്തരവാകുന്നു.

4. പ്രസ്തുത മാതൃകാ ഫോറത്തിൽ നഗരസഭകളുടെ കമ്മിറ്റി തീരുമാനവും ഒപ്പുവച്ച കരാറും കെ.യു.ആർ.ഡി.എഫ്.സി -യിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ് (ഡെവ-2/32/2021-ഫിൻ തീയതി 21/10/2021).
നിയമവകുപ്പ്(നം4227/കൺവെ.1/2022/നിയമം തീയതി 04/03/2022)
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പിഎയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ ഭരണസ്ഥാപനങ്ങൾ ലൈഫ് പദ്ധതിയ്ക്കായി മാറ്റിവച്ചിട്ടുള്ള 20 ശതമാനം തുകയിൽ (വികസനഫണ്ട്-ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ) ചെലവഴിക്കാത്ത തുക ലൈഫ് ജില്ലാ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.790/2022/LSGD തീയതി,തിരുവനന്തപുരം, 31-03-2022

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 11/03/2022-ലെ 3.1 (i)-ാം നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശ ഭരണസ്ഥാപനങ്ങൾ ലൈഫ് പദ്ധതിയ്ക്കായി 20 ശതമാനം തുക (വികസനഫണ്ട്-ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ) മാറ്റിവച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഈ തുക മുഴുവൻ ചെലവഴിക്കത്തക്കരീതിയിൽ ഗുണഭോക്താക്കൾ ഇല്ല. ഇക്കാര്യം 11/03/2022 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി വിശദമായി പരിശോധിക്കുകയും പരാമർശപ്രകാരം തീരുമാനമാവുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ലൈഫ് ലിസ്റ്റ് പ്രകാരം മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇതു സംബന്ധിച്ച് ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മിച്ചമുള്ള തുക മറ്റാവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രം സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് ഇതിനായി വാലിഡേഷൻ ഒഴിവാക്കി നൽകാൻ എസ്.ആർ.ജിയേയും ഐ.കെ..എം നേയും ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ഇങ്ങനെ ലഭിക്കുന്ന തുകയ്ക്ക് മറ്റു പ്രത്യേക വാലിഡേഷനോ നിബന്ധനയോ വർഷാവസാനമായതിനാൽ ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

8. 8 മാലിന്യസംസ്കരണം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നേരിടുന്ന തടസം ഒഴിവാക്കുന്നതിന് 100% തുകയും ശുചിത്വ മിഷൻ വിഹിതമായി വകയിരുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2142/2018/തസ്വഭവ തിരുവനന്തപുരം, തീയതി 03.08.2018

പരാമർശം :- 1) 03.01.2018 ലെ സ.ഉ.(സാധാ)നം. 16/2018/തസ്വഭവ നമ്പർ ഉത്തരവ്
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2018 ലെ കുറിപ്പ്
3) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.12(i)

ഉത്തരവ്

എയിഡഡ് സ്കൂളുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 100% തുക സബ്സിഡി അനുവദിക്കുന്നതിന് 2017-2018 ലെ സബ്സിഡി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2018-19-ലെ ഖര ദ്രവ മാലിന്യ സംസ്കരണ സബ്സിഡി മാനാദണ്ഡങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുക 50% അല്ലെങ്കിൽ ഒരു ലക്ഷം രൂപ ഇതിലേതാണോ കുറവ് അതായി നിജപ്പെടുത്തിട്ടുണ്ട്. ആയത് പ്രകാരം എയിഡഡ് സ്കൂളിലെ പ്രോജക്ടുകൾക്ക് ഇപ്പോൾ 50% മാത്രമേ സബ്സിഡി അനുവദിക്കുവാൻ കഴിയുകയുള്ളൂ.

2. സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സ്രോതസുകൾ കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ സർക്കാർ ധന സഹായം ആവശ്യപ്പെട്ട് പ്രോജക്ടുകൾ / അപേക്ഷകൾ ശുചിത്വ മിഷനിൽ ലഭിക്കുന്നുണ്ട് എന്നും ഈ സാഹചര്യത്തിൽ മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ ഫലപ്രദമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് നേരിടുന്ന തടസം ഒഴിവാക്കുന്നതിന് 100% സർക്കാർ ധന സഹായം അനുവദിച്ച ഉത്തരവാകണമെന്നും ഇത്തരം സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് ശുചിത്വ മിഷൻ ധനസഹായത്തിന് (50% പരമാവധി 1,00,000/- രൂപ) ഉപരിയായ തുക തദ്ദേശ സയംഭരണ സ്ഥാപനം വകയിരുത്തി ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നേരിടുന്ന തടസം ഒഴിവാക്കുന്നതിന് 100% തുകയും ശുചിത്വ മിഷൻ വിഹിതമായി വകയിരുത്തുവാൻ അനുമതി നൽകി പരമാർശം 3 ന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. .

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സിന്ധു. എൽ

ഗവ.സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2141 /2018/തസ്വഭവ തിരുവനന്തപുരം, തീയതി 03.08.2018

പരാമർശം :- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2018 ലെ കുറിപ്പ്

2) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.12(iii)

ഉത്തരവ്

നിലവിലെ സബ്സിഡി നിബന്ധന പ്രകാരം സ്ഥാപനതലത്തിൽ ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി ശുചിത്വ മിഷൻ ധനസഹായം 50 ശതമാനമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആശുപത്രികളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതിന് ആവശ്യമായ മൂലധനം ഉയർന്നതിനാലും സർക്കാർ ധന സഹായത്തിനും ഉപരിയായി വരുന്ന തുക തങ്ങളുടെ മാലിന്യ സംസ്കരണത്തിനുള്ള നിർബന്ധിത വകയിരുത്തലിൽ നിന്നും കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്തതിനാലും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം-1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന 100% വരെ

സർക്കാർ ധനസഹായം വകയിരുത്തുന്നതിന് അനുമതി നൽകി പരാമർശം 2-ന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സിന്ധു. എൽ

ഗവ.സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്റ്റുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2159/2018/തസ്വഭവ തിരുവനന്തപുരം, തീയതി 05.08.2018

പരാമർശം :- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2018 ലെ കുറിപ്പ്
2) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.12(ii)

ഉത്തരവ്

ഗ്രാമപഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി തല ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 2018-2019-ലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം പരമാവധി ശുചിത്വ മിഷൻ സഹായം 75 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. ആയത് ശുചിത്വ കേരളം ഫണ്ട്, സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണെന്നും (പദ്ധതി കാലയളവിൽ പരമാവധി 20 ലക്ഷം) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്റ്റുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% [സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ] ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്റ്റുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി

വിനിയോഗിക്കുന്നതിനു അനുമതി നൽകി പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സിസ്സു. എൽ
ഗവ.സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബയോഗ്യാസ് പ്ലാന്റുകളുടെ സബ് സിഡി നിരക്ക് പുതുക്കി നിശ്ചയിച്ച് - സബ് സിഡി മാർഗ്ഗരേഖ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**3281/2018**/തസ്വഭവ തീയതി, തിരുവനന്തപുരം **31.12.2018**

പരാമർശം :- 1) സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14/02/2018

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.11.2018- ലെ 2398/D/2015/SM നമ്പർ കത്ത്

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നംബർ 4.17

ഉത്തരവ്

സൂചന (1) ലെ ഉത്തരവ് പ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ സബ് സിഡി നിരക്ക് താഴെ പറയും പ്രകാരമാണ്.

ക്രമ നം	ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി	സബ്സി ഡി ഗ്രാന്റ്	തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം		ശുചിത്വ മിഷൻ വിഹിതം		ഗുണഭോക്തൃ വിഹിതം	മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ
			റൂറൽ	അർബൻ	റൂറൽ	അർബൻ		കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം. പട്ടികജാതി വിഭാഗം 3 ലക്ഷം. പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല
ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ - ഗാർഹികതലം - കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്)								
1)	(എ) പൊതു വിഭാഗം	യൂണിറ്റ് കോസ്റ്റിന്റെ 50%	25%	25% മുതൽ 50% വരെ	ഇല്ല	പരമാവധി 25%	50%	• അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 20.09.2012- ലെ സ.ഉ.(കൈ)239/2012 ത.സ്വ.ഭവ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്. • അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന
	(ബി) പട്ടികജാതി / പട്ടികവർഗ്ഗം	യൂണിറ്റ് കോസ്റ്റിന്റെ 75%	37.5%	37.5%	ഇല്ല	പരമാവധി 37.5%	25%	

ഇതു പുതുക്കി നിശ്ചയിക്കണമെന്നും വരുമാന പരിധി എടുത്തു കളയണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ കൂടിയ യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ പരാമർശം (3) ലെ തീരുമാനപ്രകാരം ബയോഗ്യാസ് പ്ലാന്റുകളുടെ പുതുക്കിയ സബ് സിഡി നിരക്ക് 2019-20 മുതൽ പ്രാവർത്തികമാക്കിയാൽ മതിയെന്ന നിബന്ധനയോടെ താഴെ പറയുന്ന പ്രകാരം സബ് സിഡി നിരക്ക് പുതുക്കി നിശ്ചയിച്ച് പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

ക്രമ നം	ഗാർഹികം/ സ്ഥാപനം/ കമ്മ്യൂണിറ്റി	സബ്സി ഡി ഗ്രാന്റ്	തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം		ശുചിത്വ മിഷൻ വഹിതം		ഗുണഭോക്തൃ വിഹിതം	മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ
			റൂറൽ	അർബൻ	റൂറൽ	അർബൻ		
ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ - ഗാർഹികതലം - കമ്പോസ്റ്റ് ആന്റ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്)								
1)	(എ) വീടുകൾക്കുള്ള വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾ	യൂണിറ്റ് കോസ്റ്റിന്റെ 90%	60% മുതൽ 90 % വരെ	60% മുതൽ 90 % വരെ	പരമാവധി 30%	പരമാവധി 30%	10%	• അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസി ഫിക്കേഷനുകളും 20.09.2012- ലെ സ.ഉ .(കൈ)239/2012 ത.സ്വ.ഭവ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരി ക്കുന്നതാണ്. • അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന • ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സി ഡിതുകയായ 7,200/- രൂപയ്ക്ക് അധികരിച്ച് വരുന്ന തുക ഗുണഭോക്താവ് വഹിക്കേ ണ്ടതാണ്.
	(ബി) ഗാർഹിക ബയോ ഗ്യാസ് പ്ലാന്റുകൾ	യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/- രൂപ ഇതിലേതാണോ കുറവ്	60% മുതൽ 90 % വരെ	60% മുതൽ 90 % വരെ	പരമാവധി 30%	പരമാവധി 30%	10%	

പരാമർശം ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക പോട്ട് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നതിനു (യൂണിറ്റ് ചെലവ് 1300/- രൂപ) തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.2298/2021/LSGD തീയതി,തിരുവനന്തപുരം, **17/11/2021**

പരാമർശം:-

1. 14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ ഉത്തരവ്.
2. Kerala State Pottery Manufacturing Marketing and Welfare Development Corporation Ltd.(KSPMMWDC)-ഡയറക്ടറുടെ 03.02.2021 ലെ KSPMMWDC/33/2019 നമ്പർ കത്ത്.
3. പഞ്ചായത്തു ഡയറക്ടറുടെ 17.04.2021 ലെ PAN/3188/2021-J1 (DP) നമ്പർ കത്ത്.
4. 14.09.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.40.

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ഗാർഹിക Pot Compost Unit സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് Kerala State Pottery Manufacturing Marketing and Welfare Development Corporation Ltd. (KSPMMWDC) മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ (ഖണ്ഡിക 6.8) ഗാർഹികതല ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സബ്സിഡി നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് എന്ന പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശുപാർശ സഹിതം, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു. ഈ വിഷയത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ചുകൊണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക പോട്ട് കമ്പോസ്റ്റ് യൂണിറ്റ് (യൂണിറ്റ് ചെലവ് 1300/- രൂപ) സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിനു തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക പോട്ട്

കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി (യൂണിറ്റ് ചെലവ് 1300/- രൂപ) ഏറ്റെടുക്കുന്നതിനു തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.2307/2021/LSGD തീയതി,തിരുവനന്തപുരം, **18/11/2021**

പരാമർശം:-

1. 21.10.2020 - ലെ GO(Rt) No.1967/2020/LSGD നമ്പർ ഉത്തരവ്
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.10.2021-ലെ 2894/D1/2021/SM നമ്പർ കത്ത്.
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 06.11.2021-ലെ 683/SRG/2021 നമ്പർ കത്ത്.

ഉത്തരവ്

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന Smart Garbage App പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 300 ഗ്രാമപഞ്ചായത്തുകളിലും, 6 കോർപ്പറേഷനുകളിലും, 70 മുനിസിപ്പാലിറ്റികളിലും മൊബൈൽ ആപ് പ്രവർത്തനം തുടങ്ങുകയും ബന്ധപ്പെട്ടവർക്ക് പരിശീലനം നടത്തുകയും ചെയ്യേണ്ടത് ആവശ്യമാണ് എന്നും ഇതിനായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസിലേക്കായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവീസ് ചാർജ്ജ് നൽകുന്നതിനും ഫണ്ട് കണ്ടെത്തേണ്ടതുണ്ട് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരമാർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക,തനതു ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും ഈ തുക കണ്ടെത്താനാകുമെന്നും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതി സമയം അവസാനിച്ചതിനാൽ പുതിയതായി മേൽപ്പറഞ്ഞ സംവിധാനമൊരുക്കുന്നതിനായി പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമായി വരുമെന്നും ആയതിന് അനുമതി നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

4. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്മാർട്ട് ഗാർജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് ഏറ്റെടുക്കുന്നതിന്, ആദ്യഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും ആദ്യഘട്ടമെന്ന നിലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ മാത്രം നടപ്പാക്കുകയും ഈ സംവിധാനം പ്രവർത്തന സജ്ജമാണെന്ന് ഉറപ്പാക്കിയ ശേഷം മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുമാകും ഉചിതമെന്നും പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഇതിന് വിനിയോഗിക്കാവുന്നതാണ് എന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനൊപ്പം വാർഷിക പദ്ധതി ഭേദഗതിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും സ്മാർട്ട് ഗാർബേജ് ആപ്പ് സംബന്ധിച്ച വിഷയം കൂടി പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്താവുന്നതുമാണെന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവീസ് ചാർജ്ജ് നൽകുന്നതിനും താഴെ പരാമർശിച്ചിട്ടുള്ള നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ആദ്യഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനം	കെൽട്രോണിന് സർവീസ് ചാർജ്ജ്	QR കോഡ് തുക	SMS തുക	ലാപ്ടോപ്പ് മറ്റുള്ളവ	ആകെ നീക്കി വയ്ക്കേണ്ട തുക
കോർപ്പറേഷൻ ഒരു വർഷത്തേക്ക്	1770000	400000	240000	1,000,00 (50000X 2 Nos.)	2510000
മുനിസിപ്പാലിറ്റി 6 മാസത്തേക്ക്	649000	40000	24000	50000 (1 No.)	763000
ഗ്രാമപഞ്ചായത്ത് 6 മാസത്തേക്ക്	135700	12000	7200	50000 (1 No.)	204900

Laptop - Minimum Specification

Core i3, 8 GB RAM, 512 SSD or more

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Shibi Abraham

Deputy Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
പഞ്ചായത്ത്ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ ,തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

9. ധനസഹായങ്ങൾ

9.1 സാമൂഹ്യ നീതി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സി ഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**1602/2018** /തസ്വഭവ തീയതി, തിരുവനന്തപുരം **12.06.2018**

പരാമർശം :- 1) സ.ഉ(കൈ.) നം.20/2018/ തസ്വഭവ തീയതി 07/02/2018

2) സ.ഉ(കൈ) നം 22/2018/ തസ്വഭവ തീയതി 14/2/2018

3) 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം നമ്പർ 3.12 (4)

ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതന വർദ്ധനവ് നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) ലെ മാർഗ്ഗ രേഖാ ഉത്തരവിലെ 7.18 ഖണ്ഡികയിൽ പ്രസ്തുത വേതന വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം വേതന വർദ്ധനവ് നല്കുന്നതിന് അനുമതി വേണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരമുള്ള താഴെ പറയുന്ന ഭേദഗതി പരാമർശം (2) ലെ മാർഗ്ഗരേഖാ ഉത്തരവിലെ 7.18 ഖണ്ഡികയിൽ ഉൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(എ) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം (യോഗ്യതകൾ D.Ed Special (Autism Spectrum Disorder) Diploma in Early Childhood Special Education (DECSE) (Mental Retardation) : D.Ed Special Education (Cerebral Palsy): D.Ed Special Education (Hearing Impairment): D.Ed Special Education (Visual Impairment). Diploma in Community based Rehabilitation, Diploma in Vocation Rehabiliation). ജി.ഒ(പി) No.56/2017/ ധന തീയതി 28.04.32017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 9 -ൽ പറയുന്ന അസി. ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 30,675/- രൂപ (മുപ്പതിനായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.

(ബി) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം ജി.ഒ(പി)നം.56/2017 ധന തീയതി 28.04.2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 5-ൽ പറയുന്ന അസി. ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ

കഴിയുന്ന പരമാവധി തുകയായ 23,100/ രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.

(സി) ആയമാർക്ക് **07/02/2018** ലെ **20/2018/** ത.സ്വ.ഭ.വ ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി **1** ൽ, ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ **17,325/** രൂപ(പതിനേഴായിരത്തി മൂന്നൂറ്റി ഇരുപത്തിയഞ്ച് രൂപമാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.

3) പരാമർശം **(2)** ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ആർ.ജിരിജ. ഐ.എ.എസ്
ഗവ. അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ യോഗ്യത - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സി ഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1716 /2018/തസ്വഭവ തീയതി, തിരുവനന്തപുരം**25.06.2018**

പരാമർശം :- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/ 12/ 17 ലെ ജെ8-3855117 നമ്പർ കത്ത്

2) കുടുംബ ശ്രീ ഡയറക്ടറുടെ 01/ 02/ 18 ലെ 4112/ സി/ 2012/ കെ.എസ്.എച്.ഒ നമ്പർ കത്ത്

3) സ.ഉ(കൈ) നം 22/ 2018/ തസ്വഭവ തീയതി 14/ 2/ 2018

4) നഗരകാര്യ ഡയറക്ടറുടെ 27/ 02/ 18 ലെ ഡിസി 4-35522/ 17 നമ്പർ കത്ത്

5) 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം നമ്പർ 2.1 (**ഖണ്ഡിക 4.68)**

ഉത്തരവ്

പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയ്സ്ഡ് റിഹാബിലിറ്റേഷൻ (DCBR ഏക വർഷ കോഴ്സ്)എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല. ബഡ്സ് സ്കൂളിൽ /സ്പെഷ്യൽ സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതയിൽ DCBR പാസായവരെക്കൂടി ഉൾപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ,കുടുംബ ശ്രീ ഡയറക്ടർ,നഗരകാര്യ ഡയറക്ടർ എന്നിവർ യഥാക്രമം പരാമർശം (1),(2),(4) കത്തുകൾ പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) ഇക്കാര്യം 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പരിശോധിച്ചു. ടി സമിതിയുടെ 2.1 (ഖണ്ഡിക 4.68) തീരുമാന പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയ്സ്ഡ് റിഹാബിലിറ്റേഷൻ (DCBR ഏക വർഷ കോഴ്സ്)പാസായവരെക്കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3) പരാമർശം (3) ലെ മാർഗ്ഗരേഖാ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നം.ഡി.എ. 1/627/ 2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 01.09.2018

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ജില്ലാ സാമൂഹ്യനീതി ഓഫീസർ,പത്തനംതിട്ട
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പത്തനംതിട്ട

സർ,

വിഷയം : തസ്വഭവ - കോക്ലിയർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകുന്നത്- സംബന്ധിച്ച്

സൂചന :- 1. പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 13.07.2018-ലെ P1-JP316/ 18-19 -ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന യോഗത്തിന്റെ 4.28 നമ്പർ തീരുമാനം

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന സൂചന രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരം അറിയിക്കുന്നു

1. സൂചന 1 ലെ ക്രമനമ്പർ 1,2,4,5 എന്നീ ആവശ്യങ്ങളിന്മേൽ NISH ന്റെ കൂടി അഭിപ്രായമാരാഞ്ഞ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അടിയന്തിര റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2. ക്രമനമ്പർ മൂന്നിൽ **BPL/ APL** എന്നു നിശ്ചയിക്കുന്നതിനു പകരം വരുമാന പരിധി പൊതു വിഭാഗത്തിന് **2.00** ലക്ഷം, എസ്.സി. വിഭാഗത്തിന് **3.00** ലക്ഷം എന്ന നിലവിലെ മാർഗ്ഗരേഖയിലെ മാനദണ്ഡം പാലിക്കേണ്ടതാണ്

വിശ്വസ്തതയോടെ,

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/718/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 15.10.2018

സർക്കുലർ

വിഷയം:- - കേൾവിശക്തി കുറഞ്ഞവർക്ക്കോക്ലിയർ ഇംപ്ലാന്റേഷൻ ശേഷമുള്ള ഉപകരണങ്ങൾ വാങ്ങിനൽകിയത് -സംബന്ധിച്ച്

സൂചന:- 1 സ.ഉ.(കൈ) നം 22/2018/തസ്വഭവ തീയതി 14/2/2018

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.9

സൂചന (1)ലെ മാർഗ്ഗരേഖ പ്രകാരം കേൾവിശക്തി കുറഞ്ഞവർക്ക്കോക്ലിയർ ഇംപ്ലാന്റേഷൻ ശേഷമുള്ള ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യ തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് നൽകിയ ഇത്തരം ഉപകരണങ്ങൾ റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. എന്നാൽ ഇത്തരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ബന്ധപ്പെട്ടുവേണം വാങ്ങേണ്ടത്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/19/2019/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 25.01.2019

സർക്കുലർ

വിഷയം:-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ 3.2 നമ്പർ തീരുമാനം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകണമെന്നും ആയതു ഗ്രാമപഞ്ചായത്ത്/ നഗരസഭകളാണ് നൽകേണ്ടത് എന്നും മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മതിയായ ഫണ്ട് പലപ്പോഴും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതും കാരണം ഇത്തരം കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പും ബത്തയും നൽകാറില്ല.ആയതിനാൽ മുടക്കം കൂടാതെ ഈ ധനസഹായം നൽകുന്നതിന് ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളും മതിയായ തുക മാറ്റി വയ്ക്കേണ്ടതാണ് . അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യസുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ICDS/CDPO മുഖേന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതും മതിയായ തുക മാറ്റി വയ്ക്കുന്നുവെന്ന് ICDS/CDPO മാർ ഉറപ്പ് വരുത്തേണ്ടതുമാണ് ഇതിന് ജില്ലാ ആസൂത്രണസമിതി മേൽനോട്ടം വഹിക്കേണ്ടതുമാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അടുത്ത വർഷം മുതൽ (2019-20) നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.374 /2019/തസ്വഭവ തിരുവനന്തപുരം, തീയതി, 21.02.2019

പരാമർശം :- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ തീരുമാനം നം. 3.6

ഉത്തരവ്

പരാമർശത്തിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാന പ്രകാരം, 2.00 ലക്ഷം രൂപ വരെ വരുമാനമുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അടുത്ത വർഷം മുതൽ (2019-20) നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റൻസിന് തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 426/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 26.02.2019

പരാമർശം :- 1. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.12.2018-ലെ P2/2924/KSSM(2) നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.19 -ലെ യോഗത്തിന്റെ തീരുമാനം നം. 4.46

ഉത്തരവ്

കേരളത്തിൽ ഏകദേശം 2000 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റുകൾ ചെയ്തിട്ടുണ്ട്. ഇതു പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനും വർഷംതോറും വലിയ ചെലവു വരുന്ന തിനാൽ രക്ഷകർത്താക്കൾക്ക് വളരെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതു സംബന്ധിച്ച് പല കമ്പനികളുമായും രക്ഷകർത്താക്കളുമായും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) നടത്തിയ ചർച്ചയിൽ ആയതു പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനും പ്രതിവർഷം 20,000/- രൂപ മുതൽ 1,00,000/- രൂപവരെ ചെലവ് വരുമെന്നും എന്നാൽ സ്പീച്ച് പ്രൊസസ്സർ കേടു വന്നാൽ 4.00 ലക്ഷം രൂപ വരെ ചെലവു വരുമെന്നും മനസ്സിലാക്കുകയും ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും ഇവ പ്രത്യേകമായി വാങ്ങുന്നതിനു പകരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) തന്നെ വാങ്ങുന്നതാണ് നല്ലതെന്നും ആയതിനാൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ഒരു കുട്ടിക്ക് നിർബന്ധമായും 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം KSSM-ലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ പ്രസ്തുത വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ വിശദമായി പരിശോധിച്ചു. ടി യോഗത്തിന്റെ പരാമർശം(2)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് ചെയ്ത് തഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ- ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായ ഗുണഭോക്താക്കളിൽ സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിറ്റർഡേഷൻ, മൾട്ടിപ്പിൾ ഡിസ്എബിലിറ്റി എന്നീ വിഭാഗക്കാരെ എന്ന് പ്രത്യേകമായി ഉൾപ്പെടുത്തി - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.181/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/01/2020

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.22

ഉത്തരവ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശം (1) മാർഗരേഖ പ്രകാരം ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായ വിവരങ്ങൾ പ്രതിപാദിക്കുമ്പോൾ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾ എന്ന് മാത്രമാണ് പരാമർശിക്കുന്നത്. ഇത് കാരണം പല തദ്ദേശ ഭരണ സ്ഥാപനങ്ങളും സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവിധ വൈകല്യം ഇവ ഉള്ളവർക്ക് ആനുകൂല്യം നൽകുന്നില്ല എന്ന പരാതി പരാമർശം (2) യോഗം പരിശോധിക്കുകയും ഉത്തരവിൽ ഭേദഗതി വരുത്താൻ നിർദ്ദേശിച്ച് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധന സഹായങ്ങളുടെ ഗുണഭോക്താക്കളിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾ എന്നതിൽ സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിറ്റർഡേഷൻ, മൾട്ടിപ്പിൾ ഡിസ്എബിലിറ്റി എന്നീ വിഭാഗത്തിലുൾപ്പെടുന്നവർ എന്ന് പ്രത്യേകമായി ചേർത്തുകൊണ്ട് ,ടി ഉത്തരവ് ഭേദഗതി ചെയ്ത്, ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം.ഡിഎ1/408/2019-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23/01/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരണമെന്നത് - സംബന്ധിച്ച്.

സൂചന:-

1. ബഹു.ആരോഗ്യ കുടുംബക്ഷേമ - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ 28.11.2019-ലെ കുറിപ്പ്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗതീരുമാനം 3.6 (പൊതുവിഷയം)

****

ലോക ഭിന്നശേഷി ദിനത്തിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് "ഭിന്നശേഷി സൗഹൃദ കേരളം" എന്ന കാമ്പയിൻ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിരുന്നു. ഇതോടൊപ്പം എല്ലാ ഗ്രാമപഞ്ചായത്ത് തലത്തിലും നഗരസഭാതലത്തിലും പ്രത്യേകമായി ഭിന്നശേഷി സൗഹൃദ ഗ്രാമസഭകൾ ചേരണമെന്നും ഭിന്നശേഷിക്കാരെയും അവരുടെ രക്ഷിതാക്കളേയും പങ്കെടുപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം വേണമെന്നും സൂചന(1) പ്രകാരം ബഹു.ആരോഗ്യ കുടുംബക്ഷേമ - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശം നൽകുന്നു.

1. ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപന തലത്തിൽ ഭിന്നശേഷി ഗ്രാമസഭ ചേരേണ്ടത് നിർബന്ധമാണ്. 2020-2021-ലെ വാർഷിക പദ്ധതി രൂപീകരണത്തിന് ഗ്രാമസഭ ചേരുമ്പോൾ ഭിന്നശേഷിക്കാരുടെ പ്രത്യേക ഗ്രാമസഭകളും ചേരേണ്ടതാണ്.
2. സാമൂഹ്യനീതി വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും ചേർന്നു നടപ്പാക്കുന്ന "ഭിന്നശേഷി സൗഹൃദ കേരളം" പദ്ധതിയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണം ഉണ്ടാകേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഴ്ച പരിമിതർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ - പ്രത്യേക സ്പെസിഫിക്കേഷനിലുള്ളവ CPRCS പോർട്ടലിൽ ലഭ്യമല്ലെങ്കിൽ GEM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങി നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1237/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/06/2020

പരാമർശം:- 1 സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018

2 കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 03.02.2020-ലെ 441/2020 നമ്പർ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3(4.8)

ഉത്തരവ്

പരാമർശം (1) മാർഗ്ഗരേഖ പ്രകാരം കാഴ്ച പരിമിതർക്ക് അവരുടെ ആവശ്യങ്ങൾക്കനുസൃതമായ സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടർ / ലാപ്ടോപ്പ് എന്നിവ വാങ്ങി നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. എന്നാൽ കാഴ്ചയുള്ളവർ ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സ്പെസിഫിക്കേഷൻ കാഴ്ച പരിമിതക്കാരുടെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമാണെന്നും അതിനാൽ കാഴ്ച പരിമിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ അസ്സിസ്റ്റിവ് ടെക്നോളജി ഉള്ളതും സംഭരണ ശേഷി കൂടിയതും കാഴ്ച്ചപരിമിതർക്ക് വായന മുതലായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുന്ന വിധം പ്രത്യേക സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാകണമെന്ന ആവശ്യം ഉന്നയിച്ച കൊണ്ട് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് നിവേദനം നൽകിയിരുന്നു.

2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനും CPRCS പോർട്ടലിൽ നിലവിൽ ലഭ്യമായ സ്പെസിഫിക്കേഷനും തമ്മിലുള്ള വ്യത്യാസം താഴെപ്പറയുന്നതാണ്.

(a)DESKTOP, Intel Processor, High end, Ubuntu

	Specification as per Representation	CPRCS Specification
Processor	Intel i5 8400@3.6 GHz 6 crores , 9MB L3 cache TDP -65W	Intel i5 8400@2.8 GHz 6 crores , 9MB L3 cache TDP -65W

(b Laptop Medium end, Ubuntu

	Specification as per Representation	CPRCS Specification
Memory	8GB DDR 4 RAM	4GB DDR4 RAM
Hard Disk	1.0 tb, 7200 RPM or Higher, +240 Gb SSD	500 GB, 7200 rpm
Display Size	15.6 inch	14 inch
Key board	keyboard with Numerical Keypad	Keyboard withtouch pad

3. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ ഇപ്പോൾ CPRCS -ൽ ലഭ്യമല്ലാത്തതിനാൽ കാഴ്ച പരിമിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകുമ്പോൾ ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ളവ CPRCS പോർട്ടലിൽ ലഭ്യമല്ലെങ്കിൽ അവ GEM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മിഷണർ
ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി. മിഷൻ
ജനറൽ സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്
എല്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയര്പേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/192/2019/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29/06/2020

സർക്കുലർ

വിഷയം:- മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാർഗരേഖ പ്രകാരം പ്രതിവർഷ സാമ്പത്തിക സഹായമായി 28,500 രൂപ നൽകുന്നത്- സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ)നം.80/2017തസ്വഭവ, തീയതി 03.04.2017
2. മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 20/6/19 -ന നടന്ന മീറ്റിംഗിന്റെ നടപടികുറിപ്പ്.

****

സൂചന (1) മാർഗ്ഗരേഖപ്രകാരം മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ് ആയി ഒരു വർഷം 28500/- രൂപ അതാത് പഞ്ചായത്തിൽ നിന്നും ലഭിക്കാൻ അർഹതയുണ്ട്. ഈ വിഷയത്തിലെ സൂചന (2) യോഗതീരുമാന പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അർഹതയുള്ള, മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അതാത് പഞ്ചായത്തുകൾ തുക മുഴുവനായും കൈമാറേണ്ടതും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫണ്ട് വകയിരുത്തി ടി പ്രോജെക്ട് നടപ്പിലാക്കുന്നുണ്ടോയെന്നു ശിശു വികസന പ്രൊജക്ട് ഓഫീസർ (CDPO), ICDS സൂപ്പർവൈസർ എന്നിവർ ഉറപ്പുവരുത്തേണ്ടതുമാണ്.
2. എല്ലാ പഞ്ചായത്തുകളും ടി പ്രവർത്തി പ്ലാൻ സ്കീമിൽ ഉൾപെടുത്തേണ്ടതും ആവശ്യമായ ഫണ്ട് എല്ലാ വർഷവും ടി പദ്ധതിയിലേക്ക് മാറ്റിവെയ്ക്കപ്പെടുന്നുണ്ടോയെന്നും ചിലവഴിക്കപ്പെടുന്നുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.
3. ഈ തുക ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫെറിലൂടെ ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്. അതിലേയ്ക്കായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ, സോഷ്യൽ സെക്യൂരിറ്റി മിഷൻ ശേഖരിച്ചു തദ്ദേശ സ്വയംഭരണ വകുപ്പിനും വനിതാ ശിശു വികസന വകുപ്പിനും അടിയന്തരമായി നൽകേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യനീതി (ഡി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) ഉത്പാദിപ്പിക്കുന്ന പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക്ക് ഉപകരണങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1701/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/09/2020

പരാമർശം:- 1 സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി 14.2.2018.

2 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.07.2019-ലെ NIPMR/SJD/53/2019 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 22.02.2020-ലെ J1-3291/2020 നമ്പർ റിപ്പോർട്ട്.

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3(4.1).

ഉത്തരവ്

പരാമർശം (1) മാർഗ്ഗരേഖ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക്, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപറേഷനിൽ നിന്നോ ആർട്ടിഫിഷ്യൽ ലിമ്പ് മാനുഫാക്ച്ചറിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ -യിൽ നിന്നോ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാൻ പദ്ധതി തയ്യാറാക്കുന്നതിന് വ്യവസ്ഥയുണ്ട്. സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷി പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR)- ലെ പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക്ക് വിഭാഗം ഉത്പാദിപ്പിക്കുന്ന സാധാരണ പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോട്ടിക്ക് ഉപകരണങ്ങൾ മുതൽ കൂടുതൽ സാങ്കേതിക മികവ് ആവശ്യമായ ഗുണനിലവാരമുള്ള, വ്യക്തിയുടെ/കുട്ടിയുടെ ആവശ്യത്തിനനുസരിച്ചുള്ള ഉപകരണങ്ങൾ (High end products) ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിരുന്നു.

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (NIPMR) ഭിന്നശേഷിക്കാർക്കായി നിർമ്മിക്കുന്ന പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങളുടെ ഗുണ നിലവാരം തൃശ്ശൂർ മെഡിക്കൽ കോളേജ് മുഖേന പരിശോധിച്ചതിൽ, NIPMR ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ നല്ല നിലവാരമുള്ളതാണെന്നും ഭിന്നശേഷി വിഭാഗക്കാർക്ക് ഇത് പ്രയോജന പ്രദമാണമെന്നും സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നു.

3. പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി വിശദമായി ക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ . നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) തനതായി ഉത്പ്പാദിപ്പിക്കുന്നതും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ അംഗീകാരം ഉള്ളതുമായ ആവശ്യമുള്ള ഉപകരണങ്ങൾ, വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ, ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റിഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR)
സാമൂഹ്യ നീതി വകുപ്പ് (SJD-D2/173/2019-SJD)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രത്യേക ധനസഹായമെന്ന നിലയിൽ മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നല്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.25/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/01/2021

പരാമർശം:- 1 സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018

2 29/06/2020-ലെ ഡിഎ1/192/2019/തസ്വഭവ നമ്പർ സർക്കുലർ

3 24/12/2020-ലെ ഡിഎ1/323/2020-തസ്വഭവ നമ്പർ സർക്കുലർ

4. പരിവാർ കേരള ജനറൽ സെക്രട്ടറിയുടെയും വിവിധ ജില്ലാ സമിതികളുടെയും 9.11.2020-ലെ അപേക്ഷകൾ.

ഉത്തരവ്

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിലായി ഒരു വർഷം 28,500 രൂപ വരെ ആനുകൂല്യങ്ങൾ അനുവദിക്കാൻ സൂചന (1) മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് സ്കൂളിൽ പോകുന്നില്ലായെങ്കിലും റ്റി.എ ഒഴിവാക്കി (സ്കൂൾ തുറന്നിട്ടില്ലാത്ത സാഹചര്യത്തിൽ) ബത്ത, സ്കോളർഷിപ്പ് അടക്കം മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് ധനസഹായങ്ങൾ നൽകാവുന്നതാണ് എന്നും സ്കൂൾ തുറക്കുന്ന മുറയ്ക്ക് റ്റി.എ-യും നൽകാവുന്നതാണ് എന്നും സ്പഷ്ടീകരണം നൽകി പരാമർശം (3) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. എന്നാൽ കുട്ടികൾ സ്ഥിരമായി വീടുകളിൽ ഉള്ളതിനാൽ രക്ഷിതാക്കൾക്ക് ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥയാണെന്നും ഭിന്നശേഷി കുട്ടികളുടെ തെറാപ്പികൾക്കും മറ്റുമായി ഇപ്പോഴും പ്രൈവറ്റ് ക്ലിനിക്കുകളെ ആശ്രയിക്കേണ്ടി വരുന്നുവെന്നും ഓൺലൈൻ പഠനം സംവിധാനമൊരുക്കാനും സാമ്പത്തിക ചെലവുള്ളതിനാൽ സഹായധനം സാങ്കേതികത്വത്തിന്റെ പേരിൽ കുറവ് വരുത്തരുതെന്നും തുക പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരിവാർ കേരള എന്ന സംഘടനയും അതിന്റെ ജില്ലാ ഘടകങ്ങളും സൂചന(4) പ്രകാരം നിവേദനം നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ അടക്കുന്നതിന് മുൻപ് ഭിന്നശേഷി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ബത്ത, സ്കോളർഷിപ്പ്, ടി.എ. അടക്കമുള്ള ആനുകൂല്യങ്ങൾ മാർഗ്ഗരേഖ പ്രകാരം നല്കിവന്നിരുന്നു. എന്നാൽ നിലവിൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. സമൂഹത്തിലെ ഏറ്റവും അർഹതപെട്ടവരെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി, കോവിഡിന് മുൻപ് ലഭിച്ചിരുന്ന മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും ഭിന്നശേഷി

വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക്, പ്രത്യേക ധനസഹായമെന്ന നിലയിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) സർക്കുലർ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ജനറൽ സെക്രട്ടറി, പരിവാർ കേരള, വിപഞ്ചിക, മൈത്രി നഗർ, യാക്കര പി.ഒ. പാലക്കാട്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/401/2019-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21/04/2021

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മനുഷ്യാവകാശ കമ്മീഷന്റെ സി ആർ എം പി നം. 63/05/LA1/2021/KeSCPCR, 5911/05/LA1/2021/KeSCPCR ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് - ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നല്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018
2. 16.08.2018-ലെ ഡിഎ1/569/2018/തസ്വഭവ സർക്കുലർ
3. 25.01.2019-ലെ ഡിഎ1/19/2019/തസ്വഭവ സർക്കുലർ
4. 29.06.2020-ലെ ഡിഎ1/192/2019/തസ്വഭവ സർക്കുലർ
5. 24.12.2020-ലെ ഡിഎ1/322/2020/തസ്വഭവ സർക്കുലർ
6. കേരള മനുഷ്യാവകാശ കമ്മീഷന്റെ 11.12.2019, 19.3.2021 തീയതികളിലെ ലെ സി ആർ എം പി നം. 63/05/LA1/2021/KeSCPCR, 5911/05/LA1/2021/KeSCPCR ഉത്തരവ്

****

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിവിധ ഇനങ്ങളിലായി പ്രതിവർഷം 28500/- രൂപ വരെ അനുവദിക്കാമെന്ന് സൂചന (1) മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സ്കോളർഷിപ്പ് മുടക്കം കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ ഏകോപനത്തോടെ നടപ്പാക്കേണ്ടതാണെന്ന് സൂചന (2) പ്രകാരവും ഇതിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് മതിയാകാതെ വരുന്നത് ഒഴിവാക്കാൻ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ ഫണ്ട് മാറ്റിവെയ്ക്കണമെന്ന് സൂചന (3) പ്രകാരവും അധിക നിർദ്ദേശങ്ങൾ നൽകി സൂചന (5) പ്രകാരവും നിഷ്കർഷിച്ചിരുന്നു.

ഈ വിഷയത്തിൽ മുൻ ഖണ്ണിക പ്രകാരം സർക്കാർ പല നിർദേശങ്ങളും നൽകിയിട്ടുണ്ടെങ്കിലും സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ.) യിൽ പരാമർശിക്കുന്ന രീതിയിൽ ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകുന്നതിനാവശ്യമായ തുക ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ വകയിരുത്തു ന്നില്ല എന്ന് കേരള മനുഷ്യാവകാശ കമ്മീഷന്റെ സൂചിത ഉത്തരവ് പ്രകാരം ബോധ്യപ്പെട്ട സാഹചര്യത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഭിന്ന ശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പോലുള്ള വ്യക്തിഗത അനുകൂല്യങ്ങൾ നൽകുന്ന സംയോജിത പ്രൊജെക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട് എന്ന് ജില്ലാ

ആസൂത്രണ സമിതികൾ ഉറപ്പ് വരുത്തുന്നതിനോടൊപ്പം അവരുടെ വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് (പദ്ധതി നിർവഹണ ചുമതലയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക്) യഥാസമയം കൈമാറുന്നുണ്ടോ എന്നതും അതത് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പുവരുത്തേണ്ടതാണ് എന്നും നിർദ്ദേശം നല്കുന്നു.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വയോജനങ്ങൾ അല്ലാത്ത ശയ്യാവലംബരായ നിർദ്ധന രോഗികൾക്കു കട്ടിൽ വാങ്ങി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1526/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/08/2021

പരാമർശം:-
1. 14.02.2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ
2. പഞ്ചായത്ത് ഡയറക്ടറുടെ 21.04.2021 ലെ PAN/5140/2021-J1 (DP) നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.6

ഉത്തരവ്

നിലവിലെ പദ്ധതി മാർഗ്ഗരേഖ, സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടിൽ വിതരണം ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ആയത് മേൽ പ്രായപരിധിയ്ക്ക് താഴെയുള്ള ശയ്യാവലംബികളായ നിർദ്ധന രോഗികൾക്ക് കൂടി നൽകാൻ അനുമതി നൽകുന്നത് ഉചിതമായിരിക്കുമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. പരാമർശം(3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അറുപതു വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതോടൊപ്പം വയോജനങ്ങൾ അല്ലാത്ത ശയ്യാവലംബരായ നിർദ്ധനരോഗികൾക്കു കൂടി പദ്ധതിയിലുൾപ്പെടുത്തി കട്ടിൽ വാങ്ങി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇതു സംബന്ധിച്ച് നിലവിലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 60 വയസ്സു കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകുന്ന പദ്ധതി - കേരള സ്റ്റേറ്റ് റബ്ബർ കോഓപ്പറേറ്റീവ് ലിമിറ്റഡ് (RUBCO) യിൽ നിന്നും കട്ടിൽ വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.56/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

പരാമർശം:-

1. 14.02.2018 ലെ സ.ഉ. (കൈ) നം. 22/2018/തസ്വഭവ
2. 11/08/2021 ലെ സ.ഉ. (സാധാ) നം. 1526/2021/തസ്വഭവ
3. 26.10.2021 ലെ സ.ഉ. (സാധാ) നം. 28/2021/എസ്.പി.ഡി.
4. കേരള സ്റ്റേറ്റ് റബ്ബർ കോഓപ്പറേറ്റീവ് ലിമിറ്റഡ് (RUBCO) ചെയർമാന്റെ 30.11.2021 ലെ RUBCO/MD/CM/20-21 നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021-ൽ നടന്ന യോഗത്തിന്റെ തീരുമാനം- 4.101

ഉത്തരവ്

60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക്, യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരാമർശം (1) മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം ശയ്യാവലംബരായ വയോജനങ്ങൾ അല്ലാത്ത നിർദ്ധനരോഗികൾക്കു കൂടി കട്ടിൽ വാങ്ങി നൽകാൻ പരാമർശം (2) പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ തന്നെ, വിലനിർണ്ണയ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള വിലയിൽ അധികരിക്കാതെ, നേരിട്ട് റബ്കോ ഫർണീച്ചറുകൾ വാങ്ങുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആജീവനാന്ത ഗ്യാരന്റി നൽകുന്ന ഉയർന്ന മേന്മയുള്ള ട്രീറ്റഡ് റബർ വുഡ് ഉപയോഗിച്ച് നിർമ്മിച്ച കട്ടിലുകൾ 60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതിയ്ക്കായി ഉയർന്ന നിരക്കിൽ റബ്കോയിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് റബ്കോ ചെയർമാൻ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. റബ്കോയുടെ 6.25 x 2.5 അളവുള്ള കട്ടിലിന് (Item 78) 8061 രൂപയും 6.25 x 3 അളവ് കട്ടിലിന് (Item 113) 9576/- രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാർഗ്ഗരേഖ പ്രകാരമുള്ള കട്ടിൽ നൽകുന്ന പദ്ധതിയ്ക്കായി റബ്കോയിൽ നിന്ന് കട്ടിൽ വാങ്ങാൻ, തദ്ദേശ ഭരണ സ്ഥാപനം നൽകുന്ന 4350/- രൂപക്കു പുറമെയുള്ള അധിക വിഹിതം ഗുണഭോക്താവ് വഹിക്കണമെന്ന നിബന്ധനയിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്

അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ചെയർമാൻ, റബ്കോ, കണ്ണൂർ - 670002
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

9.2 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ് സിഡി- - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. **2438/ 2018** /തസ്വഭവ തീയതി, തിരുവനന്തപുരം **17.09.2018**

പരാമർശം :-1) സ.ഉ.(കൈ) നം 22/ 2018/ തസ്വഭവ തീയതി 14/ 2/ 2018

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.26

ഉത്തരവ്

പരാമർശം ഒന്നിലെ മാർഗ്ഗരേഖയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് വിവാഹം നടന്ന് 90 ദിവസത്തിനകം അപേക്ഷിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. പരാമർശം രണ്ടിലെ യോഗ തീരുമാനപ്രകാരം താഴെ പറയുന്നവ പുറപ്പെടുവിക്കുന്നു

1 തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതികളുടെ പെൺമക്കൾക്ക് നൽകുന്ന വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 180 ദിവസമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2 പ്രസ്തുത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നല്കുവാൻ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറികൂടിയായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു

3. ഇത്തരം ആവശ്യങ്ങൾ ഇനി മുതൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതില്ല.

4. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സിഡി - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകൽ -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**2636/2018**/തസ്വഭവ തീയതി തിരുവനന്തപുരം **15.10.2018**

പരാമർശം :- 1) സ.ഉ.(കൈ) നം 22/2018/ തസ്വഭവ തീയതി 14/2/2018

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.2

ഉത്തരവ്

പരാമർശം ഒന്നിലെ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകാൻ 2.00 ലക്ഷം രൂപ ചെലവഴിക്കാം. ഇതിനു നിശ്ചയിച്ചിരിക്കുന്ന തറ വിസ്തീർണ്ണം 100 ചതുരശ്ര അടിയാണ്. പട്ടികജാതി വികസന വകുപ്പ് മുഖേന ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന തുക 2.00 ലക്ഷം രൂപയും തറ വിസ്തീർണ്ണം 120 ചതുരശ്ര അടിയാണ്. പരാമർശം(2) ലെ തീരുമാനപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന പഠനമുറിയുടെ തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി പട്ടികജാതി വികസന വകുപ്പിന്റെ വിസ്തീർണ്ണമായ 120 ചതുരശ്ര അടിയുമായി ഏകീകരിക്കുകൊണ്ട് പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2 പരാമർശം ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവാഹ ധനസഹായം- സ.ഉ.(കൈ) നം. 2438/2018/തസ്വഭവ തീയതി 17/09/2018 ഉത്തരവ് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**2960/2018**/തസ്വഭവ തീയതി, തിരുവനന്തപുരം **21.11.2018**

സൂചന :- 1) സ.ഉ.(കൈ) നം. 2438/2018/തസ്വഭവ തീയതി 17/09/2018

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.11

ഉത്തരവ്

സൂചന (1) ലെ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിന് വിവാഹ ധനസഹായത്തിന് അപേക്ഷ നൽകേണ്ട സമയപരിധി 6 മാസമായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ കാലപരിധിക്കകം അപേക്ഷിക്കാത്ത വിഷയത്തിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സൂചന രണ്ടിലെ തീരുമാനപ്രകാരം ഇത് പട്ടികവർഗ്ഗ വിഭാഗത്തിനു കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നത് - warranty കാലയളവ് - നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2956/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/11/2018

പരാമർശം:- 1. സ.ഉ.(സാധാ)നം.397/2017/ത.സ്വ.ഭ.വ തിയതി 13.02.17

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.2018-ലെ തീരുമാനം നം. 3.22

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് 30,000/- രൂപ വരെ വിലയുള്ള ലാപ് ടോപ് നൽകാൻ അനുമതി നൽകിയിരുന്നു. ഐ.ടി. മിഷന്റെ ഡയറക്ടർ നൽകിയ മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് ആയിരിക്കണം നൽകേണ്ടതെന്നും നിഷ്കർഷിച്ചിരുന്നു. ഐ.ടി. ഡയറക്ടർ നൽകിയ സ്പെസിഫിക്കേഷനിൽ 5 year comprehensive onsite OEM warranty including battery & Charger എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (2) ലെ യോഗ തീരുമാനപ്രകാരം warranty കാലയളവ് 5 വർഷം എന്നത് 3 വർഷമായി കുറച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപുകളുടെ നിരക്ക് 2019-20 വർഷം മുതൽ പരമാവധി 38,000/- രൂപയായി നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**400/2019**/തസ്വഭവ തീയതി തിരുവനന്തപുരം **23.02.2019**

പരാമർശം :- 1) സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14/02/2018

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ കൂടിയ യോഗത്തിന്റെ 3.13 നമ്പർ തീരുമാനവും 05.02.19 ൽ ചേർന്ന യോഗത്തിന്റെ 2.1 നമ്പർ തീരുമാനവും

ഉത്തരവ്

പരാമർശം (1) ലെ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ലാപ് ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം 30,000/- രൂപയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ കെൽട്രോൺ, Centralised Procurement and Rate Contract System (CPRCS) മുഖേന ലാപ് ടോപ് വാങ്ങുമ്പോൾ ആയതിനു 30,000/- രൂപയിലധികമാകുന്നു എന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിക്കുകയുണ്ടായി. ആയതിനാൽ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന്റെ ആവശ്യകത ഐ.ടി മിഷൻ ഡയറക്ടർ പരിശോധിച്ചു

ഐ.ടി. മിഷൻ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു ടി കമ്മിറ്റിയുടെ തീരുമാന പ്രകാരം അടുത്ത വർഷം (2019-20) മുതൽ താഴെച്ചേർക്കുന്ന മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപുകളുടെ നിരക്ക് പരമാവധി 38,000/- രൂപയായി നിശ്ചയിച്ച് കൊണ്ട് ഉത്തരവാകുന്നു.

Usage: Use of word processing, spreadsheets, e-mail, Internet browsing, Web based applications and Multiple applications with graphics and multimedia performance essential for Web content, smooth graphics, and video, and data intensive e-Governance applications.

- **Processor:** 64 bit Multi core x86 Processor with 4 threads having either of
  - BAPCO SysMark 2014 rating of 700 or above tested with memory of 8.0GB
  - PC Mark 8 Work Accelerated Score of 3450 or higher, tested with 8GB RAM.
- **Chipset:** Compatible
- **Motherboard:** OEM Compatible
- **Memory:** 4 GB DDR3 1333 RAM(or Higher) Expandable up to 8GB
- **Hard Disk:** 1.0TB, 5400rpm or Higher
- **Display:** LED Backlit Display
- **Display Size:** 15.6□
- **Resolution:** 1366X768 WXGA or Higher
- **Wireless connectivity:** IEEE 802.11b/g/n/WLAN integrated wireless, Integrated Bluetooth 4.0
- **DVD Writer:** Integrated DVD Writer 8X or above
- **Speaker:** Integrated Stereo Speaker
- **Keyboard:** Keyboard with Touch Pad

- **Camera:** Integrated
- **Audio:** Integrated High Definition Audio
- **Expansion Port:** 3USB, 1 USB3.0, 10/100/1000 Ethernet Card, RGB or Video or VGA/HDMI, Microphone, Stereo Headphone & other Standard features
- **Power Supply:** 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Ion battery suitable for approx. 4hrs operation complete with battery charger / adapter
- **Mouse:** Optical Scroll mouse
- **Carry case:** Backpack to be provided
- **Weight:** Weight Less than 2.5 Kg
- **Warranty:** 5 year comprehensive onsite OEM warranty including battery and charger
- **Certification:** Energy Star 5.0/ Bureau of Energy Efficiency (BEE) certification, RoHS (Preferable)
- **Operating System:** Ubuntu 16.04 LTS preloaded

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, ഐ.ടി മിഷൻ തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപുകളുടെ നിരക്ക് 38,902/-രൂപയായി പുതുക്കി നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

G.O.(Rt)No.1400/2019/LSGD തീയതി,തിരുവനന്തപുരം, 06/07/2019

പരാമർശം:- 1 സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14/02/2018

2 സ.ഉ.(സാധാ.) നം. 400/2019/തസ്വഭവ തീയതി 23/02/2019

3 കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ഡയറക്ടറുടെ 08.03.2019 -ലെ DIR/KSITM/19/03/323 -ാം നമ്പർ കത്ത്

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.19 ൽ കൂടിയ യോഗത്തിന്റെ 4.12 നമ്പർ തീരുമാനം

ഉത്തരവ്

പരാമർശം (1) ലെ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് 30,000/- രൂപയാണ്. ആയതു പരാമർശം (2) ലെ ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷം മുതൽ മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപുകളുടെ നിരക്ക് പരമാവധി 38,000/- രൂപയായി നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ CPRCS നിരക്കു പ്രകാരം മിഡ് ലെവൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപിന് 38,902/- രൂപയാണെന്ന് പരാമർശം (3) പ്രകാരം ഐ.ടി. മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി

2. ഇക്കാര്യം പരാമർശം (4) ലെ യോഗം പരിശോധിച്ചു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മിഡ് ലവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപുകളുടെ നിരക്ക് 38,902/-രൂപയായി പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

3. പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എ ല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, ഐ.ടി മിഷൻ തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14/02/2018 - ഭേദഗതി -പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ഒരു ലക്ഷം രൂപയാക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1435/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/07/2019

പരാമർശം:- 1 സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14/02/2018

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/6/2019 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നംബർ 3.11

ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ഒരു ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. തദ്ദേശഭരണസ്ഥാപങ്ങൾ നൽകുന്ന നിരക്ക് പരാമർശം (1)ലെ മാർഗ്ഗരേഖപ്രകാരം 75,000/-രൂപയാണ്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2)ലെ യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 3.11 നമ്പർ തീരുമാന പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് തദ്ദേശഭരണസ്ഥാപങ്ങൾ നൽകുന്ന ധനസഹായം, പട്ടികവർഗ്ഗ വികസന വകുപ്പിലെ നിരക്കായ ഒരു ലക്ഷം രൂപയായി, ഏകീകരിച്ച് ഉത്തരവാകുന്നു

2. പരാമർശം ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ മാത്രം നിലനൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (ചീഫ് വികേന്ദ്രീകൃതാസൂത്രണം മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എ ല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക നൽകുന്ന മിഡ്‌ലെവൽ ലാപ്ടോപിന്റെ നിരക്ക് 38902 രൂപയായി പുതുക്കി നിശ്ചയിച്ച ഉത്തരവ്- മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കൂടി ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2081/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/09/2019

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്, തീയതി 14.02.2018

2 സ.ഉ.(സാധാ)നം.1400/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്, തീയതി 06.07.2019

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019 ൽ ചേർന്ന യോഗത്തിന്റെ 4.15 നമ്പർ തീരുമാനം

ഉത്തരവ്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെയും മത്സ്യ ത്തൊഴിലാളികളുടെയും വിദ്യാർത്ഥികളായ മക്കൾക്ക് നൽകുന്ന ലാപ്ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് 30000 / രൂപയാണെന്നു പരാമർശം (1) ലെ മാർഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ CPRCS നിരക്ക് പ്രകാരം മിഡ്‌ലെവെൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പിന് 38,902 / -രൂപയാണെന്ന് ഐ.റ്റി മിഷൻ അറിയിച്ചതിനാൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡ്‌ലെവെൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പിന്റെ നിരക്ക് 38,902 / -രൂപയായി നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ബാധകമാക്കണമെന്നതു സംബന്ധിച്ച് എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ കത്ത്

നൽകിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം (3)–ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്എന്ന നിബന്ധനയോടെ പരാമർശം (2) ലെ സർക്കാർ ഉത്തരവ്, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കൂടി ബാധകമാക്കി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസനകമ്മീഷണർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, ഐ ടി മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:–

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നംഡിഎ1/363/2019/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/01/2020

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലേയും മത്സ്യതൊഴിലാളി വിഭാഗത്തിലെ കുടുംബങ്ങളിലേയും വിദ്യാർത്ഥികൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി CPRCS പോർട്ടലിൽ നിന്നും ലാപ് ടോപ് വാങ്ങി നൽകുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ)നം. 22/2018/തസ്വഭവ, തീയതി 14.02.2018
2. സ.ഉ.(സാധാ)നം. 1400/2019/തസ്വഭവ, തീയതി 06.07.2019
3. ഐ.ടി. വകുപ്പ് സെക്രട്ടറിയുടെ 09.10.2019-ലെ IT Cell-1/106/2019/ITD നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ 3.8 നമ്പർ തീരുമാനം

****

പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട അംഗീകൃത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ സൂചന (1) ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. അപ്രകാരം വാങ്ങി നൽകുന്ന ലാപ്ടോപ്പുകളുടെ പരമാവധി വില 38902 രൂപയായി സൂചന (2) ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പുകൾ നിലവിൽ CPRCS പോർട്ടലിൽ ലഭ്യമല്ലാത്തതും ടി സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായതും ശേഷി കൂടിയതും എന്നാൽ വില വളരെ കുറഞ്ഞതും വിദ്യാർത്ഥികളുടെ ഉപയോഗത്തിന് പര്യാപ്തമായതുമായ ലാപ്ടോപ്പ് CPRCS പോർട്ടലിൽ നിലവിൽ ലഭ്യമായതും കാരണം പഞ്ചായത്തുകൾക്ക് പദ്ധതി നടപ്പാക്കാൻ കഴിയാതെ വരുന്ന സാഹചര്യം ഉള്ളതിനാൽ ലഭ്യമായ ലാപ്ടോപ്പ് ഉൾപ്പെടുത്തി CPRCS ൽ നിന്നും ലാപ്ടോപ്പ് വാങ്ങാൻ തദ്ദേശസ്ഥാപനങ്ങൾക്ക് ഉത്തരവ് പുറപ്പെടുവിച്ച നിർദ്ദേശം നല്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലും നിരക്കിൽ വരുന്ന വലിയ അന്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുള്ളതിനാലും വിഷയം പരിശോധിച്ച് വിദ്യാർത്ഥികൾക്ക് നല്കുന്ന ലാപ് ടോപിന്റെ സ്പെസിഫിക്കേഷനും നിരക്കും നിശ്ചയിച്ചറിയിക്കാൻ IT മിഷൻ ഡയറക്ടറെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി ചുമതലപ്പെടുത്തുകയും തുടർന്ന് IT മിഷൻ ലഭ്യമാക്കിയ റിപ്പോർട്ട് സൂചന (4)

യോഗത്തിൽ അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ പ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കുവേണ്ടി വാങ്ങുന്ന ലാപ്ടോപുകൾ CPRCS പോർട്ടിലിൽ നിന്നു തന്നെ വാങ്ങേണ്ടതും ഓർഡർ നൽകുമ്പോൾ പോർട്ടിലിൽ അതത് സമയത്തുള്ള വില നൽകേണ്ടതുമാണ്. Medium - End വിഭാഗത്തിൽ തന്നെ UBUNTU(ഉബുണ്ടു) അധിഷ്ഠിതമായ ലാപ് ടോപ്പുകളും windows അധിഷ്ഠിതമായ ലാപ് ടോപ്പുകളും CPRCS പോർട്ടിലിൽ ലഭ്യമാണ്. അവയുടെ മൂന്നു വർഷം വാറണ്ടിയോടുകൂടിയും ചരക്കുസേവന നികുതി, പ്രളയ സെസ് കൂടി ഉൾപ്പെടുത്തിയിട്ടുള്ള നിലവിലെ വില, UBUNTU (ഉബുണ്ടു) അധിഷ്ഠിതമായ ലാപ് ടോപ്പിന് 22895/- രൂപയും Windows Home അധിഷ്ഠിതമായ ലാപ് ടോപ്പിന് - 27722/- രൂപയുമാണ്. ഇതിൽ അനുയോജ്യമായ മോഡൽ തിരഞ്ഞെടുക്കാവുന്നതാണ്.
2. ലാപ് ടോപുകളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

<u>Laptops</u>

1 Laptop Medium End Ubuntu
Processor: Intel core i3 7020 U/7100 U @2.3 GHz /2.4 GHz,4 threads, 3.0 MB cache
Lithography : 14nm, TDP : 15 W
Memory : 4 GB DDR4 RAM/DDR3 RAM Expandable up to at least 8 GB/16 GB
Hard Disk : 500 GB, 7200 rpm or Higher
Display : Antiglare HD LED Backlit Disply
Disply Size : 14"
Wireless Connectivity : Integrated wireless b/g/n,Integrated Bluetooth
Speaker – Integrated Stereo speaker
Keyboard: Keyboard with touch pad
Camera: Integrated HD Camera
Audio : Integrated
Expansion Port: 3 USB Port (at least two number of USB 3.0 and one number of Type C), 10/100/1000 Ethernet Card, HDMI, 1 Head phone/microphone
combo or separate & other Standard features
Power supply: 230V, 50Hz AC Supply with rechargeable Battery Pack comprising of Li-polymer battery
Mouse : Optical scroll mouse
Carry case: Backpack
Weight : Less than or equal to 1.7 kg
Warranty: 3 year comprehensive onsite. 1 year for battery and charger
Certification: ROHS Complaince & BIS for product
Operating System : ubundu 16.04 or later should support
2 Laptop Medium End windows 10 Home
Processor : Intel core i3 7020 U/7100 U @2.3 GHz /2.4 GHz,4 threads, 3.0MB cache

Lithography : 14nm, TDP : 15 W
Memory : 4 GB DDR4 RAM/DDR3 RAM Expandable up to at least 8 GB/16 GB
Hard Disk : 500 GB, 7200 rpm or Higher
Display : Antiglare HD LED Backlit Disply
Disply Size : 14"
Wireless Connectivity : Integrated wireless b/g/n, Integrated Bluetooth
Speaker Integrated Stereo speaker
Keyboard: Keyboard with touch pad
Camera: Integrated HD Camera
Audio : Integrated
Expansion Port: 3 USB Port (at least two number of USB 3.0 and one number of Type C), 10/100/1000 Ethernet Card, HDMI, 1 Head phone/microphone
combo or separate & other Standard features
Power supply: 230V, 50Hz AC Supply with rechargeable Battery Pack comprising of Li-polymer battery
Mouse : Optical scroll mouse
carry case: Backpack
weight : Less than or equal to 1.7 kg
Warranty: 3 year comprehensive onsite. 1 year for battery and charger

3. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങുന്നതിന് മേൽ പ്രതിപാദിച്ച നിരക്കും, മാനദണ്ഡവും നടപടിക്രമങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. മറ്റു രീതിയിൽ ലാപ് ടോപുകൾ വാങ്ങാവുന്നതല്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ CPRCS പോർട്ടലിൽ മുകളിൽ പറഞ്ഞ മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ് ലഭ്യമല്ലാതെ വന്നാൽ മാത്രം മുകളിൽ പറഞ്ഞ വിലയിൽ അധികരിക്കാതെ ടെണ്ടർ മുഖേന ലാപ് ടോപ് വാങ്ങാവുന്നതാണ്.
4. മുകളിൽ പറഞ്ഞ മാനദണ്ഡം നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി പാലിക്കേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
പ്രിന്സിപ്പല് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരം പഠന മുറിയ്ക്ക് അനുവദിക്കാവുന്ന തുക - ഗഡുക്കളായി അനുവദിക്കുന്നതിന് - സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.221/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/01/2020

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.10

ഉത്തരവ്

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോടു ചേർന്ന് സൗകര്യം ഉണ്ടെങ്കിൽ പരമാവധി 2 ലക്ഷം രൂപ അനുവദിച്ച് 100 ചതുരശ്ര അടിയിലധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണെന്ന് പരാമർശം (1) സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.17 പ്രകാരം ഉത്തരവായിരുന്നു. മേൽ പ്രകാരം നൽകാവുന്ന തുകയുടെ ഗഡുക്കൾ അനുവദിക്കുന്നത് സംബന്ധിച്ച്, പരാമർശം (2) യോഗതീരുമാനപ്രകാരം, ചുവടെയുള്ള സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു.

2. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് നൽകാവുന്ന തുകയിൽ ആദ്യ ഗഡുവായി 50,000/- രൂപയും ബാക്കി തുക വാല്യുവേഷന്റെ അടിസ്ഥാനത്തിലുമാണ് നിലവിൽ നൽകി വരുന്നത്. ഈ രീതിക്കു പകരം, 50,000/- രൂപ ആദ്യ ഗഡുവായം, ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ട് ഗഡുക്കളായും നൽകാവുന്നതാണ്. ആദ്യ ഗഡു നൽകി, അതിന്റെ നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു നൽകാവുന്നതാണ്. പഠനമുറി പൂർത്തിയാക്കി അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75,000/- രൂപയിൽ നിന്ന് അർഹതപ്പെട്ട തുക നൽകാവുന്നതാണ്.

3. പ്രസ്തുത പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തുന്നത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ ആയിരിക്കേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (1409480)

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ടി.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.725/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/04/2020

പരാമർശം:- 1 പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 06.12.2019-ലെ പി.എം.3/14382/18 നമ്പർ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.22.

ഉത്തരവ്

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് 2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്ര സാരഥി എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സ്കൂളുകൾ തിരഞ്ഞെടുക്കുന്നതിലും സ്കൂളുകളുടെ നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാലും പട്ടികവർഗ്ഗ വികസന വകുപ്പിന് ഫണ്ട് അപര്യാപ്തമായതിനാലും 2019-20 സാമ്പത്തിക വർഷം മുതൽ ഗോത്ര സാരഥി പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കാൻ നിർദ്ദേശം നൽകണമെന്ന് പരാമർശം (1) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും തങ്ങളുടെ ടി.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. ഫണ്ട് തികയാതെ വരുന്ന സാഹചര്യങ്ങളിൽ ജില്ലാ പഞ്ചായത്തിനും പ്രസ്തുത പദ്ധതിയ്ക്ക് വിഹിതം വകയിരുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങളിൽ ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റു സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും പ്രോജക്ടുകൾ വയ്ക്കുന്നതിന് അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.982/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/05/2020

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ലെ പൊതുവിഷയങ്ങൾ ഖണ്ഡിക നം.3.6 നമ്പർ തീരുമാനം.

ഉത്തരവ്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ല. പ്രസ്തുത ശ്മശാനങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർമാത്രം ഉപയോഗിക്കുന്നതും അവരുടെ കമ്മിറ്റികൾ പരിപാലിച്ച് വരുന്നതുമാണ്. ഇത്തരം ശ്മശാനങ്ങളിൽ ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റു സൗകര്യമൊരുക്കൽ എന്നിവ സംബന്ധിച്ച പ്രോജക്ടുകൾ പട്ടികജാതിക്കാരുടെ സാമൂഹിക വികസനവും പൊതു സൗകര്യവും ലക്ഷ്യമിട്ടുള്ളതാണ്.

2) സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ലയെങ്കിലും ഇത്തരം ശ്മശാനങ്ങളിൽ ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ മറ്റു സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ടുകൾ വയ്ക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ത.സ്വ.ഭ(ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Priya

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്താൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1216/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/06/2020

പരാമർശം:- 1 സ.ഉ.(കൈ)നം. 22/2018/തസ്വഭവ, തീയതി 14.02.2018

2 സ.ഉ.(സാധാ)നം. 221/2020/തസ്വഭവ, തീയതി 28.01.2020

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3 (3.5)

ഉത്തരവ്

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനസൗകര്യം ഉറപ്പാക്കുന്നതിനായി 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടു ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക ഗഡുക്കളായി അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് മൂന്നു ഗഡുക്കളായാണ് തുക നൽകുന്നത്. അവസാന ഗഡു നൽകുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ ഒരു എഞ്ചിനീയർ/ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ചില കേസുകളിൽ പഠനമുറിയിൽ നടത്തിയിരിക്കുന്ന വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്താറില്ല എന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ നൽകേണ്ട ശരാശരി ചെലവ്, ലൈറ്റ്, ഫാൻ, പ്ലഗ് പോയിന്റടക്കം ശരാശരി 9100/-രൂപയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് റിപ്പോർട്ട് നൽകികിയിട്ടുണ്ട്.

3. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുമ്പോൾ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9100/- രൂപ കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ തുകയിൽ ചേർക്കാൻ അനുമതി നല്കി ഉത്തരവാകുന്നു. എന്നാൽ ഇതുൾപ്പെടെ പരമാവധി തുക 2.00 ലക്ഷത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിഎ1/153/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07/09/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - CPRCS പോർട്ടിലിൽ നിന്ന് ലാപ് ടോപ് ലഭ്യമാക്കുന്നതിന് കാലതാമസം - ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന് നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-
1. 21.01.2020 -ലെ ഡി.എ1/363/2019/തസ്വഭവ സർക്കുലർ.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.4(3.3).

****

പട്ടിക ജാതി പട്ടിക വർഗ്ഗ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടിലിൽ നിന്നു തന്നെ വാങ്ങണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ CPRCS മുഖേന ലാപ് ടോപ് വാങ്ങുന്നതിന് നിലവിൽ വളരെയധികം താമസമുണ്ടാകുന്നു എന്നും കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും അല്ലായെങ്കിൽ ലാപ് ടോപ് ഓപ്പൺ ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകണമെന്നും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലാപ് ടോപിന്റെ ലഭ്യത കുറഞ്ഞതിനാൽ CPRCS പോർട്ടിലിലൂടെ ലാപ് ടോപ് വിതരണത്തിന് കാലതാമസമുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ലാപ് ടോപ് വാങ്ങുന്നത് സംബന്ധിച്ച് സൂചിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെയുള്ള നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ് അടിയന്തരമായി ലഭ്യമാക്കേണ്ടതുള്ളതിനാൽ ലാപ് ടോപ് കാലതാമസം കൂടാതെ CPRCS മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഐ.റ്റി. മിഷൻ നടപടി സ്വീകരിക്കേണ്ടതാണ്.
2. സൂചിത സർക്കുലർ പ്രകാരം നിർദ്ദിഷ്ട സ്പെസിഫിക്കേഷനും വിലയുമുള്ള ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന ലാപ് ടോപ് വാങ്ങാവുന്നതാണ്.
3. എന്നാൽ ലാപ് ടോപ് സ്പെസിഫിക്കഷൻ സൂചിത സർക്കുലർ പ്രകാരമുള്ളത് തന്നെ ആയിരിക്കേണ്ടതും ടെണ്ടർ തുക മേൽ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിലയേക്കാൾ കുറവുമായിരിക്കണം.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഐ.റ്റി മിഷൻ
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം - തദ്ദേശ ഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1197/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/06/2021

പരാമർശം:- സ.ഉ (സാധാ) നം.1128/2020/തസ്വഭവ, തീയതി 12.06.2021

ഉത്തരവ്

കോവിഡ് രോഗ വ്യാപനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് ഓൺലൈൻ പഠനമെന്ന സാങ്കേതിക രീതി കേരളത്തിൽ നടപ്പാക്കി വരികയാണ്. എന്നാൽ ഈ രംഗത്ത് പല പ്രതിസന്ധികളും നേരിടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഏറ്റവും വെല്ലുവിളികൾ നേരിടുന്നത് പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളാണ്. ഉപകരണ ലഭ്യത, സാങ്കേതിക തടസ്സങ്ങൾ, പഠന കേന്ദ്രങ്ങൾ, പഠന തുടർ പ്രവർത്തനങ്ങൾ, രക്ഷാകർതൃ പിന്തുണ, പോഷണനിലവാരം, മാനസിക ഉല്ലാസം എന്നീ തലങ്ങളിലാണ് പ്രധാന വെല്ലുവിളികൾ ഉള്ളത് എന്ന് കാണാം. ഈ വിഷയങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. തദ്ദേശ ഭരണസ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം മെച്ചപ്പെടുത്തൽ

2.1 പട്ടികവർഗമേഖലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സമിതികൾ (PEC/MEC) അടിയന്തിരമായി പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഡയറ്റ്, ബിആർസി കൂടാതെ പ്രാദേശികമായി ലഭ്യമായ വിദഗദ്ധർ, പിറ്റിഎ അംഗം, കുടുംബശ്രീ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, അദ്ധ്യാപകർ, എസ്.റ്റി പ്രൊമോട്ടർമാർ, സാക്ഷരതാ പ്രേരക്-മാർ എന്നിവരെ കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസ സമിതി വിപുലീകരിക്കണം. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ഇതിന് മുൻകൈ എടുക്കേണ്ടതാണ്. ഈ സമിതികൾ വാർഡ്/ഡിവിഷൻ/ക്ലസ്റ്റർതല ഉപസമിതികളും രൂപീകരിച്ച് എഡ്യുക്കേഷൻ സപ്പോർട്ടിംഗ് ടീമായി പ്രവർത്തിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും അദ്ധ്യാപകർ, സാമൂഹ്യ പ്രവർത്തകർ, തുടങ്ങിയവരുടെ സഹായത്തോടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശകലനം നടത്തണം. നിലവിൽ വിവിധ വകുപ്പുകൾ നൽകി വരുന്ന സഹായ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം വഴി സൃഷ്ടിച്ച പഠന

വീടുകൾ, പഠനകേന്ദ്രങ്ങൾ തുടങ്ങിയവയുടെ പോരായ്മകൾ, ഉടനടി ഉപയോഗപ്പെടുത്താൻ സാധ്യമായ പൊതുസൗകര്യങ്ങൾ തുടങ്ങിയവ ചർച്ച ചെയ്ത് സ്കൂൾതല ആക്ഷൻ പ്ലാൻ തയ്യാറാക്കണം.

2.2 ഓരോ സ്കൂളിലേയും കുട്ടികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വസ്തുനിഷ്ഠമായി തിട്ടപ്പെടുത്തുന്നതിന് കഴിവതും തദ്ദേശ ഭരണസ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ പിടിഎ ചർച്ചായോഗം ഓൺലൈനായി ചേരണം. യോഗത്തിൽ ഓൺലൈൻ ക്ലാസുകളുടെ അവസ്ഥയും പ്രശ്നങ്ങളും വിലയിരുത്തണം. രക്ഷാകർത്താക്കളുടെ യോഗം അയൽക്കൂട്ടതലത്തിൽ വിളിച്ച് ചേർക്കുകയും നിലവിലെ വിദ്യാഭാസ സമ്പ്രദായത്തിൽ അവർക്കുള്ള പങ്ക് സംബന്ധിച്ച് ചർച്ച ചെയ്യുകയും വേണം. അദ്ധ്യാപകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മക പഠനത്തിന് ഉപയോഗിക്കേണ്ടവിധം പറഞ്ഞുകൊടുക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. പഠനോപകരണ ലഭ്യതയും, ഇൻറർനെറ്റ് സൗകര്യവും (ഡിജിറ്റൽ സൗകര്യങ്ങൾ)

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഡിജിറ്റൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

3.1 പട്ടികവർഗ വികസനവകുപ്പ്, ഇൻറർനെറ്റ് കണക്ഷൻ ഇല്ലാത്തതോ, കുറഞ്ഞതോ ആയ കോളനികളേയും കുട്ടികളേയും ഇതിനകം തിട്ടപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന് നൽകാൻ കഴിയാത്ത സഹായങ്ങൾ തദ്ദേശ ഭരണസ്ഥാപനത്തിന് നൽകാവുന്നതാണ്.

3.2 കൈറ്റ് (KITE) വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ പഠനത്തിനായി കമ്പ്യൂട്ടർ ലഭിക്കാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം ലാപ്ടോപ്, ടാബ്ലെറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പിലെയും പട്ടികവർഗ്ഗ വികസന വകുപ്പിലെയും ഉദ്യോഗസ്ഥരും തദ്ദേശ ഭരണസ്ഥാപനങ്ങളും ചേർന്ന് ഒരുക്കേണ്ടതാണ്.

3.3 പട്ടികവർഗമേഖലയിലെ ഓരോ വിദ്യാർത്ഥിക്കും ലാപ്ടോപ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകളും ഹൈസ്പീഡ് ഇൻറർനെറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഇത് സാധ്യമാകുന്നില്ലെങ്കിൽ പൊതു കേന്ദ്രങ്ങൾ സജ്ജമാക്കാം. ഇൻറർനെറ്റ് ലഭ്യത ഉറപ്പാക്കി വേണം ഗാഡ്ജറ്റുകൾ ലഭ്യമാക്കേണ്ടത്.

3.4 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ലാപ് ടോപ് , ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം / തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകാവുന്നതാണ്. ഇതിന്റെ സ്പെസിഫിക്കേഷൻ വിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്നതാണ്.

3.5 പഠനാവശ്യത്തിന് ഉപയോഗിക്കുന്ന ടി.വി, വൈദ്യുതി കണക്ഷൻ, കേബിൾ കണക്ഷൻ എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് സന്നദ്ധസേവകർക്ക് രൂപം കൊടുക്കേണ്ടതാണ്.

3.6 അദ്ധ്യാപകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മക പഠനത്തിന് ഉപയോഗിക്കേണ്ടവിധം പറഞ്ഞുകൊടുക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3.7 ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികവർഗ വിഭാഗം കുട്ടികൾക്ക് ഇൻറർനെറ്റ് സൗകര്യത്തിനുള്ള റീചാർജ്ജ് തുക പ്രതിമാസ പരിധിയോടെ നടപ്പ് അധ്യയനവർഷം പൂർണമായും പട്ടികവർഗ ഉപപദ്ധതി ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

3.8 കുട്ടികൾക്കായുള്ള എല്ലാ പൊതു കേന്ദ്രങ്ങളിലും വൈദ്യുതിയും ലാപ്പ് ടോപ്പ്/കമ്പ്യൂട്ടർ സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. യുമായി സഹകരിച്ചോ/അനർട്ട് മുഖേനയോ വൈദ്യുതി ലഭ്യത നേടേണ്ടതാണ്. ഇതിന് പട്ടികവർഗ ഉപപദ്ധതി വിഹിതവും തനത് ഫണ്ടും ധനസ്രോതസ്സായി ഉപയോഗിക്കാം.

4.പഠന കേന്ദ്രങ്ങൾ/പഠന തുടർ പ്രവർത്തനങ്ങൾ

4.1 ഫസ്റ്റ് ബെൽ 2 പ്രോഗ്രാം അനുസരിച്ച് ടെലിവിഷൻ ക്ലാസുകളിൽ പങ്കെടുക്കേണ്ടതിന് പൊതു കെട്ടിടമോ, പഠനകേന്ദ്രമോ ഇല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4.2 പട്ടികവർഗ മേഖലകളിൽ പട്ടികവർഗ വികസന വകുപ്പിൻറേയും, എസ്എസ്കെ യുടേയും സാമൂഹ്യ പഠന കേന്ദ്രങ്ങൾ ഉണ്ട്. ഇല്ലാത്ത ഇടങ്ങളിൽ അവ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ അടിയന്തിരമായി ആരംഭിക്കുകയും പട്ടികവർഗ ഉപപദ്ധതി ഫണ്ട് ഉപയോഗിച്ച ഡിജിറ്റൽ ക്ലാസ്സിന് പറ്റുന്ന രീതിയിൽ ആവശ്യമായ ഉപകരണങ്ങളോടെ നവീകരിക്കുകയും വേണം. ഇവിടത്തെ ഫെസിലിറ്റേറ്റർമാർക്ക് ബിആർസികളുടെ നേതൃത്വത്തിൽ പരിശീലനം നൽകണം

4.3 പട്ടികവർഗ കോളനികളിൽ ജനപ്രതിനിധി, അദ്ധ്യാപകർ, എസ് ടി പ്രൊമോട്ടർമാർ, വോളണ്ടിയേഴ്സ് അടങ്ങുന്ന ടീമിന് പ്രാദേശിക ഭാഷയിൽ പാഠഭാഗങ്ങൾ ലഘുവായി തയ്യാറാക്കി എത്തിക്കണം.

4.4 വീടുകളിൽ തന്നെ വിദ്യാഭ്യാസം തുടരുന്ന കുട്ടികൾക്ക് ഏറ്റവും കുറഞ്ഞത് 15 ദിവസത്തിൽ ഒരിക്കലെങ്കിലും സംശയനിവാരണത്തിനും പഠനമികവ് സ്വയം വിലയിരുത്തുന്നതിനും പൊതുകേന്ദ്രത്തിൽ സ്കൂൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഒത്തുചേരാനുള്ള അവസരം ഒരുക്കണം.

4.5 നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ ആയതു ലഭ്യമാക്കാനുള്ള നടപടികൾ ഉർജ്ജവകുപ്പും IT വകുപ്പും എടുത്തു വരുന്നു. അത് വരെ നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ റെക്കോർഡഡ് വീഡിയോ അതാത് അദ്ധ്യാപകരിലൂടെ കുട്ടികളിൽ എത്തിക്കണം.

5. പട്ടികവർഗ വിഭാഗ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പിൻതുണ

5.1 ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളേയും കുട്ടികളേയും ബി.ആർ.സി കളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നിരന്തരമായി ബന്ധപ്പെടണം. ഇതിനായി നിശ്ചിത എണ്ണം പഠനകേന്ദ്രങ്ങളുടെ ചുമതല ബി.ആർ.സി യുടെ സ്പെഷ്യൽ അദ്ധ്യാപകർക്ക് നൽകാം.

5.2 ഗൃഹസന്ദർശനം നടത്തി ആവശ്യമായ പഠനസഹായം നൽകണം. റിസോഴ്സ് അദ്ധ്യാപകർ, ബഡ്സ് അദ്ധ്യാപകർ, തുടങ്ങിയവരുടെ സ്കൂൾ കേന്ദ്രീകരിച്ച് റിസോഴ്സ് പൂൾ ഉണ്ടാക്കാവുന്നതാണ്. കുട്ടികളുമായും, കുടുംബവുമായും ടെലിഫോൺ മുഖേനയോ നേരിട്ടോ സംവദിക്കാൻ സന്ദർഭമുണ്ടാക്കണം.

5.3 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എല്ലാ മാസവും ആരംഭത്തിൽ തന്നെ അനുവദിക്കുന്നുവെന്ന് ഉറപ്പാക്കണം. സഹായ ഉപകരണങ്ങൾ അനിവാര്യമെങ്കിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

6. കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തൽ

6.1 സ്കൂൾ ഭക്ഷണ കിറ്റ് എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. തദ്ദേശ ഭരണസ്ഥാപനത്തിൻറെ സഹായത്തോടെ പച്ചക്കറികൾ, പഴങ്ങൾ, മുട്ട എന്നിവയടങ്ങിയ കിറ്റ് പട്ടികവർഗ വിഭാഗം കുട്ടികൾക്ക് എത്തിക്കാവുന്നതും ഇതിനാവശ്യമായ തുക പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

6.2 വീടുകളിൽ മൂന്ന് നേരം ഭക്ഷണം ലഭ്യമല്ലാത്ത കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി കിച്ചനുകൾ ബ്ലോക്ക്തലത്തിലോ, ഗ്രാമപഞ്ചായത്ത് തലത്തിലോ വിദ്യാഭ്യാസ വകുപ്പിൻറെ സഹകരണത്തോടെ ആരംഭിക്കാവുന്നതാണ്. അല്ലെങ്കിൽ നിലവിൽ ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി തലത്തിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചനുകളുമായി ബന്ധിപ്പിച്ച് ഭക്ഷണം ലഭ്യമാക്കേണ്ടതാണ്.

7. കുട്ടികളുടെ മാനസിക ഉല്ലാസം

7.1 ഗ്രാമപഞ്ചായത്തിലെ /നഗരസഭയിലെ ലഭ്യമാകുന്ന കൗൺസലർമാരുടെ സേവനം വിദ്യാഭ്യാസ സമിതി ഏകോപ്പിക്കണം. രണ്ടാഴ്ചയിൽ ഒരിക്കൽ എങ്കിലും ഓരോ കുട്ടിയേയും ഇവർ വിളിച്ച്

സംസാരിക്കണം. കുട്ടികൾക്ക് ആവശ്യഘട്ടങ്ങളിൽ വിളിക്കാൻ കൗൺസലർമാരുടെ ഫോൺ നമ്പറുകൾ സ്കൂൾ ഗ്രൂപ്പുകളിൽ ലഭ്യമാക്കണം.

7.2 ആർട്ട്, ക്രാഫ്റ്റ്, ഫിസിക്കൽ അദ്ധ്യാപകരുടെ ഒരു തദ്ദേശഭരണ സ്ഥാപനതല ലിസ്റ്റ് തയ്യാറാക്കണം. അദ്ധ്യാപകരുടെ സൗകര്യാനുസരണം നിശ്ചിത എണ്ണം പഠന കേന്ദ്രങ്ങളുടെ ചുമതല ഓരോ അദ്ധ്യാപകർക്കും നൽകാം. ഇത് വഴി കുട്ടികളുടെ കലാ-കായിക ശേഷികൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കൂടി പഠന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്താനാകും.

8. പൊതു നിർദ്ദേശങ്ങൾ

8.1 കോവിഡ് കാലത്ത് പട്ടികവർഗമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ വിദ്യാഭ്യാസ വകുപ്പും മറ്റു വകുപ്പുകളും നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പരിപൂർണ്ണമായി പാലിക്കുന്നതോടൊപ്പം മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധയോടുകൂടി ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

8.2 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിലെ സ്പെഷ്യൽ പ്രോജക്ടുകൾ എന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കി വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഭേദഗതി അനുവദിക്കുന്ന സമയത്ത് വാലിഡേഷനിനുള്ളിൽ ക്രമപ്പെടുത്തിക്കൊണ്ട് പദ്ധതി പരിഷ്കരിക്കേണ്ടതാണ്.

8.3 പട്ടികവർഗ മേഖലയിൽ ഇക്കാര്യം നടപ്പാക്കുന്ന മുറയ്ക്ക് ഇതര വിഭാഗങ്ങൾക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8.4 സ്പോൺസർഷിപ്പ്, സംഭാവന തുടങ്ങിയവ വഴി ലാപ്ടോപ്പ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകൾ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും വാങ്ങി നൽകുന്നതിനുള്ള ഒരു ഡിജിറ്റൽ ഉപകരണ ചലഞ്ച് ക്യാമ്പയിൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് പ്രാവർത്തികമാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും

14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. പൊതുവിദ്യാഭ്യാസ വകുപ്പ്
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS പോർട്ടൽ മുഖേന ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2076/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/10/2021

പരാമർശം:-

1. 18.11.2017 -ലെ സ.ഉ.(കൈ) നം. 24/2017/ഐ.റ്റി.ഡി.
2. 21.01.2020 -ലെ ഡി.എ1/363/2019/തസ്വഭവ നമ്പർ സർക്കുലർ
3. 07.09.2020 -ലെ ഡി.എ1/153/2020/തസ്വഭവ നമ്പർ സർക്കുലർ
4. പഞ്ചായത്ത് ഡയറക്ടറുടെ 03.08.2021 ലെ PAN/7621/2021-J8 (DP) നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.22

ഉത്തരവ്

തദ്ദേശഭരണസ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും Centralised Procurement and Rate Contract System (CPRCS) മുഖേന വാങ്ങണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. CPRCS പോർട്ടലിൽ നിന്നും ഉപകരണങ്ങൾ ലഭിക്കാൻ പർച്ചേസ് ഓർഡർ നൽകിയശേഷം ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലും വിലയിലും ടെണ്ടർ/ഇ-ടെണ്ടർ നടപടി ക്രമത്തിലൂടെ ആയത് വാങ്ങുന്നത് സംബന്ധിച്ച് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

2. CPRCS മുഖേന ലാപ് ടോപ്, കമ്പ്യൂട്ടർ ഇവ ലഭിക്കാൻ അതിയായ് കാലതാമസം നേരിടുന്നുണ്ടെന്നും 486 ഗ്രാമപഞ്ചായത്തുകൾ പർച്ചേസ് ഓർഡർ നൽകി ഐ.റ്റി.മിഷന്റെ അക്കൗണ്ടിൽ തുക അടച്ചുവെങ്കിലും ഉപകരണങ്ങൾ ഇനിയും ലഭിച്ചിട്ടില്ലായെന്നും കാലതാമസമുണ്ടായാൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി ക്രമത്തിലൂടെ ആയത് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും മുൻകൂറായി ഐ.റ്റി മിഷനിൽ അടച്ച തുക തിരികെ ലഭിക്കാൻ വളരെ താമസമെടുക്കുന്നുണ്ടെന്നും ടി തുക തിരികെ ലഭിച്ചാൽ മാത്രമെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മറ്റു രീതിയിൽ പർച്ചേസ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തടസ്സം നേരിടുന്നുണ്ടെന്നും ഈ സാഹചര്യത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS, GEM, ടെണ്ടർ, ഇ-ടെണ്ടർ എന്നിവയിലേതെങ്കിലും മാർഗ്ഗത്തിലൂടെ വാങ്ങുന്നതിന് അനുമതി നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. ഉപകരണങ്ങൾ നൽകുന്നതിന് ഒരു മാസത്തിലധികം കാലതാമസ മുണ്ടായാൽ തുക തിരികെ ലഭിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടാൽ, ഇതിനകം ഉപകരണങ്ങൾ

കെൽട്രോൺ സപ്ലൈ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ചതിന് ശേഷം, ഒരാഴ്ചയ്ക്കകം തുക തിരികെ നൽകുന്നതാണെന്ന് ഐ.റ്റി. മിഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. CPRCS പോർട്ടൽ മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങുന്നതിനും ഇതുപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (2) സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിഡിൽ ലെവൽ ലാപ് ടോപ് ആയിരിക്കണം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങേണ്ടത്. ആയതിന്റെ വില ഐ.റ്റി മിഷൻ ഡയറക്ടറുടെ ശിപാർശ പ്രകാരം നിശ്ചയിച്ചതാകണമെന്നും വ്യവസ്ഥ ചെയ്യുന്നു.

5. നിലവിലുള്ള പ്രൊക്യൂർമെൻറ് ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി. മിഷൻ
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/395/2019-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-02-2022

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഗോത്രസാരഥി പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതവും ചേർത്ത് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. 01.04.2020-ലെ സ.ഉ.(സാധാ) നം. 725/2020/ത.സ്വ.ഭ.വ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ൽ നടന്ന യോഗത്തിന്റെ തീരുമാനം - 2.3 (4) ഖണ്ഡിക 3.6

****

2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന ഗോത്രസാരഥി പദ്ധതിക്ക് 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൂടി പ്രോജക്ട് ഏറ്റെടുക്കാൻ സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്പോൾ പട്ടികവർഗ്ഗ വകുപ്പ് ഇതിനായി തുക നൽകുന്നില്ല എന്ന് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി ചൂണ്ടി കാണിച്ചിട്ടുണ്ട്.

കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ വികസന ഫണ്ട്, തനത് ഫണ്ട് ഇനത്തിൽ ഭീമമായ തുക ചെലവഴിച്ചിട്ടുള്ളതിനാൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്കു മതിയായ തുക കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും ഇതിനായി കുറച്ചു വിഹിതം മാറ്റി വയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ സൂചിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായ 2.54 കോടി രൂപ ഗോത്ര സാരഥി പദ്ധതിയ്ക്കായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഈ തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് ഗോത്ര സാരഥി പദ്ധതി നടപ്പാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ഇതിന് ആവശ്യമായ സഹായം ചെയ്യേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

22

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

9.3 വിദ്യാഭ്യാസം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - മാർഗ്ഗരേഖകൾ - പരിഷ്കരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1173/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 24.04.2018

വായന :-

1) സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29.01.18
2) സ.ഉ.(കൈ)നം.17/2018/ത.സ്വ.ഭ.വ തിയതി 02.02.18
3) കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 6/2/18 ലെ 6406/15 നം കത്ത്
4) 21.03.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പ്രത്യേക വിഷയ തീരുമാനം നമ്പർ 4.61

ഉത്തരവ്

സാക്ഷരതാ മിഷന്റെ സാമൂഹ്യ സാക്ഷരതാ പദ്ധതികൾ ഉൾപ്പെടെ എല്ലാ പദ്ധതികൾക്കും കോഴ്സുകൾക്കും തുക വകയിരുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നല്കണമെന്ന് വായന (1)പ്രകാരം സാക്ഷരതാ മിഷൻ ഡയറക്ടർ അഭ്യർഥിക്കുകയുണ്ടായി .

2) 21.03.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം പരിശോധിച്ചു. മുകളിൽ നാലാമതായി വായിച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാക്ഷരതാ മിഷന്റെ സാമൂഹ്യ സാക്ഷരതാ പദ്ധതികൾ ഉൾപ്പെടെ എല്ലാ പദ്ധതികൾക്കും കോഴ്സുകൾക്കും തുക വകയിരുത്താൻ ബ്ലോക്ക് പഞ്ചായത്തടക്കം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

3) വായന (1)ലെ സർക്കാർ ഉത്തരവിലെ 7.6(13) ഖണ്ഡികയിലും വായന(2) ലെ സർക്കാർ ഉത്തരവിലെ 7.6(11) ഖണ്ഡികയിലും മേൽ ഭേദഗതി ഉൾപ്പെടുത്തി അംഗീകരിച്ച് ഉത്തരവാകുന്നു.

4) വായന (1)ലെയും,(2)ലെയും സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
} (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസനകമ്മീഷണർ മുഖേന
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ് പട്ടം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിഎ1/286/2019-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ)വകുപ്പ്
തിരുവനന്തപുരം,
തീയതി: 25/09/2019

സർക്കുലർ

വിഷയം:- തസ്വ.ഭവ -മാർഗ്ഗരേഖപ്രകാരമുള്ള സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രൊജെക്ടുകൾക്ക് പൊതുവിഭാഗം വികസന ഫണ്ടിനോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി വിഹിതത്തിൽ നിന്നും വകയിരുത്തുന്നത് - സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019-ൽ ചേർന്ന യോഗത്തിന്റെ 3.9 (പൊതുവിഷയങ്ങൾ) നമ്പർ തീരുമാനം

****

സൂചന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മാർഗ്ഗരേഖപ്രകാരം, സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാമിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവക്കായി ഗ്രാമ/ജില്ല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
2. ടി ആവശ്യത്തിനായി പൊതുവിഭാഗം വികസന ഫണ്ടിനോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി വിഹിതത്തിൽ നിന്നും വകയിരുത്താവുന്നതാണ്

PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.171/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/01/2020

പരാമർശം:- 1 14.07.2014-ലെ സ.ഉ.(എം.എസ്)നം.137/2017/ത.സ്വ.ഭ.വ ഉത്തരവ്

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.04.20189- ലെ 2152/C5/2016/SMനമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8500 ലൈബ്രറികളിൽ മിക്കവയ്ക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും അവയിലൊന്നും തന്നെ ശൗചാലയ സൗകര്യങ്ങൾ ഇല്ലായെന്നും ആയതിനാൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ ഇത്തരം ലൈബ്രറികളിൽ പൊതു ശൗചാലയം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ വരുന്ന ലൈബ്രറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങളായതിനാൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാനാവില്ല എന്നതിനാൽ പ്രസ്തുത വിഹിതം സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ബാക്കി വരുന്ന തുക ശുചിത്വ കേരളം (അർബൻ) സ്കീമിൽ 2019-20 വർഷത്തിൽ പൊതുശൗചാലയങ്ങൾ പണിയുന്നതിന് 2217-80-800-71 എന്ന ശീർഷകത്തിൽ നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും അനുവദിച്ചു കൊണ്ടും പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും, 50,000/- രൂപ മുതൽ 5,00,000/- രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ

നടപ്പാക്കണമെന്ന പരാമർശം (1) ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി ഗുണഭോക്തൃ സമിതിയെക്കൊണ്ട് പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനു വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകാവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പൊതുശൗചാലയം പണിയുന്നതിന് ആവശ്യമായ സ്ഥലം ലൈബ്രറികൾക്ക് സ്വന്തമായി ഉണ്ടായിരിക്കണം.
- ലൈബ്രറികളോടനുബന്ധിച്ച് പണിയുന്ന പൊതുശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ അനുവദിച്ച് കൊണ്ട് ലൈബ്രറി കൗൺസിൽ സമ്മതപത്രം നൽകണം.
- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്നതിന്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള യൂണിറ്റ് കോസ്റ്റായ 2,00,000/രൂപയിൽ, കേന്ദ്ര-സംസ്ഥാന വിഹിതമായ 1,80,000/- രൂപ കിഴിച്ച് (കേന്ദ്രവിഹിതം 1,20,000/-, സംസ്ഥാന വിഹിതം 60,000/- രൂപ) ബാക്കി തുകയായ 20,000/- രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതാണ്
- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്നതിന്, സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഒരു സീറ്റുള്ള പൊതുശൗചാലയ യൂണിറ്റ് കോസ്റ്റ് 98,000/- രൂപയിൽ, കേന്ദ്ര-സംസ്ഥാന വിഹിതമായ 65,334/- രൂപ കിഴിച്ച് (കേന്ദ്രവിഹിതം 39,200/-, സംസ്ഥാന വിഹിതം 26,134/- രൂപ) ബാക്കി തുകയായ 32,666/- രൂപയിൽ 9,800/- രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതും ബാക്കി വരുന്ന 22866/- രൂപ ശുചിത്വ കേരളം (അർബൻ) ഫണ്ടിൽ 2019-20 വർഷത്തിൽ പൊതുശൗചാലയങ്ങൾ പണിയുന്നതിന് 2217-80-800-71 എന്ന ശീർഷകത്തിൽ നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും വകയിരുത്തേണ്ടതുമാണ്
- പദ്ധതി നിർവ്വഹണം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ മാത്രം ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതിയെക്കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഗുണഭോക്തൃ സമിതി കൺവീനറും

പഞ്ചായത്ത് സെക്രട്ടറിയും ഉടമ്പടിയിൽ ഒപ്പിട്ടതിന് ശേഷം മാത്രം പദ്ധതി നിർവ്വഹണം ആരംഭിക്കേണ്ടതാണ്.

- 2019-20 സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ടതാണ്.
- പൊതുശൗചാലയത്തിന്റെ ദൈനംദിന പരിപാലനം ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E/GSSA/ERSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"മലയാളം- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ: ഡിബി4/17/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 11/03/2020

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു വിദ്യാഭ്യാസ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ - സംബന്ധിച്ച്.

സൂചന:- 1. 28/01/2020ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.40

2. ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 31/12/2019ലെ 495/2019/MEDN നമ്പർ കത്ത്.

**

വിദ്യാഭ്യാസ മേഖലക്ക് ഏറെ ഗുണം ചെയ്യുന്ന താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ജനപ്രതിനിധികളുടെയും, പി.ടി.എ പ്രസിഡന്റുമാരുടെയും, വിദ്യാലയ മേധാവികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും, 2020 പൊതു വിദ്യാഭ്യാസ രംഗത്തെ സുവർണ്ണവർഷമാക്കി മാറ്റുന്നതിനായും താഴെപ്പറയുന്ന വിഷയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകുന്നതിനായും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നു.

1.2020 ജനുവരി മുതൽ " ലഹരി മുക്ത കാമ്പസ്" എന്ന ആശയം നടപ്പിലാക്കാൻ തുടങ്ങുകയാണ്. ജനകീയ സമിതികൾ ഓരോ കാമ്പസിലും നിലവിൽ വരുന്നുണ്ട്. ഇതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ;

2. "പഠനോത്സവങ്ങൾ" നാടിന്റെ അക്കാദമിക് ഉത്സവങ്ങളാക്കി മാറ്റുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ;

3.അധ്യാപകരേയും പി.ടി.എയേയും കൂടി സഹകരിപ്പിച്ച് ഗൃഹസന്ദർശനം നടത്തുന്നതിനാവശ്യമായ സഹായം;

4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സഹായത്തോടെ ഓരോ കാമ്പസും ശുചിത്വ സുരക്ഷിത കാമ്പസുകളാക്കി മാറ്റുന്നതിന് ഇടപെടൽ;

5.അടുത്ത വർഷത്തെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ പൊതു വിദ്യാലയങ്ങളുടെ ആവശ്യങ്ങൾക്കു കൂടി പ്രോജക്ടുകൾ ഉൾക്കൊള്ളിക്കണം;

6."വൃത്തിയുള്ള ശുചിമുറി" എന്ന പദ്ധതിക്ക് വിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും ചേർത്ത് പദ്ധതി ലക്ഷ്യം 2020 ജൂൺ 1 ന് മുമ്പ് കൈവരിക്കത്തക്ക രീതിയിൽ ഇടപെടൽ.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുന്നതിനായി)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എം.തിരുവനന്തപുരം
ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഓൺലൈൻ പഠന സൗകര്യത്തിനായി വിദ്യാർത്ഥികൾക്ക് ടെലിവിഷൻ/ലാപ്ടോപ്/കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1114/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/06/2020

ഉത്തരവ്

സംസ്ഥാനത്തെ സ്കൂളുകൾ ഇനിയും പ്രവർത്തിക്കാനാകാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കായി ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി, തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പൽ, കോർപ്പറേഷനുകൾക്കും കീഴിൽ വരുന്ന പ്രദേശങ്ങളിൽ ആവശ്യകത പരിശോധിച്ച് ടെലിവിഷൻ/ലാപ്ടോപ്പ്/കമ്പ്യൂട്ടർ എന്നിവ വാങ്ങി നൽകുന്നതിന്, അതാത് സ്ഥാപനങ്ങളുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനു വിധേയമായി, തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷർ മുഖേന)

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by S BINDU
Date: 2020.06.12 11:06:44 IST
Reason: Approved
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഓൺലൈൻ വിദ്യാഭ്യാസത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1269/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2020

പരാമർശം : - കെ എസ് എഫ് ഇ മാനേജിങ് ഡയറക്ടറുടെ 16/06/2020 ലെ 37/2020 (ബി.ഡി) നമ്പർ സർക്കുലർ

ഉത്തരവ്

ഓൺലൈൻ വിദ്യാഭ്യാസത്തിന് മൊബൈൽ ഫോണോ, ടെലിവിഷനോ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുകയെന്ന പദ്ധതിയിൽ ജീവനക്കാരുടെ സഹകരണത്തോടെ കെ.എസ്.എഫ്.ഇ ഇടപെടുന്നതിന്റെ ഭാഗമായി 35.99 കോടി രൂപ, ടി.വി ഇല്ലാത്തതുമൂലം പഠനഭാഗങ്ങൾ ശ്രദ്ധിക്കാൻ കഴിയാതെപോയ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഓൺലൈൻ വിദ്യാസഹായപദ്ധതി തദ്ദേശ ഭരണ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്നതിനും പഠന കേന്ദ്രങ്ങളായ അംഗൻവാടികൾ, വായനശാലകൾ തുടങ്ങി തദ്ദേശ ഭരണ സ്ഥാപനം ശുപാർശ ചെയ്യുന്ന സ്ഥാപനങ്ങളിൽ പഠന കേന്ദ്രം തുടങ്ങുന്നതിന് ടി വി സെറ്റിന്റെ ബിൽ പ്രകാരമുള്ള തുകയുടെ 75%മോ 10000 രൂപയോ ഏതാണ് കുറവ് ആയത് കെ.എസ്.എഫ്.ഇ വഹിക്കുന്നതാണെന്നും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ പരാമർശ സർക്കുലർ പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ വിദ്യാസഹായപദ്ധതിയുമായി സഹകരിക്കുന്നതിനും, ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുന്നതിന് കണ്ടെത്തുന്ന പഠന കേന്ദ്രങ്ങളിൽ ടി വി വാങ്ങുന്നതിനും, ആയതു സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വരുന്ന അധിക ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എഫ് എം 2 / 148 / 2020 / ത സ്വ ഭ വ
തദ്ദേശ സ്വയം ഭരണ (എഫ് എം)വകുപ്പ്
തിരുവനന്തപുരം,
തീയതി: 22/09/2020

<u>സർക്കുലർ</u>

വിഷയം:- വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ടാബ്, സ്മാർട്ഫോൺ എന്നിവ വാങ്ങി നൽകുന്നത് സംബന്ധിച്ച്

സൂചന:- 1. 12/06/2020 ലെ സ. ഉ (സാധാ) നം .1114/2020/ത.സ്വ.ഭ.വ
2.12.08.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 2.4(3.4)

****

വിദ്യാർത്ഥികൾക്കായി ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പൽ, കോർപ്പറേഷനുകൾക്കും കീഴിൽ വരുന്ന പ്രദേശങ്ങളിൽ ആവശ്യകത പരിശോധിച്ച് ടെലിവിഷൻ/ലാപ് ടോപ്പ് /കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് അതാത് സ്ഥാപനങ്ങളുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനു വിധേയമായി തുക ചെലവഴിക്കുന്നതിന് സൂചന ഒന്ന് പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. ടെലിവിഷൻ/ലാപ്ടോപ്പ് /കമ്പ്യൂട്ടർ എന്നിവയ്ക്ക് പകരമായി ടാബ് ,സ്മാർട്ഫോൺ എന്നിവ വാങ്ങി നൽകാവുന്നതല്ല എന്ന് ബന്ധപ്പെട്ടവർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ ഐ കെ എം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്

തദ്ദേശ സ്വയം ഭരണ (ഡി എ)വകുപ്പ്(വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020 ലെ തീരുമാനം ഇനം നമ്പർ 2.4(3.4) പ്രകാരം)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിഎ1/208/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/10/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ്/കമ്പ്യൂട്ടർ വാങ്ങി നൽകുന്നത് - ലാപ് ടോപ് സ്പെസിഫിക്കേഷൻ - സംബന്ധിച്ച്.

സൂചന:-
1. 20.01.2020-ലെ ഡിഎ1/363/2019/തസ്വഭവ സർക്കുലർ
2. 22.09.2020-ലെ ഡിഎ1/208/2020/തസ്വഭവ സർക്കുലർ
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.1

****

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങാൻ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നൽകുന്ന ലാപ് ടോപ് സൂചന (1) സർക്കുലർ പ്രകാരം മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ ഉള്ളതായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. Windows അധിഷ്ഠിതമായ ലാപ്ടോപ്പിന് 27,722 രൂപയും Ubundu അധിഷ്ഠിതമായതിന് 22,895/- രൂപയുമാണ് ഇതുപ്രകാരം അനുവദിച്ചിട്ടുള്ള വില.

വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ്/കമ്പ്യൂട്ടർ വാങ്ങി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിനായി ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ് ആവശ്യമില്ല. ഇതുകൂടി കണ്ടുകൊണ്ടാണ് KSFE 15,000/- രൂപയിൽ താഴെ വില വരുന്ന ലാപ് ടോപ് വാങ്ങി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

ഈ സാഹചര്യത്തിൽ ഓൺലൈൻ പഠനത്തിനായി മുകളിൽ പറഞ്ഞ പ്രകാരം Middle Level Specification ഉള്ള ലാപ് ടോപ് വാങ്ങി നൽകേണ്ടതില്ലെന്നും എറ്റവും Base model ആയ laptop വാങ്ങി നൽകിയാൽ മതിയെന്നും നിർദ്ദേശിക്കുന്നു. ഇതനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അധിക വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt) No.15/2021/LSGD തീയതി, തിരുവനന്തപുരം, 04/01/2021

പരാമർശം:- 1 22.01.2020 -ലെ സ.ഉ.(സാധാ) നം. 171/2020/ തസ്വഭവ നമ്പർ ഉത്തരവ്

2 23.09.2020 -ലെ സ.ഉ.(സാധാ) നം. 1731/2020/ തസ്വഭവ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.09.2020 ലെ 1492/A/2019/SM നമ്പർ കത്ത്

ഉത്തരവ്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കോവിഡ് ബാധയുടെ പശ്ചാത്തലത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈബ്രറികളോടനുബന്ധിച്ചുള്ള ശൗചാലയ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നിർവ്വഹണ കാലാവധി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പ്രായോഗികമായുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ലൈബ്രറി കൗൺസിലിൽ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) ലെ വ്യവസ്ഥകൾക്കൊപ്പം താഴെ പറയുന്ന അധിക വ്യവസ്ഥകൾ കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

1. പദ്ധതിയുടെ ഭാഗമായി രണ്ട് ടോയ്‌ലെറ്റുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു ടോയ്‌ലെറ്റ് മാത്രമാണ് നിർമ്മിക്കുന്നതെങ്കിൽ ചെലവ് ആനുപാതികമായി കുറയ്ക്കുന്നതാണ്
2. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ടോയ്‌ലറ്റ് പൊതു ജനങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ അനുവദിക്കാമെന്ന സമ്മതപത്രം ലൈബ്രറി ഭാരവാഹികൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.
3. പദ്ധതി നിർവഹണം ശുചിത്വ മിഷൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ മേൽ നോട്ടത്തിൽ കൂടി നടത്തേണ്ടതാണ്.
4. ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ ഗുണഭോക്തൃ സമിതി കൺവീനറായി അതാത് തദ്ദേശസ്ഥാപനത്തിലെ നിർവഹണ ഉദ്യോഗസ്ഥരുമായി കരാർ ഒപ്പിടേണ്ടതാണ്.

5. അംഗീകൃതമാതൃക, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക സഹായം, മേൽ നോട്ടം എന്നിവ കോസ്റ്റ്ഫോർഡ് വഴി നടത്താവുന്നതാണ്.

6. ടി പ്രവർത്തികൾക്ക് സെൻറേജ് ചാർജായി പ്രോജക്ട് കോസ്റ്റിൻറെ 5% (അഞ്ച് ശതമാനം) കോസ്റ്റ് ഫോർഡിന് നൽകാവുന്നതാണ്.

7. 20% തുക അഡ്വാൻസായി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതിക്ക് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനം അനുവദിക്കേണ്ടതാണ്

8. കോസ്റ്റ് ഫോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എസ്റ്റിമേറ്റിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ എൻജിനീയറുടെ അറിവിലേക്കായി നൽകണം. പ്രവൃത്തി തുടങ്ങുന്ന വിവരവും ലൈബ്രറി ഗുണഭോക്തൃ സമിതി കൺവീനർ എൻജിനീയറെ അറിയിക്കണം. ഗുണഭോക്തൃ സമിതി എസ്റ്റിമേറ്റ് പ്രകാരം നിർമാണം പൂർത്തിയാക്കണം. കോസ്റ്റ്ഫോർഡ് ബില്ല് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ എൻജിനിയർക്ക് നൽകണം. എൻജിനീയർ ബില്ല് പരിശോധിച്ച് ശുപാർശയോട് കൂടി അതാത് തദ്ദേശസ്വയംഭരണ സ്ഥാപന നിർവഹണ ഉദ്യോഗസ്ഥന് കൈമാറണം. ബിൽ പാസ്സാക്കി അലോട്ട്മെൻറ് വഴി തുകമാറി ഗുണഭോക്തൃ സമിതി ചെയർമാന് നല്കണം. സെൻറേജ് ചാർജ് കോസ്റ്റ് ഫോർഡിനും നൽകണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (A&E) കേരള തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (GSSA/ERSA) കേരള തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ , ഐ&പി.ആർ.ഡി/ വബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന് KSFE യുടെ വിദ്യാ സഹായി പദ്ധതി - ടി.വി. വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടി ചട്ടങ്ങളിൽ ഇളവ് നൽകി - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.375/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/02/2021

പരാമർശം:- 1 സ.ഉ.(സാധാ)നം.408/2020/നി.വ., തീയതി 18/06/2020

2 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.10.2020-ലെ DDP - MPM/2008/2020-D10 - ാം നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.46

ഉത്തരവ്

കോവിഡ് 19 പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പഠന കേന്ദ്രങ്ങളിൽ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് KSFE പദ്ധതി തയ്യാറാക്കിയിട്ടുള്ളതും പരാമർശം (1) പ്രകാരം ആയതിന് അനുമതി നല്കിയിട്ടുള്ളതുമാണ്. വിദ്യാ സഹായി എന്ന പ്രസ്തുത പദ്ധതിയിൽ ടെലിവിഷന്റെ വിലയുടെ 75 ശതമാനം (പരമാവധി 10,000/- രൂപ) യാണ് KSFE നൽകുന്നത്. ബാക്കി തുക MLA യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് ഇതിനായി ഉപയോഗിക്കുന്നുണ്ട്. ടി പദ്ധതി മുഖേന ഏതുതരം ടി.വിയാണ് വാങ്ങേണ്ടതെന്ന് KSFE നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ടി.വി. വാങ്ങുമ്പോൾ കാലതാമസം ഒഴിവാക്കുന്നതിനായി ടി.വി. വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടി ചട്ടങ്ങൾ ഒഴിവാക്കി അനുമതി നൽകണമെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിലെ കാലതാമസമൊഴിവാക്കുന്നതിനായി, 'വിദ്യാ സഹായി' എന്ന പദ്ധതിയുടെ ഭാഗമായി, KSFE ലിസ്റ്റ് ചെയ്ത സ്ഥാപനത്തിൽ നിന്ന് നിശ്ചയിക്കപ്പെട്ട വിലയിൽ പരിമിതപ്പെടുത്തി ടെലിവിഷൻ വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ., തൃശ്ശൂർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം - തദ്ദേശ ഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1197/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/06/2021

പരാമർശം:- സ.ഉ (സാധാ)നം.1128/2020/തസ്വഭവ, തീയതി 12.06.2021

ഉത്തരവ്

കോവിഡ് രോഗ വ്യാപനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് ഓൺലൈൻ പഠനമെന്ന സാങ്കേതിക രീതി കേരളത്തിൽ നടപ്പാക്കി വരികയാണ്. എന്നാൽ ഈ രംഗത്ത് പല പ്രതിസന്ധികളും നേരിടുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഏറ്റവും വെല്ലുവിളികൾ നേരിടുന്നത് പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളാണ്. ഉപകരണ ലഭ്യത, സാങ്കേതിക തടസ്സങ്ങൾ, പഠന കേന്ദ്രങ്ങൾ, പഠന തുടർ പ്രവർത്തനങ്ങൾ, രക്ഷാകർതൃ പിന്തുണ, പോഷണനിലവാരം, മാനസിക ഉല്ലാസം എന്നീ തലങ്ങളിലാണ് പ്രധാന വെല്ലുവിളികൾ ഉള്ളത് എന്ന് കാണാം. ഈ വിഷയങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. തദ്ദേശ ഭരണസ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം മെച്ചപ്പെടുത്തൽ

2.1 പട്ടികവർഗമേഖലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സമിതികൾ (PEC/MEC) അടിയന്തിരമായി പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഡയറ്റ്, ബിആർസി കൂടാതെ പ്രാദേശികമായി ലഭ്യമായ വിദഗദ്ധർ, പിറ്റിഎ അംഗം, കുടുംബശ്രീ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ, അദ്ധ്യാപകർ, എസ്.റ്റി പ്രൊമോട്ടർമാർ, സാക്ഷരതാ പ്രേരക്-മാർ എന്നിവരെ കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസ സമിതി വിപുലീകരിക്കണം. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ഇതിന് മുൻകൈ എടുക്കേണ്ടതാണ്. ഈ സമിതികൾ വാർഡ്/ഡിവിഷൻ/ക്ലസ്റ്റർതല ഉപസമിതികളും രൂപീകരിച്ച് എഡ്യുക്കേഷൻ സപ്പോർട്ടിംഗ് ടീമായി പ്രവർത്തിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും അദ്ധ്യാപകർ, സാമൂഹ്യ പ്രവർത്തകർ, തുടങ്ങിയവരുടെ സഹായത്തോടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശകലനം നടത്തണം. നിലവിൽ വിവിധ വകുപ്പുകൾ നൽകി വരുന്ന സഹായ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം വഴി സൃഷ്ടിച്ച പഠന

വീടുകൾ, പഠനകേന്ദ്രങ്ങൾ തുടങ്ങിയവയുടെ പോരായ്മകൾ, ഉടനടി ഉപയോഗപ്പെടുത്താൻ സാധ്യമായ പൊതുസൗകര്യങ്ങൾ തുടങ്ങിയവ ചർച്ച ചെയ്ത് സ്കൂൾതല ആക്ഷൻ പ്ലാൻ തയ്യാറാക്കണം.

2.2 ഓരോ സ്കൂളിലേയും കുട്ടികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വസ്തുനിഷ്ഠമായി തിട്ടപ്പെടുത്തുന്നതിന് കഴിവതും തദ്ദേശ ഭരണസ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ പിടിഎ ചർച്ചായോഗം ഓൺലൈനായി ചേരണം. യോഗത്തിൽ ഓൺലൈൻ ക്ലാസുകളുടെ അവസ്ഥയും പ്രശ്നങ്ങളും വിലയിരുത്തണം. രക്ഷാകർത്താക്കളുടെ യോഗം അയൽക്കൂട്ടതലത്തിൽ വിളിച്ച് ചേർക്കുകയും നിലവിലെ വിദ്യാഭാസ സമ്പ്രദായത്തിൽ അവർക്കുള്ള പങ്ക് സംബന്ധിച്ച് ചർച്ച ചെയ്യുകയും വേണം. അദ്ധ്യാപകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മക പഠനത്തിന് ഉപയോഗിക്കേണ്ടവിധം പറഞ്ഞുകൊടുക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. പഠനോപകരണ ലഭ്യതയും, ഇൻറർനെറ്റ് സൗകര്യവും (ഡിജിറ്റൽ സൗകര്യങ്ങൾ)

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഡിജിറ്റൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

3.1 പട്ടികവർഗ വികസനവകുപ്പ്, ഇൻറർനെറ്റ് കണക്ഷൻ ഇല്ലാത്തതോ, കുറഞ്ഞതോ ആയ കോളനികളേയും കുട്ടികളേയും ഇതിനകം തിട്ടപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന് നൽകാൻ കഴിയാത്ത സഹായങ്ങൾ തദ്ദേശ ഭരണസ്ഥാപനത്തിന് നൽകാവുന്നതാണ്.

3.2 കൈറ്റ് (KITE) വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകൾ പഠനത്തിനായി കമ്പ്യൂട്ടർ ലഭിക്കാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം ലാപ്ടോപ്, ടാബ്ലെറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പിലെയും പട്ടികവർഗ്ഗ വികസന വകുപ്പിലെയും ഉദ്യോഗസ്ഥരും തദ്ദേശ ഭരണസ്ഥാപനങ്ങളും ചേർന്ന് ഒരുക്കേണ്ടതാണ്.

3.3 പട്ടികവർഗമേഖലയിലെ ഓരോ വിദ്യാർത്ഥിക്കും ലാപ്ടോപ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകളും ഹൈസ്പീഡ് ഇൻറർനെറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഇത് സാധ്യമാകുന്നില്ലെങ്കിൽ പൊതു കേന്ദ്രങ്ങൾ സജ്ജമാക്കാം. ഇൻറർനെറ്റ് ലഭ്യത ഉറപ്പാക്കി വേണം ഗാഡ്ജറ്റുകൾ ലഭ്യമാക്കേണ്ടത്.

3.4 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ലാപ് ടോപ് , ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകൾ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം / തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങി നൽകാവുന്നതാണ്. ഇതിന്റെ സ്പെസിഫിക്കേഷൻ വിദ്യാഭ്യാസ വകുപ്പ് നിശ്ചയിക്കുന്നതാണ്.

3.5 പഠനാവശ്യത്തിന് ഉപയോഗിക്കുന്ന ടി.വി, വൈദ്യുതി കണക്ഷൻ, കേബിൾ കണക്ഷൻ എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് സന്നദ്ധസേവകർക്ക് രൂപം കൊടുക്കേണ്ടതാണ്.

3.6 അദ്ധ്യാപകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവരുടെ സഹായത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ക്രിയാത്മക പഠനത്തിന് ഉപയോഗിക്കേണ്ടവിധം പറഞ്ഞുകൊടുക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3.7 ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികവർഗ വിഭാഗം കുട്ടികൾക്ക് ഇൻറർനെറ്റ് സൗകര്യത്തിനുള്ള റീചാർജ്ജ് തുക പ്രതിമാസ പരിധിയോടെ നടപ്പ് അധ്യയനവർഷം പൂർണമായും പട്ടികവർഗ ഉപപദ്ധതി ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

3.8 കുട്ടികൾക്കായുള്ള എല്ലാ പൊതു കേന്ദ്രങ്ങളിലും വൈദ്യുതിയും ലാപ്പ് ടോപ്പ്/കമ്പ്യൂട്ടർ സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്. വൈദ്യുതി കണക്ഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. യുമായി സഹകരിച്ചോ/അനർട്ട് മുഖേനയോ വൈദ്യുതി ലഭ്യത നേടേണ്ടതാണ്. ഇതിന് പട്ടികവർഗ ഉപപദ്ധതി വിഹിതവും തനത് ഫണ്ടും ധനസ്രോതസ്സായി ഉപയോഗിക്കാം.

4.പഠന കേന്ദ്രങ്ങൾ/പഠന തുടർ പ്രവർത്തനങ്ങൾ

4.1 ഫസ്റ്റ് ബെൽ 2 പ്രോഗ്രാം അനുസരിച്ച് ടെലിവിഷൻ ക്ലാസുകളിൽ പങ്കെടുക്കേണ്ടതിന് പൊതു കെട്ടിടമോ, പഠനകേന്ദ്രമോ ഇല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4.2 പട്ടികവർഗ മേഖലകളിൽ പട്ടികവർഗ വികസന വകുപ്പിൻറേയും, എസ്എസ്കെ യുടേയും സാമൂഹ്യ പഠന കേന്ദ്രങ്ങൾ ഉണ്ട്. ഇല്ലാത്ത ഇടങ്ങളിൽ അവ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ അടിയന്തിരമായി ആരംഭിക്കുകയും പട്ടികവർഗ ഉപപദ്ധതി ഫണ്ട് ഉപയോഗിച്ച ഡിജിറ്റൽ ക്ലാസ്സിന് പറ്റുന്ന രീതിയിൽ ആവശ്യമായ ഉപകരണങ്ങളോടെ നവീകരിക്കുകയും വേണം. ഇവിടത്തെ ഫെസിലിറ്റേറ്റർമാർക്ക് ബിആർസികളുടെ നേതൃത്വത്തിൽ പരിശീലനം നൽകണം

4.3 പട്ടികവർഗ കോളനികളിൽ ജനപ്രതിനിധി, അദ്ധ്യാപകർ, എസ് ടി പ്രൊമോട്ടർമാർ, വോളണ്ടിയേഴ്സ് അടങ്ങുന്ന ടീമിന് പ്രാദേശിക ഭാഷയിൽ പാഠഭാഗങ്ങൾ ലഘുവായി തയ്യാറാക്കി എത്തിക്കണം.

4.4 വീടുകളിൽ തന്നെ വിദ്യാഭ്യാസം തുടരുന്ന കുട്ടികൾക്ക് ഏറ്റവും കുറഞ്ഞത് 15 ദിവസത്തിൽ ഒരിക്കലെങ്കിലും സംശയനിവാരണത്തിനും പഠനമികവ് സ്വയം വിലയിരുത്തുന്നതിനും പൊതുകേന്ദ്രത്തിൽ സ്കൂൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഒത്തുചേരാനുള്ള അവസരം ഒരുക്കണം.

4.5 നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ ആയതു ലഭ്യമാക്കാനുള്ള നടപടികൾ ഉർജ്ജവകുപ്പും IT വകുപ്പും എടുത്തു വരുന്നു. അത് വരെ നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ റെക്കോർഡഡ് വീഡിയോ അതാത് അദ്ധ്യാപകരിലൂടെ കുട്ടികളിൽ എത്തിക്കണം.

5. പട്ടികവർഗ വിഭാഗ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പിൻതുണ

5.1 ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളേയും കുട്ടികളേയും ബി.ആർ.സി കളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ നിരന്തരമായി ബന്ധപ്പെടണം. ഇതിനായി നിശ്ചിത എണ്ണം പഠനകേന്ദ്രങ്ങളുടെ ചുമതല ബി.ആർ.സി യുടെ സ്പെഷ്യൽ അദ്ധ്യാപകർക്ക് നൽകാം.

5.2 ഗൃഹസന്ദർശനം നടത്തി ആവശ്യമായ പഠനസഹായം നൽകണം. റിസോഴ്സ് അദ്ധ്യാപകർ, ബഡ്സ് അദ്ധ്യാപകർ, തുടങ്ങിയവരുടെ സ്കൂൾ കേന്ദ്രീകരിച്ച് റിസോഴ്സ് പൂൾ ഉണ്ടാക്കാവുന്നതാണ്. കുട്ടികളുമായും, കുടുംബവുമായും ടെലിഫോൺ മുഖേനയോ നേരിട്ടോ സംവദിക്കാൻ സന്ദർഭമുണ്ടാക്കണം.

5.3 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എല്ലാ മാസവും ആരംഭത്തിൽ തന്നെ അനുവദിക്കുന്നുവെന്ന് ഉറപ്പാക്കണം. സഹായ ഉപകരണങ്ങൾ അനിവാര്യമെങ്കിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

6. കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തൽ

6.1 സ്കൂൾ ഭക്ഷണ കിറ്റ് എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. തദ്ദേശ ഭരണസ്ഥാപനത്തിൻറെ സഹായത്തോടെ പച്ചക്കറികൾ, പഴങ്ങൾ, മുട്ട എന്നിവയടങ്ങിയ കിറ്റ് പട്ടികവർഗ വിഭാഗം കുട്ടികൾക്ക് എത്തിക്കാവുന്നതും ഇതിനാവശ്യമായ തുക പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്.

6.2 വീടുകളിൽ മൂന്ന് നേരം ഭക്ഷണം ലഭ്യമല്ലാത്ത കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി കിച്ചനുകൾ ബ്ലോക്ക്തലത്തിലോ, ഗ്രാമപഞ്ചായത്ത് തലത്തിലോ വിദ്യാഭ്യാസ വകുപ്പിൻറെ സഹകരണത്തോടെ ആരംഭിക്കാവുന്നതാണ്. അല്ലെങ്കിൽ നിലവിൽ ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി തലത്തിൽ ആരംഭിച്ചിട്ടുള്ള കമ്മ്യൂണിറ്റി കിച്ചനുകളുമായി ബന്ധിപ്പിച്ച് ഭക്ഷണം ലഭ്യമാക്കേണ്ടതാണ്.

7. കുട്ടികളുടെ മാനസിക ഉല്ലാസം

7.1 ഗ്രാമപഞ്ചായത്തിലെ /നഗരസഭയിലെ ലഭ്യമാകുന്ന കൗൺസലർമാരുടെ സേവനം വിദ്യാഭ്യാസ സമിതി ഏകോപ്പിക്കണം. രണ്ടാഴ്ചയിൽ ഒരിക്കൽ എങ്കിലും ഓരോ കുട്ടിയേയും ഇവർ വിളിച്ച്

സംസാരിക്കണം. കുട്ടികൾക്ക് ആവശ്യഘട്ടങ്ങളിൽ വിളിക്കാൻ കൗൺസലർമാരുടെ ഫോൺ നമ്പറുകൾ സ്കൂൾ ഗ്രൂപ്പുകളിൽ ലഭ്യമാക്കണം.

7.2 ആർട്ട്, ക്രാഫ്റ്റ്, ഫിസിക്കൽ അദ്ധ്യാപകരുടെ ഒരു തദ്ദേശഭരണ സ്ഥാപനതല ലിസ്റ്റ് തയ്യാറാക്കണം. അദ്ധ്യാപകരുടെ സൗകര്യാനുസരണം നിശ്ചിത എണ്ണം പഠന കേന്ദ്രങ്ങളുടെ ചുമതല ഓരോ അദ്ധ്യാപകർക്കും നൽകാം. ഇത് വഴി കുട്ടികളുടെ കലാ-കായിക ശേഷികൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കൂടി പഠന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്താനാകും.

8. പൊതു നിർദ്ദേശങ്ങൾ

8.1 കോവിഡ് കാലത്ത് പട്ടികവർഗമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ വിദ്യാഭ്യാസ വകുപ്പും മറ്റു വകുപ്പുകളും നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പരിപൂർണ്ണമായി പാലിക്കുന്നതോടൊപ്പം മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധയോടുകൂടി ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

8.2 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിലെ സ്പെഷ്യൽ പ്രോജക്ടുകൾ എന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് തയ്യാറാക്കി വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഭേദഗതി അനുവദിക്കുന്ന സമയത്ത് വാലിഡേഷനിനുള്ളിൽ ക്രമപ്പെടുത്തിക്കൊണ്ട് പദ്ധതി പരിഷ്കരിക്കേണ്ടതാണ്.

8.3 പട്ടികവർഗ മേഖലയിൽ ഇക്കാര്യം നടപ്പാക്കുന്ന മുറയ്ക്ക് ഇതര വിഭാഗങ്ങൾക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8.4 സ്പോൺസർഷിപ്പ്, സംഭാവന തുടങ്ങിയവ വഴി ലാപ്ടോപ്പ്, ടാബ് ലെറ്റ് തുടങ്ങിയ ഗാഡ്ജെറ്റുകൾ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും വാങ്ങി നൽകുന്നതിനുള്ള ഒരു ഡിജിറ്റൽ ഉപകരണ ചലഞ്ച് ക്യാമ്പയിൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുത്ത് പ്രാവർത്തികമാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും

14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. പൊതുവിദ്യാഭ്യാസ വകുപ്പ്
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ഓൺലൈൻ പഠനത്തിനായി ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നത് - എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഒരുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1409/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2021

പരാമർശം:- 1. സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018

2. സ.ഉ.(സാധാ) നം.1128/2020/ത.സ്വ.ഭ.വ, തീയതി 12/06/2020

3. സ.ഉ.(സാധാ) നം.1197/2021/ത.സ്വ.ഭ.വ, തീയതി 23/06/2021

ഉത്തരവ്

കോവിഡ് രോഗവ്യാപനം കുട്ടികളുടെ സ്കൂൾ പഠനത്തിലും, കൂട്ടായ്മയിലും സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് ഓൺലൈൻ പഠനമെന്ന സാങ്കേതിക രീതി വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഈ രംഗത്ത് പല പ്രതിസന്ധികളും നേരിടുന്നതായി പല പഠനങ്ങളും വ്യക്തമാക്കുന്നു. നിലവിൽ ഓൺലൈൻ പഠന സംവിധാനത്തിലെ വിടവുകൾ നികത്താൻ പ്രാദേശിക സർക്കാരുകൾക്ക് കാര്യക്ഷമമായി ഇടപെടാൻ സാധിക്കുന്നതാണ്.

2. സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിലുള്ള ഓൺലൈൻ ക്ലാസ്സുകളുടെ അനുബന്ധമായി, പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗം എന്ന നിലയ്ക്ക്, ആദിവാസി മേഖലയിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്നനിലയിൽ അവർക്കു ഡിജിറ്റൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ മേഖലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് തുടർച്ചയായി, പൊതുവായി എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം പ്രാപ്യമാക്കുന്നതിന്, പഠനോപകരണ ലഭ്യതയും ഇന്റർനെറ്റ് സൗകര്യവും ഉറപ്പാക്കൽ, ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കുള്ള പ്രത്യേക പിന്തുണ, പഠന കേന്ദ്രങ്ങൾ സജ്ജീകരിക്കൽ, കുട്ടികൾക്കാവശ്യമായ മാനസിക പിന്തുണയേകാനുള്ള പരിപാടികൾ സംഘടിപ്പിക്കുക, സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പ്രത്യേകമായ കരുതൽ എന്നീ ഘടകങ്ങൾക്ക് മുൻതൂക്കം നൽകിയുള്ള ചുവടെച്ചേർക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം:-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

2. പഠനോപകരണ ലഭ്യതയും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കൽ (കുട്ടികൾക്ക് ഡിജിറ്റൽ സൗകര്യങ്ങൾ) :-

2.1 നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ റെക്കോർഡഡ് വീഡിയോ അതാത് ടീച്ചർമാരുടെ നേതൃത്വത്തിൽ കുട്ടികളിൽ എത്തിക്കുക.

2.2. വിക്ടേഴ്സ് ചാനലിലെ ക്ളാസുകൾ കമ്മ്യൂണിറ്റി /എഫ്. എം റേഡിയോ വഴിയും വാട്ട്സ്ആപ്പ് വീഡിയോ വഴിയും കുട്ടികളിൽ എത്തിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക.

2.3. ഓൺ ലൈൻ ക്ളാസ്സുകൾ സംബന്ധിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാം.

2.4. പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3.3,3.5,3.6- ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

2.5. അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് ഫണ്ട് ധനസ്രോതസ്സായി കണ്ടെത്താവുന്നതാണ്.

3. പഠന കേന്ദ്രങ്ങൾ സജ്ജീകരിക്കൽ:-

മൽസ്യത്തൊഴിലാളി മേഖലകളിലും ദളിത് മേഖലകളിലും അയൽപക്ക പഠനകേന്ദ്രങ്ങൾ വാർഡ് തല സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കണം.

4. കുട്ടികൾക്ക് ആവശ്യമായ മാനസിക പിന്തുണ ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികൾ:-

കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നത് സംബന്ധിച്ച പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 7 ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

5. ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രത്യേക പിന്തുണ:-

5.1 എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തങ്ങളുടെ പരിധിയിൽ വരുന്ന സർക്കാർ / എയിഡഡ് സ്കൂളുകളിലെ പി.ടി.എ കമ്മിറ്റി ഓൺ ലൈനായി വിളിച്ചുചേർക്കുമ്പോൾ ഭിന്ന ശേഷിക്കാരായ കുട്ടികളുടെ കാര്യം ചർച്ച ചെയ്യണം.

5.2 പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

5.3 ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് നേരിട്ടോ കുടുംബശ്രീ മുഖേനയോ ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി /പട്ടിക വർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പ്രത്യകമായ കരുതൽ:-

6.1 പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഠനമുറി /പഠന വീട് തുടങ്ങിയ പ്രോജക്ടുകൾ ആവശ്യാനുസരണം ഏറ്റെടുക്കുക.

6.2 സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന ഉൾനാടൻ പ്രദേശങ്ങളിലെ വിദ്യാർഥികളെ നേരിട്ട് സന്ദർശനം നടത്തി പഠനസഹായം നൽകുകയും പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

3.സ്പോൺസർഷിപ്പ്/ സംഭാവനകൾ ശേഖരിച്ച് സഹായങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ ജനറൽ, കില
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുട്ടികളുടെ ശാസ്ത്രബോധം വർധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതിനായി മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.178/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/08/2021

പരാമർശം:- 1 08.07.2013 ലെ സ.ഉ.(സാധാ) നം. 272/2013 /പി.&ഇ.എ.

2 30.12.2017 ലെ സ.ഉ.(അച്ചടി) നം. 26/2017/പി.&ഇ.എ.

3 20.10.2020 ലെ സ.ഉ.(ആർ.റ്റി) നം. 400/2020/പി.&ഇ.എ.

4 18.01.2021-ൽ നിയമസഭാ മന്ദിരത്തിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടികുറിപ്പ്.

5 കെ.ഡിസ്ക് സെക്രട്ടറിയുടെ 20.01.2021 തീയതിയിലെ 136/2020/കെഡിസ്ക് നമ്പർ നടപടിക്രമം.

ഉത്തരവ്

ദേശീയ ഇന്നോവേഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യ ലക്ഷ്യങ്ങളും സംസ്ഥാനതലത്തിൽ പ്രായോഗികമായി നടപ്പിൽ വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കുകയുണ്ടായി. നവ കേരളത്തിന്റെ വികസന കാഴ്ചപ്പാടുകൾക്ക് ദിശാബോധം നൽകുവാനായി പരാമർശം (3) ഉത്തരവ് പ്രകാരം സർക്കാർ കേരള ഇന്നോവേഷൻ കൗൺസിലിനെ പുനഃസംഘടിപ്പിക്കുകയും കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

2. വികസന സമീപനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള വൈജ്ഞാനിക സ്രോതസ്സും ഉപദേശക സമിതിയായി പ്രവർത്തനം നടത്തുന്നതിനുള്ള ഒരു ആശയ രൂപീകരണ ഏജൻസി എന്ന നിലയിലാണ് കെ-ഡിസ്ക് പ്രവർത്തിക്കുന്നത്. കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള സ്ഥാപനമായ കെ-ഡിസ്ക്, ഗണിതശാസ്ത്രത്തിൽ കുട്ടികളുടെ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ "മഞ്ചാടി ടീച്ച് മാത്സ് ഫോർ കേരള" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ റിസോഴ്സ് ഗ്രൂപ്പുകളും കെ-ഡിസ്ക് നിയോഗിച്ച അനിമേറ്റർമാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശിപാർശ ചെയ്ത് നിയമിച്ചിട്ടുള്ള വോളന്റിയർമാരുമാണ് "മഞ്ചാടി" കൂടാരങ്ങളിലെ അക്കാദമിക് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. മഞ്ചാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഫലപ്രദമാണെന്ന വിലയിരുത്തലിന്റെ

അടിസ്ഥാനത്തിൽ "മഞ്ചാടി" പദ്ധതിയുടെ തുടർച്ചയായി അതേ മാതൃകയിൽ ശാസ്ത്രബോധം വർധിപ്പിക്കുന്നതിന് ഊന്നൽ നൽകി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് "മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള". പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും ഇതിനെ തുടർന്ന് പരാമർശം (5) നടപടി ക്രമം പ്രകാരം മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള പദ്ധതിയുടെ നടത്തിപ്പിനും ഉപദേശത്തിനുമായി കോർ ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കുട്ടികളിൽ വിമർശനാത്മക ചിന്ത മെച്ചപ്പെടുത്തുക (Critical thinking), അപ്രഗഥന ശേഷി (Analytical thinking) മെച്ചപ്പെടുത്തുക, ശാസ്ത്രസീമ മേഖലകളെക്കുറിച്ചും ശാസ്ത്ര ബോധത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുക (Scientific temper) മുതലായവയാണ് ഈ പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം. ഇതിന്റെ രീതിശാസ്ത്രം വ്യത്യസ്ത ആശയങ്ങളുടെ ഏകോപനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളടക്കം വികസിപ്പിച്ചെടുക്കുക എന്നുള്ളതാണ്. ഒറ്റപ്പെട്ട ആശയങ്ങളെ ആകെ അവതരിപ്പിക്കുന്നതിനു പകരം അതിന്റെ ഏകോപനത്തിനു സഹായിക്കുംവിധം ബഹുവിഷയ സ്പർശിയായി 3 മുതൽ 7 വരെയുള്ള ക്ലാസുകളിലെ ശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിലെ പഠന ലക്ഷ്യങ്ങളും ആശയങ്ങളും അഞ്ചു പ്രത്യേക തീമുകളായിട്ടു വിഭജിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പരിപാടിയുടെ ഭാഗമാകേണ്ട ബന്ധപ്പെട്ട അഞ്ചു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്. അഞ്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും അനുബന്ധ തീമുകളുടേയും വിശദാംശങ്ങൾ ചുവടെ ചെർത്തപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു :

നമ്പർ	തീമുകൾ	സ്ഥാപനങ്ങൾ	ജില്ല	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ
1	പരിസ്ഥിതിയും കൃഷി അനുബന്ധ മേഖലകളും	1. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ) 2. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി)	1. തൃശൂർ 2. പാലക്കാട്	1. പാണംചേരി ഗ്രാമപഞ്ചായത്ത് 2. മുണ്ടൂർ ഗ്രാമപഞ്ചായത്ത്
2	കേരള രാഷ്ട്രീയ സാമൂഹിക സാമ്പത്തിക സാംസ്കാരിക സന്ദർഭങ്ങൾ	ഐ.ആർ.ടി.സി.	പാലക്കാട്	മുണ്ടൂർ ഗ്രാമപഞ്ചായത്ത്
3	ഭൗമശാസ്ത്രം, ബഹിരാകാശ പര്യവേക്ഷണം, ഗതാഗതം വിവരവിനിമയം	ഗവൺമെന്റ് ആർട്സ് കോളേജ്	തിരുവനന്തപുരം	തിരുവനന്തപുരം കോർപ്പറേഷൻ
4	ഇന്ധനങ്ങൾ, ഊർജ്ജം, പദാർത്ഥ ഘടന	മഹാരാജാസ് കോളേജ്	എറണാകുളം	കൊച്ചിൻ കോർപ്പറേഷൻ
5	ഭക്ഷണം ആരോഗ്യം ശുചിത്വം സുരക്ഷ	ഗവൺമെന്റ് ബ്രണ്ണൻ കോളേജ്	കണ്ണൂർ	ധർമ്മടം ഗ്രാമപഞ്ചായത്ത്

4. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും വിദ്യാഭ്യാസ

വകുപ്പിന്റെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനാൽ ഇതിന്റെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും ആസൂത്രണ സാമ്പത്തിക കാര്യ (ഇന്നൊവേഷൻ & സ്റ്റാറ്റജിക്ക്) വകുപ്പ് എക്സ്. ഒഫീഷ്യോ സെക്രട്ടറി ശിപാർശ ചെയ്തിരുന്നു.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. "മഴവില്ല് ടീച്ച് സയൻസ് ഫോർ കേരള" പദ്ധതിയുടെ നടത്തിപ്പിനായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

- "മഴവില്ല്" പദ്ധതിയുടെ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മഴവിൽ കൂടാരം സ്ഥാപിച്ചു കൊണ്ടാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്. ഒരു മഴവിൽ കൂടാരത്തിൽ 50 കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. കോവിഡ് പ്രതിരോധത്തിനായി കൂടിചേരലുകളെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കണം പ്രവർത്തനം നടത്തേണ്ടത്. മറിച്ചു സർക്കാർ ഉത്തരവ് ലഭിക്കുന്നതു വരെ പ്രവർത്തനങ്ങൾ ഓൺലൈൻ ആയി വേണം സംഘടിപ്പിക്കാൻ.

- ബന്ധപ്പെട്ട റെസിഡൻസ് അസോസിയേഷന്റെയും വാർഡ് മെമ്പർ / കൗൺസിലർമാരുടെയും നേതൃത്വത്തിലാകണം കൂടാരത്തിലേയ്ക്ക് കുട്ടികളെ കണ്ടെത്തേണ്ടത്.
- വ്യത്യസ്തങ്ങളായ സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പശ്ചാത്തലമുള്ള കുട്ടികളെയായിരിക്കണം കൂടാരത്തിൽ ഉൾപ്പെടുത്തേണ്ടത്.
- മഴവില്ല് കൂടാരം സ്ഥാപിച്ചിട്ടുള്ള സ്ഥാപനം സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഒന്നര കിലോമീറ്റർ ചുറ്റളവിൽ നിന്നും കോർപ്പറേഷൻ പരിധിയിലാണെങ്കിൽ അര കിലോ മീറ്റർ മുതൽ ഒരു കിലോമീറ്റർ ചുറ്റളവിലും താമസിക്കുന്ന കുട്ടികളെ വേണം കൂടാരത്തിലേയ്ക്ക് കണ്ടെത്തേണ്ടത്. കുട്ടികളിൽ ആൺപെൺ സന്തുലനം ഉറപ്പുവരുത്തണം, വ്യത്യസ്ത സാമൂഹ്യ സാമ്പത്തിക വിഭാഗങ്ങളുടെ പങ്കാളിത്തവും ഉണ്ടാവണം.
- തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ കൗൺസിൽ ചെയ്യുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായികളായി പ്രവർത്തിക്കാനും കഴിയുന്നവരെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുട്ടികളുടെ പ്രാദേശിക വ്യത്യാസത്തിന് അനുപൂരകമായവിധം പരമാവധി അഞ്ചുപേരെ വോളന്റിയർമാരായി നിയമിക്കേണ്ടതാണ്.
- സയൻസ് വിഷയത്തിൽ ബിരുദം/മൂന്ന് വർഷത്തെ ഡിപ്ലോമ (എഞ്ചിനീയറിംഗ് വിഷയങ്ങളിൽ) എന്നീ യോഗ്യതയുള്ളവരെയാണ് വോളന്റിയർമാരായി തിരഞ്ഞെടുത്ത് നിയമിക്കേണ്ടത്. ആൺ പെൺ സന്തുലനം ഉണ്ടാവണം.
- വോളണ്ടിയർമാർക്കുള്ള വേതനം കെ.ഡിസ്ക് വഹിക്കേണ്ടതാണ്. കൂടാരങ്ങളിൽ ഉള്ള കുട്ടികൾക്ക് ലഘുഭക്ഷണവും കുടിവെള്ളവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിലേയ്ക്കുള്ള ചിലവുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതുമാണ്. കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടെന്ന് സ്ഥാപനങ്ങൾ തന്നെ ഉറപ്പുവരുത്തണം.
- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനും കൂടാരം പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനും കുട്ടികളുടെ രക്ഷകർത്താക്കളുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
3. പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.
4. ഡയറക്ടർ, കൊളേജിയേറ്റ് എഡ്യൂക്കേഷൻ.
5. ഡയറക്ടർ, പബ്ലിക് ഇൻസ്ട്രക്ഷൻ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. സെക്രട്ടറി, തിരുവനന്തപുരം /കൊച്ചി കോർപ്പറേഷൻ.
9. സ്ട്രാറ്റജിക് അഡ്വൈസർ, കെ-ഡിസ്ക്.
10. സെക്രട്ടറി, കെ-ഡിസ്ക്.
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
14. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങളുടെ അനുബന്ധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.830/2022/GEDN തീയതി,തിരുവനന്തപുരം, 14-02-2022

പരാമർശം:- 1. സ.ഉ.(സാധാ) നം. 3847/2019/പൊ.വി.വ തീയതി 27.09.2019

2. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05.02.2022ലെ KITE/2022/1515-6(2) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 15 വ്യവസ്ഥകളും അനുബന്ധമായി ഉപകരണങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ നിലവിൽ സ്പെസിഫിക്കേഷൻ പുതുക്കേണ്ടതിനാലും, പ്രസ്തുത ഉപകരണങ്ങളുടെ ലഭ്യതയ്ക്ക് കമ്പോളത്തിൽ ദൗർലഭ്യമുള്ളതിനാലും ടി.എസ്.പി. ആയ കെൽട്രോൺ ഇവ പുതുക്കണമെന്ന് കൈറ്റിനോട് ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ നിയോഗിച്ച ഐ.ടി. സാങ്കേതിക സമിതി ഈ വിഷയം പരിശോധിക്കുകയും സ്പെസിഫിക്കേഷൻ നിശ്ചയിക്കുകയും തുടർന്ന് താല്ക്കാലിക ക്രമീകരണം എന്ന നിലയിൽ കെൽട്രോണിനോട് ഇ-ടെണ്ടർ നടത്തി പുതിയ നിരക്ക് കണ്ടെത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. കെൽട്രോൺ ഇ-ടെണ്ടർ നടത്തി സമർപ്പിച്ച നിരക്ക് 05.02.2022-ന് ചേർന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതി അംഗീകരിച്ചതനുസരിച്ച് പരാമർശം (1) ഉത്തരവിലെ അനുബന്ധം പുതുക്കാൻ കൈറ്റ് സി.ഇ.ഒ. പരാമർശം (2) പ്രകാരം കത്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ, എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ടോ ഉപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും ആയത് വിന്യസിക്കുന്നതിനും പരാമർശം (1) സർക്കാർ ഉത്തരവിലെ 15 വ്യവസ്ഥകളും അതേപടി നിലനിർത്തി അനുബന്ധം മാത്രം ഭേദഗതി ചെയ്ത് പുതുക്കി ഉത്തരവാകുന്നു.

പുതുക്കിയ അനുബന്ധം ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
പ്രിൻസിപ്പൽ സെക്രട്ടറി

ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടേയും, പ്രതിപക്ഷനേതാവിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.പി.മാർക്കും, എം.എൽ.എ.മാർക്കും
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഡയറക്ടർമാർക്കും
(കൈറ്റ്, എസ്.എസ്.കെ., എസ്.സി.ഇ.ആർ.ടി., എസ്.ഐ.ഇ.ടി., സീമാറ്റ്,
കെ.എസ്.എം.എൽ.എ., കെ.എസ്.എം.എസ്.കെ.)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഐ.ടി. വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, വ്യവസായ വകുപ്പ്
സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം. (വെബ്സൈറ്റ്
മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ. ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്
പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പ്
പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

Si No	Item	Minimum Specification	Rate (Inclusive of tax) in Rs.
1	Laptop	**Laptop Computer** Processor: Intel Core i3 1115G4 Memory: 4 GB DDR4 RAM Expandable up to at least 8 GB Hard Disk: 512 GB SSD or Higher Display: Antiglare HD LED Backlit Display Display Size: 14” Wireless connectivity: Integrated wireless b/g/n Integrated Bluetooth Speaker: Integrated Stereo Speaker Keyboard: Keyboard with Touch Pad Camera: Integrated HD Camera Audio: Integrated Expansion Port: 3 USB Port (at least two number of USB 3.0 and One number of Type C) ,10/100/1000 Ethernet Card, HDMI, 1Head phone/microphone combo or Separate & other Standard features Power Supply: 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Polymer battery/ Li- Ion Polymer battery Mouse: Optical Scroll mouse Carry case: Backpack Weight: Less than or equal to 1.8 Kg Certification: ROHS Compliance & BIS for Product Operating System: KITE_GNU_Linux 20.04 **Warranty: 5-year comprehensive onsite warranty including battery and charger**	**43,981**
2	Projector	**Multimedia Projector** Native Resolution XGA (1024x768) Brightness 3600 ANSI Lumens Aspect Ratio 4:3 and 16:9 compatible Input: 1 x HDMI, 1x VGA, Contrast Ratio: 15000:1 Accessories HDMI Cable (1.5 Metre), Remote control with battery Certifications: The product should have BIS certification **Warranty: 5 Years Comprehensive on Site Including Lamp**	**31,248**
3	Speaker	**USB Speaker** 2.0 Multimedia Stereo Speaker; USB Powered; Hardwired 3.5 mm connection (for audio).; Mesh in front to safeguard speaker diaphragm.; Frequency Response - 180Hz - 18kHz; Output RMS Power Minimum 2.5W + 2.5W;S/N Ratio - >= 65dB; **Warranty: 5 years carry in**	**867**

4	Projector Screen	**Wall type pull down projection screen (6ft x 4ft) -** In a rugged case with manual pull-down, spring-loaded mechanism for slow retraction, wrinkle free high-definition white anti-glare matte finish fabric screen with back protection for light penetration, viewing angle minimum 160 deg wide (+/- 80 deg left and right) Durable Octagonal shaped housing with power coated finish, with all necessary mounting hardware for wall mounting. Screen Size - 6 ft x 4 ft; Weight maximum - 8 Kg; **Warranty:5 years onsite comprehensive**	**2,600**
5	Projector Ceiling Mount Kit - Supply & Installation	**Projector Ceiling Mount Kit – Supply & Installation:** Projector Ceiling Mount including mounting hardware and accessories, 3ft (1.5ft length extendable up to 3 ft), Universal type compatible with all projector brands & models, Pole Material - Aluminum, mounting Bracket & Legs made of Cold roll steel powder coated- white, capable of fixing on all type of Roofing; **Warranty: 5 years onsite comprehensive** **HDMI Cable (10 mtr) P/N:** 1.4 V high speed HDMI cable with 24K Gold plated connectors that must be corrosion resistant, HDMI male to male connectors, non-slip and non-screw connectors, should be able to withstand minimum pull force, Conductors 28 AWG copper wire, PVC Jacket, shielding level triple and shielding type Aluminum-Mylar, Dust cap on both ends, supports 1080P video resolution, supports 10.2GB bandwidth and ROHS compliance; **Warranty: 5 years onsite comprehensive** **Wall Face Plate for HDMI (Metal Passive Wall plate):** Fitted with HDMI female to female coupler HDMI connectors are to be gold plated and with ROHS compliance. Back box suitable for the above made of ABS plastic with mounting screws. Colour: White/Ivory, Wall mounting type.; **Warranty: 5 years onsite comprehensive** **Power cabling for Projector 15M -** Around 15 mtrs of Cable and 5A plug top; **Warranty: 5 years onsite comprehensive** **Installation using Cap & Casing:** Supplying of PVC Casing and Cap having BIS approved (IS14927 Part II) for the required length of power cable / data cable except the free length at connecting ends, Installation of ceiling mount unit of projector as per the location for required image size specified by the end user / screen size, Installation of projector with proper connections, Laying of casing cap with proper screws, fixtures tags etc. properly and neatly as per the site requirements, Fixing of HDMI Face plate with back box, Termination of face plate and back box, etc.	**6,200**

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പ്രോജക്ട് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും പുതുക്കിയ മാർഗനിർദ്ദേശങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ)നം.3847/2019/പൊ.വി.വ. തിരുവനന്തപുരം,തീയതി, 27.09.2019

പരാമർശം:-
1. സ.ഉ.(സാധാ) നം. 2777/2016/പൊ.വി.വ തീയതി 26.08.2016
2. സ.ഉ.(സാധാ) നം. 97/2018/പൊ.വി.വ തീയതി 06.01.2018
3. 10.12.2018 ലെ CPMU-1/156/2018-PLGEA നം. സർക്കുലർ
4. സ.ഉ.(സാധാ) നം.2278/2019/പൊ.വി.വ തീയതി 12.06.2019
5. സ.ഉ.(സാധാ) നം.1327/2019/ഉ.വി.വ തീയതി 30.07.2019
6. കൈറ്റ് വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.08.2019 ലെ കൈറ്റ്/2019/1515-6 (6) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും, കൈറ്റിന്റെ (ഐടി@സ്കൂൾ) മേൽനോട്ടത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

സംസ്ഥാനത്ത് ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തിയ ദേശീയ ടെണ്ടറിൽ ലഭിച്ച വില വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഐടി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) പ്രകാരം എം.പി.എൽ.എ.ഡി സ്കീമുകൾക്കും ഈ മാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടുണ്ട്. പരാമർശം (4) പ്രകാരം ലാപ്ടോപ്പുകളുടെ വില പുതുക്കി നിശ്ചയിച്ചിരുന്നു.

പരാമർശം (5) പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഐടി ഉപകരണങ്ങൾ വാങ്ങുന്നതിനും അഞ്ചു വർഷ വാറണ്ടി ഉൾപ്പെടെയുള്ള കൈറ്റിന്റെ സ്പെസിഫിക്കേഷൻ ബാധകമാക്കിയിരുന്നു.

നടപ്പ് വർഷം ഹൈടെക് ലാബ് പദ്ധതിയിലേക്ക് നടത്തിയ ദേശീയ ടെണ്ടറിൽ ലഭിച്ച വില വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന മാർഗനിർദ്ദേശങ്ങൾ 24.08.2019-ന് കൂടിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക സമിതി അംഗീകരിച്ചതായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതോടൊപ്പം പ്രസ്തുത മാർഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കണമെന്നും പരാമർശം (6) ലെ കത്ത് മുഖാന്തിരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ, എം.പി/എം.എൽ.എ/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും, ഒറ്റപ്പെട്ട വാങ്ങലുകൾക്കും ആയത് വിന്യസിക്കുന്നതിനും പരാമർശം (2), (4) പ്രകാരം പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു:

1) ലാപ്‌ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 42" ടെലിവിഷൻ എന്നിവ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ അനുബന്ധം ആയി നൽകിയ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കണം വാങ്ങേണ്ടത്.
2) സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടുകളും നേരിട്ടും, എം.എൽ.എ/എം.പി/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന ഒറ്റപ്പെട്ട വാങ്ങലുകൾക്കും ഈ വ്യവസ്ഥകൾ ബാധകമായിരിക്കും.
3) സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൽകുന്ന എല്ലാ ഐടി ഉപകരണങ്ങൾക്കും അഞ്ച് വർഷം വാറണ്ടി ഉറപ്പാക്കണം. അനുബന്ധമായി നൽകിയ മാർഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല.
4) ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ്‌ടോപ്, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്. മാർഗനിർദേശങ്ങളിൽ പരാമർശിക്കാത്ത ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് ടി.വി. പോലുള്ളവ അവയുടെ ഉപയോഗം കാര്യക്ഷമമല്ല എന്ന് കണ്ടതിനാൽ സ്കൂളുകളിൽ വിന്യസിക്കേണ്ടതില്ല.
5) സ്കൂളുകളിൽ ഡെസ്ക്ടോപ്പ്, 600 VA യു.പി.എസ് എന്നിവ വിന്യസിക്കേണ്ടതില്ല. പോർട്ടബിലിറ്റി, പവർ ബാക്ക്അപ്, വൈദ്യുതി ഉപയോഗം തുടങ്ങിയവ പരിഗണിച്ച് പകരം ലാപ്‌ടോപ് കമ്പ്യൂട്ടറുകളാണ് വിന്യസിക്കേണ്ടത്. മാർഗനിർദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്നു തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും മൊത്തം പ്രോജക്ട് തുക 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചു വാങ്ങാവുന്നതാണ്.
6) വിതരണക്കാർ, പ്രഥമാധ്യാപകനും ഐടി കോ-ഓർഡിനേറ്റർക്കും ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്. എല്ലാ ഐ.ടി. ഉപകരണങ്ങളിന്മേലും ഇൻസ്റ്റലേഷൻ തീയതി, വാറന്റി പിരീഡ്, സർവീസ് നടത്തേണ്ട സ്ഥാപനം/വ്യക്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം ഉപകരണങ്ങൾ ലഭ്യമാക്കിയ പദ്ധതി, വർഷം, ധനസ്രോതസ് എന്നീ വിവരങ്ങളും സ്കൂളുകളിൽ ഉണ്ടായിരിക്കേണ്ടതാണ്.
7) ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾസെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്.
8) ഹാർഡ്‌വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും, പരമാവധി അഞ്ച് പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ (നൂറ് രൂപ മാത്രം) നിരക്കിൽ പിഴ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) ഈടാക്കേണ്ടതാണ്.
9) മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്റ്റ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴി വാങ്ങാവുന്നതാണ്. ഈ സന്ദർഭങ്ങളിൽ കൈറ്റും സി.പി.ആർ.സി.എസും ഹാർഡ്‌വെയർ വാങ്ങുമ്പോൾ അവലംബിക്കുന്ന ഫീൽഡ്

പരിശോധനാ സമ്പ്രദായം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റിന് അനുസൃതമായി പേമെന്റ് നൽകുന്ന) അനുവർത്തിക്കാവുന്നതാണ്. ഇത്തരം ഘട്ടത്തിൽ ഗുണമേന്മാ പരിശോധന കേന്ദ്രീകൃതമായി കെൽട്രോൺ ഉറപ്പുവരുത്തേണ്ടതും ഉപകരണങ്ങൾ അതത് സ്കൂളുകളിൽ വിന്യസിക്കുകയും ചെയ്യേണ്ടതാണ്. പിന്നീട് പ്രത്യേക സാങ്കേതിക പരിശോധന ഈ സന്ദർഭത്തിൽ ആവശ്യമില്ല. പ്രത്യേക വ്യവസ്ഥയിൽ ബൾക്ക് പർച്ചേസിലൂടെ ലഭിച്ച വിലയായതിനാൽ നിർവഹണ ഏജൻസികൾ ഇൻസ്റ്റലേഷന് ശേഷം പരമാവധി രണ്ട് മാസത്തിനകം പേയ്മെന്റ് ഉറപ്പാക്കേണ്ടതാണ്.

10) എസ്.സി.ഇ.ആർ.ടിയും കൈറ്റും സംയുക്തമായി അംഗീകരിച്ചശേഷം മാത്രമേ സ്കൂളുകളിലേക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക് കണ്ടന്റ് ലഭ്യമാക്കാവൂ. പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതും ആയ സോഫ്റ്റ്‌വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ല.

11) ഈ മാർഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത ഐ.ടി. പ്രൊപ്പോസലുകൾ സ്കൂളുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കാനായി പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ (ടി.എസ്.പി കൾ) സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി (എം.പി./എം.എൽ.എ./തദ്ദേശഭരണ സ്ഥാപനങ്ങൾ) പരിഗണിക്കുവാൻ പാടുള്ളതല്ല.

12) ഈ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ സ്കീമുകൾക്ക് സമർപ്പിക്കുന്ന ഐ.ടി. പ്രൊപ്പോസലുകൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ വേറെ സാങ്കേതിക അനുമതി ആവശ്യമില്ല.

13) ഇതേ വ്യവസ്ഥകൾ (മിനിമം സ്പെസിഫിക്കേഷൻ, പരമാവധി വില, വില്പനാനന്തര സേവന വ്യവസ്ഥകൾ) പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഐടി വകുപ്പ് വഴി നടപ്പാക്കുന്ന സി.പി.ആർ.സി.എസ് (cprcs.kerala.gov.in) വഴിയും അനുവദനീയമായ ഉപകരണങ്ങൾ (ഉദാ: മൾട്ടിഫംഗ്ഷൻ പ്രിന്റർ) വിവിധ സ്കീമുകൾ വഴി സ്കൂളുകളിലേക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വാങ്ങാവുന്നതാണ്.

14) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകളിലേയും സ്ഥാപനങ്ങളുടെയും ഐടി ഉപകരണങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോക് രജിസ്റ്റർ കൈറ്റ് തയ്യാറാക്കേണ്ടതും ഇതിൽ എല്ലാ സ്ഥാപനങ്ങളും വിവരങ്ങൾ ലഭ്യമാക്കുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്. ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർനടപടികൾക്കുമായി ഓരോ വർഷവും പ്രത്യേക ഐടി ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് കൈറ്റ് നടത്തേണ്ടതും വിവരങ്ങൾ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

15) സ്കൂളുകൾക്കായി പുറപ്പെടുവിച്ചിട്ടുള്ള സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ കൃത്യമായി പാലിക്കേണ്ടതാണ്. കുട്ടികളുടെ സ്വകാര്യ വിവരങ്ങൾ പങ്കുവെക്കുന്ന തരത്തിലും മറ്റും സ്വകാര്യ സെർവറുകളിൽ ഹോസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടത്താൻ പാടില്ല. പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചതല്ലാത്ത ഇ-ഗവേർണൻസ് ആപ്ലിക്കേഷനുകൾ, സവിശേഷ ഐടി പ്രവർത്തനങ്ങൾ എന്നിവയ്ക്കായി വകുപ്പിന്റെ പ്രത്യേകാനുമതി വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എസ്.കൃഷ്ണകുമാർ

അഡീഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം

9.4 വനിതാ വികസനം, ശിശു വികസനം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അംഗൻവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഹോണറേറിയത്തിന്റെ കുടിശ്ശിക തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്നതിനുള്ള അനുമതി -ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം. **47/ 2019/ തസ്വഭവ.** തീയതി, തിരുവനന്തപുരം, **07/ 05/ 2019.**

പരാമർശം:-

1 29.11.2018 ലെ സ.ഉ(സാധാ)നം.9858/ 2018/ ധന

2 03.04.2019 ലെ സ.ഉ(സാധാ)നം.2772/ 2019/ ധന

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019 ലെ 3.2-ാം നമ്പർ യോഗ തീരുമാനം.

ഉത്തരവ്

അംഗനവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഹോണറേറിയത്തിന്റെ കുടിശ്ശിക വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്രകാരമുള്ള കുടിശ്ശിക തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതിനാൽ കുടിശ്ശിക തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം(3) പ്രകാരം തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അംഗൻവാടി ജീവനക്കാർക്ക് നൽകേണ്ട ഹോണറേറിയത്തിന്റെ കുടിശ്ശിക തുക വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് പുറമേ തനത് ഫണ്ടിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ.ബി

ഗവ. ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെ ബ്സൈ റ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Ramya MS

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അംഗൻവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി - 3 മുതൽ 6 വയസ്സുവരെയുള്ള പ്രീസ്കൂൾ വിഭാഗം കുട്ടികൾക്കുള്ള ഉച്ചഭക്ഷണം - ഗുണഭോക്താവിന്റെ പച്ചക്കറിക്കുള്ള തുക പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.2172/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/10/2019

പരാമർശം:- (1) സ.ഉ.(സാധാ)നം.883/2011/തസ്വഭവ തീയതി 26.03.2011

(2) വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.11.2018-ലെ ICDS/DB3-23754/18-നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019-ൽ കൂടിയ യോഗത്തിലെ തീരുമാനം നമ്പർ 4.24

ഉത്തരവ്

അംഗൻവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി, 3 മുതൽ 6 വയസ്സുവരെയുള്ള പ്രീ സ്കൂൾ വിഭാഗം കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഒരു ഗുണഭോക്താവിന് പച്ചക്കറിക്ക് 1 രൂപയും ട്രാൻസ്പോർട്ടേഷന് ഒരു കിലോയ്ക്ക് 50 പൈസയുമായി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത നിരക്ക് യഥാക്രമം 2 രൂപയും 1 രൂപയുമായി വർദ്ധിപ്പിക്കണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശുവികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. 29.08.2019-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മേൽ വിഷയം പരിഗണിക്കുകയും പച്ചക്കറിക്ക് ഒരു ഗുണഭോക്താവിന് 1 രൂപ എന്നത് 2 രൂപയാക്കാൻ അനുമതി നൽകുകയും, ട്രാൻസ്പോർട്ടേഷൻ ചെലവ് വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരസിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3)-ലെ

യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗൻവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി, 3 മുതൽ 6 വയസ്സുവരെയുള്ള പ്രീ സ്കൂൾ വിഭാഗം കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഒരു ഗുണഭോക്താവിന് പച്ചക്കറിക്ക് 1 രൂപ എന്നത് 2 രൂപയായി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷൻ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള **സർക്കാർ**

നം. 167/ഇപിഎ 3/2019/തസ്വഭവ

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്
തിരുവനന്തപുരം
തീയതി: 11/08/2020

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - അങ്കണവാടി ജീവനക്കാരുടെ അധിക ഓണറേറിയം വികസന ഫണ്ട് ഉപയോഗിക്കണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന:
1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.04.2018 ലെ ഇ.പി.എ 3/2017/ത.സ്വ.ഭ.വ നം കത്ത്
2) സ.ഉ.(സാധാ) നം.81/2019/തസ്വഭവ തീയതി 17.01.2019
3) 26.09.2019-ലെ വികേന്ദ്രീകൃത സംസ്ഥാനതല കോഓഡിനേഷൻ കമ്മിറ്റിയുടെ 3.1.2-ാം നമ്പർ തീരുമാനം
4) 24.06.2020-ലെ വികേന്ദ്രീകൃത സംസ്ഥാനതല കോഓഡിനേഷൻ കമ്മിറ്റിയുടെ 3.1-ാം നമ്പർ തീരുമാനം

അംഗൻവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ തുക സാമൂഹ്യ നീതി വകുപ്പിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്തോ, സേവിംഗ്സ് ഉപയോഗിച്ചോ തുക കണ്ടെത്തേണ്ടതാണെന്ന് സൂചന (1), (2) എന്നിവ പ്രകാരം വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അംഗൻവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടി വന്നാൽ ഇതിന് വികസന ഫണ്ട് തന്നെ ഉപയോഗിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

ഷീബ.ബി
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം.
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഭരണഭാഷ മാതൃഭാഷ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അംഗൻവാടികളിൽ കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിൽ റാഗി, തിന,മില്ലറ്റ് എന്നിവ ഉൾപ്പെടുത്തുന്നതിന് - അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1636/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/09/2020

പരാമർശം:- 1 വനിതാശിശു വികസന ഡയറക്ടറുടെ 14.02.2019-ലെ ICDS/B3-34955/17-ാം നം. കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 20/03/2019- ലെ ജെ1-3854/2019 നമ്പർ കത്ത്

3 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 4.9 നമ്പർ തീരുമാനം

ഉത്തരവ്

അങ്കണവാടികളിലെ കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിൽ റാഗി, തിന, മില്ലറ്റ് എന്നിവ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതിനായി പരാമർശം (1) (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ച, അംഗൻവാടികളിൽ കുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിൽ റാഗി, തിന, മില്ലറ്റ് എന്നിവ. ഇവ കേരളത്തിൽ തന്നെ ഉൽപാദിപ്പിക്കുന്നവയാകണമെന്ന നിബന്ധനയോടെ,ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ ബി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ) കേരള, ബ്രഞ്ച് ഓഫീസ്, തൃശ്ശൂർ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/ 46/ 20/ തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി(ബി) വകുപ്പ്

സ.ഉ.(സാധാ) നം.514/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 28/09/2020

1 കേന്ദ്ര സർക്കാരിന്റെ 25-03-19 ലെ 14/4-CDII-e-66710 നമ്പർ കത്ത്.

പരാമർശം:-

2 വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ15.02.2020 ലെ ഐസിഡിഎസ്/ബി5/30277/19 നമ്പർ കത്ത്.

ഉത്തരവ്

ഐസിഡിഎസ് മിഷൻ രൂപീകരിച്ചതിന്റെ ഭാഗമായി അങ്കണവാടി കെട്ടിടങ്ങളുടെ വാടക 500-600 ചതുരശ്ര വിസ്തീർണമുള്ള ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് 750/- രൂപയും , അർബൻ ഏരിയായിൽ 3,000/- രൂപയുമാണ് കേന്ദ്ര സർക്കാർ നിലവിൽ നൽകി വരുന്നതെന്നും എന്നാൽ പരാമർശം (1) പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം 500-600 ചതുരശ്ര വിസ്തീർണമുള്ള ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് 750/- രൂപയിൽ നിന്നും 1,000/- രൂപയായും അർബൻ ഏരിയായിൽ 3,000/- രൂപയിൽ നിന്ന് 4000/- രൂപയായും വാടകയിനത്തിൽ ഉയർത്തിയിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ വകുപ്പിന് കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7926 അങ്കണവാടികൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം തുക ചെലവഴിക്കേണ്ടിവരുമെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഗ്രാമപ്രദേശങ്ങളിലെ വാടക നിരക്ക്

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ	നിലവിലെ നിരക്ക് പ്രകാരം ആവശ്യമായ തുക @ 750	പുതുക്കിയ നിരക്ക് @ 1000	അധികം ആവശ്യമായ തുക (3-2)
1	2	3	4
5786	750 X 5786 = 4339500	1000 X 5786 = 5786000	1446500

നഗരപ്രദേശങ്ങളിലെ വാടക നിരക്ക്

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ	നിലവിലെ നിരക്ക് പ്രകാരം ആവശ്യമായ തുക @ 3000	പുതുക്കിയ നിരക്ക് @ 4000	അധികം ആവശ്യമായ തുക (3-2)

1	2	3	4
2140	3000 X 2140 = 6420000	4000 X 2140 = 8560000	2140000

പ്രതിമാസം ആകെ (1446500 + 2140000) = 35,86,500/- രൂപ

ഒരു വർഷത്തേയ്ക്ക് ആവശ്യമായ തുക 35,86,500 x 12 = 4,30,38,000/- രൂപ

ഇപ്രകാരം ഒരു വർഷത്തേയ്ക്ക് ആവശ്യമായ തുകയായ 4,30,38,000/- രൂപ യുടെ 60% തുകയായ 25,82,28000/- രൂപ കേന്ദ്ര വിഹിതമായും, 40% ആയ 1,72,15,200 രൂപ സംസ്ഥാന വിഹിതമായും ചെലവഴിക്കേണ്ടിവരുമെന്നും, ആയതിനാൽ അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുബന്ധമായി പ്രതിപാദിച്ചിട്ടുള്ള പ്രകാരം മാനദണ്ഡം അംഗീകരിക്കുന്നതിനും, കൂടാതെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള അംഗീകാരം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും , നിശ്ചയിക്കപ്പെട്ട വാടക അംഗീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും നൽകുന്നതിനുള്ള അനുമതിയും, കേന്ദ്രം അനുവദിച്ച പുതുക്കിയ വാടക ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി ആവശ്യമുള്ള 4,30,38,000/- (നാല് കോടി മുപ്പത് ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപ മാത്രം) രൂപ 2235-02-102-47-06 RRT ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ച. അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുബന്ധമായി പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡം അംഗീകരിച്ചും, കൂടാതെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള അംഗീകാരം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും, നിശ്ചയിക്കപ്പെട്ട വാടക അംഗീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും നൽകുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

(4) കേന്ദ്രം അനുവദിച്ച പുതുക്കിയ വാടക ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി ആവശ്യമുള്ള 4,30,38,000/- (നാല് കോട് മുപ്പത് ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപ മാത്രം) രൂപ 2235-02-102-47-06 RRT ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

Particulars	Specifications	Score Value
1. Land Value	Less than Rs. 10,000	1
(1R = 2.47 Cent)	Rs. 10,000 -50,000	2
	Rs. 50,000 – 1,00,000	3
	Rs. 1 Lakh to 2 lakh	4
	Rs. 2 Lakh to 5 lakh	5
	Rs. 5 Lakh to 10 lakh	6
	Above Rs. 10 lakh	7
I. Roof type	Others	1
	Tiles roof	2
	Concrete	3
II. Electricity Connection	Available	2
	Not available	0
III. Water supply connection	Available	2
	Not available	0
IV. Toilet Facility	Available	2
Building without sanitary latrines will not be considered	Not available	0
V. Floor type	Others	1
	Cement floor	2
	Mosaic	3
	Tiled floor	4
VI. Age of building	Above 25 years	0
	10-25 years	1
	5-10 years	2
	Less than 5 years	3
VII. No. of rooms	1	1
(except toilet)	2	2
	3	3
	More than 3	4

VIII. Road areas	No	0
	Yes	1
IX. Area of building	Less than 200 sq.ft	1
	200 to 300	2
	300 to 500	3
	Above 500 sq. feet	4

Total Score = 24

	റൂറൽ		അർബൻ	
Score Value	നിലവിലെ വാടക	പുതുക്കിയ വാടക	നിലവിലെ വാടക	പുതുക്കിയ വാടക
Upto 10	400	550	1000	2000
Upto 11 to 15	600	800	2000	3000
16 and Above	750	1000	3000	4000

9.5 പൊതുജനാരോഗ്യം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് -കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 1935/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 17.07.2018.

പരാമർശം : 1) സ.ഉ.(സാധാ.)നം.2479/2017/ത.സ്വ.ഭ.വ.തീയതി , 19.07.17

2) കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)പ്രസിഡണ്ടിന്റെ 30/ 05/ 2018 ലെ കത്ത്

3) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 10/ 07/ 2018 ലെ സി 2-26731/ 2017-ാം നമ്പർ കത്ത്

ഉത്തരവ്

മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്കു ആവശ്യമായ ആയുർവേദ മരുന്നുകൾ 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവോടെ കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്ഒരു വർഷത്തേക്ക് അനുമതി നല്കിയിരുന്നു.ടി ഉത്തരവിന്റെ കാലാവധി 18.07.18 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ടി സംഘം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് വിൽപ്പന നടത്തുന്നതിനുള്ള കാലാവധി 5 വർഷം കൂടി ദീർഘിപ്പിച്ചുനൽകണമെന്ന് കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രസിഡന്റ് പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ടി സംഘത്തിന് അനുവദിക്കപ്പെട്ട ജി.എം.പി കാലയളവ് വരെ സംഘത്തിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് അനുമതി നല്കാവുന്നതാണെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളുടെ ആവശ്യങ്ങൾക്കായി 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് അനുവദിക്കണമെന്ന നിബന്ധനയോടെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് 19/ 07/ 18 തീയതി മുതൽ ഒരു വർഷത്തേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി/ചെയർമാൻ,എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും(പഞ്ചായത്ത് ഡയറക്ടർ,നഗരകാര്യ ഡയറക്ടർ,ഗ്രാമവികസന കമ്മിഷണർ മുഖേന)
പ്രസിഡന്റ്,കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം),മുണ്ടക്കൽ,കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

കേരള സർക്കാർ

നം.ഡി.എ. 1/627/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 07.09.2018

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സർ,

വിഷയം : തസ്വഭവ - ഔഷധിയിൽ നിന്നും മരുന്നു ലഭ്യമല്ലാതെ വന്നാൽ മറ്റ് ഏജൻസിയിൽ നിന്ന് ടെണ്ടറിലൂടെ മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്

സൂചന :- 1. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ 19.07.2018-ലെ AP 240/2017/868-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന യോഗത്തിന്റെ പ്രത്യേക വിഷയ തീരുമാനം നം. 4.18

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഒന്നിലെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന യോഗം പരിശോധിച്ചു. ടി യോഗത്തിന്റെ സൂചന രണ്ടിലെ തീരുമാനപ്രകാരം **14.02.2018**-ലെ സ.ഉ(കൈ) **22/18/**തസ്വഭവ നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക **7.5.3(2)** പ്രകാരമുള്ള നിബന്ധന പാലിച്ചുകൊണ്ട് വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ, ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്എന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ

പകർപ്പ്:- മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, പേരൂർക്കട, തിരുവനന്തപുരം

കേരള സർക്കാർ

നം.ഡി.എ 1/814/2018/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 17.12.2018

സർക്കുലർ

വിഷയം:- - IMPCOPS ൽ നിന്ന് മരുന്ന് നേരിട്ട് വാങ്ങുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നംബർ 4.4 ഉം 31.10.18 ൽ ചേർന്ന യോഗത്തിന്റെ 2.2 നമ്പർ തീരുമാനവും

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സിദ്ധ ഡിസ്പെൻസറികളിലേയ്ക്കാവശ്യമുള്ള മരുന്നുകൾ ഔഷധി വഴി IMPCOPS (Indian Medical Practitioners Co-operative Pharmacy and Stores) യിൽ നിന്നാണ് വാങ്ങുന്നത്. IMPCOPS - സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്ന 25% കിഴിവ് ഡിസ്പെൻസറികൾക്ക് നൽകാതെ ഔഷധിയാണ് കൈപ്പറ്റുന്നതെന്ന് സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറി അറിയിച്ചിരുന്നു. സൂചനയിലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ IMPCOPS നൽകുന്ന 25 % കിഴിവ് അതത് തദ്ദേശഭരണ സ്ഥാപനത്തിന് ഔഷധി നൽകേണ്ടതാണ്. ഈ ഡിസ്കൗണ്ട് ഔഷധി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് IMPCOPS- ൽ നിന്ന് മരുന്ന് നേരിട്ടു വാങ്ങാവുന്നതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഔഷധി, കുട്ടനെല്ലൂർ, തൃശ്ശൂർ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/881/2018/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 26.12.2018

സർക്കുലർ

വിഷയം:- - കുഷ്ഠരോഗം തുടക്കത്തിലേ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിന്റെ ഭാഗമായി നടത്തുന്ന സർവ്വേ -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ ചേർന്ന യോഗത്തിന്റെ 3.15 നമ്പർ തീരുമാനം

സംസ്ഥാനത്ത് കുഷ്ഠരോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് കൂടുതൽ. ഈ രോഗം തുടക്കത്തിലേ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുന്നതിന്റെ ഭാഗമായി സർവ്വേ നടത്തുന്നുണ്ട്. ഇതിന് ആവശ്യമായ സഹായം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകേണ്ടതാണ്. ഇത് ജില്ലാ ആസൂത്രണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഡി.പി.സി. ചെയർ പേഴ്സൺ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരുമായി സ്റ്റേറ്റ് ലെപ്രസി ഓഫീസർ ബന്ധപ്പെടേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് ലെപ്രസി ഓഫീസർ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള ആതുരപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി 24. 12. 18 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 78/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 16.01.2019.

പരാമർശം : 1. സ.ഉ.(സാധാ.)നം. 3511/2016/ത.സ്വ.ഭ.വ. തിയതി 24. 12. 16.
2. സ.ഉ.(സാധാ.)നം. 4004/2017/ത.സ്വ.ഭ.വ. തിയതി 12. 12. 17
3. കേരള ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 27. 09. 18 ലെ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള ആതുരപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി പരാമർശം (1) ലെ വ്യവസ്ഥകൾക്കു വിധേയമായി പരാമർശം (2) പ്രകാരം 24. 12. 17 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി അനുമതി 31.12.2020 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3)ലെ കത്തിലൂടെ കേരള ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകൾ ഡ്രഗ്സ് കൺട്രോളറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിച്ച് വിലയും ഗുണനിലവാരവും ഉറപ്പുവരുത്തി സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആതുരപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി 24. 12. 18 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള ആയുർവേദിക് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, മീഞ്ചന്ത,
കോഴിക്കോട്, 673018
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.442/ഡി.ബി.2/18/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്,
തിരുവനന്തപുരം, തീയതി, 17/1/19

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീവരെ നിയമിക്കുന്നത് - കൂടുതൽ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു

സൂചന: 1) 02/07/2018 ലെ 210/ഡിബി2/2018/തസ്വഭ സർക്കുലർ
2) വികന്ദീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ 30.11.2018 ലെ പൊതുവിഷയങ്ങളിലെ തിരുമാനം നം.3.1

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ഉച്ച കഴിഞ്ഞത്തെ പ്രവർത്തനത്തിന് ഡോക്ടർമാരെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനാജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണെന്നും പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെ ആക്കുന്നതിന്റ ഭാഗമായി മാത്രമേ ഇപ്രകാരം നിയമനം നടത്താവൂവെന്നും സൂചന (1) പ്രകാരം നിർദേശം നൽകിയിരുന്നു. എന്നാൽ കുടുംബരോഗ്യ പ്രവർത്തനം സംബന്ധിച്ച പ്രസ്തുത സർക്കുലറിൽ മാറ്റം വരുത്തണമെന്ന് ആർദ്രം മിഷന്റ ആവശ്യം സൂചന (2) യോഗം പരിശോധിച്ചിരുന്നു. ടി യോഗ തീരുമാനപ്രകാരം ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പഞ്ചായത്തിൽ നിന്നും നേരിട്ട് നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തിയെടുക്കുന്ന രീതി അവലംബിക്കാൻ അനുമതി നൽകുന്നു.

2) നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നല്കാവുന്നതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

3)മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്നവർ ഉച്ച കഴിഞ്ഞത്തെ സേവനം മാത്രം നടത്തുന്ന രീതിയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണിവരെ സേവനം നടത്തുന്നതിന് ഒരു ടീമായി പ്രവർത്തിക്കുന്നതിന് മറ്റു ഡോക്ടർമാരുമായി ചേരണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം, ഉപകേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. എന്നാൽ ഉച്ചകഴിഞ്ഞ 1.00 മണി മുതൽ 6.00 മണി വരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും നഴ്സുമാരും ഉണ്ട് എന്നുറപ്പു വരുത്തണം.

4)കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിർബന്ധമായും അധികമായി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കണം.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം. (ആവശ്യമായ നിർദേശം നല്കുന്നതിന്)
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായ നിർദേശം നല്കുന്നതിന്)
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായ നിർദേശം നല്കുന്നതിന്)
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.(ആവശ്യമായ നിർദേശം നല്കുന്നതിന്)
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ. എസ്) വകുപ്പ്, ഡിബി2/442/18
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - മാർഗരേഖ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.553/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 07/03/2019

പരാമർശം:- 1. 15.04.2008-ലെ സ.ഉ.(പി)നം.109/2008/ആ.കു.ക്ഷേ.വ
2. 02.11.2009 ലെ സർക്കുലർ നമ്പർ 66373/ഡി.എ 1/2009/തസ്വഭവ
3. 23.08.2012 ലെ സ.ഉ.(എം.എസ്)നമ്പർ 228/2012/ തസ്വഭവ
4. 29.10.2015 ലെ സ.ഉ.(സാധാ)നമ്പർ 3217/2015/ തസ്വഭവ
5. 29.11.2017 ലെ സ.ഉ(സാധാ)നം.3845/2017/തസ്വഭവ
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.07.2018 ലെ സർക്കുലർ നമ്പർ പി.എച്ച്.5-51297/18/ഡി.എച്ച്.എസ്
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 27.02.2019 ലെ യോഗത്തിലെ 4.52-ാം നമ്പർ തീരുമാനം

ഉത്തരവ്

ഉയർന്ന ആയുർദൈർഘ്യവും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും, ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടേയും തോത് ഗണ്യമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ പുന:ക്രമീകരിച്ചുകൊണ്ട് ആരോഗ്യവകുപ്പ് പരാമർശം 6 പ്രകാരം മാർഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. ഇതിന് അനുസൃതമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാർഗരേഖയിൽ ചില മാറ്റങ്ങൾ അനിവാര്യമായിട്ടുണ്ട്. കൂടാതെ പരിഷ്കരിച്ച മാർഗ്ഗരേഖ നിലവിൽ വന്നതിനുശേഷമുള്ള അനുഭവപാഠങ്ങൾ ഉൾച്ചേർക്കേണ്ടതുമുണ്ട്.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം 7 ലെ തീരുമാനപ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാമർശം (4)പ്രകാരം നിലവിലുള്ള മാർഗ്ഗരേഖ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ പ്രകാരം സമഗ്രമായി പരിഷ്കരിച്ച് ഉത്തരവാകുന്നു. പരിഷ്കരിച്ച മാർഗ്ഗരേഖ 2019 ഏപ്രിൽ 1 ന് പ്രാബല്യത്തിൽ വരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
} (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
} (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - പരിഷ്ക്കരിച്ച മാർഗ്ഗരേഖ

1. ആമുഖം

1.1 ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലെയുള്ള കാരണങ്ങളാൽ ശരീരം തളർന്നു കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹരോഗികൾ, ആസ്മ രോഗികൾ, അപസ്മാര രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസിക രോഗമുള്ളവർ, സാധാരണ ജീവിതം നയിക്കാൻ കഴിയാത്ത രീതിയിൽ ബുദ്ധിമാന്ദ്യമുള്ളവർ, പ്രായാധിക്യം മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള നിരവധി രോഗികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പൊതു സമൂഹത്തിന്റെ മുഴുവൻ പിന്തുണയും അത്യാവശ്യമാണ്.

1.2 1990 കളിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് കേരളത്തിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പിന്നീട് 'സാന്ത്വനമേകാൻ അയൽക്കൂട്ടങ്ങൾ' [Neighbourhood Network in Palliative Care (NNPC)] എന്ന പേരിൽ ഇതൊരു ജനകീയാരോഗ്യ പ്രവർത്തനമായി മാറി. 2008-ൽ പാലിയേറ്റീവ് കെയർ നയരേഖ പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം. 2009-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതെങ്ങനെയെന്ന് വിശദീകരിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കി. 2012-ൽ പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് മാർഗ്ഗരേഖ പരിഷ്കരിച്ചു. വിദഗ്ദ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015-ൽ മാർഗ്ഗരേഖ വീണ്ടും പരിഷ്കരിച്ചു.

1.3 ഇപ്പോൾ കേരളത്തിൽ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രാഥമിക പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ നടന്നു വരുന്നു. കൂടാതെ സി.എച്ച്.സി/താലൂക്ക്/ജില്ല/ജനറൽ ആശുപത്രികൾ കേന്ദ്രീകരിച്ചുകൊണ്ട് വിദഗ്ദ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നടന്നുവരുന്നു. എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ പരിശീലന കേന്ദ്രങ്ങളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. കൂടാതെ സന്നദ്ധ സംഘടനകളും നൂറുകണക്കിന് സന്നദ്ധ പ്രവർത്തകരും ഈ മേഖലയിൽ നിസ്തുലമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

1.4 ഇതുവരെയുള്ള പ്രവർത്തനാനുഭവങ്ങൾ വിലയിരുത്തിയതിൽനിന്നും നിലവിലുള്ള മാർഗ്ഗരേഖയിൽ ചില കൂട്ടിച്ചേർക്കലുകളും ഭേദഗതികളും ആവശ്യമാണെന്ന് ബോധ്യപ്പെട്ടു കയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള മാർഗ്ഗരേഖ ചുവടെ വിവരിക്കുന്ന പ്രകാരം സമഗ്രമായി പരിഷ്കരിക്കുന്നു.

2. ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും നേതൃത്വത്തിൽ നടപ്പാക്കേണ്ട പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം (ഹോം കെയർ സംവിധാനം)

2.1 പാലിയേറ്റീവ് പരിചരണവും ഹോം കെയർ സംവിധാനവും

എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പേറേഷനുകളും അനിവാര്യമായി (Mandatory) നടപ്പാക്കേണ്ട ഒരു പ്രവർത്തനമാണ് പാലിയേറ്റീവ് പരിചരണവും ഹോം കെയർ സംവിധാനവും. അതിനാൽ എല്ലാ ഗ്രമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അതിനു വേണ്ടിയുള്ള ഒരു പ്രോജക്ട് നിർബന്ധമായും അതാതു വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2.2 വാർഡ് തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

2.2.1 ദീർഘകാലത്തേക്ക് മരുന്നുകൾ കഴിക്കേണ്ടിവരുകയോ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം വേണ്ടി വരുകയോ ചെയ്യുന്ന എല്ലാ രോഗികളെയും ആശമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2.2.2 വാർഡ്/ഡിവിഷൻ ജനപ്രതിനിധിയും സന്നദ്ധ പ്രവർത്തകരും കുടുംബശ്രീ പ്രവർത്തകരും ആശാവർക്കർമാരും ചേർന്ന് ആ വാർഡിലുള്ള ഇത്തരം രോഗികളുടെ വീടുകളിൽ ഇടയ്ക്കിടെ നടത്തുന്ന സന്ദർശനം രോഗികൾക്കും കുടുംബാംഗങ്ങൾക്കും ഏറെ സാന്ത്വനമേകും. അത്തരം സാന്ത്വന പരിചരണം ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ / കൗൺസിലർമാരുടെ നേതൃത്വത്തിൽ നടത്താൻ ശ്രമിക്കേണ്ടതാണ്. ഈ പ്രവർത്തനം പൂർണ്ണമായും സന്നദ്ധാടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

2.2.3 ഇവർക്ക് മാനസിക, സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ ഒരു സംഘം ഓരോ വാർഡിലും രൂപീകരിക്കണം. കൂടുതൽ പരിചരണം ആവശ്യമുള്ള ഓരോ രോഗിയേയും ശ്രദ്ധിക്കുന്നതിന് ഓരോ സന്നദ്ധ പ്രവർത്തകനെ ചുമതലപ്പെടുത്തുകയും വേണം.

2.2.4 വാർഡ്തല ആരോഗ്യ അവലോകന സമിതി യോഗങ്ങളിൽ ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ രോഗിയുടെയും പരിചരണവും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും സാമൂഹിക പിന്തുണ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും വേണം. രോഗിയുടെ പരിചരണ ത്തിന് ആശ്യമായ സാമഗ്രികൾ വാർഡ് സമിതിയുടെ നേതൃത്വത്തിൽ ശേഖരിച്ച് ഉപയോഗത്തിനായി നൽകുകയും ഉപയോഗത്തിനു ശേഷം തിരിച്ചെടുക്കുകയും ചെയ്യാവുന്നതാണ്. സർക്കാർ, സർക്കാരിതര ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർക്ക്, അത്തരം സഹായങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

2.3 സബ് സെന്റർ തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

2.3.1 സബ് സെന്റർ പരിധിയിലെ വാർഡുകളിലെ, ദീർഘകാല പരിചരണം ആവശ്യമായ വരുടെ ലിസ്റ്റ് സബ് സെന്ററിൽ സൂക്ഷിക്കണം. ഓരോ രോഗിക്കും ആവശ്യമായ പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. മുറിവുകൾ കെട്ടുന്നതിനുള്ള സാമഗ്രികൾ, ഉപകരണങ്ങൾ മുതലായവ നൽകുന്നതിനുള്ള സൗകര്യം സബ് സെന്റർ തലത്തിൽ ഉണ്ടാവണം. സബ് സെന്റർ യോഗങ്ങളിൽ, ചുമതല വഹിക്കുന്ന ജെ.പി.എച്ച്.എൻ ന്റെ നേതൃത്വത്തിൽ ഈ രോഗികളുടെ അവസ്ഥയും പ്രശ്നങ്ങളും ചർച്ച ചെയ്യണം. അമിത രക്തസമ്മർദ്ദം, പ്രമേഹം മുതലായ രോഗങ്ങൾ കണ്ടെത്തുവാനുള്ള പരിശോധനകൾ നടത്തുക, തുടർ പരിചരണത്തിനായി ബി.പിയും ആർ.ബി.എസും

പരിശോധിക്കുക, ജീവിത ശൈലി മാറ്റങ്ങൾക്കാവശ്യമായ ക്ലാസുകളും പരിശീലന പരിപാടികളും നടത്തുക, മുതിർന്ന പൗരൻമാർക്കായി പകൽ വീടുകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ സബ് സെന്റർ തലത്തിൽ നടത്താവുന്നതാണ്. കൂടാതെ ഇത്തരം രോഗികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, സർക്കാരിതര സംഘടനകൾ, പൊതുസമൂഹം തുടങ്ങിയവരുടെ സഹായ സഹകരണങ്ങളോടെ നൽകാവുന്ന പരമാവധി സാമൂഹിക പിന്തുണ ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

2.3.2 തുടർച്ചയായി മരുന്നുകൾ ആവശ്യമായവരെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ പ്രാദേശിക ആരോഗ്യരംഗത്തിടപെടുന്ന ആരോഗ്യ കേന്ദ്രത്തിലെ ഒ.പി.യിലേക്കും നഴ്സിംഗ് പരിചരണം ആവശ്യമായവരെ തുടർ പരിചരണത്തിനായി ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്.

2.4 ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ (പ്രാഥമിക യൂണിറ്റ്) തല പ്രവർത്തനങ്ങൾ

2.4.1 ഗൃഹകേന്ദ്രീകൃത പരിചരണം

(1) വാർഡ് തലത്തിൽ നിന്നും സബ് സെന്റർ തലത്തിൽ നിന്നും റഫർ ചെയ്യപ്പെടുന്ന രോഗികളെയും നേരിട്ട് പരിചരണം ആവശ്യപ്പെട്ട് യൂണിറ്റിനെ സമീപിക്കുന്നവരെയും കണ്ട ശേഷം നഴ്സിംഗ് പരിചരണം ആവശ്യമുണ്ടെന്ന് കണ്ടെത്തുന്നവരെ, തുടർ പരിചരണ ത്തിനായി രജിസ്റ്റർ ചെയ്യുകയും ആവശ്യമായവർക്ക് കൃത്യമായ ഇടവേളകളിൽ ഗൃഹകേന്ദ്രീകൃത അടിസ്ഥാന നഴ്സിംഗ് പരിചരണം (ഹോംകെയർ) നൽകുകയും ചെയ്യേണ്ടതാണ്. ആഴ്ചയിൽ നാലു ദിവസമെങ്കിലും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ഏകദേശം 8 രോഗികളെ കാണാനാവുന്ന വിധത്തിൽ ഹോംകെയർ സന്ദർശനങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്. ആവശ്യമായ സാധനങ്ങൾ അടങ്ങിയ ഹോം കെയർ കിറ്റ് പരിചരണത്തിനു വേണ്ടി ഉപയോഗിക്കണം. ഇതിൽ ആവശ്യമായ സാധനങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ആരോഗ്യ സ്ഥാപനമാണ്. ഓരോ രോഗിയുടെയും പരിചരണം സംബന്ധിച്ചുള്ള വിവരങ്ങൾ കേസ് ഷീറ്റിലും രോഗിയുടെ കൈയിൽ സൂക്ഷിക്കുന്ന ചികിത്സാ രേഖയിൽ ചുരുക്കമായും നഴ്സ്/ആശ/ഹോംകെയർ ടീം അംഗങ്ങൾ രേഖപ്പെടുത്തണം.

(2) അലോപ്പതി ചികിത്സയോടൊപ്പമോ അല്ലാതെയോ, ആയുർവ്വേദ/ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന / അവലംബിക്കേണ്ട കിടപ്പിലായ രോഗികളുണ്ടെങ്കിൽ അത്തരം രോഗികളെ സന്ദർശിക്കുന്നതിനായി മാസത്തിൽ ആകെയുള്ള ഹോംകെയർ ദിനങ്ങളിൽ ഒന്നോ രണ്ടോ ദിനങ്ങൾ നിശ്ചയിക്കാവുന്നതും അങ്ങനെ സന്ദർശനം നടത്തുന്ന ടീമിൽ സർക്കാർ ആയുർവ്വേദ/ഹോമിയോപ്പതി ആശുപത്രിയിലെ ഡോക്ടർ ഉണ്ടായിരിക്കേണ്ടതുമാണ്.

(3) 30,000 ത്തിൽ കൂടുതൽ ജനസംഖ്യയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഹോംകെയർ പരിചരണം നൽകേണ്ട രോഗികളുടെ എണ്ണവും പദ്ധതി തുകയുടെ ലഭ്യതയും പരിഗണിച്ച് ആവശ്യമെങ്കിൽ ഒന്നിലധികം ഹോം കെയർ ടീമുകൾ, ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.9.1 പ്രകാരം രൂപീകരിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ (പി.എം.സി.) തീരുമാന പ്രകാരം ആരംഭിക്കാവുന്നതാണ്. ഒന്നിലധികം യൂണിറ്റുകൾ രൂപീകരിച്ചാൽ ഓരോ യൂണിറ്റും ഗൃഹസന്ദർശനം നടത്തേണ്ട വീടുകൾ ഏതൊക്കെയെന്ന് തീരുമാനിച്ച് ഓരോ യൂണിറ്റിന്റെയും ചുമതലയിൽ വരുന്ന രോഗികളെ സംബന്ധിച്ച വിവരങ്ങൾ വെവ്വേറെ തുടർ പരിചരണ ഹോം കെയർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(4) ഹോം കെയർ ടീം നടത്തുന്ന ഗൃഹസന്ദർശനം, നഴ്സിംഗ് പരിചരണവും മരുന്നു വിതരണവും നടത്താൻ വേണ്ടി മാത്രമല്ല എന്ന് ടീമിന് ബോദ്ധ്യമുണ്ടായിരിക്കണം. ഇവയ്ക്ക് പുറമെ, രോഗിയെ പരിചരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കുടുംബാംഗങ്ങൾക്ക് നൽകുക, മാനസികമായി അവർക്ക് പ്രചോദനം നൽകുക എന്നിവ കൂടി ചെയ്യേണ്ടതാണ്.

(5) ഹോംകെയറിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2.6, 2.7 എന്നിവയിൽ നൽകിയിട്ടുണ്ട്.

2.4.2 ഒ.പി

തുടർച്ചയായി മരുന്നു കഴിക്കുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ പി.എച്ച്.സി/ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ തീരുമാനിക്കുന്നതനുസരിച്ച് ആറാഴ്ച വരെ നൽകാവുന്നതാണ്. ദീർഘകാല രോഗമുള്ളവർക്കായി ഒ.പി ടിക്കറ്റിനുപകരം രോഗത്തിന്റെയും ചികിത്സയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ ചികിത്സാരേഖ നൽകാവുന്നതാണ്. ഇത് തുടർ പരിചരണത്തിന്റെ ഏകോപനത്തിനും സഹായകമാണ്. രോഗിയെ പരിചരിക്കുന്ന എല്ലാവർക്കും (ഡോക്ടർ, കമ്മ്യൂണിറ്റി നഴ്സ്, സന്നദ്ധ പ്രവർത്തകർ) രോഗിയുടെ അവസ്ഥയും ചികിത്സയും രേഖപ്പെടുത്താൻ ഇത് ഉപയോഗിക്കാം. ഒ.പി യ്ക്കുവേണ്ടി പ്രത്യേക ദിവസം മാറ്റി വയ്ക്കേണ്ടതില്ല. ബുക്കുമായി എത്തുന്ന രോഗിക്കോ പരിചാരകർക്കോ ഏതു ദിവസവും മരുന്നുകളും പരിചരണ സാമഗ്രികളും നൽകാവുന്നതാണ്. എന്നാൽ ഓരോ ആഴ്ചയിലും വന്ന രോഗികളുടെ വിവരങ്ങൾ കമ്മ്യൂണിറ്റി നഴ്സ് ഒ.പി രജിസ്റ്ററിൽ നിന്നും ഡോക്ടറിൽ നിന്നും മനസിലാക്കി ആവശ്യമായവർക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പുവരുത്തേണ്ടതാണ്.

2.4.3 പരിചരണ സാമഗ്രികൾ

രോഗികൾക്കാവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വീൽ ചെയർ, കമ്മോഡ് ചെയർ, എയർ കുഷൻ തുടങ്ങിയവ പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റ്/ സബ് സെന്റർ / വാർഡ് തലത്തിൽ നൽകാവുന്നതാണ്.

2.4.4 സാമൂഹ്യ പിന്തുണ

വാർഡ്, സബ് സെന്റർ തലത്തിൽ ലഭിക്കുന്ന സഹായങ്ങൾക്കൊപ്പം ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, പെൻഷൻ, ധനസഹായം തുടങ്ങിയവയ്ക്കായി സർക്കാർ, സർക്കാരിതര ഏജൻസികളുടെ സഹായങ്ങൾ പരമാവധി രോഗികൾക്കെത്തിക്കാനുള്ള ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ നടപ്പാക്കി കഴിയുന്നത്ര രോഗികളെ സ്വയം പര്യാപ്തരാക്കാൻ ശ്രമിക്കണം.

2.4.5 ബോധവൽക്കരണ, പരിശീലന പരിപാടികൾ

(1) ഹോം കെയർ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് പ്രത്യേക ത്രിദിന പ്രായോഗിക പരിശീലനം നൽകണം. പരിചരണ പ്രവർത്തനങ്ങളുടെ ആവശ്യകതയും ഉദ്ദേശ്യ ലക്ഷ്യങ്ങളും ബോധ്യമാവുകയും പ്രവർത്തനങ്ങളെപ്പറ്റിയുള്ള കൃത്യമായ ധാരണ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് പരിശീലനത്തിന്റെ ലക്ഷ്യം. രോഗികൾക്ക് വീടുകളിൽ നൽകുന്ന പരിചരണത്തിനും ആരോഗ്യ സ്ഥാപനങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലും പങ്കാളികളാക്കിയും പ്രവർത്തനങ്ങൾ പഠിപ്പിച്ചുകൊണ്ടുമുള്ള പരിശീലനമാണ് നൽകേണ്ടത്. ഇങ്ങനെ നടത്തപ്പെടുന്ന പരിശീലനങ്ങൾക്ക് ഒരാൾക്ക് ഒരു ദിവസം 100 രൂപ എന്ന നിരക്കിൽ ചെലവഴിക്കാവുന്നതാണ്. പരിശീലനം 20 മുതൽ 30 വരെ ആളുകളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതാണ് അഭികാമ്യം. ഇപ്രകാരം ഒരു വർഷത്തിൽ 100 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകാൻ ശ്രമിക്കണം. പാലിയേറ്റീവ് കെയറിനുവേണ്ടിയല്ലാതെ നടത്തപ്പെടുന്ന യോഗങ്ങളിലും പരിശീലന പരിപാടികളിലും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം

നടത്തുവാൻ ശ്രമിക്കണം. ഇതിനുവേണ്ടി പണം ചെലവഴിക്കുവാൻ പാടില്ല. സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കായി പ്രത്യേക പരിശീലന പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

(2) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വരെയോ, ജില്ലാതലത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നവരെയോ പരിശീലകരായി നിശ്ചയിക്കാവുന്നതാണ്. എന്നാൽ ആരോഗ്യ വകുപ്പിന്റെ ജില്ലാതല പാലിയേറ്റീവ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും പങ്കാളിത്തത്തിലുമായിരിക്കണം ഈ പരിശീലനം നൽകേണ്ടത്. പരിശീലനത്തിനുള്ള ചെലവ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുത്തി വഹിക്കാവുന്നതാണ്.

2.4.6 രോഗികളുടെയും കുടുംബങ്ങളുടെയും ഒത്തുചേരലുകൾ

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശഭരണസ്ഥാപനം/ സബ് സെന്റർ/ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒത്തുചേരലുകൾ രോഗികൾക്കും കുടുംബാംഗ ങ്ങൾക്കും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരസ്പരം പങ്കുവയ്ക്കുവാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ആത്മ വിശ്വാസം ലഭിക്കുവാനും ഉപകരിക്കും. കൂടാതെ മാനസിക ഉല്ലാസത്തിന് ആവശ്യമായ കലാകായിക പരിപാടികൾ, നൈപുണ്യ പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതുമാണ്. ഇങ്ങനെയുള്ള പരിപാടികൾ 10 മുതൽ 30 രോഗികളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതായിരിക്കും അഭികാമ്യം.

2.4.7 റഫറൽ സംവിധാനം

ദീർഘകാലരോഗങ്ങൾ ബാധിച്ചവരിൽ വിദഗ്ദ്ധ പരിചരണം ആവശ്യമായവരെ സി.എച്ച്.സി/താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലെ വിദഗ്ദ്ധ പാലിയേറ്റീവ് യൂണിറ്റിലേക്ക് റഫർ ചെയ്യണം. അതുപോലെ, പെട്ടന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിനും താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലേക്ക് റഫർ ചെയ്യാവുന്നതാണ്.

2.4.8 മറ്റ് പരിചരണ സംവിധാനങ്ങൾ

ഓരോ തദ്ദേശ ഭരണ സ്ഥാപന പരിധിയിലുമുള്ള രോഗികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് രോഗികൾക്കാവശ്യമായ പരിചരണ സംവിധാനങ്ങൾ - മാനസിക വൈകല്യമുള്ളവർക്ക് പകൽവീട്, മുതിർന്ന പൗരൻമാർക്ക് ഡേ കെയർ സംവിധാനം, പാരാപ്ലീജിയ രോഗങ്ങൾക്ക് തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ തുടങ്ങിയവ - സംഘടിപ്പിക്കാവുന്നതാണ്.

2.5 ധനാഗമ മാർഗ്ഗങ്ങൾ

പ്രാഥമിക യൂണിറ്റിന്റെ പ്രധാന ധനസ്രോതസ്സ് തദ്ദേശഭരണ സ്ഥാപനം നടപ്പിലാക്കുന്ന പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരമുള്ള ഫണ്ടാണ്. സർക്കാരിതര സംഘടനകൾ, വ്യക്തികൾ തുടങ്ങി പൊതുസമൂഹത്തിൽ നിന്നുള്ള സംഭാവനകളും സ്വീകരിക്കാവുന്ന താണ് (ഖണ്ഡിക 2.12 കാണുക).

2.6 ഹോം കെയർ ടീം

2.6.1 ഓരോ ദിവസവും ഹോം കെയറിന് പോകുന്ന ടീമിൽ പാലിയേറ്റീവ് കെയറിൽ പ്രത്യേക പരിശീലനം ലഭിച്ച ഒരു കമ്മ്യൂണിറ്റി നഴ്സ് ഉണ്ടായിരിക്കണം. നഴ്സിനു പുറമെ വാർഡ് മെമ്പർ/കൗൺസിലർ, സർക്കാർ മേഖലയിലെ ഒരു ആരോഗ്യ പ്രവർത്തക/ പ്രവർത്തകൻ, ഒരു ആശ പ്രവർത്തക, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ, പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ പ്രവത്തകർ മുതലായവർ ചാക്രികാടിസ്ഥാ

നത്തിൽ പങ്കെടുക്കേണ്ടതാണ്. ഗൃഹ സന്ദർശനം നടത്തുമ്പോൾ രോഗികൾക്കുവേണ്ടി സാമൂഹിക-സാമ്പത്തിക പിന്തുണ നൽകിക്കൊണ്ടിരിക്കുന്ന സാമൂഹിക പ്രവർത്തകരുമായി കൂടിയാലോചിച്ച് മികച്ച പിന്തുണ ലഭ്യമാക്കാൻ ശ്രമിക്കണം.

2.6.2 വിവിധ ആശുപത്രികളിൽ നിന്ന് ചികിത്സ ലഭിച്ചുകൊണ്ടിരിക്കുന്ന രോഗികൾക്ക് പരിചരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നിലവിൽ ചികിത്സിക്കുന്ന ടീമുമായി ബന്ധപ്പെട്ടു കൊണ്ട് നൽകാൻ ഹോം കെയർ ടീം ശ്രദ്ധിക്കണം. മറ്റ് രോഗികൾക്ക് ചികിത്സയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്നതും ഹോം കെയർ പരിചരണ പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുക്കുന്നതുമായ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ (അലോപ്പതി/ ആയുർവ്വേദം/ ഹോമിയോപ്പതി) ഹോംകെയർ ടീമിന് നൽകേണ്ടതാണ്. കൂടാതെ അതാതു പ്രദേശത്തുള്ള ഡോക്ടർമാർ. നെഴ്സുമാർ എന്നിവർക്ക് പാലിയേറ്റീവ് കെയറിൽ പരിശീലനം നൽകി രോഗികൾക്ക് വീടുകളിൽ പരിചരണം മെച്ചപ്പെടുത്താനാവുന്ന പിന്തുണ നൽകുവാൻ ശ്രമിക്കണം.

2.6.3 അതാതു ദിവസത്തെ ഗൃഹ സന്ദർശന വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തുന്നതിനുള്ള പുസ്തകത്തിൽ (ഹോം കെയർ റിപ്പോർട്ട് ബുക്ക്) ടീമിനോടൊപ്പമുള്ള ആശ/ സന്നദ്ധ പ്രവർത്തകർ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. തുടങ്ങിയ സമയം, ഓരോ രോഗിയുടെയും വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗിയുടെ അവസ്ഥ, ചെയ്ത കാര്യങ്ങൾ, ആകെ കണ്ട രോഗികൾ, പുതിയവർ, ഫോളോ അപ്, ഉച്ച ഭക്ഷണത്തിനു നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീം അംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ ഈ ബുക്കിൽ രേഖപ്പെടുത്തണം.

2.6.4 ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്കു സമർപ്പിച്ച് ഹോം കെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് കൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്.

2.6.5 ഹോം കെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി ആറു പേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ്, ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം പരമാവധി 80 രൂപ എന്ന നിരക്കിൽ, പ്രോജക്ടിൽ വകയിരുത്താവുന്നതും പി.എം.സിയുടെ തീരുമാനപ്രകാരം ചെലഴിക്കാവുന്നതുമാണ്. എന്നിരുന്നാലും പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവ് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭിക്കുവാനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

2.7 ഹോം കെയർ കിറ്റ്

2.7.1 ഹോം കെയർ കിറ്റിലേക്ക് ആവശ്യമുള്ള സാമഗ്രികൾ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർക്കുന്ന അലോപ്പതി ആരോഗ്യ സ്ഥാപനത്തിൽനിന്നും ഹോം കെയർ യൂണിറ്റിന് നൽകേണ്ടതാണ്. പ്രസ്തുത കേന്ദ്രത്തിൽ മതിയായ സ്റ്റോക്കില്ലാത്ത സാമഗ്രികൾ തദ്ദേശ ഭരണ സ്ഥാപനം നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങി നൽകാവുന്നതാണ്. സ്റ്റോക്കില്ലാത്തതുമൂലം കിറ്റിലേക്ക് ആവശ്യമായ

സാധന സാമഗ്രികൾ ഹോംകെയർ ടീമിന് നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാൻ പാടില്ല. ഏകദേശ ആവശ്യകത കണക്കിലെടുത്ത് മൂന്നോ നാലോ മാസത്തേക്ക് ആവശ്യമായവ എപ്പോഴും സ്റ്റോക്കിൽ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സാധന സാമഗ്രികൾ ആവശ്യാനുസരണം ലഭ്യമാക്കേണ്ട ഉത്തരവാദിത്തം പി.എം.സിയുടെ മെമ്പർ സെക്രട്ടറിക്കായിരിക്കുന്നതാണ്. ഇങ്ങനെ വാങ്ങുന്ന സാമഗ്രികളുടെ സ്റ്റോക്ക് സൂക്ഷിപ്പ് മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനത്തിലെ ഫാർമസിസ്റ്ററിന്റെ ചുമതലയായിരി ക്കുന്നതാണ്.

2.7.2 ഹോം കെയർ ടീമിന് ആവശ്യമായ സാമഗ്രികൾ കൃത്യമായ ഇടവേളകളിൽ ഹോം കെയറിന് നേതൃത്വം നൽകുന്ന നെഴ്സിന് സബ് സ്റ്റോക്കായി നൽകേണ്ടതും അതിന്റെ സബ് സ്റ്റോക്ക് രജിസ്റ്റർ (പേര്, എണ്ണം, സ്പെസിഫിക്കേഷൻ, ബാച്ച് നമ്പർ, കാലാവധി കഴിയുന്ന തീയതി, സാധന സാമഗ്രികൾ ലഭിച്ച തീയതി, എവിടെ നിന്ന് ലഭിച്ചു, ഓരോ രോഗിക്കും വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ) നഴ്സ് സൂക്ഷിക്കേണ്ടതുമാണ്.

2.8 ഹോം കെയർ വാഹനം

2.8.1 ഹോം കെയർ ടീമിന് രോഗികളുടെ വീടുകളിലെത്തി പരിചരണം നൽകുവാൻ ആവശ്യമായ വാഹനം തദ്ദേശ ഭരണ സ്ഥാപനം ഏർപ്പെടുത്തണം. അതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.8.2 തദ്ദേശ ഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്നവ സൗകര്യപ്പെടുന്ന ദിവസങ്ങളിൽ അനുവദിച്ചു നൽകാവുന്നതാണ്. ഇങ്ങനെ അനുവദിക്കുന്ന വാഹനങ്ങളുടെ ഇന്ധനച്ചിലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസം വാഹനം ഓടുന്നതിന് ചെലവാകുന്ന നിയമാനുസൃത തുക, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണക്കാക്കണം. ഈ തുക വാഹനമോടുന്ന ദിവസങ്ങളുടെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

2.8.3 മേൽപ്പറഞ്ഞ രീതിയിൽ വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാഹനം ദിവസം/ മാസ വാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്റ്റോർപർച്ചേസ് മാനദണ്ഡ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന/ പ്രതിമാസ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും. കാലാവധി അവസാനിക്കുന്നതിനുമുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്.

2.8.4 മാസവാടകയ്ക്ക് വാഹനം എടുക്കുകയാണെങ്കിൽ കമ്മ്യൂണിറ്റി നെഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന ഹോം കെയർ ദിവസങ്ങൾക്കുശേഷമുള്ള ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ ദീർഘകാല രോഗങ്ങളാൽ പ്രയാസമനുഭവിക്കുന്ന ആളുകൾക്ക് പരിചരണം ലഭ്യമാക്കുന്നതിന് ആശുപത്രിയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ഈ വാഹനം ഉപയോഗപ്പെടുത്താവുന്നതാണ്.

2.9 ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലുള്ള മേൽനോട്ടവും അവലോകനവും

2.9.1 പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ചുവടെ പ്രതിപാദിച്ചിട്ടുള്ള ഘടനയിൽ ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത്/ നഗര ഭരണ സ്ഥാപനം രൂപീകരിക്കേണ്ടതാണ്.

1	ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർ പേഴ്സൺ/ കോർപ്പറേഷൻ മേയർ	:	ചെയർ പേഴ്സൺ
2	ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ / കോർപ്പറേഷനിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ	:	വൈസ് ചെയർ പേഴ്സൺ
3	ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ	:	മെമ്പർ
4	ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ / കോർപ്പറേഷൻ സെക്രട്ടറി	:	”
5	തദ്ദേശ ഭരണ സ്ഥാപനം തീരുമാനിക്കുന്ന രണ്ട് ജന പ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം)	:	മെമ്പർമാർ
6	കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റ്	:	മെമ്പർ
7	സി.ഡി.എസ് മെമ്പർ സെക്രട്ടറി	:	”
8	ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് മെമ്പർമാർ	:	മെമ്പർമാർ
9	ഹോം കെയർ സംവിധാനം നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത ഹോം കെയർ ടീമിലെ പരിശീലനം ലഭിച്ച രണ്ട് സന്നദ്ധ പ്രവർത്തകർ	:	”
10	മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി	:	മെമ്പർ
11	മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി/ ആശുപത്രി	:	”
12	ഹോം കെയറിന് നിയോഗിക്കപ്പെടുന്ന നഴ്സ്	:	”
13	തദ്ദേശ ഭരണ സ്ഥാപനത്തിലെ പ്രാഥമിക ആരോഗ്യ പ്രവർത്തനങ്ങളുടെ ചാർജ്ജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ	:	”
14	മെഡിക്കൽ ഓഫീസർ/ നിർവഹണ ഉദ്യോഗസ്ഥൻ - (പ്രാഥമിക ആരോഗ്യ കേന്ദ്രം/ എഫ്.എച്ച്.സി/ സി.എച്ച്.സി/ ഗവ.ആശുപത്രി/ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി/ ജനറൽ ആശുപത്രി)	:	മെമ്പർ സെക്രട്ടറി

2.9.2 പി.എം.സി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തന-അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. പാലിയേറ്റീവ് കെയർ പരിചരണം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ

പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സെക്രട്ടറി, ഡോക്ടർ എന്നിവരേയും ഈ പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ദ്ധരെയും ഈ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്.

2.9.3 ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകനയോഗം തദ്ദേശ ഭരണ സ്ഥാപനത്തിൽ വച്ച് നടത്തേണ്ടതാണ്. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. ഈ അവലോകന യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ പ്രോജക്ട് ഉൾപ്പടെ വിവിധ ആരോഗ്യ പദ്ധതികളുടെ അവലോകനം, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ അവലോകനം ചെയ്യുകയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയും വേണം. ഇപ്രകാരം നടത്തുന്ന മാസ അവലോകന യോഗങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു വാനായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ശ്രമിക്കേണ്ടതാണ്.

2.10. ഹോംകെയർ പ്രവർത്തനങ്ങളുടെ ഏകോപനം

ഒരു തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ സർക്കാർ തല പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കൂടാതെ സന്നദ്ധ സംഘടനകളുടെയും മറ്റു പല ഏജൻസികളുടെയും നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടാകും. ഇവയുടെ ഏകോപനത്തിനായി ഇത്തരം യൂണിറ്റുകളുടെ ഡോക്ടർ, നേഴ്സ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ യോഗം പി.എം.സി ക്ക് വിളിച്ചുചേർത്തു ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

2.11. പുനരധിവാസ പ്രവർത്തനങ്ങൾ

തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനവും നടപടി സ്വീകരിക്കേ ണ്ടതാണ്.

2.12. വിഭവ സമാഹരണം

2.12.1 ഹോംകെയർ സംവിധാനവും അനുബന്ധപ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. മനുഷ്യസ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലായവരിൽ നിന്നും ഇപ്രകാരം സംഭാവനയിനത്തിൽ സമാഹരിക്കുന്ന ഫണ്ടിന്റെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും വേണ്ടി തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രിയിലെ എച്ച്.എം.സി.ക്ക് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. സംഭാവന നൽകുന്നവർക്ക് "പാലിയേറ്റീവ് പരിചരണ പദ്ധതി-സംഭാവന" എന്ന് രേഖപ്പെടുത്തിയ പ്രത്യേക കൈപ്പറ്റ് രസീത് (കാർബൺ പേപ്പർ വച്ച് ഡ്യൂപ്ലിക്കേറ്റ് പകർപ്പ് സഹിതമുള്ളത്) നൽകുകയും ലഭിക്കുന്ന ഫണ്ടിന്റെയും വിനിയോഗത്തിന്റെയും കണക്കുകൾ പ്രത്യേക രജിസ്റ്ററിൽ

തയ്യാറാക്കി സൂക്ഷിക്കുകയും അവ ഓഡിറ്റിന് ഹാജരാക്കുകയും വേണം. രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കുകയും വേണം.

2.12.2 പണമായോ സാധനസാമഗ്രികളായോ ലഭിക്കുന്ന വിഭവ സമാഹരണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഒരു Cash & assets donation register ഉണ്ടായിരിക്കേണ്ടതാണ്.

2.12.3 എച്ച്.എം.സി.യിൽ നിന്ന് പണം പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിയേറ്റീവ് പരിചരണ പ്രോജക്ടിന് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് ബാധകമായിരിക്കുകയില്ല. ബന്ധപ്പെട്ട പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്ക് എച്ച്.എം.സി യുടെ മെമ്പർ സെക്രട്ടറി പണം വിനിയോഗിക്കുകയും തുടർന്ന് എച്ച്.എം.സി യോഗത്തിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുകയും ചെയ്യുക എന്ന രീതി അവലംബിക്കേണ്ടതാണ്. ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ്-ചെലവ് കണക്ക് പുസ്തകത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2.13. പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച നഴ്സിന്റെ സേവനം ലഭ്യമാക്കൽ

2.13.1 പാലിയേറ്റീവ് പരിചരണത്തിന്റെ വിജയകരമായ നടത്തിപ്പിന് പാലിയേറ്റീവ് കെയറിൽ പ്രത്യേക പരിശീലനം ലഭിച്ച നഴ്സിന്റെ (കമ്മ്യൂണിറ്റി നഴ്സിന്റെ) സേവനം ആവശ്യമാണ്. ജനസംഖ്യ അനുസരിച്ച് കൂടുതൽ ഹോംകെയർ യൂണിറ്റുകൾ ആവശ്യമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒരു യൂണിറ്റിന് ഒന്ന് എന്ന അനുപാതത്തിൽ കമ്മ്യൂണിറ്റി നേഴ്സുമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

2.13.2 പുതുതായി നിയോഗിക്കപ്പെടുന്നവർ താഴെ പറയുന്ന രണ്ടു യോഗ്യതകളിൽ ഏതെങ്കിലും ഒരു യോഗ്യത ഉള്ളവരായിരിക്കണം.

(1) ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് ഓക്സിലറി നേഴ്സിംഗ് ആന്റ് മിഡ്വൈഫറി (എ.എൻ.എം) കോഴ്സ് / ജെ.പി.എച്ച്.എൻ കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്ന് മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് ആക്സിലറി നേഴ്സിംഗ് (ബി.സി.സി.പി.എ.എൻ) കോഴ്സ് അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്ന് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നേഴ്സിംഗ് (സി.സി.സി.പി.എ.എൻ) കോഴ്സ് പാസായിരിക്കണം .

(2) ജനറൽ നഴ്സിംഗ് ആൻഡ് മിഡ്വൈഫറി കോഴ്സ്/ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും ഒന്നര മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് നഴ്സിംഗ് (ബി.സി.സി.പി.എൻ) പാസായിരിക്കണം.

2.13.3 ബി.സി.സി.പി.എൻ., ബി.സി.സി.പി.എ.എൻ., സി.സി.സി.പി.എൻ. എന്നിവയിലേതെങ്കിലും ഒരു യോഗ്യതയോടുകൂടി മാത്രം കരാർ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ മുൻകാലങ്ങളിൽ നിയോഗിക്കപ്പെട്ട് നിലവിൽ പ്രവർത്തിച്ചു വരുന്ന എല്ലാ കമ്മ്യൂണിറ്റി നേഴ്സുമാരെയും തൽസ്ഥാനത്ത് തുടർന്ന് കരാർ അടിസ്ഥാന ത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കേണ്ടതാണ്.

2.13.4 നിലവിൽ കമ്മ്യൂണിറ്റി നേഴ്സായി പ്രവർത്തിച്ചുവരുന്നവരും പുതുതായി നിയോഗിക്കപ്പെടുന്ന വരും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുമായി ഓരോ വർഷവും കരാറിൽ ഏർപ്പെടേണ്ടതാണ്.

2.13.5 കമ്മ്യൂണിറ്റി നഴ്സ് പ്രവൃത്തി ദിവസങ്ങളിൽ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 മണിവരെ തദ്ദേശഭരണ സ്ഥാപന പരിധിയിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടതാണ്. കമ്മ്യൂണിറ്റി നഴ്സിന്റെ ഹാജർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

2.13.6 മേൽപ്പറഞ്ഞ പ്രകാരം സേവനമനുഷ്ഠിക്കുന്ന നഴ്സിന് ഒരു മാസത്തേയ്ക്ക് 15,000 രൂപ നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണ്. ഇത് പി.എം.സി തീരുമാനപ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നൽകേണ്ടതാണ്. കമ്മ്യൂണിറ്റി നഴ്സിന് പ്രവൃത്തി ചെയ്ത ഓരോ മാസത്തേയും ഹോണറേറിയം അടുത്തമാസം 10-ാം തീയതിക്കകം നൽകേണ്ടതാണ്. വർഷത്തിൽ 12 മാസം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ 12 മാസവും ഹോണറേറിയം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടാകാൻ പാടില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കാത്തതുമൂലം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും ഹോണറേറിയം നൽകാൻ കഴിയാതെ വന്നാൽ, അങ്ങനെയുള്ള മാസങ്ങളിൽ ഹോണറേറിയം തല്ക്കാലം തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട്, എച്ച്.എം.സി. ഫണ്ട് എന്നിവയിൽ നിന്നും നൽകേണ്ടതും പിന്നീട് പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ, അങ്ങനെ നൽകിയ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് പിൻവലിച്ച് അതാതു ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

2.13.7 സർക്കാർ വർഷംതോറും നിശ്ചയിക്കുന്ന നിരക്കിലുള്ള ഉത്സവബത്ത പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്മ്യൂണിറ്റി നേഴ്സിന് അനുവദിച്ചു നൽകാവുന്നതാണ്.

2.13.8 നിയോഗിക്കപ്പെടുന്ന നഴ്സിന് ഒരു കലണ്ടർ വർഷത്തിലെ അവധി ദിവസങ്ങൾ റിപ്പബ്ലിക്ക് ദിനം, വിഷു, ദുഃഖ വെള്ളിയാഴ്ച്ച, റംസാൻ, സ്വാതന്ത്ര്യ ദിനം, തിരുവോണം, ഗാന്ധി ജയന്തി, ബക്രീദ്, ക്രിസ്തുമസ് എന്നിങ്ങനെ ഒൻപതു ദിവസങ്ങളിലായി നിജപ്പെടുത്തിയിരിക്കുന്നു.

2.13.9 നിയോഗിക്കപ്പെടുന്ന നഴ്സിന് ഒരു സാമ്പത്തിക വർഷത്തിൽ ആകെ 20 ക്വാഷൽ ലീവ് അനുവദനീയമാണ്. എന്നാൽ ഒരു മാസം അഞ്ചിൽ കൂടുതൽ ക്വാഷൽ ലീവ് അനുവദിക്കുവാൻ പാടുള്ളതല്ല. കൂടുതൽ ലീവ് എടുത്താൽ ഹോണറേറിയം ആനുപാതികമായി കുറയ്ക്കേണ്ടതാണ്.

2.13.10 ആരോഗ്യവകുപ്പും ബ്ലോക്ക്/ജില്ലാപഞ്ചായത്തും വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുന്ന കമ്മ്യൂണിറ്റി നഴ്സുമാർക്ക് ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ യാത്രാ ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് നൽകാവുന്നതാണ്.

2.13.11 ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും, പരിശീലന പരിപാടികൾ/ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുന്നതിനും, സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിക്കുന്ന തിനുമായി കമ്മ്യൂണിറ്റി നഴ്സിന് പ്രതിമാസം 200 രൂപാ വീതം ഫോൺ ചാർജ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകേണ്ടതാണ്.

2.13.12 കമ്മ്യൂണിറ്റി നേഴ്സുമാർക്ക് ഗൃഹസന്ദർശന വേളയിൽ രോഗീപരിചരണത്തിലേർപ്പെട്ടപ്പോൾ ഉപയോഗിക്കുന്നതിനായി കോട്ട് അനുവദിച്ചു നൽകേണ്ടതാണ്.

2.13.13 കമ്മ്യൂണിറ്റി നേഴ്സിന് നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് കരാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധി ഹോണറേറിയത്തോടുകൂടി അനുവദിക്കാവുന്നതും ഇതിനുള്ള തുക പദ്ധതിയിൽ വകയിരുത്താവുന്നതുമാണ്.

2.13.14 അസുഖങ്ങൾ മൂലമോ പ്രസവാവധി നൽകേണ്ട സാഹചര്യത്തിലോ മറ്റു കാരണങ്ങളാലോ കമ്മ്യൂണിറ്റി നേഴ്സിന്റെ സേവനം തുടർച്ചയായി ലഭിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന്, യോഗ്യതയുള്ള നഴ്സിന്റെ സേവനം ദിവസ വേതന നിരക്കിൽ പി.എം.സി ലഭ്യമാക്കേണ്ടതാണ്. ഈ രീതിയിൽ സേവനം ലഭ്യമാക്കുമ്പോൾ ഒരു ദിവസത്തേക്ക് 500 രൂപ പരമാവധി ഒരു മാസത്തേയ്ക്ക് 15,000 രൂപ നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണ്.

2.14. ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കൽ

2.14.1 ഫിസിയോതെറാപ്പി പരിചരണം ആവശ്യമുള്ള രോഗികളെ സി.എച്ച്.സി യിലേക്ക് റഫർ ചെയ്ത് സി.എച്ച്.സി വഴി ലഭ്യമാക്കിയിട്ടുള്ള വിദഗ്ധ പാലിയേറ്റീവ് യൂണിറ്റിലെ ഫിസിയോതെറാപിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുവഴി രോഗികൾക്ക് ആവശ്യമുള്ള ഫിസിയോതെറാപ്പി പരിചരണം ലഭ്യമാകുന്നില്ല എങ്കിൽ ബി.പി.റ്റി (ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി) പാസ്സായിട്ടുള്ള ഒരു ഫിസിയോതെറാപിസ്റ്റിന്റെ സേവനം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

(1) ഒരു ദിവസം കുറഞ്ഞത് 6 രോഗികളെയെങ്കിലും ഫിസിയോതെറാപിസ്റ്റ് സന്ദർശിച്ചിരിക്കണം.

(2) പാലിയേറ്റീവ് കെയറിന്റെ ചുമതലയുള്ള അലോപ്പതി മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള രോഗികൾക്കായിരിക്കണം സേവനം നൽകേണ്ടത്.

(3) ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നൽകാവുന്നതാണ്.

(4) സേവനം നൽകിയ ദിവസങ്ങൾക്ക് ഒരു ദിവസത്തിന് 800 രൂപ നിരക്കിൽ ദിവസ വേതനം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും നൽകാവുന്നതാണ്.

(5) ഏറ്റവും അടുത്ത പ്രദേശത്തുള്ള, യോഗ്യതയുള്ള ആൾക്ക് മുൻഗണന എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പി.എം.സി. ആയിരിക്കണം ഫിസിയോതെറാപിസ്റ്റിനെ തിരഞ്ഞെടുത്ത് സേവനത്തിനായി നിയോഗിക്കേണ്ടത്.

2.15. പ്രോജക്ട് തയ്യാറാക്കൽ, നടത്തിപ്പ്

2.15.1 നടപ്പാക്കാനുദ്ദേശിക്കുന്ന പരിചരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ഇനം തിരിച്ചുള്ള ചെലവുകൾ വ്യക്തമാക്കിക്കൊണ്ടും വിശദമായ പ്രോജക്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ/ കോർപ്പറേഷന്റെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

2.15.2 ഹോംകെയർ മുടക്കം കൂടാതെ സുഗമമായി നടക്കുന്നുണ്ടെന്ന് പി.എം.സി കൾ ഉറപ്പാക്കണം. ഹോംകെയർ ടീമിനുള്ള ഭക്ഷണം, കമ്മ്യൂണിറ്റി നേഴ്സിനുള്ള ഹോണറേറിയം,

വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോംകെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്തമാസം 10-)o തീയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്

2.15.3 ഹോം കെയർ അംഗങ്ങളുടെ ഭക്ഷണത്തിന് ആവശ്യമായ തുക ഓരോ മാസവും എച്ച്.എം.സി. ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച് നൽകേണ്ടതാണ്. പ്രസ്തുത തുക പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്നും എച്ച്.എം. സി യിലേക്ക് പിന്നീട് അടവാക്കാവുന്നതാണ്.

2.15.4 അംഗൻവാടി പോഷകാഹാര പരിപാടി പോലെ എല്ലാ വർഷവും തുടർച്ചയായി നടപ്പാക്കേണ്ട ഒരു പ്രോജക്ടാണിത്. രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായി പരിചരണം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പാക്കേണ്ടതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽക്കാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതുമാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കാവുന്നതാണ്.

2.15.5 തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ മേഖലാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അലോപ്പതി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നയായിരിക്കണം ഈ പ്രോജക്ടിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥൻ. ആരോഗ്യ സ്ഥാപനം കൈമാറിക്കിട്ടിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അത്തരം സ്ഥാപനത്തിലൂടെ വേണം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. സർക്കാർ ആശുപത്രികളുടെ നിയന്ത്രണം കൈമാറിക്കിട്ടിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പ്രവർത്തനപരിധിയിൽ പ്രവർത്തിക്കുന്ന ഗവ. ആശുപത്രി/ സി.എച്ച്.സി/ താലൂക്ക് ആശുപത്രി/ജില്ലാ ആശുപത്രി/ ജനറൽ ആശുപത്രി മുഖേന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതും അവിടത്തെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കേണ്ടതുമാണ്.

2.15.6 ഈ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട്/ തനതുഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് വകയിരുത്താവുന്നതാണ്. വികസനഫണ്ടിൽ നിന്നും വകയിരുത്തുന്ന തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് പരിചരണത്തിനും നീക്കിവയ്ക്കേണ്ട അഞ്ച് ശതമാനം അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മരുന്നു വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ട് വകയിരുത്താമെങ്കിലും മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമേ തുക വിനിയോഗിക്കാൻ പാടുള്ളൂ.

2.16. മോണിട്ടറിംഗ്

2.16.1 ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നഗരഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ചചെയ്യേണ്ടതാണ്.

2.16.2 തദ്ദേശ ഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3. **വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ**

3.1 പ്രാഥമിക പരിചരണ യൂണിറ്റുകൾ കമ്മ്യൂണിറ്റി നേഴ്സിന്റെ നേതൃത്വത്തിൽ പ്രധാനമായും നേഴ്സിംഗ് പരിചരണവും സാമൂഹിക പിന്തുണയും സാന്ത്വനവുമാണ് രോഗികൾക്ക് വീടുകളിൽ ലഭ്യമാക്കുന്നത്. ഇതിനപ്പുറമുള്ള വിദഗ്ധ പാലിയേറ്റീവ് പരിചരണം കുറച്ച് രോഗികൾക്ക് ആവശ്യമായി വന്നേക്കാം. പാലിയേറ്റീവ് കെയർ ഡോക്ടർമാരുടെ കൺസൽട്ടേഷൻ, മോർഫിൻ അടക്കമുള്ള പാലിയേറ്റീവ് മരുന്നുകൾ, ഫിസിയോതെറാപ്പി പരിചരണം, വിദഗ്ധ നേഴ്സിംഗ് പരിചരണം, ബുദ്ധിമുട്ട് കൂടിയ രോഗികൾക്കുള്ള കിടത്തി ചികിത്സ മുതലായവയാണ് ഇവ.

3.2 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് പിന്തുണ നൽകിക്കൊണ്ട് വിദഗ്ധ പാലിയേറ്റീവ് കെയർ സേവനം എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കണം. ഇതിനുവേണ്ടി ഗ്രാമ പ്രദേശങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.7.2018-ലെ പി.എച്ച് 5-51297/18/ ഡി.എച്ച്.എസ് സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

3.3 മുൻസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിൽ തങ്ങൾക്ക് കൈമാറികിട്ടിയിട്ടുള്ളതോ തങ്ങളുടെ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്നതോ ആയ ആശുപത്രി കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.7.2018ലെ പി.എച്ച് 5-51297/18/ഡി.എച്ച്.എസ്. സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

3.4 ജില്ലാപഞ്ചായത്തുകൾക്ക് ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.7.2018 ലെ പി.എച്ച് 5-51297/18/ഡി.എച്ച്.എസ് സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തന ങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

4. **സന്നദ്ധസംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉപയോഗ പ്പെടുത്തൽ**

4.1 തദ്ദേശഭരണസ്ഥാപന പരിധിയിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകളേയും ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നതോ പ്രവർത്തിക്കാൻ സന്നദ്ധതയുള്ളതോ ആയ സന്നദ്ധസംഘടനകളേയും സന്നദ്ധ പ്രവർത്തകരേയും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ശ്രമിക്കേണ്ടതാണ്.

4.2 സംരക്ഷിക്കാൻ ആരോരുമില്ലാത്ത നിർധനരായ കിടപ്പിലായ രോഗികളെ പരിചരിക്കുന്ന തിനുള്ള സംവിധാനം സന്നദ്ധ സംഘടനകളുമായി ചേർന്ന് ഏർപ്പെടുത്താൻ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ശ്രമിക്കേണ്ടതാണ്

5. **സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കുള്ള സഹായം**

ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനം പി.എം.സി വിലയിരുത്തി

തൃപ്തികരമാണെന്ന് ശുപാർശ ചെയ്യുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് കെ.എം.എസ്.സി.എൽ പ്രസിദ്ധപ്പെടുത്തുന്ന അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ട, പാലിയേറ്റീവ് കെയറിന് ആവശ്യമായ മരുന്നുകളും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികളും എല്ലാതലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പി.എം.സി. മുഖേന വാങ്ങി നൽകാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഇങ്ങനെ മരുന്നു വാങ്ങി നൽകാമെങ്കിലും ബന്ധപ്പെട്ട പ്രാഥമിക യൂണിറ്റുമായി കൂടിയാലോചിച്ച് ഇരട്ടിപ്പ് ഇല്ല എന്ന് ഉറപ്പാക്കി മാത്രമെ മരുന്നുകൾ വാങ്ങി നൽകാൻ പാടുള്ളു. ഇപ്രകാരം മരുന്നുകളും സാമഗ്രികളും ലഭ്യമാക്കുന്നത് ഒഴികെ ഇത്തരം യൂണിറ്റുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സഹായങ്ങൾ ലഭ്യമാക്കാൻ പാടില്ല.

****

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ.(സാധാ) നം.**1365/2019/**ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/07/2019

പരാമർശം:- 1 സ.ഉ.(സാധാ.)നം.1935/2018/ത.സ്വ.ഭ.വ. തിയതി 17.07.18

2 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) പ്രസിഡണ്ടിന്റെ 07.06.19 ലെ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളുടെ ആവശ്യങ്ങൾക്കായി, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ, 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് അനുവദിക്കണമെന്ന നിബന്ധനയോടെ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 19/ 07/ 18 തീയതി മുതൽ ഒരു വർഷത്തേക്ക് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം ഉൽപാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് വിൽപ്പന നടത്തുന്നതിന് നൽകിയ അനുമതിയുടെ കാലാവധി 16.07.19 ൽ അവസാനിക്കുകയാണെന്നും സർക്കാർ ഉത്തരവ് ലഭ്യമായതിനെ തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് കഴിഞ്ഞവർഷങ്ങളിൽ ആവശ്യാനുസരണം സമയബന്ധിതമായി മരുന്നുകൾ നൽകിയിട്ടുണ്ടെന്നും ഈ സാഹചര്യം പരിഗണിച്ച് സംഘം ഉല്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് വില്പന നടത്തുന്നതിന് അനുവദിച്ച ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചുനൽകണമെന്ന് പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം

(ഭേഷജം) പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളുടെ ആവശ്യങ്ങൾക്കായി, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ, മരുന്നുകൾക്ക് 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് ടി സ്ഥാപനം അനുവദിക്കണമെന്ന നിബന്ധനയോടെ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 19/ 07/ 19 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡണ്ട്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം),മുണ്ടക്കൽ, കൊല്ലം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയ അനുമതി 24.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.238/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/01/2020

പരാമർശം:- 1 സ.ഉ.(സാധാ.)നം. 4004/2017/തസ്വഭവ, തീയതി 12.12.2017

2 സ.ഉ.(സാധാ.)നം. 78/2019/തസ്വഭവ, തീയതി 16.01.2019

3 കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 18.09.2019 -ലെ കത്ത്

4 ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 17/12/2019 സി2-1734/2019 നം. കത്ത്

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യാൻ കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയ അനുമതി പരാമർശം (1) -ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം 24.12.2018 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി അനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) കത്ത് മുഖേന കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകൾ ഡ്രഗ്സ് കൺട്രോളറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധിച്ച് വിലയും ഗുണനിലവാരവും ഉറപ്പുവരുത്തി സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി 24.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹസീനാ ബീഗം എ

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സെക്രട്ടറി, കേരള ആയുർവേദിക് കോപ്പറേറ്റീവ് സൊസൈറ്റി, മീഞ്ചന്ത, കോഴിക്കോട് - 673018
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് മരുന്ന് വിതരണം ചെയ്യാനുള്ള അനുമതി 31.12. 2023 വരെ ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.566/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/03/2020

പരാമർശം:– 1 സ.ഉ.(സാധാ)നം. 1935/2018/തസ്വഭവ, തീയതി 17.07.2018

2 സ.ഉ.(സാധാ)നം. 1365/2019/തസ്വഭവ, തീയതി 03.07.2019

3 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രസിഡന്റിന്റെ 28.09.2019–ലെ Esst./(Q)279/Govt.supply/2019 നമ്പർ അപേക്ഷ

ഉത്തരവ്

കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് മരുന്ന് വിതരണം ചെയ്യാൻ പരാമർശം (1) പ്രകാരം നൽകിയ അനുമതി പരാമർശം (2) ഉത്തരവ് മുഖേന 18.07.2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത അനുമതി സഹകരണ സംഘത്തിന്റെ GMP സർട്ടിഫിക്കന്റിന്റെയും ഡ്രഗ്സ് ലൈസൻസിന്റെയും കാലാവധി അവസാനിക്കുന്ന 31.12.2023 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം എന്ന സ്ഥാപനം സ്വന്തമായി ഉത്പാദിപ്പിക്കുന്ന, ഡ്രഗ്സ് കൺട്രോളർ ലൈസൻസ് നൽകിയിട്ടുള്ള ആയുർവേദ മരുന്നുകൾ, അവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തി, നിലവിലുള്ള മറ്റ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട്, മരുന്നുകൾക്ക് 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് പ്രസ്തുത

സ്ഥാപനം അനുവദിക്കണം എന്ന നിബന്ധനയോടെ, തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് മരുന്ന് വിതരണം ചെയ്യാൻ പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള അനുമതി 31.12.2023 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, ഭാരതീയ ചികത്സാ വകുപ്പ്
പ്രസിഡന്റ്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം, മുണ്ടയ്ക്കൽ, കൊല്ലം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിബി2/10/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 11/03/2020

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - PHC, CHC താലൂക്കാശുപത്രിയടക്കം മറ്റുസ്ഥാപനങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിക്കും/കൂട്ടിച്ചേർക്കലുകൾക്കും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. ആരോഗ്യവകുപ്പിന്റെ 22/09/2019ലെ PL-A4-73745/19/ആ.വ.ഡ നമ്പർ സർക്കുലർ.

2.06/12/2019ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 3.5.

****

സൂചന (1) സർക്കുലർ പ്രകാരം ആരോഗ്യ വകുപ്പിന്റെ വസ്തുക്കളിലോ കെട്ടിടങ്ങളിലോ സർക്കാരിന്റേയോ ആരോഗ്യ വകുപ്പിന്റേയോ അനുമതി കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ല എന്ന് നിഷ്കർഷിച്ചിരുന്നു. 06/12/2019ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 3.5ന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. PHC, CHC താലൂക്കാശുപത്രിയടക്കം മറ്റുസ്ഥാപനങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണിക്കും/കൂട്ടിച്ചേർക്കലുകൾക്കും അതത് ഓഫീസ് മേധാവിയുടെ അനുമതി വാങ്ങിയാൽ മതിയാകും.
2. വകുപ്പുമേധാവികളുടെ അനുമതി ആവശ്യമുള്ള കേസുകളിൽ ഓഫീസ് മേധാവി (മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുമതി കാലതാമസം കൂടാതെ വാങ്ങി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇത് സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമാണ്

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുനവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസനന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ചെയർമാൻ. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഒഎസ്) വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോവിഡ് - 19 പ്രതിരോധ, ആശ്വാസ നടപടികൾ - ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

G.O.(Ms)No.69/2020/LSGD തീയതി,തിരുവനന്തപുരം, 30/04/2020

പരാമർശം:- 20.3.2020- ലെ സർക്കാർ ഉത്തരവ് (കൈ) നം. 55/2020/തസ്വവ.

ഉത്തരവ്

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്ന് വരുമാനം നിലച്ചതിനാൽ, ജീവൻ രക്ഷാ മരുന്ന് വാങ്ങുന്നതിന് ഗുരുതര രോഗം ബാധിച്ച നിർധന രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം രോഗികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലെ അതാതു മെഡിക്കൽ ഓഫീസർമാർ മുഖേന മരുന്ന് വാങ്ങി നൽകുന്നതിന് ചുവടെ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

(എ) ജീവൻരക്ഷാ മരുന്ന് ലഭ്യമാക്കൽ

1. ഡയാലിസിസിന് വിധേയരാകുന്നവർ, അവയവം മാറ്റി വച്ചവർ, അർബ്ബുദ ബാധിതർ, എന്നിവർക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ മുഖേന വാങ്ങി നൽകാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ, ഈ ആവശ്യത്തിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.
2. സാമ്പത്തിക പ്രയാസം അനുഭവിക്കുന്നതും ഈ ഘട്ടത്തിൽ സഹായം ഏറ്റവും അർഹിക്കുന്നതും ആയവരെ വേണം ഇതിനായി പരിഗണിക്കേണ്ടത്.

3 മരുന്ന് ലഭ്യമാക്കുന്നതിന് പൊതു വിഭാഗം വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്.

4. അടിയന്തര സ്വഭാവത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സൗകര്യം (ജി.ഒ. പ്രോജക്ടുകൾ) ഉപയോഗിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള പ്രോജക്ട്

തയ്യാറാക്കാവുന്നതാണ്. പദ്ധതി പരിഷ്കരിക്കുന്ന സമയത്ത് വിഹിതം കണ്ടെത്തി പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

(ബി) അത്യാവശ്യ മരുന്നുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകൽ

1. അത്യാവശ്യ മരുന്നുകൾ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ കാരുണ്യ, നീതി സ്റ്റോറുകൾ, ജൻ ഔഷധി ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.
2. ഡയാലിസിസിന് വിധേയരാകുന്നവർ , അവയവം മാറ്റി വച്ചവർ , അർബ്ബുദ ബാധിതർ , എന്നിവർക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ജനറിക്ക് മരുന്നിനു പകരം മരുന്നിന്റെ ബ്രാൻഡ് പേര് അനുസരിച്ച് വാങ്ങാവുന്നതാണ്.

3 ഗുരുതര രോഗ ബാധിതർക്ക് ലഭ്യമാക്കുന്ന മരുന്ന് ഉൾപ്പെടെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം മരുന്നുകളും ഇപ്രകാരം മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പഞ്ചായത്ത് ഡയറക്ടര്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹാൻവീവിൽ നിന്നും മാസ്ക് വാങ്ങുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1192/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/06/2020

പരാമർശം:- കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാന്റെ 13/05/2020 ലെ കത്ത്.

ഉത്തരവ്

2018, 2019 പ്രളയദുരിതവും ഇപ്പോൾ നിലനിൽക്കുന്ന കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ടും ആഭ്യന്തര മാർക്കറ്റ് ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇതുവഴി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ കൈത്തറി തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഇണികൊണ്ടുള്ള ഗുണമേന്മയുള്ള മാസ്ക് നിർമ്മിച്ച് വിപണനം നടത്തണമെന്ന് നിശ്ചയിച്ചിരിക്കുകയാണ്. ആയതിനാൽ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) ഗുണമേന്മയുള്ളതും കഴുകി അണു വിമുക്തമാക്കി വീണ്ടും ഉപയോഗിക്കാൻ പറ്റാവുന്നതുമായ മാസ്കുകളുടെ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവിടങ്ങളിലും ഹാൻവീവിൽ നിന്നും മാസ്ക് വാങ്ങുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്നും പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാൻ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവിടങ്ങളിലും ഹാൻവീവിൽ നിന്നും മാസ്ക് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചെയർമാർ, കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bijoh

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി foot operated sanitizer/soap dispenser എന്നിവ സിഡ്കോ-യിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1379/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/07/2020

പരാമർശം:- 1 സ.ഉ.(കൈ) നം.55/2020/ത.സ്വ.ഭ.വ, തീയതി 20.03.2020

2 സിഡ്കോ മാനേജിംഗ് ഡയറക്ടറുടെ 04.06.2020 ലെ SIDCO/PDN/GNRL/DPR/2018-19 നമ്പർ സമർപ്പണം

ഉത്തരവ്

കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തികൾ സംബന്ധിച്ച് പരാമർശിത ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. കൊവിഡ് പ്രതിരോധ പ്രവർത്തങ്ങളുടെ ഭാഗമായി സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും foot operated Handsfree sanitizer/soap dispenser എന്നിവ സ്ഥാപിക്കുന്നതിന് സിഡ്കോ -യുടെ പ്രൊഡക്ഷൻ യൂണിറ്റ് സജ്ജമാണെന്നും സംസ്ഥാനത്തുടനീളം സർക്കാർ ഓഫീസുകളിലും മറ്റും ഇവ സ്ഥാപിക്കുന്നതിന് സിഡ്കോ-യെ ചുമതലപെടുത്തണമെന്നും സിഡ്കോ മാനേജിംഗ് ഡയറക്ടർ പരാമർശിത സമർപ്പണം മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള Break the Chain Campaign -ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരിധിയിലുള്ള സർക്കാർ ഓഫീസുകൾ/ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി Hands-free Sanitizer/ Soap Dispenser എന്നിവ സിഡ്കോയിൽനിന്ന് ആവശ്യാനുസരണം വാങ്ങുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റിഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
മാനേജിംഗ് ഡയറക്ടർ, സിഡ്കോ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജന സമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാരും - കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1615/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/09/2020

പരാമർശം:- 1 സ.ഉ (സാധാ) നം. 846/2020/ആകവ തീയതി 07.05.2020.

2 പഞ്ചായത്ത് ഡയറക്ടറുടെ 25.06.2020 ലെ PAN/7780/2020-J6(DP) നം. കത്ത്

ഉത്തരവ്

കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച വരുന്ന പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാർക്ക് ഇൻഷുറൻസോ, ഇൻസെന്റീവോ ലഭ്യമാക്കിയിട്ടില്ലെന്നും എൻ.എച്ച്.എം ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ഇൻസെന്റീവ് ലഭ്യമാക്കിയ സാഹചര്യത്തിൽ പാലിയേറ്റീവ് നഴ്സുമാർക്കും ഇൻസെന്റീവ് നൽകുന്നതിനാവശ്യമായ പരിഗണന ഉണ്ടാകണമെന്ന് പാലിയേറ്റീവ് നഴ്സുമാരുടെ സംഘടന സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ അഭ്യർത്ഥിച്ചു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം ആശ വർക്കർമാർക്ക് COVID 19 പ്രവർത്തനങ്ങൾക്കുള്ള അധിക ഇൻസെന്റീവ് ആയി പ്രതിമാസം 1000/- രൂപ 2020 ജനുവരി മുതൽ ജൂൺ മാസം വരെ അനുവദിച്ചിട്ടുണ്ട്. കോവിഡ് - 19 കാലഘട്ടത്തിൽ അധികശ്രദ്ധ നൽകേണ്ട ക്യാൻസർ രോഗികൾ, വൃക്ക സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ, കിടപ്പ് രോഗികൾ തുടങ്ങിയവർക്ക് വീടുകളിൽ എത്തി ആവശ്യമായ ചികിൽസയും പരിചരണവും പാലിയേറ്റീവ് കെയർ നഴ്സുമാർ നൽകുകയുണ്ടായിയെന്നും കോവിഡ് - 19 വ്യാപന സമയത്ത് ടി വിഭാഗം ജീവനക്കാർ കൃത്യമായ ഫീൽഡ് പ്രവർത്തനം നടത്തിയിട്ടുള്ളതായും പ്രസ്തുത സാഹചര്യത്തിൽ കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സുമാർക്കും ഇൻസെന്റീവ് അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച വരുന്ന എൻ.എച്ച്.എം. ജീവനക്കാർക്കും ആശാ വർക്കർമാർക്കും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ നഴ്സുമാരെ കോവിഡ് പ്രവർത്തനത്തിനായി നിയോഗിച്ചിട്ടില്ല. എന്നിരുന്നാലും കോവിഡ് - 19 കാലഘട്ടത്തിൽ അധികശ്രദ്ധ നൽകേണ്ട ക്യാൻസർ രോഗികൾ, വൃക്ക സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ, കിടപ്പ് രോഗികൾ തുടങ്ങിയവർക്ക് വീടുകളിൽ എത്തി ആവശ്യമായ ചികിൽസയും പരിചരണ പ്രവർത്തനവും നടത്തിയിട്ടുള്ള സാഹചര്യത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാർക്കും ഇൻസെന്റീവ് അനുവദിക്കാൻ അർഹത ഉള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറു മാസത്തേയ്ക്ക് പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ബി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/52/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danuja M

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് അനുവദിക്കുന്നതിന് ആറു മാസത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1820/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/10/2020

പരാമർശം:- സ.ഉ (സാധാ) നം. 1615/2020/തസ്വഭവ തീയതി 07.09.2020.

ഉത്തരവ്

പരാമർശത്തിലെ ഉത്തരവ് പ്രകാരം കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറു മാസത്തെയ്ക്ക് പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിരുന്നു. കോവിഡ് - 19 വ്യാപനം അതിരൂക്ഷമായ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിന് തുടർച്ചയായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തെയ്ക്ക് കൂടി പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിച്ച് കൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ ബി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/52/2020-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danyal

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗീകൃത സർവ്വകലാശാലകളുടെ സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/ പി.ജി ഡിപ്ലോമ പാസ്സായവരെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്താൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1968/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/10/2020

പരാമർശം:- 1 സ.ഉ.(സാധാ.)നം.3190/2017/ത.സ്വ.ഭ.വ, 03.10.2017.

2 നാഷണൽ ആയുഷ് മിഷൻ ഡയറക്ടറുടെ 23/11/2019-ലെ NAM/ADMN/079/2016/SPMSU നം. ഉത്തരവ്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.09.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.1(4.12).

ഉത്തരവ്

ഒന്നാം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ യോഗ പരിശീലകരെ നിയമിക്കുമ്പോൾ അംഗീകൃത സർവകലാശാലയിൽ നിന്നും BNYS അല്ലെങ്കിൽ തത്തുല്യ ബിരുദം ഉള്ളവരെയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യത ഉള്ളവരെയോ തദ്ദേശ സ്ഥാപനങ്ങൾക്ക് നിയമിക്കാം എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ യോഗാധ്യാപകരായി വിവിധ സർവകലാശാലകളുടെ സർട്ടിഫിക്കറ്റ് കോഴ്സ് ഉള്ളവരെ നിയമനത്തിൽ പരിഗണിക്കുന്നില്ല എന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ യോഗ പരിശീലകരെ നിശ്ചയിക്കുന്നതിനുള്ള അദ്ധ്യാപക യോഗ്യതയിൽ കണ്ണൂർ സർവ്വകലാശാലയുടെ Certificate in Yoga & Fitness Course / PG Diploma എന്ന യോഗ്യത കൂടി ഉൾപ്പെടുത്തി പരാമർശിത ഉത്തരവ് ഭേദഗതി ചെയ്യണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് നിരവധി ഉദ്യോഗാർഥികൾ സർക്കാരിൽ നിവേദനം നൽകിയിരുന്നു.

2. നാഷണൽ ആയുഷ് മിഷൻ ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം യോഗ ആന്റ് നാച്യുറോപതി ടെക്നീഷ്യൻ/യോഗ ഡെമോൺസ്ട്രേറ്റർ/യോഗാ ഇൻസ്ട്രക്ടർ എന്നീ തസ്തികകളുടെ ക്വാളിഫിക്കേഷൻ, അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ഉള്ള BNYS/MSC (Yoga) M.Phil (yoga) / അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ഉള്ള ഒരു വർഷത്തിൽ കുറയാതെയുള്ള പഠന കാലാവധി ഉള്ള PG diploma in Yoga / അംഗീകൃത സർവ്വകലാശാലകൾ അല്ലെങ്കിൽ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ഒരു വർഷത്തിൽ കുറയാതെയുള്ള പഠന കാലാവധി ഉള്ള approved certificate course in yoga, എന്ന രീതിയിൽ ആണെന്നും ആയതിനാൽ അപേക്ഷകർ 'Certificate in Yoga Fitness Course/PG Diploma Course' പാസായതിനാൽ യോഗാ പരിശീലകരായി പരിഗണിക്കാവുന്നതാണെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും ,മേൽ കമ്മിറ്റിയുടെ പരാമർശം(3) തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ കണ്ണൂർ സർവ്വകലാശാലയുടേയും മറ്റ് അംഗീകൃത സർവ്വകലാശാലകളുടെയും ഒരു വർഷത്തിൽ കുറയാതെയുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ്/ പി.ജി ഡിപ്ലോമ പാസ്സായവരെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
പൊതുവിദ്യാഭ്യാസ വകുപ്പ് (D2/375/2018-GEDN)
ആയുഷ് വകുപ്പ്
സെക്രട്ടറി, കേരള യോഗ ടീച്ചേർസ് യൂണിയൻ, പള്ളിക്കുന്ന്, കണ്ണൂർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്

GOVERNMENT OF KERALA

Abstract

Health & Family Welfare Department – Aardram mission - conversion of 212 Primary Health Centres into Family Health Centres under AARDRAM Phase III - Orders issued.

==========

HEALTH & FAMILY WELFARE (M)DEPARTMENT

G.O.(Rt)No.1947/2020/H&FWD Dated, Thiruvananthapuram, 22.10.2020

==========

Read: Letter No.NHM/4256/SNO(HWC)/2019/SPMSU dated 23.09.2020 from the Sate Mission Director, National Health Mission.

ORDER

The State Mission director, National Health Mission vide letter read above has furnished a proposal and has informed the State Government that the Government of India has accorded approval for the transformation of 220 more PHC's in the State to AB-HWC's. On the basis of this they have requested to convert 212 PHC's with potential for such transformation into Family Health Centres in Aardram III Phase utilising the fund from Government of India.

Government have examined the matter in detail and are pleased to select the following 212 Primary Health Centres to be developed as Family Health Centres under Aardram III Phase utilising the fund from Government of India.

THIRUVANANTHAPURAM	
Total No of Family Health Centres to be Selected – 14	
Sl.No	Institution
Primary Health Centres	
1	Azhoor
2	Bharathannur
3	Kalliyoor
4	Kanjiramkulam
5	Karamana
6	Kizhuvilam
7	Malayadi
8	Nagaroor
9	Navaikulam
10	Parasuvaikal

11	Perumpazhuthoor
12	Ulloor
13	Vellayani
14	Palace dispensary, Kowdiar
KOLLAM	
Total No of Family Health Centres to be Selected – 12	
Sl.No	Institution
Primary Health Centres	
15	Chirakkara
16	Mylom
17	Achencovil
18	Kummil
19	Pattazhy
20	Pattazhy Vadakkekara
21	Thalavoor
22	Poruvazhy
23	Yeroor
24	Adichanaloor
25	Paripally
26	Kottamkara
PATHANAMTHITTA	
Total No of Family Health Centres to be selected – 13	
Sl.No	Institution
Primary Health Centres	
27	Ranni Angadi
28	Malayalapuzha
29	Pramadam
30	Pandalam Thekkekkara

31	Nedumpram
32	Kuttapuzha
33	Kottanadu
34	Kadapra
35	Mallapuzhassery
36	Thottapuzhassery
37	Angamoozhy
38	Manjnikkara
39	Nilakkal
	ALAPPUZHA
Total No of Family Health Centres to be selected –8	
Sl.No.	Institution
	Primary Health centres
40	Kodamthuruth
41	Mannancherry
42	Pallippad
43	Budhanoor
44	Kumarapuram
45	Muttar
46	Haripad
47	Cheppad
	KOTTAYAM
Total No of Family Health Centres to be selected – 17	
Sl.No	Institution
	Primary Health Centres
48	Peruva
49	Nedumkunnuam
50	Kalaketty
51	Karikattor
52	Parathanam
53	T.V.Puram

54	Manarcad
55	Mundankunnu
56	Vazhapally
57	GV Raja Poonjar
58	Thalanadu
59	Thalapalam
60	Thidanadu
61	Teekoy
62	Karoor
63	Kozhuvanal
64	Kaduthuruthy
	IDUKKI
Total No of Family Health Centres to be selected – 12	
Sl.No	**Institution**
	Primary Health Centres
65	Chakkupallam
66	Edavetty
67	KP Colony
68	Manakkad
69	Mankulam
70	Kanthalloor
71	Vannapuram
72	Kallar Vattayar
73	Poomala

74	Poochapra
75	Santhappara
76	Edamalakkudi
	ERNAKULAM
Total No of Family Health Centres to be selected – 23	
Sl.No	Institution
	Primary Health Centres
77	Mookkannoor
78	Pallisery
79	Nedumbassery
80	Kunnukara
81	Kalamasery
82	Thrikkakara
83	Kanjoor
84	Chotanikkara
85	Tottoor
86	Puthuvyppu
87	Vallarpadam
88	Valanthakad
89	Kallorkad
90	Ayavana
91	Marady
92	Pizhala
93	Maneed
94	Pattimattoom
95	Poothrikka

96	Kadungalloor
97	Asamannoor
98	Elanji
99	Thrippunithura
	THRISSUR
	Total No of Family Health Centres to be selected – 15
Sl.No	Institution
	Primary Health Centres
100	Mundathikode
101	Avanoor
102	Pavaratty
103	Alagappanagar
104	Porathissery
105	Avinissery
106	Arimbur
107	Ollukara
108	Choonadal
109	Mathilakom
110	Ramavarmapuram
111	Mupliyam
112	Kandanassery
113	Koorkanchery
114	Varavoor
	PALAKKAD
Total No of Family Health Centres to be selected – 18	
Sl.No	Institution
	Primary Health Centres
115	Thachampara
116	Thachanattukara

117	Lakkidi
118	Ananganadi
119	Kodumbu
120	Nagalassery (Peringode)
121	Thirumittakode
122	Kottapuram
123	Pirayiri
124	Parambikulam
125	Polpully
126	Pudunagaram
127	Kulukallur
128	Thiruvegapura
129	Vilayur
130	Nelliyampathy
131	Melarcode
132	Melamuri
	MALAPPURAM
Total No of Family Health Centres to be selected – 29	
Sl.No	**Institution**
	Primary Health centres
133	Alipparamba
134	Amarambalam
135	Anakkayam
136	Athavanad
137	Chathallur

138	Cheriyamundam
139	Edappatta
140	Edarikode
141	Ezhuvahtiruthy
142	Fisheries Disp Koottayi
143	Irimbilyam
144	Kadalundy nagaram
145	Kalpakanchery
146	Kannamangalam
147	Keezhattur
148	Keezhuparamba
149	Kodur
150	Kurumbalangode
151	Makkaraparamba
152	Mampad
153	Muthuvallur Velayil PHC (Cheekkode)
154	Nediyiruppu
155	Oorakam
156	Othukkungal
157	Perumpadappu
158	Pookkottur
159	Thennala
160	Valanchery
161	Vettathur
	KOZHIKODE
Total No of Family Health Centres to be selected – 14	
Sl.No	Institution
	Primary Health Centres
162	Kakkoor

163	Kuruvattor
164	Cheruvannur Nallalam
165	Kakkayam
166	Mangad
167	Thuneri
168	Vayalada
169	Kizhakoth
170	Kunduthodu
171	Velom
172	Koothali
173	Peruvayal
174	Thurayur
175	Choolur
	WAYANAD
Total No of Family Health Centres to be selected – 6	
Sl.No	Institution
	Primary Health centres
176	Mullankolly
177	Kappukunnu
178	Chulliyode
179	Mooppainadu
180	Varadoor
181	Valad
	KANNUR
Total No of Family Health Centres to be selected – 21	
Sl.No	Institution
	Primary Health Centre
182	Urathur
183	Keezhallur

184	Chalil
185	Chandanakkampara
186	Pampuruthi
187	Kolanchery
188	Panniannoor
189	Kannapuram
190	Alakode manakkadavu
191	Kudiyanmala
192	Naduvil
193	Chuzhali
194	Pallikkunnu
195	Puzhathi
196	Karikkottakari
197	Kanichar
198	Angadikadavu
199	Muttam
200	Eruvessy
201	Alakkad
202	Ezhome
	KASARGODE
Total No of Family Health Centres to be selected – 10	
Sl.No	Institution
	Primary Health Centres
203	Karichery
204	Konnakkad
205	Bandadka
206	Kalanad

207	Chengala
208	Angadimogar
209	Arikady
210	Madhur
211	Vaninagar
212	Meenja

(By order of the Governor)
RAJAN NAMDEV KHOBRAGADE
PRINCIPAL SECRETARY to GOVERNMENT

To

The State Mission Director, National Health Mission ,Thiruvananthapuram
The Director of Health Services, Thiruvananthapuram.
The Director of Medical Education, Thiruvananthapuram.
The Executive Director, State Health System Resource Centre,Thiruvananthapuram
Project Director, e-health, Thiruvananthapuram
The Director, Information & Public Relations (Web & New Media) Department
Stock File / Office Copy

Forwarded / By Order

Section Officer

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2094/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2020

പരാമർശം:- 1 സ.ഉ(സാധാ) നം. 3845/2017/തസ്വഭവ തീയതി, 29.11.2017

2 സ.ഉ(സാധാ) നം. 4009/2017/തസ്വഭവ തീയതി, 12.12.2017

3 സ.ഉ(പി) 81/2019/ധന തീയതി, 09.7.2019

4 പഞ്ചായത്ത് ഡയറക്ടറുടെ 17.9.2020 ലെ PAN/11959/2019-J6(DP) നം. കത്ത്

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം 15,000/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം (1),(2) പ്രകാരം ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാർ പഞ്ചായത്ത് പരിധിയിലെ കിടപ്പ് രോഗികൾ, ക്യാൻസർ രോഗികൾ, ഹൃദയസംബന്ധമായ രോഗികൾ, മറ്റ് ചികിൽസ ആവശ്യമുള്ള രോഗികൾ എന്നിവരെ വീട്ടിൽ എത്തി പരിചരിക്കുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി വരികയും ചെയ്യുന്നതായും കോവിഡ് പടർന്ന് പിടിക്കുന്ന സമയങ്ങളിലും ടി വിഭാഗം ജീവനക്കാർ പാലിയേറ്റീവ് പരിചരണം നടത്തുന്നതുമായി ബന്ധപ്പെട്ട് പരാതികൾക്ക് ഇടവരാതെ പ്രവർത്തിച്ചവരാണെന്നും എന്നാൽ ടി ജീവനക്കാരുടെ ഓണറേറിയത്തിൽ 2017 ന് ശേഷം നാളിതുവരെ വേതന വർദ്ധനവ് വരുത്തിയിട്ടില്ലെന്നും സർക്കാരിന്റെ മറ്റ് വകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരാമർശം (3) പ്രകാരം വർദ്ധിപ്പിച്ചതായും ടി ഉത്തരവിൽ ഏറ്റവും കുറഞ്ഞ കരാർ വേതനം 18030/- രൂപയാണെന്നും പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാലിയേറ്റീവ് കെയർ നേഴ്സുമാരുടെ ഓണറേറിയവും കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നാണ് പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് ഓണറേറിയം നൽകുന്നത്. പാലിയേറ്റീവ് കെയർ നേഴ്സുമാർ കരാർ ജീവനക്കാരാണ്. ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച പരാമർശം (3) ലെ ഉത്തരവ് പ്രകാരം നഴ്സിങ് അസിസ്റ്റന്റ് ഉൾപ്പടെയുള്ള ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ കരാർ വേതനം 18030/- രൂപയാണ്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18030/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-1/179/2017/Fin. തീയതി 05.11.2020 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/65/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/321/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01/01/2021

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020 ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.3(3.8)

****

വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിന് പല തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രോജക്ട് എടുക്കാറുണ്ട്. ഇപ്രകാരം ധനസഹായം നൽകുന്നതിന് വ്യവസ്ഥ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിലവിൽ ഈ പ്രോജക്ട് നടപ്പാക്കുന്നത്.

ആഴ്ചയിൽ പരമാവധി 1000/- രൂപ ക്രമത്തിൽ പ്രതിമാസം 4000/- രൂപ വരെ പരമാവധി നൽകുന്ന രീതിയിലാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളത്. ഈ നിരക്ക് തന്നെ (പ്രതിമാസം പരമാവധി 4000/- രൂപ) തുടരേണ്ടതാണ്. ഈ തുക ഗുണഭോക്താവിന് നേരിട്ടു നൽകാവുന്നതല്ല. ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവ്വഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ) മുഖേനയാണ് കൈമാറേണ്ടത്. ഇങ്ങനെ തുക കൈമാറുന്ന രീതിയിൽ കാലതാമസമൊഴിവാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/39/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25/03/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/ അനീമിയയുടെ തോത് കുറയ്ക്കുന്നത് സംബന്ധിച്ച് - തുടർനടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/ അനീമിയയുടെ തോത് കുറയ്ക്കുന്നത് സംബന്ധിച്ച് 23.12.2020 ന് സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

****

ലോകത്താകമാനം, പ്രത്യേകിച്ച് 10 നും 18 നും ഇടയിലെ കൗമാര പ്രായക്കാരായ കുട്ടികളിൽ കാണുന്ന പോഷകവൈകല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അനീമിയ അഥവാ വിളർച്ച. കൗമാരക്കാരായ പെൺകുട്ടികളിലാണ് ഇത് കൂടുതലായി കാണപ്പെടുന്നത് എന്നത് ഗൗരവമേറിയ വിഷയമാണ്. വിളർച്ചയെക്കുറിച്ചും അതുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും കാര്യമായ അവബോധം കൗമാരക്കാരിൽ ഉണ്ടാക്കി എടുക്കേണ്ടതുണ്ട്. സർക്കാർ ആരോഗ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന അനീമിയ പ്രതിരോധ/ ഡിറ്റക്ഷൻ/ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്ക് തുടർച്ചയായി, പ്രാദേശിക സർക്കാർ തലത്തിൽ അനീമിയ പ്രതിരോധത്തിനും മറ്റും തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- നിലവിൽ ലഭ്യമായ പഠനങ്ങളും, ആരോഗ്യ വകുപ്പ് ശേഖരിച്ച വിവരങ്ങളും വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളും വിശകലനം നടത്തി, കൗമാരക്കാരിൽ ഉള്ള നിലവിലെ അനീമിയ തോതും പ്രശ്നങ്ങളും വിലയിരുത്തി ഒരു action plan തയ്യാറാക്കി ക്യാമ്പയിൻ മോഡിൽ ഒരു വർ ഷം നീണ്ടു നിൽക്കുന്ന കാര്യപരിപാടികൾ സംഘടിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പൂർണ്ണ സഹകരണം ഉറപ്പ് വരുത്തണം.
- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതിയിൽ അനീമിയ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ ഊന്നൽ നൽകേണ്ടതാണ്
- Mid Day Meal പരിപാടിയിൽ പോഷക സമൃദ്ധമായ വിഭവങ്ങൾ ചേർക്കുന്നതിനും, ആവശ്യമായ സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിനുമുള്ള ആവശ്യമായ വിഭവ സമാഹരണം നടത്തുന്നതിന് /നീക്കി വെക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകണം.
- തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും കൃഷി വകുപ്പിന്റെയും വനം വകുപ്പിന്റെയും സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിലും അങ്കണവാടികളിലും ഫല വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കേണ്ടതാണ്
- ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്ന അനീമിയ സ്ക്രീനിംഗ്/ഡിറ്റക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ അനീമിയ ക്ലസ്റ്ററുകൾ കണ്ടെത്തുന്നിടത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

- ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്ന അനീമിയ സ്ക്രീനിംഗ്/ഡിറ്റക്ഷൻ ക്യാമ്പുകളിലെ അടിസ്ഥാന വിവരങ്ങൾ വിശകലനം ചെയ്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഞ്ചായത്ത് /വാർഡ് തലത്തിൽ മാപ്പ് ചെയ്യുന്നതിനുള്ള നടപടിയിൽ സഹകരിക്കേണ്ടതുണ്ട്
- പഞ്ചായത്ത് തല അനീമിയ വൾനറബിലിറ്റി അസെസ്മെന്റ് നടത്താൻ കഴിയുന്ന കാര്യം പരിശോധിക്കണം.
- അനീമിയ ബോധവത്കരണ പ്രവർത്തനങ്ങൾ വീടുകളിലെത്തിക്കുന്നതിന് സംസ്ഥാനത്തുള്ള കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തണം.
- പുതിയതായി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ പരിശീലന പരിപാടിക്ക് കില തയ്യാറാക്കുന്ന പഠന മോഡ്യൂളിൽ വനിതാ ശിശു വികസന വകുപ്പുമായി ആലോചിച്ച് അനീമിയ ഉൾപ്പെടുത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ ജനറൽ, കില
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
സാമൂഹ്യ നീതി വകുപ്പ് (B1/357/2020/SJD)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സുമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.897/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/04/2021

പരാമർശം:- 1 ബഹു. കേരള ഹൈക്കോടതിയുടെ 30.9.2020 ലെ WP(C) 20478/2020 നം. വിധിന്യായം

2 ശ്രീമതി. സിനിമോൾ. എ.റ്റി സമർപ്പിച്ച 10.10.2020 ലെ നിവേദനം

3 സ.ഉ.(സാധാ)നം.553/2019/തസ്വഭ തീയതി 07.03.2019

4 സ.ഉ.(സാധാ)നം.2094/2020/തസ്വഭ തീയതി 06.011.2020

5 പഞ്ചായത്ത് ഡയറക്ടറുടെ 14.3.2021 ലെ PAN/3233/2021- J6(DP)നം. കത്ത്

ഉത്തരവ്

1. ആലുവ മുൻസിപ്പാലിറ്റി പാലിയേറ്റീവ് കെയർ പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റിയിൽ കമ്മ്യൂണിറ്റി നഴ്സായ ശ്രീമതി. സിനിമോൾ. എ.റ്റി ഫയൽ ചെയ്തിരുന്ന WP(C) 20478/2020 നം. ഹർജിയിൽ പരാമർ ശം (1) പ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

" ..... I order this writ petition and direct the competent Secretary of the 1st respondent to take up Ext.P5 representation of the petitioner and to dispose of the same, after affording an opportunity of being heard to her - either physically or through video conferencing - thus culminating in an appropriate order thereon, as expeditiously as is possible, but not later than three months from the date of the receipt of a copy of the judgment."

2. ശ്രീമതി. സിനിമോൾ. എ.റ്റി സർക്കാരിൽ സമർപ്പിച്ചിരുന്ന 23.03.2020 ലെ നിവേദനമാണ് എക്സിബിറ്റ് പി5 . പരാതിക്കാരി 2013 മുതൽ ആലുവ മുൻസിപ്പാലിറ്റി പാലിയേറ്റീവ് കെയർ പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റിയിൽ കമ്മ്യൂണിറ്റി നഴ്സാണെന്നും ടിയാൾക്ക് 15000/- രൂപയാണ് ഓണറേറിയം ലഭിക്കുന്നതെന്നും സർക്കാർ ആശുപത്രിയിലെ നഴ്സായി നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യസ യോഗ്യത തനിക്കുമുണ്ടെന്നും കൂടാതെ ജോലിയുടെ സ്വഭാവും സമാനമാണെന്നും സർക്കാർ സർവീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് 22200 - 48000 ശമ്പള സ്കെയിലുള്ളപ്പോൾ പാലിയേറ്റീവ് കെയറിൽ കമ്മ്യൂണിറ്റി നഴ്സായ തന്നെപ്പോലയുള്ളവർക്ക് 15000/- രൂപ മാത്രം അനുവദിച്ചിട്ടുള്ളതെന്നും സർക്കാർ സർ വീസിലെ നഴ്സും പാലിയേറ്റീവ് കെയറിലെ കമ്മ്യൂണിറ്റി നഴ്സുമാരും ഒരേ തരം ജോലിയാണ് ചെയ്യുന്നതെങ്കിലും സർക്കാർ നഴ്സിന് ശമ്പള സ്കെയിൽ അനുവദിക്കുകയും പാലിയേറ്റീവ് നഴ്സുമാർക്ക് ഓണറേറിയമായി ഒരു നിശ്ചിത തുക മാത്രം അനുവദിക്കുന്നത് വിവേചനപരമാണെന്നും ആയതിനാൽ

സർക്കാർ നഴ്സുമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്നും എക്സിബിറ്റ് പി5 നിവേദനത്തിൽ പരാതിക്കാരി അഭ്യർത്ഥിച്ചു. ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം പരാതിക്കാരിയെ നേരിൽ കേട്ടപ്പോഴും ടിയാൾ ഇക്കാര്യങ്ങൾ ആവർത്തിച്ചു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ് പാലിയേറ്റീവ് കെയർ നഴ്സുമാർ. ടി ജീവനക്കാരുടെ ഹോണറേറിയം 15000/- രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ചാണ് ശ്രീമതി. സിനിമോൾ ബഹു.ഹൈക്കോടതി മുൻപാകെ WP(C)20478/2020നമ്പർ ഹർജി ഫയർ ചെയ്തത്. എന്നാൽ പരാമർ ശം (4) ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഹോണറേറിയം 18,030/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ മുഖേനയോ സ്ഥാപനങ്ങൾ മുഖേനയോ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഭാഗമായി കരാർ, ദിവസവേതന ജീവനക്കാരെ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുന്നതിനും അവർക്ക് അനുവദനീയമായ വേതനം നിശ്ചയിക്കുന്നതിനുമുള്ള അധികാരം സർക്കാരിനാണ്. വ്യത്യസ്ത പ്രോജക്ടുകളുടെ ഭാഗമായി നിയമിച്ചിട്ടുള്ള കരാർ ജീവനക്കാർക്ക് വേതനം തുല്യമായിരിക്കണമെന്ന് നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ നിലവിലില്ല. ഓരോ തസ്തികയ്ക്കും പ്രസ്തുത തസ്തികയുടെ ജോലി സ്വഭാവവും ജോലി സമയവും കണക്കിലെടുത്താണ് സർക്കാർ വേതനം നിശ്ചയിക്കുന്നത്. ഹർജിക്കാരി ആവശ്യപ്പെടുന്നതുപോലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ നഴ്സായ തനിക്കും വേതനം ലഭിക്കണമെന്ന ആവശ്യം പരിഗണനാർഹമെന്ന് കാണുന്നില്ലെന്ന് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

4 . സർക്കാർ ഇക്കാര്യം പരിശോധിച്ചു സംസ്ഥാന സർക്കാർ സർവീസിലുള്ള നഴ്സുമാർ ഉൾ പ്പടെയുള്ള ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർ കരാർ ജീവനക്കാരാണ്. എന്നാൽ കരാർ ജീവനക്കാർക്ക് ഇപ്രകാരം ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാരുടെ നിയമനം ഉൾപ്പടെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ വിശദമായ മാർഗരേഖ പരാമർ ശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ മുഖേനയോ സ്ഥാപനങ്ങൾ മുഖേനയോ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിയുടെ ഭാഗമായി കരാർ, ദിവസവേതന ജീവനക്കാരെ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുകയും അവർക്ക് അനുവദനീയമായ വേതനം നിശ്ചയിക്കുകയും ചെയ്യുന്നു. വ്യത്യസ്ത പ്രോജക്ടുകളുടെ ഭാഗമായി നിയമിച്ചിട്ടുള്ള കരാർ ജീവനക്കാർക്ക് വേതനം തുല്യമായിരിക്കണമെന്ന് നിഷ്കർഷിക്കുവാൻ സാധിക്കുകയില്ല. കൂടാതെ പരാമർ ശം (4) ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഹോണറേറിയം 18,030/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നഴ്സുമാരുമായി ശമ്പള തുല്യത അനുവദിക്കണമെന്ന എക്സിബിറ്റ് പി5 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. സിനിമോൾ. എ.റ്റി, W/O തങ്കച്ചൻ, തേജസ് ഹൗസ്, നേതാജി റോഡ്, ആലുവ, എറണാകുളം - 683 101

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, ജനറൽ ഹോസ്പിറ്റൽ ജം. തിരുവനന്തപുരം.

പാലിയേറ്റീവ് കെയർ പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി, ആലുവ മുൻസിപ്പാലിറ്റി, ആലുവ -683101

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/138/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ആംബുലൻസുകളുടെ ആവർത്തന ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനുള്ള - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1089/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി,03/06/2021

പരാമർശം:-പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 28/04/2020ലെ അപേക്ഷ

2. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് സമർപ്പിച്ച 04/12/2019 ലെ അപേക്ഷ

ഉത്തരവ്

സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ആംബുലൻസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന ഡ്രൈവർമാരുടെ വേതനം പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കിയത്, ഓഡിറ്റിൽ തടസ്സം ഉന്നയിച്ച സാഹചര്യത്തിൽ, തടസ്സം ഒഴിവാക്കുന്നതിനും സാധുകരണത്തിനുമായി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റും , ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ . കെ . കെ . സതീശൻ നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആയത് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ആംബുലൻസുകളുടെ ആവർത്തന ചെലവുകൾ തനതു ഫണ്ട് / പ്ലാൻ ഫണ്ട് വകയിരുത്തി പദ്ധതി പ്രകാരം വഹിക്കുന്നതിനുള്ള അനുമതി നൽകുന്നതോടൊപ്പം, ഓഡിറ്റ് തടസ്സം ഒഴിവാക്കി പദ്ധതി പ്രവർത്തനത്തിന് സാധുകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയും യോഗ അസോസിയേഷൻ ഓഫ് കേരളയും സംയുക്തമായി സംഘടിപ്പിക്കുന്ന ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് (ഡി.വൈ.റ്റി.) - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന യോഗ പരിപാടികളുടെ ഇൻസ്ട്രക്ടർ/ യോഗ ടീച്ചർമാർക്കുള്ള അംഗീകൃത യോഗ്യതയായി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2383/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/11/2021

പരാമർശം:-

1. 03.10.2017 ലെ സ.ഉ.(സാധാ.)നം. 3190/2017/ത.സ്വ.ഭ.വ
2. 14.02.2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ
3. 29.11.2019 ലെ സ.ഉ.(സാധാ) നം.5202/2019/പൊ.വി.വ.
4. 06.01.2020 ലെ സ.ഉ.(സാധാ) നം.93/2020/പൊ.വി.വ.
5. 20.10.2020 ലെ സ.ഉ.(സാധാ) നം.1968/2020/ത.സ്വ.ഭ.വ
6. സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടറുടെ 16.08.2021 ലെ 362/എസ്.ആർ.സി.സി.സി./18 നമ്പർ കത്ത്
7. യോഗ അസോസിയേഷൻ ഓഫ് കേരള ആക്ടിംഗ് സെക്രട്ടറിയുടെ കത്ത്
8. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 18.11.2021 ലെ പി/2792/18/ഡിഎഎംഇ നമ്പർ റിപ്പോർട്ട്

ഉത്തരവ്

ആയുഷ് വകുപ്പുമായി ചേർന്ന് യോഗപരിശീലനം നൽകുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. അംഗീകൃത സർവകലാശാലയിൽ നിന്നും BNYS അല്ലെങ്കിൽ തത്തുല്യ ബിരുദം ഉള്ളവരെയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യത ഉള്ളവരെയോ തദ്ദേശ സ്ഥാപനങ്ങൾക്ക് യോഗപരിശീലകരായി നിയമിക്കാമെന്ന് പരാമർശം (1) ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം (5) ഉത്തരവ് പ്രകാരം അംഗീകൃത സർവ്വകലാശാലകളുടെ ഒരു വർഷത്തിൽ കുറയാതെയുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ഫിറ്റ്നസ് കോഴ്സ് / പി.ജി ഡിപ്ലോമ പാസായവരെയും തദ്ദേശ സ്ഥാപനങ്ങളിലെ യോഗപരിശീലകരായി ഉൾപ്പെടുത്താൻ അനുമതി നൽകിയിരുന്നു.

2. സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയും, യോഗ അസോസിയേഷൻ ഓഫ് കേരളയും സംയുക്തമായി സംഘടിപ്പിക്കുന്ന ഒരു വർഷ ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് (ഡി.വൈ.റ്റി.) പാസ്സായവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന യോഗ പരിപാടികളിൽ ഇൻസ്ട്രക്ടർമാരായും, യോഗ ടീച്ചറായും ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന്

പരാമർശം (6), (7) പ്രകാരം സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടറും യോഗ അസോസിയേഷൻ ഓഫ് കേരള ആക്ടിംഗ് സെക്രട്ടറിയും അഭ്യർത്ഥിച്ചിട്ടുണ്ട്. സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരള നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് /ഡിപ്ലോമ കോഴ്സിന്റെ സിലബസ്സ്, പരാമർശം (3) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതും, പരാമർശം (4) പ്രകാരം, ടി സിലബസ് അനുസരിച്ച് സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയും യോഗ അസോസിയേഷൻ ഓഫ് കേരളയും സംയുക്തമായി ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് സംഘടിപ്പിക്കുന്നതിന് അനുമതിയും നൽകിയിട്ടുള്ളതാണ്.

3. നിലവിൽ നാഷണൽ ആയുഷ് മിഷൻ മുഖാന്തിരമുള്ള യോഗാ & നാച്ചുറോപ്പതി ടെക്നീഷ്യൻ /യോഗാ ഡെമൺസ്ട്രേറ്റർ/യോഗാ ഇൻസ്ട്രക്ടർ എന്നിവയുടെ ക്വാളിഫിക്കേഷൻ BNYS/MSc (Yoga)/ MPhil (Yoga) / അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ഒരു വർഷത്തിൽ കുറയാത്ത പഠന കാലാവധിയുള്ള PG Diploma in Yoga-യുമാണെന്നും അത് കൂടാതെ അംഗീകൃത സർവകലാശാലകൾ അല്ലെങ്കിൽ സർക്കാർ വകുപ്പിൽ നിന്നുള്ള ഒരുവർഷത്തിൽ കുറയാത്ത പഠന കാലാവധിയുള്ള Approved Certificate Course in Yoga എന്ന രീതിയിലാണെന്നും ഈ സാഹചര്യത്തിൽ സർക്കാർ അംഗീകാരത്തോടെയുള്ള സിലബസ്സ് ഉൾപെടുത്തി സ്റ്റേറ്റ് റിസോർസ് സെന്റർ നടത്തുന്ന ഒരു വർഷത്തിൽ കുറയാതെയുള്ള ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് പഠിച്ച വിദ്യാർത്ഥികളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകാവുന്നതാണെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അംഗീകരിച്ചിട്ടുള്ള സിലബസ്സിൽ സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയും, യോഗ അസോസിയേഷൻ ഓഫ് കേരളയും സംയുക്തമായി സംഘടിപ്പിക്കുന്ന, ഒരു വർഷത്തിൽ കുറയാതെയുള്ള ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് (ഡി.വൈ.റ്റി.) പാസ്സായ വിദ്യാർത്ഥികളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള യോഗ പരിശീലനത്തിന് പരിശീലകരായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
11. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. സെക്രട്ടറി, യോഗ അസോസിയേഷൻ ഓഫ് കേരള
14. ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരള
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. പൊതുവിദ്യാഭ്യാസ വകുപ്പ്
19. ആയുഷ് വകുപ്പ്
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ സ്ഥാപനങ്ങളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ അനുമതി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.82/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/01/2022

പരാമർശം:-
1. 04.12.2008 ലെ സ.ഉ. (എം.എസ്.) നം.321/08/തസ്വഭവ
2. 18.02.2021 ലെ സ.ഉ. (സാധാ) നം.492/2021/തസ്വഭവ
3. കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 30.09.2021 ലെ 993/09/2021 നമ്പർ കത്തും ഉള്ളടക്കവും
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 17.12.2021 ലെ സി2-211/2021 നമ്പർ റിപ്പോർട്ട്
5. പഞ്ചായത്ത് ഡയറക്ടറുടെ 30.12.2021 ലെ PAN/16670/2021-J1(DP) നമ്പർ റിപ്പോർട്ട്

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പരാമർശം (1) പ്രകാരം അനുമതി നൽകുകയും അത് കാലാകാലങ്ങളിൽ പുതുക്കി നൽകിയും വരുന്നുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം മേൽ പ്രകാരം ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 23/12/2021 വരെ അനുമതി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2. അനുമതി നൽകിയിട്ടുള്ളത് പ്രകാരം കാര്യക്ഷമമായും കാലതാമസം കൂടാതെയും ഗുണമേന്മ ഉറപ്പുവരുത്തിയും കുടുംബശ്രീ യൂണിറ്റുകളുടെ സഹായം ഉപയോഗപ്പെടുത്തി മരുന്നുകൾ വിതരണം ചെയ്തുവരുന്ന സൊസൈറ്റിക്ക് ആയുർവേദ ഡിസ്പെൻസറികളിൽ മരുന്ന് വിതരണം ചെയ്യുന്നതിന് 5 വർഷത്തേയ്ക്ക് അനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് കോഴിക്കോട് കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വിതരണം ചെയ്യുന്നതിനുള്ള അനുമതി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. സൊസൈറ്റി ഒരു സഹകരണ സ്ഥാപനമായതിനാൽ, വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ പ്രസ്തുത സ്ഥാപനം തനതായി ഉൽപാദിപ്പിക്കുന്നതും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ അംഗീകാരം ഉള്ളതുമായ

ആയുർവേദ ഔഷധങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് പ്രസ്തുത സൊസൈറ്റിക്ക് നൽകിയിട്ടുള്ള അനുമതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓർഡർ സമയബന്ധിതമായി നൽകുന്നുണ്ടെന്ന ഉറപ്പിന്മേൽ, ഒരു വർഷം നീട്ടി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ അധികരിക്കാതെ കേരള ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തനതായി ഉൽപാദിപ്പിക്കുന്നതും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ അംഗീകാരം ഉള്ളതുമായ ആയുർവേദ ഔഷധങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് കോഴിക്കോട് ജില്ലയിലെ കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള അനുമതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓർഡർ സമയബന്ധിതമായി നൽകുന്നുണ്ടെന്ന ഉറപ്പിന്മേൽ, 24.12.2021 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ആയുർവേദ കോപ്പറേറ്റീവ് സൊസൈറ്റി, മീഞ്ചന്ത, കോഴിക്കോട് - 673 018
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിഎ1/124/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-02-2022

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നിർധനരായ ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ രക്ഷാ മരുന്നുകൾ വാങ്ങി നൽകുന്നതിന് നൽകിയ അനുമതി - നിലവിലെ സാഹചര്യത്തിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. 30.04.2020 ലെ സ.ഉ(എം.എസ്) നം. 69/2020/തസ്വഭവ
2. 01/01/2021 ലെ ഡിഎ1/321/2020/തസ്വഭവ നമ്പർ സർക്കുലർ
3. 20.10.2021 ലെ ഡിഎ1/256/2021/തസ്വഭവ നമ്പർ സർക്കുലർ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.20, 4.21

****

കോവിഡിനെ നേരിടുന്നതിന്റെ ഭാഗമായി ഡയാലിസിസിന് വിധേയരാകുന്നവർ, അവയവം മാറ്റി വച്ചവർ, അർബുദ ബാധിതർ എന്നിങ്ങനെ ഗുരുതര രോഗം ബാധിച്ചവർക്ക് ആവശ്യമായ ജീവൻ രക്ഷാ മരുന്നുകൾ ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ മുഖേന വാങ്ങി നൽകാൻ സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇത് പ്രകാരം ഈ വർഷവും ഗുരുതര രോഗം ബാധിച്ചവർക്ക് മരുന്നു വാങ്ങി നൽകുന്നതിനായി പ്രൊജക്റ്റ് ഏറ്റെടുക്കുന്ന വിഷയത്തിൽ തദ്ദേശ സ്ഥാപനങ്ങൾ അനുമതി/ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ ചുവടെ പ്രകാരം വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

- സൂചന (2) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അനുമതി നൽകിയിട്ടുള്ളത് പോലെ ഡയാലിസിസിന് പ്രതിമാസം പരമാവധി 4000/- രൂപ ചികിത്സ നൽകുന്നതിന് ആശുപത്രിക്ക് കൈമാറി ധനസഹായം നൽകാവുന്നതാണ്. SC, ST, BPL, മത്സ്യ തൊഴിലാളി കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ച സൂചന (3) സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കണം.
- പി.എച്ച്.സികളിൽ മരുന്നു ശേഖരിച്ച് പി.എച്ച്.സി ഡോക്ടർമാർ നിർദ്ദേശിക്കും പ്രകാരം രോഗികൾക്ക് മരുന്നു ലഭ്യമാക്കാൻ ക്രമീകരണം ചെയ്യാവുന്നതാണ്.
- Rhino – Orbital – Cerebral – Mucormycosis രോഗം ബാധിച്ചവർക്ക് സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള ആശുപത്രി മുഖേനയാണ് മരുന്നുകൾ നൽകേണ്ടത് .

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/93/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-03-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഔഷധങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാരുണ്യ, ജൻ ഔഷധി, സപ്ലൈകോ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ. (കൈ) നം.22/2018/തസ്വഭവ; തീയതി 14.02.2018
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022 ന കൂടിയ യോഗത്തിന്റെ തീരുമാനം 3.5

****

ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി, സി.എച്ച്.സി, പി.എച്ച്.സി എന്നിവകൾക്കാവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ (KMSCL) മുഖേനയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ (കൊല്ലം) നിന്നുമാണ് നിലവിൽ വാങ്ങുന്നത്. ചിലപ്പോൾ ഈ സ്ഥാപനങ്ങളിൽ നിന്നു മരുന്നു ലഭിക്കാൻ താമസം നേരിടുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കം അത്യാവശ്യമുള്ള മരുന്നുകൾ മാത്രം കാരുണ്യ, ജൻ ഔഷധി, സപ്ലൈകോ, നീതി സ്റ്റോർ എന്നിവയുടെ ഔട്ട് ലെറ്റുകളിൽ നിന്നു ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ / മെഡിക്കൽ ഓഫീസർമാർ മുഖേന വാങ്ങാവുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ

9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ആരോഗ്യ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

9.6 കലാ-സംസ്കാരിക-കായിക വികസനം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സിഡി മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 811/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 26.03.2018

വായന :- 1) സ.ഉ(കൈ.)നം.22/2018/തസ്വഭവ തീയതി 14.02.2018

2) 05.03.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയ തീരുമാനം നമ്പർ 3.12

ഉത്തരവ്

വായന (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായന (1)ലെ ഉത്തരവിലെ 7.6.13 ഖണ്ഡികയിൽ രജിസ്ട്രേഷനുള്ള ക്ലബ്ബുകൾക്ക് 5000 രൂപയുടെ വരെ സ്പോർട്സ് കിറ്റുകൾ നൽകാവുന്നതാണ് എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

2) മേൽ ഭേദഗതിയോടെ വായന ഒന്നിലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത്പ്രസിഡന്റുമാർക്കുംസെക്രട്ടറിമാർക്കും-ഗ്രാമവികസനകമ്മീഷണർമുഖേന
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ് പട്ടം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ/അർബൻ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/881/2018/ തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 28.12.2018

സർക്കുലർ

വിഷയം:- - വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് 5000/- രൂപ വീതം പ്രതിമാസം നൽകുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.18 ൽ ചേർന്ന യോഗത്തിന്റെ 3.2 നമ്പർ തീരുമാനം

വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായത്തിനു പുറമേ 5000/- രൂപ വീതം പ്രതിമാസം നൽകുന്നതിനും ഇതിന് അനുയോജ്യമായ സൗകര്യം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. ഈ കലാകാരന്മാരെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാംസ്കാരിക വകുപ്പ് വ്യന്യസിച്ചിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. വാർഷിക പദ്ധതി ഭേദഗതി സമയത്ത് ഇതിനു കൂടി പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സാംസ്കാരികകാര്യ വകുപ്പ് - വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി -പ്രാദേശിക സർക്കാരുകൾ മുഖേന നിർവ്വഹണം - മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പ് (ഡി എ) വകുപ്പ്

സ.ഉ.(കൈ.) നം. 30/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06.03.19

പരാമർശം : 1) 10.10.2017 ലെ സ.ഉ. (എം.എസ്) നം.28/2017/സാം.കാ.വ നമ്പർ ഉത്തരവ്

2) 07.03.2018 ലെ സ.ഉ. (ആർ.ടി) നം.126/2018/സാം.കാ.വ നമ്പർ ഉത്തരവ്

3) 14.06.2018 ലെ സ.ഉ.(എം.എസ്) നം.23/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

4) 14.02.2018 ലെ സ.ഉ.(എം.എസ്) നം.22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

5) 03.03.2018 ലെ 62/ഡിബി2/2018//തസ്വഭവ നമ്പർ സർക്കാർ സർക്കുലർ

6) 16.10.2018 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 4.1 ാം നമ്പർ യോഗതീരുമാനം

ഉത്തരവ്

നമ്മുടെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും, യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിക്ക് പരാമർശം രണ്ട് പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിരുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം ഒന്നും മൂന്നും പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. പദ്ധതിയിൻ കീഴിൽ ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്ക് പ്രതിമാസം 5000/- രൂപ അധിക ഫെലോഷിപ്പ് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച് നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് പരാമർശം നാലും അഞ്ചും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. നഗരപാലിക, പഞ്ചായത്ത് സംവിധാനത്തിലെ ബന്ധപ്പെട്ട ഭരണ സമിതികളും സാംസ്കാരിക വകുപ്പും സംയുക്തമായി പദ്ധതി നിർവ്വഹിക്കുന്നതിന് സുവ്യക്തമായ മാർഗരേഖ പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് പരാമർശം (6) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ മാർഗ്ഗരേഖ, സംസ്ഥാന സാംസ്കാരിക വകുപ്പും, ജനകീയാസൂത്രണ സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പും ചർച്ച ചെയ്ത് രൂപപ്പെടുത്തിയിട്ടുണ്ട്.

4. വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെമ്പാടും നടപ്പിലാക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള കരട് മാർഗരേഖ സർക്കാർ വിശദമായി പരിശോധിക്കുകയും, പദ്ധതിയുടെ കാര്യക്ഷമവും ഫലപ്രദവുമായ നിർവ്വഹണത്തിന് ഗുണകരമായ അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

സെക്രട്ടറി, ആസൂത്രണ സാമ്പത്തിക വകുപ്പ്

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർക്കും -പഞ്ചായത്ത് ഡയറക്ടർ മുഖേന
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും- നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും-നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന
വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (അടിയന്തിര പത്രക്കുറിപ്പിന്)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീമിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന
എല്ലാ എ.ഡി.സി (ജനറൽ) മാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും-പഞ്ചായത്ത് ഡയറക്ടർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ-പഞ്ചായത്ത് ഡയറക്ടർ മുഖേന
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ-ഗ്രാമവികസന കമ്മീഷണർ മുഖേന
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ-പഞ്ചായത്ത് ഡയറക്ടർ മുഖേന
സെക്രട്ടറി, മുനിസപ്പൽ ചെയർപേഴ്സൻമാരുടെ ചേംബർ-നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന
സെക്രട്ടറി മേയേഴ്സ് കൗൺസിൽ -നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സംസ്ഥാന സാംസ്കാരിക വകുപ്പുംതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി മാർഗ്ഗരേഖ

മനശുദ്ധീകരണത്തിനും മാനുഷിക മൂല്യങ്ങൾ പകരുന്നതിനും കലയ്ക്കുള്ള ശക്തി പരക്കെ അംഗീകരിക്കപ്പെട്ടതാണ്. ധാർമ്മിക, സാമൂഹ്യ, സാംസ്കാരിക പാഠങ്ങൾ പകരുവാനുള്ള മാധ്യമം കൂടിയാണ് കല. ക്ലാസിക്കൽ, സമകാലീന, നാടോടി കലാരൂപങ്ങളിൽ ആഭിമുഖ്യമുണർത്തുക വഴി കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത നിലനിർത്തുകയും നമ്മുടെ പുതുതലമുറയെ പൂർണ്ണ മനുഷ്യരായി വാർത്തെടുക്കുവാൻ സഹായിക്കുകയുമെന്ന ലക്ഷ്യം മുൻനിർത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, കേരള സംഗീത നാടക അക്കാദമി, ലളിതകലാ ആക്കാദമി, ഫോക് ലോർ ആക്കാദമി എന്നിവയുടെ സഹകരണത്തോടെ ഓരോ കലാവിഭാഗത്തിലെ പ്രമുഖരായ കലാകാരന്മാരുടെ നേതൃത്വത്തിൽ നടത്തിയ മുഖാമുഖ പരീക്ഷയിലൂടെയാണ് പദ്ധതിയിൻ കീഴിൽ വിന്യസിച്ച 1000 കലാകാരന്മാരെ തെരഞ്ഞെടുത്തിട്ടുള്ളത്. ക്ലാസിക്കൽ, അഭിനയകല, ലളിതകല, ഫോക് ലോർ എന്നീ വിഭാഗങ്ങളിലായി 45-ഓളം കലാരൂപങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച കലാകാരന്മാരെയാണ് മുനിസിപ്പൽ കോർപ്പറേഷൻ , മുനിസ്സിപ്പാലിറ്റി , ബ്ളോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള 176 ക്ലസ്റ്ററുകളിലായി സംസ്ഥാനത്തൊട്ടാകെ വിന്യസിച്ചിരിക്കുന്നത്.

സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. പഞ്ചായത്ത് രാജ്, നഗരപാലിക സംവിധാനത്തിലെ ബന്ധപ്പെട്ട ഓരോ ഭരണ സമിതികളും സാംസ്കാരിക വകുപ്പും സംയുക്തമായും ഇതര വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണം ഉറപ്പാക്കിയും പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതാണ് .

1. സംസ്ഥാനതല ഏകോപനം

വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ ഏകോപനം ആവശ്യമാണ്. ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന സാംസ്കാരിക കൗൺസിലും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റും ഈ ദൗത്യം നിർവ്വഹിക്കുന്നതാണ്. കൗൺസിലിന്റെ പ്രതിമാസ യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതി റിപ്പോർട്ട് ചെയ്യുന്നതും തുടർ മാസങ്ങളിലെ പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ അവതരിപ്പിക്കുന്നതുമാണ്. പഞ്ചായത്ത്, നഗര വികസന, സാംസ്കാരിക വകുപ്പുകളുടെ പ്രതിനിധികൾ നടത്തുന്ന പദ്ധതി നിർവ്വഹണ വിശകലനം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നിശ്ചിത ഇടവേളകളിൽ നടത്തുന്നതാണ്.

2. ജില്ലാതല ഏകോപന സമിതി

പദ്ധതി നിർവ്വണത്തിന്റെ ജില്ലാതല ഏകോപനത്തിനായി ചുവടെ ചേർക്കുന്ന ഘടനയിൽ ഏകോപന സമിതി രൂപീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന്റെ ക്രമീകരണങ്ങൾ , പദ്ധതി നിർവ്വഹണ ഏകോപനം, വിദ്യാലയങ്ങളിൽ വേണ്ടത്ര അദ്ധ്യയന സമയം കണ്ടെത്തൽ തുടങ്ങിയ സുപ്രധാന കാര്യങ്ങൾക്ക് നേതൃത്വവും മാർഗ്ഗ നിർദ്ദേശവും ഈ ജില്ലാതല സമിതി നൽകുന്നതായിരിക്കും. സമിതിയിൽ പരമാവധി അംഗങ്ങൾ 15 ആയിരിക്കും. സമിതി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ കൂടുന്നതാണ്.

ജില്ലാതല ഏകോപന സമിതിയുടെ ഘടന

അദ്ധ്യക്ഷൻ		ജില്ലാ ആസൂത്രണ സമിതി ചെയർമെൻ
കൺവീനർ		ജില്ലാ കളക്ടർ (ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി)
ജോയിന്റ് കൺവീനർ		ജില്ലാ പ്ലാനിംഗ് ആഫീസർ
അംഗങ്ങൾ	1	കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ – പ്രസിഡന്റ്/സെക്രട്ടറി
	2	കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – പ്രസിഡന്റ്/സെക്രട്ടറി
	3	ചെംബർ ഓഫ് മുൻസിപ്പൽ ചെയർമെൻ – ജില്ലാ പ്രതിനിധി
	4	കോർപ്പറേഷൻ മേയർ/പ്രതിനിധി
	5	ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
	6	അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
	7	റീജിയണൽ ജോയിന്റ് ഡയറക്ടർ - പ്രതിനിധി
	8	ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ
	9	കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
	10	ജില്ലാ കോ-ഓർഡിനേറ്റർ, നെഹ്റു യുവകേന്ദ്ര
	11	സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
	12	ജില്ലാ യൂത്ത് വെൽഫെയർ ആഫീസർ/ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ
	13	വജ്രജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ
	14	ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർ
	15	ഗ്രന്ഥശാലാ സംഘം ജില്ലാ പ്രസിഡന്റ്

3. നഗരസഭ/ബ്ലോക്ക് തല സമിതി

ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ മാർഗ്ഗ നിർദ്ദേശം നൽകാനും പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കാനും കലാകാരന്മാരുടെ ആതിഥേയത്വം ഏറ്റെടുക്കാനും സഹായകരമായ വിധം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ബ്ലോക്ക് തലത്തിൽ ചുവടെ ചേർക്കുന്ന ഘടനയിൽ ഒരു സമിതി രൂപീകരിക്കുന്നതാണ്. സമിതിയിൽ പരമാവധി 15 അംഗങ്ങൾ ആയിരിക്കും.

നഗരസഭ/ബ്ലോക്ക്തല സമിതിയുടെ ഘടന

		കോർപ്പറേഷൻ	മുനിസിപ്പാലിറ്റി	ബ്ലോക്ക് പഞ്ചായത്ത്
അദ്ധ്യക്ഷൻ		മേയർ/നോമിനി	ചെയർപേഴ്സൺ/നോമിനി	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
കൺവീനർ		സെക്രട്ടറി/തൊട്ടടുത്ത ഉദ്യോഗസ്ഥൻ	സെക്രട്ടറി/തൊട്ടടുത്ത ഉദ്യോഗസ്ഥൻ	സെക്രട്ടറി
ജോയിന്റ് കൺവീനർ		ക്ലസ്റ്റർ കൺവീനർ	ക്ലസ്റ്റർ കൺവീനർ	ക്ലസ്റ്റർ കൺവീനർ
അംഗങ്ങൾ	1	വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
	2	കലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡ് കൗൺസിലേഴ്സ്	കലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡ് കൗൺസിലേഴ്സ്	കലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡ് മെമ്പേഴ്സ്
	3	യൂത്ത് ക്ലബ്ബ്ഏകോപന സമിതി ഉപാദ്ധ്യക്ഷൻ	യൂത്ത് ക്ലബ്ബ്ഏകോപന സമിതി ഉപാദ്ധ്യക്ഷൻ	യൂത്ത് ക്ലബ്ബ്ഏകോപന സമിതി ഉപാദ്ധ്യക്ഷൻ
	4	വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ	വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ	വജ്ര ജൂബിലി ഫെലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർ
	5	കലാകേന്ദ്രം മോണിറ്റർമാർ	കലാകേന്ദ്രം മോണിറ്റർമാർ	കലാകേന്ദ്രം മോണിറ്റർമാർ
	6	സാംസ്കാരിക പ്രവർത്തകർ/ ഗ്രന്ഥശാലാ പ്രവർത്തകർ	സാംസ്കാരിക പ്രവർത്തകർ/ ഗ്രന്ഥശാലാ പ്രവർത്തകർ	സാംസ്കാരിക പ്രവർത്തകർ/ ഗ്രന്ഥശാലാ പ്രവർത്തകർ
	7	ഹെഡ് മാസ്റ്റർ/ അദ്ധ്യാപകൻ	ഹെഡ് മാസ്റ്റർ/ അദ്ധ്യാപകൻ	ഹെഡ് മാസ്റ്റർ/ അദ്ധ്യാപകൻ

പദ്ധതി നിർവ്വഹണത്തിനായി പരിശീലന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുക, കേന്ദ്രങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുക, ലഭ്യമായ കലാകാരന്മാരെ വിവിധ കേന്ദ്രങ്ങളിലായി നിയോഗിക്കുക, പരിശീലിപ്പിക്കപ്പെടാനായി കുട്ടികളേയും യുവാക്കളേയും തെരഞ്ഞെടുക്കുക, ഓരോ പരിശീലന കേന്ദ്രത്തിലും ആകർഷകമായ ഉദ്ഘാടന ചടങ്ങ് സംഘടിപ്പിക്കുക, കലാകാരന്മാരുടെ പ്രാദേശിക ആതിഥേയത്വം

ഏറ്റെടുക്കുക, കലാകാരന്മാരുടെ പ്രവർത്തന മികവ് അവലോകനം ചെയ്യുക, പരിശീലകരുടേയും പരിശീലനാർത്ഥികളുടേയും ഹാജർ, അവരുടെ പെരുമാറ്റം, അച്ചടക്കം എന്നിവ നിരീക്ഷിക്കുക തുടങ്ങി നിരവധി കാര്യങ്ങൾക്ക് മേല്പറഞ്ഞ സമിതി നേതൃത്വവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതാണ്.

4. ഗ്രാമപഞ്ചായത്ത് /നഗരസഭ വാർഡ്തല സമിതി

പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാന ഘടകം ഗ്രാപഞ്ചായത്ത് /നഗരസഭ വാർഡ് തലത്തിൽ നിർണ്ണയിച്ചിട്ടുള്ള പരിശീലന കേന്ദ്രങ്ങളാണ്. ഓരോ കേന്ദ്രത്തിലും ഫലപ്രദമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികളും സാംസ്കാരിക പ്രവർത്തകരും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സമിതി ചുവടെ ചേർക്കുന്ന ഘടനയിൽ രൂപീകരിക്കുന്നതാണ്. സമിതിയിൽ പരമാവധി 15 അംഗങ്ങൾ ആയിരിക്കും. ബ്ലോക്ക് / നഗരസഭാതല ക്ലസ്റ്റർ കൺവീനർ ഈ യോഗങ്ങളിൽ കഴിയുന്നിടത്തോളം പങ്കെടുക്കേണ്ടതാണ്.

അംഗീകൃത പാഠ്യപദ്ധതിയും നിശ്ചിത സമയപട്ടികയും പദ്ധതി മാർഗ്ഗരേഖയും അനുസരിച്ച് ഓരോ പരിശീലന കേന്ദ്രത്തിലും ക്ലാസുകൾ നടക്കുന്നുവെന്നും കേന്ദ്രത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഫെലോഷിപ്പ് കലാകാരന്മാരുടെ പ്രാദേശിക ആതിഥേയത്വം എന്നിവ ഈ സമിതി ഉറപ്പുവരുത്തുന്നതാണ്.

നഗരസഭ/ഗ്രാമപഞ്ചായത്ത്/വാർഡ്തല സമിതിയുടെ ഘടന

		കോർപ്പറേഷൻ/ വാർഡ്	മുനിസിപ്പാലിറ്റി/ വാർഡ്	ഗ്രാമ പഞ്ചായത്ത്/ വാർഡ്
അദ്ധ്യക്ഷൻ		കൗൺസിലർ	കൗൺസിലർ	ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്
ഉപാദ്ധ്യക്ഷൻ		കലാ സാംസ്കാരിക പ്രവർത്തകൻ	കലാ സാംസ്കാരിക പ്രവർത്തകൻ	വാർഡ് അംഗം
കൺവീനർ		സെക്രട്ടറി /തൊട്ടടുത്ത ഉദ്യോഗസ്ഥൻ	സെക്രട്ടറി/തൊട്ടടുത്ത ഉദ്യോഗസ്ഥൻ	സെക്രട്ടറി
ജോയിന്റ് കൺവീനർ		കലാകേന്ദ്രം മോണിറ്റർ	കലാകേന്ദ്രം മോണിറ്റർ	കലാകേന്ദ്രം മോണിറ്റർ
അംഗങ്ങൾ	1	ക്ലസ്റ്റർ കൺവീനർ	ക്ലസ്റ്റർ കൺവീനർ	ക്ലസ്റ്റർ കൺവീനർ
	2	ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ
	3	സാംസ്കാരിക പ്രവർത്തകർ	സാംസ്കാരിക പ്രവർത്തകർ	സാംസ്കാരിക പ്രവർത്തകർ
	4	ഗ്രന്ഥശാലാ പ്രവർത്തകർ	ഗ്രന്ഥശാലാ പ്രവർത്തകർ	ഗ്രന്ഥശാലാ പ്രവർത്തകർ

5. കലാപരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കൽ

ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ലഭ്യമായ എല്ലാ സൗകര്യങ്ങളും പദ്ധതിക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. കമ്മ്യൂണിറ്റി ഹാൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പദ്ധതിയുമായി സഹകരിക്കാൻ തയ്യാറായി വരുന്ന വിദ്യാലയങ്ങൾ, ഇതര സാംസ്കാരിക സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, യുവജന കലാസമിതികൾ, സ്ഥലസൗകര്യം ലഭ്യമായ മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കലാപരിശീലനം സംഘടിപ്പിക്കാവുന്നതാണ്.

(i) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ചേർന്ന് പരിശീലന കേന്ദ്രങ്ങൾ നിർണ്ണയിച്ച് തിട്ടപ്പെടുത്തുകയും കൃത്യമായ സമയക്രമം നിശ്ചയിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്.

(ii) തെരഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിന് ഒരു ക്രമ നമ്പർ നൽകുന്നതും പെട്ടെന്ന് തിരിച്ചറിയത്തക്ക പദ്ധതി ലോഗോ സഹിതമുള്ള സൈൻ ബോർഡ് സ്ഥാപിക്കുന്നതുമാണ്. അംഗീകൃത ലോഗോയുടെ മാതൃക സാംസ്കാരിക വകുപ്പ് ലഭ്യമാക്കുന്നതാണ്.

(iii) ഒരു ക്ലസ്റ്ററിലെ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം ആ ക്ലസ്റ്ററിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ആകെ കലാകാരന്മാരുടെ എണ്ണത്തിന് തുല്യമായിരിക്കും.

(iv) ഓരോ പരിശീലന കേന്ദ്രത്തിന്റേയും ചുമതല ഓരോ കലാകാരന്മാർക്കായി നിർണ്ണയിച്ച് നൽകേണ്ടതാണ്. പ്രസ്തുത കലാകാരൻ തന്റെ ചുമതലയുള്ള പരിശീലന കേന്ദ്രത്തിന് പുറമേ മറ്റ് കേന്ദ്രങ്ങളിലും നിശ്ചയിക്കുന്ന സമയക്രമം അനുസരിച്ച് പരിശീകലനായി സേവനം അനുഷ്ഠിക്കേണ്ടതാണ്.

6) ഫെലോഷിപ്പ് കലാകാരന്മാരുടെ (പരിശീലകർ) വിന്യാസം

i. മുനിസിപ്പൽ കോർപ്പറേഷൻ , മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള ക്ലസ്റ്ററുകളിലാണ് ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിക്കുന്നത്.

ii. പ്രാദേശിക സർക്കാരുകളുടെ ആതിഥേയത്വത്തിലായിരിക്കും കലാകാരന്മാർ കലാപരിശീലനം നൽകുന്നത്.

iii. ഓരോ ക്ലസ്റ്ററിലും ലഭ്യമായ പരിശീലന കേന്ദ്രങ്ങളിൽ വ്യത്യസ്ത കലാരൂപങ്ങളിലുള്ള പരിശീലനം ലഭ്യമാക്കത്തക്കവിധത്തിലായിരിക്കും ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിക്കുന്നത്.

iv. പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിന് ആവശ്യമെങ്കിൽ ഫെലോഷിപ്പ് കലാകാരന്മാരെ തങ്ങളുടെ ജില്ലയിലുള്ള ഏതെങ്കിലും ഇതര ക്ലസ്റ്ററുകളിലോ അത്യാവശ്യ ഘട്ടത്തിൽ സംസ്ഥാനത്ത് മറ്റ് ജില്ലകളിലെ ക്ലസ്റ്ററുകളിലോ വിന്യസിക്കുന്നതാണ്.

v. ഓരോ ക്ലസ്റ്ററിനുള്ളിൽ ലഭ്യമായ പരിശീലന കേന്ദ്രങ്ങളിൽ വിവിധ ദിവസങ്ങളിൽ വിവിധ കലാ വിഷയങ്ങളിൽ മാറി മാറി പരിശീലനം നൽകുന്നതാണ്. കൂടാതെ സമീപ ക്ലസ്റ്ററുകളിൽ നിന്നും ഫെലോഷിപ്പ് കലാകാരന്മാർ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിർദ്ദേശമനുസരിച്ച് ഇതര ക്ലസ്റ്ററുകളിൽ കലാപരിപാടികളിൽ / പരിശീലനത്തിൽ പങ്കെടുക്കുന്നതുമാണ്.

കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, സാംസ്കാരിക ഭവനകൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, യുവജനകലാ സമിതികൾ എന്നീ തെരെഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ആഴ്ചയിൽ കുറഞ്ഞത് നാലു ദിവസങ്ങളിലാണ് കലാ പരിശീലനം നടക്കുന്നത്. ശനി, ഞായർ ദിവസങ്ങൾക്ക് പുറമേ രണ്ട് പ്രവർത്തി ദിവസങ്ങൾ കൂടി പരിശീലനം നടത്തുന്നതാണ്. ഒരു കേന്ദ്രത്തിൽ കുറഞ്ഞത് മൂന്ന് കലാ വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ്. അതാത് ക്ലസ്റ്ററുകളിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാരെ നിശ്ചിത ഊഴം അനുസരിച്ച് ഓരോ കേന്ദ്രത്തിലേക്കും നിയോഗിച്ച് പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്.

ആകർഷകമായ വിധത്തിൽ ഓരോ കേന്ദ്രത്തിലും ക്ലാസുകൾ ആരംഭിക്കുന്നതാണ്. ജില്ലയിലെ എല്ലാ ഫെലോഷിപ്പ് കലാകാരന്മാരും ഓരോ കേന്ദ്രത്തിലും പരിശീലനത്തിന്റെ ആദ്യ ദിവസം പങ്കെടുക്കുന്നതാണ്. അതാത് രംഗത്തെ വിദഗ്ധർ തയ്യാറാക്കുന്ന ഒരു പരിശീലന പാഠ്യ പദ്ധതിയുടെ അടിസ്ഥാനത്തിലായിരിക്കും ഓരോ കലാരൂപത്തിന്റേയും പരിശീലനം നടത്തുന്നത്. വ്യത്യസ്ത കലാരൂപങ്ങളിൽ ഓരോ കേന്ദ്രത്തിലും പരിശീലനം നടക്കുന്നതിനാൽ ഓരോ കേന്ദ്രത്തിലും ആരെല്ലാം, എന്തെല്ലാം കലാരൂപങ്ങൾ എപ്പോഴൊക്കെ പഠിപ്പിക്കും എന്നത് സംബന്ധിച്ച് ഒരു ഷെഡ്യൂൾ (Time Table) തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതാണ്.

അംഗീകൃത പാഠ്യ പദ്ധതിയും സിലബസും പ്രകാരം പരിശീലനം നടത്തുന്നതും ഒരു മാസത്തോളമുള്ള ആമുഖ പഠനത്തിനു ശേഷം ക്ലസ്റ്റർ അടിസ്ഥാനത്തിൽ പഠിതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ കലാ വിഭാഗത്തിന്റേയും ഒരു സോദാഹരണ പ്രഭാഷണവും അവതരണവും ആകർഷകമാംവിധം സംഘടിപ്പിക്കുന്നതാണ്. പരിശീലന സൗകര്യം ലഭ്യമായ കലാരൂപങ്ങളിൽ നിന്നും ഏത് ഇനം തിരഞ്ഞെടുക്കണമെന്ന കാര്യത്തിൽ കൃത്യമായ തീരുമാനമെടുക്കാൻ പഠിതാക്കളെ ഈ സോദാഹരണ പ്രഭാഷണം സഹായിക്കുന്നതാണ്. പദ്ധതിയിൻ കീഴിൽ കലാകാരന്മാരും സഹൃദയ സമൂഹവും ഒത്തു ചേരുന്ന ആദ്യ കൂട്ടായ്മയായി ഈ ഒത്തുചേരൽ മാറുന്നതുമാണ്. പദ്ധതിക്ക് കൂടുതൽ പ്രചാരണവും സ്വീകാര്യതയും ലഭിക്കുന്നതിന് ഇത് സഹായിക്കുന്നതാണ്.

8. പരിശീലനാർത്ഥികളുടെ പ്രവേശനം

i. ക്ലാസിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും, യുവാക്കളിലും ആഭിമുഖ്യമുണർത്തുക, പരിശീലനം നൽകുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യം. 5 മുതൽ 9 വരെയും 11 -ാം ക്ലാസിലും പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും പ്രായഭേദമന്യേ മറ്റ് എല്ലാവർക്കും കലാപഠനത്തിന് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

ii. പദ്ധതിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത പ്രവേശന ഫോറം പൂരിപ്പിച്ച് നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കുന്ന സമിതികൾ അപേക്ഷകൾ അംഗീകരിച്ച് കലാപരിശീലനത്തിന് അപേക്ഷകരെ ചേർക്കാവുന്നതാണ്. പരിശീലന കേന്ദ്രങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾക്ക് അനുസരിച്ച് പഠിതാക്കളെ വിവിധ ബാച്ചുകളിലായി തിരിച്ച് പരിശീലനം നൽകാവുന്നതാണ്.

9. ഫെലോഷിപ്പ് കലാകാരന്മാരുടെ ഇതര കർത്തവ്യങ്ങൾ

i. കുട്ടികൾക്കും, മുതിർന്നവർക്കും കലാപരിശീലനം നൽകുന്നതിന് പുറമെ ഫെലോഷിപ്പ് കലാകാരന്മാർ കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യം നിലനിർത്തുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ കൂടി നടത്തുന്നതാണ്. ഓരോ പ്രദേശത്തിന്റേയും ക്ഷയോന്മുഖമായ തനത് കലാരൂപങ്ങൾ കണ്ടെത്തി അവയുടെ പുനഃരുജ്ജീവനത്തിനും പ്രചാരണത്തിനും പദ്ധതി തയ്യാറാക്കി പ്രാദേശിക സർക്കാരുകൾക്ക് സമർപ്പിക്കുന്നതാണ്.

ii. സർക്കാർ/പ്രാദേശിക സർക്കാർ ക്ഷേമപദ്ധതികൾ സംബന്ധിച്ച പ്രചാരണത്തിന് ഫെലോഷിപ്പ് കലാകാരന്മാർ സഹായിക്കുന്നതാണ്.

iii. മദ്യം, മയക്കു മരുന്ന്, അനാചാരങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിന് ഫെലോഷിപ്പ് കലാകാരന്മാർ പ്രയത്നിക്കുന്നതാണ്.

iv. കുട്ടികളും യുവാക്കളും അടങ്ങിയ പ്രാദേശിക കലാസമിതികൾ രൂപീകരിക്കുന്നതിന് നേതൃത്വം നൽകുന്നതാണ്.

v. നിശ്ചിത ഇടവേളകളിൽ ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ജില്ലാ തലത്തിലും കലാകാരന്മാരുടെ യോജിച്ചുള്ള കലാപ്രകടനങ്ങൾ നടത്തുന്നതാണ്.

10. ഫെലോഷിപ്പ് കലാകാരന്മാർക്കുള്ള പ്രതിമാസ പ്രതിഫലം

i. ഫെലോഷിപ്പ് കലാകാരന്മാർക്ക് 10,000/- രൂപ നിരക്കിൽ സാംസ്കാരിക വകുപ്പ് പ്രതിമാസം ഫെലോഷിപ്പ് നൽകുന്നതാണ്.

ii. പ്രസ്തുത തുകയ്ക്ക് പുറമേ 5000/- രൂപ കൂടി ഓരോ കലാകാരനും പ്രതിമാസം അതാത് പ്രാദേശിക സർക്കാർ (ബ്ലോക്ക്/നഗരസഭ) നൽകുന്നതാണ്.

iii. കലാകാരന്മരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ച് ജില്ലാ കോ-ഓർഡിനേറ്റർ നൽകുന്ന റിപ്പോർട്ട്, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രതിമാസ അധിക പ്രതിഫലം കലാകാരന്മാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രാദേശിക സർക്കാരുകൾ അനുവദിക്കുന്നതാണ്. ആവശ്യമായ റിപ്പോർട്ടുകൾ ക്ലസ്റ്റർ കൺവീനർ, ജില്ലാ കോ-ഓർഡിനേറ്റർ തുടങ്ങിയവർ കൃത്യമായി നിശ്ചിത ഫോറത്തിൽ ഡയറക്ടറേറ്റിന് സമർപ്പിക്കേണ്ടതാണ്.

11. കലാപരിശീലനത്തിന് വേണ്ടി വരുന്ന യാത്രകൾക്ക് യാത്രാപ്പടി

i. കലാകാരന്മാർ വിന്യസിക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് പുറത്തേക്കുള്ള യാത്രകൾക്ക് വേണ്ടി വരുന്ന യഥാർത്ഥ യാത്രാ ചെലവ് അനുവദിച്ചു നൽകുന്നതാണ്.

ii. വിന്യസിക്കപ്പെടുന്ന ക്ലസ്റ്റർ, കലാകാരന്റെ താമസ സ്ഥലത്തു നിന്നും 25 കി.മീ. അധികം അകലെയാണെങ്കിൽ തീവണ്ടി അഥവാ ബസ് സീസൺ ടിക്കറ്റ് നിരക്കിൽ യാത്രാച്ചെലവ് നൽകുന്ന കാര്യം സാംസ്കാരിക വകുപ്പ് പരിഗണിക്കുന്നതാണ്.

iii. പദ്ധതിയിൻ കീഴിൽ ജില്ലാ/സംസ്ഥാനതല കലാപരിപാടികൾ അവതരിപ്പിക്കുന്നതിനായി യാത്ര ചെയ്യുന്ന ഫെലോഷിപ്പ് കലാകാരന്മാർക്ക് യഥാർത്ഥ യാത്രാക്കൂലിയും ബാറ്റയും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ നൽകുന്നതാണ്.

12. ജില്ലാ കോ-ഓർഡിനേറ്റർമാർ

വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണ ഏകോപന ചുമതല സാംസ്കാരിക വകുപ്പ് നിയമിച്ചിട്ടുള്ള ജില്ലാ കോ-ഓർഡിനേറ്റർമാർക്കായിരിക്കും. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കലാകാരന്മാരുടെ നേതൃത്വത്തിൽ നടക്കുന്ന കലാപരിശീലനം, ഇതര പ്രവർത്തനങ്ങൾ എന്നിവ നിശ്ചിത രീതിയിൽ പുരോഗമിക്കുന്നുവെന്ന് ജില്ലാ-കോർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ കാര്യത്തിൽ സംസ്ഥാന സാംസ്കാരിക വകുപ്പും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമിതികളും പ്രാദേശിക സർക്കാരുകളും ഇതര സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം, ഏകോപനം, ആശയവിനിമയം എന്നിവ നടത്തുന്നതിന് ജില്ലാ-കോർഡിറ്റേർ നേതൃത്വം നൽകുന്നതാണ്.

ഫെലോഷിപ്പ് കലാകാരന്മാർ സർക്കാരിന്റെ കലാ സാംസ്കാരിക സ്ഥാനപതികളായി സമൂഹ മദ്ധ്യത്തിൽ നിന്നും പ്രവർത്തിക്കുന്നവരായതിനാൽ അവരിൽ നിന്നും ഉന്നതമായ പെരുമാറ്റ മര്യാദകളാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യം ജില്ലാ-കോർഡിനേറ്റർമാർ ഉറപ്പാക്കുന്നതും മറിച്ചുള്ള പ്രവണതകൾ സംബന്ധിച്ച് വകുപ്പ് അദ്ധ്യക്ഷന് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതുമാണ്.

പദ്ധതി നിർവ്വഹണ പുരോഗതി കോ-ഓർഡിനേറ്റർമാർ നിരന്തരം വിശകലനം ചെയ്ത് ഡയറക്ടറേറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണ്. ഇതിനായി ഓരോ പരിശീലന കേന്ദ്രവും നിശ്ചിത ഇടവേളകളിൽ സന്ദർശിക്കുകയും അവിടുത്തെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഫെല്ലോഷിപ്പ് കലാകാരന്റെ കൃത്യനിഷ്ഠ, പ്രവർത്തന മികവ്, പഠിതാക്കളിൽ ജിജ്ഞാസയും ആവേശവും നിറച്ച് അവരെ പദ്ധതിയിൽ നിലനിർത്താൻ പ്രകടിപ്പിക്കുന്ന നൈപുണ്യം, പെരുമാറ്റമര്യാദകൾ, പഠിതാക്കളുടെ എണ്ണം, അവരുടെ ഹാജർ തുടങ്ങിയ വിവിധ കാര്യങ്ങൾ ഉൾകൊള്ളുന്ന പ്രതിമാസ റിപ്പോർട്ട് ഡയറക്ടറേറ്റിന് കൃത്യമായി സമർപ്പിക്കേണ്ടതാണ്.

കലാകാരന്മാർക്കുള്ള ഫെലോഷിപ്പ്, പ്രാദേശിക സർക്കാരുകളുടെ ഫെലോഷിപ്പ് വിഹിതം, യാത്രാ ബത്ത തുടങ്ങിയവ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ സമാഹരിക്കുക, റിപ്പോർട്ടുകൾ നിശ്ചിത മാതൃകയിൽ സാംസ്കാരിക വകുപ്പിനും പ്രാദേശിക സർക്കാരിനും ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ജില്ലാ-കോർഡിനേറ്റർമാർ നിർവ്വഹിക്കുന്നതാണ്.

13. ക്ലസ്റ്റർ കൺവീനർമാർ

ബ്ലോക്ക്/ നഗരസഭ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഓരോ ക്ലസ്റ്ററിനും നേതൃത്വം നൽകാൻ ഒരു ക്ലസ്റ്റർ കൺവീനർ ഉണ്ടായിരിക്കുന്നതാണ്. അതാത് ക്ലസ്റ്ററുകളിൽ വിന്യസിച്ചിട്ടുള്ള കലാകാരന്മാരിൽ നിന്നും ഒരാളെ ക്ലസ്റ്റർ കൺവീനറായി സാംസ്കാരിക വകുപ്പ് നിയമിക്കുന്നതും പ്രസ്തുത കൺവീനർ തന്റെ കലാപരിശീലന പ്രവർത്തനങ്ങൾക്കു പുറമേ ക്ലസ്റ്ററിന്റെ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല കൂടി നിർവ്വഹിക്കുന്നതുമാണ്. ജില്ലാ-കോ ഓഡിനേറ്റർ ജില്ലാ അടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ട ചുമതലകൾ ക്ലസ്റ്റർ കൺവീനർ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. ഇതിനായി ചെയ്യേണ്ടി വരുന്ന അധിക യാത്രകൾക്ക് യാത്രാപടി നൽകുന്നതിനും വ്യവസ്ഥയുണ്ടാകും.

ഒരു നിശ്ചിത ക്ലസ്റ്ററിൽ വിന്യസിക്കപ്പെടുന്ന ഏതൊരു കലാകാരനും ക്ലസ്റ്റർ കൺവീനറായി നിയോഗിക്കപ്പെട്ടാൽ അപ്രകാരം കൂടി പ്രവർത്തിക്കുവാൻ ബാധ്യതയുണ്ടായിരിക്കുന്നതാണ്.

14. പരിശീലന കേന്ദ്രം മോണിറ്റർ

ഒരു ക്ലസ്റ്ററിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന കലാകാരന് പ്രസ്തുത ക്ലസ്റ്ററിലെ ഒരു നിശ്ചിത കലാപരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മോണിറ്റർ ചെയ്യാനുള്ള ചുമതല ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം മോണിറ്റർ ചെയ്യാനായി ഓരോ കലാകാരനും ഓരോ കലാകേന്ദ്രം അനുവദിച്ച് നൽകുന്നതാണ്. പ്രസ്തുത കേന്ദ്രത്തിൽ നടക്കുന്ന കലാപഠനം ഉൾപ്പെടെയുള്ള എല്ലാ പദ്ധതി പ്രവർത്തനങ്ങളും നിർദ്ദിഷ്ട രീതിയിൽ നടപ്പാക്കേണ്ടതും പ്രസ്തുത കലാകേന്ദ്രം സംബന്ധിച്ച് പഠിതാക്കളുടെയും രക്ഷകർത്താക്കളുടെയും പൊതുജനങ്ങളുടെയും സമീപനം സംബന്ധിച്ച് നിരീക്ഷിക്കുകയും ക്ലസ്റ്റർ കൺവീനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. താൻ വിന്യസിക്കപ്പെട്ട ക്ലസ്റ്ററിലെ ഇതര കലാകേന്ദ്രങ്ങളിൽ കലാപരിശീലനം നൽകുമ്പോൾ തന്നെ തനിക്ക് മോണിറ്ററിംഗ് ചുമതല നൽകിയിട്ടുള്ള കേന്ദ്രത്തിന്റെ പ്രധാന പരിശീലകനായി തുടരേണ്ടതാണ്.

15. വാദ്യോപകരണങ്ങൾ, കലാപരിശീലന സാമഗ്രികൾ

കലാപരിശീലനത്തിന് ആവശ്യമായ അത്യാവശ്യ വാദ്യോപകരണങ്ങൾ, കലാപരിശീലന സാമഗ്രികൾ എന്നിവ സാംസ്കാരിക വകുപ്പ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണ്. സംഗീത പഠനത്തിന് ആവശ്യമായ ശ്രുതിപ്പെട്ടി, നൃത്താഭ്യസനത്തിന് വേണ്ട മുട്ടിയും കോലും, കൂടിയാട്ടത്തിനുള്ള മിഴാവ് കുറ്റി, മേളത്തിന് ആവശ്യമായ കരിങ്കല്ലും കോലും, ശ്രവണപ്പലക, ചിത്രരചനക്കുള്ള ഈസൽ, ചായക്കൂട്ടുകൾ, ബ്രഷുകൾ, കാൻവാസ്, ശില്പകലയ്ക്ക് വേണ്ട ഉപകരണങ്ങൾ തുടങ്ങിയവ അടിയന്തിരമായി വകുപ്പ് വിതരണം ചെയ്യുന്നതാണ്. പരിശീലനം പുരോഗമിക്കുന്നതനുസരിച്ച് സംഗീതോപകരണങ്ങൾ ലഭ്യമാക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

വാദ്യോപകരണങ്ങൾ മറ്റ് പഠന സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യമാക്കൽ, ഉപയോഗം, സുരക്ഷിതമായ സൂക്ഷിപ്പ് എന്നീ കാര്യങ്ങളിൽ ഫെലോഷിപ്പ് കലാകാരന്മാർക്കും, ബന്ധപ്പെട്ട ക്ലസ്റ്റർ കൺവീനർമാർക്കും, ജില്ലാ കോ-ഓർഡിനേറ്റർമാർക്കും കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. വകുപ്പ് ലഭ്യമാക്കുന്ന മേല്പറഞ്ഞ സാമഗ്രികൾ കുറ്റമറ്റതായും ഉപയോഗക്ഷമമായും നിശ്ചിത സമയത്ത് വകുപ്പിന് തിരിച്ചേൽപ്പിക്കാനുള്ള ഉത്തരവാദിത്വം മോണിറ്റർ, ക്ലസ്റ്റർ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാരിലും കോ-ഓർഡിനേറ്റർമാരിലും നിക്ഷിപ്തമായിരിക്കും.

16. പദ്ധതി ഉദ്ഘാടനം

പദ്ധതിയുടെ സംസ്ഥാനതല, ക്ലസ്റ്റർതല ഉദ്ഘാടനങ്ങൾ വിപുലമായ പരിപാടികളോടെ ജനകീയമായി സംഘടിപ്പിക്കുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കലാരൂപങ്ങളിൽ കഴിയുന്നത്ര ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാവിരുന്ന് സംസ്ഥാനതല ചടങ്ങിന്റെ ഭാഗമായി അവതരിപ്പിക്കുന്നതാണ്. നൃത്ത സംഗീത പരിപാടികൾക്ക് പുറമെ കൂടിയാട്ടം, കഥകളി, ലഘുനാടകം, തത്സമയ ചിത്രരചന, ശില്പ സൃഷ്ടി എന്നിവയും വഞ്ചിപ്പാട്ട്, തെയ്യം തുടങ്ങിയ നാടോടി അനുഷ്ഠാനകലകളുടെ രംഗാവിഷ്കാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന തലത്തിൽ അരങ്ങേറിയ കലാരൂപങ്ങളുടെ ചെറുപതിപ്പുകൾ ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി വിവിധ കേന്ദ്രങ്ങളിൽ അവതരിപ്പിക്കുന്നതാണ്.

വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്ന സഞ്ചരിക്കുന്ന കലാസംഘങ്ങൾ പദ്ധതി വിളംബരമായി ജില്ലയിലുടനീളം കലാവതരണങ്ങൾ സംഘടിപ്പിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സർക്കാരുകൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, യുവജനകലാസമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ ഇത്തരം കലാവതരണത്തിന് വേദിയും സൗകര്യങ്ങളും ഒരുക്കുന്നതാണ്. ക്ലസ്റ്റർ തലത്തിൽ നടക്കുന്ന പ്രവേശനോത്ഘാടനത്തിൽ അതാത് ജില്ലയിലെ മുഴുവൻ കലാകാരന്മാരും പങ്കെടുക്കുന്നതാണ്.

17) **ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ ജില്ലാ, സംസ്ഥാനതല കലാവതരണം**

നിശ്ചിത ഇടവേളകളിൽ ബ്ലോക്ക് ജില്ലാ സംസ്ഥാന തലങ്ങളിൽ ഫെലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും നടത്തുന്ന കലാവതരണം ഈ പദ്ധതിയുടെ മുഖ്യ ആകർഷണങ്ങളിലൊന്നാണ്. കലാഭ്യസനം പൂർത്തിയാക്കുന്ന പഠിതാക്കളുടെ അരങ്ങേറ്റം സംഘടിപ്പിക്കേണ്ടതും തുടർപ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ ഉറപ്പാക്കേണ്ടതുമാണ്. നാൽപ്പത്തഞ്ചോളം കലാവിഭാഗങ്ങളിൽ പരിശീലനം സിദ്ധിച്ച കുട്ടികളും യുവാക്കളും അതാത് കലാരൂപങ്ങൾ ആവശ്യമായ ചമയങ്ങൾ ഉപയോഗിച്ചും സംഗീതോപകകരണങ്ങളുടെ അകമ്പടിയോടെയും കലാമേളകളിൽ അവതരിപ്പിക്കുന്നതാണ്. ആയിരം ഫെലോഷിപ്പ് കലാകാരന്മാർ പരിശീലിപ്പിച്ച് സജ്ജരാക്കിയ നൂറു കണക്കിന് കലാകാരന്മാർ ഓരോ ജില്ലയിലും വിവിധ കേന്ദ്രങ്ങളിൽ കലാപരിപാടികൾ നടത്തുന്നതും അവരിൽ നിന്നും തെരഞ്ഞെടുത്ത കലാകാരന്മാർ സംസ്ഥാനതലത്തിൽ കലാവതരണം നടത്തുന്നതുമാണ്. ഓരോ തലത്തിലും കലാവതരണങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ പങ്കെടുക്കുന്നതിന് സാംസ്കാരിക വകുപ്പിന്റെ പുരസ്കാരങ്ങളും സാക്ഷ്യപത്രങ്ങളും നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

18. **കലാസൃഷ്ടികൾ**

പദ്ധതിയിൻ കീഴിൽ സൃഷ്ടിക്കപ്പെടുന്ന ചിത്രങ്ങൾ, ശില്പങ്ങൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ ജില്ലാ സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കാവുന്നതാണ്. തുടർന്ന് ഇവ അതാത് പ്രാദേശിക സർക്കാരുകളുടെ ഉടമസ്ഥതയിൽ സൂക്ഷിക്കാവുന്നതോ വിപണന മേളകളിൽ വിറ്റഴിക്കാവുന്നതോ ആണ്.

19. പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൈവരിക്കുന്ന പുരോഗതി നിശ്ചിത ഇടവേളകളിൽ അവലോകനം ചെയ്യുന്നതിന് ചുവടെ പറയുന്ന സംവിധാനം ഉണ്ടായിരിക്കുന്നതാണ്. മൂന്ന് തലങ്ങളിലായി നടത്തുന്ന അവലോകനങ്ങൾ ഫെലോഷിപ്പ് കലാകാരന്മാരുടെ പ്രവർത്തനങ്ങൾ, അവർ സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളുടെ എണ്ണം, പഠിതാക്കളുടെ എണ്ണം, അവരുടെ ഹാജർ, നടത്തിയ കലാവതരണങ്ങളുടെ എണ്ണം, നിലവാരം, അവർ ആർജ്ജിച്ച കലാപ്രാവീണ്യം എന്നിവ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വിലയിരുത്തുന്നതാണ്. എല്ലാ യോഗങ്ങൾക്കും മിനിട്സ് തയ്യാറാക്കേണ്ട ചുമതല ഫെലോഷിപ്പ് കലാകാരനായിരിക്കും. മിനിട്സ്/ ബോണ്ട് ബുക്കിൽ യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരുടേയും ഒപ്പും, വിശദമായ തീരുമാനങ്ങളും, രേഖപ്പെടുത്തി അദ്ധ്യക്ഷനെക്കൊണ്ട് അംഗീകരിച്ച് സൂക്ഷിക്കണം.

എ) ഗ്രാമപഞ്ചായത്ത് / നഗരസഭാ വാർഡ് തല സമിതി അവലോകനം

ഖണ്ഡിക 4 പ്രകാരമുള്ള സമിതിയാണ് ഏറ്റവും താഴെ തലത്തിലുള്ള പരിശീലന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ദൈനംദിന കാര്യങ്ങൾ നടപ്പാക്കുന്നത്. ഈ സമിതി പ്രതിമാസം ചേർന്നാണ് പരിശീലന കേന്ദ്ര പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നത്. ഈ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന കേന്ദ്രം മോണിറ്റർ ബ്ലോക്ക്/നഗരസഭാ തലത്തിലെ സമിതികളിൽ പങ്കെടുത്ത് റിപ്പോർട്ട് ചെയ്യും. എല്ലാ തലങ്ങളിലേയും റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് സാംസ്കാരിക വകുപ്പ് നൽകുന്നതാണ്. ഈ യോഗം എല്ലാ കേന്ദ്രങ്ങളിലും ഓരോ മാസത്തിലെയും ആദ്യ ആഴ്ചയിൽ കൂടേണ്ടതാണ്.

ബി) ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻതല സമിതി - അവലോകനം

ഖണ്ഡിക 3 പ്രകാരമുള്ള സമിതിയാണിത്. ഓരോ പരിശീലന കേന്ദ്രത്തിലേയും മോണിറ്റർമാർ ഈ യോഗത്തിൽ പങ്കെടുത്ത് നിർദ്ദിഷ്ട ഫോർമാറ്റിൽ തയ്യാറാക്കുന്ന റിപ്പോർട്ട് അവതരിപ്പിക്കും. അതിന്മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ജില്ലാ സംസ്ഥാനതല നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കുന്നതാണ്. ക്ലസ്റ്റർ കൺവീനർ ജില്ലാതല മീറ്റിംഗിൽ പങ്കെടുത്ത് നിർദ്ദിഷ്ട ഫോർമാറ്റിൽ റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കും. ഈ യോഗം എല്ലാ മാസത്തിലും രണ്ടാമത്തെ ആഴ്ചയിൽ ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ ആസ്ഥാനത്ത് ചേരേണ്ടതാണ്.

സി) ജില്ലാതല ക്ലസ്റ്റർ കൺവീനർമാരുടെ യോഗം

ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ എല്ലാ ക്ലസ്റ്റർ കൺവീനർമാരുടേയും യോഗം ഓരോ മാസവും മൂന്നാമത്തെ ആഴ്ചയിൽ കൂടേണ്ടതാണ്. ഓരോ ക്ലസ്റ്റർ കൺവീനർമാരും നിർദ്ദിഷ്ട പ്രോഫോർമയിൽ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിക്കണം. ജില്ലാ ഏകോപന സമിതിയുടേയും സാംസ്കാരിക വകുപ്പിന്റെയും നിർദ്ദേശങ്ങൾ ജില്ലാ കോ-ഓർഡിനേറ്റർ യോഗത്തിൽ അവതരിപ്പിക്കണം. തുടർന്ന് നടക്കുന്ന ചർച്ചകളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കണം. ഈ യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ടുകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ജില്ലാതല പ്രതിമാസ റിപ്പോർട്ട് ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദിഷ്ട ഫോർമാറ്റിൽ തയ്യാറാക്കി ജില്ലാതല ഉപദേശക സമിതിക്ക് വേണ്ടി ജില്ലാ പ്ലാനിംഗ് ആഫീസർക്കും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ഓരോ മാസവും 25-ാം തീയതിക്കു മുമ്പ് സമർപ്പിക്കേണ്ടതാണ്. ഈ യോഗങ്ങൾ കഴിയുന്നതും ഓരോ മാസവും ഓരോ ക്ലസ്റ്റർ കേന്ദ്രങ്ങളിലും റൊട്ടേറ്റ് ചെയ്ത് കൂടേണ്ടതാണ്. ജില്ലാതല ഉപദേശക സമിതിയിലും സാംസ്കാരികവകുപ്പ് ഡയറക്ടറുടെ മീറ്റിംഗിലും പങ്കെടുത്ത് ജില്ലാ കോ-ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്യണം. ടി യോഗ തീയതിയും സമയവും ജില്ലാ കോ-ഓർഡിനേറ്റർ ജില്ലാ പ്ലാനിംഗ് ആഫീസറുമായി ബന്ധപ്പെട്ട് നിശ്ചയിക്കേണ്ടതും പ്ലാനിംഗ് ആഫീസർ അഥവാ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗ സ്ഥനേയോ യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

നം.ഡിഎ1/259/2019-തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

തിരുവനന്തപുരം,
തീയതി: 07/09/2019

സർക്കുലർ

വിഷയം:- പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, MRS ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019 ലെ 3.4 (പൊതുവിഷയങ്ങൾ) നമ്പർ തീരുമാനം

****

പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, MRS ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നത് സംബന്ധിച്ച്, സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ സൂചന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, MRS ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ വാദ്യോപകരണങ്ങൾ വാങ്ങി നൽകേണ്ടതും ഇതിനുള്ള നടപടി പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സ്വീകരിക്കേണ്ടതുമാണ്.

2. ഇത്തരം സ്ഥാപനങ്ങളിൽ സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി കലാകാരന്മാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സാംസ്കാരിക വകുപ്പിൻറെ "കലാകാരന്മാരുടെ ഉപജീവനം/ ഗ്രാമീണ കലാകേന്ദ്രം പദ്ധതി" - സാംസ്കാരിക വകുപ്പ് കണ്ടെത്തിയിട്ടുള്ള 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അതത് തദ്ദേശസ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഉൾപെടുത്താൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.970/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/05/2020

പരാമർശം:- 1 സ.ഉ.(സാധാ)നം. 270/2019/ സാം.കാ.വ., തീയതി 01.07.2019

2 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.02.2020-ലെ പി4 -3474/19/സാം.വ. നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം 4.90

ഉത്തരവ്

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ദ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് വിപണന പ്രദർശന വേദികൾ ഒരുക്കുക, ദേശീയ അന്തർദേശീയ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, വിവിധ പദ്ധതികളുമായി ബന്ധിപ്പിച്ച് അവരുടെ സാമൂഹ്യ സാമ്പത്തിക പരാധീനതകൾ പരിഹരിക്കുക, ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക എന്നിവ ലക്ഷ്യം വച്ച് സാംസ്കാരിക വകുപ്പ് 'കലാകാരന്മാരുടെ ഉപജീവനം /ഗ്രാമീണ കലാകേന്ദ്രം' എന്ന പദ്ധതി ആവിഷ്കരിച്ച് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഭൂരിഭാഗം സ്ത്രീകളുൾപ്പെടുന്ന 2000-ത്തോളം കലാകരകൗശല വിദഗ്ദർ ഗുണഭോക്താക്കളായ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വയംസഹായ സംഘങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി വിപണി ബന്ധം ഉറപ്പിച്ച് കരകൗശല വിദഗ്ധരുടെ ഉപജീവന സുസ്ഥിരത ഉറപ്പ് വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്നും അതിനായി പദ്ധതി രൂപീകരണ വേളയിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പൈതൃക ഗ്രാമങ്ങൾക്കും കരകൗശല വിദഗ്ദർക്കും പ്രയോജനപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പരിഗണന നൽകണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. വിവിധ കരകൗശല മേഖലകളിലായി അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 22 പൈതൃക ഗ്രാമങ്ങളാണ് സാംസ്കാരിക വകുപ്പ് കണ്ടെത്തിയിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
സാംസ്കാരിക വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.01 17:26:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

പദ്ധതി നടപ്പിലാക്കുന്ന ഗ്രാമങ്ങൾ

ക്രമ. നം.	പൈതൃക ഗ്രാമം	കരകൗശല മേഖല	ജില്ല	ബ്ലോക്ക്	പഞ്ചായത്ത്	കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി
1	2	3	4	5	6	7
1.	മുട്ടത്തറ	ദാരുശില്പം	തിരുവനന്തപുരം			തിരുവനന്തപുരം
2.	ബാലരാമപുരം	കൈത്തറി	തിരുവനന്തപുരം	പെരുങ്കടവിള	കൊല്ലയിൽ	
3.	തഴവ	കൈതയോല	കൊല്ലം	ഓച്ചിറ	തഴവ	
4.	ആറന്മുള	കണ്ണാടി	പത്തനംതിട്ട	കുളനട	ആറന്മുള	
5.	ചേർത്തല	കയർ ഉൽപ്പന്നങ്ങൾ	ആലപ്പുഴ	കഞ്ഞിക്കുഴി	ചേർത്തല സൗത്ത്	
6.	വാടയാർ	കളിമൺ ശില്പങ്ങൾ	കോട്ടയം	വൈക്കം	വാടയാർ	
7.	തേക്കടി	മുള ഉൽപ്പന്നങ്ങൾ	ഇടുക്കി	അഴുത	തേക്കടി	
8.	ചേന്ദമംഗലം	കൈത്തറി	എറണാകുളം	പറവൂർ	ചേന്ദമംഗലം	
9.	കൂത്താംമ്പുള്ളി	കൈത്തറി	തൃശ്ശൂർ	പഴയന്നൂർ	തിരുവില്വാമല	
10.	ഗുരുവായൂർ	പൂരം കോപ്പുകൾ	തൃശ്ശൂർ	മുല്ലശ്ശേരി	ഇളവള്ളി	
11.	ചേർപ്പ്	ദാരു ശില്പങ്ങൾ	തൃശ്ശൂർ	ചേർപ്പ്	ചേർപ്പ	
12.	വെള്ളിനേഴി	കഥകളി കോപ്പുകൾ	പാലക്കാട്	ശ്രീകൃഷ്ണപുരം	വെള്ളിനേഴി	
13.	പെരുവെമ്പ്	വാദ്യോപകരണം	പാലക്കാട്	മലമ്പുഴ	പെരുവെമ്പ്	
14.	പെരുവെമ്പ്	കൈത്തറി	പാലക്കാട്	മലമ്പുഴ	പെരുവെമ്പ്	
15.	ബേപ്പൂർ	ഉരു	കോഴിക്കോട്			കോഴിക്കോട്
16.	അരുവാക്കോട്	മൺപാത്ര നിർമ്മാണം	മലപ്പുറം			നിലമ്പൂർ
17.	തൃക്കൈപ്പറ്റ	മുള ഉല്പന്നങ്ങൾ	വയനാട്	കൽപ്പറ്റ	മേപ്പാടി	
18.	കുഞ്ഞിമംഗലം	വെങ്കല നിർമ്മാണം	കണ്ണൂർ	പയ്യന്നൂർ	കുഞ്ഞിമംഗലം	
19.	പയ്യന്നൂർ	തെയ്യ ചമയങ്ങൾ	കണ്ണൂർ			പയ്യന്നൂർ
20.	തളങ്കര	തൊപ്പി നിർമ്മാണം	കാസർഗോഡ്			കാസർഗോഡ്
21.	ആര്യനാട്	ദാരു ശില്പങ്ങൾ	തിരുവനന്തപുരം	വെള്ളനാട്	ആര്യനാട്	
22.	മാന്നാർ	വെങ്കല പാത്രങ്ങൾ	ആലപ്പുഴ	മാന്നാർ	ചെങ്ങന്നൂർ	

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി - പദ്ധതി സുഗമമായി നടപ്പാക്കുന്നതിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിഹിതം വകയിരുത്താൻ- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.977/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/05/2020

പരാമർശം:- 1 സ.ഉ.(സാധാ) നം. 470/2017/സാം.കാ.വ., തീയതി 28.07.2017

2 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.02.2020-ലെ P1-2440/19-സാം.വ. നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം 4.61

ഉത്തരവ്

സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കി വരുന്ന, പരാമർശം (1) പ്രകാരം ഭരണാനുമതി നൽകപ്പെട്ട, യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി നേരത്തെ നിശ്ചയിച്ചത് രണ്ടു വർഷക്കാലത്തേയ്ക്ക് നടപ്പാക്കാനായിരുന്നു എന്നും വിഭാവനം ചെയ്ത കാലാവധി കഴിഞ്ഞതിനാൽ തുടർ വർഷങ്ങളിലും ഇതു നടപ്പാക്കാൻ സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നുവെന്നും 2020-21 വർഷത്തെ ഇതുസംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നു. മുൻ വർഷങ്ങളിൽ ഒരു കലാകാരന് 10000/- രൂപ സാംസ്കാരിക വകുപ്പും 5000/- രൂപ തദ്ദേശഭരണ സ്ഥാപനവുമാണ് നൽകിയിരുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി തുടർന്നും സുഗമമായി നടപ്പാക്കുന്നതിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും കലാകാരന്മാരുടെ എണ്ണത്തിനനുസൃതമായി തുക വകയിരുത്താൻ അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ കഴിഞ്ഞവർഷത്തെ കുടിശ്ശികയുണ്ടെങ്കിൽ അതും കലാകാരന്മാർക്ക് നൽകേണ്ടതാണ് . ഇതോടൊപ്പം, ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിന് മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ പരിപാടി നടപ്പാക്കുന്ന നഗരസഭകൾക്കും വിഹിതം വകയിരുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റിഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/263/2019-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01/01/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സാംസ്കാരിക വകുപ്പ് തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ആയിരം യുവ കലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി - തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം കലാകാരന്മാർക്ക് മുടക്കം കൂടാതെ നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ) നം. 470/2017/സാം.കാ.വ., തീയതി 28.07.2017
2. സ.ഉ.(സാധാ) നം. 977/2020/തസ്വഭവ, തീയതി 26/05/2020
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.20 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.5

****

സംസ്ഥാന സാംസ്കാരിക വകുപ്പ് തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വജ്രജൂബിലി ഫെലോഷിപ്പ് പരിപാടി സംസ്ഥാനത്താകെ നടപ്പാക്കി വരുന്നു. സാംസ്കാരിക വകുപ്പ് നൽകുന്ന ധനസഹായത്തോടൊപ്പം ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾ 5000/- രൂപ വീതം പ്രതിമാസം ഒരു കലാകാരന് നൽകണമെന്നാണ് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ മാർച്ചിനുശേഷം കലാപരിശീലന ക്ലാസ്സുകൾ ഓൺലൈനായാണ് നടക്കുന്നത്. ഓൺലൈൻ ക്ലാസ്സ് ആയതിനാൽ ചില തദ്ദേശ ഭരണസ്ഥാപനങ്ങൾ അവരുടെ വിഹിതം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓൺലൈനായിട്ടാണ് ക്ലാസ്സ് നടക്കുന്നതെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വിഹിതം കലാകാരന്മാർക്ക് മുടക്കം കൂടാതെ നൽകേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

9.7 ദാരിദ്ര്യ ലഘൂകരണം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്)നം.126/2018/തസ്വഭവ. തിരുവനന്തപുരം,തീയതി: 14/09/2018

പരാമർശം:- 1. 12/12/2017-ലെ സ.ഉ.(കൈ)നം.252/2017/തസ്വഭവ ഉത്തരവ്

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2018-ലെ 8696/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും പദ്ധതികളിൽ തുടർന്നും സേവനം അർഹിക്കുന്നവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ ഗുണഭോക്താക്കളും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ ടി മാർഗ്ഗരേഖയിലെ 4.2 അടിസ്ഥാന സൗകര്യ ആവശ്യം എന്ന സബ് ഹെഡിങ്ങിലെ 4.21 കിടപ്പാടം - ഭൂമിയിൽ 4.2.1.1 എന്ന ഖണ്ഡികയിലും 4.2.2 വീട് - ൽ 4.2.2.1 എന്ന ഖണ്ഡികയിലും ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മാർഗ്ഗരേഖയിൽ നിലവിലുള്ളത്	ഭേദഗതി/പുതിയത്
ഖണ്ഡിക : 4.2.1.1 സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ഭൂമിവാങ്ങി നല്കിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്കു ഈ ആവശ്യത്തിനു ഭൂമി നല്കുവാൻ പാടുള്ളൂ.	ഖണ്ഡിക : 4.2.1.1 ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കുടുംബശ്രീ ഉറപ്പുവരുത്തണം. ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം.
ഖണ്ഡിക 4.2.2.1 സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം നല്കിയതിനുശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്ക് വീട് നല്കാൻ പാടുള്ളൂ.	ഖണ്ഡിക : 4.2.2.1 ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണം. ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി.എസ്.
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1.5 ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്) നം.182/2018/തസ്വഭവ. തിരുവനന്തപുരം,തീയതി: 05/12/2018

പരാമർശം:- 1. 14/12/2017-ലെ സ.ഉ(എം.എസ്)നം.252/2017/തസ്വഭവ
2. 14/09/2018-ലെ സ.ഉ(എം.എസ്)126/18/തസ്വഭവ.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.[illegible].2018-ലെ 8696/17/ കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

ആശ്രയ ഒന്നും രണ്ടും ഘട്ടങ്ങളിലായി 25 ലക്ഷം രൂപ വരെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ചലഞ്ച് ഫണ്ട് കുടുംബശ്രീയിൽ നിന്നും അനുവദിച്ചിരുന്നതായും ടി തുക കുറവ് ചെയ്താൽ അഗതിരഹിത കേരളം പദ്ധതിക്കായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് 15 ലക്ഷം രൂപയാണ് ചലഞ്ച് ഫണ്ടായി അനുവദിക്കാൻ കഴിയുന്നതെന്നും, അഗതിരഹിത കേരളം പദ്ധതി തയ്യാറാക്കിയ 80 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ചലഞ്ച് തുക 15 ലക്ഷം അധികരിക്കുന്ന സാഹചര്യത്തിൽ പരാമർശം(1) പ്രകാരമുള്ള മാർഗ്ഗരേഖയിലെ നിലവിലുള്ള ഖണ്ഡിക 3.1.5 ഒഴിവാക്കിക്കൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം(1) ലെ ഉത്തരവിൽ പുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മാർഗ്ഗരേഖയിൽ നിലവിലുള്ളത്	ഭേദഗതി ചെയ്തത്
ഖണ്ഡിക : 3.1.5 ആശ്രയ പദ്ധതി പ്രകാരം മുൻപ് അനുവദിച്ചിട്ടുള്ള തുകകൾ കുറവ് ചെയ്ത് ബാക്കി തുകയായിരിക്കും അഗതിരഹിത കേരളം പദ്ധതിക്കായി അനുവദിക്കുക.	ഖണ്ഡിക : 3.1.5 ആശ്രയ പദ്ധതിക്ക് മുൻപ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുക അഗതിരഹിത കേരളം പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്.

(3) പരാമർശം (1)ലെയും 2) ലെയും ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി.എസ്
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ (ആർ.ഒ.പ്ലാന്റുകൾ) സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത ഏജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ തെരഞ്ഞെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2013/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/09/2019

പരാമർശം:- 1 28/09/18-ലെ സ.ഉ.(സാധാ)നം. 2526/18/ത.സ്വ.ഭ.വ. ഉത്തരവ്

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/07/19-ലെ 11299/പി/18/കെ.എസ്.എച്ച്.ഒ. നം. കുറിപ്പ്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30/07/2019 ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.25

ഉത്തരവ്

05/09/18-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതാല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം.4.13-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ (ആർ.ഒ.പ്ലാന്റുകൾ) സ്ഥാപിച്ച് പൂർണ്ണ ശേഷിയിൽ പ്രവർത്തനം നടത്തി കുടിവെള്ള വിതരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ ചെലവു വരുന്ന മാതൃകയാണ് ഉണ്ടായിരുന്നതെന്നും ഇത് സ്ഥാപിക്കുന്നതിന് കുടുംബശ്രീ യൂണിറ്റിന് 15 ലക്ഷം രൂപയോളം മുതൽ മുടക്ക് വരുന്നുണ്ടെന്നും 6 മാസത്തെ പ്രവർത്തന മൂലധനം അധികമായി കണ്ടെത്തേണ്ടതായി വരുന്നുണ്ടെന്നും മറ്റു സംസ്ഥാനങ്ങളിൽ ഇതിലും കുറഞ്ഞ ചെലവിൽ വ്യത്യസ്ത ഉല്പാദന ശേഷിയുള്ള പ്ലാന്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ടെന്നും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തുടർ സേവനം ലഭ്യമാക്കുന്നതിനും EoI ക്ഷണിക്കുകയും ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് ഏജൻസികളെ തെരഞ്ഞെടുത്ത് കുടുംബശ്രീ അടുത്ത രണ്ട് വർഷത്തേക്ക് (പ്ലാന്റുകളുടെ കപ്പാസിറ്റി / നിരക്ക് സഹിതം) എം. പാനൽ ചെയ്തിട്ടുണ്ടെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്രമ നം.	ഏജൻസി	പ്ലാന്റ് കപ്പാസിറ്റി	പരമാവധി നിരക്ക്
1	M/s. Tata Project Ltd, Utility Services Division, Splendid Towers, 6th Floor, Begumpet, Hyderabad - 500016	100 LPH	261431
		500LPH	323910
		1000 LPH	427750
		2000 LPH	624929

2	M/s Piramel Water Pvt. Ltd A-705-709, Dev Auram Building Anand Nagar Road, Prahlad Nagar, Ahamedabad - 380013	100 LPH	261431
		500 LPH	323910
		1000 LPH	427750
		2000 LPH	624929
3	M/s. M.S.Scientific & Aqua Systems 5-2-13/2, 2nd Floor, Chaithanya Tower, Hyderbasti, Bansilapet, Secunderabad - 500003	100 LPH	261431
		500 LPH	323910
		1000 LPH	427750
		2000 LPH	624929

ടി ഏജൻസികളെ ടെണ്ടർ നടപടി കൂടാതെ തെരഞ്ഞെടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീയ്ക്കും അനുമതി നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2)30/07/2019 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ടി വിഷയം പരിഗണിക്കുകയും കുടുംബശ്രീ മുഖേന ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത പ്രസ്തുത ഏജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ തെരഞ്ഞെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും നിബന്ധനകളോടെ അനുമതി നൽകാൻ പരാമർശം(3)പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(3) പ്രകാരമുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ കുടുംബശ്രീ മുഖേന ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത പ്രസ്തുത ഏജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ തെരഞ്ഞെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആർ.ഒ പ്ലാന്റുകൾ കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനു മാത്രമാണ് പ്രസ്തുത ഏജൻസികളെ ടെണ്ടർ കൂടാതെ തെരഞ്ഞെടുക്കാവുന്നത്.
ii. പരമാവധി നിരക്ക് മുകളിൽ പറഞ്ഞ പ്രകാരമായിരിക്കും.
iii. ആവശ്യമെങ്കിൽ മുകളിൽ പറഞ്ഞ ഏജൻസികളിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ നടത്താവുന്നതാണ്.
iv. തദ്ദേശഭരണ സ്ഥാപനങ്ങളടക്കം മറ്റുള്ളവർക്ക് ഓപ്പൺ ടെണ്ടർ ചെയ്തും ഏജൻസികളെ തെരഞ്ഞെടുക്കാം. എന്നാൽ മുകളിൽ പറഞ്ഞ നിരക്കിലും കുറവായിരിക്കണം.
v. കുടിവെള്ളത്തിന്റെ ആവശ്യകത അനുസരിച്ച് ആർ.ഒ പ്ലാന്റുകൾ പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കണം.
vi. ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 05.09.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി എടുത്ത മറ്റു തീരുമാനങ്ങൾ (തീരുമാനം.നം.4.13)പാലിക്കണം. (ഈ തീരുമാനങ്ങൾ പരാമർശം(1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമാപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഐ&ഇ/ഓഡിറ്റ്/എൽ.ബി.എ)
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)
തദ്ദേശ സ്വയംഭരണ(ഡി.എ)വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.4. 'അഗതി രഹിത കേരളം പദ്ധതി അക്കൗണ്ട് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2451/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/11/2019

പരാമർശം:- 1 12.12.2017 ലെ സ.ഉ.(എം.എസ്)നം.252/17/ത.സ്വ.ഭ.വ.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.09.19 ലെ

5348/L/2019/KSHO നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം അംഗീകരിച്ച അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 3.4-ലെ 'അഗതിരഹിത കേരളം പദ്ധതിയ്ക്കായി ദേശസാൽകൃത ബാങ്കിൽ ഒരു പുതിയ അക്കൌണ്ട് ആരംഭിക്കേണ്ടതാണ്' എന്ന നിർദ്ദേശം "അഗതിരഹിത കേരളം പദ്ധതിക്കായി ദേശസാൽകൃത ബാങ്കുകൾ / റീജണൽ റൂറൽ ബാങ്കുകൾ / ഷെഡ്യൂൾഡ് ബാങ്കുകൾ / ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ അക്കൗണ്ട് ആരംഭിക്കേണ്ടതാണ്" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ ഡി

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും /സെക്രട്ടറിമാർക്കും

(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/05/2020-ലെ തീരുമാനങ്ങൾ - കുടുംബശ്രീ സി.ഡി.എസ്. മുഖേന വിൽക്കുന്ന കടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്

സ.ഉ.(സാധാ) നം.1105/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/06/2020

പരാമർശം:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/05/2020-ലെ കുറിപ്പ് (SRG/372/20).

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 27/05/2020-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.22.

ഉത്തരവ്

കുടുംബശ്രീയ്ക്ക് നിലവിൽ നൂറിലധികം കട നിർമ്മാണ യൂണിറ്റുകൾ ഉണ്ട്. ഈ യൂണിറ്റുകൾ നിർമ്മിക്കുന്ന കടകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ അംഗങ്ങൾക്കും നിർധനരായ കുടുംബങ്ങൾക്കും നൽകാനും അതുവഴി സാമൂഹിക അകലം എന്ന ആശയം കുടുംബങ്ങളിൽ എത്തിക്കാനും കുടുംബശ്രീ സംരംഭകർക്ക് വിപണി ഉറപ്പ് വരുത്താനും ഉദ്ദേശിക്കുന്നതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ സമൂഹത്തിൽ വാങ്ങൽ ശേഷി കുറഞ്ഞു നിൽക്കുന്നതിനാൽ കടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. 27/05/2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും, കുടുംബശ്രീ സി.ഡി.എസ്. മുഖേന വിൽക്കുന്ന കടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കുടുംബശ്രീ സി.ഡി.എസ്. മുഖേന വിൽക്കുന്ന കടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വിൽക്കുന്ന കടകളുടെ എണ്ണമനുസരിച്ച് സബ്സിഡി തുക സി.ഡി.എസിന് കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി മോൾ ഡി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ഗ്രാമാപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ), കേരളം

തിരുവനന്തപുരം,

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്,

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

G.O.(Rt)No.1872/2020/LSGD തീയതി,തിരുവനന്തപുരം, 12/10/2020

പരാമർശം:- 1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.08.2017 ലേയും 04.11.2019 ലേയും 1152/ഡി/2016 നം കത്തുകൾ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.01.2018 ലേയും 07.05.2019 ലേയും 2436/ഡി/2015 നം കത്തുകൾ

ഉത്തരവ്

കുടുംബശ്രീയുടെ സംരംഭമേഖലയിൽ ശ്രദ്ധേയമായ സാനിറ്ററി നാപ്കിനുകൾ ടെൻഡറില്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വാങ്ങാനുള്ള സർക്കാർ ഉത്തരവ് ലഭ്യമായാൽ ഉൽപന്നത്തിന് കൂടുതൽ വിപണി കണ്ടെത്തുന്നതിനും ഉൽപാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് വരുമാന വർദ്ധനവും അതുവഴി സ്ത്രീശാക്തീകരണവും പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ വികസനവും സാദ്ധ്യമാകുമെന്നും അതിനാൽ കുടുംബശ്രീയുടെ സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി എംപാനൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം കത്തുകൾ മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകളുടെ വില നിലവിൽ മാർക്കറ്റിൽ ലഭ്യമാകുന്ന നിലവാരമുള്ള പോപ്പുലർ ബ്രാൻഡുകളിൽ ഏറ്റവും താഴ്ന്ന മാർക്കറ്റ് നിരക്ക് ഏതാണോ, ആ നിരക്കിന്റെ പരമാവധി 25% വരെ ഉയർന്ന നിരക്കിൽ(L1+25%)വിതരണം ചെയ്യുന്നതിന് സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ഒരു വർഷത്തേക്ക് ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റോർ പർച്ചേഴ്സ് വകുപ്പ്(17/06/2020 ലെ SPD-B1/30/2018-SPD Dated 17/06/2020 പ്രകാരം)

ധനകാര്യ വകുപ്പ്(03.09.2020 ലെ 817503/Dev.3/119-18 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ)കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - മുഖേന നടപ്പിലാക്കുന്ന ജനകീയ ഹോട്ടൽ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.400/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 12/02/2021

പരാമർശം:- 1 06.03.2020 തീയതിയിലെ സ.ഉ(കൈ) നം.45/2020/തസ്വഭവ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/09/2020-ലെ 1606/ഡി/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ 12 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗരേഖയിൽ ചുവടെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ ഭേദഗതി ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

1. ഇനം. 1.1 ജനകീയ ഹോട്ടൽ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക.
2. ഇനം 1.3 ജനകീയ ഹോട്ടൽ രൂപീകരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടത്തുകയും ആയത് കുടുംബശ്രീ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് മിഷൻ കോ-ഓർഡിനേറ്റർ, ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, മെമ്പർ സെക്രട്ടറി, വാർഡ് മെമ്പർ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനും ഇനം.1.4ൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /നഗരസഭ മുഖാന്തിരം ലഭ്യമാക്കുക.
3. ഇനം.1.4ൽ ജനകീയ ഹോട്ടൽ രൂപീകരണത്തിനായി കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടെത്തുന്ന കെട്ടിടത്തിന്റെ വാടകയ്ക്ക് പൊതുമരാമത്ത് നിരക്ക് മതിയാകാതെ വരുവാൻ സാധ്യത ഉള്ളതിനാൽ ജനകീയ ഹോട്ടൽ രൂപീകരണത്തിന് കുടുംബശ്രീ സി.ഡി.എസ്. മുഖാന്തിരം കണ്ടെത്തുന്ന കെട്ടിടത്തന്റെ വാടക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പൊതുമരാമത്ത് നിരക്കിന്റെ 150 ശതമാനത്തിൽ കൂടുതൽ അധികരിക്കാത്ത തുക ലഭ്യമാക്കുന്നതിന് അനുവാദം.
4. ഇനം. 1.6-ൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് തുക ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി തുക/കൂടുതൽ തുക വകയിരുത്തുന്നതിനുള്ള അനുവാദം.
5. സപ്ലൈകോ മുഖാന്തിരം അരിയും പലവ്യഞ്ജനങ്ങളും ആവശ്യമുള്ള ജനകീയ ഹോട്ടലുകൾക്ക് ദിവസവും 200 ഊണിന് ആനുപാതികമായി അരിയും ആയതിലേക്ക് ആവശ്യമായ പലവ്യഞ്ജനങ്ങളും സബ്സിഡി നിരക്കിൽ ഓരോ മാസവും ലഭ്യമാക്കുന്നതിനുള്ള ഉത്തരവ്.
6. ജനകീയ ഹോട്ടൽ അംഗങ്ങളെ ആദരിക്കുന്നതിനുള്ള അനുവാദം.

7. കുടുംബശ്രീ മുഖാന്തിരം രൂപീകരിക്കുന്ന ജനകീയ ഹോട്ടലുകളിൽ ഉപയോഗിക്കുന്ന പാചകവാതകത്തിന് സബ്സിഡി ലഭ്യമാക്കുന്നതിലുള്ള ഉത്തരവ്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ 100 ദിവസംകൊണ്ട് പൂർത്തീകരിക്കുന്ന പദ്ധതികളിൽ പ്രാധാന്യമുള്ള ജനകീയ ഹോട്ടൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ ഹോട്ടൽ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
2. ജനകീയ ഹോട്ടൽ രൂപീകരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം കണ്ടെത്തുകയും ആയത് കുടുംബശ്രീ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് മിഷൻ കോ-ഓർഡിനേറ്റർ, ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ, മെമ്പർ സെക്രട്ടറി, വാർഡ് മെമ്പർ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയിൽ വച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് തുക ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി തുക/കൂടുതൽ തുക വകയിരുത്തുന്നതിന് DPC അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
4. ഒരു ദിവസം 1000 മുതൽ 1500 വരെ ഊണ് നൽകുന്ന ജനകീയ ഹോട്ടൽ അംഗങ്ങളെ ആദരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
യു വി ജോസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനനതപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ- ജനകീയ ഹോട്ടൽ രൂപീകരണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ ദൂരീകരിക്കുന്നതിന് തുടർ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

സ.ഉ.(സാധാ) നം.522/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/02/2021

പരാമർശം:- 1 06.03.2020 തീയതിയിലെ സ.ഉ(കൈ)നം.45/2020/തസ്വഭവ

2 12.02.2021 തീയതിയിലെ സ.ഉ(സാധാ)നം.400/2021/തസ്വഭവ

3 15.02.2021-ലെ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗതീരുമാനം

ഉത്തരവ്

ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം(1) പ്രകാരവും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വിശപ്പ് രഹിതകേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഹോട്ടലുകൾ ആരംഭിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ ദൂരീകരക്കുന്നതിനുമായി പരാമർശം (3)-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനകീയ ഹോട്ടലുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ പറയും പ്രകാരം തുടർ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പഞ്ചായത്തുകളിൽ ഒന്നിലധികവും നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്നും നിജപ്പെടുത്താതെ പ്രാദേശിക സാധ്യതയ്ക്കും ആവശ്യത്തിനുമനുസരിച്ച് ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്.
2. സ്ഥലസൌകര്യം കുറവുള്ള സ്ഥലങ്ങളിൽ ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഗ്രാമ/ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ഡിപിസി തീരുമാനത്തിനു വിധേയമായി ജനകീയ ഹോട്ടലിനാവശ്യമായ തുക അനുവദിക്കാവുന്നതാണ്.
3. ജനകീയ ഹോട്ടലുകൾ തുടങ്ങുവാനുള്ള തീരുമാനം കൈക്കൊള്ളാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ മുൻകൈ എടുത്ത് ആരംഭിക്കുന്ന പക്ഷം ടി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, ഊണിനുള്ള സബ് സിഡി, എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരമുള്ള അരി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ജനകീയ ഹോട്ടൽ തുടങ്ങുകയും പിന്നീട് കുടുംബശ്രീയുടെ നേതൃത്വത്തിൽ അടുത്ത ജനകീയ ഹോട്ടൽ ആരംഭിക്കുകയുമാണെങ്കിൽ അത്തരം യൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ

നൽകേണ്ടതില്ല

4. വയനാട് ജില്ലയിലെ തോട്ടം മേഖലയിൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതും ഇതു മുഖേന 10 രൂപ നിരക്കിൽ ഉച്ചക്കഞ്ഞി നൽകാവുന്നതും ആയതിന് 10 രൂപ സബ് സിഡി നൽകേണ്ടതുമാണ്
5. 2021 മാർച്ച് 31 വരെ നൽകിയിരുന്ന എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
യു വി ജോസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ജില്ലാ പ്ലാനിംഗ് ഓഫീസർമാർ(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്.- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ്- അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ- പുതുക്കിയ മാർഗ്ഗരേഖ ഉൾപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ച കൈപുസ്തകം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

സ.ഉ.(കൈ) നം.296/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/12/2021

പരാമർശം:- 1. 02.06.2021 തീയതിയിലെ സ.ഉ.(കൈ) നം.99/2021/തസ്വഭവ

2. 16.07.2021 തീയതിയിലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ

3. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ 18.10.2021 തീയതിയിലെ 8570/ഇ.പി.എസ്1/2021/സി.ആർ.ഡി. നം. കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിലേയ്ക്ക് സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി (നഗരം), തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് കിലയുടെ നേതൃത്വത്തിൽ വിദഗ്ധരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ രൂപീകരിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു.

2. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടുള്ള പരാമർശം (2)ലെ ഉത്തരവിൽ മാനദണ്ഡങ്ങളും, പ്രക്രിയകളും പരിശോധിക്കുന്നതിനുള്ള പ്രാരംഭ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിലോ പ്രക്രിയകളിലോ ആവശ്യമായ മാറ്റങ്ങൾ വേണ്ടിവന്നാൽ ആയവ മാർഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണെന്നു നിഷ്കർഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി തുടർപരിശീലനങ്ങൾക്കും ,പ്രവർത്തനങ്ങൾക്കും മാർഗ്ഗദർശകമായി മാർഗ്ഗരേഖയിൽ മതിയായ മാറ്റങ്ങൾ വരുത്താൻ കില നേതൃത്വം നൽകി .

3. കൈപ്പുസ്തകരൂപത്തിൽ തയ്യാറാക്കിയ പുതുക്കിയ മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത്
ഡയറക്ടർ, നഗരകാര്യം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ, ഗ്രാമവികസന കമ്മീഷണറേറ്റ്,

തിരുവനന്തപുരം
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

ഐ.ആന്റ്പി.ആർ.(വെബ് & ന്യൂ മീഡിയ)വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.IA1/344/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 08-12-2021 10:55:57
Reason: Approved

സെക്ഷൻ ഓഫീസർ

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ

കൈപ്പുസ്തകം

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ - കൈപ്പുസ്തകത്തിന്റെ pdf ഫയൽ ഓൺലൈനിൽ വായിക്കാനും ഡൗൺലോഡ് ചെയ്യാനും QR കോഡ് സ്കാൻ/തൊട്ടുകയോ ചെയ്യുക.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

KERALA INSTITUTE OF LOCAL ADMINISTRATION (KILA)

www.kila.ac.in

ഒക്ടോബർ 2021

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ

ചീഫ് എഡിറ്റർ
ഡോ. ജോയ് ഇളമൺ, *ഡയറക്ടർ ജനറൽ, കില*

എഡിറ്റേഴ്സ്
ഡോ. കെ രാജേഷ്, *സീനിയർ അർബൻ ഫെല്ലോ, കില*
ഡോ. മോനിഷ് ജോസ്, *അസിസ്റ്റന്റ് പ്രൊഫസർ, കില*

നിർവ്വഹണ ഏകോപനം
ശ്രീ. മാത്യു ആൻഡ്രൂസ്, അസിസ്റ്റന്റ് ഡയറക്ടർ, കില
ശ്രീ. ഷൈജു എം, ട്രെയിനിംഗ് അസോസ്സിയേറ്റ്, കില

രചനയിൽ സഹായിച്ചവർ
ശ്രീ. എൻ ജഗജീവൻ
ശ്രീ. സിബി അഗസ്റ്റിൻ
ശ്രീ. വിനോദ് കുമാർ സി
ശ്രീ. രാജേന്ദ്രൻ നായർ
ശ്രീ. സുഭാഷ് ചന്ദ്രൻ
ശ്രീ. എം കണ്ണൻ നായർ
ശ്രീ. എം രേണുകുമാർ
ശ്രീ. പപ്പൻ കുട്ടമത്ത്
ശ്രീ. സിജുകുമാർ എ
ശ്രീ. നിഖിൽ സുധീഷ്
ഡോ. അമൃത കെ പി എൻ
ശ്രീ. ടി എം ഷിഹാബ്
ശ്രീമതി. സജിന സത്താർ
ശ്രീമതി. ആർ ഷൈനി

ഡിസൈനിംഗ് ടീം
ശ്രീ. അഭിരാം കെ ടി കെ
ശ്രീ. റിസ്വാൻ സി
ശ്രീമതി. രഗിഷ ശ്രീരാജ്

പ്രസാധനം
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680581
ഫോൺ : +914872207000, 2200244, 2207087 (ഓഫീസ്)
ഇമെയിൽ : info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം
ഒക്ടോബർ 2021

Athidaridhryare Kandethal Prakriya

Chief Editor
Dr. Joy Elamon, *Director General, KILA*

Editors
Dr. K Rajesh, *Senior Urban Fellow, KILA*
Dr. Monish Jose, *Assistant Professor, KILA*

Production Coordination
Shri. Mathew Andrews, Assistant Director, KILA
Shri. Shyju M, Training Associate, KILA

Contributors
Shri. N Jagajeevan
Shri. Sibi Augustine
Shri. Vinod Kumar C
Shri. Rajendran Nair
Shri. Subhash Chandran
Shri. M Kannan Nair
Shri. M Renukumar
Shri. Pappan Kuttamath
Shri. Sijukumar A
Shri. Nikhil Sudheesh
Dr. Amrita K P N
Shri. T M Shihab
Smt. Sajina Sathar
Smt. R Shyni

Designing team
Shri. Abhiram K T K
Shri. Rizwan C
Smt. Ragisha Sreeraj

Publishing
Kerala Institute of Local Administration (KILA)
Mulankunnathukavu, Thrissur - 680581
Phone: +914872207000, 2200244, 2207087 (Office)
Email: info@kila.ac.in
Website: www.kila.ac.in

Print
Gramalakshmi Mudralayam
October 2021

Copyright: Everyone can use this for noncommercial public purpose with acknowledgement to KILA

കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

സന്ദേശം

മാന്യരെ,

വികസനം ഒരു അനസ്യൂത പ്രക്രിയയാണ്. വികസന മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിനും അതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിക്കപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമാണ്. സംസ്ഥാനം രൂപീകൃതമായ ശേഷം ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയെങ്കിലും ലക്ഷ്യം പൂർണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നമുക്കിടയിൽ പല കുടുംബങ്ങളും വ്യക്തികളും നിരാലംബരായി അതിദാരിദ്ര്യം അനുഭവിച്ച് വരുന്നു.

ആരാലും കണ്ടെത്താതെ, അതിജീവന ശേഷിയില്ലാതെ, ദാരിദ്ര്യത്തിന്റെ പിടിയിലമർന്ന് ഒറ്റപ്പെട്ടു കഴിയുന്ന നിരാലംബരായ അതിദരിദ്രരെ കണ്ടെത്തി പരിരക്ഷിക്കുന്നതിന് സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള അതിദാരിദ്ര്യ നിർമ്മാർജ്ജനം അഞ്ചുവർഷ കാലത്തിനുള്ളിൽ സാക്ഷാത്കരിക്കേണ്ടതുണ്ട്. ആ നിലയിൽ സമയബന്ധിതമായ തീരുമാനങ്ങളും, നടപ്പിൽ വരുത്തൽ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. ഈ ദിശയിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താനുള്ള നിർണ്ണയ പ്രക്രിയകൾ. ഈ പഠനാവശ്യത്തിനായി കിലയുടെ നേതൃത്വത്തിൽ പുറത്തിറക്കുന്ന കൈപുസ്തകത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ഈ കൈപുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പ്രവർത്തിച്ച എല്ലാവർക്കും കണ്ടെത്തൽ പ്രക്രിയാ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും ബഹുജനങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫോ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in

കേരള സർക്കാർ

എം.വി.ഗോവിന്ദൻ മാസ്റ്റർ

തദ്ദേശ സ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി

സന്ദേശം

കേരളത്തിൽ അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന പ്രഖ്യാപിതലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ അനുവർത്തിച്ചുവരുന്നത്. സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവർക്കുള്ള അതിജീവനപദ്ധതികൾ തയ്യാറാക്കുക എന്നതിനുള്ള വിപുലമായ ക്യാമ്പയിൻ 2021 ആഗസ്റ്റ് 1 മുതൽ നടന്നുവരികയാണ്. അതിജീവനപദ്ധതികൾ തയ്യാറാക്കുകയും ആയതു വിജകരമായി നടപ്പിലാക്കുകയും ചെയ്യുക എന്നത് വളരെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്.

വികസന മാനകങ്ങളിൽ ദാരിദ്ര്യം ഇല്ലാത്ത ജനത എന്നത് ഏറെ ഗണനീയമായ ഘടകമാണ്. വികസിത രാജ്യങ്ങളിലേതുപോലെ ഉയർന്ന ജീവിതനിലവാരവും വിദ്യാഭ്യാസവും മറ്റ് മനുഷ്യ വിഭവ സൂചകങ്ങളും കേരള സംസ്ഥാനം ആർജ്ജിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോഴും നിലനിൽക്കുന്ന അതിദാരിദ്ര്യം എന്ന കടമ്പ മറികടക്കാതെ വികസനത്തിലും പുരോഗതിയിലും നമുക്ക് അഭിമാനിക്കാൻ ആവില്ല.

അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ വിജയകരമായി നടപ്പാക്കണമെങ്കിൽ ആയതിന്റെ മുന്നണി പോരാളികളായി പ്രവർത്തിക്കുന്നവർക്ക് അതു സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങളും ദിശാബോധവും നൽകേണ്ടതുണ്ട്. പ്രക്രിയയിൽ കൈകോർക്കുന്ന ജനപ്രതിനിധികൾ, ഉദ്യാഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് മാർഗദർശകമാകുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. അതിദരിദ്രരുടെ നിർണ്ണയ പ്രക്രിയ പ്രവർത്തനത്തിൽ എല്ലാവിധ വിജയഭാവുകങ്ങളും ആശംസിക്കുന്നു.

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരെ തദ്ദേശ സ്വയംഭരന്ന ഗ്രാമവികസന എക്സൈസ് വകുപ്പ് ബഹു. മന്ത്രി എം.വി.ഗോവിന്ദൻ മാസ്റ്റർ അഭിസംബോധന ചെയ്യുന്നു. QR കോഡ് സ്കാൻ/ടച്ച് ചെയ്ത് വീഡിയോ കാണാം.

കേരള സർക്കാർ

ശാരദ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, എൽ.എസ്.ജി.ഡി

സന്ദേശം

പ്രിയ സുഹൃത്തുക്കളെ, സഹപ്രവർത്തകരെ;

സാമൂഹ്യപങ്കാളിത്തത്തോടെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സമാനതകളില്ലാത്ത ഒരു പദ്ധതിക്ക് സംസ്ഥാനം തുടക്കം കുറിക്കുകയാണ്. ദരിദ്രരെ പങ്കാളിത്തപരമായി കണ്ടെത്തുന്നതിനുള്ള നിരവധി പദ്ധതികൾ ഉണ്ടായിട്ടുണ്ട്. എങ്കിലും സാമൂഹീകപങ്കാളിത്തത്തോടെ ഇത്രയും വിപുലമായി അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതി ആദ്യമായാണ് നാം നടപ്പാക്കുന്നത്.

പദ്ധതി നടത്തിപ്പിനായി അവലംബിക്കുന്ന രീതിശാസ്ത്രം, വൈവിധ്യമുള്ള സാമൂഹിക വിഭാഗങ്ങളുടെ പങ്കാളിത്തം സാമൂഹീകമായ അറിവുകളുടെയും പ്രായോഗിക അനുഭവങ്ങളുടെയും വിപുലമായ തോതിലുള്ള പ്രയോഗം എന്നിങ്ങനെ വൈവിധ്യമാർന്ന തലങ്ങളിൽ തനിമയുള്ള ഒന്നാണ് നാം കോവിഡ്-19 ന്റെ കാലത്ത് നടപ്പാക്കുന്ന ഈ പദ്ധതി. ദാരിദ്ര്യത്തെയും അതിദാരിദ്ര്യത്തെയും തമ്മിൽ വേർതിരിച്ച് കൊണ്ട് അതിദാരിദ്ര്യത്തിന്റെ ബഹുതലങ്ങളെ തിരിച്ചറിയുന്നതിന് കേരളത്തിന്റെ തനത് പശ്ചാത്തലത്തിൽ അതിദരിദ്രരെ കണ്ടെത്തുന്നതിനും, അതിദാരിദ്ര്യത്തിന്റെ ലക്ഷണങ്ങളെയും കാരണങ്ങളെയും ലളിതമായ രീതികൾ ഉപയോഗിച്ച് സാമൂഹീക നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. അതിദരിദ്രരെ സംബന്ധിച്ച സാമൂഹിക അറിവുകളെ ഫലപ്രദമായി ഉപയോഗിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ വ്യത്യസ്തത.

ഏത് രീതിശാസ്ത്രവും മികച്ചതാകുന്നത് അത് എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണ്. അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയിൽ വഴിതെറ്റിക്കാൻ സാധ്യതയുള്ള ഉള്ളടക്കങ്ങളെ നിരന്തരമായി തിരുത്തിക്കൊണ്ടും പൊരുത്തക്കേടുകളെ നിരവധി തവണ തിരുത്തലുകൾക്ക് വിധേയമാക്കി കൊണ്ടും ആണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. പൈലറ്റ് പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരവധി തിരിച്ചറിവുകൾ ഈ കൈപ്പുസ്തകത്തിനെ പുതുക്കുന്നതിന് സഹായകമായിട്ടുണ്ട്. ജില്ലാതലം വരെയുള്ള റിസോഴ്സ്

പേഴ്സൺമാരുടെ പരിശീലനങ്ങളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും ഈ കൈപ്പുസ്തകത്തെ പുതുക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഇതിന് പിന്നിൽ പ്രവർത്തിച്ച വിഭവ സമ്പന്നരായ വ്യക്തിത്വങ്ങളുടെ ബുദ്ധിപരമായ സംഭാവനകളും ഇതിനെ മെച്ചപ്പെടുത്തുന്നതിൽ ഏറെ പ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

നമ്മുടെ മുഖ്യധാരയിൽ ദൃശ്യരല്ലാത്ത ഓരോ അതിദരിദ്ര കുടുംബത്തെയും കണ്ടെത്തുന്നതിനും സംസ്ഥാനത്തെ 1.1 ശതമാനത്തോളം വരുന്ന അതിദരിദ്രരിൽ ഓരോരുത്തരും നമ്മുടെ തിരിച്ചറിയൽ പ്രക്രിയയിൽ ഉൾപ്പെടും എന്ന് ഉറപ്പാക്കുന്നതിനും ഈ കൈപ്പുസ്തകം ഫലപ്രദമായ ഒരു ഉപാധിയായി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ സാഹചര്യത്തിന്റെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞ് നാം ഓരോരുത്തരും അതിനൊപ്പം ഉയരുമെന്ന പ്രതീക്ഷയോടെ ഞാൻ എന്റെ എല്ലാ ആശംസകളും അറിയിക്കുന്നു.

ഡോ. ജോയ് ഇളമൺ

ഡയറക്ടർ ജനറൽ, കില

അവതാരിക

അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്തെ അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള വിപുലമായ ഒരു കർമ്മ പരിപാടിയുമായി കേരള സർക്കാർ മുൻപോട്ട് പോകുകയാണ്. ദാരിദ്ര്യ ലഘൂകരണത്തിനുള്ള നിരവധി പദ്ധതികൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. എങ്കിലും അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള ഒരു പദ്ധതി ഒരു സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത് ഇന്ത്യയിൽ തന്നെ ആദ്യമായാണ്. സാധാരണയിൽ നിന്ന് വിഭിന്നമായി വിപുലമായ ജനപങ്കാളിത്തത്തോടെയുള്ള പങ്കാളിത്ത ചർച്ചാ പ്രക്രിയകളിലൂടെ അതി ദരിദ്രരെ കണ്ടെത്തുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തല, വാർഡ് തല ജനകീയ സമിതികൾ രൂപീകരിച്ച് കൊണ്ടാണ് പ്രവർത്തനം നടത്തുക.

ഇതോടൊപ്പം വാർഡ് തലത്തിൽ 2-3 തലങ്ങളിലായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും നടക്കും. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ രൂപപ്പെടുന്ന അർഹരുടെ പട്ടികകൾ വാർഡ് തലത്തിൽ ക്രോഡീകരിച്ച് അതിൽ ഉൾക്കൊള്ളുന്ന വീടുകളിൽ മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം നടക്കും. ഈ പ്രക്രിയക്ക് സംസ്ഥാനത്തെ 4,73,000 പേർ പങ്കാളികൾ ആകുന്ന സംസ്ഥാന തലം മുതൽ വാർഡ് തലം വരെയുള്ള വിപുലമായ ഒരു പരിശീലന പരിപാടി ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ഈ പരിശീലന ശൃംഖലകളുടെ ഭാഗമായി തയ്യാറാക്കിയ കൈപുസ്തകം ആണിത്. ഈ കൈപുസ്തകം തയ്യാറാക്കുന്നതിൽ പങ്ക് വഹിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. കേരള സർക്കാരിന്റെ വലിയ ഉദ്യമം യാഥാർത്ഥ്യമാക്കാൻ ആസൂത്രണം ചെയ്യുന്ന വിപുലമായ പരിശീലന പരിപാടികൾക്ക് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

വി. എസ്. സന്തോഷ് കുമാർ

സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര നിർണ്ണയ സെൽ &
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

ആമുഖം

ഇന്ത്യയുടെ ദാരിദ്ര്യ നിർമ്മാർജനപരിപാടികൾ എക്കാലത്തെയും പഞ്ചവത്സര പദ്ധതികളിൽ ഇടംനേടിയിട്ടുണ്ട്. ഗ്രാമീണ പുരോഗതിയുടെ അവിഭാജ്യഘടകമാണ് ദാരിദ്ര്യനിർമാർജനം. ദാരിദ്ര്യം തികച്ചും ആപേക്ഷികമായ ഒരു ഘടകമാണ്.

ലോകത്തിനു മുന്നിൽ നിരവധി വികസന മാതൃകകൾ സൃഷ്ടിച്ചു കൊണ്ട് നേട്ടങ്ങൾ കൊയ്തിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. വലിയ നിർമ്മിതികളും പ്രോജക്റ്റുകളും വികസന മാനകങ്ങൾ തന്നെ. എന്നാൽ ദാരിദ്ര്യനിർമാർജനം പോലുള്ള അടിസ്ഥാന വികസന മുൻഗണനാപദ്ധതികൾ നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന രംഗം തന്നെയാണ്. ദാരിദ്ര്യം എന്ന വിഷയത്തിന്റെ അർത്ഥം വിവിധ തലങ്ങളിൽ വിലയിരുത്തപ്പെടേണ്ടതും പരിഹാരമാർഗ്ഗങ്ങൾക്കു കാലാനുസൃതമായ മാറ്റങ്ങൾ സ്വാംശീകരിക്കേണ്ടതുമുണ്ട്. ദാരിദ്ര്യം സംബന്ധിച്ച കാഴ്ചപ്പാടിന് കാലാനുസൃതമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു. കേവലം ഭക്ഷണലഭ്യതയുടെ കുറവു മാത്രമല്ല ദാരിദ്ര്യത്തിന്റെ അളവുകോൽ. ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസത്തിലൂന്നിയ മനുഷ്യവിഭവ വികസനം, ജീവിതനിലവാരം, ആരോഗ്യം എന്നിങ്ങനെയുള്ള രംഗങ്ങളിലെ സൗകര്യങ്ങളുടെ അഭാവമോ ദൗർലഭ്യമോ ദാരിദ്ര്യത്തിന്റെ മാനകമായി പരിഗണിക്കപ്പെടുന്ന വിധത്തിൽ വികസന സങ്കല്പം നാം കരുപിടിപ്പിച്ചേ മതിയാകൂ.

അഞ്ചു വർഷം കൊണ്ട് അതിതീവ്ര ദാരിദ്ര്യം ഇല്ലാതാക്കുക എന്നതാണ് നമ്മുടെ ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. സുസ്ഥിരവികസന പന്ഥാവിലേക്കുള്ള പ്രയാണത്തിൽ ഗതിനിർണ്ണായകമായ മാറ്റങ്ങൾക്ക് തുടക്കമിടാൻ അതിദാരിദ്ര്യ നിർമാർജന പദ്ധതി ശരിയായ രീതിയിൽ നടപ്പിലാകണം. സമൂഹത്തിലെ അതിതീവ്ര ദരിദ്ര വിഭാഗത്തിലുള്ള കുടുംബങ്ങളെ കണ്ടെത്തി അവരെ അതിതീവ്ര ദാരിദ്ര്യത്തിൽ നിന്നും പുറത്തു കൊണ്ടു വരുന്നതിന് ഓരോ കുടുംബത്തിനും ആവശ്യമായ അതിജീവന പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ സർക്കാരിന്റെ പ്രഥമ പരിഗണയിലുള്ളത്. ഈ ദിശയിലേക്ക് നിശ്ചയദാർഢ്യത്തോടെ ചുവടു വയ്ക്കുന്ന കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടം പ്രദാനം ചെയ്യുവാൻ ഉതകുന്നതാണ് അതി ദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയ.

അതിദരിദ്രരെ കണ്ടെത്തുന്ന ഈ പ്രക്രിയ അനേക ഘട്ടങ്ങളിലൂടെയാണ് നടത്തുന്നത്. ഓരോ ഘട്ടങ്ങളിലെ പ്രവർത്തികളും വ്യക്തതയോടെയും പൂർണതയോടെയും ജനകീയ പങ്കാളിത്തത്തോടു കൂടിയാണ് നടക്കേണ്ടത്. അതിനു മേൽപ്രക്രിയകളിൽ പങ്കെടുക്കുന്നവർക്കു കൃത്യമായ നിർദേശങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

കില തയ്യാറാക്കിയ ഈ കൈപ്പുസ്തകം അതിദരിദ്രരെ കണ്ടെത്താനുള്ള സംഭരംഭത്തിനു മുതൽക്കൂട്ടുവാനും ലക്ഷ്യം കൈവരിക്കാനും സഹായകമാകും എന്ന് പ്രത്യാശിക്കുന്നു.

ഉള്ളടക്കം

അദ്ധ്യായം 1 അതി ദരിദ്രർക്കായുള്ള പദ്ധതി - പ്രസക്തിയും, സമീപനവും 12

അദ്ധ്യായം 2 മാനദണ്ഡങ്ങളും അവയിലേക്ക് നയിച്ച സമീപനങ്ങളും 18

അദ്ധ്യായം 3 അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ 24

അദ്ധ്യായം 4 ജനകീയ സമിതികളുടെ രൂപീകരണവും ചുമതലകളും 30

അദ്ധ്യായം 5 അർഹരായവരുടെ പ്രാഥമിക അതിദരിദ്ര പട്ടിക തയ്യാറാക്കുന്ന പ്രക്രിയ 36

അദ്ധ്യായം 6 എന്യൂമറേറ്റർ തിരഞ്ഞെടുപ്പ്, പരിശീലനം, വിവരശേഖരണം 40

അദ്ധ്യായം 7 അന്തിമ പട്ടിക തയ്യാറാക്കൽ 45

അനുബന്ധങ്ങൾ

ഫോർമാറ്റുകൾ 48

നിർവഹണ കലണ്ടർ 52

ചോദ്യാവലിയും വിശദീകരണ കുറിപ്പുകളും 54

സർക്കാർ ഉത്തരവുകൾ 71

11
കില

പ്രസാധക കുറിപ്പ്

അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യത്തെ ഇല്ലാതാക്കുക എന്നതാണ് പുതിയ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിക്കുന്നതിന് ഈ കൈപ്പുസ്തകം സഹായകരമാകും എന്ന് ഞങ്ങൾ കരുതുന്നു.

ലോകത്തിന് മുൻപിൽ നിരവധി മാതൃകകൾ സൃഷ്ടിച്ച പ്രദേശമാണ് കേരളം. വികസിത രാജ്യങ്ങൾ ഉയർന്ന പ്രതിശീർഷ വരുമാനം കൊണ്ടും സാമ്പത്തിക വളർച്ചാ നിരക്ക് കൊണ്ടും നേടിയ സാമൂഹിക വികസന നേട്ടങ്ങൾ കുറഞ്ഞ സാമ്പത്തിക വളർച്ചാ നിരക്കും, കുറഞ്ഞ പ്രതിശീർഷ വരുമാനവും ഉള്ള പ്രദേശമായിട്ടു കൂടി നേടാനായി എന്നതാണ് കേരള വികസന അനുഭവത്തെ ലോകത്തിന് മുൻപിൽ ശ്രദ്ധേയമാക്കിയത്.

സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ പ്രസ്ഥാനം എന്നിവയ്ക്ക് രൂപം നൽകിയ കേരളം ഇന്ന് പുതിയ ഒരു ചരിത്ര നേട്ടത്തിനായി കൈകോർക്കുകയാണ്. സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവർക്കുള്ള അതിജീവന പദ്ധതികൾ തയ്യാറാക്കുക എന്നതിനുള്ള വിപുലമായ ക്യാമ്പയിൻ 2021 ആഗസ്റ്റ് മുതൽ ഡിസംബർ 31 വരെ നടക്കുകയാണ്. ആശ്രയ, അഗതി രഹിത കേരളം, വിശപ്പ് രഹിത കേരളം തുടങ്ങി അതിദരിദ്രരെ ലക്ഷ്യം വച്ച് കേരള സർക്കാർ നടത്തിയ വിവിധ തരം പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ പുതിയ പദ്ധതി.

കേരളത്തിലെ അതിദരിദ്രരായ മനുഷ്യരുടെ അതിജീവന പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ കൈകോർക്കുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് ദിശാ സൂചകമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

അതിദരിദ്രർക്കായുള്ള മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ ലക്ഷ്യങ്ങൾ, മൈക്രോപ്ലാൻ തയ്യാറാക്കുന്നത് വരെയുള്ള ആദ്യഘട്ടത്തിലെ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ, പദ്ധതിയുടെ രീതി ശാസ്ത്രം, പ്രക്രിയ എന്നിവ ഈ കൈപുസ്തകത്തിലൂടെ ലളിതമായി വിശദീകരിക്കാൻ ശ്രമിക്കുന്നു.

അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യത്തെ ഇല്ലാതാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഈ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിക്കുന്നതിന് ഈ കൈപ്പുസ്തകം സഹായകരമാകും എന്ന് ഞങ്ങൾ കരുതുന്നു.

അദ്ധ്യായം 1

അതിദരിദ്രർക്കായുള്ള പദ്ധതി പ്രസക്തിയും, സമീപനവും

പലപ്പോഴും ചർച്ചകളിൽ ദാരിദ്ര്യത്തേയും, അതി ദാരിദ്ര്യത്തേയും വേർതിരിച്ച് കാണാതെ ഒന്നിച്ച് കാണുന്ന ഒരു പ്രവണതയാണ് കണ്ട് വരുന്നത്. അതിദാരിദ്ര്യത്തെ കൂടുതൽ ഊന്നൽ നൽകി പരിഹരിക്കുന്നതിന് ഇത് തടസ്സമായി വർത്തിക്കുന്നു.

അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് അതി ദാരിദ്ര്യം ഇല്ലാതാക്കുക എന്നത് കേരള സർക്കാരിന്റെ പ്രഥമ മുൻഗണനകളിൽ ഒന്നാണ്. ആശ്രയ പദ്ധതിയുടെ പരിധിയിൽ വരേണ്ടതും, എന്നാൽ വിട്ടു പോയതുമായ അതിദരിദ്രരെ കണ്ടെത്തി അവർക്ക് അതി ദാരിദ്ര്യാവസ്ഥയിൽ നിന്ന് പുറത്തു വരാനുള്ള സഹായവും പദ്ധതികളും മൈക്രോ പ്ലാനിലൂടെ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സംസ്ഥാന സർക്കാർ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണിത്.

1.1. അതിദാരിദ്ര്യവും ദാരിദ്ര്യവും

ദാരിദ്ര്യം എന്ന വാക്ക് പൊതുവിൽ പ്രയോഗിക്കപ്പെടുന്ന ഒന്നാണ്. മനുഷ്യർ നേരിടുന്ന വിവിധ തരത്തിലുള്ള ശേഷിയില്ലായ്മകൾ (deprivation) ആണ് ദാരിദ്ര്യം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ആദ്യകാലങ്ങളിൽ ഭക്ഷണത്തേയും, അതിൽ നിന്ന് ലഭിക്കുന്ന കലോറി ഊർജ്ജത്തേയും അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യത്തെ നിർണ്ണയിച്ചിരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവരുടെ (Below Poverty Line – BPL) പട്ടിക ഉണ്ടാക്കിയതിന്റെ അടിസ്ഥാന പരിഗണനാ വിഷയവും അതായിരുന്നു.

എന്നാൽ കേവല ആഹാര ലഭ്യത എന്നതിൽ നിന്ന് വ്യത്യസ്തമായി വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, സേവന ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, അടിസ്ഥാന വരുമാനം, സാമൂഹിക ക്ഷേമ നടപടികളുടെ അപ്രാപ്യത എന്നിവയൊക്കെ ദാരിദ്ര്യം കണക്കാക്കുന്ന സൂചകങ്ങളിൽ പിന്നീട് ഉൾപ്പെട്ടു.

ഇവയിൽ വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ പരിഗണിക്കുന്ന മാനവ വികസന സൂചിക (Human Development Index) മാനവ വിഭവശേഷി വികസനത്തെ കണക്കാക്കാനുള്ള ഒരു പ്രധാന സൂചികയായി മാറി. കേരളം മാനവ വികസന സൂചികകളിൽ ഏറെ മുന്നിൽ നിൽകുന്ന സംസ്ഥാനമാണ്. എങ്കിലും കേരളത്തിൽ ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

പലപ്പോഴും ചർച്ചകളിൽ ദാരിദ്ര്യത്തേയും, അതി ദാരിദ്ര്യത്തേയും വേർതിരിച്ച് കാണാതെ ഒന്നിച്ച് കാണുന്ന ഒരു പ്രവണതയാണ് കണ്ട് വരുന്നത്. അതിദാരിദ്ര്യത്തെ കൂടുതൽ ഊന്നൽ നൽകി പരിഹരിക്കുന്നതിന് ഇത് തടസ്സമായി വർത്തിക്കുന്നു.

പൊതുവിൽ ഉള്ള ശേഷികളുടെ (capabilities) അഭാവം ആണ് ദാരിദ്ര്യം എങ്കിൽ അതിൽ ഏറ്റവും തീവ്രമായ അവസ്ഥയെ അഭിമുഖീകരിക്കുന്നവർ ആണ് അതിദരിദ്രർ. ദരിദ്രർക്ക് പലപ്പോഴും ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസ സ്ഥലം തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്. എന്നാൽ അതിജീവനത്തിനുള്ള ബുദ്ധിമുട്ടുകൾ അവർക്ക് എല്ലായ്പ്പോഴും ഉണ്ടാകണമെന്നില്ല. തൊഴിൽ ലഭ്യമാകാത്ത ദിനങ്ങളിൽ ഭക്ഷണ സാധനങ്ങൾ വാങ്ങാൻ അൽപ്പം ബുദ്ധിമുട്ട് നേരിടുന്ന കുടുംബം മേൽ സൂചിപ്പിച്ച ദരിദ്രരുടെ കൂട്ടത്തിൽ വരുന്നതാണ്. സുരക്ഷിതമായ താമസ സ്ഥലം പൂർണ്ണതയോടെ ഒരുക്കുന്നതിനും അവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം. എന്നാൽ അവർക്ക് താമസിക്കാനുള്ള അടിസ്ഥാന സൗകര്യം ഉണ്ടാകാം.

അതിജീവനത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസസ്ഥലം, അടിസ്ഥാന വരുമാനം) നേടിയെടുക്കാൻ തീരെ കഴിയാതെ പോകുന്ന അതിജീവനം തന്നെ പ്രതിസന്ധിയിൽ ആയ വിഭാഗം ആണ് അതിദരിദ്രർ.

താഴെ പറയുന്ന അവസ്ഥകൾ അതിദരിദ്രരുടെ പ്രത്യേകതകളായി കാണാം,

1. സ്വന്തം അവസ്ഥ മറ്റുള്ളവരെ ബോധ്യപ്പെടുത്തി അതു മറികടക്കാൻ ശേഷിയില്ലാത്തവർ.
2. ഉപജീവനവും അതിജീവനവും നേടാൻ ശാരീരികവും മാനസികവുമായ ശേഷി ഇല്ലാത്തവർ.
3. മാനസിക വെല്ലുവിളി, വാർദ്ധക്യം, തീരാവ്യാധി തുടങ്ങിയകാരണങ്ങളാൽ ദൈനംദിന ജീവിതം മുന്നോട്ടു നീക്കാൻ ശേഷി ഇല്ലാത്തവർ.

തൊഴിൽ ശേഷിയും, അടിസ്ഥാന വരുമാനവും അടിസ്ഥാന ജീവിത സാഹചര്യങ്ങളും ഉള്ള ദരിദ്ര കുടുംബങ്ങളെയല്ല, അടിസ്ഥാന അവകാശങ്ങൾ പോലും നേടിയെടുക്കാൻ ശേഷിയില്ലാത്ത, പൊതുവിൽ ബാഹ്യ സഹായം ഇല്ലാതെ ജീവിതം മുൻപോട്ടു കൊണ്ടുപോകാൻ ആകാത്ത അശരണരും, നിരാലംബരും, അഗതികളും ആയ കുടുംബങ്ങളെയാണ് അതിദരിദ്രരായി കണക്കാക്കേണ്ടത്.

തെരുവിൽ കഴിയുന്നവർ, മറ്റു വരുമാന സാദ്ധ്യതകളോ, ആസ്തികളോ ഇല്ലാതെ അതിജീവനം പ്രതിസന്ധിയിലായ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ വിഭാഗങ്ങൾ മാത്രം ഉള്ള കുടുംബങ്ങൾ, കുടുംബനാഥ/ൻ ഉപേക്ഷിച്ച മറ്റു വരുമാന സാദ്ധ്യതകളോ, ആസ്തികളോ തൊഴിൽ ശേഷിയോ ഇല്ലാത്ത കുടുംബങ്ങൾ, കിടപ്പു രോഗികൾ മാത്രം ഉള്ള തൊഴിൽ ശേഷിയുള്ള കുടുംബാംഗങ്ങൾ ഇല്ലാത്ത, മറ്റു ആസ്തികളോ വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾ തുടങ്ങിയവർ കേവല ദാരിദ്ര്യത്തിന്നപ്പുറം, അതിജീവനശേഷി ഇല്ലാത്ത അതിദരിദ്രരാണ്.

ദാരിദ്ര്യത്തിന്റെ അതിതീവ്ര രൂപം ആണ് അതി ദാരിദ്ര്യം. അതി ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് പുറമേ നിന്ന് സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ശക്തമായ പിന്തുണ ഇല്ലാതെ ജീവിതം മുൻപോട്ട് കൊണ്ടുപോകാനോ, ദാരിദ്ര്യത്തിൽ നിന്ന് പുറത്ത് കടക്കാനോ കഴിയില്ല. എന്നാൽ സാധാരണ ദരിദ്രർക്ക് ആകട്ടെ അവരുടെ വരുമാനം, തൊഴിൽ ശേഷി എന്നിവ വച്ച് ചുരുങ്ങിയ അളവിൽ ആണെങ്കിലും ജീവിതം മുൻപോട്ട് നയിക്കാൻ കഴിയും.

പൊതുവിൽ ദരിദ്രരെ അതിൽ നിന്ന് കരകയറ്റുന്നതിന് സർക്കാർ വിവിധ തരം മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. തൊഴിൽ നൽകാനുള്ള തൊഴിലുറപ്പ് പദ്ധതി, ഭക്ഷണം നൽകാനുള്ള റേഷൻ സംവിധാനം, വീട് നൽകാനുള്ള പദ്ധതികൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്. ഈ സഹായങ്ങൾ ദരിദ്രരെ അതിജീവനത്തിന് പൊതുവിൽ പ്രാപ്തരാക്കുന്നു. എന്നാൽ വിവിധങ്ങളായ കാരണങ്ങളാൽ ഈ അടിസ്ഥാന സേവനങ്ങൾ പോലും ലഭ്യമാകാതെ അതി ദുരിതത്തിൽ കഴിയുന്ന കുടുംബങ്ങൾ അതി ദാരിദ്ര്യത്തിന്റെ ഭീഷണി നേരിടുന്നവർ ആകാം.

1.2. അതിദരിദ്രർക്കായുള്ള മുൻ ഇടപെടലുകൾ

അതിദരിദ്രരേയും അഗതികളേയും കണ്ടെത്തുന്നതിനും, അവരെ അതി ജീവനത്തിന് സഹായിക്കുന്നതിനുമായി നിരവധി പദ്ധതികൾ കേരളത്തിൽ നടപ്പാക്കപ്പെട്ടിട്ടുണ്ട്. 2002-2003 കാലഘട്ടത്തിൽ ആരംഭിച്ച ആശ്രയ പദ്ധതി ആയിരുന്നു ഈ ദിശയിലെ ഒരു പദ്ധതി. ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഈ പദ്ധതിയിൽ കുടുംബങ്ങളെ കണ്ടെത്തിയത്. 2016 ന് ശേഷം സർക്കാർ നടപ്പാക്കിയ അഗതി രഹിത കേരളം പദ്ധതി ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച രൂപം ആയിരുന്നു. മേൽ പദ്ധതികളിലൊന്നിലും പല കാരണങ്ങളാൽ ഉൾപ്പെടാതെ പോയ അതിദരിദ്രരെ കൂടി ഉൾക്കൊള്ളുന്ന ഒരു പദ്ധതിയാണ് ഈ സർക്കാർ വിഭാവനം ചെയ്യുന്നത്.

1.3. അതിദരിദ്രരെ കണ്ടെത്തുന്നതിന് എന്തുകൊണ്ട് പങ്കാളിത്ത പ്രക്രിയ?

അതി ദാരിദ്ര്യം എന്നത് ഒട്ടും അതിജീവന ശേഷി ഇല്ലാത്ത അവസ്ഥയാണ് എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. തങ്ങൾക്ക് വേണ്ടി വാദിക്കാനോ, ശബ്ദം ഉയർത്താനോ പോലും കഴിയാത്തവരാണ് അതിദരിദ്രർ എന്നതാണ് പൊതുവിൽ കാണുന്ന അവസ്ഥ. വിവിധ തരം സാമൂഹിക ഒറ്റപ്പെടൽ അനുഭവിക്കുന്നവരും ഇവരിൽ ഉണ്ടാകും. മാനസിക വെല്ലുവിളികൾ മൂലം സമൂഹം ഒറ്റപ്പെടുത്തിയ കുടുംബം ഒരു ഉദാഹരണമാണ്. തെരുവിൽ അലയുന്നവർ സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കണം എന്നില്ല. കടത്തിണ്ണകളിലോ, പൊതുസ്ഥലങ്ങളിലോ താമസിക്കുന്നവരെ പൊതുവിൽ ആ സമൂഹത്തിലെ ഒരു കുടുംബമായി പരിഗണിക്കാറില്ല.

സ്വയം അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ ശേഷിയില്ലാത്തവരും, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ പലപ്പോഴും പെടാതെ പോകുന്നവരും ആയതിനാൽ പരമ്പരാഗതമായ ഒരു ദരിദ്രസർവ്വേ രീതിയിലൂടെ അതിദരിദ്രരെ കണ്ടെത്തൽ ഫലപ്രദമാകണമെന്നില്ല. പ്രാദേശിക തലത്തിൽ പൊതു സമൂഹത്തിന്റെ ഒരു പരിച്ഛേദം പങ്കെടുക്കുന്ന ഒരു പങ്കാളിത്ത പ്രക്രിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താൻ അനിവാര്യമാകുന്നു.

അതിദരിദ്ര കുടുംബങ്ങളെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്ന വാർഡിനകത്തെ ചെറിയ ക്ലസ്റ്ററുകൾ, വാർഡ് തല കൂട്ടായ്മകൾ എന്നിവയുടെ പ്രസക്തി ഇതുമൂലം വർദ്ധിക്കുന്നു. സമൂഹത്തിൽ നിരന്തര സാന്നിദ്ധ്യമായ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചിരുന്ന് പങ്കാളിത്ത ചർച്ചയിലൂടെ അതിദരിദ്രരെ കണ്ടെത്തുക എന്നുള്ള രീതി അവലംബിക്കുന്നതിനുള്ള കാരണം ഇതാണ്. അതിദരിദ്രരെ കണ്ടെത്തുന്നതിനും, അവരെ അതിജീവനത്തിന് സഹായിക്കുന്നതിനും സമൂഹത്തെയാകെ പങ്കാളിയാക്കുക എന്ന ലക്ഷ്യവും ഈ പങ്കാളിത്ത കണ്ടെത്തൽ പ്രക്രിയയിലൂടെ നിർവ്വഹിക്കപ്പെടുന്നു.

അതി ദാരിദ്ര്യത്തിന്റെ ഓരോ സൂചകങ്ങളും വച്ച് വാർഡ് തലത്തിലും, അതിന് താഴെയും നടക്കുന്ന പങ്കാളിത്ത ചർച്ചയിലൂടെ ദാരിദ്ര്യത്തേയും അതി ദാരിദ്ര്യത്തേയും വേർതിരിച്ച് മനസ്സിലാക്കി അതിദരിദ്രരായവരെ കൂറെക്കൂടി കൃത്യതയോടെ പങ്കാളിത്തപരമായി കണ്ടെത്തുന്നതിന് കഴിയുന്നു. ദാരിദ്ര്യത്തിന്റെ പൊതു സ്വഭാവത്തിനപ്പുറം അതി ദാരിദ്ര്യത്തിന്റെ തീവ്ര പ്രകൃതത്തെ തിരിച്ചറിഞ്ഞ് തീരുമാനം എടുക്കാൻ ഈ പങ്കാളിത്ത പ്രക്രിയയിലൂടെ കഴിയുന്നു.

1.4. പങ്കാളിത്ത പ്രക്രിയയുടെ ഗുണങ്ങൾ

1. ഏറ്റവും അർഹരായ അതിദരിദ്രരെ കണ്ടെത്തുന്നതിന് ഈ പങ്കാളിത്ത പ്രക്രിയ ഒരു മുഖ്യ പങ്കു വഹിക്കുന്നു
2. സാധാരണ നിലയിൽ ശ്രദ്ധയിൽ പെടാതെ പോകുന്ന നിരാശ്രിതരും, നിരാലംബരും ആയവരെ കണ്ടെത്താൻ സാധിക്കുന്നു.
3. ദാരിദ്ര്യത്തേയും അതി ദാരിദ്ര്യത്തേയും വേർതിരിച്ചറിഞ്ഞ് കൃത്യമായി അർഹതയുള്ളവരെ തിരിച്ചറിയാനാകുന്നു.
4. അതി ദാരിദ്ര്യത്തെയും അതിന് പരിഹാരം കണ്ടെത്തുന്നതിനേയും ഒരു പൊതു സാമൂഹിക ഉത്തരവാദിത്തമായി മാറ്റുന്നതിന് സാധിക്കുന്നു.

1.5. ദരിദ്രരും അതി ദരിദ്രരും: ചില ഉദാഹരണങ്ങൾ

ദരിദ്രർ	അതി ദരിദ്രർ
സ്വന്തമായി സ്ഥലം ഉള്ള പരിമിതമായ സൗകര്യങ്ങൾ ആണെങ്കിലും ഓരോ വ്യക്തികൾക്കും ആപേക്ഷികമായ സ്ഥലം ഉള്ള ചെറിയ വീടുകളുള്ള കുടുംബം	സ്ഥലവും, വീടും ഇല്ലാത്ത തെരുവിൽ അലയുന്ന ഒരു കുടുംബം
അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഭക്ഷ്യധാന്യം ലഭിക്കുന്ന, തൊഴിലുറപ്പു പദ്ധതിയിൽ തൊഴിൽ എടുക്കുന്നവർ ഉള്ള, അടിസ്ഥാന ജീവിത സാഹചര്യങ്ങൾ ഉള്ള ഒരു കുടുംബം	റേഷൻ കാർഡില്ലാത്ത ഭക്ഷ്യ ധാന്യം ലഭ്യമാകാത്ത, തൊഴിൽ എടുക്കാൻ ശേഷി ഇല്ലാത്ത കുടുംബം
കിടപ്പു രോഗികൾ ഉള്ള, എന്നാൽ കുടുംബാംഗങ്ങൾ തൊഴിൽ എടുക്കുന്ന ദരിദ്ര കുടുംബം	കുടുംബത്തിലെ കിടപ്പു രോഗിയെ പരിപാലിക്കുന്നത് മൂലം തൊഴിൽശേഷി ഉള്ള അവശേഷിക്കുന്ന ഒരാൾക്ക് പോലും തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന ദരിദ്ര കുടുംബം
വയോജനങ്ങൾ ഉള്ള ഒരു ദരിദ്ര കുടുംബം	വയോജനങ്ങൾ മാത്രം ഉള്ള, ആർക്കും തൊഴിലെടുക്കാൻ ആവാത്ത ദരിദ്ര കുടുംബം

1.6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജനവും

കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വീട്, കുടിവെള്ളം, സാനിറ്റേഷൻ സൗകര്യങ്ങൾ, വൈദ്യുതീകരണം, മുതലായ ദരിദ്രരുടെ അടിസ്ഥാന ആവശ്യങ്ങൾ ഒരുക്കികൊടുക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ രണ്ടര ദശാബ്ദക്കാലത്തെ പദ്ധതി പ്രവർത്തനങ്ങൾ വലിയ തോതിൽ സഹായിച്ചിട്ടുണ്ട്. ഇതോടൊപ്പം പട്ടിക വർഗ്ഗ, പട്ടിക ജാതി വിഭാഗങ്ങൾക്കായുള്ള ഉപ പദ്ധതികളിൽ പ്രത്യേകമായ

ഊന്നൽ ദാരിദ്ര്യത്തെ നേരിടുന്നതിന് നൽകിയിട്ടുമുണ്ട്.

എന്നാൽ 2002-2003 ലെ ആശ്രയ പദ്ധതിയോടു കൂടിയാണ് അതി ദാരിദ്ര്യത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടായത്. പിന്നീട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും എല്ലാതരം ദാരിദ്ര്യ നിർമ്മാർജ്ജന ശ്രമങ്ങളേയും ഏകോപിപ്പിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി (Anti-poverty Sub Plan) രൂപീകരിക്കുക എന്ന നിർദ്ദേശവും ഉണ്ടായി.

1998 ൽ കേരളത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് നടപ്പാക്കിയ കുടുംബശ്രീ പദ്ധതി കേരളത്തിന്റെ ചരിത്രത്തിൽ നിർണ്ണായകമായ ഒന്നാണ്. പിന്നീട് വന്ന എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും കുടുംബശ്രീയുടേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെയാണ് കേരളത്തിൽ നടപ്പിലാക്കിയത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആണ് ആശ്രയ പദ്ധതിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും നടപ്പിലാക്കപ്പെട്ടത്. 2016 ന് ശേഷം നടപ്പിലാക്കിയ "അഗതി രഹിത കേരളം" പദ്ധതി അതിദരിദ്രരെ ലക്ഷ്യമിടുന്ന ഒരു പദ്ധതിയായിരുന്നു. അടിസ്ഥാന അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, വികസന ആവശ്യങ്ങൾ എന്നിവയ്ക്കാണ് അഗതി രഹിത കേരളം പദ്ധതിയിൽ ഊന്നൽ നല്കിയിരുന്നത്. അതി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ തുടർച്ചയായാണ് പുതിയ പദ്ധതി. വിവിധ കാരണങ്ങളാൽ നിലവിലെ പദ്ധതികളിൽ ഉൾപ്പെടാതെ പോയ അതിദരിദ്രരെ കൂടി ഉൾക്കൊള്ളാനാവുന്ന ഒരു സമീപനം ആണ് ഈ പുതിയ പദ്ധതിയിൽ സ്വീകരിക്കുക.

1.7. അതിദരിദ്രർക്കായുള്ള പുതിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. സംസ്ഥാനത്തെ അതി ദാരിദ്ര്യം 5 വർഷം കൊണ്ട് ഇല്ലാതാക്കുക.
2. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തും ഉള്ള വിവിധ കാരണങ്ങളാൽ അതി ദാരിദ്ര്യം അനുഭവിക്കുന്നവരെ സാമൂഹിക പങ്കാളിത്ത പ്രക്രിയയിലൂടെ കണ്ടെത്തുക.
3. ഓരോ അതിദരിദ്ര കുടുംബത്തിന്റെയും അവസ്ഥയെ സംബന്ധിച്ച സമഗ്ര വിവര ശേഖരണം നടത്തുക
4. അതിദരിദ്ര കുടുംബങ്ങളുടെ അതി ജീവനത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കുടുംബ അധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുക.
5. മൈക്രോപ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന തല പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക

1.8. പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ

1. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ, രീതിശാസ്ത്രം എന്നിവയെ സംബന്ധിച്ച് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകൽ.
2. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും, വാർഡ് തലത്തിലും ഉള്ള ജനകീയ സമിതികളുടെ രൂപീകരണം.
3. പദ്ധതി ഏകോപനത്തിന് സംസ്ഥാനതല ഏകോപന സമിതിയും, ജില്ലാ തല സമിതിയും രൂപീകരിക്കൽ.
4. അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ.
5. പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തൽ.
6. വിവരശേഖരണ പ്രക്രിയയുടെ സൂപ്പർ ചെക്കിങ്

7. ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വാർഡ് തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ.
8. അർഹരായവരുടെ തദ്ദേശ സ്ഥാപന തല പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും
9. വാർഡ് തല പട്ടികകൾ വാർഡ്/ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകരിക്കൽ.
10. തദ്ദേശസ്ഥാപന തലത്തിൽ അർഹരായവരുടെ അന്തിമ പട്ടിക തയ്യാറാക്കൽ.
11. തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയും ഓരോ കുടുംബത്തിനും പ്രത്യേകം മൈക്രോ പ്ലാനും തയ്യാറാക്കൽ.
12. തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെയും മൈക്രോ പ്ലാനുകളുടെയും നടത്തിപ്പിന് ആവശ്യമായ വിഭവ സമാഹരണം നടത്തൽ.

അദ്ധ്യായം 2

മാനദണ്ഡങ്ങളും അവയിലേക്ക് നയിച്ച സമീപനങ്ങളും

കുടുംബങ്ങളുടെ അടിസ്ഥാന അതിജീവനത്തിന് തടസ്സമായി വർത്തിക്കുന്ന ഭക്ഷണ ലഭ്യത, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ നാല് പൊതു ഘടകങ്ങളെയാണ് എല്ലാ കുടുംബങ്ങൾക്കും ബാധകമാക്കാവുന്ന പൊതു ഘടകം എന്ന നിലയിൽ സൂചകങ്ങളായി എടുത്തിട്ടുള്ളത്.

2.1. അടിസ്ഥാന സമീപനം

സാമൂഹിക സാമ്പത്തിക ദുർബലത (deprivation) അഥവാ ദാരിദ്ര്യം എന്നത് നിരന്തരമായ മാറ്റത്തിന് വിധേയമാകുന്ന ഒന്നാണ്. ഇതിന്റെ ഏറ്റവും തീവ്ര രൂപമാണ് അതി ദാരിദ്ര്യം. ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസ സ്ഥലം, അടിസ്ഥാന വരുമാനം ആർജ്ജിക്കാനുള്ള ശേഷി എന്നിവ നേടാൻ ആകാതെ പോകുമ്പോഴാണ് ഒരു വ്യക്തിയോ കുടുംബമോ അതിദരിദ്രർ ആകുന്നത്. അതിദാരിദ്ര്യാവസ്ഥ അനുഭവിക്കാൻ സാധ്യതയുള്ള കുടുംബങ്ങളിൽ സാമൂഹിക വിഭാഗഭേദമോ ലിംഗഭേദമോ ഇല്ല. അതിനാൽ തന്നെ ആഹാരം നേടാനുള്ള ശേഷിയില്ലായ്മ, അടിസ്ഥാന വരുമാനം ഇല്ലായ്മ, ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന ആരോഗ്യ സാഹചര്യങ്ങൾ, എന്നിവ അതി ദാരിദ്ര്യത്തിനുള്ള അടിസ്ഥാന സൂചകങ്ങൾ ആയി കണക്കാക്കുന്നു. ഭക്ഷണം, താമസ സ്ഥലം, വരുമാനം എന്നിവ മുൻപുള്ള അതി ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ സൂചകങ്ങളായി ഉപയോഗിച്ചിട്ടുള്ളവയാണ്. എന്നാൽ അവയിലെ തന്നെ ഏറ്റവും അതിദരിദ്രരെ കണ്ടെത്താനുള്ള സൂചകങ്ങളെയാണ് ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വരുമാനം ഇല്ലായ്മ ഒന്നുകിൽ ജോലി ചെയ്യാനുള്ള പ്രാപ്തി കുറവു കൊണ്ടോ അല്ലെങ്കിൽ ആസ്തികളിൽ നിന്ന് ഒരു വരുമാനവും ലഭിക്കാൻ ഇല്ലാത്തത് കൊണ്ടോ ആകാം. ആരോഗ്യപരമായ പ്രശ്നങ്ങൾ പലപ്പോഴും ജോലി എടുക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കാനും, വീട്ടു ചെലവ് വരുമാനത്തേക്കാൾ വളരെ അധികരിക്കുന്നതിനും കാരണമാകാം. ഭാരിച്ച കടബാധ്യത അതി ദാരിദ്ര്യത്തിലേക്ക് ഒരു കുടുംബത്തെ തള്ളി വിടുന്നതിന് കാരണമായേക്കാം. ഇതിന്റെ ഭാഗമായി ആസ്തികളും, വരുമാന സാദ്ധ്യതകളും പൂർണ്ണമായും നഷ്ടപ്പെട്ടേക്കാം. അതി ദാരിദ്ര്യത്തിന്റെ ഏറ്റവും പ്രകടമായ ലക്ഷണം വിശപ്പാണ്. ഭക്ഷണത്തിന് വേണ്ട സാധനങ്ങൾ വാങ്ങാൻ കഴിയാത്തതു കൊണ്ടോ, സർക്കാർ നൽകുന്ന ഭക്ഷ്യധാന്യങ്ങൾ പോലും

ലഭ്യമാകാത്തത് കൊണ്ടോ, ഭക്ഷണം പാചകം ചെയ്ത് കഴിക്കാനുള്ള കായിക ശേഷിയോ, സാമ്പത്തിക ശേഷിയോ ഇല്ലാത്തതു കൊണ്ടോ കടുത്ത പട്ടിണിയിലേക്ക് ഒരു കുടുംബം നീങ്ങാം. അതി ദാരിദ്ര്യം മൂലം മറ്റിടങ്ങളിലേക്ക് മാറാൻ കഴിയാതെ ഒരു കുടുംബത്തിനോ, ഒരു കൂട്ടം കുടുംബങ്ങൾക്കോ അതി ദുസ്സഹമോ, അപകടകരമോ ആയ ജീവിത സാഹചര്യങ്ങളിൽ ജീവിക്കേണ്ടി വന്നേക്കാം. വാസസ്ഥലം സ്ഥിരമായി ഉണ്ടാക്കാൻ ആകാത്തതിനാൽ തെരുവിലോ, കടത്തിണ്ണകളിലോ, പൊതു ഇടങ്ങളിലോ കഴിച്ചു കൂട്ടുന്നവരും ഉണ്ടാകാം. ഇവയെല്ലാം അതി ദാരിദ്ര്യത്തിന്റെ പ്രതിഫലനങ്ങളാണ്.

ചുരുക്കത്തിൽ അതി ദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് കാരണമായി വർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യപരമായ സ്ഥിതി എന്നിവയാണ്. രോഗാതുരത ഏറ്റവും ഉയർന്നു നിൽക്കുന്ന കേരളത്തിൽ കരൾ രോഗം, വൃക്കരോഗം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവ മൂലം തൊഴിൽ ശേഷി നഷ്ടപ്പെട്ടവരും, മാനസിക ആരോഗ്യ പ്രശ്നങ്ങളാൽ തൊഴിൽ എടുക്കാൻ ആകാത്തവരുമുണ്ട്. 80 ശതമാനത്തിന് മുകളിൽ വരുന്ന ശാരീരിക പരിമിതികൾ മൂലം തൊഴിലെടുത്ത് വരുമാനം ഉണ്ടാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരും ആരോഗ്യ ദുസ്ഥിതിയുടെ സൂചകങ്ങളിൽ ഉൾപ്പെടുന്നു. അതിനാൽ തന്നെ ആരോഗ്യ ദുസ്ഥിതി കേരളത്തെ സംബന്ധിച്ച് അതി ദാരിദ്ര്യത്തിലേയ്ക്ക് നയിക്കാവുന്ന ഘടകങ്ങളിൽ ഒന്നായി കണക്കാക്കുക എന്നത് പ്രധാനമാണ് എന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ചുരുക്കത്തിൽ കുടുംബങ്ങളുടെ അടിസ്ഥാന അതി ജീവനത്തിന് തടസ്സമായി വർത്തിക്കുന്ന നാല് പൊതു ഘടകങ്ങളെയാണ് എല്ലാ കുടുംബങ്ങൾക്കും ബാധകമാക്കാവുന്ന പൊതു ഘടകം എന്ന നിലയിൽ സൂചകങ്ങളായി എടുത്തിട്ടുള്ളത്. ഈ ഘടകങ്ങൾ പട്ടിക 1ൽ നൽകിയിരിക്കുന്നു.

2.2. പട്ടിക-1 അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിക്കാവുന്ന പൊതു ഘടകങ്ങളും, ഉപഘടകങ്ങളും

അതി തീവ്ര ക്ലേശ ഘടകങ്ങൾ	തീവ്ര ക്ലേശ ഘടകങ്ങൾ
1. ഭക്ഷണ ലഭ്യത	
അതി വാർദ്ധക്യം മൂലമോ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ ഉള്ളതിനാലോ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത, പുറമെ നിന്ന് ഭക്ഷണം വാങ്ങുന്നതിനോ, പണം നൽകി ആളെ വെച്ച് പാചകം ചെയ്യുന്നതിനോ ശേഷി ഇല്ലാത്ത കുടുംബങ്ങൾ	അങ്കണവാടി രേഖകൾ പ്രകാരം തീവ്ര പോഷണ ദാരിദ്ര്യം (SAM) ഉള്ള ആറോ അതിൽ താഴെയോ വയസുള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ
തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുന്നവരോ, പൊതു സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായോ ഭക്ഷണം കഴിക്കുന്നവരോ ആയ കുടുംബങ്ങൾ	

2. ആരോഗ്യം	
ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ടോ, മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലോ, അപകടം മൂലമോ വരുമാന ശേഷി പൂർണമായും (തൊഴിലിൽ നിന്നോ, ആസ്തിയിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ) നഷ്ടപെട്ട കുടുംബങ്ങൾ	രോഗമോ അപകടമോ കാരണം കട ബാധ്യത വന്ന് ആസ്തികളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബം
ബൗദ്ധിക-മാനസിക വെല്ലുവിളികളോ, 80% ശാരീരിക വെല്ലുവിളികളോ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം തൊഴിലിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ, ആസ്തിയിൽ നിന്നോ വരുമാനം നഷ്ടപ്പെട്ട കുടുംബം	
3. വരുമാനം*	
തൊഴിൽ ശേഷി ഉള്ളവർ ഇല്ലാത്തതും, ആസ്തികളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്തതുമായ കുടുംബം	മുഖ്യ വരുമാന ദായക/ൻ മരിച്ചുപോയ അല്ലെങ്കിൽ ഉപേക്ഷിച്ച് പോയ കുടുംബം
ശാരീരിക അവശതകൾ ഉണ്ടായിട്ടും, 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന, മറ്റു വരുമാനദായക അംഗങ്ങളും മാർഗ്ഗങ്ങളും ഇല്ലാത്ത ദരിദ്ര കുടുംബം	വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങളോ ജീവനോപാധികളോ പൂർണമായി നഷ്ടപ്പെട്ട, മറ്റ് വരുമാന സാധ്യതകൾ ഇല്ലാത്ത കുടുംബം
70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള, വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബം	
4. വാസസ്ഥലം	
വാസസ്ഥലം ഇല്ലാതെ അലയുന്നവർ (തദ്ദേശ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ ഒരു വർഷമായി കാണുന്നവർ)	അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ (റെയിൽവേ / റോഡ് / പുഴ പുറംമ്പോക്ക്, ചതുപ്പ്, വയൽവരമ്പ്, മാലിന്യ കൂമ്പാര പരിസരം, അഴുക്ക് ചാലുകളുടെ ഓരങ്ങൾ, ബസ്സ്റ്റാൻഡ്, മാർക്കറ്റ് എന്നിവിടങ്ങളിൽ കഴിയുന്നവർ. കടലാക്രമണം ഒഴികെയുള്ള സാഹചര്യങ്ങൾ)
	കടബാധ്യതകൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബം

**സാമൂഹിക സുരക്ഷാ പെൻഷനുകൾ വരുമാനമായി പരിഗണിക്കേണ്ടതില്ല.*

പട്ടിക ഒന്നിലെ ഘടകങ്ങളെ ഓരോന്നിനേയും ഉപഘടകങ്ങൾ ആയി തിരിച്ചിരിക്കുന്നു. ഈ ഉപഘടകങ്ങളെ അതിതീവ്ര ക്ലേശ ഘടകങ്ങൾ എന്നും, തീവ്ര ക്ലേശ ഘടകങ്ങൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു. അതിതീവ്ര ക്ലേശ ഘടകങ്ങൾ ആണ് അതി ദാരിദ്ര്യത്തെ തിരിച്ചറിയുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഘടകങ്ങൾ. അതിതീവ്ര ക്ലേശ ഘടകങ്ങൾക്ക് അരികിലായി തീവ്ര ക്ലേശ ഘടകങ്ങൾ പട്ടിക 1ൽ നൽകിയിരിക്കുന്നു. ഇവയ്ക്ക് അതിതീവ്ര ക്ലേശ ഘടകത്തിന് തൊട്ടുതാഴെയുള്ള പരിഗണന നൽകാം.

ഒരു അതിതീവ്ര ക്ലേശ ഘടകമോ, രണ്ട് തീവ്ര ക്ലേശ ഘടകമോ ബാധകമാകുന്ന ഒരു കുടുംബം അതിദരിദ്രരായി കണക്കാക്കപ്പെടുന്ന തരത്തിൽ ആണ് സൂചകങ്ങൾക്ക് മുൻഗണനകൾ നിശ്ചയിച്ചിട്ടുള്ളത്. വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങളുടെയും അതീവ ദുർബലത അനുഭവിക്കുന്ന പ്രത്യേക വിഭാഗങ്ങളുടെയും സൂചകങ്ങൾ തീവ്ര ക്ലേശ ഘടകങ്ങളായി പരിഗണിക്കും. ഇവയിൽ രണ്ടു സൂചകങ്ങളെങ്കിലും ബാധകമാകുന്ന കുടുംബങ്ങൾ സ്വാഭാവികമായും അതിദരിദ്ര പട്ടികയിൽ ഉൾപെടും. ഇതു മൂലം വികസന പിന്നാക്കാവസ്ഥയോ സാമൂഹിക ദുർബ്ബലതയോ ഉള്ള വിഭാഗങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കപ്പെടുന്നു.

2.3. വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

കേരളം മാനവിക വികസന സൂചികകളിൽ ഏറെ മുന്നോട്ടു പോയ സമൂഹമാണ്. എന്നാൽ അതിനിടയിലും ചരിത്രപരമായ കാരണങ്ങളാൽ വികസനത്തിന്റെ നേട്ടം വേണ്ടത്ര ലഭിക്കാതെ പോയ സാമൂഹിക വിഭാഗങ്ങൾ ഉണ്ട്. പട്ടിക വർഗ്ഗക്കാർ, പട്ടിക ജാതിക്കാർ, തീരദേശ വാസികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ഇവരുടെ ഇടയിൽ ദാരിദ്ര്യത്തിന്റെ തോത് മറ്റു വിഭാഗങ്ങളേക്കാൾ ഉയർന്നതാണ്. ഇവരുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങളും മറ്റുള്ളവരെ അപേക്ഷിച്ച് പുറകിലാണ്. അതിനാൽ തന്നെ അതി ദാരിദ്ര്യം നേരിടുന്നതിനുള്ള ഈ പദ്ധതിയിൽ സാമൂഹ്യ വിഭാഗങ്ങൾക്ക് ഒരു പ്രത്യേക പരിഗണന നൽകിയിരിക്കുന്നു. ഇവരുടെ ജീവിത സാഹചര്യങ്ങളാൽ അതി ദാരിദ്ര്യത്തിന് കാരണമായേക്കാവുന്ന ഘടകങ്ങളെയാണ് പ്രത്യേക സൂചകങ്ങൾ ആയി പരിഗണിച്ചിട്ടുള്ളത്.

വികസനത്തിൽ പിന്നാക്കം നിൽക്കുന്ന പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള ഓരോ സൂചകവും തീവ്ര ക്ലേശ ഘടകം ആയാണ് പരിഗണിക്കുക. ഇതോടൊപ്പം നാല് പൊതു സൂചകങ്ങളും, അവയുടെ ഉപഘടകങ്ങളും ഇവർക്കും ബാധകമാകും. ചുരുക്കത്തിൽ പൊതുവായ അതിതീവ്ര ക്ലേശ ഘടകങ്ങളുടേയും, തീവ്ര ക്ലേശ ഘടകങ്ങളുടേയും പരിഗണനയും, പ്രത്യേക വിഭാഗങ്ങൾക്കായുള്ള തീവ്ര ക്ലേശ ഘടകങ്ങളുടെ (പട്ടിക 2) പരിഗണനയും ഇവർക്ക് ലഭിക്കും.

പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായുള്ള തീവ്ര ക്ലേശ ഘടകങ്ങൾ പട്ടിക 2ൽ നൽകിയിരിക്കുന്നു.

പട്ടിക 2 : പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായുള്ള തീവ്ര ക്ലേശ ഘടകങ്ങൾ

പട്ടിക വർഗ്ഗ കുടുംബങ്ങൾ
• പൊതു ഗതാഗത സൗകര്യം/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ സ്കൂളുകൾ, റേഷൻ കട തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ വനത്തിനുള്ളിൽ താമസിക്കുന്നവരും 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ • അതീവ ദുർബല പട്ടിക വർഗ്ഗ വിഭാഗങ്ങൾ (PVTG- കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ) • മറ്റു വരുമാന സാധ്യതകളില്ലാത്തതും വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്നതുമായ കുടുംബങ്ങൾ • പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ • അവിദഗ്ധ കാർഷിക കൂലിപ്പണിക്കായി പുറംസംസ്ഥാനങ്ങളിൽ ജോലി തേടി പോകേണ്ടി വരുന്ന വ്യക്തിയുള്ളതും 25 സെന്റിൽ താഴെ കൃഷി ഭൂമിയുള്ളതും, തൊഴിൽ ശേഷി ഉള്ള മറ്റാരും ഇല്ലാത്തതുമായ കുടുംബം • ഉയര തൂക്ക അനുപാതം (BMI) 16 ന താഴെയോ Chronic Energy Deficiency(CED) യോ ആയ വ്യക്തിയുള്ള കുടുംബം • വസിക്കാൻ ഭൂമിയില്ലാത്ത അഥവാ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബം
പട്ടിക ജാതി കുടുംബങ്ങൾ
• ദുരന്തങ്ങൾ മൂലം വാസസ്ഥലം നഷ്ടമായവർ • 500 മീറ്ററിൽ ഗതാഗത സൗകര്യമില്ലാത്ത, കുടിവെള്ള സൗകര്യം 100 മീറ്ററിനുള്ളിൽ പ്രാപ്യമല്ലാത്ത, വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബം • പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ
തീരദേശ വാസികൾ
• കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ/ കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ടവർ • പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ
നഗര ദരിദ്രർ
• മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 150 ച. അടി വരെ ഉള്ള വീട്ടിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബങ്ങൾ

2.4. സാമൂഹിക ദുർബലത അനുഭവിക്കുന്നവർക്കുള്ള പ്രത്യേക പരിഗണന

പൊതു സൂചകങ്ങൾ, പിന്നോക്കം നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്കുള്ള പ്രത്യേക സൂചകങ്ങൾ എന്നിവയ്ക്ക് പുറമെ വിവിധ കാരണങ്ങളാൽ സാമൂഹികമായി പ്രത്യേക ദുർബലത അനുഭവിക്കുന്നവർക്കായുള്ള ഒരു കൂട്ടം സൂചകങ്ങൾ കൂടി മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

എച്ച്.ഐ.വി. ബാധിതരുള്ള ദരിദ്ര കുടുംബങ്ങൾ, അനാഥരായ കുട്ടികളുള്ള ദരിദ്ര കുടുംബങ്ങൾ, LGBTQIA+ വിഭാഗത്തിൽപ്പെട്ട ആളുകൾ ഉള്ള ദരിദ്ര കുടുംബങ്ങൾ എന്നിവരെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അനാഥത്വം മൂലം ഒറ്റപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് ഇതുമൂലം പ്രത്യേക പിന്തുണ ഉറപ്പാക്കപ്പെടുന്നു. (എച്ച്.ഐ.വി. ബാധമൂലവും, ലിംഗപരമായ പ്രത്യേകതകളാലും സമൂഹത്തിൽ നിന്ന് ഒറ്റപ്പെടൽ അനുഭവിക്കുന്ന ദരിദ്ര കുടുംബങ്ങൾക്കും ഇതുമൂലം പ്രത്യേക പരിഗണന ലഭിക്കുന്നു) (പട്ടിക 3).

പട്ടിക 3 : സാമൂഹിക ദുർബലത അനുഭവിക്കുന്നവർക്കുള്ള പ്രത്യേക ഘടകങ്ങൾ

എച്ച്.ഐ.വി. ബാധിതർ ഉള്ള ദരിദ്ര കുടുംബങ്ങൾ (NPNS,NPS,NPI എന്നീ റേഷൻ കാർഡ് ഉള്ളവർ ഒഴികെ, റേഷൻ കാർഡ് ഇല്ലാത്തവരെ ദരിദ്ര കുടുംബമായി പരിഗണിക്കുക)
അനാഥരായ കുട്ടികൾ ഉള്ള ദരിദ്ര കുടുംബങ്ങൾ
LGBTQIA+ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബങ്ങൾ

2.5. നഗരങ്ങൾക്ക് പ്രത്യേക സമീപനം

പട്ടിക രണ്ടിൽ നഗര ദാരിദ്ര്യത്തെ ഒരു പ്രത്യേക വിഭാഗം എന്ന നിലയിൽ കണക്കാക്കുന്നു. 150 ചതുരശ്ര അടിക്കു കീഴിലുള്ള വീട്ടിൽ എട്ടോ അതിലധികമോ ആളുകൾ ഒന്നിച്ച് താമസിക്കേണ്ടി വരുന്ന അവസ്ഥയെ അതിദാരിദ്ര്യത്തിന്റെ തീവ്ര രൂപമായി കരുതി പ്രത്യേക പരിഗണന നൽകുന്നു.

2.6. അതീവ ദുർബലർക്ക് മുൻഗണന

പട്ടിക 2 ലേയും, 3 ലേയും ഘടകങ്ങളെ മുഴുവൻ തീവ്ര ക്ലേശ ഘടകങ്ങൾ ആയാണ് പരിഗണിക്കുന്നത്. അതായത്, പൊതു സൂചകങ്ങളും ഇവർക്ക് ബാധകമാകും. പൊതുവായ അതിതീവ്ര ക്ലേശ ഘടകങ്ങൾക്കും, തീവ്ര ക്ലേശ ഘടകങ്ങൾക്കും ഒപ്പം ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന പ്രകാരം ഉള്ള തീവ്ര ക്ലേശ ഘടകങ്ങൾ ബാധകമാകുമ്പോൾ അതിന്റെ പരിഗണനകൾ കൂടി ലഭിക്കുന്നു.

ഈ രീതിശാസ്ത്രം പിന്തുടരുന്നതിന്റെ ഭാഗമായി അതി ദാരിദ്ര്യത്തിന്റെ ഓരോ ഘടകവും അധികമായി ബാധകമാകുന്ന ഓരോ കുടുംബത്തിനും സൂചകങ്ങളുടെ കൂട്ടായ പരിഗണന ലഭിക്കുന്നു (Cumulative Advantage). അതി ദാരിദ്ര്യത്തിന്റെ തീവ്രതക്ക് അനുസരിച്ച് അവർക്ക് ലഭിക്കുന്ന പരിഗണനയുടെ സാദ്ധ്യതകളും വർദ്ധിക്കുന്നു. സമൂഹത്തിലെ ഏറ്റവും ദുർബലതയുള്ള അതിദരിദ്രർ ഈ രീതിശാസ്ത്രം മൂലം അതിദരിദ്ര പട്ടികയിൽ ഉൾപ്പെടും എന്ന് ഉറപ്പാക്കപ്പെടുന്നു.

2.7. അതിതീവ്ര ക്ലേശ ഘടകങ്ങൾക്ക് പ്രത്യേക പരിഗണന

കൂടുതൽ സങ്കീർണ്ണമായ കണക്കുകൂട്ടലുകൾ ഇല്ലാതെ തന്നെ അതിതീവ്ര ദാരിദ്ര്യത്തിന്റെ ഒരു സൂചകം ബാധകമാകുന്ന കുടുംബം അതിദരിദ്ര പട്ടികയിൽ ഉൾപ്പെടുന്നു. അതിദരിദ്രരിൽ ആരും പരിഗണിക്കപ്പെടാതെ പോകില്ല എന്ന് ഇത് മൂലം ഉറപ്പാക്കപ്പെടുന്നു. പ്രത്യേക വിഭാഗങ്ങൾക്ക് ആകട്ടെ (പട്ടിക 2, 3) അവർക്കുള്ള പ്രത്യേക പരിഗണനയും ലഭിക്കുന്നു.

അദ്ധ്യായം 3

അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ

ഈ പദ്ധതിയുടെ നടത്തിപ്പിനായി വിപുലമായ മുന്നൊരുക്കങ്ങൾ ആവശ്യമുണ്ട്. സംസ്ഥാന തല മാസ്റ്റർ ട്രെയിനർ പരിശീലനവും, ജില്ലാ തല റിസോഴ്സ് പേഴ്സൺ പരിശീലനവും പ്രക്രിയയുടെ ആദ്യ ഘട്ടമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന വിവിധ ഘട്ടങ്ങളിലായുള്ള ചർച്ചകകളിലൂടെയും, അന്വേഷണങ്ങളിലൂടെയും ആണ് ഈ പ്രക്രിയയുടെ രീതി ശാസ്ത്രവും, പ്രവർത്തന ഘട്ടങ്ങളും വികസിപ്പിച്ചത്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കില, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തം പ്രക്രിയയുടെ ആശയ രൂപീകരണ ഘട്ടത്തിൽ സജീവമായി ഉണ്ടായിരുന്നു. സാമ്പത്തിക വിദഗ്ധർ, സാമൂഹ്യശാസ്ത്ര ഗവേഷകർ, സാമൂഹിക ആരോഗ്യവിദഗ്ധർ തുടങ്ങിയവരുമായുള്ള വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടക്കുകയുണ്ടായി. ചോദ്യാവലിയും, പ്രക്രിയയും വിവിധ പ്രദേശങ്ങളിൽ പൈലറ്റ് പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ ആണ് സൂചകങ്ങളുടെ സാധുതയും, പ്രക്രിയയുടെ സാധുതയും പരിശോധിച്ചത്. സംസ്ഥാനത്തെ രണ്ട് പഞ്ചായത്തുകളും (അഞ്ചുതെങ്ങ്, തിരുനെല്ലി) ഒരു മുനിസിപ്പാലിറ്റിയും (വടക്കാഞ്ചേരി) തെരഞ്ഞെടുത്ത് ഈ പദ്ധതിയുടെ പ്രക്രിയയും രീതി ശാസ്ത്രവും പൂർണ്ണ അർത്ഥത്തിൽ പ്രാരംഭ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

അതിദരിദ്രരെ കണ്ടെത്തി മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രക്രിയക്ക് താഴെ പറയുന്ന ഘട്ടങ്ങൾ ആണ് ഉള്ളത്.

മുന്നൊരുക്കങ്ങളും പരിശീലനങ്ങളും

ഈ പദ്ധതിയുടെ നടത്തിപ്പിനായി വിപുലമായ മുന്നൊരുക്കങ്ങൾ ആവശ്യമുണ്ട്. സംസ്ഥാന തല മാസ്റ്റർ ട്രെയിനർ പരിശീലനവും, ജില്ലാ തല റിസോഴ്സ് പേഴ്സൺ പരിശീലനവും പ്രക്രിയയുടെ ആദ്യ ഘട്ടമാണ്.

3.1. പരിശീലന ശൃംഖലകൾ

ഈ പദ്ധതി താഴെതലത്തിൽ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സൂപ്പർ ചെക്കിംഗ് ടീം, എന്യൂമറേഷൻ ടീം (ഉദ്യോഗസ്ഥ/ൻ, ഫെസിലിറ്റേറ്റർ/എന്യൂമറേറ്റർ) തദ്ദേശ സ്വയം



ഭരണ സ്ഥാപനതല ജനകീയ സമിതി അംഗങ്ങൾ, വാർഡ് തല സമിതി അംഗങ്ങൾ എന്നിവർക്ക് പരിശീലനം നൽകും.

വിവിധ തലങ്ങളിലായി 473,000 ആളുകൾക്ക് പരിശീലനം നൽകുന്ന വിപുലമായ ഒരു പരിശീലന പ്രക്രിയയാണ് പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്നത്.

3.2. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, വാർഡ് തലത്തിലും ഉള്ള ജനകീയ സമിതികളുടെ രൂപീകരണം

പങ്കാളിത്ത പ്രക്രിയയാണ് അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിക്കേണ്ടത് എന്നതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപന ഭരണ സമിതികളെ ഈ പ്രക്രിയയിൽ സഹായിക്കാൻ വിപുലമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, വാർഡ്/ഡിവിഷൻ തലത്തിലും ജനകീയ സമിതികൾ രൂപീകരിക്കുക എന്നത് ഈ പ്രക്രിയയുടെ നിർവ്വഹണത്തിൽ നിർണ്ണായകമാണ്. അതിദരിദ്രരെ കണ്ടെത്തുന്നത് മുതൽ, മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നത് വരെയുള്ള പ്രക്രിയക്ക് ഈ സമിതികൾ ആണ് നേതൃത്വം നൽകുക. (വിശദാംശങ്ങൾക്ക് അദ്ധ്യായം 4 കാണുക)

അന്ത്യോദയ അന്നയോജന/ഭിന്നശേഷിക്കാർ/ പാലിയേറ്റീവ് കെയർ എന്നീ പട്ടികകൾ വാർഡ്/ ഡിവിഷൻ തലത്തിൽ ഏകോപിപ്പിച്ച് വാർഡ്/ഡിവിഷൻ തല സമിതികൾക്ക് കൈമാറേണ്ടതാണ്. വാർഡ്/ഡിവിഷൻ തലത്തിൽ തയ്യാറാക്കുന്ന അതിദരിദ്രരുടെ പട്ടികയിൽ മേൽപട്ടികയിൽ വന്നിട്ടുള്ള അതിദരിദ്രരുടെ മാനദണ്ഡങ്ങൾ ബാധകമാകുന്ന ആരെങ്കിലും ഉൾപ്പെടാതെ പോയിട്ടുണ്ടോ എന്ന് പരിശോധിക്കണം.

3.3. അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ

വിവിധ ഘട്ടങ്ങൾ ആയി നടക്കേണ്ട പ്രവർത്തനം ആണിത്. ഓരോ വാർഡിലും ഒരു ഉദ്യോഗസ്ഥ/ ൻ രണ്ട് സന്നദ്ധ പ്രവർത്തകരും അടങ്ങിയ സംഘത്തെ (എന്യൂമറേഷൻ ടീം), തദ്ദേശ സ്വയം ഭരണ സ്ഥാപന തല സമിതി കണ്ടെത്തണം. ഇവർക്ക് വിപുലമായ പരിശീലനം നൽകും. ഇവരുടെ നേതൃത്വത്തിൽ ആയിരിക്കണം താഴെ പറയുന്ന ചർച്ചകൾ നടക്കേണ്ടത്.

3.4. വാർഡ്/ഡിവിഷൻ തല സമിതിയിൽ പ്രാഥമിക പട്ടിക രൂപപ്പെടുത്തൽ

വാർഡ്/ഡിവിഷൻ തല സമിതികൾ ചേർന്ന് നിശ്ചിത മാനദണ്ഡങ്ങൾ ഓരോന്നും പരിശോധിച്ച് അതിദരിദ്രരുടെ പ്രാഥമിക സാദ്ധ്യതാ പട്ടിക പങ്കാളിത്ത പൂർണ്ണമായ ചർച്ചയിലൂടെ തയ്യാറാക്കണം.

3.5. സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച

വാർഡ്/ഡിവിഷൻ തലത്തിൽ സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തി അവരുടെ നിർദ്ദേശ പ്രകാരം ഉള്ള പട്ടിക വാർഡ് തലത്തിൽ തയ്യാറാക്കണം.

3.6. കുടുംബശ്രീ/ അയൽക്കൂട്ടം പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച

ഓരോ വാർഡിലേയും എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലേയും സജീവരായ രണ്ട് അംഗങ്ങളെ വാർഡ് തലത്തിൽ വിളിച്ച് ചേർത്ത് ഒരു പങ്കാളിത്ത ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ അതിദരിദ്രരുടെ പട്ടിക വാർഡ് തലത്തിൽ തയ്യാറാക്കണം.

3.7. ക്ലസ്റ്റർ തല ചർച്ചകൾ

ജനസംഖ്യ കൂടുതൽ ഉള്ള വാർഡ് ആണെങ്കിൽ വാർഡിനെ 250-300 വീടുകൾക്ക് ഒരു ക്ലസ്റ്റർ എന്ന നിലയിൽ തിരിച്ച് സാമൂഹിക സംഘടനാ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചയും, കുടുംബശ്രീ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചയും ഓരോ ക്ലസ്റ്ററുകളിലും നടത്തണം.

കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വാർഡുകളിൽ/ഡിവിഷനുകളിൽ കുടുംബങ്ങളുടെ എണ്ണം വലുതാകും എന്നതിനാൽ 3-4 ക്ലസ്റ്റർ തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കണം. നഗരങ്ങളിലെ വാർഡ്തല ചർച്ചകളിൽ റസിഡന്റ്സ് അസോസിയേഷൻ, ഹൗസിംഗ് കോളനി പ്രതിനിധികൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മേറ്റ്, നഗര ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തകർ, സീനിയർ സിറ്റിസെൻ ഫോറം പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടന പ്രതിനിധികൾ, കോളനികൾ ചേരികൾ എന്നിവയുടെ പ്രതിനിധികൾ, ഗാർഹിക തൊഴിലാളികൾ, മത സ്ഥാപന പ്രതിനിധികൾ, സന്നദ്ധസംഘടന പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ കൂടി പങ്കാളിത്തം ഉണ്ടാകണം.

3.8.അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള വാർഡ് തല യോഗം

വാർഡിലെ/ഡിവിഷനിലെ പ്രാഥമിക യോഗത്തിൽ തയ്യാറാക്കിയ പട്ടിക, സാമൂഹിക സംഘടന പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ/ക്ലസ്റ്റർ തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവയിൽ തയ്യാറാക്കിയ പട്ടികകൾ എന്നിവ ഏകോപിപ്പിച്ച്, വിവരശേഖരണം നടത്തുന്നതിനുള്ള അന്തിമ പട്ടിക വാർഡ്/ഡിവിഷൻ തലത്തിൽ തയ്യാറാക്കണം.

3.9. വാർഡ് തല പട്ടികകൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) അപ് ലോഡ് ചെയ്യൽ

വാർഡ് തലത്തിലുള്ള കുടുംബങ്ങളുടെ പട്ടിക എം.ഐ.എസിൽ അപ് ലോഡ് ചെയ്യുന്നതിനു മുൻപ്, തദ്ദേശ സ്വയം ഭരണ സ്ഥാപനതല നോഡൽ ഓഫീസർ സ്ഥിരീകരിക്കേണ്ടതുണ്ട്. ഇതിനായി നോഡൽ ഓഫീസർ ഈ പട്ടികകൾ പരിശോധിക്കണം. വാർഡ്/ഡിവിഷൻ തലത്തിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ തയ്യാറാക്കി നോഡൽ ഓഫീസർ സ്ഥിരീകരിച്ച പട്ടിക എം. ഐ. എസ് പോർട്ടലിൽ എന്യൂമറേഷൻ ടീം അപ് ലോഡ് ചെയ്യണം.

3.9.1 വാർഡ് തലത്തിലുള്ള പട്ടികകളിൽ കുടുംബങ്ങളുടെ എണ്ണം ക്രമാതീതമായി ഉയർന്നാൽ ?

പൊതുവിൽ ഉള്ളതിൽ നിന്ന് വ്യത്യസ്ഥമായി തദ്ദേശ സ്ഥാപനത്തിലെ അതിദരിദ്ര കുടുംബങ്ങളുടെ എണ്ണം ഏതെങ്കിലും വാർഡുകളിൽ ഉയർന്ന പ്രവണത നോഡൽ ഓഫീസറുടെ പരിശോധനയിൽ

കാണുകയാണെങ്കിൽ (കേരളത്തിലെ ഔദ്യോഗിക കണക്കുകൾ പ്രകാരം രണ്ട് ശതമാനത്തിൽ താഴെ കുടുംബങ്ങൾ മാത്രമാണ് അതിദരിദ്ര്യ പട്ടികയിൽ വരാൻ സാധ്യത ഉള്ളത്) ആ പട്ടികകൾ നോഡൽ ഓഫീസർ തദ്ദേശ സ്ഥാപനതല ജനകീയ സമിതിയുടെ ഒരു ഉപസമിതി രൂപീകരിച്ച് അവരുടെ പരിഗണനയ്ക്ക് വിടേണ്ടതാണ്. ഈ ഉപസമിതിയുടെ ഘടന താഴെ പറയുന്നു.

ചെയർപേഴ്സൺ	:	തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ
കൺവീനർ	:	നോഡൽ ഓഫീസർ
അംഗങ്ങൾ	:	എല്ലാ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളും ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ/ൻ അസിസ്റ്റന്റ് നോഡൽ ഓഫീസർ

ഉപസമിതി യോഗത്തിൽ നിർദ്ദിഷ്ട വാർഡിലെ ജനപ്രതിനിധി, വാർഡ് ഓഫീസർ, ചർച്ചാ ഫെസിലിറ്റേറ്റർ എന്നിവരെ ക്ഷണിതാക്കളായി പങ്കെടുപ്പിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തേണ്ടതാണ്.

3.10. പ്രാഥമികമായി പട്ടികപ്പെടുത്തിയ കുടുംബങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തുക

ഓരോ വാർഡിലും വിവരശേഖരണം നടത്തുന്നത് രണ്ട് സന്നദ്ധ പ്രവർത്തകർ ഒരു ഉദ്യോഗസ്ഥ/ൻ എന്നിവരുടെ എന്യൂമറേഷൻ ടീം ആണ്. ഇവർക്ക് വിപുലമായ പരിശീലനം നൽകും. എന്യൂമറേഷൻ ടീം മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണം അന്തിമ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ നടത്തണം. വിവരശേഖരണത്തിന് ഒപ്പം ഓരോ വീടിന്റേയും ലൊക്കേഷൻ കൂടി തുടർ ഇടപെടലുകൾക്ക് സഹായകമാകുന്ന രീതിയിൽ രേഖപെടുത്തണം.

3.11. വിവരശേഖരണത്തിന്റെ സൂപ്പർ ചെക്കിംഗ്

വാർഡ് തല വിവരശേഖരണം പൂർത്തിയാക്കുമ്പോൾ അതിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി വാർഡിലെ വിവരശേഖരണം നടത്തിയ വീടുകളുടെ 20 ശതമാനം വീടുകളിൽ Random ആയി സൂപ്പർ ചെക്കിംഗ് നടത്തേണ്ടതാണ്. ഇതിനായി ബ്ലോക്ക് തലത്തിലും നഗരസഭ/കോർപ്പറേഷൻ തലത്തിലും ടീമുകളെ രൂപീകരിക്കണം.

3.12. വാർഡ് തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ

വിവരശേഖരണത്തിലൂടെ ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ഓരോ കുടുംബത്തിനും ലഭിച്ച ബാധകമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എം.ഐ.എസിൽ നിന്ന് വാർഡ്തല കരടു പട്ടിക ലഭ്യമാകും. ഈ പട്ടിക വാർഡ് സമിതിയിൽ അവതരിപ്പിക്കുകയും, നിർദേശങ്ങളോ നിരീക്ഷണങ്ങളോ ഉണ്ടെങ്കിൽ അവ കൂടി ഉൾപെടുത്തി തദ്ദേശസ്ഥാപന തല സമിതിക്ക് കൈമാറേണ്ടതുമാണ്.

3.13. തദ്ദേശ സ്ഥാപന തല അതിദരിദ്രരുടെ പട്ടിക തയ്യാറാക്കലും അംഗീകാരം നേടലും

വാർഡ്തല സമിതികൾ തയ്യാറാക്കിയ പട്ടികകൾ തദ്ദേശസ്ഥാപന ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും. ഔദ്യോഗിക അംഗീകാരം നൽകുകയും വേണം.

3.14. വാർഡ് സഭകൾ/ ഗ്രാമസഭകളിൽ അംഗീകാരം

വാർഡ്/ഡിവിഷൻ തല ഗ്രാമസഭകളിൽ അതത് വാർഡ് തല പട്ടിക അവതരിപ്പിച്ച് അംഗീകാരം നേടണം.

മുന്നൊരുക്കങ്ങളും പരിശീലനങ്ങളും



3.15. മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് വിപുലമായ പരിശീലനങ്ങൾ

തദ്ദേശ സ്ഥാപനതല സമിതി അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, വിദഗ്ധ സ്ഥാപന പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് വിപുലമായ പരിശീലനങ്ങൾ നൽകണം.

3.16. മൈക്രോ പ്ലാനുകൾ തയ്യാറാക്കൽ

വിദഗ്ധ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ, ദാരിദ്ര്യ നിർമ്മാർജ്ജന ഉപസമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപനതല സമിതികളുടെ പങ്കാളിത്തത്തോടെ ഓരോ കുടുംബത്തിനും സൂക്ഷ്മതല അതിജീവന പദ്ധതിയും (micro plan), തദ്ദേശ സ്ഥാപന തല പദ്ധതിയും രൂപീകരിക്കണം.

3.17. മൈക്രോ പ്ലാനുകളുടെ നടത്തിപ്പ്

ജന പങ്കാളിത്തത്തോടെ വിവിധ തരം സംവിധാനങ്ങളെ ഏകോപിപ്പിച്ച് മൈക്രോപ്ലാനുകൾ നിർവ്വഹണം നടത്താൻ കഴിയണം. തദ്ദേശസ്ഥാപന ഭരണ സമിതി, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, തദ്ദേശ സ്ഥാപന തല ജനകീയ സമിതി എന്നിവ മൈക്രോ പ്ലാനുകളുടെ നടത്തിപ്പിന് നേതൃത്വം നൽകണം.

അദ്ധ്യായം 4

ജനകീയ സമിതികളുടെ രൂപീകരണവും ചുമതലകളും

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതി ദരിദ്രരെ കണ്ടെത്തുന്നതിനും മൈക്രോ പ്ലാൻ തയ്യാറാക്കുന്നത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ അതിദരിദ്രരെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തുന്നതിനുള്ള ജനകീയ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) വാർഡ് ഡിവിഷൻ തലങ്ങളിലും നടത്തേണ്ട പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നത്.

4.1. പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതിദരിദ്രരെ കണ്ടെത്തുന്നതിനും മൈക്രോ പ്ലാൻ തയ്യാറാക്കുന്നത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ പ്രവർത്തനങ്ങളെ സഹായിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന ജനകീയ സമിതികളുടെ ചെയർപേഴ്സൺ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷയും/നും, വൈസ് ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും ആയിരിക്കും.

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ നോഡൽ ഓഫീസർമാരായി അതാതു സെക്രട്ടറിമാരും അസിസ്റ്റന്റ് നോഡൽ ഓഫീസറായി പഞ്ചായത്ത് തലത്തിൽ വി.ഇ.ഓയും മുനിസിപ്പാലിറ്റിയിൽ ഹെൽത്ത് ഇൻസ്പെക്ടർ/സൂപ്രണ്ട് കോർപറേഷനിൽ ഡെപ്യൂട്ടി സെക്രട്ടറിയും ചുമതലയേൽക്കുക.

ഈ പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ ചുമതലകൾ താഴെ നൽകുന്നു.

1. അതിദരിദ്രരെ കണ്ടെത്താനുള്ള പ്രവർത്തനത്തിനുള്ള അന്തരീക്ഷം ഒരുക്കുക
2. തദ്ദേശ സ്ഥാപന തല ജനകീയ സമിതിയും വാർഡ് തല ജനകീയ സമിതിയും രൂപീകരിക്കുക
3. അന്ത്യോദയ അന്നയോജന, ഭിന്നശേഷി, പാലിയേറ്റീവ് കെയർ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന / വാർഡ് തല സമിതികൾക്ക് കൈമാറുക.
4. വാർഡ് തലത്തിൽ രണ്ട് സന്നദ്ധ പ്രവർത്തകരെ എന്യൂമ

റേറ്റർമാരായി കണ്ടെത്തുക. അവർക്കു പരിശീലനം ലഭിച്ചു എന്ന് ഉറപ്പാക്കുക.

5. വാർഡ് തലത്തിൽ തെരഞ്ഞെടുക്കുന്ന രണ്ടു പേരിൽ ഒരാൾക്ക് ഫെസിലിറ്റേറ്ററുടെ ചുമതല നൽകുക. അവർക്കു പരിശീലനം ലഭിച്ചു എന്ന് ഉറപ്പു വരുത്തുക
6. ഓരോ വാർഡിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉള്ള ഒരു ഉദ്യോഗസ്ഥയെ/നെ കൺവീനറായി എന്യൂമറേറ്റർ ടീമിന്റെ ചുമതല ഏൽപ്പിക്കുക
7. വാർഡ് തല സമിതികളിലും സന്നദ്ധ സംഘടനാ തലത്തിലും താഴെയും ഫലപ്രദമായ ചർച്ചയും അതിദരിദ്രരെ കണ്ടെത്തലും നടക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക.
8. മാനദണ്ഡങ്ങൾ അച്ചടിച്ച് നൽകുക.
9. ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം വരുന്ന വാർഡ്തല ലിസ്റ്റുകൾ എം.ഐ.എസിൽ അപ്‌ലോഡ് ചെയ്തു എന്നുറപ്പാക്കുക.
10. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഉയരവും തൂക്കവും പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ വാർഡ് തല എന്യൂമറേഷൻ ടീമിന് ലഭ്യമാക്കുക.
11. എന്യൂമറേഷൻ ടീമിന്റെ നേതൃത്വത്തിൽ സർവ്വേകൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കുക.
12. വിവരശേഖരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൾപ്രദേശങ്ങളിൽ പോകേണ്ടിവരുമ്പോൾ എന്യൂമറേറ്റർമാർക്ക് യാത്ര ചെലവുകൾ നൽകുക/ ആവശ്യമായ സന്ദർഭങ്ങളിൽ യാത്ര സൗകര്യങ്ങൾ ഒരുക്കുക.
13. ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം വരുന്ന വാർഡ് തല ലിസ്റ്റുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതി ഉണ്ടാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപന തല ലിസ്റ്റിന് ഭരണസമിതി അംഗീകാരം നൽകുക.
14. വാർഡ് തല ലിസ്റ്റിന് ഗ്രാമ/വാർഡ് സഭ അംഗീകാരം നേടുക
15. തദ്ദേശ സ്വയംഭരണ സ്ഥാപന തല അതിദരിദ്രരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക
16. തദ്ദേശ സ്വയംഭരണ സ്ഥാപനതല അതിദരിദ്രരുടെ ലിസ്റ്റ് എം.ഐ.എസിൽ അപ്‌ലോഡ് ചെയ്തു എന്നുറപ്പാക്കുക.
17. സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ച് ജനകീയ ക്യാമ്പയിനായി ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

4.2. തദ്ദേശ സ്വയംഭരണ സ്ഥാപന തല ജനകീയ സമിതി

അതിദരിദ്രരെ നിർണ്ണയിക്കൽ, മൈക്രോ പ്ലാൻ തയ്യാറാക്കൽ പ്രവർത്തനങ്ങൾ എന്നിവയിൽ നേതൃത്വം നൽകാൻ തദ്ദേശ സ്ഥാപന തലത്തിൽ ഒരു ജനകീയ സമിതി രൂപീകരിക്കേണ്ടതുണ്ട്.

4.2.1 ജനകീയ സമിതിയുടെ ഘടന

1. ചെയർപേഴ്സൺ - മേയർ / മുനിസിപ്പൽ ചെയർപേഴ്സൺ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
2. വൈസ് ചെയർപേഴ്സൺ - ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
3. നോഡൽ ഓഫീസർ - സെക്രട്ടറി (കോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത്)
4. അസിസ്റ്റന്റ് നോഡൽ ഓഫീസർ - ഡെപ്യൂട്ടി സെക്രട്ടറി (കോർപ്പറേഷൻ), വി.ഇ.ഓ. (പഞ്ചായത്ത്), ഹെൽത്ത് ഇൻസ്പെക്ടർ/സൂപ്രണ്ട് (മുനിസിപ്പാലിറ്റി)
5. ജില്ല, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ
6. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും അദ്ധ്യക്ഷർ
7. സി. ഡി. എസ് ചെയർപേഴ്സൺ/മാർ
8. വി.ഇ.ഒ. (ഒന്നിലധികം വി.ഇ.ഒ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർ അല്ലാത്ത വി.ഇ.ഒ യെയും സമിതി അംഗം ആക്കാവുന്നതാണ്.)

9. ആസൂത്രണ സമിതി ഉപാധ്യക്ഷ/ൻ
10. തദ്ദേശ സ്വയംഭരണ സ്ഥാപന സമിതിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ
11. തദ്ദേശ സ്വയംഭരണ പരിധിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത്/സാമൂഹ്യ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ - 3 പേർ
12. വ്യാപാരി വ്യവസായി സംഘടന പ്രതിനിധി – 2 പേർ
13. റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ - 2 പേർ
14. പാലിയേറ്റീവ് കെയർ പ്രവർത്തകർ - 2 പേർ
15. ഘടക സ്ഥാപനമേധാവികൾ / പ്രതിനിധികൾ
16. പ്രാഥമിക സഹകരണ ബാങ്കുകളുടെ അദ്ധ്യക്ഷർ
17. NULM പ്രോഗ്രാം മാനേജർ
18. SC/ST പ്രൊമോട്ടർമാർ
19. തദ്ദേശ സ്വയംഭരണ സ്ഥാപനതല ലൈബ്രറി നേതൃതല സമിതി കൺവീനർ
20. യൂത്ത് കോഡിനേറ്റർ (യുവജനക്ഷേമ ബോർഡ്)

4.2.2 ചുമതലകളും ഉത്തരവാദിത്വങ്ങളും

1. സമിതി രൂപീകരണം - തദ്ദേശസ്വയംഭരണ സ്ഥാപനതല ജനകീയ സമിതിയും വാർഡ് / ഡിവിഷൻ തല ജനകീയ സമിതികളും രൂപീകരിക്കുന്നതിന് ഭരണ സമിതി തീരുമാനമെടുത്ത് കൺവീനറെ (നോഡൽ ഓഫീസറെ) ചുമതലപ്പെടുത്തേണ്ടതാണ്. നോഡൽ ഓഫീസർ അതിന് അവശ്യമായ നടപടി ക്രമങ്ങൾ പുറത്തിറക്കണം. വാർഡ് / ഡിവിഷൻ തല സമിതികളുടെ കാര്യത്തിൽ ഓരോ വാർഡിനും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങളും

നൽകേണ്ടതാണ്.

2. വാർഡ് തല സമിതികളെ സജീവമാക്കുക - ആവശ്യമായ സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുക
3. മാനദണ്ഡങ്ങളുടെ പട്ടിക ജീവകാരുണ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള വിവിധ സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി പങ്കുവെയ്ക്കുക.
4. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ആശ്രയ, പാലിയേറ്റീവ് കെയർ, അന്ത്യോദയ, ഭിന്നശേഷിക്കാർ എന്നീ ലിസ്റ്റുകൾ വാർഡ്തലത്തിൽ തയ്യാറാക്കി വാർഡ് തല സമിതികൾക്ക് കൈമാറുക. (ആശ്രയ പട്ടികയിലുള്ളവരെ ഈ പട്ടികയിൽ പരിഗണിക്കേണ്ടതില്ല.)
5. സർക്കാർ മാനദണ്ഡങ്ങൾക്ക് പുറമെ അതിദരിദ്രരെ കണ്ടെത്തുന്നതിന് ആവശ്യമെങ്കിൽ അധിക മാനദണ്ഡങ്ങൾ തദ്ദേശ ഭരണ സമിതിയുടെ ശുപാർശയോടെ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുക
6. വാർഡ് തല സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുക. അതിദരിദ്രരെ കണ്ടെത്താനുള്ള പ്രവർത്തനം സമയ ബന്ധിതമായും പാളിച്ചകളില്ലാതെയും നടക്കുന്നു എന്ന് ഉറപ്പാക്കുക
7. വാർഡ് തല വിവരശേഖരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കുക
8. തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തല അതിദരിദ്രരുടെ ലിസ്റ്റ് ഗ്രാമ/വാർഡ് സഭകളിൽ ചർച്ച ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങളും സഹായവും ചെയ്യുക
9. വിവിധ ഘട്ടങ്ങളിൽ എന്യൂമറേഷൻ ടീമിന്റെ യോഗം വിളിച്ചു ചേർത്ത് അവർക്ക് ആവശ്യമായ

മാർഗ്ഗനിർദേശങ്ങൾ നൽകുക

10. അതിദരിദ്രരുടെ തദ്ദേശ സ്വയംഭരണ സ്ഥാപന തല ലിസ്റ്റ് തയ്യാറാക്കി ഭരണ സമിതി അംഗീകാരത്തിന് സമർപ്പിക്കുക
11. പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ തദ്ദേശ ഭരണ സ്ഥാപനത്തിന് സമർപ്പിക്കുക

4.3. വാർഡ്/ ഡിവിഷൻ തല ജനകീയ സമിതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിവിധ പ്രദേശങ്ങളിൽ ഒരേ സമയത്തു തന്നെ മേൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതു കൊണ്ട് ഓരോ വാർഡിലും / ഡിവിഷനിലും ജനകീയ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. വാർഡ് തല ജനകീയ സമിതിയിൽ 20 പേരിൽ അധികരിക്കാൻ പാടില്ല.

4.3.1 വാർഡ്/ ഡിവിഷൻ ജനകീയ സമിതികളുടെ ഘടന

1. അദ്ധ്യക്ഷ/ൻ - വാർഡ് മെമ്പർ/ ഡിവിഷൻ കൗൺസിലർ
2. കൺവീനർ - വാർഡ് ഓഫീസർ (വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ)
3. ജോ. കൺവീനർ- അങ്കണവാടി വർക്കർ
4. ആശ പ്രവർത്തകർ
5. കുടുംബശ്രീ എ. ഡി. എസ് പ്രതിനിധി
6. എസ്. സി/ എസ് ടി പ്രമോട്ടർ
7. കോവിഡ് വാർഡ് തല സമിതി/ ആർ. ആർ ടി പ്രതിനിധികൾ
8. സന്നദ്ധ സംഘടന പ്രവർത്തകർ
9. പാലിയേറ്റീവ് കെയർ പ്രവർത്തന വാളണ്ടിയർ
10. ആശ്രയ/മറ്റു ജീവകാരുണ്യ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായിട്ടുള്ളവർ
11. റസിഡൻസ് അസോസിയേഷൻ പ്രതിനിധി
12. ബി.എൽ.ഒ
13. തൊഴിലുറപ്പ് മേറ്റ് പ്രതിനിധി
14. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ
15. ആരോഗ്യ ശുചിത്വ സമിതി കൺവീനർ

4.3.2 വാർഡ് / ഡിവിഷൻ തല സമിതിയുടെ ചുമതലകൾ

വാർഡ് തലത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും, പൊതുപ്രവർത്തന അനുഭവങ്ങളുടെ അടിസ്ഥാനത്തിലും അതിദരിദ്രരുടെ ലിസ്റ്റ് സർക്കാർ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന ചുമതല.

മറ്റ് ചുമതലകൾ ചുവടെ കൊടുക്കുന്നു.

1. വാർഡ് / ഡിവിഷൻ തലത്തിൽ മാനദണ്ഡങ്ങൾ പ്രകാരമുള്ള അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കുക
2. വാർഡ് തല അന്ത്യോദയ അന്നയോജന, ഭിന്നശേഷി/ പാലിയേറ്റീവ് കെയർ പട്ടികകൾ റഫറൻസ് ഡോക്യുമെന്റ് ആയി ഉപയോഗിക്കുക
3. വാർഡ് തലത്തിൽ ഗ്രൂപ്പ് ചർച്ചയും, സാമൂഹ്യ രാഷ്ട്രീയ സംഘടനകളുമായി/ കുടുംബശ്രീ പ്രവർത്തകരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുക
4. വാർഡ് തല ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പാക്കുക.

5. വലിയ വാർഡുകളിൽ ക്ലസ്റ്റർ രൂപീകരിച്ച് ചർച്ച നടത്താൻ വേണ്ട സഹായങ്ങൾ നൽകുക.
6. വാർഡ് തലത്തിലെ വിവിധ ചർച്ചകളിൽ നിന്ന് ഉയർന്നു വരുന്ന ലിസ്റ്റുകൾ ക്രോഡീകരിച്ചു കൊണ്ട് കരട് പട്ടിക പുതുക്കുക
7. വാർഡ് തല വിവരശേഖരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
8. സൂപ്പർ ചെക്കിംഗിന് വേണ്ട സൗകര്യങ്ങൾ ഒരുക്കുക.
9. വിവരശേഖരണത്തിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതി അംഗീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപന തല ലിസ്റ്റ് ഗ്രാമ/വാർഡ് സഭകളിൽ ചർച്ച ചെയ്യുന്നതിനുള്ള മുന്നൊരുക്കങ്ങളും സഹായവും ചെയ്യുക
10. അതിദരിദ്രരുടെ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

4.4. ജില്ലാ തല നിർവഹണ സമിതി

അതിദരിദ്രർക്കായുള്ള പദ്ധതി നടത്തിപ്പിന്റെ ഏകോപനത്തിനായി ഒരു ജില്ലാ തല സമിതി എല്ലാ ജില്ലകളിലും പ്രവർത്തിക്കണം.

1. ചെയർ പേഴ്സൺ - ഡി.പി.സി. ചെയർ പേഴ്സൺ
2. കൺവീനർ - ഡി.പി.സി. സെക്രട്ടറി
3. ജില്ലാ നോഡൽ ഓഫീസർ - പ്രൊജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
4. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
5. റീജിയണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്
6. ജില്ലാ പ്ലാനിംഗ് ഓഫീസർ
7. ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്
8. ജില്ലാ മിഷൻ കോഡിനേറ്റർ, കുടുംബശ്രീ
9. ജില്ലാ ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം
10. ജില്ലാ ടെക്നിക്കൽ ഓഫീസർ, ഐ കെ എം

4.4.1 സമിതിയുടെ ചുമതലകൾ

1. ജില്ലാ തലത്തിൽ പരിശീലനങ്ങളുടെ ഏകോപനം
2. തദ്ദേശ സ്വയംഭരണ സ്ഥാപന തല സമിതികളുടെ രൂപീകരണത്തിന്റെ ഏകോപനം
3. വിവരശേഖരണം, സൂപ്പർ ചെക്കിംഗ് പ്രവർത്തനങ്ങളുടെ ഏകോപനം
4. ജില്ലാ തലത്തിൽ എന്യൂമറേറ്റർമാരുടെ സംശയങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അന്വേഷണങ്ങൾക്കും വ്യക്തത നൽകുക
5. അതിദരിദ്രർക്കായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തുക
6. ആവശ്യ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടേയും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചു ചേർക്കുക
7. പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായി നടന്നു എന്ന് ഉറപ്പാക്കുക.

4.5. സംസ്ഥാന ജില്ലാതല ഏകോപനം

സംസ്ഥാന ജില്ലാ തല ഏകോപനത്തിനായി സംസ്ഥാന തലത്തിൽ വകുപ്പ് മേധാവികൾ ഉൾപ്പെട്ട ഒരു സമിതി ഉണ്ടാകും. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയയുടെ നോഡൽ ഓഫീസറായി

ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (ADDC) പ്രവർത്തിക്കും. പ്രക്രിയയുടെ നിർവഹണ നേതൃത്വത്തിന് നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സെൽ പ്രവർത്തിക്കും. IKM, IT mission, KILA, തദ്ദേശ സ്വയംഭരണ വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പ്രതിനിധികൾ ഈ സമിതിയിൽ ഉണ്ടാകും.

4.6. സംസ്ഥാന തല നിർവഹണ സമിതി

1. സംസ്ഥാനതല നോഡൽ ഓഫീസർ & അഡിഷണൽ ഡവലപ്പ്മെന്റ് കമ്മിഷണർ
2. ഡയറക്ടർ ജനറൽ, കില
3. അഡിഷണൽ ഡയറക്ടർ, പഞ്ചായത്ത്
4. അഡിഷണൽ ഡയറക്ടർ (ജനറൽ) എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്
5. ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്
6. ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിങ് ബോർഡ്
7. പ്രോഗ്രാം മാനേജർ, കുടുംബശ്രീ
8. കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ
9. ടെക്നിക്കൽ ഡയറക്ടർ ഐ കെ എം
10. അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കില
11. സീനിയർ അർബൻ ഫെലോ, കില
12. ഐ.ടി. മിഷൻ ടെക്നിക്കൽ എക്സ്പെർട്ട്

4.7. സംസ്ഥാന തല സമിതിയുടെ ചുമതലകൾ

വിവരശേഖരണ ഫോർമാറ്റ്, പരിശീലന കൈപുസ്തകം, മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം എന്നിവ തയ്യാറാക്കുക

1. പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുകയും പരിശീലന പരിപാടികൾ ഏകോപിപ്പിക്കുകയും ചെയ്യുക.
2. ജില്ലാ തല സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
3. സർവ്വേ നടത്തിപ്പിനെ സഹായിക്കാൻ ആവശ്യമായ ഹെൽപ് ഡസ്ക് സംവിധാനവും ഡാഷ് ബോർഡുകളും ഒരുക്കുക
4. സൂപ്പർ ചെക്കിംഗിന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുകയും ആവശ്യമായ തിരുത്തൽ നിർദേശങ്ങൾ നൽകുകയും ചെയ്യുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വരുന്ന മാനദണ്ഡങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങളിൽ തീരുമാനമെടുക്കുകയും പട്ടികകളെ സംബന്ധിച്ച പരാതികളിൽ ജില്ലാ സമിതിക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
6. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്ക് ആവശ്യമായ ചാർട്ടുകൾ, ഫോമുകൾ എന്നിവയുടം മാതൃകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിക്കുക.
7. ആവശ്യമായ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടേയും ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ വിളിച്ച് വിവരശേഖരണ നടപടികളുടെ അവലോകനം നടത്തുക.

അദ്ധ്യായം 5

അർഹരായവരുടെ പ്രാഥമിക അതിദരിദ്ര പട്ടിക തയ്യാറാക്കുന്ന പ്രക്രിയ



പങ്കാളിത്തപരമായ ഒരു പ്രക്രിയയിലൂടെയാണ് പ്രാഥമിക അതിദരിദ്രരുടെ പട്ടിക തയ്യാറാക്കേണ്ടത്. വാർഡ് തലത്തിൽ ക്രമീകരിക്കുന്ന സമിതിക്ക് ആകണം ഇതിന്റെ ചുമതല.

മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചതുപോലെ പ്രത്യേകിച്ചും പങ്കാളിത്തപരമായ ഒരു പ്രക്രിയയിലൂടെയാണ് പ്രാഥമിക അതിദരിദ്രരുടെ പട്ടിക തയ്യാറാക്കേണ്ടത്. വാർഡ് തലത്തിൽ രൂപീകരിക്കുന്ന സമിതിക്ക് ആകണം ഇതിന്റെ ചുമതല. താഴെപ്പറയുന്ന ഘട്ടങ്ങളാണ് ഈ പ്രക്രിയക്കായി അവലംബിക്കേണ്ടത്.

5.1. പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രക്രിയ

1. വാർഡ് തല സമിതി ചേർന്ന് ഗ്രൂപ്പ് ചർച്ചയിലൂടെ അതിദരിദ്രരുടെ പട്ടിക പ്രാഥമികമായി തയ്യാറാക്കൽ.
2. വാർഡിലെ വിവിധ സാമൂഹിക സംഘടനകളുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി പട്ടിക തയ്യാറാക്കൽ.
3. കുടുംബശ്രീ പ്രവർത്തകരുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി പട്ടിക തയ്യാറാക്കൽ.
4. വലിയ വാർഡുകൾ, നഗരസഭാ വാർഡുകൾ എന്നിവയെ ക്ലസ്റ്റർ ആക്കി തിരിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ.
5. മറ്റു പട്ടികകളുമായി ചേർത്തുള്ള പരിശോധന - വാർഡിലെ നിലവിലുള്ള അന്ത്യോദയ അന്നയോജന, ഭിന്നശേഷി, പാലിയേറ്റീവ് കെയർ ലിസ്റ്റുകൾ ശേഖരിച്ച് അവയിൽ അതിദരിദ്രരുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ കുടുംബങ്ങളെ മാത്രം ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലും വാർഡ് തല സമിതിയുടെ പട്ടികയിലും പരിഗണിക്കണം.

ആശ്രയ പട്ടികയിൽ ഉൾപ്പെട്ടവരാരും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലും വാർഡ് തല സമിതിയുടെ പട്ടികയിലും വരുന്നില്ല എന്ന് ഉറപ്പാക്കാൻ ആശ്രയ പട്ടിക പരിശോധിക്കണം.

6. പ്രാഥമിക ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിൽ വന്ന പട്ടികകളുടെ ഏകോപനം.
7. വാർഡ്തല സമിതിയുടെ അന്തിമ പരിശോധനയും പട്ടിക തയ്യാറാക്കലും.

5.2. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എങ്ങനെ നടത്തണം

വാർഡ് തലത്തിൽ നടക്കുന്ന വാർഡ് സമിതിയുടെ ഗ്രൂപ്പ് ചർച്ച,

സാമൂഹ്യ സംഘടനകളുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച, കുടുംബശ്രീ പ്രവർത്തകരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച, ക്ലസ്റ്റർ തല ചർച്ച എന്നിവയിൽ പൊതുവിൽ പാലിക്കേണ്ട നിബന്ധനകൾ താഴെപ്പറയുന്നു.

1. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തേണ്ടത്.
2. ചർച്ചാ സ്ഥലത്ത് ആവശ്യത്തിന് സാനിറ്റൈസർ കരുതണം.
3. ആവശ്യമായ വായു സഞ്ചാരവും വെളിച്ചവുമുള്ള മുറികൾ ആകണം തെരഞ്ഞെടുക്കേണ്ടത്
4. പങ്കാളികൾക്ക് ഇരിക്കാനുള്ള കസേരകൾ കരുതണം
5. പങ്കാളികൾ സാമൂഹിക അകലം പാലിച്ച് വൃത്താകൃതിയിൽ ആകണം ഇരിക്കേണ്ടത്.
6. ഇതിനു സൗകര്യപ്രദമായ സ്ഥലമായിരിക്കണം ചർച്ചകൾക്കായി കണ്ടെത്താൻ.
7. 20 പേരിൽ കൂടുതൽ ഒരു ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ വരാതിരിക്കാൻ ശ്രദ്ധിക്കണം.
8. ഏറ്റവും ചുരുങ്ങിയത് 10 പേർ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്താവൂ
9. മാർക്കർ പേന, ചാർട്ട് പേപ്പർ, ചാർട്ട് പേപ്പർ ഒട്ടിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ എന്നിവ ഓരോ സ്ഥലത്തും കരുതണം.
10. മാനദണ്ഡങ്ങൾ ലഘുലേഖയായി വാർഡുതല സമിതിയിലെ ഓരോ അംഗത്തിനും നൽകണം.
11. വാർഡ് തല സമിതിയുടെ നേതൃത്വത്തിൽ ആകണം സംഘാടനം. വാർഡ് സമിതിയുടെ ഓരോ യോഗത്തിലും പങ്കെടുക്കുന്നവർക്ക് മുൻകൂട്ടി അറിയിപ്പ് നൽകി എന്ന് ഉറപ്പാക്കണം.
12. ഫോക്കസ് ഗ്രൂപ്പ് ചർച്ച രണ്ടു മണിക്കൂറിൽ അധികരിക്കരുത്
13. പങ്കെടുക്കുന്നവരുടെ പേര്, മൊബൈൽ നമ്പർ, വിലാസം, ലിംഗം, വയസ്സ്, ഒപ്പ് എന്നിവ രേഖപെടുത്തി രജിസ്ട്രേഷൻ നടത്തണം.
14. ഓരോ ഫോക്കസ് ഗ്രൂപ്പ് ചർച്ചക്ക് ശേഷവും അവിടെ വന്ന അഭിപ്രായങ്ങൾ, ചർച്ചയിലൂടെ തയ്യാറാക്കിയ പട്ടിക, എന്നിവ രേഖപെടുത്തി, മിനിറ്റ്സിൽ അവസാനം വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ ഒപ്പുവയ്ക്കണം.
15. വാർഡിലെ വിവിധ യോഗ നടപടിക്രമങ്ങൾ എഴുതി സൂക്ഷിക്കുന്നതിനു ഒരു മിനിറ്റ്സ് പുസ്തകം ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ സൂക്ഷിക്കണം.
16. ചാർട്ട് പേപ്പർ (അനുബന്ധം 1) വേദിയിൽ കാണാവുന്ന രീതിയിൽ പ്രദർശിപ്പിക്കണം.
17. ആദ്യത്തെ കോളത്തിൽ ബാധകമാകാവുന്ന കുടുംബങ്ങളുടെ പേര് പട്ടികപ്പെടുത്താം തുടർന്ന് രണ്ടാമത്തെ കോളത്തിൽ ബാധകമാകാവുന്ന ഓരോ മാനദണ്ഡവും രേഖപ്പെടുത്താം.ബാധകമായ തീവ്ര/അതിതീവ്ര ക്ലേശ ഘടകങ്ങളുടെ എണ്ണമാണ് രേഖപ്പെടുത്തേണ്ടത്.

5.3. ഗ്രൂപ്പ് ചർച്ച പ്രക്രിയ

1. ആമുഖ അവതരണം – (ഫെസിലിറ്റേറ്റർ) 10 മിനിറ്റ്.
2. ഉള്ളടക്കം
3. ദാരിദ്ര്യത്തിന്റെ ഏറ്റവും തീവ്ര അവസ്ഥയാണ് അതിദാരിദ്ര്യം.
4. ഭക്ഷണം, സുരക്ഷിതമായ താമസസ്ഥലം, ആരോഗ്യ സുസ്ഥിതി, അടിസ്ഥാനവരുമാനം എന്നിവ സംബന്ധിച്ച അവസ്ഥയാണ് ഇത്.
5. ചർച്ചയുടെ ഉദ്ദേശ്യം വാർഡിലെ അതിദരിദ്രരുടെ പ്രാഥമിക കരടു പട്ടിക തയ്യാറാക്കലാണ്.
6. ഇവരിൽ ഭൂരിഭാഗവും അവരുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ കഴിയാത്തവരാണ്. അവരിൽ തന്നെ തെരുവിൽ അലയുന്നവർ, സമൂഹത്തിൽ നിന്ന് വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടവർ, പൊതു സ്ഥലങ്ങളിൽ കഴിയുന്നവർ, വയോജനങ്ങൾ മാത്രം ഉള്ള കുടുംബങ്ങൾ, മാരക രോഗങ്ങൾ മൂലം തൊഴിൽ ശേഷി നഷ്ടപ്പെട്ടവർ എന്നിവർ ഉൾപെടുന്നു
7. ഇത്തരത്തിലുള്ള നിരാലംബരേയും അഗതികളേയും കണ്ടുപിടിച്ച് അവരുടെ ഉന്നമനത്തിനായി

മൈക്രോ പ്ലാൻ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക ചർച്ചയാണ് ഇവിടെ നടക്കുന്നത്.

8. തികച്ചും സുതാര്യമായ ഒരു പ്രക്രിയയാണിത്.
9. ഓരോ മാനദണ്ഡങ്ങളും പരിശോധിച്ചാണ് അതിദരിദ്രരുടെ കരടു പട്ടിക തയ്യാറാക്കുന്നത്
10. ഓരോ മാനദണ്ഡവും വിശദീകരിച്ചതിന് ശേഷം അത് ബാധകമായവരുടെ പേര് പങ്കെടുക്കുന്നവർ പറയണം. അത് പരസ്യമായി ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തും
11. ഇതിൽ രണ്ട് തരം സൂചകങ്ങൾ ഉണ്ട്. ഒന്ന്, അതിതീവ്ര ക്ലേശ ഘടകങ്ങളും, രണ്ടാമത്തേത്, തീവ്ര ക്ലേശ ഘടകങ്ങളും ആണ്
12. ഇതിൽ എതെങ്കിലും ഒരു അതിതീവ്ര ക്ലേശ ഘടകമോ രണ്ട് തീവ്ര ക്ലേശ ഘടങ്ങളോ ലഭിക്കുന്ന ഒരു കുടുംബം ഈ പട്ടികയിൽ ഉൾപ്പെടും
13. ചർച്ചയുടെ അവസാനത്തിൽ കൂടുതൽ മാനദണ്ഡങ്ങൾ ബാധകമായ കുടുംബം ആദ്യവും കുറവ് ലഭിച്ച കുടുംബം അവസാനത്തിലും വരുന്ന തരത്തിൽ ഒരു പട്ടികയാണ് തയ്യാറാക്കേണ്ടത്
14. ചർച്ചയുടെ അവസാനത്തിൽ ഈ പട്ടിക ക്രോഡീകരിച്ച് അവതരിപ്പിക്കും
15. ഈ പട്ടികയിൽ ഉൾപെട്ടവരുടെ വിവരങ്ങൾശേഖരിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള ഒരു സർവേയും ഉണ്ടാകും.
16. ചർച്ചാ പ്രക്രിയ
17. ഫോക്കസ് ഗ്രൂപ്പ് ചർച്ച മുന്നോട്ടു കൊണ്ടുപോകേണ്ടത് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥയോ/നോ ഫെസിലിറ്റേറ്ററോ ആണ്. ചർച്ചയുടെ ആമുഖത്തിന് ശേഷം ഉദ്യോഗസ്ഥ/ൻ, ഫെസിലിറ്റേറ്റർ എന്നിവരിൽ ആരെങ്കിലും മാനദണ്ഡങ്ങൾ ഓരോന്നായി പറയണം.
18. എല്ലാ മാനദണ്ഡവും മനസ്സിലാക്കിയതിനു ശേഷം മാനദണ്ഡങ്ങൾ ബാധകമാകുന്ന കുടുംബങ്ങളുടെ പേര് പറയുകയും അവ ചർച്ച ചെയ്തു അർഹതയുണ്ടെങ്കിൽ ഫെസിലിറ്റേറ്റർ രേഖപ്പെടുത്തുകയും വേണം.
19. ചർച്ചയെ തുടർന്ന് ഉണ്ടാകുന്ന പൊതു ധാരണയുടെ അടിസ്ഥാനത്തിൽ കുടുംബനാഥയുടെ/ നാഥന്റെ പേര്, വിലാസം) ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തണം
20. ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുന്നതിന് ഒരാളെ നിശ്ചയിക്കണം.
21. ഒരു വ്യക്തി മാത്രം കുടുംബം ആകുന്ന ഘട്ടത്തിൽ അയാളുടെ പേരും തിരിച്ചറിയാവുന്ന വിലാസവും രേഖപ്പെടുത്താം.
22. തെരുവിൽ അലയുന്നവർ, സ്ഥിരം സ്ഥലമില്ലാത്തവർ എന്നിവരുടെ കാര്യത്തിൽ തിരിച്ചറിയാവുന്ന സ്ഥലം വിലാസമായി രേഖപ്പെടുത്താം.
23. ചർച്ചകൾക്ക് ശേഷം ചാർട്ട് പേപ്പറിലെ വിവരങ്ങൾ കൂട്ടിച്ചേർത്ത് ഒരു ക്രോഡീകൃത ലിസ്റ്റ് തയ്യാറാക്കണം. (അനുബന്ധം – 1)
24. ആശ, അങ്കണവാടി വർക്കർ, വാർഡിലെ ജനപ്രതിനിധി എന്നിവരുടെ നേതൃത്വത്തിൽ ആകണം ഈ കരടു പട്ടിക തയ്യാറാക്കേണ്ടത്.
25. ഓരോ ചർച്ചയുടേയും അവസാനത്തിൽ ഈ പട്ടിക തയ്യാറാക്കി യോഗത്തിൽ അവതരിപ്പിക്കണം (ചർച്ചയ്ക്ക് സമാന്തരമായി ഒരാൾ ഇത് രേഖപ്പെടുത്തണം)
26. കരടു പട്ടിക തയ്യാറാക്കിയതിനു ശേഷം അതാതു് വാർഡിലെ ജനപ്രതിനിധി പട്ടികയുടെ താഴെ ഒപ്പ് വയ്ക്കേണ്ടതാണ്.

5.4. വിവിധ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ ലക്ഷ്യങ്ങൾ

വാർഡ്തല പ്രാഥമിക ചർച്ച, സാമൂഹിക സംഘടനകളുടെ ചർച്ച, കുടുംബശ്രീ പ്രവർത്തകരുടെ ചർച്ച, ക്ലസ്റ്റർ തല ചർച്ച എന്നിവയ്ക്കും, അന്തിമ വാർഡുതല യോഗത്തിനും വ്യത്യസ്ത ലക്ഷ്യങ്ങളാണ് ഉണ്ടാവുക.

പ്രാഥമിക വാർഡ് തല യോഗം

- വാർഡിൽ അതിദരിദ്ര പട്ടികയിൽ വരാൻ സാധ്യതയുള്ളവരുടെ വാർഡ് തല പട്ടിക തയ്യാറാക്കുക.
- വാർഡിലെ മറ്റ് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ആസൂത്രണം ചെയ്യുക.
- അതിദരിദ്രർക്കായി വരുന്ന പുതിയ പദ്ധതി വിശദീകരിക്കുക.

കുടുംബശ്രീ / സാമൂഹിക സംഘടന ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

- തങ്ങളുടെ അറിവിൽ നിന്ന് കൊണ്ട് വാർഡിൽ വരുന്ന അതിദരിദ്രരെ കണ്ടെത്തുക.
- അതിദരിദ്രരുടെ പട്ടിക തയ്യാറാക്കുക.
- ആരും ഉൾപ്പെടാതെ പോകുന്നില്ല എന്ന് ഉറപ്പാക്കുക.

ക്ലസ്റ്റർ തല യോഗങ്ങൾ

- വലിയ വാർഡിനകത്തെ/നഗരത്തിലെ ക്ലസ്റ്ററിൽ (250-300 വീടുകൾ) ഉൾപ്പെടുന്ന അതിദരിദ്രരെ കണ്ടെത്തുക.
- അതിദരിദ്രരുടെ ക്ലസ്റ്റർതല പട്ടിക തയ്യാറാക്കുക
- എസ്.ടി. മേഖലകളിൽ ഒറ്റപ്പെട്ട മേഖലകളിൽ ഊരു തലത്തിലോ കുറച്ച് ഊരുകൾ ചേർന്ന് ക്ലസ്റ്റർ ആയോ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്താവുന്നതാണ്.

വാർഡ്തല സമിതി രണ്ടാം യോഗം

- വാർഡ് തല സമിതി, സാമൂഹിക സംഘടന, കുടുംബശ്രീ, ക്ലസ്റ്റർതല ചർച്ചകൾ എന്നിവയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രാഥമിക അതിദരിദ്രരുടെ പട്ടിക തയ്യാറാക്കുക.
- ഈ പട്ടികയെ, അന്ത്യോദയ അന്നയോജന, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ എന്നിവരുടെ പട്ടികയുമായി താരതമ്യം ചെയ്ത് അവയിലെ അതിദരിദ്രർ ആരും തന്നെ ഈ പട്ടികയിൽനിന്ന് വിട്ടുപോയിട്ടില്ല എന്ന് ഉറപ്പാക്കുക. ഈ പട്ടികയിലെ കുടുംബങ്ങളിൽ മാനദണ്ഡപ്രകാരം ബാധകമാവുന്നവരെ മാത്രം ഉൾപ്പെടുത്തുക.
- ആശ്രയ പട്ടികയിൽ ഉൾപ്പെട്ടവരാരും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് പരിശോധിക്കുക
- പങ്കാളിത്ത ചർച്ചയിലൂടെ അതിദരിദ്രരുടെ സാധ്യതാ പട്ടികയ്ക്ക് രൂപംനൽകി മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ രേഖപ്പെടുത്തുക

5.5. ഫോക്കസ് ഗ്രൂപ്പ് ചർച്ചാ സൂചകങ്ങൾ

ഫോക്കസ് ഗ്രൂപ്പ് ചർച്ചയ്ക്ക് ഉപയോഗിക്കാവുന്ന അതിതീവ്ര ക്ലേശ ഘടകങ്ങൾ, തീവ്ര ക്ലേശ ഘടകങ്ങൾ എന്നിവ അദ്ധ്യായം 2 ലെ പട്ടിക-1 പട്ടിക-2 പട്ടിക-3 എന്നിവയിൽ നൽകിയിട്ടുണ്ട്. അതുപോലെ സൂചകങ്ങളുടെ വിശദീകരണ കുറിപ്പുകൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്.

5.6. ഗ്രൂപ്പ് ചർച്ചാ / ഫോക്കസ് ഗ്രൂപ്പ് ചർച്ചാ ചെക്ക് ലിസ്റ്റ്

1. **അഞ്ച് ചാർട്ട് പേപ്പറുകൾ**
2. **പലനിറത്തിലുള്ള മാർക്കർ പേനകൾ**
3. **അച്ചടിച്ച മാനദണ്ഡങ്ങൾ**
4. **പങ്കാളികൾക്ക് നൽകാനുള്ള വെള്ള കടലാസും പേനയും**
5. **പങ്കെടുക്കുന്നവർക്ക് വട്ടത്തിൽ ഇരിക്കുന്നതിനുള്ള കസേരകൾ**
6. **പങ്കെടുക്കുന്നവർക്ക് നൽകാൻ കഴിയുന്നത്ര അളവിൽ സാനിറ്റൈസർ**
7. **പങ്കെടുക്കുന്നവർക്ക് അകലം പാലിച്ച് ഇരിക്കാൻ കഴിയുന്ന വായുസഞ്ചാരമുള്ള മുറി**

അദ്ധ്യായം 6

എന്യൂമറേറ്റർ തെരഞ്ഞെടുപ്പ്, പരിശീലനം, വിവരശേഖരണം



പ്ലസ് ടു വിദ്യാഭ്യാസം എങ്കിലും ഉള്ള, മൊബൈൽ ആപ്പ് ഉപയോഗിക്കാൻ കഴിയുന്ന സാമൂഹിക പ്രതിബദ്ധതയുള്ളവർ ആകണം എന്യൂമറേറ്റർമാർ.

മാനദണ്ഡപ്രകാരം ഉള്ള സൂചകങ്ങൾ പലതും ആത്മനിഷ്ഠ സ്വഭാവം (subjective) ഉള്ളത് ആയതിനാൽ എന്യൂമറേറ്റർമാരുടെ കൃത്യമായ നിരീക്ഷണവും, വ്യക്തിപരമായ പ്രയോഗവും അതിദരിദ്രരെ കണ്ടെത്തുന്നതിന് പരമ പ്രധാനം ആണ്. വിവരശേഖരണത്തിനുള്ള ചോദ്യാവലി ഒറ്റ നോട്ടത്തിൽ വളരെ ലളിതമാണെങ്കിലും, ഓരോ ചോദ്യത്തിനും വളരെ വിപുലമായ വിശദീകരണങ്ങൾ ഉണ്ട്. പലതും സങ്കീർണ്ണമാണ്. അതിനാൽ തന്നെ ഓരോ ചോദ്യത്തിന്റേയും വിശദീകരണ കുറിപ്പുകൾ അതാത് സമയത്ത് നോക്കി, വീടുകളുടെ സാഹചര്യങ്ങളും, യഥാർത്ഥ സ്ഥിതിയും മനസ്സിലാക്കി ഉത്തരങ്ങൾ രേഖപ്പെടുത്തുക എന്ന വിപുലമായ ചുമതലയാണ് എന്യൂമറേറ്റർമാർക്ക് നിർവ്വഹിക്കാൻ ഉള്ളത്. നേരിട്ട് ശേഖരിക്കുന്നതിനൊപ്പം പല വിവരങ്ങളും, മറ്റു രേഖകൾ വഴിയോ, അയൽപക്ക അന്വേഷണങ്ങൾ വഴിയോ പുനപരിശോധനക്ക് വിധേയമാക്കേണ്ടി വരും. വിവരങ്ങൾ ശേഖരിക്കുന്നത് ഓൺലൈൻ സംവിധാനത്തിൽ ആയതിനാൽ അതിനാവശ്യമായ അടിസ്ഥാന വിദ്യാഭ്യാസവും സാങ്കേതിക ജ്ഞാനവും എന്യൂമറേറ്റർമാർക്ക് ഉണ്ടാവുക എന്നത് പ്രധാനമാണ്. ആവശ്യമായ പരിശീലനം നൽകുമെങ്കിലും വ്യക്തിപരമായി ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നവർ ആകണം എന്യൂമറേറ്റർമാർ. ചുരുക്കത്തിൽ ഈ പദ്ധതിയുടെ വിജയത്തിന് വളരെ നിർണ്ണായകമായ പങ്ക് വഹിക്കേണ്ടവരാണ് എന്യൂമറേറ്റർമാർ.

മറ്റു വിവരശേഖരണ പ്രക്രിയകളിൽ നിന്ന് വിഭിന്നമായി എന്യൂമറേറ്റർമാർ നേരിട്ട് വീട്ടുകാരോട് ചോദ്യങ്ങൾ ചോദിച്ച് വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്ന രീതി മാത്രമല്ല ഈ വിവരശേഖരണ പ്രക്രിയയിൽ അവലംബിക്കുന്നത്. ഇതിനാൽ മുകളിൽ സൂചിപ്പിച്ച രീതിയിൽ നേരിട്ടല്ലാത്ത വസ്തുതാ ശേഖരണവും പ്രസക്തമാണ്. ഇതിനാൽ തന്നെ ഈ വിവരശേഖരണ പ്രക്രിയയിൽ എന്യൂമറേറ്റർ തെരഞ്ഞെടുപ്പ് എന്നത് വളരെ സൂക്ഷമതയോടെ, പ്രത്യേക മുൻധാരണകളോ, തെരഞ്ഞെടുക്കപ്പെട്ടവരുടെ താല്പര്യങ്ങളോ ബാധിക്കാതെ ശ്രദ്ധയോടെ ചെയ്യേണ്ട ഒന്നാണ്.

6.1. എന്യൂമറേറ്റർമാരെ തെരഞ്ഞെടുക്കൽ

ഈ വിവരശേഖരണ പ്രക്രിയയിൽ എന്യൂമറേഷൻ ടീം പൂർണ്ണമായും സന്നദ്ധ പ്രവർത്തനമാണ് നടത്തുന്നത്. ഇത് സാമൂഹ്യ ഉത്തരവാദിത്തോടെയും സ്വയം താല്പര്യത്തോടെയും നിർവഹിക്കേണ്ട ഒരു പ്രവർത്തനമാണ്. വാർഡ് തലത്തിൽ ആണ് എന്യൂമറേറ്റർമാർ പ്രവർത്തിക്കേണ്ടത്. വലിയ വാർഡുകളിലോ, നഗരസഭാ വാർഡുകളിലോ, കുടുംബങ്ങളുടെ എണ്ണം കൂടുതൽ ആണെങ്കിൽ ഒന്നിലധികം എന്യൂമറേറ്റർ ടീമുകളെ അതാത് ഭരണ സമിതിയും തദ്ദേശ സ്ഥാപനതല ജനകീയ സമിതിയും ചേർന്ന് തീരുമാനിക്കാവുന്നതാണ്.

എല്ലാ വർഡിലെയും എന്യൂമറേറ്റർ ടീമുകളിലെ രണ്ട് സന്നദ്ധ പ്രവർത്തകരിൽ ഒരാൾ നിർബന്ധമായും സ്ത്രീ ആയിരിക്കണം.

മേൽ സൂചിപ്പിച്ച പ്രകാരം ഓരോ വാർഡിലും മൂന്നു പേരടങ്ങുന്ന എന്യൂമറേറ്റർ സംഘമാണ് ഉണ്ടാകേണ്ടത്. ഓരോ വാർഡിലും മൂന്നു പേരടങ്ങുന്ന ടീമിൽ ഒരാൾ തദ്ദേശ സ്വയം ഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ/ൻ ആകണം. തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ നേരിട്ടു വരുന്ന ഉദ്യോഗസ്ഥരെയോ, കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയോ ഭരണ സമിതി തീരുമാനപ്രകാരം ഈ ചുമതലകൾ ഏൽപ്പിക്കാം. വാർഡിലെ വിവരശേഖരണത്തിന്റെ ഏകോപനവും, ചുമതലയും ഈ ഉദ്യോഗസ്ഥർക്ക് ആയിരിക്കും. വിവരശേഖരണ പ്രക്രിയയുടെ പ്രാഥമിക മോണിറ്ററിംഗ് ചുമതല എന്യൂമറേഷൻ ടീമിന്റെ ഭാഗമായ ഉദ്യോഗസ്ഥ/ൻ ആണ്. ഉദ്യോഗസ്ഥ/ന്റെ അനുമതിയോടു കൂടി മാത്രമേ ഓരോ കുടുംബത്തിന്റേയും വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നത് പൂർണ്ണമാകൂ. അപ് ലോഡ് ചെയ്യുന്നതിന് മുൻപ് വാർഡ് തല ഉദ്യോഗസ്ഥർ അവശ്യം വേണ്ട വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കണം.

6.2. എന്യൂമറേറ്റർമാരെ എങ്ങനെ തെരഞ്ഞെടുക്കാം

പ്ലസ് ടു വിദ്യാഭ്യാസം എങ്കിലും ഉള്ള, മൊബൈൽ ആപ് ഉപയോഗിക്കാൻ കഴിയുന്ന സാമൂഹിക പ്രതിബദ്ധതയുള്ളവർ ആകണം എന്യൂമറേറ്റർമാർ.

ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നിൽക്കുന്ന കോളേജുകൾ, യൂണിവേഴ്സിറ്റികൾ, എൻ. എസ്. എസ്, എൻ. സി. സി വളണ്ടിയർമാർ, ആർ. ആർ. ടി ടീമുകൾ എന്നിവയിൽ നിന്ന് സന്നദ്ധരായവരെ വളണ്ടിയർമാരായി തെരഞ്ഞെടുക്കാം. ആശ പ്രവർത്തകരേയും ആവശ്യമാണെങ്കിൽ ഉൾപ്പെടുത്താം. ഓരോ തദ്ദേശ സ്ഥാപനത്തിനും അകത്തുള്ള സ്ഥാപനങ്ങളുമായി തദ്ദേശ സ്ഥാപന തല സമിതി ബന്ധപ്പെട്ട് സന്നദ്ധ പ്രവർത്തകരെ ലഭ്യമാക്കണം. സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യപ്പെട്ട് കൊണ്ടുള്ള അഭ്യർത്ഥനകൾ വഴിയും എന്യൂമറേറ്റർമാരുടെ രജിസ്ട്രേഷൻ നടത്താം. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും സന്നദ്ധ പ്രവർത്തകർക്ക് രജിസ്റ്റർ ചെയ്യാവുന്ന ഒരു ഗൂഗിൾ ഫോം തയ്യാറാക്കി തദ്ദേശ സ്ഥാപന തലത്തിലുള്ള വിവിധ വാട്സ് ആപ്പ് / സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ വഴി പ്രചരിപ്പിക്കാം (മാതൃക ഫോം: അനുബന്ധം 4). രജിസ്ട്രേഷന് ഒരു നിശ്ചിത ദിവസം വരെ സമയം നൽകാം.

തദ്ദേശ സ്വയംഭരണ സ്ഥാപന തല ജനകീയ സമിതി സന്നദ്ധ പ്രവർത്തകരുടെ അപേക്ഷകൾ പരിശോധിച്ച് അവരുടെ പട്ടിക തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിക്ക് സമർപ്പിക്കണം.

സന്നദ്ധ പ്രവർത്തകരുടെ താല്പര്യവും, യോഗ്യതകളും അല്ലാതെ മറ്റു താല്പര്യങ്ങൾ ഈ തെരഞ്ഞെടുപ്പിനെ ബാധിക്കില്ല എന്ന് ഉറപ്പാക്കണം.

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയിൽ തിരഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകരെ നിയമിച്ചു കൊണ്ടുള്ള ഉത്തരവ് തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർ പുറത്തിറക്കുകയും അവരുടെ വിവരങ്ങൾ എം.ഐ.എസ് പ്ലാറ്റ് ഫോമിൽ ലഭ്യമാക്കുകയും വേണം.

സാധാരണ വിവരശേഖരണ പ്രക്രിയയുടെ പരിശീലനത്തിൽ നിന്ന് വ്യത്യസ്തമായി പങ്കാളിത്ത പൂർണ്ണമായ പരിശീലനം എന്യൂമറേഷൻ ടീമിന് നൽകും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വിവരശേഖരണ പ്രക്രിയയിൽ പങ്കെടുക്കുന്നവർക്ക് സംസ്ഥാന നോഡൽ ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇത് ഓൺലൈനിൽ ലഭ്യമാക്കും.

6.3. വിവരശേഖരണ പ്രക്രിയയുടെ നടത്തിപ്പ്

മൊബൈൽ ആപ്പ് ഉപയോഗിച്ചായിരിക്കും വിവരശേഖരണം നടത്തുക. വിവരശേഖരണം നടത്തുന്ന കുടുംബങ്ങളുടെ ഭൂമിശാസ്ത്ര ലൊക്കേഷൻ രേഖപ്പെടുത്തുന്നതിനുള്ള (Geo tagging) സംവിധാനങ്ങൾ മൊബൈൽ ആപ്പിൽ ഉണ്ട്.

ഓരോ ചോദ്യവും എങ്ങനെ രേഖപ്പെടുത്തണം എന്നത് എന്യൂമറേറ്റർ പരിശീലനത്തിൽ വിശദമാക്കും. ആണോ/അല്ലയോ (Yes/No) എന്ന ഉത്തര രീതിയായിരിക്കും വിവരശേഖരണത്തിൽ പൊതുവായി അവലംബിക്കുക. അവശ്യ ഘട്ടങ്ങളിൽ റിമാർക്സ് രേഖപ്പെടുത്താനുള്ള ഇടങ്ങൾ വിവരശേഖരണ ആപ്പിൽ ഉണ്ടായിരിക്കും. വിവരശേഖരണം നടത്തേണ്ട കുടുംബങ്ങളുടെ പട്ടിക എം.ഐ.എസ്. വഴി ലഭ്യമാക്കും വിവരശേഖരണം നടത്തുന്ന സമയത്ത് വിവരങ്ങൾ രേഖപ്പെടുത്താൻ ഓരോ എന്യൂമറേറ്റർമാർക്കും ഓരോ പ്രവേശന നമ്പർ (log in ID) ഉണ്ടാകും.

എന്യൂമറേറ്റർമാർ രേഖപ്പെടുത്തുന്ന വിവരങ്ങൾ, അതത് വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് എം.ഐ.എസ്. വഴി അംഗീകരിച്ചാൽ മാത്രമേ കുടുംബത്തിന്റെ വിവര ശേഖരണം പൂർത്തിയാകൂ.

1. എന്യൂമറേറ്റർമാർ ഓരോ വീടും നിർബന്ധമായും സന്ദർശിച്ച് ഫോം പ്രകാരമുള്ള വിവരങ്ങൾ നേരിട്ടും, രേഖകൾ പരിശോധിച്ചും, പ്രാദേശിക അന്വേഷണത്തിലൂടെയും മൊബൈൽ ആപ്പിൽ രേഖപ്പെടുത്തണം. ഉദാഹരണം :
   a. നേരിട്ട് ചോദിക്കാവുന്നത്
      - സാമൂഹിക വിഭാഗം
   b. രേഖകൾ പരിശോധിക്കാവുന്നത്
      - റേഷൻ കാർഡ് വിഭാഗം
      - അംഗൻവാടി രേഖകൾ പ്രകാരം തീവ്ര പോഷക ദാരിദ്ര്യം ഉള്ള കുട്ടികൾ ഉള്ള കുടുംബമാണോ (അംഗൻവാടി രേഖകൾ പരിശോധിച്ച് ഉറപ്പാക്കുക)
   c. പുറമെ നിന്നുള്ള അന്വേഷണങ്ങളിലൂടെ മനസ്സിലാക്കാവുന്നത്
      - വാർദ്ധക്യത്തിന്റെ തീവ്രത
      - മുഖ്യ വരുമാനദായക/ൻ മരിച്ചു പോയ/ ഉപേക്ഷിച്ചു പോയ കുടുംബമാണോ
2. വിവരശേഖരണത്തിനു വേണ്ടി തയ്യാറാക്കിയ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളെ വാർഡ് തല സമിതി വിവരശേഖരണത്തെപ്പറ്റിയും എന്യൂമറേറ്റർമാർ വരുന്ന സമയത്തെപ്പറ്റിയും മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഫലപ്രദമായി വിവരശേഖരണം നടത്താൻ ഇത്

സഹായകമാകും.

3. വിവരശേഖരണത്തിനു എത്തുമ്പോൾ കൃത്യമായ വിവരം നൽകാവുന്ന മുതിർന്ന കുടുംബാംഗം സ്ഥലത്തില്ലെങ്കിൽ പിന്നീട് എത്തി വിവരശേഖരണം പൂർത്തിയാക്കണം.
4. പൂർണ്ണമായ വിവരങ്ങൾ ലഭിച്ചശേഷം മാത്രമെ ജിയോ ടാഗിങ്ങ് നടത്താവൂ.
5. പട്ടിക വർഗ്ഗ കുടുംബങ്ങൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഭാരം/ ഉയരം എന്നിവ അളക്കുന്നതിനുള്ള ഉപകരണങ്ങൾ തദ്ദേശ സ്ഥാപന തല ജനകീയ സമിതി നൽകും. ഈ വിവരങ്ങൾ എല്ലാ മുതിർന്ന കുടുംബാംഗങ്ങളിൽ നിന്നും ശേഖരിക്കണം. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കാര്യത്തിൽ ഒരാളുടെയെങ്കിലും, ഉയരം, തൂക്ക വിവരങ്ങൾ ലഭ്യമായില്ല എങ്കിൽ രണ്ടാമത് വന്ന് അത് ശേഖരിച്ച ശേഷമേ വിവരശേഖരണം പൂർത്തിയാക്കാൻ കഴിയൂ.
6. അതിതീവ്ര പോഷണ ദാരിദ്ര്യം ഉള്ള പട്ടിക വർഗ്ഗ കുട്ടികളുടെ വിവരങ്ങൾ എന്യൂമറേറ്റർമാർ അതാത് അങ്കണവാടിയിൽ നിന്ന് മുൻകൂട്ടി ശേഖരിക്കണം.
7. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കാര്യത്തിൽ നിർബന്ധമായും മുതിർന്ന അംഗങ്ങൾ മുഴുവൻ കുടുംബത്തിൽ ഉണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം വേണം വിവരശേഖരണം നടത്താൻ.
8. പട്ടിക വർഗ്ഗ കുടുംബങ്ങളിലെ സ്ത്രീ അംഗങ്ങളുടെ ഉയര, തൂക്ക വിവരങ്ങൾ ശേഖരിക്കേണ്ടത് സ്ത്രീ എന്യൂമറേറ്റർമാർ തന്നെ ആയിരിക്കണം.
9. വിവരങ്ങൾ ശേഖരിക്കുന്ന ഇടങ്ങളിൽ മൊബൈൽ നെറ്റ് വർക്ക് ഇല്ലെങ്കിൽ നെറ്റ് വർക്ക് ഉള്ള ഇടങ്ങളിൽ വന്നതിന് ശേഷമേ വിവരങ്ങൾ അപ്പ് ലോഡ് ചെയ്യാവൂ
10. ചേർക്കുന്ന വിവരങ്ങൾ എം.ഐ.എസ്. ൽ വിജയകരമായി രേഖപ്പെടുത്തി എന്ന് ടീം ഉറപ്പ് വരുത്തേണ്ടതുണ്ട്.

6.4. വിവരശേഖരണ പ്രക്രിയയുടെ മോണിറ്ററിംഗും സൂപ്പർ ചെക്കിംഗും

6.4.1 സൂപ്പർ ചെക്കിംഗ്

വിവരശേഖരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ഉറപ്പാക്കാൻ ഓരോ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപറേഷൻ തലത്തിലും രണ്ട് പേർ വീതമുള്ള അഞ്ച് മുതൽ പത്ത് വരെയുള്ള സൂപ്പർ ചെക്കിംഗ് സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. ഇതിന്റെ ചുമതല ബ്ലോക്ക് തലത്തിൽ ബി.ഡി.ഒ മാർക്കും കോർപറേഷൻ/മുനിസിപ്പാലിറ്റി തലത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടർക്കും ആയിരിക്കും. സൂപ്പർ ചെക്കിംഗ് സംഘങ്ങളുടെ എണ്ണം അപര്യാപ്തമാണെന്ന് ജില്ലാ നിർവഹണ സമിതിക്ക് ബോധ്യമാവുന്ന പക്ഷം ആവശ്യാനുസരണം തീരുമാനം എടുക്കാവുന്നതാണ്.

തദ്ദേശ സ്ഥാപന തലത്തിൽ ഓരോ വാർഡുകളിലും വിവരശേഖരണ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ പട്ടികയിൽ നിന്ന് സൂപ്പർ ചെക്കിംഗിനായി 20 ശതമാനം കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുക്കണം. സൂപ്പർ ചെക്കിംഗ് നടത്തിയ കുടുംബങ്ങളിലെ വിവരങ്ങളും, വിവരശേഖരണ വിവരങ്ങളും തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ ഈ സമിതി അത് ഒന്നുകൂടി പരിശോധിക്കണം. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ വിവരശേഖരണ വിവരങ്ങൾ വിവരശേഖരണ ടീമുമായി ചർച്ച ചെയ്ത് വ്യക്തത വരുത്തിയതിന് ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സൂപ്പർ ചെക്കിംഗ് സംഘത്തിന് അവകാശമുണ്ട്. സൂപ്പർ ചെക്കിംഗ് സംഘങ്ങളുടെ രൂപീകരണവും ഘടനയും മറ്റ് പ്രവർത്തനങ്ങളും നടത്തേണ്ടത് സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന വിധത്തിൽ ആയിരിക്കും.

20 ശതമാനം വരുന്ന കുടുംബങ്ങളുടെ റാൻഡം പട്ടിക എം.ഐ.എസിൽ നിന്ന് ലഭ്യമാക്കും. കൂടാതെ, ഗ്രാമസഭകളിൽ വരുന്ന പരാതികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പരാതികളും അതത് നോഡൽ ഓഫീസർമാർ ഭരണ സമിതി തീരുമാന പ്രകാരം സൂപ്പർ ചെക്കിംഗ്

സംഘങ്ങൾക്ക് നൽകേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളുടെ വസ്തുതാ വിവര റിപ്പോർട്ട് സൂപ്പർ ചെക്കിംഗ് സംഘം അതത് നോഡൽ ഓഫീസർക്ക് നൽകണം.

സൂപ്പർ ചെക്കിംഗ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കണം.

തെരഞ്ഞെടുത്ത 20 ശതമാനം വീടുകളിൽ രണ്ടാമത് വിവരശേഖരണ പ്രക്രിയ ആവർത്തിക്കുക എന്നതാണ് സൂപ്പർ ചെക്കിംഗ് സംഘം ചെയ്യേണ്ടത്. സൂപ്പർ ചെക്കിംഗിന് ശേഷം തദ്ദേശ സ്ഥാപന തലത്തിൽ ഉൾപ്പെടുന്ന സൂപ്പർ ചെക്കിംഗ് ഫോമുകൾ എം.ഐ.എസിൽ അപ് ലോഡ് ചെയ്യണം.

പ്രാഥമിക വിവരശേഖരണവും, സൂപ്പർ ചെക്കിംഗിലൂടെ കണ്ടെത്തിയ വിവരങ്ങളും തമ്മിൽ വ്യത്യാസം വരുന്ന ഘട്ടത്തിൽ (മാനദണ്ഡങ്ങളിൽ) അന്തിമ വിവരശേഖരണമായി സൂപ്പർ ചെക്കിംഗ് സംഘത്തിന്റെ വിവരശേഖരണം കണക്കാക്കപ്പെടും. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട കുടുംബങ്ങളിലെ സൂപ്പർ ചെക്കിംഗ് ഫലമായിരിക്കും അന്തിമ പട്ടികയിൽ ഉൾപ്പെടുക.

6.5. ഹെൽപ്പ് ഡെസ്ക്

പ്രക്രിയയുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന, ജില്ലാതലങ്ങളിൽ പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാർ, ജനകീയാസൂത്രണ സംസ്ഥാന തല പ്രവർത്തകർ, എം.ഐ.എസ് വികസിപ്പിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ, സംസ്ഥാന നോഡൽ ഓഫീസിലെ ഒരംഗം, ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർമാർ എന്നിവർ അടങ്ങിയ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കും. സംസ്ഥാന തലത്തിൽ നോഡൽ ഓഫീസറും, ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറും ഇവയുടെ കൺവീനർ ആയി പ്രവർത്തിക്കും.

45 കില

അദ്ധ്യായം 7

അന്തിമ പട്ടിക തയ്യാറാക്കൽ

അന്തിമമായി ഭരണസമിതി അംഗീകരിച്ച അതിദരിദ്രരുടെ പട്ടിക എം.ഐ.എസിലും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വൈബ് സൈറ്റിലും പൊതു സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കണം.

അന്തിമ പട്ടിക തയ്യാറാക്കുന്ന ചുമതല തദ്ദേശ സ്ഥാപനതല ജനകീയ സമിതിയിൽ നിക്ഷിപ്തമാണ്. വിവരശേഖരണത്തിന് ശേഷം അപ് ലോഡ് ചെയ്ത കുടുംബങ്ങളുടെ വിവരങ്ങൾ ഉപയോഗിച്ച് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്) വഴി വാർഡ് തലത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികകൾ ലഭ്യമാകും.

7.1. വാർഡ്/ഗ്രാമസഭകളിൽ അംഗീകാരം നൽകൽ

തദ്ദേശ സ്ഥാപനതല സമിതികൾ എം.ഐ.എസിൽ നിന്നും ശേഖരിച്ച വാർഡ് തല പട്ടികകൾ ഭരണ സമിതിയുടെ പ്രാഥമിക അംഗീകാരത്തിനു ശേഷം വാർഡ് തല സമിതികൾക്ക് നൽകണം. ഇതോടൊപ്പം, ഈ പട്ടികകൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഒപ്പിട്ട് പൊതു ഇടങ്ങളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിലും പ്രദർശിപ്പിക്കണം. ഈ കരട് പട്ടിക പ്രത്യേകമായി വിളിച്ചു ചേർക്കുന്ന വാർഡ്/ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

ഇത്തരത്തിൽ വാർഡ്/ഗ്രാമസഭകളിൽ അംഗീകാരം നേടിയ പട്ടിക, തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അടുത്ത യോഗത്തിൽ അംഗീകരിക്കാം.

7.2. പരാതി പരിഹാര സംവിധാനം

പ്രസിദ്ധീകരിച്ച കരട് പട്ടികകളിൽ ഉള്ള പരാതികൾ നൽകുന്നതിന് ഏഴ് ദിവസത്തെ സമയം നൽകേണ്ടതാണ്. ഏഴ് ദിവസത്തിനു ശേഷം പ്രത്യേക ഗ്രാമ/വാർഡ് സഭകൾ ചേർന്ന് പട്ടികകൾ അവതരിപ്പിക്കുകയും ലഭിച്ച പരാതികൾ ചർച്ചയ്ക്കായി വയ്ക്കുകയും ചെയ്യാം. മുകളിൽ നിർദ്ദേശിച്ച പ്രത്യേക ഗ്രാമ/വാർഡ് സഭകളിൽ ആയിരിക്കണം ഈ പ്രക്രിയകൾ നടക്കേണ്ടത്. ഗ്രാമ/വാർഡ് സഭകളിലും പരാതികൾ ഉന്നയിക്കുന്നതിനും അവതരിപ്പിക്കുന്നതിനും അവസരം നൽകണം. ഗ്രാമ/വാർഡ് സഭകൾ ഓരോ പരാതിയും വിശദമായി ചർച്ച ചെയ്ത് കഴിയാവുന്നത്ര പരാതികൾക്ക് ഇവിടെ തന്നെ വ്യക്തത വരുത്താം. ഇത്തരത്തിൽ വാർഡ്/ഗ്രാമസഭകളിൽ അംഗീകാരം നേടിയ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനതല

ഭരണ സമിതിയുടെ അംഗീകാരത്തിനായി വിടാം. അവശേഷിക്കുന്ന പരാതികൾ വാർഡ്/ ഗ്രാമസഭയുടെ ശുപാർശ സഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഉപസമിതി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. പരിശോധിച്ച് പരിഹരിക്കാൻ കഴിയാത്ത പരാതികൾ സൂപ്പർ ചെക്കിംഗ് സംഘത്തിന് വിടാം.

സൂപ്പർ ചെക്കിംഗ് സംഘം എടുക്കുന്ന തീരുമാനത്തിൽ പരാതി ഉണ്ടെങ്കിൽ ജില്ലാതലത്തിലും അതിനു ശേഷം സംസ്ഥാന തലത്തിലും ഉള്ള പരാതിപരിഹാര സമിതികൾക്ക് ഓൺലൈൻ ആയോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

സൂപ്പർ ചെക്കിംഗ് സംഘത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി യോഗം ചേർന്ന് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള അതിദരിദ്ര പട്ടിക അംഗീകരിക്കാം. പിന്നീട് ജില്ലാ സംസ്ഥാന സമിതികളുടെ പരാതി പരിഹാര തീരുമാനത്തിന്റെ ഭാഗമായി ചേർക്കുന്നതിനോ ഒഴിവാക്കുന്നതിനോ വരുന്ന പേരുകൾ തുടർ പട്ടികയായി നൽകിയാൽ മതിയാകും. പ്രത്യേക ഗ്രമസഭകൾ അംഗീകരിച്ച പട്ടികകൾക്ക് ശേഷം വാർഡ് തല പട്ടികയിൽ വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തി അന്തിമ പട്ടിക പിന്നീട് നടക്കുന്ന ഗ്രാമ സഭകളിൽ അവതരിപ്പിച്ച് സ്ഥിരീകരണം നേടിയാൽ മതിയാവും.

സംസ്ഥാന തലത്തിൽ സംസ്ഥാന നോഡൽ ഓഫീസറുടേയും, ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം ചുമതലയുള്ള പ്രോജക്ട് ഡയറക്ടറുടേയും നേതൃത്വത്തിൽ പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കും.

7.3. അന്തിമ പട്ടിക - അംഗീകാരവും പ്രസിദ്ധീകരിക്കലും

വാർഡ്/ഗ്രാമസഭകൾ, തദ്ദേശ സ്ഥാപന തല ഉപസമിതികൾ, സൂപ്പർ ചെക്കിംഗ് എന്നിവയിലൂടെ നടക്കുന്ന പരാതി പരിഹരത്തിന് ശേഷം ഉണ്ടകുന്ന പട്ടിക അന്തിമ പട്ടികയായി പരിഗണിച്ച് ഭരണ സമിതി അംഗീകാരം നൽകാവുന്നതും നോഡൽ ഓഫീസർമാർ ഒപ്പിട്ട് എം. ഐ. എസിലും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വൈബ് സൈറ്റിലും പൊതു സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കാവുന്നതാണ്. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാം.

ജില്ല/ സംസ്ഥാന തലങ്ങളിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കേണ്ട/ ഒഴിവാക്കേണ്ട പേരുകൾ പിന്നീട് തുടർ പട്ടികയായി നൽകിയാൽ മതിയാകും.

അനുബന്ധങ്ങൾ

അനുബന്ധം – 1

ചാർട്ട് പേപ്പർ ഫോർമാറ്റ് •/ വാർഡുതല ചർച്ച/ ഫോക്കസ് ഗ്രൂപ്പ് ചർച്ച കരട് പട്ടിക ക്രോഡീകരണ ഫോർമാറ്റ്

ജില്ല : ബ്ലോക്ക് : ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ : വാർഡ് / ഡിവിഷൻ നമ്പർ : തിയ്യതി:

ഗ്രൂപ്പ് ചർച്ച: വാർഡ് സമിതി/ ഫോക്കസ് ഗ്രൂപ്പ് 1/ ഫോക്കസ് ഗ്രൂപ്പ്2

ക്ര നം.	കുടുംബനാഥ / നാഥൻ / താമസ സ്ഥലം ഇല്ലാതെ അലയുന്ന വ്യക്തിയുടെ പേര്	ലിംഗം	വാസസ്ഥലം / കണ്ടെത്തിയ പ്രദേശം	അതിദാരിദ്ര്യത്തിന്റെ പൊതുഘടകം (•ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം)								പ്രത്യേകസാമൂഹികവിഭാഗം (•ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം)				സാമൂഹിക ദുർബലത അനുഭവിക്കുന്ന വിഭാഗം (•ബാധകമായ ക്ലേശഘടകങ്ങളുടെ എണ്ണം)		
				ഭക്ഷണ ലഭ്യത ഇല്ലാത്ത കുടുംബം		ആരോഗ്യപരമായ കാരണങ്ങളാൽ ആസ്തി നഷ്ടപ്പെട്ട കുടുംബം		സ്ഥിരമായ വരുമാനം ഇല്ലാതെ കഷ്ടപ്പെടുന്ന കുടുംബം		സ്ഥിരമായ വാസസ്ഥലം ഇല്ലാതെ അലയുന്ന കുടുംബം								
				അതിതീവ്ര ക്ലേശഘടകം	തീവ്ര ക്ലേശഘടകം	അതിതീവ്ര ക്ലേശഘടകം	തീവ്ര ക്ലേശഘടകം	അതിതീവ്ര ക്ലേശഘടകം	തീവ്ര ക്ലേശഘടകം	അതിതീവ്ര ക്ലേശഘടകം	തീവ്ര ക്ലേശഘടകം	പട്ടിക വർഗ്ഗ കുടുംബം	പട്ടികജാതി കുടുംബം	തീരദേശ വാസി	നഗരദരിദ്രർ	HIV ബാധിതർ ഉള്ള ദരിദ്ര കുടുംബം	അനാഥർ ആയ കുട്ടികൾ ഉള്ള ദരിദ്ര കുടുംബം	LGBTQIA+ വിഭാഗത്തിൽ ഉള്ള അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബം

ഒപ്പ്
വാർഡ് ഓഫീസർ

അനുബന്ധം - 2

വാർഡുതല ചർച്ച/ ഫോക്കസ് ഗ്രൂപ്പ് ചർച്ച ക്രോഡീകരണ ഫോർമാറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	
വാർഡ് നമ്പർ	
പങ്കെടുത്ത ആളുകളുടെ എണ്ണം	
ചർച്ച നടന്ന സ്ഥലം, സമയം	
ചർച്ച ഫെസിലിറ്റേറ്റ് ചെയ്തവരുടെ പേരും, വിലാസവും, ഫോൺ നമ്പറും	
ചർച്ച തുടങ്ങിയതും അവസാനിച്ചതുമായ സമയം	
ഗ്രൂപ്പ് ചർച്ചയിൽ പട്ടികപെടുത്തിയ അകെ കുടുംബംങ്ങളുടെ എണ്ണം	
☐ ക്ലസ്റ്റർ ☐ സാമൂഹിക സംഘടന ☐ കുടുംബശ്രീ ☐ പ്രാഥമിക വാർഡ്തല സമിതി ☐ സാമൂഹിക സംഘടന ☐ കുടുംബശ്രീ ☐ അന്തിമ വാർഡ്തല സമിതി	
റിമാർക്സ്	

അനുബന്ധം : രജിസ്ട്രേഷൻ ഫോറം

അനുബന്ധം - 3

വിവരശേഖരണത്തിനുള്ള വാർഡ്തല പട്ടിക

ജില്ല : ബ്ലോക്ക് : ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ : വാർഡ് / ഡിവിഷൻ നമ്പർ : തീയതി:

| ക്ര മം. | കുടുംബനാഥ / നാഥന്റെ പേര് / മാതാവ് പിതാവ് ഇല്ലാത്ത കുട്ടികളുടെ പേര് | ലിംഗം | വയസ്സ് / കുടുംബത്തിലെ പദവി | അതിദാരിദ്ര്യത്തിന്റെ പൊതുഘടകം (ബാധകമായ കോളങ്ങളിൽ എണ്ണം കൂട്ടുക) | | |

അനുബന്ധം – 4

എന്യൂമറേറ്റർക്കുള്ള അപേക്ഷ ഫോം

അപേക്ഷക/ന്റെ പേര്	
ജെൻഡർ	
വിലാസം	
തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	
വാർഡ് നമ്പർ	
ഇമെയിൽ വിലാസം	
മൊബൈൽ/ലാൻഡ് ഫോൺ	
വാട്ട്സ്ആപ് നമ്പർ	
ജനന തിയ്യതി	
വിദ്യാഭ്യാസ യോഗ്യത	
സ്മാർട്ട് ഫോൺ ആപ് ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കാനുള്ള അറിവ്	☐ ഉണ്ട് ☐ ഇല്ല

അനുബന്ധം – 5

നിർവഹണ കലണ്ടർ

ക്രമ നമ്പർ	പ്രവർത്തനം	തീയതി
1	തദ്ദേശസ്വയംഭരണ സ്ഥാപനതല ജനകീയ സമിതി രൂപീകരണം	30/10/2021
2	വാർഡ്തല ജനകീയ സമിതികളുടെ രൂപീകരണം	10/11/2021
3	എന്യൂമറേറ്റർമാരെ കണ്ടെത്തൽ. വാർഡ് തലത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തൽ	30/10/2021 - 05/11/2021
4	തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലനങ്ങൾ പൂർത്തീകരിക്കൽ	05/11/2021
5	വാർഡ്തല ജനകീയ സമിതികൾ ഫോക്കസ് ചർച്ചയിൽ പങ്കെടുക്കേണ്ട ആളുകളുടെ ലിസ്റ്റ് തയ്യാറാക്കൽ	10/11/2021
6	ഫോക്കസ് ഗ്രൂപ്പ് ചർച്ചക്കാവശ്യമായ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ	10/11/2021
7	അതിദരിദ്രർക്കായിട്ടുള്ള വിവിധ പദ്ധതികളുടെ പട്ടികകൾ എകോപിക്കുക	10/11/2021
8	വാർഡ് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച പട്ടികകൾ വാർഡ്/ ഡിവിഷൻ തലത്തിലേക്ക് കൈമാറൽ	10/11/2021
9	ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ	10/11/2021 - 15/11/2021
10	വിവിധ ഫോകസ് ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തിയ അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കൽ/ അന്തിമ വാർഡ് തല യോഗം	15/11/2021
11	എന്യൂമറേഷൻ ടീമിനുള്ള വിവരശേഖരണത്തിനുള്ള പരിശീലനം	05/11/2021 - 10/11/2021
12	വാർഡ് തല സമിതിയിൽ പ്രാഥമിക പട്ടിക രൂപപ്പെടുത്തുക. അതിദരിദ്രരുടെ സാധ്യതാപട്ടിക എൽ.എസ്.ജി.ഡി നോഡൽ ഓഫീസർ ഉൾപ്പെട്ട സമിതിക്ക് പരിശോധനയ്ക്ക് സമർപ്പിക്കുക.	16/11/2021 - 17/11/2021
13	പുനഃപരിശോധന ആവശ്യമുള്ള വാർഡുകൾ മാത്രം പരിശോധന പൂർത്തിയാക്കി ലിസ്റ്റ് നോഡൽ ഓഫീസർക്ക് സമർപ്പിക്കുക.	19/11/2021
14	നോഡൽ ഓഫീസറുടെ അംഗീകാരത്തോടെ മൊബൈൽ ആപ്പിൽ സാധ്യതാ ലിസ്റ്റിൽ ഉള്ളവരുടെ പേര് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തൽ.	20/11/2021 - 21/11/2021
15	എം.ഐ.എസിൽ രേഖപ്പെടുത്തിയ സാധ്യതാപട്ടികയിൽ ഉള്ളവരുടെ വിവരശേഖരണം	22/11/2021 - 02/12/2021
16	വാർഡ് സമിതിക്ക് വിവരശേഖരണം പൂർത്തീകരിച്ച ലിസ്റ്റ് നൽകലും അവയുടെ പരിശോധനയ്ക്കുശേഷം തദ്ദേശസ്വയംഭരണ തല നോഡൽ ഓഫീസർക്ക് കൈമാറലും	01/12/2021 - 02/12/2021

17	ജനകീയ കമ്മിറ്റികളിലും ഭരണസമിതികളിലും ലിസ്റ്റ് പരിശോധിക്കലും പ്രസിദ്ധീകരിക്കലും ഗ്രാമസഭയ്ക്ക് കൈമാറലും	03/12/2021 - 05/12/2021
18	ഗ്രാമസഭകൾ ചേരൽ, ലിസ്റ്റ് അംഗീകരിക്കൽ	03/12/2021 - 10/12/2021
19	പരാതികൾ സ്വീകരിക്കേണ്ടതും ജനകീയ സമിതികളുടെ പരിശോധനയും	03/12/2021 - 13/12/2021
20	പരാതി പരിശോധന, 20% സൂപ്പർ ചെക്ക്	14/12/2021 - 20/12/2021
21	വാർഡ്തല അതിദരിദ്രരുടെ അന്തിമപട്ടിക പഞ്ചായത്ത് തല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക	21/12/2021 - 23/12/2021
22	ഭരണ സമിതി അംഗീകരിച്ച പട്ടിക എം.ഐ.എസിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പൊതുസ്ഥലങ്ങളിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുക	24/12/2021 - 26/12/2021
23	അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയയുടെ പൂർത്തീകരണം	28/12/2021

അനുബന്ധം – 6

ചോദ്യാവലിക്കുള്ള വിശദീകരണ കുറിപ്പുകൾ

താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായാണ് ചോദ്യാവലി പൂരിപ്പിക്കേണ്ടത്. ദരിദ്രരെയല്ല അതിദരിദ്രരെ കണ്ടെത്തുന്നതിനായാണ് നമ്മൾ ഈ പ്രവർത്തനം ചെയ്യുന്നത്. അതിനാൽ തന്നെ ഈ പ്രവർത്തനം വസ്തുനിഷ്ഠതയോടെ നിർവ്വഹിക്കേണ്ടതുണ്ട്. താഴെ തന്നിരിക്കുന്ന ചോദ്യാവലിയിലെ ചോദ്യങ്ങളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് അതി തീവ്ര ക്ലേശ ഘടകം, തീവ്ര ക്ലേശ ഘടകം എന്നിങ്ങനെ രണ്ട് തരത്തിൽ തിരിച്ചിട്ടുണ്ട്. അതി തീവ്ര ക്ലേശ ഘടകത്തിൽ ഒന്ന് ബാധകമാവുന്ന കുടുംബം പട്ടികയിൽ ഉൾപ്പെടാൻ അർഹരാണ്. രണ്ട് തീവ്ര ക്ലേശ ഘടകം ബാധകമായ കുടുംബവും ഈ രീതിയിൽ അർഹരാവും. കുടുംബത്തെ അടിസ്ഥാനമാക്കി ചെയ്യുന്ന ഈ പ്രക്രിയയിൽഒരു അതി തീവ്ര ക്ലേശ ഘടകമോ രണ്ട് തീവ്ര കേശ ഘടകമോ ബാധകമായ കുടുംബങ്ങളെയാണ് നമ്മൾ അതി ദരിദ്രരായി കണക്കാക്കുന്നത്. മറ്റ് വിവരശേഖരണങ്ങളിൽ നിന്നും വ്യത്യസ്തമായി ആരേയും ഒഴിവാക്കാതിരിക്കാൻ ചെയ്തിട്ടുള്ള ഈ രീതിശാസ്ത്രപ്രകാരം അർഹരായ ആരും തന്നെ വിട്ടുപോയിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന തിനോടൊപ്പം തന്നെ നമുക്ക് അനർഹരെ ഒഴിവാക്കേണ്ടതുമുണ്ട്. അതിനാൽ തന്നെ ഈ സൂചകങ്ങൾ കൃത്യമായി പിന്തുടരുന്നതിനപ്പുറം പ്രത്യേക ശ്രമത്തിലൂടെ ആരേയും ഉൾപ്പെടുത്താൻ എന്യൂമറേറ്റർമാർ ശ്രമിക്കേണ്ടതില്ല. അത്തരം ശ്രമങ്ങൾ നമ്മുടെ പ്രവർത്തനത്തിന്റെ അന്തഃ സത്തയെ തന്നെ ബാധിക്കും. അതിനാൽ തന്നെ താഴെ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ. ചോദ്യാവലിയിലെ ചോദ്യത്തിന്റെ നമ്പറിനനുസരിച്ച് തന്നെയാണ് വിശദീകരണങ്ങളും നൽകിയിട്ടുള്ളത്. ചോദ്യാവലിയിൽ ആദ്യത്തെ ഭാഗത്ത് കുടുംബത്തിന്റെ അടിസ്ഥാന വിവരങ്ങളും പിന്നീട് അതിദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശേഖരിക്കുന്ന മറ്റ് വിവരങ്ങളും ഉൾപ്പെടുന്നു

പരിശീലനത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം പൂർണ്ണമായും വായിച്ചതിനു ശേഷമേ എന്യൂമ റേറ്റർമാർ വിവരശേഖരണ പ്രവർത്തനങ്ങൾ നടത്താവൂ.

കുടുംബം എന്നതിന്റെ നിർവചനം

അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഈ പദ്ധതിയുടെ അടിസ്ഥാന യൂണിറ്റ് കുടുംബമാണ്. അതിനായി കുടുംബത്തെ കൃത്യമായി നിർവചിക്കേണ്ടിയിരിക്കുന്നു. ഒരു കൂരയ്ക്കു കീഴിൽ ഒരു കുടുംബത്തിലെ അംഗങ്ങൾ ഒറ്റയ്ക്കോ കൂട്ടമായോ താമസിക്കുന്നതിനെ കുടുംബമായി കണക്കാക്കാം. ഒരാൾ മാത്രമാണ് ഒരു വീട്ടിൽ താമസിക്കുന്നത് എങ്കിലും അയാളെ ഒരു കുടുംബമായി കണ ക്കാക്കണം. ഒരു സ്ഥലത്ത് നിശ്ചിത കാലയളവിൽ താമസിക്കുന്നവരായ ജന വിഭാഗങ്ങളേയും അലഞ്ഞു കൊണ്ടിരിക്കുന്ന വിഭാഗങ്ങളേയും ഇവിടെ പരിഗണിക്കാവുന്നതാണ്. പ്രത്യേകിച്ച് വീടോ താമസ സ്ഥലമോ ഇല്ലാതെ തെരുവിലോ കടത്തിണ്ണയിലോ വ്യക്തിയോ കുടുംബമോ വസിക്കുന്നു എങ്കിൽ അവരെയും ഒരു കുടുംബമായി കണക്കാക്കണം. ഒരു വർഷത്തിൽ കൂടുതൽ ഒരാൾ ഒരു വീട്ടിൽ താമസക്കാരൻ/താമസക്കാരി ആണെങ്കിൽ മാത്രമേ അവരെ ഒരു കുടുംബത്തിലെ അംഗമായി പരിഗണിക്കേണ്ടതുള്ളൂ. അഞ്ചു വർഷമായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്ന, വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന അതിഥി തൊഴിലാളികളെയും കുടുംബം എന്ന പരിഗണനയിൽ കൊണ്ടുവരാം. എന്നാൽ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ കേരളത്തിന് പുറത്ത് കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു സീസണിൽ താൽക്കാലിക ജോലി തേടി പോയ അംഗത്തെയും കുടുംബാംഗമായി പരിഗണിക്കും. എന്നാൽ

ഈ വ്യക്തികൾ നിലവിൽ ഈ വീട്ടിലെ താമസക്കാർ ആയിരിക്കുകയും വേണം. ഒരു കൂരയ്ക്കു കീഴിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ രണ്ട് വീട്ട് നമ്പർ ഉണ്ടെങ്കിൽ മാത്രമേ രണ്ട് കുടുംബമായി കണക്കാക്കുകയുള്ളൂ.

ചോദ്യങ്ങളുടെ വിശദീകരണം

ഭാഗം ഒന്ന്: അടിസ്ഥാന വിവരങ്ങൾ

a. എന്യൂമറേറ്ററുടെ പേരും ഐ.ഡി നമ്പറും:

വിവരം ശേഖരിക്കുന്നത് രണ്ട് പേരടങ്ങുന്ന എന്യൂമറേഷൻ ടീം ആയിരിക്കും. വിവരങ്ങൾ എം.ഐ.എസ് ലേക്ക് ചേർക്കുന്ന ആളുടെ പേരാണ് ഇവിടെ നൽകേണ്ടത്. പേര് നൽകുമ്പോൾ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ അക്ഷരത്തെറ്റ് വരുത്താതെ നൽകണം. പേര് ഒരിക്കൽ നൽകുന്ന അതേ ഫോർമാറ്റിൽ തന്നെ എല്ലാ ഫോമിലും വിവരങ്ങൾ നൽകുക. ഐ ഡി നമ്പർ എം.ഐ.എസ് വഴി ലഭ്യമാകും. ഓരോ എന്യൂമറേറ്ററുടെയും ഐഡി നമ്പർ വത്യസ്ഥമായിരിക്കും. പേര് നൽകുന്ന എന്യൂമറേറ്ററുടെ തന്നെ ഐഡി നമ്പർ ആണ് ഇവിടെ രേഖപ്പെടുത്തേണ്ടത്

b. ജില്ല : _____ ; ബ്ലോക്ക് :_____

ചോദ്യോത്തര ഭാഗത്തിൽ സ്ക്രോൾ ചെയ്യുമ്പോൾ ബാധകമായി വരുന്ന ജില്ല (കുടുംബം ഉൾപ്പെടുന്ന ജില്ലയാണ്) തെരഞ്ഞെടുക്കേണ്ടത്

c. ☐ ഗ്രാമ പഞ്ചായത്ത് ☐ മുനിസിപ്പാലിറ്റി ☐ കോർപ്പറേഷൻ

കുടുംബം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തുക

d. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്:

കുടുംബം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തുക

e. വാർഡ് നമ്പർ :

കുടുംബം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് നമ്പർ രേഖപ്പെടുത്തുക. (സ്ഥിരമായ വാസസ്ഥലം ഇല്ലാത്ത വ്യക്തിയാണെങ്കിൽ, വ്യക്തിയെ കണ്ടെത്താൻ സഹായിക്കുന്ന വാർഡ് നമ്പർ ഇവിടെ പരിഗണിക്കാം)

f. തീയതി:

വിവരങ്ങൾ ശേഖരിക്കുന്ന തീയതി

g. ചോദ്യാവലി നമ്പർ:

ഓരോ സർവേയും വേർതിരിക്കാൻ സാധിക്കുന്ന വ്യത്യസ്തമായ നമ്പർ ആണിത്. ഈ നമ്പർ മൊബൈൽ ആപ്പിൽ സ്വയമേവ തന്നെ വരുന്നതായിരിക്കും.

h. കുടുംബനാഥയുടെ/ കുടുംബനാഥന്റെ പേര്:

സ്ത്രീകൾ കുടുംബനാഥയായ കുടുംബങ്ങളിൽ സ്ത്രീകളുടെ പേര് കുടുംബനാഥയായി രേഖപ്പെടുത്തുക. ഇല്ലാത്ത ഇടങ്ങളിൽ കുടുംബത്തിലെ മുഖ്യ വരുമാനധായകന്റെ പേരാണ് കുടുംബനാഥ/കുടുംബനാഥൻ എന്ന സ്ഥലത്ത് രേഖപ്പെടുത്തേണ്ടത്. റേഷൻ കാർഡ് ഉള്ള കുടുംബങ്ങളിൽ റേഷൻ കാർഡ് അടിസ്ഥാനമാക്കി കുടുംബനാഥയുടെ/ കുടുംബനാഥന്റെ പേര് രേഖപ്പെടുത്താം. കുടുംബനാഥയുടെ/ ന്റെ പേര് ചേർക്കുന്നതിനു മുൻപ് കുടുംബത്തെപ്പറ്റിയുള്ള വിശദീകരണം വായിക്കേണ്ടതാണ്.

i. വിലാസം:

വിലാസം ഒരേ സമയം രേഖപ്പെടുത്തുകയും ജി.പി.എസ് വഴി ശേഖരിക്കുകയും വേണം. യഥാർത്ഥ

ത്തിൽ ഈ വിവരശേഖരണം കഴിഞ്ഞതിന് ശേഷവും നമുക്ക് എത്തിച്ചേരുന്നതിനായാണ് നമ്മൾ വിലാസം ശേഖരിക്കുന്നത്. അതിനാൽ തന്നെ വിലാസം കൃത്യമാകുന്നതിന് ശ്രദ്ധ കൊടുക്കണം. നിലവിൽ രേഖകളിലുള്ള വിലാസങ്ങൾക്കപ്പുറത്ത് നൽകാൻ കഴിയുന്ന ദിശാ സൂചകങ്ങളും ഉൾപ്പെടുത്താവുന്നതാണ്. വിലാസം ഇല്ലാത്ത കുടുംബങ്ങളാണെങ്കിൽ ആ കുടുംബത്തിലേക്ക് പിന്നീട് എത്തിച്ചേരാവുന്ന പ്രദേശം രേഖപ്പെടുത്തുകയും ജിയോ ടാഗ് ചെയ്യാവുന്നതും ആണ്. കടത്തിണ്ണകളിലും വഴിയോരങ്ങളിലും അന്തിയുറങ്ങുന്ന വരാണെങ്കിൽ അവരിലേക്ക് രണ്ടാമത് എത്തിച്ചേരാൻ സഹായിക്കുന്ന വിശദീകരണങ്ങളാണ് നൽകേണ്ടത്.

വീടുപേര് : _____
സ്ഥലം : _____
പിൻകോഡ് : _____
ലാൻഡ് മാർക്ക് :_____

ജിയോ ടാഗിങ് – ജിയോ ടാഗിങ് എന്നത് ഒരു ഭൂപ്രദേശത്തിന്റെ നിശ്ചിത ഭാഗം കൃത്യതയോടെ രേഖപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന സാങ്കേതിക സംവിധാനമാണ്. ജിയോ ടാഗിങ്ങിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനായി ചില കാര്യങ്ങൾ മനസ്സിൽ വയ്ക്കേണ്ടതുണ്ട്. ജിയോ ടാഗിങ് തുറസ്സായ സ്ഥലത്താണ് ചെയ്യേണ്ടത്. കൃത്യത (Accuracy) 10 മീറ്ററിനടുത്ത് ഉറപ്പാക്കണം. ജിയോ ടാഗിങ്ങിനായി തെരഞ്ഞെടുക്കുന്ന വീട്/സ്ഥലത്തിന്റെ പരമാവധി അടുത്ത് നിന്ന് വേണം വിവരങ്ങൾ ശേഖരിക്കേണ്ടത്.

മൊബൈൽ ഫോൺ/ടാബ്ലെറ്റിൽ ജിയോ ടാഗിങ് ബട്ടൺ അമർത്തിയശേഷം അഞ്ചു മിനിറ്റ് സമയമെങ്കിലും കാത്തിരുന്നതിന് ശേഷം മാത്രമേ ജിയോ ടാഗിങ് ഫലപ്രദമായി രേഖപ്പെടുത്തപ്പെടുകയുള്ളൂ. ഇതിനാൽ അത്രയും സമയം എന്യൂമറേറ്റർമാർ കാത്തിരിക്കാൻ ക്ഷമ കാണിക്കണം.

j. റേഷൻ കാർഡിലെ മുൻഗണനാ വിഭാഗം

☐ AAY ☐ PHH ☐ NPS ☐ NPNS ☐ NPI ☐ റേഷൻ കാർഡ് ഇല്ല

അന്ത്യോദയ അന്ന യോജന (AAY), മുൻഗണനാ വിഭാഗം (PHH), പൊതു വിഭാഗം സബ്സിഡി (NPS), പൊതു വിഭാഗം (NPNS), പൊതു വിഭാഗം സ്ഥാപനം (NPI)

[റേഷൻ കാർഡ് വിവരങ്ങൾ- കുടുംബത്തിന് ഉപയോഗ യോഗ്യമായ റേഷൻ കാർഡ് ഇല്ലെങ്കിൽ "ഇല്ല" എന്ന് രേഖപ്പെടുത്താം. കാർഡ് ഉണ്ടെങ്കിൽ, റേഷൻ കാർഡിന്റെ തരം (മുൻഗണനാ വിഭാഗം), രേഖപ്പെടുത്തുക.]

j.1. റേഷൻ കാർഡ് നമ്പർ _____

[റേഷൻ കാർഡിന്റെ നമ്പർ തുടങ്ങിയവയും യഥാസ്ഥലങ്ങളിൽ രേഖപ്പെടുത്തുക.
റേഷൻ കാർഡിൽ ഉൾപ്പെടാത്ത അംഗങ്ങൾ കുടുംബത്തിൽ താമസിക്കുന്നുണ്ട് എങ്കിൽ അവരുടെ വിവരങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്ത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റേഷൻ കാർഡ് ഇല്ല എങ്കിൽ ഈ ചോദ്യം (j.1) ബാധകമല്ല]

k. കുടുംബനാഥയുടെ/ കുടുംബനാഥന്റെ ആധാർ കാർഡ് ☐ ഉണ്ട് ☐ ഇല്ല

k.1. ആധാർ കാർഡ് നമ്പർ _____

[കുടുംബനാഥയുടേയോ/നാഥന്റേയോ ആധാർ വിവരങ്ങളാണ് ഇവിടെ ചോദിക്കുന്നത്. ഒരാൾ മാത്രമുള്ള കുടുംബമാണെങ്കിൽ ആ വ്യക്തിയുടെ വിവരങ്ങൾ രേഖപ്പെടുത്താം. ആധാർ കാർഡ് ഇല്ലാത്തവരാണെങ്കിൽ ഇല്ല എന്ന് രേഖപ്പെടുത്തുക]

l. കുടുംബനാഥയുടെ/ കുടുംബനാഥന്റെ വോട്ടേഴ്സ് ഐ.ഡി ☐ ഉണ്ട് ☐ ഇല്ല

l.1. ഉണ്ട് എന്നാണെങ്കിൽ വോട്ടേഴ്സ് ഐഡി നമ്പർ _____

[കുടുംബനാഥയുടേയോ/നാഥന്റേയോ വോട്ടേഴ്സ് ഐ.ഡി വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ഒരാൾ മാത്രമുള്ള കുടുംബമാണെങ്കിൽ ആ വ്യക്തിയുടെ വിവരങ്ങൾ രേഖപ്പെടുത്താം. കാർഡ് ഇല്ലാത്തവരാണെങ്കിൽ ഇല്ല എന്ന് രേഖപ്പെടുത്തുക.]

m. വിഭാഗം- ☐ SC ☐ ST ☐ മറ്റ് വിഭാഗങ്ങൾ ☐ അറിയില്ല

[SC അല്ലെങ്കിൽ ST അല്ലെങ്കിൽ മറ്റു വിഭാഗങ്ങളിൽപ്പെടുന്ന കുടുംബമാണെങ്കിൽ ഇവിടെ രേഖപ്പെടുത്താവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവരുൾപ്പെടെ ഉള്ളവരുടെ വിഭാഗം തിരിച്ചറിയാനാവാത്ത സാഹചര്യം ഉണ്ടായാൽ "അറിയില്ല" എന്ന് രേഖപെടുത്താം.]

m.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് "അറിയില്ല" എന്നാണ് മറുപടി എങ്കിൽ വിശദീകരണം നൽകുക (50 വാക്കിൽ കവിയാതെ) _____

_____

_____ _____

n. തീരദേശ വാസികളാണോ? ☐ അതെ ☐ അല്ല

[തീരദേശത്തു നിന്നും 500 മീറ്ററിനുള്ളിൽപ്പെടുന്ന സ്ഥലത്ത് താമസിക്കുന്ന കുടുംബം.]

o. കുടുംബാംഗങ്ങളുടെ വിവരങ്ങൾ [നിലവിലെ താമസക്കാർ]

പേര് (ഇംഗ്ലീഷിൽ)		കുടുംബ നാഥ/ നാഥനുമായുള്ള ബന്ധം (കോഡ് 1)	റേഷൻ കാർഡിൽ പേര് ഉണ്ടോ? (കോഡ് 2)	റേഷൻ കാർഡിൽ പേര് ഇല്ലെങ്കിൽ കാരണം?	വയസ്സ്	ലിംഗപദവി (കോഡ് 3)	വിദ്യാഭ്യാസ യോഗ്യത (കോഡ് 4)
ആദ്യഭാഗം	രണ്ടാം ഭാഗം						
ഉദാഹരണം: Ramanadhan	PS						
ഉദാഹരണം: Mary	Ann Dicosta						
ഉദാഹരണം: KS Madhavan എന്ന പേര് എഴുതേണ്ടത് രീതി: Madhavan	KS						

[കോഡ് 1 : 1-കുടുംബനാഥ/ നാഥൻ, 2-ഭാര്യ, 3-ഭർത്താവ്, 4-അച്ഛൻ, 5-അമ്മ, 6-മകൾ, 7-മകൻ, 8-മരുമകൾ, 9-മരുമകൻ, 10-ചെറുമകൻ, 11-ചെറുമകൾ, 12-മറ്റുബന്ധുക്കൾ, 13- സഹോദരി/ൻ, 14-ബന്ധമില്ല.

കോഡ് 2: 1 = ഉണ്ട്, 0= ഇല്ല

കോഡ് 3: സ്ത്രീ – 1, പുരുഷൻ- 2, ട്രാൻസ് ജെൻഡർ- 3

കോഡ് 4: 1- നിരക്ഷരൻ, 2- എൽ.പി.എസ് (1-4), 3- യു.പി.എസ് (5-7), 4- ഹൈസ്കൂൾ (8-10), 5-പത്താം തരത്തിനു മുകളിൽ]

കുടുംബാംഗങ്ങളുടെ വിവരങ്ങൾ - ഈ ഭാഗത്ത് കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തണം. കുടുംബനാഥ/നാഥനുമായുള്ള ബന്ധം എന്ന ഭാഗത്ത് കുടുംബനാഥ/നാഥനുമായി നേരിട്ട് ബന്ധമില്ലാത്തവർ പ്രസ്തുത കുടുബത്തിൽ താമസിക്കുന്നുണ്ടെങ്കിൽ അവരുടെ വിവരങ്ങളും ഉൾപ്പെടുത്താവുന്നതാണ്. അവർക്ക് കുടുംബനാഥ/നാഥനുമായി ബന്ധമില്ല എന്നാണെങ്കിൽ കോഡ് 14-ബന്ധമില്ല എന്ന് ചേർക്കാം. കൂടാതെ ബന്ധമില്ല എന്നത് രേഖപ്പെടുത്തുകയാണെങ്കിൽ അവ വിശദമാക്കുകയും വേണം. ബന്ധമില്ല എന്നത് രേഖപ്പെടുത്തുകയാണെങ്കിൽ ഏതു പശ്ചാത്തലത്തിലാണ് വീട്ടിൽ വസിക്കുന്നത് എന്ന് വിശദീകരണമായി നൽകാം.]

ഭാഗം രണ്ട്

1. ഭക്ഷണ ലഭ്യത / പോഷകാഹാരം

1.1. അതി വാർദ്ധക്യം മൂലം ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബമാണോ?

☐ ആണ് ☐ അല്ല

[വാർധക്യസഹജമായ രോഗങ്ങൾ മൂലം ചലനശേഷിയിൽ തടസ്സങ്ങൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ശേഷി ഇല്ലാത്ത 70 വയസ്സിന് മുകളിലുള്ള ആളുകളെ "അതി വാർദ്ധക്യം മൂലം" എന്ന പരിഗണനയിൽ കൊണ്ടു വരാവുന്നതാണ്.

ഇവർക്ക് സർക്കാർ സംവിധാനങ്ങളിലൂടെ ഭക്ഷണസാധനങ്ങൾ ലഭ്യമാണ് എങ്കിലും അത് പാചകം ചെയ്ത് കഴിക്കാൻ ആകുന്നില്ല എന്നതിനെയാണ് പരിഗണിക്കേണ്ടത്. റേഷൻകടയിൽ, പൊതുവിപണിയിൽ ഭക്ഷ്യ ധാന്യങ്ങൾ കൊണ്ടുവരാൻ കഴിയാത്ത അവസ്ഥയും അതി വാർദ്ധക്യം മൂലം ഇവർക്ക് ഉണ്ടാകാം. ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത് ഒരു കുടുംബത്തിൽ ഇത്തരത്തിലുള്ള വ്യക്തികൾ മാത്രമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ്. പാകംചെയ്ത ഭക്ഷണം പുറത്തുനിന്ന് വാങ്ങി കഴിക്കാൻ സാമ്പത്തികശേഷിയുള്ള കുടുംബങ്ങളോ, കൂലി നൽകി പാചകം നടത്തി കഴിക്കാൻ സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളോ ഈ മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല. ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ആളുകൾ കുടുംബത്തിൽ ഉണ്ടെങ്കിൽ ഇത് ബാധകമല്ല.]

1.2. ശാരീരികമായ വെല്ലുവിളികൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബമാണോ?

[കിടപ്പ് രോഗികൾ മാത്രമുള്ളവർ, പക്ഷാഘാതം, 80 ശതമാനത്തിനു മുകളിൽ ഭിന്നശേഷി ഉള്ളവർ എന്നിങ്ങനെ ഭക്ഷണം പാകം ചെയ്യാൻ കഴിയാത്ത ശാരീരിക വെല്ലുവിളികൾ ഉള്ളവരെയാണ് ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. ഒരു കുടുംബത്തിൽ ഇത്തരത്തിലുള്ള വ്യക്തികൾ മാത്രമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് പരിഗണന നൽകുന്നത്. പാകംചെയ്ത ഭക്ഷണം പുറത്തുനിന്ന് വാങ്ങി കഴിക്കാൻ സാമ്പത്തികശേഷിയുള്ള കുടുംബങ്ങളോ, കൂലി നൽകി പാചകം നടത്തി കഴിക്കാൻ സാമ്പത്തികശേഷി ഉള്ള കുടുംബങ്ങളോ ഈ മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല. ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ആളുകൾ കുടുംബത്തിൽ ഉണ്ടെങ്കിൽ ഇത് ബാധകം ആകില്ല.]

☐ ആണ് ☐ അല്ല

1.3. മാനസിക വെല്ലുവിളികൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത കുടുംബമാണോ?

☐ ആണ് ☐ അല്ല

[മാനസിക അസ്വാസ്ഥ്യങ്ങൾ, മാനസികരോഗങ്ങൾ, തീവ്ര-വിഷാദരോഗം പോലുള്ള മാനസികാവസ്ഥകൾ ഉള്ളതിനാൽ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത അംഗങ്ങൾ മാത്രമുള്ള കുടുംബങ്ങളെയാണ് ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. സ്കീസോഫ്രീനിയ പോലെ പ്രകടമല്ലാത്ത മാനസിക രോഗങ്ങളുടെ കാര്യത്തിൽ ഡോക്ടറുടെ കുറിപ്പടികൾ ഉണ്ടോ എന്ന് പരിശോധിക്കാവുന്നതും ഇത്തരം രേഖകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ അയൽ വീട്ടുകാരോട് അന്വേഷിക്കുക്കാവുന്നതുമാണ്.]

1.4. തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുന്ന കുടുംബമാണോ? (ഭക്ഷണം ഭിക്ഷ തേടി കഴിക്കുന്നവർ, ഹോട്ടലുകൾ പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സൗജന്യമായി ഭക്ഷണം കഴിക്കുന്നവർ ഉൾപ്പെടെ)

☐ ആണ് ☐ അല്ല

[തെരുവിൽ അലയുന്ന, പൊതു ഇടങ്ങളിൽ താമസിക്കുന്ന, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത വിഭാഗങ്ങളെ ഇവിടെ പരിഗണിക്കാം. മറ്റുള്ളവരുടെ സഹായത്താൽ മാത്രം ഭക്ഷണം കഴിയ്ക്കുന്ന കുടുംബങ്ങളെയാണ് നമുക്ക് ഇവിടെ അടയാളപ്പെടുത്തേണ്ടത്. അതായത്, സ്വന്തമായി ശേഷിയില്ലാത്ത, എന്നാൽ ആരും സഹായിക്കാനില്ലെങ്കിൽ ഭക്ഷണം കഴിക്കില്ല എന്ന അവസ്ഥയിലുള്ള കുടുംബങ്ങളെ ഇവിടെ പരിഗണിക്കാം. ഭക്ഷണം ഭിക്ഷ തേടി കഴിക്കുന്നവരേയും ഹോട്ടലുകളിൽ നിന്നോ പൊതു സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായി മാത്രം ഭക്ഷണം കഴിയ്ക്കുന്നവരേയും ഇവിടെ പരിഗണിക്കാവുന്നതാണ്.

1.5. അങ്കണവാടി രേഖകൾ പ്രകാരം തീവ്രപോഷണ ദാരിദ്ര്യം ഉള്ളആറോ അതിൽ താഴെയോ വയസുള്ള കുട്ടികൾ (SAM) ഉള്ള ദരിദ്ര കുടുംബമാണോ? (ഒരു കുട്ടിയെങ്കിലും ഉൾപ്പെടുന്നുണ്ടെങ്കിൽ 'ആണ്' എന്ന് ഉത്തരം നൽകാവുന്നതാണ്)

☐ ആണ് ☐ അല്ല

തീവ്ര പോഷണ ദാരിദ്ര്യം (Severe Acute Malnutrition - SAM) – ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡ പ്രകാരം ഒരു കുട്ടിക്ക് വളർച്ചയുടെ ഘട്ടങ്ങളിൽ ആവശ്യമായ പോഷകഹാരം ലഭ്യമാകുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനുള്ള അളവ് കോലാണ്. കുടുംബത്തിലെ ഒരു കുട്ടിയെങ്കിലും തീവ്ര പോഷണ ദാരിദ്ര്യം ഉള്ളതാണെങ്കിൽ 'ആണ്' എന്ന് ഉത്തരം നൽകാവുന്നതാണ്. SAM വിവരങ്ങൾ പ്രദേശത്തെ അതാത് അങ്കണവാടികളിൽ നിന്നാണ് ശേഖരിക്കേണ്ടത്. വിവരശേഖരണത്തിന് പോകുന്നതിനുമുമ്പ് അതാത് വാർഡിലെ എന്യൂമറേറ്റർമാർ ബന്ധപ്പെട്ട അംഗൻവാടികളിൽ നിന്നും ഓരോ വാർഡിലെയും അവരുടെ പ്രാഥമിക പട്ടികയിൽ ഉള്ള കുടുംബങ്ങളിലെ തീവ്ര പോഷണ ദാരിദ്ര്യം ഉള്ളവരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. അങ്കണവാടി രേഖകളിൽ ഇല്ലാത്ത കുട്ടികളുടെ കാര്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തോടു കൂടി കുടുംബങ്ങളെ പരിഗണിക്കാവുന്നതാണ്.

2. ആരോഗ്യം

2.1. ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ട് വരുമാന ശേഷി പൂർണമായും (തൊഴിലിൽ

നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപെട്ട കുടുംബമാണോ?

ഗുരുതരമായ രോഗങ്ങൾ, അവയ്ക്ക് വേണ്ടി വന്ന ചികിത്സകൾ, കിടപ്പ് രോഗിയായതിനാൽ, ഏതെങ്കിലും അപകടങ്ങൾ എന്നീ കാരണങ്ങളാൽ കുടുംബത്തിന്റെ വരുമാനശേഷി പൂർണമായും നഷ്ടപ്പെട്ട അവസ്ഥയാണെങ്കിൽ അവരെ പരിഗണിക്കാവുന്നതാണ്. ഇവിടെ വരുമാന ശേഷി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കുടുംബത്തിന്റെ ഏതെങ്കിലും രീതിയിൽ വരുമാനം നേടാനുള്ള കഴിവിനെയാണ്. ഇത്തരത്തിൽ പരിഗണന കിട്ടുന്ന കുടുംബത്തിൽ ആർക്കും തന്നെ ഏതെങ്കിലും തരത്തിൽ (ആസ്തിയിൽ നിന്നോ ശമ്പളമായോ മറ്റേതെങ്കിലും രീതിയിലോ) വരുമാനം ഉണ്ടായിരിക്കരുത്. കുടുംബത്തിനാവശ്യമായ വരുമാനം (കുടുംബത്തിലെ എല്ലാവർക്കും ജീവിക്കാൻ ആവശ്യമായ ചിലവുകൾക്ക് വേണ്ടി വരുന്ന വരുമാനം) നേടാൻ ശേഷിയുള്ള ഒരാളെങ്കിലും കുടുംബത്തിലുണ്ടെങ്കിൽ അവരെ പരിഗണിക്കാൻ സാധിക്കില്ല. ചോദ്യത്തിൽ നൽകിയിട്ടുള്ള രോഗങ്ങൾക്ക് പുറമേ മറ്റ് ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർ കാരണം വരുമാന ശേഷി നഷ്ടപ്പെട്ട കുടുംബങ്ങളേയും പരിഗണിക്കാവുന്നതാണ്.

ഗുരുതരമായ രോഗം (ഉദാഹരണത്തിന് ക്യാൻസർ, കരൾ രോഗം, വൃക്ക രോഗം, ഹൃദ്രോഗം, അപൂർവ ജനിതകരോഗം, മാനസികരോഗം മുതലായവ) എന്നത് കൊണ്ട് രോഗത്തിന്റെ തീവ്രതയെയാണ് നിർവ്വചിക്കുന്നത്. പൊതുവേ പരിഗണന കിട്ടാത്ത ചില രോഗങ്ങൾ കുടുംബത്തിന്റെ വരുമാന ശേഷിയെ ബാധിച്ചിട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ പരിഗണിക്കേണ്ടതാണ്. തീവ്രത ഇല്ലാത്ത, പെട്ടെന്ന് ഭേദമാകുന്ന തരം രോഗാവസ്ഥകളെ പരിഗണിക്കേണ്ടതില്ല. രോഗത്തിന്റെ ആഘാതം കണക്കിലെടുത്തു വേണം ഉത്തരം നൽകേണ്ടത്. ഉദാഹരണം, പ്രമേഹ രോഗം സാധാരണഗതിയിൽ അതിതീവ്ര രോഗമായി കണക്കാക്കുന്നില്ല. എന്നാൽ അതിതീവ്രമായ പ്രമേഹം മൂലം വരുമാനം ലഭിയ്ക്കേണ്ടതായ ജോലികൾചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ, രോഗാവസ്ഥയുടെ ആഘാതം മൂലം വരുമാന ശേഷി പൂർണമായും നഷ്ടപ്പെട്ട കുടുംബമാണെങ്കിൽ മാത്രം പരിഗണിക്കുക. വിഷാദരോഗത്തിന്റെ തീവ്രത മൂലം പൂർണമായും വരുമാനം ശേഷി നഷ്ടപ്പെടുന്ന സാഹചര്യം വന്നേക്കാം. രോഗത്തിന്റെ തീവ്രതയെ സംബന്ധിച്ച് ആശ/അങ്കണവാടി വർക്കർ എന്നിവരോടുള്ള അന്വേഷണവും അയൽപക്കത്തുനിന്ന് അന്വേഷണവും ഇക്കാര്യത്തിൽ പ്രധാനമാണ്.

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.1.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി "നിഗമനത്തിൽ എത്താൻ കഴിയുന്നില്ല" എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു.

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു.

2.2. മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലോ, അപകടം മൂലമോവരുമാന ശേഷി പൂർണമായും (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപെട്ട കുടുംബമാണോ?

[മുൻ ചോദ്യത്തിൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായി പൂർണ്ണമായും കിടപ്പുരോഗി ആയതിനാലോ അപകടം മൂലമോ തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ വരുമാന ശേഷി പൂർണമായി നഷ്ടപ്പെ

ടുകയുംവരുമാനം ഉള്ള ആരും കുടുംബത്തിൽ ഇല്ലാതിരിക്കുന്ന അവസ്ഥയാണ് പരിഗണിക്കേണ്ടത്.]

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.2.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി "നിഗമനത്തിൽ എത്താൻ കഴിയുന്നില്ല" എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു

2.3. ബൗദ്ധീക-മാനസിക വെല്ലുവിളികൾ, നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം വരുമാനം (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) പൂർണമായും നഷ്ടപ്പെട്ട കുടുംബമാണോ?

[ഓട്ടിസം (ASD), സെറിബ്രൽ പാൾസി, ബഹുമുഖ വെല്ലുവിളികൾ (MD) എന്നിവയാണ് ബൗദ്ധീക വെല്ലുവിളികൾ (developmental disability) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. തീവ്ര മനോരോഗങ്ങൾ പോലുള്ള മാനസികാവസ്ഥകൾ ഉള്ള വ്യക്തികൾ കുടുംബത്തിൽ ഉള്ളതിനാൽ,കുടുംബത്തിൽ അവശേഷിക്കുന്ന വ്യക്തികളുടെ പൂർണ്ണമായ പരിചരണം ആവശ്യമുള്ള അവസ്ഥയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇങ്ങനെ വരുമ്പോൾ തൊഴിൽ ശേഷിയുള്ള അവശേഷിക്കുന്ന വ്യക്തിക്ക് വരുമാന സാധ്യതകൾ മുഴുവൻ ഇല്ലാതാകുന്നു. ഏതെങ്കിലും തരത്തിൽ വരുമാനമുള്ള ഒരു കുടുംബാംഗം ഉണ്ടെങ്കിൽ ഈ പരിഗണന ഇവർക്ക് ബാധകമാകില്ല.]

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.3.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി “നിഗമനത്തിൽ എത്താൻ കഴിയുന്നില്ല” എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു

2.4. 80 % ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം വരുമാനം (തൊഴിലിൽ നിന്നോ ആസ്തിയിൽ നിന്നോ) നഷ്ടപ്പെട്ട കുടുംബമാണോ?

☐ ആണ് ☐ അല്ല ☐ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല

2.4.1. മുകളിൽപ്പറഞ്ഞ ചോദ്യത്തിന് മറുപടി "നിഗമനത്തിൽ എത്താൻ കഴിയുന്നില്ല" എന്നാണ് എങ്കിൽ സ്വീകരിച്ച തുടർനടപടി

☐ മാനദണ്ഡം ബാധകമല്ല, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു

☐ മാനദണ്ഡം ബാധകമാണ്, PHC ഡോക്ടറുടെ സഹായത്തോടെ നിഗമനത്തിൽ എത്താൻ സാധിച്ചു

സാമൂഹികസുരക്ഷ മിഷൻ തയ്യാറാക്കിയ തദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് ലഭ്യമാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 80 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ളവരെ പരിചരിക്കേണ്ടതിനാൽ കുടുംബത്തിൽ ശേഷിയുള്ളവർക്ക്തൊഴിൽ എടുക്കാൻ കഴിയാത്ത സാഹചര്യം ഉള്ള കുടുംബങ്ങളെ ആണ് ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടത്. 2.1, 2.2, 2.3, 2.4 –ൽ പഞ്ചായത്ത്/നഗരസഭകളിൽ നിന്നും വാർഡ് തല സമിതികൾക്ക് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്. ഈ പട്ടികയിൽ ഉൾപെടാത്ത കുടുംബമാണെങ്കിലും, നിരീക്ഷണത്തിലൂടെ കുടുംബത്തിന്റെ യഥാർത്ഥ സ്ഥിതി ബോധ്യപ്പെട്ടു എങ്കിൽ എന്യൂമറേറ്റർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ രേഖാമൂലമുള്ള നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാവുന്നതാണ്.

2.5. രോഗമോ അപകടമോ കാരണം കട ബാധ്യത വന്ന് ആസ്തികളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബമാണോ?

☐ ആണ് ☐ അല്ല

രോഗം, അപകടം തുടങ്ങിയവയ്ക്കായി വേണ്ടി വരുന്ന ചികിത്സ മൂലം കടബാധ്യതയും പിന്നീട് എല്ലാ തരത്തിലുമുള്ള ഉപജീവനശേഷികളും നഷ്ടപ്പെട്ട കുടുംബങ്ങളെയാണ് ഈ വിഭാഗത്തിൽ രേഖപ്പെടുത്തേണ്ടത്. ഇങ്ങനെ പരിഗണിക്കുന്ന കുടുംബങ്ങൾക്ക് ആസ്തി, നിക്ഷേപം തുടങ്ങിയവയിൽ നിന്ന് വരുമാനം ഉണ്ടാകാൻ പാടില്ല. തൊഴിൽ ശേഷി ഉള്ള ആകെ ഒരാൾക്ക് സാമൂഹിക സുരക്ഷാ പെൻഷനു സമാനമായ (നാമമാത്രമായ) തൊഴിൽ വരുമാനം മാത്രമേ ഉണ്ടാകാവൂ.

3. വരുമാനം

3.1. തൊഴിൽ ശേഷിയില്ലാത്ത, ആസ്തികളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്ത കുടുംബമാണോ? (മൂന്ന് ഘടകങ്ങളും ബാധകമായ കുടുംബങ്ങളെ മാത്രം പരിഗണിക്കുക)

☐ ആണ് ☐ അല്ല

മുകളിലുള്ള മൂന്ന് ഘടകങ്ങളും ബാധകമായ കുടുംബങ്ങളെ മാത്രമാണ് പരിഗണിക്കേണ്ടത്. ഏതെങ്കിലും ഒരു ഘടകം മാത്രം ബാധകമായ കുടുംബങ്ങളെ ഇവിടെ പരിഗണിക്കേണ്ടതില്ല. കുടുംബത്തിലെ എല്ലാ അംഗങ്ങളിലും ആർക്കും തൊഴിൽ ശേഷിയില്ലാത്തതും ആസ്തികൾ, നിക്ഷേപങ്ങൾ തുടങ്ങിയവയിൽ നിന്നും യാതൊരു തരത്തിലുമുള്ള വരുമാനവും ഇല്ലാത്ത കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്. ഏതെങ്കിലും ഒരു അംഗത്തിന് തൊഴിൽ ശേഷി ഉണ്ടെങ്കിൽ ആ കുടുംബത്തിനെ ഇവിടെ പരിഗണിക്കേണ്ടതില്ല.

മുഖ്യ വരുമാന ദായക/ൻ മരിച്ചുപോയ അവസ്ഥയിൽ കുടുംബത്തിലെ അവശേഷിക്കുന്ന അംഗങ്ങളിൽ ആർക്കെങ്കിലും തൊഴിൽ ശേഷി ഉണ്ടെങ്കിൽഅത് ചോദ്യം 3.4- ൽ രേഖപെടുത്തണം.

3.2. 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന മറ്റു വരുമാനദായക അംഗങ്ങൾ ഇല്ലാത്ത ദരിദ്ര കുടുംബമാണോ? (ഉപജീവനത്തിന് വേണ്ടി തൊഴിൽ ഒഴിവാക്കാനാവാത്ത അവസ്ഥ)

☐ ആണ് ☐ അല്ല

ഉപജീവനത്തിന് വേണ്ടി തൊഴിൽ ഒഴിവാക്കാനാവാത്ത അവസ്ഥയിൽ ശാരീരിക അവശത ഉണ്ടായിരുന്നിട്ടും 60 വയസ്സിന് മുകളിൽ പ്രായമായവർ മാത്രം തൊഴിലെടുക്കേണ്ടി വരുന്ന, മറ്റൊരാളുടെയും തൊഴിലോ വരുമാനമോ ഇല്ലാത്ത, ആസ്തികളിൽ നിന്നോ നിക്ഷേപങ്ങളിൽ നിന്നോ വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബത്തെ മാത്രം ഇവിടെ പരിഗണിക്കുക.

3.3. 70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള സാമൂഹിക സുരക്ഷാ പെൻഷൻ അല്ലാതെ മറ്റ് വരുമാനം ഇല്ലാത്ത കുടുംബമാണോ?

☐ ആണ് ☐ അല്ല

സാമൂഹിക സുരക്ഷാ പെൻഷനുകൾക്ക് പുറമേ മറ്റ് വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബങ്ങളുടെ വിവരങ്ങൾ ചേർക്കുക. വേറെ ആരുടേയും സംരക്ഷണം ഇല്ലാതെ കഴിയുന്ന കുടുംബങ്ങളുടെ വിവരങ്ങളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. സംരക്ഷണ ചുമതലയുള്ളവർ ജീവിച്ചിരിക്കുകയും എന്നാൽ ഇവർക്ക് സംരക്ഷണം ലഭ്യമാകാത്ത സാഹചര്യവുമാണെങ്കിൽ പ്രസ്തുത വിവരങ്ങൾ താഴെ പ്രത്യേകം രേഖപ്പെടുത്തേണ്ടവയാണ്.

3.4. മുഖ്യ വരുമാനദായക/ൻ മരിച്ചുപോയ അല്ലെങ്കിൽ ഉപേക്ഷിച്ച് പോയ കുടുംബമാണോ ?

☐ ആണ് ☐ അല്ല

മുഖ്യ വരുമാനധായകൻ ഒഴികെ, കുടുംബത്തിലെ മറ്റു അംഗങ്ങളിൽ ആർക്കും വരുമാനമില്ല പക്ഷെ ഒരു അംഗത്തിനെങ്കിലും തൊഴിൽശേഷി ഉണ്ടെങ്കിൽ മാത്രമാണ് ഈ ചോദ്യം ബാധകം.

- ഉപവരുമാനദായകരുണ്ടെങ്കിൽ ഈ ഇനത്തിൽ പരിഗണിക്കേണ്ടതില്ല
- ആശ്രിത/ൻ -ന് തൊഴിലോ വരുമാനമോ ഇല്ല
- അവശേഷിക്കുന്ന ആശ്രിത/ൻ -ന് തൊഴിൽ ശേഷി ഉണ്ട്.
- പക്ഷെ തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം (മാനസിക ആഘാതം സാമൂഹിക ഒറ്റപെടൽ എന്നിവ മൂലം) ഇല്ലെങ്ങിൽ ഈ ചോദ്യം ബാധകം

3.5. വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങൾ പൂർണമായി നഷ്ടപ്പെട്ട കുടുംബമാണോ? (തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടതിനാൽ യാതൊരു തരത്തിലുള്ള ഉപജീവന ശേഷിയും അതിജീവന ശേഷിയും ഇല്ലാതെ ആയ അവസ്ഥ) (ദുരന്തങ്ങൾ- തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, അവിചാരിതമായി ഉണ്ടാകുന്ന അപകടങ്ങൾ)

☐ ആണ് ☐ അല്ല

വിവിധ ദുരന്തങ്ങൾ മൂലം തൊഴിൽ ഉപകരണങ്ങളോ ജീവനോപാധികളോ പൂർണമായും നഷ്ടപ്പെട്ടതിനാൽ യാതൊരു തരത്തിലുള്ള ഉപജീവന ശേഷിയും അതിജീവന ശേഷിയും ഇല്ലാതെ ആയ അവസ്ഥയിലുള്ള കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്. ദുരന്തങ്ങൾ ആയി തൊഴിലിടങ്ങളിൽ നിന്ന് ഉണ്ടാകുന്ന അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, അവിചാരിതമായി ഉണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയവയെ പരിഗണിക്കാം. തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടും ഉപജീവനശേഷിയോ അതിജീവന ശേഷിയോ മറ്റു വരുമാന സാധ്യതകളോ കൈമുതലായിട്ടുള്ളവരെ പരിഗണിക്കേണ്ടതില്ല.

4. വാസസ്ഥലം

[വാസസ്ഥലം എന്നത് അതിദാരിദ്ര്യത്തിന്റെ അളവുകോൽ എന്ന നിലയിലാണ് ഇവിടെ പരിഗണിക്കുന്നത്. അതി ദരിദ്രമായ ചുറ്റുപാടിൽ കഴിയുന്ന കുടുംബങ്ങളെയാണ് ഇവിടെ അടയാളപ്പെടുത്തേണ്ടത്.]

4.1. താമസസ്ഥലം ഇല്ലാതെ അലയുന്ന കുടുംബം ആണോ?

☐ ആണ് ☐ അല്ല

സ്വന്തമായോ വാടകയ്ക്കോ താമസസ്ഥലം ലഭ്യമല്ലാതാവുകയും അത് നേടുന്നതിനുള്ള ശേഷി ഇല്ലാതിരിക്കുകയും, കൂടാതെ താമസിക്കാൻ യാതൊരു ഇടവും ലഭ്യമല്ലാത്തതുമായ അവസ്ഥ. വാടക വീട്ടിൽ കഴിയുന്ന കുടുംബങ്ങളെ ഈ ചോദ്യത്തിന്റെ പരിഗണനയിൽ കൊണ്ടുവരേണ്ടതില്ല. സ്വന്തമായ താമസസ്ഥലം അല്ലാതെ, മറ്റു ബന്ധുക്കൾക്കൊപ്പം കഴിയുന്ന കുടുംബമോ വ്യക്തിയോ ആണെങ്കിൽ, സ്വന്തമായ താമസസ്ഥലം ഇല്ല എന്ന കാരണംകൊണ്ട് മാത്രം അതി ദരിദ്രനായി പരിഗണിക്കേണ്ടതില്ല. എന്നാൽ, ഇവർ ഇപ്പോൾ താമസിക്കുന്ന കുടുംബത്തിലെ അംഗങ്ങളെയും, ഇപ്പോൾ താമസിക്കുന്ന കുടുംബത്തിന്റെ അവസ്ഥയും പരിഗണിച്ച്, മറ്റു മാനമാനദണ്ഡങ്ങൾ വിലയിരുത്തേണ്ടതാണ്.
സ്ഥിരമായി ഒരിടത്ത് താമസിക്കാതെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് അലഞ്ഞു കൊണ്ടിരിക്കുന്ന വിഭാഗത്തിൽ പെട്ട കുടുംബംങ്ങളെയാണ് ഇവിടെ പരിഗണിക്കാവുന്നത്. എന്നാൽ ഇവരെ തിരിച്ചറിയുന്ന ഘട്ടത്തിൽ കഴിഞ്ഞ കുറച്ചു കാലങ്ങൾ എങ്കിലും (ചുരുങ്ങിയത് ഒരു വർഷം) ആയി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പരിധിയിൽ താമസിക്കുന്ന കുടുംബംങ്ങളെയാണ് പരിഗണിക്കാവുന്നത്.

4.2. അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

- അപകടകരമായ സാഹചര്യത്തിൽ താമസിക്കുന്നവർ
  - ഷീറ്റ് കൊണ്ടോ, ഓല കൊണ്ടോ താത്ക്കാലികമായി കെട്ടിയുണ്ടാക്കിയ വാസസ്ഥലം ഉള്ളവർ, താൽക്കാലിക ഷെഡുകളിൽ താമസിക്കുന്നവർ,
  - പ്രകൃതി ദുരന്ത (ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ) സാധ്യതയുള്ള പ്രദേശത്ത് 25 സെൻറിൽ താഴെ ഭൂമിയിൽ താമസിക്കുന്നവർ,
  - പ്രളയ സാധ്യതയുള്ള പ്രദേശത്ത് (പുഴയുടെ തീരത്ത്, ചതുപ്പ് പ്രദേശത്ത്) താമസിക്കുന്ന മറ്റ് ഇടങ്ങളിൽ ഭൂമി ഇല്ലാത്ത കുടുംബം
  - കടലാക്രമണം അപകടകരമായ സാഹചര്യമാണെങ്കിലും, കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനാ ചോദ്യങ്ങൾ (5.11) ഉള്ളതിനാൽ അപകടകരമായ സാഹചര്യത്തിൽ നിന്ന് കടലാക്രമണത്തേ ഇവിടെ ഒഴിവാക്കേണ്ടതാണ്.
- ദുസ്സഹവുമായ സാഹചര്യത്തിൽ താമസിക്കുന്നവർ
  - അഴുക്ക് ചാലുകളുടെ ഓരങ്ങളിൽ താമസിക്കുന്നവർ
  - മാലിന്യ കൂമ്പാര പരിസരത്തു താമസിക്കുന്നവർ
- ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ
  - ബസ്സ് സ്റ്റാൻഡ്
  - മാർക്കറ്റ്
  - കടത്തിണ്ണകൾ
  - വയൽ വരമ്പുകൾ
  - റെയിൽവേ, റോഡ്/പുറംമ്പോക്കുകളിൽ താത്ക്കാലികമായ കെട്ടിയുണ്ടാക്കിയ വാസസ്ഥലം ഉള്ളവർ
  - 4.1 – മാനദണ്ഡം പ്രകാരം താമസസ്ഥലം ഇല്ലാതെ അലയുന്നവരാണെങ്കിൽ വീണ്ടും എവിടെ ഉൾപെടുത്തേണ്ടതില്ല.)

4.3. കടബാധ്യതകൾ (2.5 ൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങൾ ഒഴികെ), പ്രകൃതി ദുരന്തങ്ങൾ

മൂലം വാസസ്ഥലം നഷ്ടമായ കുടുംബമാണോ? (കടലാക്രമണം ഒഴികെയുള്ള ദുരന്തങ്ങൾ)

☐ ആണ് ☐ അല്ല

5. പ്രത്യേക വിഭാഗങ്ങൾ (പട്ടിക-2)

5.1. പട്ടിക വർഗ്ഗ വിഭാഗം

[ചോദ്യം 5.1.1 മുതൽ 5.1.7 വരെ പട്ടിക വർഗ്ഗ വിഭഗത്തിനു മാത്രം ബാധകമാണ്.]

5.1.1. അടിസ്ഥാന സൗകര്യങ്ങൾ [ഏതെങ്കിലും ഒരു ഘടകം ബാധകമല്ലാത്ത കുടുംബങ്ങളെ പരിഗണിക്കേണ്ടതില്ല. അതായത് ഇത്തരത്തിൽ പരിഗണന കിട്ടേണ്ട കുടുംബത്തിന് പൊതു ഗതാഗത സൗകര്യം ലഭ്യമാകണമെങ്കിലോ സ്കൂളിലേക്ക് എത്തണമെങ്കിലോ റേഷൻ കടയിലേക്ക് എത്തണമെങ്കിലോ ചുരുങ്ങിയത് 3 കിലോമീറ്റർ ദൂരം സഞ്ചരിക്കണം.]

5.1.1.1. പൊതു ഗതാഗത സൗകര്യത്തിൽ (ബസ് ഓട്ടോറിക്ഷ ടാക്സി മുതലായവ എത്തുന്ന റോഡ് സൗകര്യങ്ങളുള്ള പ്രദേശം) നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

5.1.1.2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

5.1.1.3. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ (അങ്കണവാടികളും ഏകാധ്യാപക വിദ്യാലയങ്ങളും ഒഴികെ) നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

5.1.1.4. റേഷൻ കടയിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

5.1.1.5. വനത്തിനുള്ളിൽ (റിസേർവ് ഫോറെസ്റ്റ്) താമസിക്കുന്ന 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ള പട്ടിക വർഗ്ഗ കുടുംബമാണോ?

☐ ആണ് ☐ അല്ല

5.1.2. അതീവ ദുർബല ആദിവാസി വിഭാഗങ്ങളിൽ (PVTG) പെട്ട കുടുംബമാണോ? (കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ)

☐ ആണ് ☐ അല്ല

[പട്ടികവർഗ്ഗ വിഭാഗങ്ങളിൽ തന്നെ അതീവ ദുർബല ആദിവാസി വിഭാഗം എന്ന നിലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ആദിവാസി വിഭാഗങ്ങളെ തരം തിരിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന ആദിവാസി വിഭാഗങ്ങൾ കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ എന്നീ

വിഭാഗങ്ങളിൽ പെടുന്നവരാണ്. ഈ വിഭാഗങ്ങളിൽ പെട്ട കുടുംബങ്ങൾക്ക് മാത്രം ഇവിടെ ആണ് എന്ന് ഉത്തരം നൽകുക.]

5.1.3. വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബമാണോ? (വനവിഭവശേഖരണം കൂടാതെ മറ്റ് വരുമാന മാർഗ്ഗം ഉള്ളവരെ പരിഗണിക്കേണ്ടതില്ല)

☐ ആണ് ☐ അല്ല

[വനവിഭവ ശേഖരണം മാത്രം പ്രധാന വരുമാനമായിട്ടുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളെ മാത്രം പരിഗണിക്കുക. മറ്റേതെങ്കിലും വരുമാനം (തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ) ഉള്ള കുടുംബങ്ങളെ ഇവിടെ പരിഗണിക്കേണ്ടതില്ല.]

5.1.4. പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും പ്രാഥമിക വിദ്യാഭ്യാസമോ അതിൽ താഴെയോ മാത്രം നേടിയവരായ കുടുംബമാണോ? (ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമീക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല' എന്ന് രേഖപ്പെടുത്തുക.)

☐ ആണ് ☐ അല്ല

[ഏഴാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനെയാണ് പ്രാഥമീക വിദ്യാഭ്യാസം എന്നത് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. പരിഗണിക്കുന്ന പട്ടിക വർഗ വിഭാഗത്തിൽ പെടുന്ന ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമീക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല' എന്ന് രേഖപ്പെടുത്തുക.]

5.1.5. അവിദഗ്ധ കാർഷിക കൂലിപ്പണിക്കായി പുറംസംസ്ഥാനങ്ങളിൽ ജോലി തേടി പോകേണ്ടി വരുന്നവരുള്ള കുടുംബമാണോ? (അതിജീവന – ഉപജീവനത്തിനായി, സ്വന്തമായി 25 സെന്റിൽ അധികം കൃഷിഭൂമി ഇല്ലാത്ത, തൊഴിൽ ശേഷിയുള്ള ഉള്ള ആകെ ഒരാൾ കോവിഡിന് (2020-ന്) മുൻപ് മൂന്നുവർഷം തുടർച്ചയായി മറ്റ് വരുമാന മാർഗങ്ങളില്ലാതെ അവിദഗ്ധ കാർഷിക കൂലിപ്പണികൾക്കായി കുടിയേറി, പ്രത്യേകിച്ചും അയൽസംസ്ഥാനങ്ങളായ കർണാടകം തമിഴ്നാട് എന്നിവിടെ അവിദഗ്ധ കാർഷിക കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തുന്ന പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് മാത്രം ഈ ചോദ്യം ബാധകമാണ്)

☐ ആണ് ☐ അല്ല

5.1.6. ബി.എം.ഐ

5.1.6.1. പ്രായപൂർത്തിയായ അംഗങ്ങളുടെ ഉയരവും ഭാരവും രേഖപെടുത്തുക

പേര്	ഉയരം (സെന്റി മീറ്റർ)	ഭാരം (കിലോ)
ഉദാ.	168.50	63.75

ഒരാൾക്ക് ഭാരം കുറവാണോ, സാധാരണ ഭാരമാണോ, അമിതഭാരമുണ്ടോ, അമിതവണ്ണമുണ്ടോ എന്ന് നിർണ്ണയിക്കാനുള്ള അളവുകോലായി ബി.എം.ഐ (ബോഡി മാസ് ഇൻഡക്സ്) ഉപയോഗിക്കുന്നു.

ഉയരം, ഭാരം, ഭക്ഷണക്രമം മുതലായ ചില ഘടകങ്ങൾ ബി.എം.ഐയെ സ്വാധീനിക്കുന്നു. സാധാരണ ഭാരമാണോ, അമിതഭാരമാണോ, അതോ അമിതവണ്ണമാണോ എന്നിവ കണ്ടെത്തുന്നതിനുള്ള പരിധി നിർണ്ണയിക്കുന്നത് ബിഎംഐ അളവ് നോക്കിയാണ്. ബോഡി മാസ് സൂചിക നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന അളവുകോലാണ് വ്യക്തിയുടെ ഉയരവും ഭാരവും. വ്യക്തികളുടെ ഭാരം, അവരുടെ ഉയരത്തിന് ആനുപാതികമായി, നിങ്ങളുടെ ശരീരം എത്ര അധിക/കുറവ് കൊഴുപ്പ് സൂക്ഷിക്കുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു.

ബി.എം.ഐ കണക്കാക്കാനുള്ള മാർഗ്ഗങ്ങൾ: ഭാരം അളക്കുന്നതിനുള്ള ഉപകരണവും, ഉയരം അളക്കുന്നതിനുള്ള ഉപകരണവും പട്ടിക വർഗ വിഭാഗങ്ങൾക്കിടയിൽ വിവരശേഖരണം നടത്തുമ്പോൾ എൻന്യൂമറേറ്റർ കരുതേണ്ടതാണ്. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഇതിനായുള്ള ഉപകരണങ്ങൾ പട്ടിക വർഗ വിഭാഗങ്ങളിലുള്ള വാർഡ്തല സമിതികൾക്ക് ലഭിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതാണ്.

Chronic Energy Deficiency എന്നത് പോഷകക്കുറവ് മൂലം ദൈനംദിന പ്രവർത്തനത്തിന് അത്യാവശ്യമായ ഊർജ്ജം പോലും ലഭിക്കാത്ത അവസ്ഥയാണ്. ഇത്തരത്തിൽ അത്യാവശ്യമായ ഊർജ്ജം ലഭിക്കാത്ത കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്.

ഉയര തൂക്ക അനുപാതം അഥവാ ബോഡി മാസ് ഇൻഡക്സ് എന്നത് ഒരു വ്യക്തിയുടെ പ്രായം, ഉയരം, തൂക്കം, സെക്സ് എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി നിർണയിക്കുന്ന രീതിശാസ്ത്രമാണ്. ഉയരവും തൂക്കവും തമ്മിലുള്ള അനുപാതം 16 ൽ താഴെ വരുന്ന അംഗങ്ങളുള്ള കുടുംബങ്ങളെ ഇവിടെ പരിഗണിക്കാം. കുടുംബത്തിലെ മുതിർന്ന ഒരംഗത്തിന്റെ ഉയര തൂക്ക അനുപാതം 16 ൽ താഴെയാണ് വരുന്നതെങ്കിൽ ഇവിടെ പരിഗണിക്കേണ്ടതാണ്. Chronic Energy Deficiency ഉള്ള അംഗമായി പരിഗണിക്കേണ്ടത് 18.5 താഴെ ബിഎംഐ ഉള്ള കുടുംബാംഗങ്ങളാണ്. ഇവർക്ക് അഞ്ചു മാർക്ക് നൽകാവുന്നതാണ്. ചോദ്യം എം.ഐ.എസിൽ നേരിട്ട് കണക്കാക്കുന്നതാണ്. എൻന്യൂമറേറ്റർമാർ കുടുംബാംഗങ്ങളുടെ ഭാരവും ഉയരവും മാത്രം ചോദ്യാവലിയിൽ രേഖപ്പെടുത്തിയാൽ മതിയാകും.

5.1.7. വസിക്കാൻ ഭൂമിയില്ലാത്ത അഥവാ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

ഇത്തരത്തിൽ പരിഗണിക്കുന്ന പട്ടിക വർഗ കുടുംബങ്ങൾക്ക് വസിക്കാൻ സ്വന്തമായി ഭൂമി ഉണ്ടാവാതിരിക്കുകയും 150 ച.അടിയോ അതിൽ താഴെയോ ഉള്ള വാസ സ്ഥലത്തിൽ 8 പേരോ അതിലധികമോ പേർ ഒരുമിച്ച് കഴിയുന്ന അവസ്ഥയുമാണെങ്കിൽ അവരെയാണ് ഇവിടെ പരിഗണിക്കേണ്ടത്. ഇത്തരത്തിലുള്ള പട്ടിക വർഗ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളെ ഇവിടെ പരിഗണിക്കുക.

5.2. പട്ടിക ജാതി വിഭാഗം

[ചോദ്യം 5.2.1 മുതൽ 5.2.2 വരെ പട്ടിക ജാതി വിഭാഗത്തിനു മാത്രം ബാധകമാണ്.]

5.2.1. അടിസ്ഥാന സൗകര്യങ്ങൾ

ഗതാഗത സൗകര്യമില്ലാത്ത എന്നത് കൊണ്ട് താമസ സ്ഥലത്ത് നിന്ന് ചുരുങ്ങിയത് 500 മീറ്ററെങ്കിലും നടന്നാൽ മാത്രം വാഹന ഗതാഗത സൗകര്യമുള്ള പ്രദേശങ്ങളിൽ എത്താൻ സാധിക്കുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളെയാണ് ഉദ്ദേശിക്കുന്നത്.

കുടിവെള്ള സൗകര്യം എന്നത് കുടുംബത്തിന് പ്രാപ്യമായ രീതിയിൽ 100 മീറ്ററിനുള്ളിൽ കുടിവെള്ള

സൗകര്യം ഉണ്ടായിരിക്കുക എന്നതാണ്. ചിലപ്പോൾ 100 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഉണ്ടായിരിക്കുകയും എന്നാൽ കുടുംബത്തിന് അത് ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യമാണെങ്കിൽ അത് കുടിവെള്ള സൗകര്യം ലഭ്യമല്ല എന്ന രീതിയിൽ കണക്കാക്കേണ്ടതാണ്.
വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ എന്നത് കുടുംബം താമസിക്കുന്ന പ്രത്യേക പ്രദേശത്ത് ആർക്കും വൈദ്യുതി ലഭ്യമായിട്ടില്ല എന്നാണ്.

5.2.1.1. വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

5.2.1.2. ഗതാഗത സൗകര്യമില്ലാത്ത (താമസ സ്ഥലത്ത് നിന്ന് ചുരുങ്ങിയത് 500 മീറ്ററെങ്കിലും നടന്നാൽ മാത്രം ഓട്ടോ റിക്ഷ/വാഹന ഗതാഗത സൗകര്യമുള്ള പ്രദേശങ്ങളിൽ എത്താൻ സാധിക്കുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ) കുടുംബമാണോ?

☐ ആണ് ☐ അല്ല

5.2.1.3. 100 മീറ്ററിൽ പ്രാപ്യമായ കുടിവെള്ള സൗകര്യമില്ലാത്ത, കുടുംബമാണോ?

☐ ആണ് ☐ അല്ല

5.2.2. പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും പ്രാഥമിക വിദ്യാഭ്യാസമോ അതിൽ താഴെയോ മാത്രം നേടിയവരായ കുടുംബമാണോ?
(പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവർ ഉള്ള പട്ടികജാതി വിഭാഗത്തിൽ പെടുന്ന കുടുംബങ്ങളെ മാത്രം പരിഗണിക്കുക. ഏഴാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനെയാണ് പ്രാഥമിക വിദ്യാഭ്യാസം എന്നത് കൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമിക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല' എന്ന് രേഖപ്പെടുത്തുക.)

☐ ആണ് ☐ അല്ല

5.3. തീരദേശ വാസികൾ

5.3.1. കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്ന കുടുംബമാണോ?
(നിലവിൽ കടലാക്രമണ ഭീഷണി നേരിട്ട് കൊണ്ടിരിക്കുന്നതായ കുടുംബങ്ങളെയാണ് ഇവിടെ പരിഗണിക്കേണ്ടത്. കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 3 സീസണിലെങ്കിലും കടലേറ്റം ബാധിച്ചിട്ടുള്ള കുടുംബങ്ങൾ)

☐ ആണ് ☐ അല്ല

5.3.2. കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ട കുടുംബമാണോ? (നിലവിൽ കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ടവരും സ്വന്തമായ താമസസ്ഥലം ഇതുവരെ ലഭ്യമാകാത്തതുമായ കുടുംബമാണോ?)

☐ ആണ് ☐ അല്ല

5.3.3. പ്രാഥമീക വിദ്യാഭ്യാസം മാത്രം നേടിയവർ ഉള്ള കുടുംബമാണോ? (ഏതെങ്കിലും പ്രായപൂർത്തിയായ ഒരംഗം പ്രാഥമീക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുണ്ടെങ്കിൽ ഇവിടെ 'അല്ല'

എന്ന് രേഖപ്പെടുത്തുക)

☐ ആണ് ☐ അല്ല

5.4. നഗര ദാരിദ്ര്യം: മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽപ്പെട്ട കുടുംബമാണ് എങ്കിൽ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബമാണോ?

☐ ആണ് ☐ അല്ല

[നഗര പ്രദേശത്ത് താമസിക്കുന്ന അതിദരിദ്രരായ ആളുകളെ കണ്ടെത്തുന്നതിനാണ് ഈ ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. മുനിസിപ്പാലിറ്റി, കോർപറേഷൻ പരിധിയിൽ പെട്ട കുടുംബങ്ങളെ മാത്രം ഇവിടെ പരിഗണിക്കുക. ഈ പരിധിയിൽ പെട്ട കുടുംബങ്ങളിൽ 150 ച.അടിയിലോ അതിൽ താഴെയോ വിസ്തീർണം ഉള്ള താമസസ്ഥലത്ത് എട്ട് പേരോ അതിൽ കൂടുതലോ പേരോ താമസിക്കുന്ന സ്ഥിതി വിശേഷമാണെങ്കിൽ അവരെ പരിഗണിക്കുക.]

6. പ്രത്യേക/ ദുർബല വിഭാഗങ്ങൾ (പട്ടിക-3)

6.1. എച്ച്.ഐ.വി. ബാധിതർ ഉള്ള ദരിദ്ര കുടുംബമാണോ?

☐ ആണ് ☐ അല്ല

[ചോദ്യം j-യിൽ AAY അല്ലെങ്കിൽ PHH റേഷൻ കാർഡ് ഉള്ളവർക്കും, അഥവാ റേഷൻ കാർഡ് ഇല്ലാത്തവർക്കുമാണ് ഈ ചോദ്യം ബാധകം. റേഷൻകാർഡ് ഉള്ളവരിൽ NPNS അല്ലെങ്കിൽ NPS റേഷൻ കാർഡ് ഉള്ള വിഭാഗങ്ങൾ ഒഴികെയുള്ളവരെയാണ് ഈ ചോദ്യത്തിൽ പരിഗണിക്കേണ്ടത്. എച്ച്.ഐ.വി ബാധിച്ചിട്ടുള്ള കുടുംബാംഗങ്ങളുള്ള ദാരിദ്ര്യ കുടുംബങ്ങളെ മാത്രം പരിഗണിക്കുക. എച്ച്.ഐ.വി രോഗം പലപ്പോഴും പറയുന്നതിന് വിമുഖത കാണിക്കുന്നതിനാൽ ചോദ്യകർത്താവും കുടുംബവുമായി സ്ഥാപിക്കുന്ന അനൗദ്യോഗിക ബന്ധങ്ങൾക്ക് പ്രാധാന്യമുണ്ട്]

6.2. അനാഥരായ കുട്ടികൾ (രക്ഷിതാക്കൾ നഷ്ടപ്പെട്ട) കൂടെ താമസിക്കുന്ന ദരിദ്ര കുടുംബമാണോ? (അനാഥരായ കുട്ടികൾ താമസിക്കുന്ന ദരിദ്ര കുടുംബങ്ങളുടെ വിവരങ്ങൾ കുടുംബത്തിന്റെ വിവരത്തിന്റെ (ഭാഗം 1- പട്ടിക 0) കൂടെ ചേർക്കാവുന്നതാണ്.

☐ ആണ് ☐ അല്ല

[ചോദ്യം j-യിൽ AAY അല്ലെങ്കിൽ PHH റേഷൻ കാർഡ് ഉള്ളവർക്കും, അഥവാ റേഷൻ കാർഡ് ഇല്ലാത്തവർക്കുമാണ് ഈ ചോദ്യം ബാധകം. റേഷൻകാർഡ് ഉള്ളവരിൽ NPNS, NPS, NPI റേഷൻ കാർഡ് ഉള്ള വിഭാഗങ്ങൾ ഒഴികെയുള്ളവരെയാണ് ഈ ചോദ്യത്തിൽ പരിഗണിക്കേണ്ടത്. അനാഥരായ കുട്ടികൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് രക്ഷിതാക്കൾ നഷ്ടപ്പെട്ടതോ ഉപേക്ഷിച്ചവരോ ആയ കുട്ടികളെയാണ്. അനാഥരായ കുട്ടികൾ താമസിക്കുന്ന ദരിദ്ര കുടുംബത്തിന്റെ വിവരങ്ങൾ കുടുംബത്തിന്റെ വിവരത്തിനൊപ്പം ചേർക്കാവുന്നതാണ് (ഭാഗം 1- പട്ടിക 0). അനാഥരായ കുട്ടികൾ ഉൾപ്പെടുന്ന ദരിദ്ര കുടുംബമാണെങ്കിൽ മാത്രം "അതെ" എന്ന് രേഖപ്പെടുത്തുക]

6.3. LGBTQIA+ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബമാണോ?

☐ ആണ് ☐ അല്ല

[ചോദ്യം j-യിൽ AAY അല്ലെങ്കിൽ PHH റേഷൻ കാർഡ് ഉള്ളവർക്കും, അഥവാ റേഷൻ കാർഡ് ഇല്ലാത്തവർക്കുമാണ് ഈ ചോദ്യം ബാധകം. റേഷൻകാർഡ് ഉള്ളവരിൽ NPNS അല്ലെങ്കിൽ NPS റേഷൻ കാർഡ് ഉള്ള വിഭാഗങ്ങൾ ഒഴികെയുള്ളവരെയാണ് ഈ ചോദ്യത്തിൽ പരിഗണിക്കേണ്ടത്. ലൈംഗീക ന്യൂന പക്ഷ വിഭാഗങ്ങളിൽപ്പെടുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ദരിദ്ര കുടുംബങ്ങളെ മാത്രം ഇവിടെ പരിഗണിക്കുക. പലപ്പോഴും പറയുന്നതിന് വിമുഖത കാണിക്കുന്നതിനാൽ ചോദ്യകർത്താവും കുടുംബവുമായി സ്ഥാപിക്കുന്ന അനൗദ്യോഗിക ബന്ധങ്ങൾക്ക് പ്രാധാന്യമുണ്ട്.

LGBTQIA+ എന്നതിലെ ഒരോ അക്ഷരവും ഓരോ വിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്.
(L - Lesbian, G- Gay, B- Bisexual, T- Transgender, Q-Queer, I- Intersex, A- Asexual,...]

സാമൂഹ്യമായും സാമ്പത്തികമായും വലിയ അസമത്വങ്ങൾ അനുഭവിക്കുന്നവരാണ് തങ്ങളുടെ ലിംഗ സ്വത്വം സ്ത്രീ പുരുഷ ദ്വന്ദ്വങ്ങളിൽ ഉൾപ്പെടാത്ത ട്രാൻസ് ജെന്റർ/ഇന്റർ സെക്സ് വ്യക്തികൾ. അതുപോലെ തന്നെ ലൈംഗിക അഭിരുചി ഭിന്ന ലൈംഗികതയിൽ നിന്നും വ്യത്യസ്തമായ ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ തുടങ്ങിയ മനുഷ്യരും കുടുംബത്തിനകത്തും പുറത്തും വലിയ രീതിയിൽ അകറ്റി നിർത്തപ്പെടുന്നവരാണ്. ഇവരിൽ കുറേ പേർ എങ്കിലും കുടുംബത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരും മറ്റ് ആലംബങ്ങളൊന്നുമില്ലാതെ ഒറ്റയ്ക്കും ഒരുമിച്ചും ജീവിക്കുന്നവരുമാണ്. തൊഴിൽ, താമസ സ്ഥലം എന്നിവ ലഭ്യമാകാത്ത ഇവർ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ്. ഈ അവസ്ഥ ഇവരെയെല്ലാം ദരിദ്രരാക്കുന്നു. കുട്ടിക്കാലം മുതൽ അനുഭവിക്കുന്ന സാമൂഹ്യ വിവേചനം മൂലം വിദ്യാഭ്യാസം നേടാനും മെച്ചപ്പെട്ട തൊഴിൽ നേടാനും ഇവർക്കു സാധിക്കുന്നില്ല. ഇവരുടെ ഭാരിദ്ര്യത്തിന് ഇതൊരു കാരണമാണ്.

ലിംഗ സ്വത്വങ്ങളിലോ, ലൈംഗിക അഭിരുചികളിലോ ഉള്ള വൈവിധ്യങ്ങൾ തികച്ചും സാധാരണമായി കണക്കാക്കേണ്ടതാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ അവകാശ നിഷേധങ്ങളും അവസരങ്ങളിലുള്ള അസമത്വങ്ങളും അനുഭവിക്കേണ്ടി വരുന്ന LGBTQIA+ വിഭാഗങ്ങളിൽപ്പെട്ടവരെ കണ്ടെത്തുവാനാകുകയോ അവർ സ്വയം പ്രഖ്യാപിക്കുകയോ ചെയ്യുന്ന പക്ഷം അതിദരിദ്രരെ കണ്ടെത്തുന്ന പ്രക്രിയയിൽ പ്രത്യേക ക്ലേശ ഘടകമായി ഉൾപ്പെടുത്തി പരിഗണിക്കേണ്ടത് അനിവാര്യമാണ്.

അനുബന്ധം – 7

അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയയെ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ

QR കോഡ് സ്കാൻ/ടച്ച് ചെയ്ത് സർക്കാർ ഉത്തരവുകളുടെ pdf ഓൺലൈനിൽ വായിക്കാം

സ.ഉ(ആർ.ടി) 1665/2021/ത.സ്വ.ഭ.വ
Dated 02/09/2021

സ.ഉ(എം.എസ്) 145/2021/ത.സ്വ.ഭ.
Dated 16/07/2021

സ.ഉ.(സാധാ) നം.1810/2021/ത.സ്വ.ഭ.വ
Dated 20/09/2021

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ്- അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സൂപ്പർ ചെക്ക് - മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.1/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/01/2022

പരാമർശം:-

1. സ.ഉ(കൈ)നം.99/2021/ത.സ്വ.ഭ.വ. തീയതി 02.06.2021
2. സ.ഉ(കൈ)നം.145/2021/ത.സ്വ.ഭ.വ. തീയതി 16.07.2021
3. സ.ഉ(കൈ)നം.296/2021/ത.സ്വ.ഭ.വ. തീയതി 07.12.2021
4. അതിദാരിദ്ര്യ നിർണ്ണയ സെൽ നോഡൽ ഓഫീസറുടെ 09.12.2021 ലെ 8570/ഇ.പി.ഐ.പി.1/2021/ സി.ആർ.ഡി നം. കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗ രേഖകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (2), (3) പ്രകാരം ഉത്തരവായിരുന്നു. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനതലത്തിൽ 20% സൂപ്പർ ചെക്ക് ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെടുകയുണ്ടായി. ഇതിനായി അതിദാരിദ്ര്യം നിർണ്ണയ സെൽ നോഡൽ ഓഫീസർ പരാമർശം 4 കത്ത് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനതലത്തിൽ 20% സൂപ്പർ ചെക്ക് ചെയ്യുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

സൂപ്പർ ചെക്ക്

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ ഭാഗമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ ഗുണത ഉറപ്പാക്കുന്നതിനും എന്യൂമറേറ്റർമാർ വീടുകളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും ബ്ലോക്ക് തലത്തിൽ /മുനിസിപ്പൽ തലത്തിൽ ഒരു ഉദ്യോഗസ്ഥ സംഘം നടത്തുന്ന പ്രത്യേക വിലയിരുത്തലാണ് സൂപ്പർ ചെക്കിംഗ്.

സൂപ്പർ ചെക്കിംഗ്: ലക്ഷ്യങ്ങൾ

1. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ അർഹരായവരെ കണ്ടെത്തുന്ന പ്രക്രിയയുടെ ഗുണത ഉറപ്പാക്കുക.
2. അർഹരായവർ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടു എന്നും, അനർഹർ പ്രാഥമിക പട്ടികയിൽ ഇല്ല എന്നും, അനർഹർ മൂലം പട്ടികയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല എന്നും ഉറപ്പാക്കുക.
3. എന്യൂമറേറ്റർമാർ വീടുകളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുക.
4. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് അവശ്യ ഇടപെടലുകൾ നടത്തുക.

സൂപ്പർ ചെക്കിംഗ്: സംവിധാനം

പഞ്ചായത്തുകളിൽ ബ്ലോക്ക്തല ഉദ്യോഗസ്ഥർക്കും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ആയിരിക്കും സൂപ്പർ ചെക്ക് സംവിധാനത്തിന്റെ ചുമതല. ഒരു ബ്ലോക്കിലെ പഞ്ചായത്തുകൾക്ക് ആനുപാതികമായ സംഘം ആയിരിക്കും ഓരോ ബ്ലോക്കിലും ഉണ്ടാവുക. ഓരോ പഞ്ചായത്തിനും ഒരാൾക്ക് വീതം ആയിരിക്കും ചുമതല ഉണ്ടാവുക. നഗരസഭകളിൽ 5 പേരിൽ കുറയാത്ത സംഘവും, കോർപ്പറേഷനുകളിൽ 10 പേരിൽ കുറയാത്ത സംഘവും ഉണ്ടാകും. ഓരോ തദ്ദേശ സ്ഥാപനത്തിനും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ പട്ടിക അതത് ബ്ലോക്കിലെ ബി.ഡി.ഒ മാർ തയ്യാറാക്കണം. നഗരസഭകളിലെ ഉദ്യോഗസ്ഥരുടെ പട്ടിക ജില്ലാതലത്തിൽ ജില്ലാ നോഡൽ ഓഫീസർമാർ ആണ് തയ്യാറാക്കുക.

ബ്ലോക്ക് പഞ്ചായത്ത് സൂപ്പർ ചെക്ക് ടീമിന്റെ ഘടന:

അധ്യക്ഷ(ൻ): ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
അംഗങ്ങൾ: ജോയിന്റ് ബി.ഡി.ഒ, എല്ലാ എക്സ്റ്റൻഷൻ ഓഫീസർമാരും, ഹെഡ് ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ്, ബ്ലോക്ക്തല കില റിസോഴ്സ് പേഴ്സൺ, കിലയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനതല റിസോഴ്സ് പേഴ്സൺമാർ.

സൂപ്പർ ചെക്കിംഗ്: രണ്ട് ഭാഗങ്ങൾ

1. സാധ്യതാപട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ കൺകറൻറ് മോണിറ്ററിംഗ് 1, 2
2. എന്യൂമറേഷൻ ഘട്ടത്തിലുള്ള മോണിറ്ററിംഗ്

കൺകറൻറ് മോണിറ്ററിംഗ് -1 (ബ്ലോക്ക് ടീം)

ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടക്കുമ്പോൾ തന്നെ, കൈപുസ്തകത്തിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ നിബന്ധനകൾ പാലിക്കുന്നുണ്ടോ ഇല്ലയോ എന്നും പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ബ്ലോക്ക് തലത്തിൽ നിയോഗിക്കുന്ന ഉദ്യോഗസ്ഥ/ൻ അപ്പപ്പോൾ തന്നെ തദ്ദേശസ്ഥാപന തല നോഡൽ ഓഫീസർക്ക് തിരുത്തൽ നിർദേശങ്ങൾ നൽകുകയും ചെയ്യണം. ഈ പരിശോധന 20% വാർഡുകളിലെങ്കിലും നടത്തണം. ബ്ലോക്ക് തലത്തിൽ ഈ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ആയിരിക്കും. ബ്ലോക്ക് ഉദ്യോഗസ്ഥർക്ക് തദ്ദേശസ്ഥാപന ചുമതലകൾ നൽകുന്നതും 20% വാർഡുകൾ ലോട്ടറി രീതിയിൽ നിശ്ചയിക്കുന്നതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആയിരിക്കണം.

എല്ലാ പ്രവർത്തനങ്ങളും മൊഴികളും കണ്ടെത്തലുകളും ആധികാരികമായി രേഖപ്പെടുത്തുകയും സൂപ്പർ ചെക്ക് ഉദ്യോഗസ്ഥർ തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർക്ക് കൈമാറുന്ന നിർദ്ദേശങ്ങളുടെ ഒരു പകർപ്പ് ബ്ലോക്ക് സെക്രട്ടറിക്കും നൽകേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങളാണ് കൺകറൻറ് മോണിറ്ററിംഗ് എന്ന നിലയിൽ സൂപ്പർ ചെക്ക് ടീം നിരീക്ഷിക്കേണ്ടത്.

- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്കുള്ള മുന്നൊരുക്കങ്ങൾ
- അടിസ്ഥാനസൗകര്യങ്ങൾ
- മാനദണ്ഡങ്ങൾക്കനുസരിച്ച് ചർച്ചകൾ നടക്കുന്നു എന്ന് ഉറപ്പാക്കുക
- ചർച്ചകളിലെ പങ്കാളിത്തം
- ആവശ്യമായ രേഖകൾ പൂരിപ്പിച്ച് നിർദേശിച്ച സമയത്ത് നൽകുന്നു എന്ന് ഉറപ്പാക്കൽ
- ക്ലസ്റ്റർ രൂപീകരണം കാര്യക്ഷമമായി നടന്നു എന്ന് ഉറപ്പാക്കൽ
- വാർഡുതല സമിതിക്ക് ആവശ്യമായ പട്ടികകളും രേഖകളും ലഭ്യമായി എന്ന് ഉറപ്പാക്കൽ
- വാർഡ് തല സാധ്യത പട്ടികകൾ എം.ഐ.എസിൽ സമയബന്ധിതമായി അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പാക്കൽ
- വാർഡ്തല പട്ടികയിൽ കുടുംബങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്ന ഘട്ടങ്ങളിൽ (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ശരാശരിയിൽ നിന്നും വ്യത്യസ്തമായി) കൈപുസ്തകത്തിൽ നിർദ്ദേശിച്ചത് പോലെ തദ്ദേശസ്ഥാപന തല ജനകീയ സമിതിയുടെ ഉപസമിതി രൂപീകരണവും പ്രവർത്തനവും നടക്കുന്നു എന്ന് ഉറപ്പാക്കൽ
- പ്രാഥമിക പട്ടികയിൽ കുടുംബങ്ങളെ കണ്ടെത്താൻ സാധിക്കാത്ത വാർഡുകളിൽ പ്രത്യേക ശ്രദ്ധ നൽകി ഫോക്കസ് ഗ്രൂപ്പ് ചർച്ചയും അതിനോടനുബന്ധിച്ച് മറ്റു പ്രവർത്തനങ്ങളും കാര്യക്ഷമമായി തന്നെ നടന്നു എന്ന് ഉറപ്പാക്കുക

കൺകറൻറ് മോണിറ്ററിംഗ് -2

വാർഡ് തലത്തിൽ ക്രോഡീകരിക്കപ്പെടുന്ന സാധ്യതാ പട്ടികകളിൽ കുടുംബങ്ങളുടെ എണ്ണം ക്രമാതീതമായി ഉയരുകയും (മൊത്തം കുടുംബങ്ങളുടെ എണ്ണത്തിന്റെ 2 ശതമാനത്തിൽ അധികം) പൊതുവിലുള്ളതിൽ നിന്ന് വ്യത്യസ്തമായി, അതി-തീവ്ര ദരിദ്ര കുടുംബങ്ങളുടെ എണ്ണം ഏതെങ്കിലും വാർഡുകളിലോ തദ്ദേശഭരണ സ്ഥാപനത്തിലോ ഉയർന്ന പ്രവണത നോഡൽ

ഓഫീസറുടെ പരിശോധനയിൽ കാണുകയാണെങ്കിൽ ആ പട്ടികകൾ തദ്ദേശ സ്ഥാപന ജനകീയ സമിതി ഒരു ഉപസമിതി രൂപീകരിച്ച് അവരുടെ പരിഗണനയ്ക്ക് വിടേണ്ടതാണ്.

ഉപസമിതിയുടെ ഘടന താഴെ പറയുന്നു.

1.ചെയർപേഴ്സൺ: തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ
2.കൺവീനർ: നോഡൽ ഓഫീസർ
3.അംഗങ്ങൾ: എല്ലാ കമ്മിറ്റി അംഗങ്ങളും, ആസൂത്രണ സമിതി ഉപാധ്യക്ഷനും, അസിസ്റ്റൻറ് നോഡൽ ഓഫീസർ

ഉപസമിതി യോഗത്തിൽ നിർദ്ദിഷ്ട വാർഡിലെ ജനപ്രതിനിധി, വാർഡ് ഓഫീസർ, ചർച്ച ഫെസിലിറ്റേറ്റർ എന്നിവരെ ക്ഷണിതാക്കൾ ആയി പങ്കെടുപ്പിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനത്തിൽ എത്താവുന്നതാണ്. ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉപസമിതി യോഗങ്ങളിൽ പങ്കെടുത്തു പട്ടികയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സൂപ്പർ ചെക്ക് ടീം എന്ന നിലയിൽ നൽകാവുന്നതാണ്.

എന്യൂമറേഷൻ ഘട്ടത്തിലുള്ള മോണിറ്ററിംഗ്

1. ഓരോ തദ്ദേശ സ്ഥാപനത്തിലും എന്യൂമറേറ്റർമാരുടെ വിവരശേഖരണത്തിന് തൊട്ട് പിറകെയാണ് എന്യൂമറേഷൻ ഘട്ടത്തിലുള്ള മോണിറ്ററിംഗ് നടത്തേണ്ടത്.
2. ഒരു പഞ്ചായത്ത്/നഗരസഭയിലെ അതിദരിദ്ര പട്ടികയിൽ നിന്ന് 20 ശതമാനം വീടുകൾ ആണ് സൂപ്പർ ചെക്കിംഗിനായി തിരഞ്ഞെടുക്കുന്നത്.
3. തദ്ദേശ സ്ഥാപനത്തിലെ അതിദരിദ്രരുടെ പട്ടികയിൽ നിന്ന് 20 ശതമാനം വീടുകളുടെ ലിസ്റ്റ് എം.ഐ.എസ് വഴി ലഭ്യമാക്കണം. സൂപ്പർ ചെക്കിംഗ് ചുമതലക്കാർക്ക് സ്ഥലം/വീട് കണ്ടെത്താൻ വാർഡ്തല ഓഫീസർമാരുടേയോ, എന്യൂമറേറ്റർമാരുടെയോ സേവനം തേടാവുന്നതാണ്.
4. സൂപ്പർ ചെക്ക് ടീമിലെ ഓരോ അംഗത്തിനും ചുമതലയുള്ള തദ്ദേശ സ്ഥാപനത്തിൽ എന്യൂമറേറ്റർമാർ രേഖപ്പെടുത്തിയ വിവരങ്ങൾ കാണാവുന്ന സാഹചര്യം ഒരുക്കി ഓരോ 'ലോഗിൻ ഐ.ഡി' നൽകം.
5. ഈ 'ലോഗിൻ ഐ.ഡി' വഴി കയറി ഓരോ വീടിന്റെയും എന്യൂമറേറ്റർ രേഖപ്പെടുത്തിയ വിവരങ്ങൾ സൂപ്പർ ചെക്കിംഗ് ചുമതലക്കാർ പരിശോധിക്കണം. വീടുകളിൽ പോയി വേണം പരിശോധന നടത്താൻ. ആ വീടിനെ സംബന്ധിച്ച് ചോദ്യാവലിയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. ഇവിടെ എല്ലാ ചോദ്യങ്ങളും വീണ്ടും ആവർത്തിക്കേണ്ടതില്ല. നിലവിൽ പൂരിപ്പിച്ച് ചോദ്യാവലി വെച്ച് ഒരു വസ്തുതാ പരിശോധന നടത്തിയാൽ മതിയാകും.
6. ഈ പരിശോധനയിൽ എന്യൂമറേറ്റർ രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എങ്കിൽ "Accept" എന്ന ബട്ടൺ അമർത്തി സ്ഥിരീകരിക്കാം.
7. എന്യൂമറേറ്റർ നൽകിയ വിവരങ്ങളിൽ മാറ്റം ഉണ്ട് എങ്കിൽ "Return with Remarks" എന്ന ബട്ടണിൽ അമർത്താം. തുടർന്ന് എന്തെല്ലാം വിവരങ്ങളിൽ ആണ് മാറ്റങ്ങൾ കണ്ടിട്ടുള്ളത് എന്ന് രേഖപ്പെടുത്താം.
8. "Return with Remarks" രേഖപ്പെടുത്തിയ കുടുംബങ്ങളുടെ പട്ടിക തദ്ദേശ സ്ഥാപന നോഡൽ

ഓഫീസർമാർക്ക് ലഭ്യമാകും.

9. ഇത്തരത്തിൽ തിരുത്തലിനായി തിരിച്ചയ്ക്കുന്ന ഫോറങ്ങളിൽ തദ്ദേശ സ്ഥാപന ഉപസമിതി, അതാത് വാർഡ് ഓഫീസർമാർ, എന്യൂമറേറ്റർമാർ എന്നിവരുമായി സൂപ്പർ ചെക്ക് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ വാർഡ് ഓഫീസറോട് നിർദ്ദേശിക്കാവുന്നതാണ്. ബന്ധപ്പെട്ട വാർഡുകളെ ഉൾപ്പെടുത്തി ഇതിനായി ഒരു പ്രത്യേക ശില്പശാല ആവശ്യഘട്ടങ്ങളിൽ സംഘടിപ്പിക്കാവുന്നതാണ്. ചർച്ച ചെയ്ത് തിരുത്തലുകൾ വരുത്തിയ വീടിന്റെ ഫോം വീണ്ടും എം.ഐ.എസിൽ എന്യൂമറേറ്റർ അപ് ലോഡ് ചെയ്യണം. ഈ ശില്പശാലയിൽ സൂപ്പർ ചെക്ക് ടീം ഉദ്യോഗസ്ഥർ പങ്കെടുക്കേണ്ടതാണ്.

സാമ്പ്ലിംഗ് രീതി

സൂപ്പർ ചെക്കിനാവശ്യമായ 20% സാമ്പ്ലിംഗ് മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ശ്രീ. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File no.IA1/374/2021-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

9.8 തെരുവു വിളക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- നിലാവ് പദ്ധതി - കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരം എൽഇഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.117/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/08/2020

പരാമർശം:- 1 09/06/2020 ലെ നഗരകാര്യ ഡയറക്ടറുടെ ഡിസി 3-6520 / 2020 നമ്പർ കത്ത്

2 08/06/2020 ലെ പഞ്ചായത്ത് ഡയറക്ടറുടെ പാൻ 6807/2020-ജി 2 (ഡിപി) നമ്പർ കത്ത്

3 30.06.2020ലെ കെഎസ്ഇബി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ CP / Plg 2 / NILAAVU / LED സ്ട്രീറ്റ് ലൈറ്റ് / 21/38 നമ്പർ കത്ത്

ഉത്തരവ്

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും എല്ലാ റോഡുകളിലും, ഉപ റോഡുകളിലും ഉള്ള പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽഇഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും, അതുവഴി ഊർജ്ജ ഉപഭോഗം കുറയ്ക്കുവാനും പാരിസ്ഥിതിക ആഘാതം കുറയ്ക്കുവാനും, നിലാവ് എന്ന ഒരു പദ്ധതി ബഹു മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തി കേരള സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

ഓരോ പ്രാദേശിക സർക്കാർ തലത്തിലും ഓരോ വർഷവും കുറഞ്ഞത് 500 തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുക, അതുവഴി വൈദ്യുതി ഉപഭോഗവും കാർബൺ ബഹിർഗമനവും കുറയ്ക്കുക, പ്രാദേശിക സർക്കാരുകൾക്ക് പണം ലാഭിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തങ്ങളുടെ യഥാർത്ഥ ആവശ്യത്തെയും ലഭ്യമായ സാമ്പത്തിക വിഭവത്തെയും അടിസ്ഥാനമാക്കി ഓരോ വർഷവും സ്ഥാപിക്കുന്ന എൽ.ഇ.ഡി ബൾബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ തദ്ദേശസ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. എൽ.ഇ.ഡി.കൾ വളരെ ഊർജ്ജ കാര്യക്ഷമതയുള്ളതും മറ്റ് പരമ്പരാഗതവൈദ്യുതി വിളക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 90% വരെ കുറഞ്ഞ വൈദ്യുതി ഉപയോഗിക്കുന്നതുമാണ്. എൽ.ഇ.ഡി. സ്ഥാപിക്കുന്നത് വഴി തദ്ദേശസ്ഥാപനങ്ങളുടെ വൈദ്യുതി ചെലവിൽ ശ്രദ്ധേയമായ കുറവുണ്ടാകും. കൂടാതെ എൽഇഡിയുടെ ദീർഘായുസ്സ് കാരണം പണവും ഊർജ്ജവും അറ്റകുറ്റപ്പണി/ മാറ്റിസ്ഥാപിക്കൽ ചെലവുകൾ എന്നിവയിലും ലാഭിക്കാം. കുറഞ്ഞത് 40% പരമ്പരാഗത ലൈറ്റുകൾ എൽഇഡികൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുകയാണെങ്കിൽ, തദ്ദേശസ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലിൽ ഗണ്യമായ കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. വെബ് അധിഷ്ഠിത മോണിറ്ററിംഗ് സിസ്റ്റവുമായി എൽഇഡി ബന്ധിപ്പിക്കുന്നതിനും ലൈറ്റുകൾ വിദൂരത്ത് ഇരുന്ന് പ്രവർത്തിപ്പിക്കുന്നതിനും കഴിയും.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിലാവു പദ്ധതി താഴെ പറയുന്ന നിബന്ധനകളോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

1. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിയായി കെഎസ്ഇബി ലിമിറ്റഡിനെ നിയോഗിച്ചിരിക്കുന്നു. നിലാവ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കെഎസ്ഇബി ലിമിറ്റഡ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ധാരണാപത്രം ഒപ്പിടും. ടി പദ്ധതിയുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻറ് ആയി 100% കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള എനർജി സർവീസ് കമ്പനിയായ EESL (Energy Efficiency Services Ltd) -നെ കെഎസ്ഇബി തിരഞ്ഞെടുത്തിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് ടി സ്ഥാപനം എൽഇഡി വാങ്ങുകയും കെഎസ്ഇബി -യ്ക്ക് വിതരണത്തിനായി നൽകുകയും ചെയ്യും.
2. ഇപ്രകാരം സ്ഥാപിക്കുന്ന എൽ.ഇ.ഡി. ലൈറ്റുകൾക്കുള്ള സാങ്കേതിക സവിശേഷതകൾ സംബന്ധിച്ച വിഷയങ്ങൾ കെഎസ്ഇബി ലിമിറ്റഡ് തീരുമാനിക്കും. ഈ ലൈറ്റുകൾക്ക് ഏഴ് വർഷത്തെ വാറണ്ടിയുണ്ടാകും, വാറണ്ടി കാലയളവിൽ തകരാറുണ്ടെന്ന് കണ്ടെത്തിയാൽ, കേടായ എൽ.ഇ.ഡി.കൾ സൗജന്യമായി മാറ്റിസ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കെഎസ്ഇബി നടത്തുന്നതാണ്.
3. നിലാവു പദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാ തദ്ദേശസ്ഥാപനങ്ങളും തങ്ങൾക്ക് ഓരോ വാട്ടേജ് ഇനത്തിലും ആവശ്യമായ വിളക്കുകളുടെ എണ്ണം കണക്കാക്കേണ്ടതും , ഈ വിവരങ്ങൾ കെഎസ്ഇബി യ്ക്ക് നൽകേണ്ടതുമാണ്. ഓരോ വാട്ടേജിന്റെയും യൂണിറ്റ് വില അനുബന്ധം 1 ൽ കാണാവുന്നതാണ്
4. നിലാവു പദ്ധതിയിൽ പങ്കാളിയാകുന്നതിനുള്ള സമ്മതം, ആവശ്യമായ എണ്ണം , പദ്ധതിയ്ക്കായി തദ്ദേശസ്ഥാപനം മാറ്റി വെച്ചിട്ടുള്ള തുക എന്നിവ ഉൾപ്പെടുത്തി ഭരണ സമിതി തീരുമാനം കൈക്കൊണ്ട് അറിയിക്കേണ്ടതാണ്.
5. ആവശ്യമായ എൽ ഇ ഡി കളുടെ എണ്ണം , സാങ്കേതിക സവിശേഷതകൾ എന്നിവ അന്തിമമാക്കിയതിനുശേഷം പ്രാദേശിക സർക്കാരുകളുമായി കരാറിൽ ഏർപ്പെടേണ്ടതാണ് . എൽ.ഇ.ഡി.കളുടെ സംഭരണം, വിതരണം, സ്ഥാപിക്കൽ മുതലായവ AMC ആവശ്യമുണ്ടെങ്കിൽ ആയത് എന്നീ വിഷയങ്ങളുൾപ്പെടുത്തി കരാർ ഉണ്ടാക്കേണ്ടതാണ് . കെഎസ്ഇബി ലിമിറ്റഡ് വാഗ്ദാനം ചെയ്യുന്ന AMC ഒരു എൽഇഡിക്ക് 34.46 രൂപയാണ് (പ്രാരംഭ ഇൻസ്റ്റാളേഷന്റെ ലേബർ ചാർജ്ജുകളുടെ 5%). കെഎസ്ഇബി ലിമിറ്റഡിനൊപ്പം AMC -യിൽ ഏർപ്പെടാൻ തദ്ദേശസ്ഥാപനത്തിന് താത്പര്യമില്ലെങ്കിൽ പ്രാദേശികമായി ഒരു ക്രമീകരണം അവർക്ക് നടത്താവുന്നതാണ്.
6. മാറ്റിസ്ഥാപിക്കാൻ തീരുമാനിച്ച എൽഇഡികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി നീക്കിവെച്ച തുകയ്ക്ക് അനുസൃതമായി, പ്രാദേശിക സർക്കാരുകൾ കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിക്കേണ്ടതാണ് . കെഎസ്ഇബി ലിമിറ്റഡുമായി AMC -യിൽ ഏർപ്പെടാൻ തദ്ദേശസ്ഥാപനം തീരുമാനിക്കുകയാണെങ്കിൽ, എൽഇഡികൾ സ്ഥാപിക്കുന്നതിനുള്ള ഡെപ്പോസിറ്റ് തുകയോടൊപ്പം ഒരു വർഷത്തെ എഎംസി തുക കൂടി നിക്ഷേപിക്കേണ്ടതുണ്ട്. തുടർന്ന് AMC കെഎസ്ഇബിയെ തന്നെ ഏൽപ്പിക്കുകയാണെങ്കിൽ കരാറിന്റെ നിബന്ധനകൾ പ്രകാരം ഓരോ വർഷവും വാർഷിക എഎംസി തുക കെഎസ്ഇബി ലിമിറ്റഡിൽ നിക്ഷേപിക്കേണ്ടതാണ്.
7. ആവശ്യമായ എൽഇഡി ലൈറ്റുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ കെഎസ്ഇബി

ലിമിറ്റഡിനെ പ്രതിനിധീകരിച്ച്, പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൽട്ടൻറ് കൈക്കൊള്ളുന്നതാണ്. എൽഇഡികളുടെ സമയബന്ധിതമായ സംഭരണം, വിതരണം, ഇൻസ്റ്റാളേഷൻ എന്നിവയുടെ ചുമതല കെഎസ്ഇബി ലിമിറ്റഡിനായിരിക്കും. 2020-21 വർഷത്തിൽ നിലാവു പദ്ധതി നടപ്പാക്കാനുള്ള നിർദ്ദിഷ്ട സമയക്രമം അനുബന്ധം II പ്രകാരമായിരിക്കും.

8. വാറന്റി കാലയളവിൽ ലൈറ്റ് മാറ്റിസ്ഥാപിക്കേണ്ട സാഹചര്യം വന്നാൽ അത് കെഎസ്ഇബി മാറ്റി നൽകും. തദ്ദേശസ്ഥാപനം ഒരു പ്രാദേശിക AMC -യിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ, എൽഇഡികൾ മാറ്റിസ്ഥാപിക്കുന്നത് AMC സേവന ദാതാവിന്റെ ഉത്തരവാദിത്തമായിരിക്കും.
9. എൽഇഡി സ്ഥാപിക്കുന്നത് മൂലമുണ്ടാകുന്ന വൈദ്യുതി ഉപഭോഗത്തിലെ ലാഭവും അതുവഴിയുണ്ടാകുന്ന സാമ്പത്തിക നേട്ടവും കെഎസ്ഇബി തിട്ടപ്പെടുത്തേണ്ടതും ആയത് നിശ്ചിത ഇടവേളകളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകേണ്ടതുമാണ്.
10. ഈ പദ്ധതിയ്ക്ക് കീഴിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റുകളുടെ ഗുണനിലവാരം കെഎസ്ഇബി ഉറപ്പാക്കണം. എഎംസി സേവന ദാതാവ് കെഎസ്ഇബി ആണെങ്കിൽ ആവശ്യമായ അറ്റകുറ്റപ്പണികളും അവർ തന്നെ ഉറപ്പാക്കേണ്ടതാണ്.

പദ്ധതിയുടെ മേൽ നോട്ട ചുമതല പഞ്ചായത്ത് ഡയറക്ടറിലും നഗരകാര്യ ഡയറക്ടറിലും നിക്ഷിപ്തമാണ്. ആവശ്യമായ ലൈറ്റുകൾ സംബന്ധിച്ച വിവരം ശേഖരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്രോഡീകരിച്ച് കെഎസ്ഇബി -യെ അറിയിക്കേണ്ടതുമാണ്. പദ്ധതിയുടെ സുഗമവും സമയബന്ധിതവുമായ നടപ്പാക്കലിനായി പ്രൊജെക്ടിന് ആവശ്യാനുസരണമായ ഫണ്ട് കെഎസ്ഇബിയിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

പദ്ധതിയുടെ മികച്ച ഏകോപനത്തിനും നടപ്പാക്കലിനുമായി ഒരു സംസ്ഥാനതല നോഡൽ ഓഫീസറെ കെഎസ്ഇബിയും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നാമനിർദ്ദേശം ചെയ്യുന്നതാണ്. പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും അത് സമയബന്ധിതമായി നടപ്പാക്കുന്നത് ഉറപ്പാക്കുന്നതിനുമായി സംസ്ഥാന തലത്തിൽ, ചുവടെയുള്ളവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

i. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ii. സെക്രട്ടറി, ഊർജ്ജ വകുപ്പ്
iii. ചെയർമാൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്
iv. നോഡൽ ഓഫീസർ, കെ.എസ്.ഇ.ബി ലിമിറ്റഡ്
v. നോഡൽ ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്
vi. പഞ്ചായത്ത് ഡയറക്ടർ
vii. നഗരകാര്യ ഡയറക്ടർ

ജില്ലാതലത്തിൽ ഡിപിസി ചെയർപേഴ്സൺ / നോമിനി, ഡിപിഒ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കെഎസ്ഇബി, റീജിയണൽ ജോയിന്റ് ഡയറക്ടർ (നഗരകാര്യ വകുപ്പ്), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു സംയുക്ത നിരീക്ഷണ സമിതി പ്രവർത്തിക്കേണ്ടതാണ്. ടി ജില്ലാ തലത്തിലുള്ള കമ്മിറ്റി, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സഹായ സഹകരണങ്ങൾ

ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറിനെ (സൗത്ത് / സെൻട്രൽ / നോർത്ത് (കോഴിക്കോട്) / നോർത്ത് മലബാർ) നല്കേണ്ടതാണ് .

മേഖലാ പരിധികളുടേയും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടേയും മാനദണ്ഡങ്ങൾക്കനുസൃതമായി പ്രാദേശിക സർക്കാരുകൾക്ക് അവർക്ക് ലഭ്യമായ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിലെ പൊതുവിഭാഗം / സാധാരണ വിഹിതത്തിൽ നിന്നോ കേന്ദ്ര ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതത്തിൽ നിന്നോ (basic grant) ഈ പദ്ധതിക്കുള്ള ചെലവ് വഹിക്കാവുന്നതാണ്. പ്രാദേശിക സർക്കാരുകൾക്ക് വിവിധ സംഘടനകളിൽ നിന്നും സി എസ് ആർ (Corporate Social Responsibility) ഫണ്ടുകൾ സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം നിലാവ് പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനായി 2020-21 വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇതനുസരിച്ച് പുതുക്കിയ പദ്ധതി 2020 ഓഗസ്റ്റ് 20-നോ അതിനുമുമ്പോ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.ലിമിറ്റഡ്
ഡയറക്ടർ, അനെർട്ട്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം
എല്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ഊർജ്ജ വകുപ്പ്,ഗവ: സെക്രട്ടേറിയറ്റ്
ധനകാര്യ വകുപ്പ്,ഗവ: സെക്രട്ടേറിയറ്റ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
വെബ് & ന്യൂസ് മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

4.തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (I) യുടെ സി.എ.യ്ക്ക്

ANNEXURE 1

Provisional Estimate for supply, installation and maintenance of LED Street Light							
		18W	**24W**	**35W**	**45W**	**70W**	**110W**
Part A Materials							
Cost of 35W LED Street Light with 7 Years Warranty	A	950.00	1007.00	1271.00	1412.00	2037.00	3379.00
Additional cost towards maintaining buffer stock, service centres, storage, local transportation,and defective repair/ rectification during warranty period	B	376.00	376.00	376.00	376.00	376.00	376.00
Total	C	1326.00	1383.00	1647.00	1788.00	2413.00	3755.00
PMC @ 5% on C	D	66.30	69.15	82.35	89.40	120.65	187.75
GST @12% on A		114.00	120.84	152.52	169.44	244.44	405.48
GST @18% on B		67.68	67.68	67.68	67.68	67.68	67.68
GST @18% on D		11.93	12.45	14.82	16.09	21.72	33.80
Total for Supply of one LED Street Light	E	**1585.91**	**1653.12**	**1964.37**	**2130.61**	**2867.49**	**4449.71**
Cost of Pipe Bracket (External supply)		550.00	550.00	550.00	550.00	550.00	550.00
GST @18%		99.00	99.00	99.00	99.00	99.00	99.00
Total for Fittings	F	**649.00**	**649.00**	**649.00**	**649.00**	**649.00**	**649.00**
Total for Light & Fittings (E+F)	G	2234.91	2302.12	2613.37	2779.61	3516.49	5098.71
16% SOC	H	357.59	368.34	418.14	444.74	562.64	815.79
Total Amount for material (G+H)	I	**2592.50**	**2670.46**	**3031.51**	**3224.35**	**4079.12**	**5914.50**
Part B Labour							
Labour for replacing existing street light and installing new		450.00	450.00	450.00	450.00	450.00	450.00
Supervision Charges @10%		45.00	45.00	45.00	45.00	45.00	45.00
Total		495.00	495.00	495.00	495.00	495.00	495.00
GST @18%		89.10	89.10	89.10	89.10	89.10	89.10
Total Labour for Initial installation	J	**584.10**	**584.10**	**584.10**	**584.10**	**584.10**	**584.10**
AMC for 1st Year (@ 5% on J)		29.21	29.21	29.21	29.21	29.21	29.21
GST @ 18% on AMC		5.26	5.26	5.26	5.26	5.26	5.26
AMC Total	K	**34.46**	**34.46**	**34.46**	**34.46**	**34.46**	**34.46**
Total for 1 year (J+K)	L	618.56	618.56	618.56	618.56	618.56	618.56
Total for 2 Years (J+2K)	M	653.02	653.02	653.02	653.02	653.02	653.02
Total amount to be collected from LSGD with 1Year AMC	I+L	**3211.06**	**3289.02**	**3650.07**	**3842.91**	**4697.69**	**6533.06**

Note: The estimate is based on previous tenders and subject to revision when actual price discovered through EESL biding process

ANNEXURE 2

LED Street Light Installation - Timeline

Sl No.	Milestone	By Date
1	Project proposals by LSGs to DPC	20 th August
2	Approval from DPC	24 th August
3	Deposit transfer to KSEBL by DUA and DDPs	5 th September
4	LoA issuance by KSEBL to EESL for procurement	11th September
5	Tender finalization by EESL	30th September
6	P.O. to EESL by KSEBL	5thOctober
7	Agreement b/w KSEBL & Respective LSGs	15th October
8	Deliveries of LEDs by EESL to KSEBL (1st Lot)	30th October
9	Starting of Installation by KSEBL	2nd November
10	Deliveries of LED by EESL to KSEBL (2nd Lot)	30th November
11	Deliveries of LED by EESL to KSEBL (3rd Lot)	30th December
12	Installation completes by KSEBL	28thFebruary

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-തെരുവ് വിളക്കുകൾ LED- യിലേയ്ക്ക് മാറ്റുന്ന നിലാവ് പദ്ധതി-പ്രാരംഭ പഠന ചെലവുകൾക്കായി തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ(ഡി എ)വകുപ്പ്

സ.ഉ.(സാധാ) നം.1784/2020/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം. 29/09/2020

പരാമർശം:- 1 സ.ഉ(കൈ)നം.117/2020/ത.സ്വ.ഭ.വ തീയതി, 10/08/2020.

2 ബഹു. മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ കോ-ഓഡിനേറ്ററുടെ 26/09/2020-ലെ 013/2020 നമ്പർ കത്ത്.

3 28/09/2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/6807/2020-G2(DP) നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്ന നിലാവ് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി-യുമായി ചേർന്ന് പ്രാരംഭ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണം ലഭ്യമാക്കണമെന്നും, പഠന വേളയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ ഒരു പ്രതിനിധിയെയും വാഹനവും ലഭ്യമാക്കണമെന്നും കെ.എസ്.ഇ.ബി യിൽ സ്റ്റാഫ് ലഭ്യതക്കുറവ് മൂലം കോൺട്രാക്ട് സ്റ്റാഫിനെ നിയോഗിക്കുമ്പോൾ അത്തരം സ്റ്റാഫിന് തദ്ദേശസ്വയംഭരണ സ്ഥാപനം വേതനം നൽകണമെന്നും കെ.എസ്.ഇ.ബി അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ കോ-ഓഡിനേറ്റർ അറിയിച്ചിട്ടുണ്ട് .

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പിൽ നടപ്പിലാക്കുന്ന നിലാവ് പദ്ധതിയുടെ ഭാഗമായി അനുബന്ധമായി ചേർത്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി-യുമായി ചേർന്ന് പ്രാരംഭ പഠനം നടത്താൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ ഒരു പ്രതിനിധിയെയും വാഹനവും ലഭ്യമാക്കേണ്ടതാണെന്നും ഈ ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കെ.എസ്.ഇ.ബി-ക്കോ അല്ലെങ്കിൽ ഇരു സ്ഥാപനങ്ങൾക്കുമൊ കരാർ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ടെങ്കിൽ അത്തരം കരാർ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വേതനം നൽകുന്നതിനും ആയത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നല്കി ഉത്തരവാകുന്നു.

• പദ്ധതി സംബന്ധിച്ച പ്രാരംഭ പഠനം 2020 ഒക്ടോബർ 10-നുള്ളിൽ പൂർത്തീകരിക്കേണ്ടതും കെ.എസ്.ഇ.ബി ആയത് നിരീക്ഷിച്ച് ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.06.30 11:37:24 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
1) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3) ബഹു. മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ കോ-ഓഡിനേറ്റർ .

Annexure

Local Self Government		
Corporation		
1.	Kannur Corporation	
Municipality		
1.	Kalpetta	- Wayanad District
2.	Thalassery	- Kannur District
3.	Mattannur	- Kannur District
4.	Ponnani	- Malappuram District
5.	Kottayam	- Kottayam District
6.	Pathanamthitta	- Pathanamthitta District
7.	Attingal	- Trivandrum District
Panchayats		
1.	Bedadukka	- Kasargod District
2.	Vayalar	- Alappuzha District
3.	Alappad	- Kollam District
4.	Kanthalloor	- Idukki District
5.	Payam	- Kannur District
6.	Pothukkal	- Malappuram District
7.	Kattoor	- Thrissur District
8.	Puthuperiyaram	- Palakkad District
9.	Mulavukad	- Eranakulam District
10.	Meppadi	- Wayanad District
11.	Chelannur	- Kozhikkode District

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി-കൾ സ്ഥാപിക്കുന്നതിനുള്ള "നിലാവ്"പദ്ധതിക്ക് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(കൈ) നം.202/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/12/2020

പരാമർശം:- 1 സ.ഉ.(കൈ).നം.117/2020/തസ്വഭവ, തീയതി 10.08.2020

2 06.11.2020 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫറൻസ് യോഗ നടപടിക്കുറിപ്പ്.

3 കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 17.11.2020 തീയതിയിലെ CP/Plg 2/NILAAVU/LED Street Lights/2020-21/117 നമ്പർ കത്ത്.

4 20/11/2020-ൽ മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ സംഘടിപ്പിച്ച യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ 30.11.2020 തീയതിയിൽ CP/Plg 2/NILAAVU/LED Street Lights/2020-21/127 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച വിശദമായ പദ്ധതി രൂപരേഖ.

5 18.12.2020, 20.12.2020 തീയതികളിൽ ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖേന നടത്തിയ യോഗ നടപടിക്കുറിപ്പ്.

6 ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ 21.12.2020 ലെ 25/Secy/PWR/2020 നമ്പർ കുറിപ്പിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ലെറ്റർ ഓഫ് ഇൻഡന്റ്, ഉപാധികളും നിബന്ധനകളും, എൽ.ഇ.ഡി വിളക്കുകളുടേയും അനുബന്ധ സാമഗ്രികളുടേയും ടെക്നിക്കൽ സ്പെസിഫിക്കേഷൻസ് എന്നിവയും 22.12.2020 ലെ കുറിപ്പും.

ഉത്തരവ്

കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചു കൊണ്ടും ഊർജ്ജ ലാഭം നേടിക്കൊണ്ടും കേരളത്തിലുടനീളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി എൽഇഡി-കൾ സ്ഥാപിക്കുന്നതിന് 'നിലാവ്' എന്ന പദ്ധതി

നടപ്പിലാക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പദ്ധതി നടപ്പിലാക്കുന്നതിൽ ചില പ്രായോഗിക പ്രശ്നങ്ങൾ നേരിട്ടതിനാൽ പദ്ധതി ഘടകങ്ങൾ പുനഃ ആവിഷ്കരിക്കേണ്ടി വന്നു. നഗര-ഗ്രാമ പ്രദേശങ്ങളിൽ നിലവിൽ ഉപയോഗത്തിലുള്ള തെരുവ് വിളക്കുകൾ ഏതെല്ലാം തരത്തിലുള്ള വയാണെന്നും, വൈദ്യുതി ഉപഭോഗം എത്രയാണെന്നും കണ്ടെത്തുന്നതിനായി തിരഞ്ഞെടുത്ത 20 തദ്ദേശ സ്ഥാപനങ്ങളിൽ, കെ.എസ്.ഇ.ബി.എൽ. ഉം തദ്ദേശ സ്ഥാപനങ്ങളുമായി യോജിച്ച് ഒരു പഠനം നടത്തുകയുണ്ടായി. മേൽ പഠനത്തിൽ സംസ്ഥാനത്ത് ഏകദേശം 16.24 ലക്ഷം ഇലക്ട്രിക് ബൾബുകളാണ് തെരുവ് വിളക്കുകളായി ഉള്ളതെന്നും ആയതിൽ 65% അതായത് 10.5 ലക്ഷം പരമ്പരാഗത ലൈറ്റുകളാണെന്നും കണ്ടെത്തി. ഈ പഠനത്തിന്റെയും തുടർ ചർച്ചക്കുളടെയും വെളിച്ചത്തിൽ താഴെ വിശദീകരിക്കും വിധത്തിൽ നിലാവ് പദ്ധതി പുനഃക്രമീകരിച്ചു കൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചു.

3. പുതിയ നിലാവ് പദ്ധതിയുടെ സവിശേഷതകൾ ഇപ്രകാരമാണ് :

- തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ കിഫ്ബിയുടെ സാമ്പത്തിക സാഹത്തോടുകൂടിയായിരിക്കും പദ്ധതി നടപ്പിലാക്കുക. ടി പദ്ധതിയുടെ "Special Purpose Vehicle" (SPV) KSEBL ആയിരിക്കും. LED കളുടെ വാങ്ങലും ഇൻസ്റ്റാളേഷനും KSEBL ഉടെ അഭിമുഖ്യത്തിലായിരിക്കും നടക്കുക. പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED കളുടെ വാറന്റി കാലാവധി ഏഴു വർഷമായിരിക്കും. Energy Efficiency Services Ltd (EESL) ആയിരിക്കും നിലാവ് പദ്ധതിയുടെ Project Management Unit (PMU).
- പദ്ധതിയുടെ ക്യാപിറ്റൽ cost KIIFB ആയിരിക്കും വഹിക്കുക. മൊത്തം പ്രോജക്റ്റ് ചെലവ് കണക്കാക്കിയിട്ടുള്ളത് 28982.91 ലക്ഷം രൂപയാണ്. LED വിളക്കുകളുടെ വിതരണം പൂർത്തീകരിക്കുന്നതോടുകൂടി മൊത്തം ചെലവിന്റെ 80% പേയ്മെന്റായി EESL ന് നൽകും. LED വിളക്കുകളുടെയും fixtures(IDC) ഉൾപ്പെടെയുള്ള അനുബന്ധ സാമഗ്രികളുടെയും മൊത്തം വിലയുടെ 2% പി.എം.സി ചാർജ്ജായി EESL ന് നല്കേണ്ടതാണ്. ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടെയും സ്വീകാര്യത പരിശോധിച്ച് (physical verification), വിതരണം പൂർത്തീകരിച്ചെന്ന് KSEBL ഉറപ്പാക്കിയ ശേഷമായിരിക്കും ബൾബുകളുടെ വിലയുടെ

80% തുകയും അനുബന്ധ സാമഗ്രികളുടെ(IDC) വിലയുടെ 100% തുകയും EESL ന് നല്കുക. ബൾബുകളുടെ വിലയിൽ ബാക്കി നല്കുവാനുള്ള 20% തുക 7 വർഷം കൊണ്ട് പലിശയില്ലാതെ വാർഷിക തിരിച്ചടവായി KIIFB നല്കും. ആയത് പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് കിഫ്ബിയ്ക്ക് നല്കുന്നതാണ്.

- LEDകളുടെ വിവിധ വാട്ടേജുകളും എണ്ണവും അടങ്ങുന്ന പാക്കേജുകൾ തദ്ദേശ ഭരണ സ്ഥാപനത്തിന് തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പാക്കെജിലും 500 LED ഉണ്ടായിരിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വലുപ്പവും ആവശ്യവും അനുസരിച്ച് ലഭ്യമായ 5 പാക്കേജുകളിൽ ഒന്നോ അതിലധികമോ പാക്കേജുകൾ തിരഞ്ഞെടുക്കാം. നഗരവൽകൃത സ്വഭാവം കൂടുതലുള്ള പ്രദേശങ്ങൾക്ക് ഉയർന്ന പാക്കേജുകളും പഞ്ചായത്തുകൾ താഴ്ന്ന പാക്കേജുകളും ആവശ്യാനുസൃതം തിരഞ്ഞെടുക്കാവുന്നതാണ്
- പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ KIIFB ക്കു നൽകേണ്ടതാണ്. ഇതുമൂലം തുക മുടക്കം വരുന്നതും പലിശ കുടിശ്ശിക ആകുന്നതും ഒഴിവാക്കപ്പെടും .
- പ്രാതിനിധ്യസ്വഭാവമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തെരുവ് വിളക്ക് ഉപഭോഗ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ലൈറ്റുകളിൽ നിന്ന് എൽഇഡികളിലേക്ക് മാറുമ്പോൾ വൈദ്യുതി ബില്ലുകളിൽ ഓരോ പാക്കേജ് പ്രകാരം ലഭിക്കാൻ സാധ്യത ഉണ്ടെന്നു കണക്കാക്കിയ വാർഷിക savings അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . മേൽപ്രകാരം കണക്കാക്കിയ savings ന്റെ 75 % ആയിട്ടാണ് വരിസംഖ്യ നിജപ്പെടുത്തിയിട്ടുള്ളത് . ഓരോ പാക്കേജിന്റെയും വാർഷിക വരിസംഖ്യ തുകയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കുന്ന പാക്കേജുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടിൽ നിന്നും വാർഷിക വരിസംഖ്യ കുറവ്ചെയ്യും.
- ധനകാര്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറയ്ക്കുന്ന തുക ഓരോ സാമ്പത്തിക വർഷത്തിലും നേരിട്ട് കിഫ്ബിക്ക് നൽകും. വാർഷിക വരിസംഖ്യ 7 വർഷം നൽകണം.
- ഏഴ വർഷം എന്ന വാറന്റി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച

LEDകളിൽ കേടാകുന്ന ബൾബുകളും (പ്രകൃതി ദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ അല്ലാത്തവ) സൗജന്യമായി EESL പുന: സ്ഥാപിക്കേണ്ടതാണ്.

- ഇലക്ട്രിസിറ്റി ചാർജിന്റെ കുറവിൽ വരുന്ന ആനുകൂല്യം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിട്ടപ്പെടുത്തണമെങ്കിൽ മീറ്റർ സ്ഥാപിക്കേണ്ടതുണ്ട്. ആയത് വാടക അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി എൽ-ൽ നിന്ന് ലഭ്യമാക്കാവുന്നതാണ് എന്ന് KSEBL അറിയിച്ചിട്ടുണ്ട്.
- പദ്ധതിയ്ക്കാവശ്യമായ LED രണ്ട് ഘട്ടങ്ങളിലായി EESL-ൽ നിന്ന് KSEB L വാങ്ങുന്നതാണ്.
    - ആദ്യ ഘട്ടത്തിൽ 18 W, 35 W എന്നീ ഇനങ്ങളിലുള്ള 2 ലക്ഷം LED കളാണ് വാങ്ങുക. ആദ്യഘട്ടത്തിലെ 5000-10000 യൂണിറ്റ് (fixture ഉൾപ്പെടെ) ജനുവരി ആദ്യവാരത്തിലും 20000 യൂണിറ്റ് ജനുവരി 20 ന് ഉള്ളിലും ബാക്കിയുള്ള 1,70,000 യൂണിറ്റ് അതിന് ശേഷം കാലവിളംബം കൂടാതെ ജനുവരിയ്ക്കുള്ളിൽ തന്നെ ലഭ്യമാക്കേണ്ടതുമാണ്.
    - തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം രണ്ടാം ഘട്ടത്തിൽ 18 W, 35 W , 70 W, 110 W എന്നീ ഇനങ്ങളിലുള്ള ഉദ്ദേശം 8.5 ലക്ഷം LED കളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടം 2021 മാർച്ച് 31 നും പൂർത്തീകരിയ്ക്കേണ്ടതാണ്
- LED കളുടെ മെയിന്റനൻസ് നടത്തുക തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. (മെയിന്റനൻസ് ചെലവ് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്) . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ചെയ്ത് വരുന്നത് പോലെ കെ.എസ്.ഇ.ബി എൽ-നേയോ മറ്റ് സർവ്വീസ് കരാറുകാരെയോ സമീപിച്ച് മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.
- പി.എം.സി ചാർജ്ജ് 2% ആയതിനാലും 20% മൂലധന ചെലവ് 7 വർഷം കൊണ്ട് തിരിച്ചടയ്ക്കുന്നതിനാലും കെ.എസ്.ഇ.ബി എൽ-ന് ബാങ്ക് ഗ്യാരണ്ടി നല്കുന്നതിൽ നിന്ന് EESL നെ ഒഴിവാക്കിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ EESL നടപ്പാക്കിയ നൂതനവും സുതാര്യവുമായ മത്സരാധിഷ്ഠിത ബിഡ്ഡിംഗിൽ രേഖപ്പെടുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വേണം കെ.എസ്.ഇ.ബി എൽ EESL ന് നല്കുന്ന LoA യിലെ നിരക്ക് നിശ്ചയിക്കേണ്ടത്. കെ.എസ്.ഇ.ബി എൽ നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള, ആദ്യഘട്ടത്തിലെ 2 ലക്ഷം ബൾബുകൾക്കാവശ്യമായ അനുബന്ധ സാമഗ്രികൾ EESL ലഭ്യമാക്കേണ്ടതാണ്. രണ്ടാം ഘട്ടത്തിലെ 8.5 ലക്ഷം ബൾബുകൾക്കാവശ്യമായ അനുബന്ധ സാമഗ്രികൾ കെ.എസ്.ഇ.ബി എൽ-ന് EESL-ന്റെ സഹായത്തോടുകൂടിയോ നേരിട്ടോ വാങ്ങാവുന്നതാണ്. കേടാകുന്ന സ്ട്രീറ്റ് ലൈറ്റുകൾ പുന:സ്ഥാപിക്കുന്നതിനായി, അധികവില നല്കാതെ 5% ബഫർ സ്ട്രീറ്റ് ലൈറ്റുകൾ EESL ലഭ്യമാക്കേണ്ടതും വാറണ്ടി കാലയളവിൽ പരിപാലിയ്ക്കേണ്ടതുമാണ്. വിളക്കുകൾ ഇളക്കുന്നതിനും പുന:സ്ഥാപിക്കുന്നതിനും 500 രൂപ നിരക്കിലുള്ള തുക കിഫ്ബി നേരിട്ട് കെ.എസ്.ഇ.ബി എൽ-ന് നല്കേണ്ടതാണ്. കയറ്റിറക്കുകൂലി കേരളത്തിൽ നിലവിലുള്ള

നിരക്ക് പ്രകാരം EESL വഹിക്കേണ്ടതാണ്. അപ്രതീക്ഷിതമായ ചെലവുകൾ ഉണ്ടാകുന്നപക്ഷം കെ.എസ്.ഇ.ബി. എൽ വഹിക്കേണ്ടതും ആയത് കിഫ്ബിയിൽ നിന്ന് തിരികെ നല്കുന്നതുമാണ്.

4. പുനഃ ആവിഷ്കരിച്ച നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി.-കൾ സ്ഥാപിക്കുന്ന "നിലാവ്"പദ്ധതിയ്ക്കായി, പരാമർശം(4) പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ മേൽവിവരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളോടെയും മാറ്റങ്ങളോടെയും അംഗീകരിച്ച് കൊണ്ടും പ്രസ്തുത പദ്ധതിയുടെ SPV ആയി KSEB limited നെ നിശ്ചയിച്ച് കൊണ്ടും EESL ൽ നിന്ന് LED തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് KSEB limited ന് അനുമതി നല്കിയും പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. കിഫ്ബിയുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലുള്ള ചെറിയ വ്യത്യാസങ്ങൾക്കനുസൃതമായ മാറ്റങ്ങൾ 'Mutatis mutandis' അംഗീകരിക്കപ്പെട്ട പദ്ധതി ചട്ടക്കൂടിനുള്ളിൽ നിന്ന് കൊണ്ട് വരുത്തുന്നതിനും കൂടി അനുമതി നല്കുന്നു.

5. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ പരാമർശം (1)ലെ ഉത്തരവ് ഇതിനാൽ റദ്ദുചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി ലിമിറ്റഡ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇ.ഇ.എസ്.എൽ
ഇ.ഇ.എസ്.എൽ, കേരള സ്റ്റേറ്റ് ഹെഡ്
പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ധനകാര്യ വകുപ്പ്(vide E.No.1647543/Dev.-3/122/20-FIN dated 18/12/2020 and Remarks dated 22/12/2020)

ഊർജ്ജ വകുപ്പ്.(Remarks dated 21/12/2020)

പൊതുഭരണ(എസ്.സി) വകുപ്പ്.(കാബിനറ്റ് ഇനം നം.4440, തീയതി 24/12/2020)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്)

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.12.28 11:52:37 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

Annexure

	Package 1	Package 2	Package 3	Package 4	Package 5
18 W	250	225	375	325	300
35 W	200	225	100	150	200
70 W	25	25	0	25	0
110 W	25	25	25	0	0
Total No: of LEDs	500	500	500	500	500
Project cost (Rs lakhs)	**14.22**	**14.27**	**13.69**	**13.41**	**13.17**
Annual Energy Saving (kWh)	81,780	79,915	94,920	95,575	97,545
Expected Annual saving in Electricity Bill (Rs lakhs)	3.52	3.44	4.08	4.11	4.19
Annual Subscription payments to KIIFB (Rs Lakhs)	**2.64**	**2.58**	**3.06**	**3.08**	**3.15**

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

ഇഡബ്ല്യുബി1/101/2020/തസ്വഭവ 07/01/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഡയറക്ടർ, (പ്ലാനിംഗ് &സേഫ്റ്റി), കെഎസ്ഇബിഎൽ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇ.ഇ.എസ്.എൽ

സർ,

വിഷയം:- തസ്വഭവ- നിലാവ് പദ്ധതി - സർക്കാർ ഉത്തരവിലെ അവ്യക്തതകൾ-സ്പഷ്ടീകരണം - വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന:- 1) 25/12/2020. ലെ സ. ഉ. (കൈ) നം.202/2020/തസ്വഭവ സർക്കാർ ഉത്തരവ്.

2) കെ.എസ്.ഇ.ബി എൽ (പ്ലാനിംഗ് &Safety) ഡയറക്ടർ അയച്ച

01/01/2021 ലെ CP/Plg2/N1 /Nilavu/2019/160 നം. കത്ത്.

സംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവ് വിളക്കുകളിൽ LED ബൾബുകൾ സ്ഥാപിക്കാനുള്ള നിലാവ് പദ്ധതി നിർവ്വഹണം സംബന്ധിച്ച സൂചന (1) ലെ സർക്കാർ ഉത്തരവിൽ താഴെ പറയുന്ന പട്ടികയിലെ കോളം 1 ൽ സൂചിപ്പിച്ചിരിക്കുന്ന ഭാഗങ്ങൾ വിവക്ഷിക്കുന്നത് കോളം 2 ൽ വിശദീകരിക്കുന്ന പ്രകാരം ആണ് എന്നത് വ്യക്തമാക്കുന്നു.

ഉത്തരവിലെ തീരുമാനങ്ങൾ (Column-1)	വ്യക്തത (Column-2)
L E D വിളക്കുകളുടെയും Fixtures (IDC) ഉൾപ്പെടെയുള്ള അനുബന്ധ സാമഗ്രി കളുടെയും മൊത്തം വിലയുടെ 2% പിഎം.സി ചാർജ്ജായി ESL ന് നൽകേണ്ടതാണ്.	LED വിളക്കുകളുടെയും Fixtures (IDC) ഉൾപ്പെടെ E E S L എത്തിച്ചു നൽകുന്ന അനുബന്ധ സാമഗ്രികളുടെയും ആകെ വിലയുടെ 2% പി.എം.സി ചാർജ്ജായി E E S L ന് നൽകേണ്ടതാണ്.

ഏഴുവർഷം എന്ന വാറന്റി കാലാവധിക്കു ള്ളിൽ പദ്ധതിയുടെ ഭാഗമായി L E D കളിൽ കേടാകുന്ന ബൾബുകളും പ്രകൃതി ദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ അല്ലാത്തവ EESL പുനസ്ഥാപിക്കേണ്ടതാണ്.	ഏഴു വർഷം എന്ന വാറന്റി കാലാവധിക്കു ള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച തെരുവ് വിളക്കുകളിൽ പ്രകൃതി ദുരന്തമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ അല്ലാതെ കേടാകുന്ന LED വിളക്കുകൾക്ക് പകരം E E S L സൗജന്യ മായി L E D വിളക്കുകൾ നൽകുകയോ, കേടുപാടുകൾ മാറ്റി നൽകുകയോ ചെയ്യേണ്ടതാണ്.

നിലാവ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തുടർ നടപടികൾക്കായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

വിശ്വസ്തതയോടെ,

യു വി ജോസ് ഐ എ എസ്

അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഊർജ്ജ വകുപ്പ്

നിലാവ് പദ്ധതി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുകൾ പൂർണമായും എൽഇഡിയിലേക്ക് മാറ്റുകവഴി ഊർജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചു കൊണ്ട് ഊർജ ലാഭം നേടുക എന്ന ലക്ഷ്യത്തോടെ നിലാവ് എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച് സർക്കാര് 2020 ആഗസ്റ്റ് 10 ന് ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതിക്കുള്ള പ്രാരംഭ ചെലവ് ഏറിയതിനാലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടായിരുന്നതിനാലുംതെരുവ് വിളക്കുകള് സ്ഥാപിക്കുന്നതിനുള്ള വാർഷിക പദ്ധതികള് തയ്യാറാക്കി നടപ്പാക്കി തുടങ്ങിയിരുന്നതിനാലും കെ.എസ്.ഇ.ബി-യുമായി മുൻകൂര് നിക്ഷേപം നടത്തി പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള് വിമുഖത കാണിക്കുകയുണ്ടായി.

ഇതിനെ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങള് കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി തദ്ദേശ സ്ഥാപനങ്ങളുമായി യോജിച്ച് ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിന്റെയും വിവിധ തലങ്ങളിൽ നടത്തിയ തുടർചർച്ചകളുടെയും അടിസ്ഥാനത്തില് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ മുൻകൂര് നിക്ഷേപ വ്യവസ്ഥ ഒഴിവാക്കി കൊണ്ട് പദ്ധതി പുന:ക്രമീകരിച്ച് പുതുക്കിയ മാർഗ്ഗനിർദേശങ്ങള് ഉൾപ്പെടുത്തി സർക്കാര് 25/12/2020ലെ സ.ഉ.(കൈ)നം 202/2020/ത.സ്വ.ഭ.വ നമ്പരായി നിലാവ് പദ്ധതിക്ക് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്.

പുതിയ ഉത്തരവ് പ്രകാരം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ സ്പെഷ്യൽ പർപസ് വെഹിക്കിൾ (SPV) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL) ആണ്. എൽ.ഇ.ഡി ലൈറ്റുകള് വാങ്ങുന്നതും സ്ഥാപിക്കുന്നതും KSEBL-ന്റെ ആഭിമുഖ്യത്തിലായിരിക്കും. എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) ആണ് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്. മൊത്തം പ്രോജക്ട് ചെലവ് 28982.91 ലക്ഷം രൂപയാണ്.

പദ്ധതിയുടെ സവിശേഷതകൾ

കിഫ്ബി ധനസഹായം

പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് യാതൊരുവിധ മുൻകൂര് നിക്ഷേപവും നടത്തേണ്ടതില്ല. കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

•പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങള് മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ 7 വർഷങ്ങളിലായി കിഫ്ബിക്ക് നൽകേണ്ടതാണ്. പ്രാതിനിധ്യ സ്വഭാവമുള്ള തദ്ദേശസ്ഥാപനങ്ങളിലെ തെരുവ് വിളക്ക് ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ലൈറ്റുകളിൽ നിന്നും എൽ.ഇ.ഡി-കളിലേക്ക് മാറുമ്പോൾ വൈദ്യുതി ബില്ലുകളില് ഉണ്ടാകുന്ന വാർഷിക ലാഭത്തിന്റെ 75% മായിട്ടാണ് വരിസംഖ്യ നിജപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ വകുപ്പ് തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും കുറയ്ക്കുന്ന തുക ഓരോ സാമ്പത്തിക വർഷവും നേരിട്ട് കിഫ്ബിക്ക് നൽകും.

•സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDG) പട്ടികയിൽ പത്താമതാണ് ഇന്ത്യയില് നിലവിൽ കേരളം. എൽ.ഇ.ഡി സാർവത്രികമാകുന്നതോടെ പാരിസ്ഥിതിക ആഘാതം ലഘൂകരിക്കുകയുംകേരളം പ്രസ്തുത പട്ടികയില് മുന് പന്തിയില് എത്തുകയും ചെയ്യും

വാറന്റിയും മെയിന്റനൻസും

•പദ്ധതിപ്രകാരം സ്ഥാപിക്കുന്ന എല്.ഇഡി കളുടെ വാറന്റി 7 വർഷമായിരിക്കും. പ്രകൃതി ദുരന്തമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ ഉള്ള സാഹചര്യങ്ങൾ ഒഴികെ, കേട് വരുന്ന ബൾബുകൾ EESL 7 വർഷ വാറന്റി പീരിയഡിൽ സൌജന്യമായി ലഭ്യമാക്കുന്നതാണ് ..

•വാറന്റി കാലയളവില് മാറ്റി ലഭിക്കുന്ന ലൈറ്റുകള് പുനസ്ഥാപിക്കുന്നതുംപ്രസ്തുത LEDകളുടെ മെയിന്റനൻസ് നടത്തുന്നതിനുള്ള ചുമതലതദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. മെയിന്റനൻസ് ചെലവ് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവില് ചെയ്ത് വരുന്നത് പോലെ കെഎസ്ഇബി യെയോ മറ്റ് സർവ്വീസ് കരാറുകാരെയോ സമീപിച്ച് മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

•വിളക്കുകൾ ഇളക്കുന്നതിനും പുനസ്ഥാപിക്കുന്നതിനും 500 രൂപ നിരക്കിലുള്ള തുക കിഫ്ബി നേരിട്ട് കെഎസ്ഇബിഎല് ന് നൽകുന്നതാണ്. കയറ്റിറക്ക് കൂലി കേരളത്തിൽ നിലവിലുള്ള നിരക്ക് പ്രകാരം EESL വഹിക്കുന്നതാണ്.അപ്രതീക്ഷിതമായ ചിലവുകൾ ഉണ്ടാകുന്ന പക്ഷം കെഎസ്ഇബിഎല് വഹിക്കേണ്ടതും ആയതു കിഫ്ബിയിൽ നിന്ന് തിരികെ നൽകുന്നതുമാണ്.

പാക്കേജുകൾ

•എൽ.ഇ.ഡി-കളുടെ വിവിധ വാട്ടേജുകളും എണ്ണവുമടങ്ങുന്ന 5 പാക്കേജുകള് തദ്ദേശ സ്ഥാപനങ്ങൾക്കായി തയ്യാറാക്കിയിട്ടുണ്ട്. ഓരോ പാക്കേജിലും 500 എൽ.ഇ.ഡി ലൈറ്റുകളാണുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ വലുപ്പവും ആവശ്യവും അനുസരിച്ച്

ലഭ്യമായ 5 പാക്കേജുകളില് ഒന്നോ അതിലധികമോ പാക്കേജുകള് തിരഞ്ഞെടുക്കാം. ലഭ്യമായ വാട്ടേജുകൾ 18W, 35W, 70W, 110W എന്നിവയാണ്.

7 വർഷത്തേയ്ക്ക് പ്രതിവർഷം ഓരോ പാക്കേജിനും തദ്ദേശ സ്ഥപനങ്ങൾക്ക് നല്കേണ്ടി വരുന്ന സബ്സ്ക്രിപ്ഷൻ തുക 2.64 ലക്ഷം രൂപ (പാക്കേജ് 1) മുതൽ 3.15 ലക്ഷം രൂപ (പാക്കേജ് 5) വരെയാണ്).

ഉദാഹരണം –1

പാക്കേജുകൾ	സബ്സ്ക്രിപ്ഷൻ ചെലവ് (ലക്ഷം രൂപ)	സബ്സ്ക്രൈബ് ചെയ്ത എണ്ണം	ആകെ (ലക്ഷം രൂപ)
പാക്കേജ് 1	2.64	3	7.92
പാക്കേജ് 4	3.08	1	3.08
പാക്കേജ് 5	3.18	1	3.15
ആകെ കിഫ്ബിയിലേക്ക് നൽകാനുള്ള സബ്സ്ക്രിപ്ഷന് (ലക്ഷം രൂപ)			**14.15**

ഉദാഹരണം –2

പാക്കേജുകൾ	സബ്സ്ക്രിപ്ഷൻ ചെലവ് (ലക്ഷം രൂപ)	സബ്സ്ക്രൈബ് ചെയ്ത എണ്ണം	ആകെ (ലക്ഷം രൂപ)
പാക്കേജ് 2	2.58	1	2.58
പാക്കേജ് 3	3.06	2	6.12
ആകെ കിഫ്ബിയിലേക്ക് നൽകാനുള്ള സബ്സ്ക്രിപ്ഷന് (ലക്ഷം രൂപ)			**8.70**

വിവിധ പാക്കേജുകളും അതിനുള്ള ചെലവും വൈദ്യുതി ചാർജ്ജിനത്തില് ലഭിക്കാൻ സാധ്യതയുള്ള വാർഷിക ലാഭവും ചുവടെ പട്ടികയില് ഉൾപ്പെടുത്തിയിരിക്കുന്നു. തിരഞ്ഞെടുക്കുന്ന പാക്കേജുകളുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്ഥാപനത്തിന്റെ വികസന ഫണ്ടിൽ നിന്നും വാർഷിക വരിസംഖ്യ കുറവു ചെയ്യുന്നത്.

	Package 1	Package 2	Package 3	Package 4	Package 5
18 W	250	225	375	325	300
35 W	200	225	100	150	200
70 W	25	25	0	25	0
110 W	25	25	25	0	0
Total No: of LEDs	500	500	500	500	500
Project cost (Rs lakhs)	14.22	14.27	13.69	13.41	13.17
Annual Energy Saving (kWh)	81780	79915	94920	95575	97545
Expected Annual saving in Electricity Bill (Rs lakhs)	3.52	3.44	4.08	4.11	4.19
Annual payments to KIIFB (Rs Lakhs)	2.64	2.58	3.06	3.08	3.15

മീറ്റർ സ്ഥാപിക്കല്

ഇലക്ട്രിസിറ്റി ചാർജിന്റെ കുറവിൽ വരുന്ന ആനുകൂല്യം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് വാടക അടിസ്ഥാനത്തിൽ കെ,എസ്.ഇ.ബി ലഭ്യമാക്കുന്നതാണ്.

ഘട്ടങ്ങള്

സംസ്ഥാനത്ത് 2ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാന് ഉദ്ദേശിക്കുന്നത്. ജനുവരിയ്ക്കുള്ളിൽ തന്നെ ഒന്നാം ഘട്ടം (2 ലക്ഷം വിളക്കുകൾ) പൂർത്തീകരിക്കുന്നതിനും മാർച്ച് 31 നകം രണ്ടാം ഘട്ടം (8.5 ലക്ഷം വിളക്കുകൾ) സ്ഥാപിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്.

ധനവിശകലനം

- പ്രോജക്ടിന് സാമ്പത്തിക സഹായം നല്കുന്നത് KIIFB ആണ്. മൊത്തം പ്രോജക്റ്റ് ചെലവ് 28982.91 ലക്ഷം രൂപയാണ്.LED വിളക്കുകളുടെ വിതരണം പൂർത്തീകരിച്ച ശേഷം മൊത്തം ചെലവിന്റെ 80% മുൻകൂർ പേയ്മെന്റായി KIIFB, EESL ന് നൽകും. എൽ.ഇ.ഡി വിളക്കുകളുടെയും അനുബന്ധ സാമഗ്രികളുടെയും മൊത്തം വിലയുടെ 2 % PMC ചാർജ്ജായി EESL-ന് നൽകേണ്ടതാണ്. ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടെയും സ്വീകാര്യത പരിശോധിച്ച് വിതരണം പൂർത്തീകരിച്ചതായി KSEBL ഉറപ്പാക്കിയ ശേഷമായിരിക്കും ബൾബുകളുടെ വിലയുടെ 80%തുകയും അനുബന്ധ സാമഗ്രികളുടെ വിലയുടെ 100% തുകയും EESL-നൽകുക. കൂടാതെ ബാക്കി നിൽക്കുന്ന 20% തുക 7 വർഷം കൊണ്ട് വാർഷിക തിരിച്ചടവായി നൽകും

(പലിശ ഇല്ലാതെ).ധനകാര്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറയ്ക്കുന്ന തുകയാണ് ഓരോ സാമ്പത്തിക വർഷത്തിലും നേരിട്ട് കിഫ്ബിക്ക് നൽകുക.

തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകള്

- പദ്ധതിഏറ്റെടുക്കുക, പാക്കേജ് തിരെഞ്ഞെടുക്കുക, കെ.എസ്.ഇ.ബി. ലിമിറ്റഡ്, ധനകാര്യ വകുപ്പ് എന്നിവയുൾപ്പെടെ ഗുണഭോക്താക്കളുമായി വിവരങ്ങള് പങ്കിടുക, പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി നിരന്തരം നിരീക്ഷണം ഉറപ്പാക്കുക, പദ്ധതി ഏകോപിപ്പിക്കുക എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയായിരിക്കും. ഇതിനായി തദേശ സ്ഥാപനങ്ങള് നിലാവ് പദ്ധതി അജെണ്ടയായി വച്ച് 2020 ജനുവരി 8 നകം യോഗം ചേരേണ്ടതാണ്.പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറെ പങ്കെടുപ്പിച്ച കൊണ്ട് ചർച്ച് ചെയ്ത് നിലാവ് പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണ്. (പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ മാതൃക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു).
- നിലാവ് പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം,തിരഞ്ഞെടുത്ത പാക്കേജ്/പാക്കേജുകൾ വാർഷിക തിരിച്ചടവിനുള്ള തുക വികസന ഫണ്ടില് നിന്നും കുറയ്ക്കുന്നതിനു സർക്കാരിന് നൽകുന്ന സമ്മതം എന്നിവ സംബന്ധിച്ച വ്യക്തമായ വിവരംപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളുന്ന തീരുമാനത്തില് ഉണ്ടായിരിക്കണം.
- സർക്കാര് ഉത്തരവില് നിർദ്ദേശിച്ചിരിക്കുന്ന പാക്കേജുകള് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷ്മതയോടെയാവണം തെരഞ്ഞെടുക്കേണ്ടത്. പാക്കേജുകളില് മാറ്റം വരുത്താൻ പാടുള്ളതല്ല. പാക്കേജുകള് ഭാഗികമായോ, പാക്കേജില് ഉൾപ്പെടുന്ന ലൈറ്റുകളുടെ വാട്ടില് വ്യതിയാനം വരുത്തിയോ യാതൊരു കാരണവശാലും തീരുമാനം കൈക്കൊള്ളാൻ പാടുള്ളതല്ല.
- പഞ്ചായത്ത് കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സെക്രട്ടറിമാരും അനുബന്ധം - 2 ലെ എക്സൽ ഷീറ്റില് (ഇ-മെയിലിൽ ലഭ്യമാക്കിയിട്ടുണ്ട്) രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. എക്സൽ ഷീറ്റില് Shade ചെയ്തിരിക്കുന്ന ഭാഗങ്ങളിൽ എൻട്രി വരുത്താന് പാടുള്ളതല്ല.രേഖപ്പെടുത്തലുകൾ വരുത്തിയ ഷീറ്റിന്റെ പ്രിന്റ് ഔട്ട് എടുത്ത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടര്ക്ക് നല്കേണ്ടതാണ്.
- നിലാവ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം കൈക്കൊള്ളുന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ 500 ബൾബടങ്ങുന്ന പാക്കേജ് തിരഞ്ഞെടുക്കപ്പെടുന്നതോടൊപ്പം പ്രസ്തുത വിളക്കുകള് സ്ഥാപിക്കേണ്ട പ്രദേശവും വൈദ്യുതി പോസ്റ്റും വ്യക്തമായി തീരുമാനിക്കേണ്ടതാണ്. ആയതിന് ആവശ്യമെങ്കില് പരമ്പരാഗത വിളക്കുകള് സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകൾ സംബന്ധിച്ച വിവരങ്ങള് കെ.എസ്.ഇ.ബി-യിൽ നിന്ന് തേടാവുന്നതാണ്.

- പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അതാതു കെ.എസ്.ഇ.ബി സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ജിനീയർമാര് എന്നിവരടങ്ങിയ കമ്മിറ്റി രൂപീകരിക്കാവുന്നതും അസിസ്റ്റന്റ് സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമക്കാവുന്നതുമാണ്.
- തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചുമതല തദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായിരിക്കും

നേട്ടങ്ങൾ

- ➢ മങ്ങിയ വെളിച്ചവും, അധികവൈദ്യുതി ഉപയോഗിക്കേണ്ടിവരുന്നതുമായ പരമ്പരാഗത വിളക്കുകൾ മാറ്റി കൂടുതല് പ്രകാശം ചൊരിയുന്ന വൈദ്യുതി ഉപഭോഗം കുറവുള്ളതുമായ LED വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി.
- ➢ പഞ്ചായത്തുകൾക്ക് മുടക്കുമുതല് കൂടാതെ എൽ.ഇ.ഡി വിളക്കുകള് സാർവ്വത്രികമായി തദ്ദേശ സ്ഥാപനപ്രദേശത്ത് സ്ഥാപിക്കുന്നതിനുള്ള സുവർണ്ണാവസരം.
- ➢ പദ്ധതി നടപ്പാക്കുന്നതിലൂടെ പഞ്ചായത്തിന് വൈദ്യുതി ചാർജ്ജിനത്തില് ലഭിക്കുന്ന ലാഭവിഹിതത്തെ അടിസ്ഥാനമാക്കി തിരിച്ചടവ്.
- ➢ പരമ്പരാഗത ലൈറ്റുകളിൽ നിന്ന് എൽ.ഇ.ഡി-യിലേക്ക് മാറ്റുമ്പോഴുണ്ടാകുന്ന ലാഭത്തിന്റെ ഏകദേശം 75 % മാത്രമാണ് തിരിച്ചടവ് വരുന്നത് .ഇത് ഏകദേശ കണക്കാണ്
- ➢ ഇലക്ട്രിസിറ്റി ചാർജിന്റെ കുറവില് വരുന്ന ആനുകൂല്യം തിട്ടപ്പെടുത്തുന്നതിന് മീറ്ററ് സ്ഥാപിക്കുന്നതിനായി പ്രത്യേക വ്യവസ്ഥ.
- ➢ ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചു കൊണ്ട് ഊർജ്ജലാഭം കൈവരിക്കുന്നു.
- ➢ വൈദ്യുതി ചാർജിനത്തില് തദ്ദേശസ്ഥാപനങ്ങൾക്ക് സാമ്പത്തിക നേട്ടം
- ➢ തദ്ദേശസ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാന് 5 പാക്കേജുകള്.
- പഞ്ചായത്തുകൾക്ക് അധിക സാമ്പത്തിക ബാധ്യതയില്ല.
- പദ്ധതി പൂർത്തിയാകുന്നതോടെ കേരളം ലോകത്തിന് മാതൃകയാകും.

മറ്റുള്ളവ

- ജില്ലാ തലത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നോഡല് ഓഫീസറായും പി.എ.യു സൂപ്പർവൈസർമാര്, കെ.എസ്.ഇ.ബി യിലെ ജില്ലാതല ഉദ്യോഗസ്ഥര് എന്നിവര് അംഗങ്ങളായ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.
- ഓരോ ജില്ലയിലും പദ്ധതി നടപ്പാക്കുന്നതിന് തയ്യാറായി വരുന്ന ഗ്രാമപഞ്ചായത്തുകളുടെ തീരുമാനം ജില്ലാതലത്തില് ക്രോഡീകരിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാര് പഞ്ചായത്ത് ഡയറക്ടർക്കു നൽകേണ്ടതാണ്.
- സംസ്ഥാനതലത്തിൽ പഞ്ചായത്തുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം) നോഡൽ ഓഫീസറായി നിശ്ചയിക്കാവുന്നതാണ്.

അനുബന്ധം 1

(പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ മാതൃക)

സർക്കാരിന്റെ 25-12-2020 തീയതിയിലെ സ.ഉ(കൈ) നം. 202/2020/തസ്വഭവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ..... നമ്പർനിലാവ് പദ്ധതി ..... ഗ്രാമപഞ്ചായത്തില് നടപ്പിലാക്കുന്നതിനും പ്രസ്തുത ഉത്തരവിലെ ..... നമ്പർ,..... നമ്പർ,..... നമ്പർ,..... നമ്പർ,..... നമ്പർ പാക്കേജ്/പാക്കേജുകൾ ആദ്യഘട്ടത്തില് തെരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ചെലവു വരുന്ന തുക വരുന്ന 7 വർഷങ്ങളിലെ വികസന ഫണ്ടിൽ നിന്നും കുറവു ചെയ്ത് കിഫ്ബിക്ക് നൽകുന്നതിന് സമ്മതമാണെന്ന് സർക്കാരിനെ അറിയിക്കുന്നതിനും തീരുമാനിച്ചു.

അനുബന്ധം 2

(ഇ-മെയിലിൽ ലഭ്യമാക്കിയിട്ടുള്ള എക്സല് ഷീറ്റില് രേഖപ്പെടുത്തേണ്ടത്. Shade ചെയ്ത ഭാഗങ്ങളിൽ യാതൊരു കാരണവശാലും രേഖപ്പെടുത്തലുകള് നടത്തരുത്.)

NILAAVU – LED Package requirement

Name of Local body					
Unique ID of Local Body (if available)					
Category (Corporation / Municipality / Panchayath)					
District					
Details of Resolution					
Name of Nodal Officer in LSGI					
Contact Phone No (Mobile)					
Contact Phone No (Land Phone)					
e-mail id of local body					
Name of Electrical Division (present Agreement Authority of KSEB for streetlights)					
	Package 1	Package 2	Package 3	Package 4	Package 5
No of Package Selected (enter number below the corresponding Package No)					
LED 18 W					
LED 35 W					
LED 70 W					
LED 110 W					
Total					
Total No of Streetlights being replaced					
Project Cost (Rs in Lakh) for selected no of packages					
Annual Subscription (Rs in Lakh) for selected no of packages					
Annulty Payable	Rs 0 Lakh				
Note					

1. Data entry / modification may not be attempted in shaded cells

2. LSGD may furnish Electrical Division wise consolidated requirement to KSEB for arranging logistics

3. Section wise, LED wattage wise requirement may be furnished separately to the Assistant Engineer of the Concerned Electrical Sections or hidden sheets

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലാവ് പദ്ധതി - നിലവിലെ പാക്കേജ് ഘടന പരിഷ്കരിച്ചും പുതുതായി LED ലൈറ്റുകൾ സ്ഥാപിക്കുവാൻ അനുമതി നൽകിയും - ഉത്തരവാകുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

സ.ഉ.(കൈ) നം.169/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/08/2021

പരാമർശം:- 1. 25.12.2020-ലെ സ.ഉ(കൈ)നം.202/2020/തസ്വഭവ നം സർക്കാർ ഉത്തരവ്

2. 17.06.2021 – ലെ സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറുടെ CP/Plg2/NILAAVU/LED StreetLights/2021-22/55- നം കത്ത്

ഉത്തരവ്

സംസ്ഥാനത്തെ ഏകദേശം 10.5 ലക്ഷം പരമ്പരാഗത തെരുവു വിളക്കുകൾക്കു പകരം LED ബൾബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച് 289.82/-കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് നിലാവ് (NILAAVU). പരാമർ ശം 1-ലെ ഉത്തരവ് മുഖാന്തിരം ഭരണാനുമതി നൽകിയ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം തിരഞ്ഞെടുക്കുന്നതിനായി വിവിധ വാട്ടേജുകളിലുള്ള (18W/35W/70W/110W) 500 LEDബൾബുകളുടെ 5 തരം പാക്കേജുകളാണ് നിലവിലുള്ളത്. സ്വീകരിക്കുന്ന പാക്കേജിന്റെയും എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് 7 വാർഷിക തവണകളായി കുറവ് ചെയ്ത് കിഫ്ബിയിലേക്ക് തിരിച്ചടവ് നടത്തുന്നതാണ്. (ഇത് വൈദ്യുതി ചാർജ് ഇനത്തിലെ സേവിഗ്സിന്റെ 75% ശതമാനമാണെന്ന് കണക്കാക്കിയിരിക്കുന്നു) .

പല പഞ്ചായത്തുകളിലും 500 LED ബൾബുകൾ സ്ഥാപിക്കുന്നതിന് മതിയായ പോസ്റ്റുകളു ലഭ്യമല്ല. ചിലയിടങ്ങളിൽ Streetmain ന്റെ അഭാവം മൂലം L E D ബൾബുകൾ സ്ഥാപിക്കുന്നതിന് സാധ്യമായ പോസ്റ്റുകളുടെ എണ്ണം കുറവാണ്. ഉയർന്ന എണ്ണം ബൾബുകൾ മാത്രം ഉള്ള പാക്കേജ് ഘടന മൂലം ഇത്തരം തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അത്ര എണ്ണം LED ബൾബുകൾ സ്ഥാപിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 500-ൽ അധികം (എന്നാൽ 1000-ൽ താഴെയും) എണ്ണം ബൾബുകൾ ആവശ്യമാണ്. ഈ സാഹചര്യത്തിൽ 500 ബൾബുകളുടെ പാക്കേജുകൾക്കൊപ്പം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥലങ്ങളിലും ആവശ്യാനുസരണം LED ബൾ ബുകൾ സ്ഥാപിക്കാൻ കഴിയുന്ന വിധത്തിൽ ചെറുപാക്കേജുകൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അംഗീകരിച്ച പദ്ധതിയുടെ വ്യാപ്തിയിലും ചെലവിലും മാറ്റം വരാത്തിടത്തോളം, 100 LED ബൾബുകളുടെ പുതിയ പാക്കേജുകൾ കൂടി ഉൾപ്പെടുത്തുന്നതിന് ആക്ഷേപമില്ലായെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സാധ്യത

പരിശോധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് പരാമർശം 2 പ്രകാരം സമർപ്പിച്ച ശിപാർശയിലെ പാക്കേജ് ഘടന താഴെക്കണ്ടാലും.

Packages	1	2	3	4	5	6	7
LED 18 W	50	45	75	65	60	100	0
LED 35 W	40	45	20	30	40	0	100
LED 70 W	5	5	0	5	0	0	0
LED 110 W	5	5	5	0	0	0	0
Total No.of LEDs	100	100	100	100	100	100	100
Project Cost (₹ in Lakh)*	2.84	2.85	2.74	2.68	2.63	2.56	2.75
Estimated savings in Electricity Consumption per Annum in units (kWh) Assuming 12 hours burning for 365 days)	16355	15983	18984	19115	19509	22487	15041
Estimated savings in Electricity Bills per Annum (₹ in Lakhs) @ ₹ 4.30	0.7	0.69	0.82	0.82	0.84	0.97	0.65
Annual Subscription Payment to KIIFB by LSGs(₹ in Lakhs) (75% of Savings)	0.53	0.52	0.61	0.62	0.63	0.73	0.49

കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള പരമ്പരാഗത ലൈറ്റുകൾ മാറ്റി LED വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് നിലാവ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. എന്നാൽ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം ലൈറ്റുകൾ പുതുതായി സ്ഥാപിക്കുന്നതിനും അനുമതി നൽകണമെന്ന് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടു.

സർക്കാർ മേൽ വിഷയങ്ങൾ വിശദമായി പരിശോധിച്ചു. നിലാവ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പാക്കേജുകളോടൊപ്പം സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ച ശിപാർശ പ്രകാരമുള്ള ഘടനയിൽ 100 എണ്ണം LED ബൾബുകളുടെ വീതമുള്ള പാക്കേജുകൾ കൂടി ഉൾപ്പെടുത്തിയും നിലവിലെ പരമ്പരാഗത ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം നിലാവ് പദ്ധതിയുടെ ഭാഗമായി പുതുതായി LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇ.ഇ.എസ്.എൽ

ഇ.ഇ.എസ്.എൽ, കേരള സ്റ്റേറ്റ് ഹെഡ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ധനകാര്യ വകുപ്പ്

ഊർജ്ജ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്.(കാബിനറ്റ് ഇനം നം-----, തീയതി -------)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ , പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ